# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 2, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 191 - നമ്പർ 12

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 മാർച്ച് 2, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ (അനുബന്ധമായി ചേർത്തിരിക്കുന്നു.)

**II. പ്രമേയം**

കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഭേദഗതി ...

**III. പ്രത്യേക പരാമർശം**

സഭാനടപടികൾ തെറ്റായി വ്യാഖ്യാനിക്കൽ ...

**IV. അടിയന്തരപ്രമേയ നോട്ടീസ്** ...

**V. ശ്രദ്ധ ക്ഷണിക്കൽ**

കുടിവെള്ള ലഭ്യത ഉറപ്പുവരുത്തൽ
- ശ്രീ. വി. കെ. പ്രശാന്ത് ...

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**VI. സബ്മിഷൻ**

(1) തുണ്ടുഭൂമികളുടെ തരംമാറ്റൽ
- ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ...

(2) കയ്പമംഗലം തീരപ്രദേശത്ത് ടെട്രോപോഡ് നിർമ്മാണം
- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ...

(3) പയ്യന്നൂർ ഗവൺമെന്റ് വനിത റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പ്രവർത്തനം
- ശ്രീ. ടി. ഐ. മധുസൂദനൻ ...

(4) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ നവീകരണം
- ശ്രീ. ഐ. ബി. സതീഷ് ...

(5) തിരുവനന്തപുരം മൃഗശാലയിൽ പകർച്ചവ്യാധിമൂലമുള്ള മൃഗങ്ങളുടെ മരണം
- ശ്രീ. വി. കെ. പ്രശാന്ത് ...

(6) വഖഫ് ബോർഡ് ഭൂമിയിലുള്ള സ്കൂളുകളുടെ നവീകരണം
- ശ്രീ. കെ. വി. സുമേഷ് ...

## VII. റിപ്പോർട്ടുകളുടെ സമർപ്പണം

(1) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് ...

(2) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് ...

## VIII. ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 മാർച്ച് 2, വ്യാഴം

---

വാല്യം 191}　　ഔദ്യോഗിക റിപ്പോർട്ട്　　{നമ്പർ 12

---

നിയമസഭ 2023 മാർച്ച് മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *271

## ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യങ്ങൾ വിപുലീകരിക്കാൻ പദ്ധതി

1(*271) ശ്രീ. എം. വിജിൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠന സൗകര്യങ്ങൾ വിപുലീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എൻറോൾമെന്റ് റേഷ്യോ ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ;

(സി) പഠനസൗകര്യ വിപുലീകരണത്തോടൊപ്പം ഗവേഷണ ഫലങ്ങൾ കൃഷിയും വ്യവസായവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ഒരു വികസിത സമ്പദ് വ്യവസ്ഥയാക്കി മാറ്റാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) 2030-ഓടെ 50% ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) ആണ് ദേശീയ വിദ്യാഭ്യാസനയം 2020 വിഭാവനം ചെയ്യുന്നതെങ്കിൽ 75% GER ആണ് കേരളം ലക്ഷ്യമിടുന്നത്. 2020-21 AISHE സർവ്വേ പ്രകാരം കേരളത്തിന്റെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 43.2 ശതമാനമായി ഉയർന്നിട്ടുണ്ട്. 18-23 വരെ പ്രായപരിധിയിലുള്ള യുവജനങ്ങളുടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഉയർന്ന പ്രവേശന നിരക്കാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് രാജ്യത്തെ 6-ാമത്തെ ഉയർന്ന നിരക്കാണ്. ദേശീയ ശരാശരി കേവലം 27.3% ആണ്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ യഥാക്രമം 33.7%, 29.1% എന്നിങ്ങനെയാണ് എൻറോൾമെന്റ് നിരക്ക്. സംസ്ഥാനത്ത് GER നിരക്ക് വർദ്ധിപ്പിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിക്കുകയുണ്ടായി. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter-

Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കുകയുണ്ടായി;

2. സർവ്വകലാശാലകളിൽ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;
3. ജനസംഖ്യാനുപാതികമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങളിൽ കൂടുതൽ കോളേജുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 2020-21 AISHE സർവ്വേ പ്രകാരം 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിലുള്ള GER (18-23 പ്രായപരിധിയിലുള്ളവരുടേത്) ചുവടെ ചേർക്കുന്നു.

<u>കേരളം</u>

| | | |
|---|---|---|
| പുരുഷന്മാർ | - | 34.5% |
| സ്ത്രീകൾ | - | 52.3% |
| ആകെ | - | 43.2% |

<u>ദേശീയ ശരാശരി</u>

| | | |
|---|---|---|
| പുരുഷന്മാർ | - | 26.7% |
| സ്ത്രീകൾ | - | 27.9% |
| ആകെ | - | 27.3% |

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഗവേഷണ ഫലങ്ങൾ കൃഷിയും വ്യവസായവുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ ഒരു വികസിത സമ്പദ്‌വ്യവസ്ഥയാക്കി മാറ്റാൻ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

1. <u>മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്</u>: നവകേരള സൃഷ്ടിക്കുനയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചറൽ & ഇക്കോളജിക്കൽ സയൻസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിംഗ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000/- രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും 500 ഫെല്ലോഷിപ്പുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ആദ്യവർഷം 77 ഫെല്ലോഷിപ്പുകൾ വിതരണം ചെയ്തുകഴിഞ്ഞു.

2. <u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ</u>: രാജ്യത്തിനകത്തും പുറത്തുമുള്ള കേരളീയരായ അക്കാദമിക് ഗവേഷക പ്രഗത്ഭരെ ആദരിക്കുന്നതിനും

നൂതനവും വ്യത്യസ്തവുമായ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതാണ് കൈരളി ഗവേഷണ പുരസ്കാരങ്ങൾ. കൈരളി അവാർഡുകൾ 4 ശ്രേണിയിലുൾപ്പെടുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

i. കൈരളി ഗ്ലോബൽ ലൈഫ്ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്.

ii. കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് പ്രൈസ് ഫോർ റിസർച്ചേഴ്സ്.

iii. കൈരളി ഗവേഷണ പുരസ്കാരം.

iv. കൈരളി ഗവേഷക പുരസ്കാരം.

3. <u>ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ:</u> സർവ്വകലാശാലകളിൽ സൃഷ്ടിക്കുന്ന അറിവുകൾ ഉൽപ്പന്നങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണിത്. ആറ് സർവ്വകലാശാലളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കുവാൻ 20 കോടി രൂപ വീതം കിഫ്ബിയിൽനിന്ന് ലഭ്യമാക്കുന്ന കാര്യം 2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ വെറ്ററിനറി സർവ്വകലാശാല, കേരള സർവ്വകലാശാല, കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല

എന്നിവിടങ്ങളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് കിഫ്ബിയിൽനിന്ന് പണം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

4. സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE): സർവ്വകലാശാലകൾക്കുള്ളിൽ സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായി രൂപീകരിച്ച അഡ്വൈസറി കമ്മിറ്റി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

കൂടാതെ, കാർഷിക, വ്യവസായ മേഖലകളിലെ പുരോഗതിയുമായി ബന്ധപ്പെട്ട് Business Incubation Centre-കളുൾപ്പെടെ വിവിധ പദ്ധതികൾ സർവ്വകലാശാലാതലത്തിൽ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, മാറുന്ന കാലത്തിനനുസരിച്ച് കേരളത്തെ ആധുനിക വൈജ്ഞാനിക സമൂഹമാക്കാനും അതിവേഗം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനും നേതൃത്വം നൽകുന്ന പിണറായി സർക്കാരിനെയും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയത്തിൽ മുഖ്യപങ്ക് വഹിച്ചത് കിഫ്ബിയിലൂടെയുള്ള അടിസ്ഥാന സൗകര്യത്തിന്റെ വിപുലീകരണമാണ്. അതുപോലെതന്നെ കിഫ്ബിയിൽനിന്നുള്ള ധനസഹായം ഉപയോഗിച്ച് സർവ്വകലാശാല

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ഉടനടി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, കിഫ്ബിയിൽനിന്നുള്ള ധനസഹായത്തോടെ സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഉടനടി ഏറ്റെടുക്കുന്ന പദ്ധതികളെക്കുറിച്ചാണ് വിശദീകരിക്കുന്നത്. ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത് 600.48 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏകദേശം 1,000 കോടി രൂപയിൽ കൂടുതലുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. ആർട്സ് ആൻഡ് സയൻസ് കോളേജ്, പോളിടെക്നിക് ഉൾപ്പെടെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ ഹബ്ബ് പിണറായിയിൽ സ്ഥാപിക്കുന്നതിന് 232.5 കോടി രൂപയും കേരള സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല എന്നിവിടങ്ങളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് 37.59 കോടി രൂപയും കണ്ണൂർ സർവ്വകലാശാല, കൊച്ചി സർവ്വകലാശാല, കേരള സർവ്വകലാശാല എന്നിവിടങ്ങളിൽ ഡൊമസ്റ്റിക്/ അന്താരാഷ്ട്ര ഹോസ്റ്റലുകൾക്ക് 76.94 കോടി രൂപയും കേരള സർവ്വകലാശാലയിലെ ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 48.72 കോടി

രൂപയും ട്രസ്റ്റ് പാർക്കിന് 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 203.93 കോടി രൂപയും നിലമ്പൂർ സർക്കാർ കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിന് 11.25 കോടി രൂപയും ഉൾപ്പെടെ ആകെ 600.48 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഉടനടി ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്നത്.

ശ്രീ. എം. വിജിൻ: സർ, നാല് വർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കാനാണല്ലോ സർക്കാർ ഇപ്പോൾ ആലോചിക്കുന്നത്. ഇതുവഴി ഉന്നതവിദ്യാഭ്യാസ മേഖലയിൽ നേരത്തെയുണ്ടായിരുന്ന സംവിധാനത്തിൽനിന്ന് വ്യത്യസ്തമായി ഉണ്ടാകാൻ പോകുന്ന ഗുണങ്ങൾ എന്തൊക്കെയാണ്; അതോടൊപ്പംതന്നെ അതിൽനിന്ന് ഒന്നുരണ്ടു വർഷങ്ങളിൽ എക്സിറ്റുകൾ ഉപേക്ഷിക്കാൻ സർക്കാർ ഒരു ആലോചന നടത്തിയത് എന്തുകൊണ്ടാണെന്നുകൂടി വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, എക്സ്പീരിയൻഷ്യൽ ലേണിംഗ്, അതായത് ചെയ്തു പഠിക്കുക, പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പഠിക്കുകയെന്ന ലക്ഷ്യംകൂടി ഉൾക്കൊണ്ടാണ് കരിക്കുലം വികസിപ്പിക്കുന്നത്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള ഗ്യാപ് സ്കിൽ ഗ്യാപ്പാണെന്ന് അറിഞ്ഞുകൊണ്ട് സ്കിൽ നല്ല രീതിയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും പാഠ്യപദ്ധതി

വികസനത്തിന്റെ ഭാഗമായി സ്വീകരിക്കുന്നതാണ്. ഗവേഷണത്തിന് പ്രാധാന്യം നൽകുന്ന പാഠ്യപദ്ധതിയാണ് വികസിപ്പിക്കുന്നത്. ട്രാൻസ്ലേഷണൽ ഗവേഷണം, ഇൻകുബേഷൻ സ്റ്റാർട്ടപ്പുകൾ, റിസർച്ച് പാർക്കുകൾ എന്നിവയടങ്ങിയ വിദ്യാഭ്യാസ കോംപ്ലക്സുകൾ രൂപീകരിച്ച് സംരംഭകരെ വാർത്തെടുക്കുന്നതുമായി ബന്ധപ്പെടുത്തി കരിക്കുലം വികസനത്തിൽ സ്പെയ്സ് കണ്ടെത്തണമെന്നാണ് കരുതുന്നത്. ദേശീയ വിദ്യാഭ്യാസ നയം ആഗോള സമ്പദ്വ്യവസ്ഥയ്ക്കാവശ്യമായ തൊഴിലാളികളെയാണ് സൃഷ്ടിക്കുന്നതെങ്കിൽ കേരളീയ സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്ന ആഴത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽനിന്ന് പ്രതീക്ഷിക്കപ്പെടുന്നതാണ് നവവൈജ്ഞാനിക സമൂഹം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷി, വ്യവസായം, ആരോഗ്യം തുടങ്ങി കേരളത്തിന്റെ അടിസ്ഥാന മേഖലയ്ക്കാവശ്യമായ ഗവേഷണാത്മകമായ പ്രവർത്തനങ്ങൾകൂടി കലാലയങ്ങളും സർവ്വകലാശാലകളും ഏറ്റെടുക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് പാഠ്യപദ്ധതിക്ക് രൂപംനൽകുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടങ്ങളുടെ തുടർച്ചയെന്നുള്ള നിലയ്ക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൽകിയിട്ടുള്ള ഊന്നലിന് ഗുണഫലം കണ്ടുതുടങ്ങിയിരിക്കുകയാണ്. ട്രാൻസ്ലേഷണൽ ഗവേഷണത്തെക്കുറിച്ച് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. ട്രാൻസ്ലേഷണൽ റിസർച്ച് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്; ഇത് സമൂഹത്തിന് പ്രത്യേകിച്ച് എന്ത് ഗുണമാണ് ചെയ്യുന്നതെന്ന് വിശദീകരിക്കാമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, സൈദ്ധാന്തികമായ അറിവും അന്വേഷണങ്ങളും പ്രായോഗിക രൂപത്തിലേയ്ക്ക് പരാവർത്തനം ചെയ്ത് സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് മറുപടി നൽകാൻ കഴിയുന്ന വിധത്തിലുള്ള പരിഹാരം നിർദ്ദേശിക്കുക എന്നതാണ് ട്രാൻസ്ലേഷണൽ റിസർച്ചിലൂടെ ഉദ്ദേശിക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ കൃഷി, വ്യവസായം, ആരോഗ്യം മുതലായ മേഖലകളിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശം നൽകാൻ ഗവേഷണ കേന്ദ്രങ്ങളെയും സർവ്വകലാശാലകളെയും കലാലയങ്ങളെയും <u>പ്രയോജനപ്പെടുത്തു</u>കയെന്നതാണ് ലക്ഷ്യം. സമൂഹത്തിനാവശ്യമായ ഉൽപ്പന്നങ്ങളുടെയും

പ്രക്രിയകളുടെയും വികസനം പരീക്ഷണശാലകളിലൂടെ കുട്ടികൾക്ക് ഏറ്റെടുക്കാൻ കഴിയും. പല രീതിയിലുള്ള പ്രശ്ന പരിഹാരങ്ങൾ കലാലയങ്ങളിൽനിന്നും സർവ്വകലാശാലകളിൽനിന്നും ഉരുത്തിരിഞ്ഞ് വരും. കലാലയ മതിൽകെട്ടിനപ്പുറത്തുള്ള സമൂഹത്തിലെ നീറുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കാനും സമൂഹത്തിൽ ബോധകേന്ദ്രം ഉറപ്പിക്കാനും അത് സഹായിക്കും. അതോടുകൂടി സ്റ്റാർട്ടപ്പ് സംസ്കാരം, Incubation and Innovation Environment എന്നിവ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉയർത്തികൊണ്ട് വരികയെന്നുള്ളതും ലക്ഷ്യംവയ്ക്കുന്നുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം തിരിച്ചറിയാൻ റാങ്കിംഗ് രീതികൾ വളരെ പ്രധാനമാണ്. National Assessment and Accreditation Council (NAAC), National Institutional Ranking Framework(NIRF) ആഗോള റാങ്കിംഗ് എന്നീ റാങ്കിംഗ് പദ്ധതികളിൽ പങ്കെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് സഹായകരമാണോ; അതുസംബന്ധിച്ചുള്ള അഭിപ്രായം വിശദീകരിക്കാമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, നാഷണൽ അസസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിലും ദേശീയവും അന്തർദേശീയവുമായ ഗുണപരിശോധനാ ഏജൻസികൾ നടത്തുന്ന വിലയിരുത്തലുകളിലും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രകടനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും നിരന്തരം നൽകുന്നുണ്ട്. ഈ അടുത്ത ദിവസമാണ് NAAC-ന്റെ ചെയർമാൻ പങ്കെടുത്ത എക്സലെൻഷ്യ-23 എന്ന പരിപാടി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാൻ സാധിച്ചത്. ഇത്തരം പ്രവർത്തനങ്ങളുടെ ഗുണം ലഭിക്കുന്നുവെന്നുള്ളതിന്റെ പ്രത്യക്ഷ സാക്ഷ്യമാണ് NAAC അക്രെഡിറ്റേഷനിൽ കേരള സർവ്വകലാശാലയ്ക്ക് A++ ഗ്രേഡും മൂന്ന് സർവ്വകലാശാലകൾക്ക് A+ ഗ്രേഡും ലഭിച്ചത്. 14 കോളേജുകൾക്ക് A++ ഗ്രേഡും 23 കോളേജുകൾക്ക് A+ ഗ്രേഡും 41 കോളേജുകൾക്ക് A ഗ്രേഡും ലഭ്യമായിട്ടുണ്ട്. 'വിഷൻ 24' എന്ന പരിപാടിയിലൂടെ 2024 ആകുമ്പോഴേയ്ക്കും സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും NAAC അക്രെഡിറ്റേഷൻ പ്രൊസീഡ്യുവറിലേയ്ക്ക് കൊണ്ടുപോകണമെന്നാണ് കരുതുന്നത്. എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സംസ്ഥാനത്തെ നാല് സർവ്വകലാശാലകളും 17 കോളേജുകളും ആദ്യ നൂറ് റാങ്കിൽ സ്ഥാനം

ഉറപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല ടൈംസ് വേൾഡ് റാങ്കിംഗിൽ 400-500 വരെയുള്ള റാങ്കിൽ ഇടംപിടിച്ചതും അഭിമാനകരമാണ്. ഇത്തരത്തിൽ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും വിവിധ റാങ്കിംഗ് പ്രക്രിയകളിൽ മുന്നോട്ടുവരുന്നതിനുവേണ്ടി സംസ്ഥാനത്തെ സർവ്വകലാശാലകളെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും സജ്ജമാക്കുന്ന പ്രക്രിയ സജീവമായി നടന്നുവരുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സേവനങ്ങൾ തടസ്സമില്ലാതെ വേഗതയിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുന്നതിനോടൊപ്പം വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിനും വിദേശ ജോലി ലഭിക്കുന്നതിനും ഉപകരിക്കുന്ന ലാംഗ്വേജ് ഡെവലപ്മെന്റ് കോഴ്സുകൾ ആരംഭിക്കാൻ തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, പുത്തൻ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സേവനങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ലഭ്യമാക്കുന്നതിന് 'കെ-റീപ്' എന്നൊരു സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിദ്യാർത്ഥികളുടെ

അഡ്മിഷൻ മുതൽ ബിരുദ സർട്ടിഫിക്കറ്റ് വരെ DigiLocker-ൽനിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുവരെയുള്ള എല്ലാ ലൈഫ് സൈക്കിൾ മാനേജ്മെന്റും സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ചെയ്യാൻ സാധിക്കുന്ന രീതിയിലാണ് 'കെ-റീപ്' തയ്യാറാക്കുന്നത്. സർവ്വകലാശാലകളുടെയും കലാലയങ്ങളുടെയും ഭരണപരവും അക്കാദമികവും പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും 'കെ-റീപ്'-ലൂടെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് കരുതുന്നത്. വിദ്യാർത്ഥികൾക്കുള്ള സേവനങ്ങൾ, പഠന പ്രവർത്തനങ്ങൾ, സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം എന്നിവയെല്ലാം 'കെ-റീപ്'-ലൂടെ ആവിഷ്കരിക്കുമ്പോൾ കൂടുതൽ സുതാര്യമായും തടസ്സമില്ലാതെയും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നതാണ്. ഇത് സുഗമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ സർവ്വകലാശാലകളിലും സേവനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുന്നത് സംബന്ധിച്ച ആലോചനകൾ നടന്നുവരികയാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ദേശീയ തലത്തിൽ ഹയർ എഡ്യൂക്കേഷൻ സെക്ടറിലെ മത്സര പരീക്ഷകളിൽ കേരളത്തിന്റെ പ്രാതിനിധ്യം വളരെയധികം ദുർബലമാണ്. ഐ.ഐ.ടി. പരീക്ഷയിൽ പതിനേഴായിരം

റാങ്കുകൾ എടുത്ത് പരിശോധിച്ചാൽ കേരളത്തിന് ആകെയുള്ള ഇൻടേക്ക് ഇരുന്നോറോളമാണ്. നീറ്റ് എക്സാമിനേഷനിൽ പതിനയ്യായിരത്തിൽ 800 എണ്ണം പോലും കേരളത്തിന് ലഭിക്കുന്നില്ല. എല്ലാ പരീക്ഷകളിലും ഇങ്ങനെയാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് നേരത്തെതന്നെ ഉന്നതസ്ഥാനം കൈവരിച്ച കേരളം ഹയർ എഡ്യൂക്കേഷൻ സെക്ടറിൽ വളരെയധികം പുറകോട്ടുപോകുന്നുവെന്നതും ഇതുപരിഹരിക്കാൻ സാധിക്കുന്നില്ലായെന്നതും ഗുരുതരമായ പ്രശ്നമാണ്. അത് പരിഹരിക്കുന്നതിനുവേണ്ട എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഡോ. ആർ. ബിന്ദു: സർ, ജനസംഖ്യാനുപാതികമായി പരിശോധിച്ചാൽ ഈ പറയുന്ന കണക്കുകൾ കേരളത്തിന്റെ ജനസംഖ്യയ്ക്കനുസരിച്ച് ഉയർന്ന് നിൽക്കുന്നുവെന്ന് കാണാൻ സാധിക്കുന്നതാണ്. വിദ്യാർത്ഥികളെ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള മത്സര പരീക്ഷകളിൽ കൂടുതൽ സജ്ജരാക്കുന്നതിനുവേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഉടനെതന്നെ വലിയ രീതിയിലുള്ള മാറ്റമുണ്ടാക്കാൻ സാധിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേന്ദ്രത്തിന്റെ പുതിയ വിദ്യാഭ്യാസ നയത്തോട് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന്

വ്യക്തമാക്കാമോ; ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം കൂടിയുണ്ട്. കാസർഗോഡ് ഗവൺമെന്റ് കോളേജ് മുൻ പ്രിൻസിപ്പൽ-ഇൻചാർജ് ഡോ. രമ ദീർഘകാല അവധിയിൽ പ്രവേശിച്ചിരിക്കുകയാണ്. എസ്.എഫ്.ഐ. അക്രമത്തെത്തുടർന്നുണ്ടായ ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ തേടാനാണ് അവധിയെടുക്കുന്നതെന്നാണ് ഡോ. രമ വ്യക്തമാക്കിയിട്ടുള്ളത്. സാധാരണ ഇത്തരം കാര്യങ്ങളിൽ സ്വീകരിക്കുന്ന നിലപാടനുസരിച്ച് എസ്.എഫ്.ഐ.-കാർ അവിടെ അക്രമണം നടത്തിയില്ലെങ്കിലും, ഞാൻ പറയേണ്ടത് അക്രമണം നടത്തിയെന്നാണ്. പക്ഷേ ഞാൻ പറയുന്നു, എസ്.എഫ്.ഐ.-കാർ അവിടെ ഒരു അക്രമണവും നടത്തിയിട്ടില്ല. മാസങ്ങൾക്കുമുമ്പ് എം.എസ്.എഫ്. പ്രവർത്തകരെക്കൊണ്ട് കാലുപിടിപ്പിച്ച ഇതേ പ്രിൻസിപ്പൽ വളരെ പ്രാകൃത നിലപാടാണ് അന്ന് സ്വീകരിച്ചത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്ക് ഞാനൊരു പരാതി നൽകിയെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. തൻകുഞ്ഞ് പൊൻകുഞ്ഞാണെന്നുള്ള സമീപനം ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്................. പ്ലീസ്........ അങ്ങ് മൂന്ന് ചോദ്യം ചോദിച്ചു......പ്ലീസ്.............

<u>ഡോ. ആർ. ബിന്ദു</u>: സർ, ദേശീയ വിദ്യാഭ്യാസ നയത്തോട് വിമർശനാത്മകമായ സമീപനമാണ് സ്വീകരിക്കാനുള്ളത്. അതിൽ തള്ളിക്കളയേണ്ട അംശങ്ങളെ തള്ളിക്കളയുകയും ഉൾക്കൊള്ളേണ്ട അംശങ്ങളുണ്ടെങ്കിൽ ഉൾക്കൊള്ളുകയും ചെയ്യും. രണ്ടാമത്തെ ചോദ്യത്തിന്റെ മറുപടി,

<u>മി. സ്പീക്കർ</u>: പ്ലീസ്.................ചോദ്യം ഒരു പ്രസംഗമാക്കാൻ സാധിക്കില്ല. പ്ലീസ്.....ദയവായി ഇരിക്കൂ...... ബഹുമാനപ്പെട്ട അംഗത്തിന് ചെയർ ഉപചോദ്യം അനുവദിച്ചതാണ്. തിരിച്ച് ചെയറിനോടും ആ മാന്യത കാണിക്കണം.

<u>ഡോ. ആർ. ബിന്ദു</u>: സർ, കാസർഗോഡ് ഗവൺമെന്റ് കോളേജിൽ വളരെ ദൗർഭാഗ്യകരമായ നിലയിൽ വിദ്യാർത്ഥി വിരുദ്ധമായ നിലപാട് പ്രിൻസിപ്പൽ സ്വീകരിച്ചതായാണ് കാണാൻ സാധിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വീഡിയോകൾ വ്യാപകമായി പ്രചരിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന വിധത്തിലാണ് അവരുടെ ഭാഗത്തുനിന്ന് പ്രസ്താവനകളും നിലപാടുകളും ഉണ്ടായിട്ടുള്ളതെന്ന് കണ്ടയുടനെ അവരെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് നീക്കം ചെയ്തു. തുടർന്നും സ്ഥാപനത്തിന്റെ യശസ്സ് കെടുത്തുകയും റിസർവേഷനിലൂടെ

കടന്നുവന്ന വിദ്യാർത്ഥികളെ പ്രത്യേകമായി അപമാനിക്കുകയും ചെയ്യുന്ന പ്രസ്താവനകൾ നടന്ന സാഹചര്യത്തിൽ അവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാതിരിക്കണമെങ്കിൽ അവരോട് വിശദീകരണം ആരായാൻ കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, വിദേശ രാജ്യത്തേയ്ക്ക് ധാരാളം കുട്ടികൾ ജോലിക്കും പഠനത്തിനുമായി പോകുന്നുവെന്നത് നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. അക്കാര്യം സഭയിൽ പലപ്പോഴും ചർച്ച ചെയ്തിട്ടുമുണ്ട്. നമ്മുടെ നാട്ടിൽ ഉന്നതവിദ്യാഭ്യാസ രംഗം ഇന്ന് വലിയ കുതിച്ചുചാട്ടത്തിന്റെ പാതയിലാണ്. നമ്മുടെ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധാരാളം ജോലി സാധ്യതയുമുണ്ട്. വ്യവസായ വകുപ്പും മറ്റുവകുപ്പുകളുമായി ആലോചിച്ചാൽ നിരവധി തൊഴിൽ സാധ്യതകൾ കണ്ടെത്താൻ കഴിയും. ഇത്തരത്തിൽ ചെറുപ്പക്കാർക്ക് ക്യാമ്പസുകളിൽത്തന്നെ പഠനത്തോടൊപ്പം ജോലികൂടി നൽകുന്ന തരത്തിലുള്ള എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, പഠനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിലൂടെ തൊഴിൽ ആഭിമുഖ്യം വളർത്തുകയെന്ന ലക്ഷ്യത്തോടുകൂടി Earn While

You learn എന്ന പദ്ധതി രണ്ട് വർഷമായി നടപ്പാക്കികൊണ്ടിരിക്കുന്നു. പോളിടെക്നിക്കുകളിലും മറ്റുസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന പദ്ധതി നടപ്പാക്കികൊണ്ടിരിക്കുന്നു. എല്ലാ കലാലയങ്ങളിലും സർവ്വകലാശാലകളിലും 'കണക്ട് കരിയർ ടു ക്യാമ്പസ്' എന്ന പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു. KKEM (Kerala Knowledge Economy Mission) മുഖാന്തരം 'തൊഴിൽ അരങ്ങത്തേയ്ക്ക്' എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ കലാലയങ്ങളിലും തൊഴിൽ മേളകൾ സംഘടിപ്പിച്ചുവരുന്നു. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള വിടവ് നികത്തിക്കൊണ്ട് സ്കിൽ എൻഹാൻസ്മെന്റ് നടത്തുന്നതിനുള്ള പ്രോഗ്രാം അസാപ്-കേരളയുടെ ആഭിമുഖ്യത്തിൽ കലാലയങ്ങളിൽ നടത്തിവരുന്നു. അതോടൊപ്പം ഇന്നവേഷൻ, ഇൻക്യുബേഷൻ, സ്റ്റാർട്ടപ്പ് എൻവയോൺമെന്റ് എന്നിവ എല്ലാ കലാലയങ്ങളിലും വികസിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. അതനുസരിച്ച് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്ലെയ്സ്മെന്റ് സെല്ലുകൾ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് നൂറ് വർഷം പൂർത്തിയാക്കിയ വളരെ കുറച്ച് കോളേജുകളെ കേരളത്തിലുള്ളൂ. മികവിന്റെ കേന്ദ്രങ്ങളായി ഇതിനെ മാറ്റിയെടുക്കാൻ പ്രത്യേക പദ്ധതികൾ

നടപ്പാക്കുമോ; പ്രത്യേക പദ്ധതി നടപ്പാക്കുന്ന കോളേജുകളുടെ കൂട്ടത്തിൽ നൂറ് വർഷം പൂർത്തിയാക്കിയ ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജിനെക്കൂടി ഉൾപ്പെടുത്തുമോയെന്നതാണ് എന്റെ ചോദ്യം.

ഡോ. ആർ. ബിന്ദു: സർ, ഏറ്റവും മികവാർന്ന പ്രവർത്തനവും വർഷങ്ങളുടെ മഹിതമായ പാരമ്പര്യവുമുള്ള കലാലയങ്ങളെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളാക്കി ഉയർത്തുന്നതിനാവശ്യമായ ആലോചനകൾ നടത്തിവരുന്നു. കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ യൂണിവേഴ്സിറ്റികളുടെ അവിഭാജ്യ ഘടകമായിട്ടുള്ള മറ്റുകലാലയങ്ങൾക്കുകൂടി മാർഗ്ഗനിർദ്ദേശം നൽകാവുന്ന രീതിയിലുള്ള ഘടക കോളേജുകളായാണ് വിഭാവന ചെയ്യുന്നത്. തീർച്ചയായും നൂറുവർഷം പിന്നിടുന്ന കലാലയങ്ങൾ ഗുണപരമായി മുന്നിൽ നിൽക്കുന്നുണ്ടെന്ന് ഉറപ്പുണ്ടെങ്കിൽ അവയെ ഉൾപ്പെടുത്താവുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച പുതിയ നിർദ്ദേശം

2(*272) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് വരുമാനത്തിനനുസരിച്ച് ശമ്പളം തീരുമാനിക്കണമെന്ന പുതിയ നിർദ്ദേശം കെ.എസ്.ആർ.ടി.സി. മുന്നോട്ട് വച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശം സർക്കാർ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിലാണോ എന്ന് വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം മുന്നോട്ടുവയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, (എ-സി) കെ.എസ്.ആർ.ടി.സി. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നിലവിലെ സാഹചര്യത്തിലും വരുമാനത്തിനനുസരിച്ച് ശമ്പളം വിതരണം ചെയ്യുമെന്ന നിർദ്ദേശം സർക്കാരോ/കെ.എസ്.ആർ.ടി.സി.-യോ മുന്നോട്ടുവച്ചിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണവും പ്രൊമോഷനും കുടിശ്ശികയുള്ള ആനുകൂല്യങ്ങളും നൽകിയിട്ടും 2022 മുതൽ നൽകിയ ടാർജറ്റ് കൈവരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ടാർജറ്റ് അനുസരിച്ച് കളക്ഷൻ ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്ന് മാനേജ്മെന്റ് വിലയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, തൊഴിലാളികളുടെ ശമ്പളം ഗഡുക്കളായി നൽകാൻ 15-02-2023-ൽ ഒരു സർക്കുലർ ഇറക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യിലെ ഏതെങ്കിലും അംഗീകൃത യൂണിയനുമായി ചർച്ച നടത്തി അവർകൂടി സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണോ ഈ സർക്കുലർ ഇറക്കിയിട്ടുള്ളത്?

<u>ശ്രീ. ആന്റണി രാജു</u>: സർ, അദ്ദേഹം എഴുതിത്തന്ന ചോദ്യവും ഇപ്പോൾ ഉന്നയിച്ച ചോദ്യവും രണ്ടും രണ്ടാണ്. ടാർജറ്റ് അനുസരിച്ച് ശമ്പളം തീരുമാനിച്ചിട്ടുണ്ടോ എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ഇല്ല എന്നാണ് അതിനുള്ള ഉത്തരം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളത്തിൽ ഒരു രൂപപോലും ഒരു തൊഴിലാളിക്കും ഒരു ദിവസത്തേതുപോലും കൊടുക്കാൻ ബാക്കിയില്ലെന്ന വസ്തുതയാണ് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത്. ഇന്നലെ വരെയുള്ള മുഴുവൻ ശമ്പളവും കൊടുത്തുതീർത്തിരിക്കുകയാണ്. കഴിഞ്ഞ മാസത്തെ ശമ്പളം ഈ മാസമാണ് കൊടുക്കേണ്ടത്, അതും കൊടുക്കും. ബഹുമാനപ്പെട്ട അംഗം ഇല്ലാത്ത കറുത്ത പൂച്ചയെ ഇരുട്ടിൽ തപ്പുകയാണ്. ശമ്പളം നൽകുന്നത് സംബന്ധിച്ച് ചിലർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്, അതിന്റെ ഹിയറിംഗ് തിങ്കളാഴ്ചയാണ്. ശമ്പളം ഗഡുക്കളായി

എല്ലാവരും വാങ്ങണമെന്ന് നിർബന്ധമില്ലെന്നാണ് സർക്കുലറിൽ പരാമർശിച്ചിരിക്കുന്നത്. ശമ്പളം കഴിയുന്നതും 5-ാം തീയതിക്കുള്ളിൽ നൽകണമെന്ന് തന്നെയാണ് ആഗ്രഹിക്കുന്നത്. എന്നാൽ ഗവൺമെന്റിൽനിന്നുള്ള സാമ്പത്തിക സഹായം ലഭിക്കുമ്പോൾ പത്താം തീയതിയോ പന്ത്രണ്ടാം തീയതിയോ ചിലപ്പോൾ പതിനഞ്ചാം തീയതിവരെ ആകാറുണ്ട്. ശമ്പളത്തിന്റെ ഒരു വിഹിതമെങ്കിലും ആദ്യത്തെ ദിവസം ലഭിച്ചാൽ ബാങ്കുകളിൽനിന്ന് എടുക്കുന്ന വായ്പകളിന്മേലുള്ള പീനൽ ഇന്ററസ്റ്റ് ഒഴിവാക്കാൻ കഴിയുമെന്നും കുട്ടികളുടെ ട്യൂഷൻ ഫീസ്, പലചരക്ക് കടകളിലെ കടം എന്നിവയെല്ലാം ആദ്യ ദിവസം കൊടുത്തുതീർക്കാൻ കഴിയുമെന്നുമാണ് ജീവനക്കാരിൽ പലരും എന്നെ നേരിട്ട് കണ്ട് ആവശ്യപ്പെട്ടത്. ഇത്തരത്തിൽ അത്യാവശ്യ കാര്യങ്ങളൊക്കെ നടക്കും. ആവശ്യമുള്ളവർക്ക് മുഴവൻ ശമ്പളവും നൽകണമെന്നാണ് സർക്കുലറിൽ പരാമർശിച്ചിട്ടുള്ളത്. ശമ്പളത്തിന്റെ പകുതിയെങ്കിലും അഞ്ചാം തീയതിക്കുള്ളിൽ ലഭിച്ചാൽ വാങ്ങിക്കൊള്ളാമെന്ന് പറയുന്നവർക്ക് അങ്ങനെയും കൊടുക്കാം. ഗഡുക്കളായി ശമ്പളം വേണ്ടെന്നുള്ളവർ എഴുതിത്തന്നാൽ അവർക്ക് നൽകേണ്ട കാര്യമില്ലെന്നാണ് സർക്കുലറിൽ പറയുന്നത്. ട്രേഡ് യൂണിയൻ നേതാക്കളല്ലാതെ ഒരു ജീവനക്കാരൻ പോലും

ഗഡുക്കളായി വേണ്ടെന്ന് എഴുതിത്തന്നിട്ടില്ല. അതിന്റെ അർത്ഥമെന്താണ്, ജീവനക്കാരുടെ വികാരമെന്താണ്; ആദ്യത്തെ ആഴ്ചയിൽ പകുതി ശമ്പളമെങ്കിലും ലഭിച്ചാൽ അത് അവർക്കൊരു ആശ്വാസമാകുകയാണ്. നവംബർ മാസത്തെ ശമ്പളം ഡിസംബർ 12-നും ഡിസംബർ മാസത്തെ ശമ്പളം ജനുവരി 12-നും ജനുവരി മാസത്തെ ശമ്പളം ഫെബ്രുവരി 14-നുമാണ് നൽകിയത്. സർക്കാരിൽനിന്നും കഴിഞ്ഞ മാസം ലഭിക്കേണ്ട 50 കോടി രൂപ ഇതുവരെ കെ.എസ്.ആർ.ടി.സി.-യ്ക്ക് ലഭിച്ചിട്ടില്ല. അതും കാത്തിരുന്നെങ്കിൽ ഫെബ്രുവരി മാസം ശമ്പളം നൽകാൻ കഴിയുമായിരുന്നോ? കിട്ടാവുന്ന തുക കടം വാങ്ങി സ്വരൂപിച്ച് ജീവനക്കാരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി 14-ാം തീയതിക്കുള്ളിൽ ശമ്പളം കൊടുക്കുകയാണ് മാനേജ്മെന്റ് ചെയ്തത്. ഗഡുക്കളായി ശമ്പളം കൊടുക്കുന്നതിനെക്കുറിച്ച് ദുർവ്യാഖ്യാനം ചെയ്തുകൊണ്ടുള്ള പ്രസ്താവനകളാണ് നടക്കുന്നത്. തൊഴിലാളികൾ മുഴുവൻ സംതൃപ്തരാണ്. അവരാരുംതന്നെ ഗഡുക്കളായി വേണ്ടെന്ന് എഴുതിത്തന്നിട്ടില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇത് വളരെ ദൗർഭാഗ്യകരമാണ്. നാല് മിനിട്ട് സമയമെടുത്താണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്.

മി. സ്പീക്കർ: മന്ത്രിമാർക്ക് ചില അധികാരങ്ങളുണ്ടല്ലോ.

ശ്രീ. എം. വിൻസെന്റ്: സർ, ഏതെങ്കിലും തൊഴിലാളി അംഗീകൃത യൂണിയനുകൾ അംഗീകരിച്ചതിന്റെ/സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണോ 15-02-2023-ലെ സർക്കുലർ ഇറക്കിയിട്ടുള്ളതെന്നായിരുന്നു എന്റെ ചോദ്യം. ഡയറക്ട് ക്വസ്റ്റ്യനാണ്. ബഹുമാനപ്പെട്ട മന്ത്രി അതിനൊരു വാക്ക് പോലും മറുപടി നൽകിയിട്ടില്ല.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ... ഇത് ഡിബേറ്റല്ല.

ശ്രീ. എം. വിൻസെന്റ്: സർ, അദ്ദേഹം പരാമർശിച്ച കാര്യങ്ങൾക്കെല്ലാം ഞങ്ങൾ അടിയന്തരപ്രമേയാവതരണ വേളയിൽ മറുപടി നൽകാം. ഗഡുക്കളായി ശമ്പളം നൽകാനുള്ള സർക്കുലർ യൂണിയനുകൾപോലും അംഗീകരിക്കാതിരിക്കെ മാനേജ്മെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു അഫിഡവിറ്റ് കൊടുത്തിരിക്കുകയാണ്. യൂണിയനുകളുമായിട്ടുള്ള ചർച്ചയുടെ തുടർച്ചയായിട്ടാണ് ഞങ്ങൾ സർക്കുലർ ഇറക്കിയിരിക്കുന്നതെന്ന് വ്യാജമായിട്ടുള്ള അഫിഡവിറ്റ് കൊടുത്തിരിക്കുകയാണ്. ഇത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ഒരു വ്യാജവുമില്ല. അംഗീകൃത ട്രേഡ് യൂണിയനുകളുമായി ഈ വിഷയം മാനേജ്മെന്റ് നിരന്തരമായി ചർച്ച ചെയ്തിട്ടുണ്ട്. യൂണിയനുകൾ സമ്മതിക്കുന്നത് മാത്രമാണോ മാനേജ്മെന്റുകൾക്ക് നടപ്പിലാക്കാൻ കഴിയുന്നത്? ഇവിടെ ചോദിച്ചത് അവരുമായി ചർച്ച ചെയ്തിട്ടുണ്ടോയെന്നാണ്. ചർച്ച ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലും പറഞ്ഞിരിക്കുന്നത് അത് തന്നെയാണ്.

<u>മി. സ്പീക്കർ</u>: യെസ്... യെസ്... ഓകെ.....ഓകെ...

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, കെ.എസ്.ആർ.ടി.സി.-യിലെ സി.ഐ.ടി.യു. നേതാക്കന്മാരും മാർക്സിസ്റ്റ് നേതാക്കന്മാരുമായ ബഹുമാന്യരായ ആനത്തലവട്ടം ആനന്ദൻ, മുൻ മന്ത്രി എ. കെ. ബാലൻ തുടങ്ങിയവരെല്ലാം സൂചിപ്പിക്കുന്നത് അങ്ങ് കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കുന്ന നടപടികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി നയത്തിന് അനുസൃതമല്ലെന്നാണ്. അങ്ങ് നടപ്പിലാക്കുന്ന നയത്തിന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടേതിൽനിന്ന് എന്തെങ്കിലും വ്യതിയാനമുണ്ടോ; കെ.എസ്.ആർ.ടി.സി.-യിൽ വി.ആർ.എസ്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആന്റണി രാജു: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയത്തിന് വിരുദ്ധമായി ഒരു തീരുമാനവുമെടുക്കാൻ ആരെയും അനുവദിക്കുന്ന വിഷയമില്ല. ഈ ഗവൺമെന്റ് ഭരിക്കുന്നിടത്തോളം കാലം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയങ്ങൾക്കുള്ളിൽനിന്നുകൊണ്ട് മാത്രമല്ലാതെ ഒരു തീരുമാനം കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകില്ല, അക്കാര്യത്തിൽ ആർക്കുമൊരു തർക്കം വേണ്ട. ബഹുമാനപ്പെട്ട മെമ്പർ വി.ആർ.എസ്.-നെക്കുറിച്ച് ചോദിച്ചു, എത്ര അബദ്ധജടിലമായ പ്രസ്താവനയാണത്, xxxx+ ആരെങ്കിലും ചോദിക്കുന്ന ചോദ്യമാണോ? വി.ആർ.എസ്. എന്നുവച്ചാൽ എന്താണ്...(ബഹളം)....

മി. സ്പീക്കർ: യെസ്... യെസ്... കണ്ടിന്യൂ...

ശ്രീ. ആന്റണി രാജു: സർ, പരാമർശം ഒഴിവാക്കിയിരിക്കുന്നു.

മി.സ്പീക്കർ: യെസ്... ആ പരാമർശം ഒഴിവാക്കി.

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥന മാനിച്ച് എന്റെ വാക്കുകളിൽ എന്തെങ്കിലും വിഷമം ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ ആ വാക്ക് ഞാൻ ഒഴിവാക്കുകയാണ്.

മി.സ്പീക്കർ: യെസ്... ശരി.

+ ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത പരാമർശം പിൻവലിച്ചു.

ശ്രീ. ആന്റണി രാജു: സർ, കാര്യമറിയുന്ന ആരും അങ്ങനെയൊരു പരാതി ഉന്നയിക്കില്ല. വി.ആർ.എസ്. എന്നാൽ എന്താണ്? ഞങ്ങൾക്ക് ജോലി വേണ്ടെന്ന് സ്വയം പറയുന്നതാണ്. ആർക്കും നിർബന്ധിച്ച് വി.ആർ.എസ്. കൊടുക്കുന്ന പ്രശ്നം ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്നിടത്തോളം കാലം കെ.എസ്.ആർ.ടി.സി.-യിൽ ഉണ്ടാകില്ല.

ഡോ. മാത്യു കുഴൽനാടൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഏറ്റവും ദൗർഭാഗ്യകരമാണ് അങ്ങയുടെ പ്രസ്താവന. പ്രസ്താവന അങ്ങ് പിൻവലിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അങ്ങിവിടെ മറ്റൊരു പ്രസ്താവന നടത്തി, അവിടത്തെ തൊഴിലാളി യൂണിയൻ നേതാക്കന്മാരും തൊഴിലാളികളുമായി ബന്ധമില്ലെന്ന പരാമർശം അങ്ങ് പിൻവലിക്കണം.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ...

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പൊതുഗതാഗതവും പൊതുജനാരോഗ്യവും പൊതുവിദ്യാഭ്യാസവുമെല്ലാം ഒരു വെൽഫെയർ സ്റ്റേറ്റിന്റെ കടമയാണ്. ഘട്ടംഘട്ടമായി കെ.എസ്.ആർ.ടി.സി.-യെ സ്വകാര്യവൽക്കരിക്കാനുള്ള സർക്കാർ നയത്തിന്റെ ഭാഗമായാണ് ഇത്തരം

സർക്കുലറും തീരുമാനവുമെന്നുള്ള സംശയത്തിന് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് കൃത്യമായ മറുപടി പ്രതീക്ഷിക്കുന്നു.

ശ്രീ. ആന്റണി രാജു: സർ, എന്താണ് ചോദ്യമെന്ന് എനിക്ക് മനസ്സിലായില്ല.

മി. സ്പീക്കർ: സ്വകാര്യവൽക്കരണത്തിലേക്കുള്ള നീക്കമാണ് കെ.എസ്.ആർ.ടി.സി.യിൽ നടക്കുന്നതെന്നാണ് അദ്ദേഹം പരാമർശിച്ചത്. അതിന് മറുപടി നൽകൂ.

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-യിൽ സ്വകാര്യവൽക്കരണത്തിനുള്ള ഒരു നീക്കവും നടക്കുന്നില്ല. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവ്വീസിനെക്കുറിച്ചാണ് അദ്ദേഹത്തിന്റെ ആശങ്കയെങ്കിൽ എനിക്ക് പറയാനുള്ളത്, it is a government owned independent company എന്നാണ്. അതെങ്ങനെയാണ് സ്വകാര്യവൽക്കരണമാകുന്നത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും മുടങ്ങുന്നുവെന്നും കെ.എസ്.ആർ.ടി.സി. സ്ഥാപനങ്ങൾ വിറ്റഴിക്കാൻ പോകുന്നുവെന്നുമുള്ള

വിഷയങ്ങളെ സംബന്ധിച്ച ചർച്ചയാണ് ദിനംപ്രതി മാധ്യമങ്ങളിലൂടെ പുറത്തുവരുന്നത്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്നൊരു വാർത്തയിൽ കെ.എസ്.ആർ.ടി.സി.-ക്ക് 200 കോടി രൂപ വരുമാനമുണ്ടെന്നും ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ 104 കോടി രൂപ വേണമെന്നും 1 കോടി രൂപ വീതം ഒരു ദിവസം പലിശ കൊടുക്കണമെന്നും 50 കോടി രൂപ സർക്കാർ സഹായം ലഭിക്കുന്നുവെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇത്രയധികം സഹായങ്ങളൊക്കെ ലഭിക്കുമ്പോഴും കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക വരുമാനം, ചെലവ്, ബാധ്യത തുടങ്ങിയവ ഉൾപ്പെടുത്തി ഒരു വൈറ്റ് പേപ്പർ പ്രസിദ്ധീകരിക്കാൻ കെ.എസ്.ആർ.ടി.സി. തയ്യാറാകുമോ?

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുന്നതുപോലെതന്നെ ചെലവുമുണ്ട്. പക്ഷെ, കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തേക്കാൾ വളരെ കൂടുതലാണ് ചെലവ് എന്നത് ഒരു യാഥാർത്ഥ്യമാണ്. കഴിഞ്ഞ ജനുവരി മാസത്തെ കണക്ക് പരിശോധിച്ചാൽ 241.10 കോടി രൂപ വരുമാനമുണ്ടായിരുന്നുവെങ്കിലും 333.44 കോടി രൂപ ചെലവായി. അങ്ങനെ 92.14 കോടി രൂപയുടെ അധിക ചെലവാണുണ്ടായിട്ടുള്ളത്. യഥാർത്ഥ വസ്തുത ഇതായിരിക്കുമ്പോഴാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ലെന്ന

വാർത്തയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. വാർത്തകളും വസ്തുതകളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഇതുവരെ ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളം പോലും കൊടുക്കാൻ ബാക്കി വച്ചിട്ടില്ലെന്ന കാര്യം ഞാൻ വ്യക്തമാക്കുകയാണ്. പിന്നെങ്ങനെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ലെന്ന് പറയാൻ സാധിക്കും. ചില ആളുകൾ ബോധപൂർവ്വം വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യെ തകർക്കാൻ ശ്രമിക്കുകയാണ്. ചലനാത്മകമായ സംവിധാനങ്ങളെക്കുറിച്ച് എന്നും വാർത്തകൾ വന്നുകൊണ്ടിരിക്കും. അതൊക്കെ നല്ല കാര്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പൊതുമേഖലയെ തകർക്കുന്ന കേന്ദ്രസർക്കാർ നയത്തിൽനിന്ന് വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ വ്യക്തമാക്കാമോ?

ശ്രീ. ആന്റണി രാജു: സർ, കേന്ദ്രസർക്കാർ നിലപാടുകളാണ് കെ.എസ്.ആർ.ടി.സി. ഇന്ന് നേരിടുന്ന പ്രതിസന്ധികൾക്ക് മുഖ്യകാരണം. 2021 ഡിസംബർ മാസം വരെ കെ.എസ്.ആർ.ടി.സി.-ക്ക് ബൾക്ക് പർച്ചേസ് ആനുകൂല്യമുണ്ടായിരുന്നു. സാധാരണ റീട്ടെയിൽ നിരക്കിനേക്കാൾ

ലിറ്ററിന് 15 മുതൽ 20 രൂപ വരെ കുറച്ചാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ നല്കിയിരുന്നത്. 2021 ഡിസംബർ മാസം മുതൽ ടി ആനുകൂല്യം നിർത്തലാക്കിയതിലൂടെ ജനുവരി മാസം മുതൽ പ്രതിമാസം ഏകദേശം 20-30 കോടി രൂപയുടെ അധിക ചെലവാണുണ്ടായത്. കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താൻ ഇടതുപക്ഷജനാധിപത്യ മുന്നണി നല്കിയതുപോലുള്ള ഉദാരമായ സമീപനം മുമ്പ് ഒരു കാലഘട്ടത്തേയും സർക്കാരുകൾ സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ വർഷം 2,037 കോടി രൂപയാണ് സർക്കാർ സഹായം നല്കിയിരുന്നതെങ്കിൽ കെ.എസ്.ആർ.ടി.സി.-യുടെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ ടി ധനസഹായം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻവർഷത്തേക്കാൾ കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകിയിരുന്ന ധനസഹായത്തിൽ 725 കോടി രൂപ കുറവ് വന്നുവെന്നുപറഞ്ഞാൽ അതിനർത്ഥം കെ.എസ്.ആർ.ടി.സി. ബഹുദൂരം മുന്നോട്ടുപോകുന്നുവെന്നുതന്നെയാണ്.

ശ്രീ. എ. രാജ: സർ, എറണാകുളം ജില്ലയിൽനിന്ന് ഇടുക്കിയിലേയ്ക്ക് ദീർഘദൂര സ്വകാര്യ ബസാണ് സർവ്വീസ് നടത്തിയിരുന്നത്. ഏകദേശം 162 കിലോമീറ്റർ നീണ്ടുകിടക്കുന്ന പ്രദേശമാണ് ദേവികുളം നിയോജകമണ്ഡലം. 140 കിലോമീറ്റർ എന്ന പെർമിറ്റ് പരിധി നിശ്ചയിച്ചതുകാരണം ഇന്നുമുതൽ

അവിടെ ബസ് സർവ്വീസുകൾ നടത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സർവ്വീസുകളുണ്ടായിരുന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി. പ്രത്യേകം സർവ്വീസ് നടത്തുമോ; പെർമിറ്റ് പുതുക്കി നല്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ആന്റണി രാജു: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 140 കിലോമീറ്ററിനുമുകളിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ് സർവ്വീസുകൾ നിർത്തലാക്കാൻ സർക്കാർ നിർബന്ധിതമായിരിക്കുന്നത്. എന്നാൽ, ഈ സാഹചര്യത്തിൽ 140 കിലോമീറ്ററിനുമുകളിൽ സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് നൽകിയിരുന്ന മേഖലകളിലെല്ലാം കഴിഞ്ഞയാഴ്ച മുതൽ കെ.എസ്.ആർ.ടി.സി. ബദൽ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ഒരു റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബദൽ സംവിധാനം ഏർപ്പെടുത്തിയില്ലെന്ന് ചൂണ്ടിക്കാണിച്ചാൽ പ്രസ്തുത റൂട്ടിലേയ്ക്കും ബസ് സർവ്വീസ് ഏർപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. തയ്യാറാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി.-യുടെ പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിഭാവന ചെയ്ത 'ഗ്രാമവണ്ടി' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? എന്റെ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുകയും

വളരെ ലാഭകരമായി മുന്നോട്ടുപോകുകയുമാണ്. പഞ്ചായത്തുകളിൽ ഇനിയും നടപ്പാക്കാൻ കഴിയുന്ന ഒരു പദ്ധതിയാണിത്. എം.എൽ.എ. ഫണ്ടുപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കാനാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഫണ്ടോ ആസ്തി വികസന ഫണ്ടോ ആണോ ഇതിനായി ഉപയോഗിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, 'ഗ്രാമവണ്ടി' പദ്ധതി രാജ്യാന്തര തലത്തിൽ അംഗീകാരം നേടിയ പദ്ധതിയായി മാറിക്കഴിഞ്ഞു. കഴിഞ്ഞ വർഷത്തെ ഏറ്റവും മികച്ച പൊതുഗതാഗത സംവിധാനത്തിനുള്ള നിർദ്ദേശമായി കേന്ദ്രസർക്കാർ അംഗീകരിച്ച് പുരസ്കാരം നല്കിയത് ഗ്രാമവണ്ടി പദ്ധതിക്കാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നിയോജകമണ്ഡലത്തിലൂൾപ്പെടെ പ്രസ്തുത പദ്ധതി വിജയകരമായി മുന്നോട്ടുപോകുകയാണ്. 12 ഗ്രാമവണ്ടികൾ ഇതിനോടകം നിരത്തിലിറങ്ങിക്കഴിഞ്ഞു. ഗ്രാമവണ്ടി പദ്ധതിക്കായുള്ള പല നിർദ്ദേശങ്ങളും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എം.എൽ.എ.-മാരുടെ സ്പെഷ്യൽ

ഫണ്ടിൽ നിന്നാണ് ഗ്രാമവണ്ടി പദ്ധതിയിലേയ്ക്ക് തുക അനുവദിക്കാൻ കഴിയുന്നതെന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൂടുതൽ വിശദാംശങ്ങൾ നല്കുന്നതായിരിക്കും ഉചിതം.

ശ്രീ. മാത്യു ടി. തോമസ്: സർ, കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലെ പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങൾ ഗവൺമെന്റ്, മാനേജ്മെന്റ്, ട്രേഡ് യൂണിയനുകൾ എന്നിവയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ട്രേഡ് യൂണിയനുകളിൽ അംഗീകാരമുള്ളവയും ഇല്ലാത്തവയുമുണ്ട്. ഗവൺമെന്റും മാനേജ്മെന്റും ട്രേഡ് യൂണിയനുകളും ഒരേ ലക്ഷ്യത്തിലേയ്ക്ക് നീങ്ങിയാൽ മാത്രമേ ഇന്നത്തെ പ്രതിസന്ധി അതിജീവിക്കാൻ സാധിക്കുകയുള്ളൂ. ദൗർഭാഗ്യവശാൽ സർക്കാരും മാനേജ്മെന്റും ഒരുഭാഗത്തും ട്രേഡ് യൂണിയൻ വേറൊരു ഭാഗത്തുമെന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നത് അപകടകരമാണ്. തൊഴിലാളി സംഘടനകളെ വിശ്വാസത്തിലെടുത്ത് ഗവൺമെന്റും മാനേജ്മെന്റും ട്രേഡ് യൂണിയനുകളും തൊഴിലാളികളും ഒരേ ലക്ഷ്യത്തിലൂടെ പ്രവർത്തിക്കുന്ന സാഹചര്യം സംജാതമാക്കാൻ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി മുൻകയ്യെടുക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, കെ.എസ്.ആർ.ടി.സി. എല്ലാ കാലത്തും ഇങ്ങനെ തന്നെയായിരുന്നു പ്രവർത്തിച്ചിരുന്നത്. ട്രേഡ് യൂണിയനുകൾ ഒരു ഭാഗത്ത് ജീവനക്കാർക്കുവേണ്ടി എപ്പോഴും ശക്തമായി വാദിച്ചുകൊണ്ടിരിക്കും. മാനേജ്മെന്റും ഗവൺമെന്റും കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താനുള്ള ശ്രമങ്ങളും സഹായങ്ങളും ചെയ്തുകൊണ്ടിരിക്കും. മാനേജ്മെന്റും ഗവൺമെന്റും ട്രേഡ് യൂണിയനുകളുമായി എല്ലാ വിഷയങ്ങളെ സംബന്ധിച്ചും നിരന്തരമായി ആശയവിനിമയം നടത്തുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കാറുമുണ്ട്. അവരുടെ അഭിപ്രായങ്ങളിൽ സ്വീകരിക്കാൻ കഴിയുന്നവ സ്വീകരിക്കാറുമുണ്ട്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, സംസ്ഥാനത്ത് ഗതാഗത വകുപ്പുപോലെ മനോഹരമായൊരു വകുപ്പില്ല. കെ.എസ്.ആർ.ടി.സി.-ക്ക് ഒരുപാട് സമ്പത്തുണ്ടെങ്കിലും അത് വേണ്ട രീതിയിൽ വിനിയോഗിക്കാൻ സാധിക്കുന്നില്ല. അംഗങ്ങൾ പറയുന്ന നല്ല ഉപദേശങ്ങൾ അങ്ങ് സ്വീകരിക്കണം. ഗ്രാമവണ്ടിയുമായി ബന്ധപ്പെട്ട പ്രോജക്ടിന്മേൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുത്തതിൽ വളരെയധികം സന്തോഷമുണ്ട്. പക്ഷെ, അങ്ങതിൽ വെള്ളം ചേർക്കുന്നുണ്ട്. അതുകൊണ്ടാണ് ഗ്രാമവണ്ടി പദ്ധതിയിലൂടെ പ്രതീക്ഷിച്ചത്ര വിജയം കൈവരിക്കാൻ സാധിക്കാത്തത്. അതിൽ കുറച്ചുകൂടി മാറ്റങ്ങൾ

വരുത്തുകയോ പഞ്ചായത്തുകളുമായും എം.എൽ.എ.-മാരുമായും ചർച്ച നടത്തുകയോ ടി പദ്ധതിയിലൂടെ കിട്ടുന്ന വരുമാനത്തിലൊരു വിഹിതം പഞ്ചായത്തുകൾക്കുംകൂടി നല്കാൻ തയ്യാറാവുകയോ ചെയ്താൽ ഈ മേഖലയിൽ കൂടുതൽ വികസനം സാധ്യമാകുന്നതാണ്. പ്രസ്തുത പദ്ധതിയിന്മേൽ ഇത്തരത്തിൽ ചർച്ചകൾ നടത്താനും മാറ്റം വരുത്താനും അങ്ങ് തയ്യാറാണോ?

ശ്രീ. ആന്റണി രാജു: സർ, ഗ്രാമവണ്ടി പദ്ധതി ഇടതുപക്ഷ ജനാധിപത്യ മുന്നണി വിഭാവന ചെയ്ത ഒരു പദ്ധതിയാണ്. മറ്റാരെങ്കിലും കൊണ്ടുവന്ന പദ്ധതിയിൽ ആരോ വെള്ളം ചേർത്തെന്ന അർത്ഥത്തിലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. പഞ്ചായത്തുകൾക്കുകൂടി വരുമാനം ലഭിക്കുന്ന വിധത്തിലാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട പരസ്യത്തിൽനിന്നുള്ള വരുമാനം പഞ്ചായത്തുകൾക്കാണ് ലഭിക്കുന്നത്. ഉദാഹരണമായി, പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ പഞ്ചായത്തിലാണ് ആദ്യമായി ഗ്രാമവണ്ടി പദ്ധതി നടപ്പാക്കിയത്. അവിടെ ജനിച്ചുവളർന്ന് വിദേശത്ത് ജോലിയുള്ളൊരു ചെറുപ്പക്കാരൻ ഗ്രാമവണ്ടിക്കാവശ്യമായ ഡീസൽ സ്പോൺസർ ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഇതുമായി ബന്ധപ്പെട്ട

പരസ്യത്തിൽനിന്ന് ലഭിക്കുന്ന മുഴുവൻ പണവും അതത് പഞ്ചായത്തുകൾക്കാണ് ലഭിക്കുന്നത്.

## ഉദ്യോഗാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാൻ അസാപ് നടത്തുന്ന പ്രവർത്തനങ്ങൾ

3(*273) ശ്രീ. ആന്റണി ജോൺ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) ആഗോള തൊഴിൽ വിപണിയിലെ അവസരങ്ങൾ കരസ്ഥമാക്കുന്നതിനായി എഞ്ചിനീയറിംഗ് ഡിപ്ലോമയും ഡിഗ്രിയും ഉള്ളവരുൾപ്പെടെയുള്ള ഉദ്യോഗാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന് അസാപ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) തൊഴിൽ മേഖലകളിലെ ആവശ്യകതയ്ക്കനുസരിച്ച് വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് ഇൻഡസ്ട്രി ഓൺ കാമ്പസ് പരിപാടി ആരംഭിച്ചിട്ടുണ്ടോ;

(സി) തൊഴിൽ പരിശീലനത്തിന്റെ മികവ് കണക്കിലെടുത്ത് അസാപിന് അസെസ്മെന്റ് ഏജൻസിയായും അവാർഡിംഗ്

ഏജൻസിയായും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുകവഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അതുവഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള). സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഇഷ്ടതൊഴിൽ മേഖലയിൽ നൈപുണ്യം നേടുന്നതിനായി അസാപ് കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു.

(ബി) ഉണ്ട്. തൊഴിൽദാതാക്കളായ വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കോളേജുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(സി) തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ മികവ് കണക്കിലെടുത്ത് അസാപ്പിന് അവാർഡിംഗ് ബോഡിയായും (AB) അസെസ്മെന്റ്

ഏജൻസിയായും (AA) പ്രവർത്തിക്കാനുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് -NCVET-യുടെ ഡ്യൂവൽ റെക്കഗ്നിഷൻ അഥവാ ഇരട്ട അംഗീകാരം ലഭിച്ചിട്ടുണ്ട്.

ശ്രീ. ആന്റണി ജോൺ: സർ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലൂടെ നൽകുന്ന പരിശീലന സൗകര്യങ്ങളെ സംബന്ധിച്ച് വിശദീകരിക്കാമോ; പുതിയ സ്കിൽ പാർക്കുകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, 16 സ്കിൽ പാർക്കുകളാണ് ഇതിനോടകം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള)-യുടെ നേതൃത്വത്തിൽ കേരളത്തിൽ ആരംഭിച്ചിട്ടുള്ളത്. നൈപുണ്യ വികസനത്തിന് ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും പുത്തൻ വൈജ്ഞാനിക മേഖലകളിൽ പരിശീലനം നൽകുകയെന്നതാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിലൂടെ ലക്ഷ്യമിടുന്നത്. 16 സ്കിൽ പാർക്കുകളിൽ 13 എണ്ണം പൂർത്തിയായിട്ടുണ്ട്. 3 സ്കിൽ പാർക്കുകളുടെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. 25000 ചതുരശ്ര അടിയോളം വിസ്തീർണ്ണത്തിലാണ് ഓരോ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും വിഭാവന ചെയ്തിട്ടുള്ളത്. അന്തർദേശീയ നിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ, അടിസ്ഥാന

സൗകര്യങ്ങൾ, യന്ത്ര സംവിധാനങ്ങൾ എന്നിവയെല്ലാം ഈ കമ്മ്യൂണിറ്റി സ്കിൽ പാർക്കിലുണ്ടായിരിക്കും. ഓരോ സ്കിൽ പാർക്കിനെയും നൂതനമായ നൈപുണ്യ വികസന മേഖലയിലെ സെന്റർ ഓഫ് എക്സലൻസായി വളർത്തണമെന്നാണ് ലക്ഷ്യമിടുന്നത്. സീമെൻസ്, ആൻസിസ്, അഡോബ്, ജി.ഇ. തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികളുൾപ്പെടെയുള്ളവയുമായി സഹകരിച്ചുകൊണ്ടാണ് സ്കിൽ ഡെവലപ്മെന്റിനുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇലക്ട്രിക് വാഹന മേഖലയിൽ ഇയോൺ പോലുള്ള കമ്പനികളുമായി നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, നമ്മുടെ ക്യാമ്പസുകളിലെ കരിയർ ഗൈഡൻസ്, പ്ലേസ്മെന്റ് സെല്ലുകൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, 'കണക്ട് കരിയർ ടു ക്യാമ്പസ്' എന്ന പദ്ധതി ഒരു വർഷക്കാലമായി പ്രവർത്തിച്ചുവരികയാണ്. പ്ലേസ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിലാണ് ഇത്തരം പ്രവർത്തനങ്ങളേറ്റെടുക്കുന്നത്. എല്ലാ കലാലയങ്ങളിലും സർവ്വകലാശാലകളിലുമുള്ള പ്ലേസ്മെന്റ് ഓഫീസർമാരുടെ

ഒരു വിപുലമായ വർക്ക്ഷോപ്പ് തിരുവനന്തപുരത്ത് വച്ച് നടത്തിയിരുന്നു. കേരള നോളജ് ഇക്കോണമി മിഷനുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ പരിചയപ്പെടുത്തുകയും എല്ലാ കലാലയങ്ങളിലും സർവ്വകലാശാലാടിസ്ഥാനത്തിൽ തൊഴിൽമേളകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരികയുമാണ്. ഇതിന്റെ ഭാഗമായി പല കലാലയങ്ങളിലും ഇതിനകം തൊഴിൽമേളകൾ നടന്നുകഴിഞ്ഞു. കെ-ഡിസ്കിന്റെ പോർട്ടലിൽ ഒരു ഡിജിറ്റൽ വർക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) വികസിപ്പിച്ചിട്ടുണ്ട്. അതിൽ സൈക്കോമെട്രിക് അനാലിസിസിലൂടെ ഒരു പഠിതാവിന്റെ അഭിരുചി തിരിച്ചറിയാനും അതിനനുസരിച്ചുള്ള സ്കിൽ കോഴ്സിലേയ്ക്ക് അവർക്ക് പോകാനുമുള്ള സാധ്യത ലഭ്യമാക്കുന്നുണ്ട്. തൊഴിൽദായകർ, തൊഴിലന്വേഷകർ, സ്കിൽ എൻഹാൻസ്മെന്റ് ഏജൻസികൾ എന്നീ മൂന്ന് സ്റ്റേക്ക്ഹോൾഡേഴ്സും ചേരുന്ന രീതിയിലാണ് ആ പ്ലാറ്റ്ഫോം വിഭാവന ചെയ്തിട്ടുള്ളത്. ആ നിലയിലെല്ലാം കരിയർ ഗൈഡൻസുമായി ബന്ധപ്പെട്ട സാധ്യതകൾ വിപുലീകരിച്ചിരിക്കുകയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ വളർച്ച ലക്ഷ്യംവച്ചുകൊണ്ടും കേരളത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു

ഹബ്ബാക്കി മാറ്റണമെന്ന പ്രഖ്യാപിത നയത്തിൽ ഊന്നിനിന്നുകൊണ്ടുമുള്ള പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ നടന്നുവരുന്നത്. നമ്മുടെ വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിലേയ്ക്ക് പഠനത്തിനായി പോകുന്നത് അവിടെ പഠനത്തോടൊപ്പം ജോലി ചെയ്ത് വരുമാനമുണ്ടാക്കാമെന്ന ലക്ഷ്യത്തോടെയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന സന്ദർഭത്തിൽ സ്വാഭാവികമായും കരിക്കുലം പരിഷ്കരണം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. തദവസരത്തിൽ നൈപുണ്യ വികസനത്തിനും പുതിയ തൊഴിൽസാധ്യതകൾ ലഭ്യമാക്കാനുമാവശ്യമായ ഊന്നൽ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി സ്കിൽ കോഴ്സുകൾ നിർബന്ധമാക്കാനും കുട്ടികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ സ്കിൽ കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള അവസരം സൃഷ്ടിക്കാനുമാണ് ശ്രമിക്കുന്നത്. ഈ സ്കിൽ കോഴ്സുകൾക്ക് ക്രെഡിറ്റുകൾ കൂടി നൽകാൻ തീരുമാനമെടുക്കുന്നതോടുകൂടി കുട്ടികൾ നൈപുണ്യ വികസനത്തിലേയ്ക്ക് പൂർണ്ണമായും കടന്നുവരുന്ന സ്ഥിതിയുണ്ടാവും. ഇപ്പോൾ 133 സ്കിൽ കോഴ്സുകൾ അസാപ്പിലൂടെ നൽകിവരുന്നുണ്ട്.

അംഗീകൃതമായിട്ടുള്ള മറ്റ് ഏജൻസികളെയും ഈ സ്കിൽ എൻഹാൻസ്മെന്റിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. സ്ഥാപനങ്ങൾക്ക് സ്കിൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് ഓപ്ഷൻ നൽകുന്ന വിധത്തിലായിരിക്കും ക്രമീകരണങ്ങളുണ്ടാകുന്നത്. എല്ലാ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും വ്യാപകമായ നിലയിൽ സ്കിൽ എൻഹാൻസ്മെന്റിനുള്ള സംവിധാനങ്ങൾ രൂപീകരിക്കണമെന്നാണ് കരുതുന്നത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, സംസ്ഥാനത്തെ വിദ്യാർത്ഥികളെ സംരംഭകരാക്കി മാറ്റുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യാപകമായി ആരംഭിക്കണമെന്ന് ഇതിനോടകം നിർദ്ദേശിച്ചിട്ടുണ്ട്. 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' പദ്ധതിയുടെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ടുപോകുകയാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ

സർവ്വകലാശാലകളിലും ഇൻക്യുബേറ്റേഴ്സ് ആരംഭിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ ഗണ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഐ.ടി., ഐ.ടി.അധിഷ്ഠിത കോഴ്സുകൾ തുടങ്ങിയവയ്ക്കുള്ള പാർക്കുകളും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ നൂതനമായ ആശയങ്ങൾ അടവച്ച് വിരിയിച്ച് അവയ്ക്ക് ചിറകുകൊടുക്കുകയാണ് ഇൻക്യുബേഷൻ-ഇന്നവേഷൻ-എൻവയോൺമെന്റ് സെന്ററുകൾ, സ്റ്റാർട്ട് അപ്പ് തുടങ്ങിയവ ലക്ഷ്യമിടുന്നത്.

ശ്രീ. എച്ച്. സലാം: സർ, ഉന്നതവിദ്യാഭ്യാസ മേഖലയിലും നൈപുണ്യ പരിശീലന മേഖലയിലും കാലത്തിനനുസരിച്ചുള്ള പുരോഗതിയിലേയ്ക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദഗ്ദ്ധരുമായും വ്യവസായ പ്രമുഖരുമായും സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് സംവദിക്കാനായി നടത്തുന്ന പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് ഏതുനിലയിലാണ് നടത്തിയിട്ടുള്ളത്; ഈ സമ്മിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ആയിരക്കണക്കിന് വിദ്യാർത്ഥികൾ പങ്കെടുത്തുകൊണ്ട് അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽവച്ച് പ്രൊഫഷണൽ സ്റ്റുഡന്റ്സ് സമ്മിറ്റ് വളരെ വിജയകരമായി

നടപ്പിലാക്കുകയുണ്ടായി. നമ്മുടെ രാജ്യത്തിനകത്തും പുറത്തുംനിന്നുമായി നിരവധി വിദഗ്ധരാണ് പരിപാടിയിൽ പങ്കെടുത്ത് വിദ്യാർത്ഥികളുമായി സംവദിച്ചത്. രാവിലത്തെ പൊതുസെഷനുശേഷം വിഷയാടിസ്ഥാനത്തിൽ വിശദമായ ചർച്ച നടക്കുകയുണ്ടായി. തുടർന്ന് വിദ്യാർത്ഥികളുടെ അഭ്യർത്ഥന പ്രകാരം ഇതിന്റെ തുടർപരിപാടിയെന്ന രീതിയിൽ വിഷയാടിസ്ഥാനത്തിലുള്ള കോൺഫറൻസുകൾ നടത്താനുദ്ദേശിക്കുന്നുണ്ട്. ദേശീയവും അന്തർദേശീയവുമായ തൊഴിൽസാധ്യതകളെക്കുറിച്ചും ഗവേഷണപരമായ സാധ്യതകളെക്കുറിച്ചുമൊക്കെ മനസ്സിലാക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതാണ് പ്രൊഫഷണൽ സ്റ്റുഡന്റ് സമ്മിറ്റുകൾ.

## റബ്ബർ വിലസ്ഥിരതാ ഫണ്ട്

4(*274) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ വിലസ്ഥിരതാ ഫണ്ട് ലഭ്യമാക്കുന്നതിനായി കർഷകർ സമർപ്പിച്ച ആയിരത്തോളം അപേക്ഷകൾ സർക്കാർ നാളിതുവരെ

പരിഗണിച്ചിട്ടില്ലെന്നത് വസ്തുതയാണോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ റബ്ബർ വിലസ്ഥിരതാ ഫണ്ട് നൽകുന്നതിനായി അഞ്ഞൂറ് കോടി രൂപ വകയിരുത്തിയിട്ടും പത്ത് കോടി രൂപയിൽ താഴെ മാത്രമാണ് വിതരണം ചെയ്തതെന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇപ്രകാരം തുക അനുവദിക്കാനുണ്ടായ കാരണം വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ-സി) 2022-23 സാമ്പത്തിക വർഷം 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ ‘ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം’ സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കമ്പോളവില കൂടിനിന്നതാണ് 2021-22 മുതൽ സബ്സിഡിയിനത്തിൽ

കർഷകർക്ക് അനുവദിച്ച തുക കുറയുവാൻ കാരണം. നിലവിൽ കമ്പോളവില കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സബ്സിഡിയിനത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതായി വരും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കോവിഡ് മഹാമാരിയും പ്രളയവുംമൂലം സംസ്ഥാനത്തെ കർഷകർ വലിയ പ്രതിസന്ധി അനുഭവിക്കുന്ന ഒരു കാലഘട്ടമാണിത്. ഈ സാഹചര്യത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള ലോണുകൾ അടയ്ക്കാൻ സാധിക്കാതെ കർഷകർ ജപ്തിനടപടികൾ നേരിടുകയാണ്. ഈ ഘട്ടത്തിലാണ് ഗവൺമെന്റ് 2022-23 ബജറ്റിൽ റബ്ബർ കർഷകർക്കുവേണ്ടി 500 കോടി രൂപ വകയിരുത്തിയത്. പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കേണ്ടത് ഈയവസരത്തിൽ അനിവാര്യമാണ്. ബജറ്റിൽ പ്രഖ്യാപിച്ച 500 കോടി രൂപയിൽ എത്ര കോടി രൂപ റബ്ബർ കർഷകർക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, 2022-23 സാമ്പത്തിക വർഷം ലഭ്യമായ അപേക്ഷകളിൽ 16-02-2023 വരെ സമർപ്പിച്ച അപേക്ഷകളിൻമേൽ 33.195 കോടി രൂപ ചെലവഴിച്ചതായി നേരത്തേ സൂചിപ്പിച്ചിരുന്നു. 2015-ൽ യു.ഡി.എഫ്. ഭരണകാലത്ത്, സ്കീമിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ, അത്

നടപ്പിലാക്കേണ്ടത് എങ്ങനെയെന്നും നിശ്ചയിച്ചിരുന്നു. അതനുസരിച്ച് തന്നെയാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. അതിനായി താങ്ങുവില 150 രൂപയിൽനിന്നും 170-ലേയ്ക്ക് വർദ്ധിപ്പിക്കുകയുണ്ടായി. റബ്ബർ കർഷകർ മാർക്കറ്റിൽ വിൽക്കുന്ന റബ്ബറിന്റെയുൾപ്പെടെയുള്ള ബില്ലുകൾ, ആ കർഷകന് അംഗത്വമുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയിൽ സമർപ്പിക്കുമ്പോൾ പ്രസ്തുത കർഷകൻ റബ്ബർ ബോർഡിന്റെ സർട്ടിഫിക്കേഷനുള്ള വ്യക്തിയായിരിക്കണമെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ബിൽ പരിശോധിച്ച് നൽകുന്ന മുറയ്ക്കാണ് ധനകാര്യവകുപ്പ് പണം അനുവദിച്ചുകൊണ്ടിരിക്കുന്നത്. റബ്ബറിന്റെ വില കുറയുന്നതനുസരിച്ച് കൂടുതൽ അപേക്ഷകൾ വരാനാണ് സാധ്യത. അപേക്ഷയുമായി വരുന്ന മുഴുവൻ കർഷകർക്കും ഈ സ്കീം അനുസരിച്ചുള്ള തുക നൽകുന്നതായിരിക്കും.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എൽ.ഡി.എഫ്. സർക്കാരിന്റെ പ്രകടനപത്രികയിൽ റബ്ബറിന് നൽകുന്ന താങ്ങുവില 250 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. താങ്ങുവില വർദ്ധിപ്പിച്ചാൽ മാത്രമേ കർഷകർക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച തുക കൂടുതൽ ചെലവഴിക്കാൻ കഴിയുകയുള്ളൂ. കർഷകർ വലിയ പ്രതീക്ഷയിലാണ്. കർഷകരുടെ പ്രതീക്ഷ തകർത്താണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ആയതിനാൽ പ്രകടനപത്രികയിൽ പറഞ്ഞ താങ്ങുവില ഗവൺമെന്റ് വർദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ റബ്ബറിന്റെ താങ്ങുവില വർദ്ധനവ് സംബന്ധിച്ചുള്ള ഒരു ഭാഗം മാത്രമാണ് അങ്ങ് പറഞ്ഞത്. റബ്ബറിന്റെ വില 170 രൂപയിൽനിന്ന് 250 രൂപയായി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾതന്നെ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായംകൂടി ആവശ്യമാണെന്നും പറയുന്നുണ്ട്. റബ്ബറിന്റെ താങ്ങുവിലയിൽ 80 രൂപയുടെ വർദ്ധനവിലേയ്ക്ക് എത്തുന്നതിന് കേന്ദ്രത്തിന്റെ സഹായംകൂടി ആവശ്യമാണെന്നും അതിനനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതായിരിക്കുമെന്നും പ്രകടന പത്രികയിൽ പറയുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായംകൂടി ലഭ്യമാക്കണമെന്ന് നിരവധി തവണ പ്രകടനപത്രികയിൽതന്നെ പറയുന്നുണ്ട്. എല്ലാവർക്കും അറിയാവുന്നതുപോലെ, കേന്ദ്രത്തിന്റെ ഇറക്കുമതി നയങ്ങൾ ഇതിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് കേന്ദ്ര സർക്കാരിന് ലഭിക്കുന്ന ഇറക്കുമതി ചുങ്കത്തിൽനിന്ന് സംസ്ഥാനങ്ങളുടെ ഉല്പാദനം കണക്കാക്കി ആനുപാതികമായി വിലസ്ഥിരതാ ഫണ്ടിലേയ്ക്ക് തുക ലഭ്യമാക്കണമെന്നുകൂടി

കേന്ദ്രത്തോട് ആവശ്യപ്പെടുകയാണ്. ഇക്കാര്യത്തിൽ എല്ലാവർക്കും യോജിച്ചുനിന്ന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അത്തരത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് താങ്ങുവില വർദ്ധിപ്പിക്കാവുന്നതേയുള്ളൂ. കേന്ദ്രം ഒരു തരത്തിലും സഹായിക്കാതിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി താങ്ങുവില വർദ്ധിപ്പിക്കാൻ കഴിയില്ലായെന്നതാണ് യാഥാർത്ഥ്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇന്നത്തെ ദീപികാ ദിനപത്രത്തിലെ ലീഡർ പേജിലുള്ള ആർട്ടിക്കിളിൽ 230 രൂപയാണ് ഒരു കിലോ റബ്ബറിന്റെ ഉല്പാദന ചെലവെന്ന് പറയുന്നുണ്ട്. എന്നാൽ അതിനായി കർഷകർക്ക് കൊടുക്കുന്നത് 180 രൂപയിൽ താഴെ മാത്രമാണ്. ഒരു കിലോ റബ്ബറിന് 80 രൂപയുടെ വ്യത്യാസം വരികയാണ്. ഇന്ത്യയിലെ സ്വാഭാവിക റബ്ബറിന്റെ 75 ശതമാനവും ഉല്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. ബജറ്റിൽ 500 കോടി രൂപ വിലസ്ഥിരതാ ഫണ്ടിനായി മാറ്റിവച്ചിട്ടുണ്ട്. അങ്ങയുടെ കണക്കനുസരിച്ച് 469 കോടി രൂപയും കൊടുത്തിട്ടില്ല. 31 കോടി രൂപയാണ് കൊടുത്തിട്ടുള്ളത്. ബജറ്റിൽ വിലസ്ഥിരതാ ഫണ്ടിനുവേണ്ടി മാറ്റിവച്ചിട്ടുള്ള തുക നൽകാൻ ശ്രമിക്കുമോ; റബ്ബർ കർഷകരുടെ ഇന്നത്തെ

ശോച്യാവസ്ഥയും വേദനയും ദുഃഖവും മനസ്സിലാക്കി കൂടുതൽ തുക അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനങ്ങളാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ടുതന്നെയാണ് റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിലുൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത സ്കീം പ്രഖ്യാപിച്ച കാലം മുതൽ ഇതിനായി പ്രത്യേകമായൊരു രീതി അവലംബിച്ചുവരുന്നുണ്ട്. കൂടുതൽ അപേക്ഷകൾ വരുന്നതിനനുസരിച്ച് പണം നൽകുന്നതിനുവേണ്ടി തുക നീക്കിവയ്ക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിനനുസൃതമായി 170 രൂപ എന്നത് കുറയുന്ന സാഹചര്യമുണ്ടാകുമ്പോൾ അതിനനുസരിച്ചുള്ള പണം നൽകിക്കൊണ്ടിരിക്കുകയാണ്. വിപണിവില വീണ്ടും കുറയുന്നതിനനുസരിച്ച് ഇതിനായി കൂടുതൽ തുക നീക്കിവയ്ക്കേണ്ടി വരും. സംസ്ഥാനത്ത് റബർ വിലസ്ഥിരതാ ഫണ്ട് ലഭ്യമാക്കുന്നതിനായി ആയിരത്തോളം അപേക്ഷകൾ

സമർപ്പിച്ചിട്ടുണ്ടെന്ന് ചോദ്യത്തിൽ പറയുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ നിലവിൽ റബ്ബറിന് വില കുറഞ്ഞുനിൽക്കുന്ന സാഹചര്യത്തിൽ കൂടുതൽ അപേക്ഷകൾ വരുമെന്നുള്ളത് യാഥാർത്ഥ്യമാണ്. 16-02-2023 വരെയുള്ള അപേക്ഷയിന്മേലുള്ള പണം കൊടുത്ത കണക്കുകളാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. റബ്ബർ ബോർഡിൽനിന്നും 16-2-2023 വരെ സർക്കാരിലേയ്ക്ക് ലഭിച്ച ബില്ലുകളുടെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. സർക്കാരിലേയ്ക്ക് അപേക്ഷകളല്ല, ബില്ലുകളാണ് വരുന്നത്. 2023 ഫെബ്രുവരി 16-നുശേഷം മാർച്ച് അവസാനം വരെ റബ്ബർ ബോർഡിൽനിന്ന് വരാനിരിക്കുന്ന ബില്ലുകളുടെ കണക്കെടുക്കുമ്പോൾ, കർഷകർ ഈ സമയത്ത് റബ്ബർ വിൽപ്പന നടത്തുന്നതിന്റെ ബില്ലുകൾ കൊടുക്കുന്നതിനനുസരിച്ചുള്ള ക്ലെയിമിനാവശ്യമായ ഫണ്ട് കൂടുതലായി വേണ്ടിവരും. അതെല്ലാം സർക്കാർ കൊടുക്കുന്നതായിരിക്കും. ബാക്കിയുള്ള കാര്യങ്ങൾ പിന്നീട് പരിശോധിക്കുന്നതാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രകടന പത്രികയിൽ ഏറ്റവും സുപ്രധാനമായ വാഗ്ദാനം റബ്ബറിന്റെ അടിസ്ഥാനവില 250 രൂപയാക്കുമെന്നുള്ളതായിരുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അതിനെക്കുറിച്ച് ആലോചിക്കുന്ന കാര്യത്തെക്കുറിച്ചുപോലും പറഞ്ഞിട്ടില്ല. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ അവസാനകാലത്താണ് റബ്ബറിന്റെ വില 150 രൂപയിൽനിന്നും തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പ് 170 രൂപയായി വർദ്ധിപ്പിച്ചത്. അത് തികച്ചും വഞ്ചനയാണ്. ഈ സാഹചര്യത്തിൽ കർഷകർ കൊടുത്ത ബില്ലുകൾ പോലും കഴിഞ്ഞ ആറ് മാസക്കാലമായി പെന്റിംഗിലാണ്. കർഷകരുടെ കുടിശ്ശിക തീർക്കാനുള്ള നടപടി സ്വീകരിക്കുമോ; റബ്ബർ സംഭരിക്കുമ്പോൾതന്നെ കർഷകർക്ക് അതിനുള്ള വില നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, അദ്ദേഹം മൂന്ന് കാര്യങ്ങൾ ചോദിച്ചു. റബ്ബറിന് നൽകുന്ന താങ്ങുവില 150 രൂപയിൽനിന്ന് 170 രൂപയാക്കുമെന്ന് പറഞ്ഞത് നടപ്പിലാക്കിയിട്ടുണ്ട്. 170 രൂപയല്ല, അതിനപ്പുറത്തേയ്ക്ക് താങ്ങുവില വർദ്ധിപ്പിക്കണമെന്ന് സർക്കാരിനും ആഗ്രഹമുണ്ട്. പക്ഷെ, അതിന് കേന്ദ്ര സർക്കാരിന്റെ സഹായംകൂടി ആവശ്യമാണ്. കേന്ദ്രത്തിന്റെ ഇറക്കുമതി നയംമൂലം കേന്ദ്രത്തിന് ഇറക്കുമതി ചുങ്കത്തിൽ ലഭിക്കുന്ന തുകയുടെ ഒരു വിഹിതംപോലും കേരളത്തിന് നൽകാൻ കഴിയുന്നില്ലെന്ന കാര്യം നമ്മളെല്ലാവരും ഒന്നിച്ചുനിന്ന് പറയേണ്ടതല്ലേ; അക്കാര്യത്തിൽ ഗൗരവതരമായ ഇടപെടലുകൾ എല്ലാവരും ഒന്നിച്ചുചേർന്ന്

നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അത് കേരളത്തിന്റെ പൊതുവികാരമായി ഉയർന്നിട്ടുണ്ട്. കർഷകർക്ക് നൽകാനുള്ള കുടിശ്ശിക ആറുമാസത്തിലധികമായി പെന്റിംഗിലാണെന്നാണ് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം. ആ കണക്ക് എവിടെ നിന്നാണ് അദ്ദേഹത്തിന് ലഭിച്ചതെന്ന് എനിക്കറിയില്ല. റബ്ബർ കർഷകൻ മാർക്കറ്റിൽ അംഗീകൃത ഡീലർമാർക്ക് റബ്ബർ കൊടുത്താൽ അതിന്റെ ബിൽ അദ്ദേഹം അംഗമായിരിക്കുന്ന റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയിൽ സമർപ്പിക്കുമ്പോൾ റബ്ബർ ബോർഡിലെ ഉദ്യോഗസ്ഥരാണ് പരിശോധിക്കുന്നത്. റബ്ബർ ബോർഡ് സർട്ടിഫൈ ചെയ്ത ആളുകളായിരിക്കണം കർഷകർ. ബിൽ റബ്ബർ ബോർഡിലെ ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്തശേഷം റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റിയാണ് എൻ.ഐ.സി.-യുടെ സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നത്. അങ്ങനെ അപ്‌ലോഡ് ചെയ്യുന്ന ബിൽ ധനകാര്യ വകുപ്പ് പരിശോധിച്ചശേഷം അതിന്റെ പണം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് കൊടുക്കും. 16-02-2023 വരെ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുള്ള മുഴുവൻ ബില്ലിന്റെയും തുക നൽകികഴിഞ്ഞിരിക്കുകയാണ്. ആറ് മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ടെന്നുള്ളത് എവിടെയെങ്കിലും വന്ന വാർത്തയായിരിക്കും.

അങ്ങത് വിശ്വസിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അക്കാര്യത്തിൽ കൃത്യമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ടെന്ന കാര്യംകൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, റബ്ബർ കർഷകർ കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. റബ്ബർ മരങ്ങൾ വെട്ടിക്കളയുന്ന സ്ഥിതിയിലേയ്ക്കാണ് ഇപ്പോൾ കർഷകർ പൊയ്ക്കൊണ്ടിരിക്കുന്നത്. റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണിയിലെത്തിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ സ്വന്തമായി കേരള റബ്ബർ കമ്പനി ലിമിറ്റഡ് എന്നൊരു സ്ഥാപനം രൂപീകരിക്കുകയും അതിനനുസരിച്ചുള്ള നടപടികളിലേയ്ക്ക് നീങ്ങുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ റബ്ബറിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നമ്മുടെ നാട്ടിൽത്തന്നെ ഉല്പാദിപ്പിച്ച് റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതിക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. അത് മുന്നോട്ടുകൊണ്ടുപോകുകതന്നെ ചെയ്യും. അത് കർഷകർക്ക് ഏറ്റവും സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല.

## ലൈസൻസ് റദ്ദാക്കപ്പെട്ടവരും കുട്ടികളും വാഹനങ്ങൾ ഓടിക്കുന്നത് തടയാൻ നടപടി

5(*275) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങളോടിക്കുന്നത് കർശനമായി നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേയ്ക്കായി രക്ഷകർത്താക്കൾ, സ്കൂളധികൃതർ, അദ്ധ്യാപകർ എന്നിവരെയുൾപ്പെടുത്തി സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനങ്ങളോടിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, (എ) സംസ്ഥാനത്ത് ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത

കുട്ടികളും വാഹനങ്ങളോടിക്കുന്നത് നിരീക്ഷിക്കുന്നതിന് സ്കൂൾ പരിസരങ്ങളിൽ രാവിലെയും വൈകുന്നേരവും പ്രത്യേക സ്ക്വാഡിനെ നിയോഗിക്കുകയും മറ്റ് പ്രദേശങ്ങളിൽ ഊർജ്ജിതമായ ചെക്കിംഗ് നടത്തുന്നതിന് ഓരോ ജില്ലയിലെ എൻഫോഴ്സ്മെന്റ് വിഭാഗം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാലുടൻ കർശന നടപടികൾ കൈക്കൊള്ളാറുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യം ആവർത്തിച്ചാൽ ഡ്രൈവിംഗ് ലൈസൻസുള്ളവരുടെ ലൈസൻസ് എന്നന്നേയ്ക്കുമായി റദ്ദ് ചെയ്യുന്നതിനുവേണ്ടി ലൈസൻസ് അയോഗ്യത കൽപ്പിച്ചവരുടെ അയോഗ്യത സംബന്ധിച്ച വിവരങ്ങൾ വാഹൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുകയും അതത് ലൈസൻസിംഗ് അതോറിറ്റിയെ നേരിട്ട് അറിയിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇതിലേയ്ക്കായി രക്ഷകർത്താക്കൾ, സ്കൂളധികൃതർ, അദ്ധ്യാപകർ എന്നിവരെയുൾപ്പെടുത്തി സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ ഓൺലൈനായും നേരിട്ടും നടത്തുന്നുണ്ട്. എല്ലാ ജില്ലയിലും സ്കൂൾ-കോളേജ്

തലത്തിലുള്ള കുട്ടികളെയുൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുകയും എല്ലാ കൊല്ലവും റോഡ് സുരക്ഷാ വാരാഘോഷം നടത്തുകയും ചെയ്യാറുണ്ട്. ഇതിനായി NSS, Red Cross, Scout & Guides, NCC, SPC മുതലായ സന്നദ്ധ സംഘടനകളുടെ സഹകരണം ഫലപ്രദമായി വിനിയോഗിച്ചുവരുന്നുണ്ട്.

(സി) ലൈസൻസ് റദ്ദാക്കപ്പെട്ടവരും പ്രായപൂർത്തിയാകാത്ത കുട്ടികളും വാഹനമോടിക്കുന്നത് ചെക്കിംഗ് സമയത്ത് പ്രത്യേകം പരിശോധിക്കുന്നുണ്ട്. ഇതിനായി ഉദ്യോഗസ്ഥരെ മഫ്തിയിലും നിയമിച്ചുവരുന്നുണ്ട്. ഇത്തരത്തിലുള്ള വ്യക്തികൾ വാഹനങ്ങളോടിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ലൈസൻസ് റദ്ദാക്കപ്പെട്ടവരുടെ കാര്യത്തിൽ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 180, 181 പ്രകാരവും പ്രായപൂർത്തിയാകാത്ത കുട്ടികളുടെ കാര്യത്തിൽ സെക്ഷൻ 199A പ്രകാരവും നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. ടി. ജെ. വിനോദ്: സർ, ഭാവി തലമുറയെ റോഡ് സുരക്ഷാ നിയമങ്ങൾ പഠിപ്പിച്ചെടുക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്. റോഡ് സുരക്ഷാ ക്ലബുകളുടെ പ്രവർത്തനങ്ങൾ ജില്ലാ റോഡ്

സുരക്ഷാ കൗൺസിൽ യോഗങ്ങളിൽ വിലയിരുത്താറുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കണം. റോഡ് സുരക്ഷാ ക്ലബ്ബുകളിൽ അംഗങ്ങളായ കുട്ടികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്. അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്. അത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനം കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ലൈസൻസ് സസ്പെന്റ് ചെയ്യപ്പെട്ടവർ ഏതെങ്കിലും സർക്കാർ ആശുപത്രിയിലെ പാലിയേറ്റീവ് കെയറിൽ ഒരാഴ്ച രോഗികളെ പരിപാലിക്കണമെന്ന് നിയമമുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അത് എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; അത് കർശനമായി നടപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ആന്റണി രാജു</u>: സർ, മോട്ടാർ വാഹന നിയമത്തിലെ സെക്ഷൻ 200 അനുസരിച്ച് ലൈസൻസ് സസ്പെന്റ് ചെയ്യപ്പെട്ടവർ നിർബന്ധിത കമ്മ്യൂണിറ്റി സർവ്വീസ് നടത്തണമെന്ന് വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് ലൈസൻസ് സസ്പെൻഷൻ നടത്തി കാലാവധി കഴിഞ്ഞ് ലൈസൻസ്

സാധൂകരിക്കുന്നതിനുമുമ്പ് സാമൂഹിക സേവനം ഇപ്പോൾ നിർബന്ധിതമാക്കി വരികയാണ്. ഈയടുത്തകാലത്ത് ഏതാണ്ട് നാൽപ്പതോളം പേർക്ക് ട്രെയിനിംഗ് നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ മാത്രമെ ലൈസൻസ് പുതുക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ അവർ ട്രെയിനിംഗിലാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ....ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

10.00 A.M.]

## II. പ്രമേയം

കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, " 2023 ഫെബ്രുവരി 6-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 9-ാമത് റിപ്പോർട്ടിൽ ഭാഗികമായ ഭേദഗതി വരുത്തിക്കൊണ്ട് 2023 മാർച്ച് 8-ാം തീയതി ബുധനാഴ്ചയിലെ സഭാ സമ്മേളനം ഒഴിവാക്കാനും അന്നേ ദിവസം സഭ പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥനകൾ മാർച്ച് 21 ചൊവ്വ, 22 ബുധൻ എന്നീ തീയതികളിൽ പരിഗണിക്കാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

10.01 A.M.]

## III. പ്രത്യേക പരാമർശം

സഭാനടപടികൾ തെറ്റായി വ്യാഖ്യാനിക്കൽ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... നിയമസഭാ സമ്മേളനം സംബന്ധിച്ച് വിവിധ മാധ്യമങ്ങളിൽ വന്ന വാർത്തകളുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ചെയർ ആഗ്രഹിക്കുകയാണ്. സഭാനടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചെയർ എടുക്കുന്ന തീരുമാനങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പത്രവാർത്തകളും കഴിഞ്ഞ ദിവസങ്ങളിൽ ഉയർന്നുവന്നിട്ടുള്ളതായി ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് ചെയറിന് പറയാനുള്ളത്, സഭാസമ്മേളനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അതത് ദിവസത്തെ കാര്യപരിപാടികളും മറ്റ് ബിസിനസ്സുകളും തീരുമാനിക്കുന്നതും നടപ്പാക്കുന്നതും ഭരണഘടനയിലെയും സഭയുടെ നടപടിചട്ടങ്ങളിലെയും ബന്ധപ്പെട്ട വ്യവസ്ഥകളും സഭയുടെ കീഴ്വഴക്കങ്ങളും പാലിച്ചുകൊണ്ടുമാത്രമാണ് എന്നുള്ളതാണ്. ഓരോ കാര്യങ്ങളും തീരുമാനിക്കുമ്പോഴും ചെയർ അത്തരം വ്യവസ്ഥകൾക്ക്

മാത്രമാണ് പ്രാമുഖ്യം നൽകുന്നത്. മറ്റൊന്നുംതന്നെ ചെയറിനെ സ്വാധീനിക്കുന്നില്ലെന്ന കാര്യം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്. വസ്തുതാപരമല്ലാത്ത തരത്തിൽ ഇക്കാര്യങ്ങളെ വ്യാഖ്യാനിക്കുന്നത് അങ്ങേയറ്റം ഖേദകരമാണെന്നും ഇത് പാർലമെന്ററി മര്യാദയുടെ ലംഘനമാണെന്നും അറിയിക്കട്ടെ. അതോടൊപ്പം സഭയിൽ ഉന്നയിക്കപ്പെടുന്നതിനുള്ള റൂൾ 50 നോട്ടീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിലെ വിശദാംശം സഭയിൽ ഉന്നയിക്കപ്പെടുന്നതിന് മുമ്പുതന്നെ വാർത്താമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന പ്രവണതയും വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇത്തരം നടപടികളും പാർലമെന്ററി മര്യാദകൾക്ക് വിരുദ്ധമാണെന്ന് അറിയിക്കുന്നു.

10.03 A.M.]

## IV. **അടിയന്തരപ്രമേയ നോട്ടീസ്**

<u>മി. സ്പീക്കർ:</u> ഇന്നത്തെ റൂൾ 50 പ്രകാരമുള്ള അടിയന്തരപ്രമേയ നോട്ടീസ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പൂർണ്ണവേതനം നൽകാത്തത് സംബന്ധിച്ചാണ്. ഇന്നത്തെ ചോദ്യോത്തരവേളയിൽ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 272 ആയി ഇക്കാര്യം സഭയിൽ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും അതുസംബന്ധിച്ച നാനാവശങ്ങൾ

വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. മാത്രമല്ല, ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് ഈ മാസം 6-ാം തീയതി അന്തിമവിധിക്കായി പോസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ചട്ടം 52(7)-ൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നൽകാൻ കഴിയില്ലെന്ന് അറിയിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇതുസംബന്ധിച്ച് ഇതിനുമുമ്പ് സഭയിൽ ഒരുപാട് ചർച്ചകൾ നടന്നിട്ടുണ്ട്. 2016 ഒക്ടോബർ 20-ാം തീയതി അടിയന്തരപ്രമേയാവതരണത്തിനുമുമ്പ് ശ്രദ്ധക്ഷണിക്കലായി ലിസ്റ്റ് ചെയ്ത അതേ വിഷയംതന്നെ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നത് ശരിയായ കീഴ്വഴക്കമല്ലെന്ന് അന്നത്തെ പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ ഉന്നയിച്ചു. അതിന് ബഹുമാനപ്പെട്ട സ്പീക്കർ സഭയിൽ നൽകിയ റൂളിംഗുണ്ട്. ചട്ടം 50 പ്രകാരം അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ടുള്ള നോട്ടീസ് നൽകാൻ പ്രതിപക്ഷത്തിനുള്ള അവസരം അന്നേ ദിവസം രാവിലെ മാത്രമേ ലഭിക്കുകയുള്ളൂ. സുപ്രധാന വിഷയങ്ങളെ സംബന്ധിച്ച് ലിസ്റ്റ് ചെയ്യപ്പെട്ട

കാര്യങ്ങൾ കാര്യപരിപാടിയിൽ വന്നിട്ടുണ്ടെങ്കിൽപ്പോലും ചട്ടം 50 പ്രകാരമുള്ള നോട്ടീസുണ്ടെങ്കിൽ ആയതിന് മുൻഗണന നൽകിയിട്ടുള്ള കീഴ്വഴക്കമാണ് സഭയിലുണ്ടായിട്ടുള്ളത്. ആയതിനാൽ ചട്ടം 50 പ്രകാരം ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയ നോട്ടീസിന് പരിഗണന നൽകുന്നതിൽ അപാകതയുള്ളതായി ചെയർ കരുതുന്നില്ല.

മറ്റൊരു റൂളിംഗുമുണ്ട്. ചോദ്യങ്ങൾ സർക്കാരിൽനിന്നും വിവരം തേടുക മാത്രമാണ്. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതിന്റെ പ്രാധാന്യമാണ് റൂൾ 50 നോട്ടീസിലൂടെ ഉന്നയിക്കുന്നത്. അതായത്, ചോദ്യമുണ്ടെങ്കിലോ കാര്യവിവരപ്പട്ടികയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയമുണ്ടെങ്കിലോ അതിനൊന്നുമല്ല പ്രാധാന്യം നൽകേണ്ടത്. ബഹുമാനപ്പെട്ട എം. വിജയകുമാർ സ്പീക്കറായിരുന്നപ്പോൾ പറഞ്ഞ പ്രധാനപ്പെട്ട വിഷയം, ഒരേ വിഷയത്തിൽ രണ്ട് നോട്ടീസുകൾ ഒരു ദിവസം വന്നാൽ അവ കൈകാര്യം ചെയ്യുന്നതിന് ഒരു നടപടിക്രമം വേണമെന്നാണ്.

രണ്ടാമത്തെ തവണയാണ് ഇങ്ങനെ വരുന്നത്, ഭാവിയിലും വന്നേക്കാം. അടിയന്തരപ്രമേയം വരുമ്പോൾ അതിനാണ് കൂടുതൽ പ്രാധാന്യം വരികയെന്നുള്ളതാണ് റൂളിംഗിലുള്ളത്.

റൂൾ 50 പ്രകാരം അടിയന്തരപ്രമേയ നോട്ടീസ് കൊടുക്കുന്നത് പ്രതിപക്ഷത്തിന്റെ അവകാശമാണ്. ഇന്നലെ അങ്ങ് ഒരു കാരണവുമില്ലാതെ, ഒരു റൂളും ക്വാട്ട് ചെയ്യാതെ, ഒരു അടിസ്ഥാനവുമില്ലാതെ പ്രതിപക്ഷത്തിന്റെ അവസരം നിഷേധിച്ചതിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. തുടർച്ചയായി രണ്ടാമത്തെ ദിവസവും ചെയർ ഇതുതന്നെ ആവർത്തിക്കുകയാണ്. ഞങ്ങളുടെ അവകാശങ്ങളുടെമേൽ കൈകടത്തുന്ന സഭാനടപടികളുമായി സഹകരിച്ചുപോകാൻ ഒരു നിവൃത്തിയുമില്ല. ഇത് പ്രതിപക്ഷത്തിന്റെ അവകാശമാണ്, ആ അവകാശത്തെ സർക്കാർ ഭയപ്പെടുന്നുണ്ട്. ഇത് കേരളത്തിന്റെ നിയമസഭയാണ്, സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റിയല്ല. സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റിയിൽ നിങ്ങൾക്ക് ഇഷ്ടമുള്ള തീരുമാനങ്ങളെടുക്കാം. (......ബഹളം......) ഇത് സംസ്ഥാന നിയമസഭയാണ്. സംസ്ഥാന നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അവകാശങ്ങളെ ഹനിക്കുന്നത് ഒരു കാരണവശാലും അനുവദിക്കുന്നതല്ല. (......ബഹളം......)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ.., (.....ബഹളം.....) ഞാൻ പൂർത്തിയാക്കട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തിന് ഞാൻ മറുപടി പറയട്ടെ. പ്രതിപക്ഷ നേതാവ്

സഭയെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. ഇന്നലെ റൂൾ 50 പ്രകാരമുള്ള നോട്ടീസ് deny ചെയ്തപ്പോൾ റൂൾ ക്വാട്ട് ചെയ്തില്ലെന്ന അങ്ങയുടെ പരാമർശം തെറ്റാണ്. റൂൾ 52(3) വളരെ വ്യക്തമായി ഞാൻ മെൻഷൻ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ മാധ്യമങ്ങളോടുൾപ്പെടെ പറഞ്ഞത് ഏത് ചട്ടപ്രകാരമാണ് റൂൾ 50 deny ചെയ്തതെന്ന് പറഞ്ഞിട്ടില്ലെന്നാണ്. അത് തെറ്റാണ്. ഞാൻ റൂൾ 52(3) ക്വാട്ട് ചെയ്തിരുന്നു, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് കേൾക്കാത്തതുകൊണ്ടാണ്. അങ്ങയെപ്പോലെ ഒരു മുതിർന്ന സാമാജികൻ മാധ്യമങ്ങളിലൂടെ കാര്യങ്ങൾ പറയുമ്പോൾ കുറച്ചുകൂടി വസ്തുതകൾ പരിശോധിക്കണമെന്നായിരുന്നു ചെയറിന്റെ അഭിപ്രായം (......ബഹളം.....) വളരെ കൃത്യമായി 52(3) എന്ന ഭാഗം ഞാൻ ഇന്നലെ പരാമർശിച്ചിരുന്നു.(......ബഹളം.....) അത് അങ്ങയെപ്പോലൊരാൾ മാധ്യമങ്ങൾക്കുമുന്നിൽ പറഞ്ഞ രീതി ശരിയായില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പറഞ്ഞത് ശരിയാണോയെന്നത് (......ബഹളം.....) ഇന്നലെ അങ്ങ് ചെയ്തത് കൃത്യമായ നീതിനിഷേധമാണ്. (......ബഹളം.....)

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ

ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറയാനുള്ളത്, ഫ്ലോർ ഓർഡറാക്കാതിരിക്കുന്നത് ശരിയല്ല എന്നാണ്. പ്രതിപക്ഷനേതാവിന് ചെയറിനോട് സംസാരിക്കാം. പക്ഷേ പ്രതിപക്ഷാംഗങ്ങളോട് സീറ്റിലേയ്ക്ക് പോകാൻ പറയണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ നടക്കുന്നത് പൂർണ്ണമായ നീതി നിഷേധമാണ്. ആദ്യത്തെ രണ്ടുദിവസം സഭയിലുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് മൂന്നാമത്തെ ദിവസവും നാലാമത്തെ ദിവസവും തുടർച്ചയായി അടിയന്തരപ്രമേയങ്ങളിലുയരുന്ന ചോദ്യങ്ങളിൽനിന്ന് ഓടിയൊളിക്കാൻ സർക്കാർ ശ്രമിക്കുന്നതിന് ചെയർ കൂട്ടുനിൽക്കുന്നത് ശരിയല്ല. ഞങ്ങളുടെ അവകാശംകൂടി സംരക്ഷിക്കേണ്ട ബഹുമാനപ്പെട്ട ചെയർ, അതിന് കൂട്ടുനിൽക്കുന്നത് ശരിയല്ല. റൂൾ 50 പ്രതിപക്ഷത്തിന്റെ അവകാശമാണ്. ഒരു ചോദ്യം ഈ സഭയിൽ വന്നാൽ റൂൾ 50-ഉം ആയി എന്ത് ബന്ധമാണുള്ളത്? അങ്ങയുടെ റൂളിംഗിനെ ഞാൻ തള്ളിപ്പറയാൻ പാടില്ല. പക്ഷേ അങ്ങയുടെ റൂളിംഗിന്റെ സാധുത പരിശോധിക്കണം. ഒരു ചോദ്യം വന്നാൽ റൂൾ 50 പ്രകാരമുള്ള നോട്ടീസ് പാടില്ലെന്ന് പറയുന്നതിന്റെ അടിസ്ഥാനമെന്താണ്?

മി. സ്പീക്കർ: ഞാൻ deny ചെയ്യുമ്പോൾ....., യെസ്.....യെസ്..., ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഒരുകാര്യം.

ശ്രീ. വി. ഡി. സതീശൻ: Sir, let me complete.

മി. സ്പീക്കർ: യെസ്...., യെസ്..., you complete.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങേയ്ക്കുമുമ്പ് ഈ കസേരയിൽ ഇരുന്ന പരിണതപ്രജ്ഞരായ വ്യക്തികൾ നൽകിയ ഏറ്റവും പ്രധാനപ്പെട്ട റൂളിംഗുകളാണ്. ശ്രദ്ധക്ഷണിക്കൽ പ്രമേയം വന്നാലും ചോദ്യോത്തരം വന്നാലും പ്രശ്നമില്ല, റൂൾ 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസിനാണ് പ്രാധാന്യം നൽകേണ്ടത്. ചോദ്യം ചോദിക്കുന്നത് വിവരശേഖരണത്തിനുവേണ്ടിയാണ്. അങ്ങനെയൊരു ചർച്ചയാണോ റൂൾ 50 പ്രകാരമുള്ള അടിയന്തരപ്രമേയ നോട്ടീസുമായി ബന്ധപ്പെട്ട് നടക്കുന്നത്? തുടർച്ചയായി എല്ലാ ദിവസവും ഓരോ കാരണം പറഞ്ഞ് റൂൾ 50 നിഷേധിക്കുകയാണ്.

മി. സ്പീക്കർ: അടിയന്തരപ്രമേയ നോട്ടീസ് deny ചെയ്തത് ചോദ്യം വന്നതുകൊണ്ടല്ല. റൂൾ 52(7) പ്രകാരമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് ഉന്നയിച്ച അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട വിഷയം കോടതിയുടെ മുമ്പിൽ അന്തിമവാദത്തിനുവേണ്ടി വരികയാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ നോട്ടീസ് അനുവദിക്കാൻ പറ്റില്ലെന്നുള്ളതാണ്. My stand is very clear, റൂൾ 52(7) പ്രകാരമാണ് ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസ് deny ചെയ്യുന്നത്. അതോടൊപ്പം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെപോലെ വളരെ മുതിർന്ന ഒരു നിയമസഭാ സാമാജികൻ ഇന്നലെ അടിയന്തരപ്രമേയം deny ചെയ്തതിനെക്കുറിച്ച് പ്രസ്സ് ഫോറത്തിൽ പറഞ്ഞ കാര്യങ്ങളിൽ റൂൾ ക്വാട്ട് ചെയ്തില്ലെന്ന് പറഞ്ഞത് തെറ്റാണ്. ചെയർ വളരെ വ്യക്തമായി 52(3) പ്രകാരമാണ് ഇന്നലത്തെ അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതെന്ന കാര്യം പറഞ്ഞിരുന്നു. പക്ഷെ അങ്ങയെപ്പോലെ പരിണതപ്രജ്ഞനായ ഒരു നിയമസഭാ സാമാജികൻ, ചെയറിനെപ്പോലെയുള്ളവർ സഭയിൽ ആദ്യം വന്നപ്പോൾ ക്ലാസ് നൽകിയ അങ്ങയെപ്പോലുള്ള ഒരാൾ ഇന്നലെ മീഡിയയിൽ പറഞ്ഞത് ശരിയായില്ലെന്നുള്ള കാര്യം അറിയിക്കുകയാണ്. (.....ബഹളം.....)

10.09 A.M.]

## V. ശ്രദ്ധ ക്ഷണിക്കൽ

### (1) കുടിവെള്ള ലഭ്യത ഉറപ്പുവരുത്തൽ

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. (....ബഹളം.....) എന്നെ പറയാൻ അനുവദിക്കണം. കാലാവസ്ഥാ വ്യതിയാനവും മറ്റ് പല കാരണങ്ങൾമൂലവും ലോകത്തും ഇന്ത്യയിലും വേനൽ കടുത്തുവരുന്ന സാഹചര്യമാണുള്ളത്. ഏറ്റവും ചൂടുള്ള മാസമായി ഫെബ്രുവരി മാറിയിരിക്കുകയാണ്. ഫെബ്രുവരി മാസത്തെ സാധാരണ ചൂട് 27.8 ഡിഗ്രി സെൽഷ്യസ് ആയിരിക്കേണ്ട സമയത്ത് ഇപ്പോൾ 29.5 ഡിഗ്രി സെൽഷ്യസിൽ എത്തിയിരിക്കുകയാണ്. സാധാരണഗതിയിൽനിന്ന് 3.4 ഡിഗ്രി സെൽഷ്യസ് ചൂട് കൂടുതലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ പൊതുവെ വേനൽ കടുത്തുവരികയാണ്. കുടിവെള്ളം ലഭിക്കാത്ത പ്രയാസങ്ങൾ പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയിരിക്കുകയാണ്. നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പൈപ്പ് പൊട്ടി വെള്ളം പാഴാകുന്നത് ഒഴിവാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ജൽജീവൻ

മിഷൻ, അമൃത് എന്നീ പദ്ധതികൾവഴി എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഗവൺമെന്റ് ഇപ്പോൾ ഇടപെട്ടുവരികയാണ്. കുടിവെള്ള സ്രോതസ്സുകളെക്കുറിച്ച് കൃത്യമായ പഠനംവേണമെന്നുകൂടി ആവശ്യപ്പെടുകയാണ്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ വേനൽ കടുക്കുമെന്നാണ് റിപ്പോർട്ട് വരുന്നത്. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകാതിരിക്കാൻ കൃത്യമായ നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്. ഡാമുകളിലും റിസർവ്വോയറുകളിലും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തേണ്ടതുണ്ട്. പൈപ്പ് പൊട്ടൽ മുഖാന്തരം ജല നഷ്ടമുണ്ടാകുകയാണ്. അറ്റകുറ്റപ്പണികൾക്ക് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. കുടിവെള്ളക്ഷാമമുള്ള സ്ഥലങ്ങളിൽ ടാങ്കുകൾ സ്ഥാപിക്കാനും ടാങ്കറുകളിൽ വെള്ളമെത്തിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതായുണ്ട്. കുടിവെള്ളം പാഴാകാതിരിക്കാനുള്ള ബോധവൽക്കരണ ക്യാമ്പയിൻ ഇതോടൊപ്പം സംഘടിപ്പിക്കണം. വാട്ടർ റീയൂസ് പ്രോത്സാഹിപ്പിക്കുകയും ഈ വെള്ളം കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം. വേനൽമഴയിലൂടെ ലഭിക്കുന്ന വെള്ളം പരമാവധി ശേഖരിച്ച്

സംരക്ഷിച്ച് ഉപയോഗിക്കുന്നതിനാവശ്യമായ ശ്രമംകൂടി നടത്തണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനവും അതിനോടനുബന്ധിച്ച് മഴയുടെ ലഭ്യതക്കുറവും, പ്രത്യേകിച്ച് വേനൽമഴയുടെ അഭാവവും കുടിവെള്ള വിതരണരംഗത്ത് അടിസ്ഥാനപരമായ വെല്ലുവിളി ഉയർത്തുന്നുണ്ട്. വരൾച്ചയുടെ കാഠിന്യം വർദ്ധിക്കുന്നതിനനുസരിച്ച് കിണർ, കുളം തുടങ്ങിയ സ്വകാര്യ ജലസ്രോതസ്സുകൾ വറ്റുകയും ജനങ്ങൾ പൂർണ്ണമായും വാട്ടർ അതോറിറ്റിയെ ആശ്രയിക്കുന്ന സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്യും. ഇത്തരത്തിൽ ഉയർന്ന ആവശ്യകതയ്ക്കനുസരിച്ച് ജലവിതരണം നടത്താൻ ജല അതോറിറ്റി പദ്ധതികളുടെ സ്രോതസ്സിൽ മതിയായ ജല ലഭ്യതയില്ലാതെ വന്നാൽ കടുത്ത ജല പ്രതിസന്ധിയുണ്ടാകാനുള്ള സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ജില്ലകളിലേയും നിലവിലെ സ്ഥിതി വിലയിരുത്തുവാനും സ്രോതസ്സുകളിലെ ജലലഭ്യത, വരൾച്ച പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുള്ള സ്കീമുകളുടെ വിവരങ്ങൾ, വരൾച്ചയുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്ന പ്രശ്നങ്ങൾ, കഴിഞ്ഞ വർഷം ചെയ്ത

പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ വിവരശേഖരണം നടത്തിവരുന്നുണ്ട്. അതിനനുസൃതമായി വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നടപ്പിലാക്കുന്നതിന് ഫീൽഡ്തല ഓഫീസിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

വരൾച്ചയെ നേരിടുന്നതിന് സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പാക്കാൻ ആവശ്യമുള്ള പ്രവൃത്തികൾ, ജലശുദ്ധീകരണശാലകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ, ജലവിതരണ പൈപ്പുകളുടെ ഇന്റർകണക്ഷൻ പ്രവൃത്തികൾ, ആവശ്യത്തിന് ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പമ്പിംഗ് സമയം ദീർഘിപ്പിക്കൽ, ടാങ്കർ ഫില്ലിംഗ് സ്റ്റേഷൻ അറ്റകുറ്റപ്പണികൾ, ജല ലഭ്യതയുടെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, പമ്പുകളുടെയും മോട്ടോറുകളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ, അടിയന്തര അറ്റകുറ്റപ്പണികൾക്കാവശ്യമായ ജോയിന്റുകൾ, ഫിറ്റിംഗുകൾ മുതലായവ വാങ്ങൽ, ജലവിതരണ നിയന്ത്രണത്തിനായി പുതിയ വാൽവുകൾ സ്ഥാപിക്കലും നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തലും, ട്രാൻസ്ഫോർമറുകൾ, പാനൽ ബോർഡുകൾ തുടങ്ങിയ അനുബന്ധ വൈദ്യുതോപകരണങ്ങളുടെ അടിയന്തര അറ്റകുറ്റപ്പണികൾ, വാൽവുകളുടെ അറ്റകുറ്റപ്പണികളും മറ്റ് അടിയന്തര പ്രവൃത്തികളും നടത്തൽ എന്നീ

പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

22-02-2023-ൽ നടത്തിയ അവലോകന യോഗത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ മുൻഗണന നൽകി നടപ്പിലാക്കുവാൻ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

1. പൊതുജനങ്ങളുടെ പരാതികൾ വളരെ അനുഭാവപൂർവ്വം പരിഗണിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സത്വരം കൈക്കൊള്ളണം;

2. വിതരണ ശൃംഖല വഴി കുടിവെള്ളം ലഭ്യമാക്കാൻ തീരെ നിർവ്വാഹമില്ലാത്ത സ്ഥലങ്ങളിൽ മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള നടപടി സ്വീകരിക്കണം;

3. ബ്ലൂ ബ്രിഗേഡ് സംവിധാനം സുശക്തമാക്കുകയും ലീക്കുകൾക്ക് വേഗത്തിൽ തന്നെ പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

അതോടൊപ്പം, ജില്ലയിലെ പ്രാധാന്യമേറിയ പമ്പ് ഹൗസ്സുകളിൽ സ്റ്റാൻഡ് ബൈ പമ്പുകൾ ഉപയോഗപ്രദമായ നിലയിലുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കണം.

ഉപഭോക്താക്കളിൽനിന്ന് ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പരാതി പരിഹാര

സെൽ ഹെഡ് ഓഫീസിൽ രൂപീകരിച്ചിട്ടുണ്ട്. ഈ വിഭാഗം 24x7 മണിക്കൂറും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പൊതുജനങ്ങളുടെ പരാതികൾ എന്നിവ ക്രോഡീകരിക്കുകയും അവ പരിഹരിക്കുന്നതിനായി ഫീൽഡ് ഓഫീസുകളിലേയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്. പ്രസ്തുത കേന്ദ്രത്തിൽ ഫോൺ, വാട്സ് ആപ്പ് എന്നിവ മുഖാന്തരം രേഖപ്പെടുത്തുന്ന പരാതികൾ Aqualoom സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തി മാർച്ച് 15 മുതൽ മേയ് 31 വരെ പ്രത്യേകം നിരീക്ഷിക്കുകയും ഉന്നതതലത്തിൽ അവലോകനം നടത്തുകയും ചെയ്യും. Aqualoom പരിശോധിച്ച് തുടർനടപടികൾ വേഗത്തിൽ കൈക്കൊള്ളാൻ എല്ലാ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. Aqualoom-ൽ രേഖപ്പെടുത്തിയിട്ടുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ ഒരു ജില്ലാതല കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട വാൽവ് ക്രമീകരണങ്ങൾക്ക് ഒരു ഷെഡ്യൂൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും വിവിധ പ്രദേശങ്ങളിൽ ജലം ലഭ്യമാകുന്ന സമയം മുൻകൂട്ടി ജനങ്ങളെ അറിയിക്കുന്നതുമാണ്. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ പ്രായോഗികത പരിശോധിച്ച് ജലവിതരണ ടാങ്കിൽ ജലം പൂർണ്ണമായും

സംഭരിച്ചതിനുശേഷം വിതരണം ചെയ്യാനുള്ള സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നുണ്ട്. ജലത്തിന്റെ ദുരുപയോഗം, മോഷണം എന്നിവ കണ്ടുപിടിക്കാനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ബ്ലൂ ബ്രിഗേഡുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനില്ലാത്ത ധാരാളം സ്ഥലങ്ങളുണ്ട്. അത്തരം സ്ഥലങ്ങളിൽ തദ്ദേശസ്വയഭരണ വകുപ്പും റവന്യൂ വകുപ്പുമായി യോജിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട അവലോകനയോഗങ്ങൾ കൂടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അത്തരം കാര്യങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ ആവശ്യമായിവരും. മുൻ വർഷങ്ങളിൽ ഉണ്ടായതിനേക്കാൾ നേരത്തെ കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യം നിലവിൽവരുന്ന പശ്ചാത്തലത്തിൽ ജോയിന്റ് മീറ്റിംഗുകളും ആവശ്യമായ മറ്റ് നടപടിയും സ്വീകരിക്കാവുന്നതാണ്. അതോടൊപ്പംതന്നെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിന് എല്ലാ ഡിവിഷനുകൾക്കും ആവശ്യമായ തുക

മുൻകൂറായി നൽകാൻ വാട്ടർ അതോറിറ്റിയുടെ ഫിനാൻസ് മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ. സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

10.18 A.M.]

## VI. സബ്മിഷൻ

(1) തുണ്ടുഭൂമികളുടെ തരംമാറ്റൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വളരെ ഗൗരവമുള്ള ഒരു ഭൂ പ്രശ്നമാണ് എനിക്ക് സബ്മിഷനായി ഉന്നയിക്കാനുള്ളത്. 1963-ലെ കേരള ലാൻഡ് റിഫോംസ് ആക്ടിന്റെ സെക്ഷൻ 81(i) പ്രകാരം തോട്ടഭൂമികൾ എക്സംപ്റ്റഡ് ലാൻഡാണ്. അത്തരം ഭൂമികൾ കൈവശം വച്ചിരുന്ന ആളുകളിൽനിന്നും സാമൂഹിക മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായി മാറിയതിന്റെയും മുമ്പ് ഭൂരഹിതരായിരുന്ന ആളുകൾ ചെറിയ തുണ്ട് ഭൂമികളുടെ ഉടമകളായി മാറിയ സാഹചര്യത്തിലും ഭൂമികൾ മുറിച്ചുവിൽക്കപ്പെട്ട സ്ഥിതിയുണ്ട്. മുറിച്ചുവിൽക്കപ്പെട്ട ഭൂമികളുടെ റവന്യൂ അവകാശങ്ങൾ ഒരു നിലയിലും തടസ്സപ്പെടുന്നതല്ലെന്ന 12-12-2022-ലെ നം. LR4013/2022 ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ബി.ടി.ആർ.-ൽ

രേഖപ്പെടുത്തിയിരിക്കുന്ന തോട്ടങ്ങളെല്ലാം 81(i) വകുപ്പിൽ ഈ വിഭാഗത്തിൽ ഒഴിവാക്കിയിട്ടുള്ള തോട്ടങ്ങളല്ലെന്നും 81(i) വകുപ്പിൽ ഈ വിഭാഗത്തിൽ ഒഴിവാക്കിയിട്ടുള്ള ഭൂമികളാണെങ്കിൽത്തന്നെ തരംമാറ്റം പാടില്ലെന്ന് നിയമത്തിൽ വിലക്കിയിട്ടില്ലെന്നും പറയുന്നു. ഭൂപരിധിക്കുള്ളിലുള്ള വ്യക്തി കൈവശം വയ്ക്കുന്ന ഭൂമി അദ്ദേഹത്തിന് യഥേഷ്ടം വിനിയോഗിക്കുന്നതിന് യാതൊരു തടസ്സവും 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ചില ഉദ്യോഗസ്ഥർ ഇക്കാര്യങ്ങൾ അവഗണിച്ചുകൊണ്ട് അത്തരം ഭൂമികൾ കൈവശം വയ്ക്കുന്നവരുടെ റവന്യൂ അവകാശങ്ങൾ നിഷേധിക്കുന്ന സാഹചര്യമുണ്ട്. 1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിലെ 81-ാം വകുപ്പുപ്രകാരം ഭൂമി ഇളവുലഭിച്ച ആവശ്യത്തിനല്ലാതെ തരംമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്നപക്ഷം അപ്രകാരം തരംമാറ്റിയതോ വിൽപ്പന നടത്തിയതോ ആയ ഭൂമി തരം മാറ്റി വിൽപ്പന നടത്തിയ തീയതി മുതൽ പ്രസ്തുത ഭൂമിയും അതിലുള്ള സ്ഥാവരജംഗമ വസ്തുക്കളുമുൾപ്പെടെ സർക്കാരിൽ നിക്ഷിപ്തമാക്കുന്ന തരത്തിൽ 87(a) എന്ന പുതിയ വകുപ്പ് ഉൾപ്പെടുത്തി കേരള ഭൂപരിഷ്കരണ ആക്ട് ഭേദഗതി വരുത്തുന്നതിന് 23-10-2009-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഇതുമായി

ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം...(....മൈക്ക് ഓഫ്.....)

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വളരെ പ്രസക്തമായ വിഷയം സർക്കാർ ഗൗരവത്തിൽ കണക്കിലെടുക്കുന്നുണ്ട്. കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇളവുലഭിച്ച തോട്ടഭൂമിയിൽനിന്ന് മുറിച്ചുവാങ്ങിയ ഭൂമിയുടെ തരം പുരയിടമെന്നാക്കി മാറ്റിനൽകുന്നതിന് നിലവിലെ നിയമപ്രകാരം നിർവ്വാഹമില്ലാത്തതാണ്. എന്നാൽ ഭൂമിയുടെ ഇനം തെറ്റായി തോട്ടമെന്ന് റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുന്നതിന് അതത് ഭൂരേഖ തഹസിൽദാർമാർക്ക് അധികാരം നൽകിയിട്ടുള്ളതും ഇക്കാര്യത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കോട്ടയം ജില്ലയിൽ ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ബേസിക് ടാക്സ് രജിസ്റ്ററിൽ (ബി.ടി.ആർ.) തോട്ടമെന്ന് രേഖപ്പെടുത്തിയിരിക്കുന്നവയെല്ലാം കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഒഴിവാക്കിയ തോട്ടങ്ങളല്ല. കേരള ഭൂപരിഷ്കരണ നിയമം ബാധകമല്ലാത്ത വിളകളെ (കവുങ്ങ്, തെങ്ങ്, വെറ്റില തുടങ്ങിയവ) തോട്ടങ്ങളായി ബി.ടി.ആർ.-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൈവശം വയ്ക്കാവുന്ന അളവിൽ കുറഞ്ഞ ഭൂമി കൈവശമുള്ളവരുടെ ഭൂമിയിൽ മേൽപ്പറഞ്ഞ തോട്ടവിളകൾ കൃഷി ചെയ്യുന്നുണ്ടെങ്കിൽ അത് ബി.ടി.ആർ.-ൽ തോട്ടമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അത്തരം രേഖപ്പെടുത്തലിൽ അപാകതയില്ല. ബി.ടി.ആർ.-ൽ തോട്ടമെന്ന് കാണുന്നവയെല്ലാം കേരള ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമി കേസുള്ളവർക്ക് ഒഴിവാക്കി നൽകിയ തോട്ടമാണെന്ന് വ്യാഖ്യാനിക്കുന്നതാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ബി.ടി.ആർ.-ൽ തോട്ടമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമികളാണെങ്കിൽ അവയിൽ കെട്ടിട പെർമിറ്റ്, വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവയൊന്നും അനുവദിക്കരുതെന്ന് വിലക്കി കോട്ടയം ജില്ലാ കളക്ടർ 17-08-2017-ൽ 5/13984/2015 നമ്പർ സർക്കുലർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി. ഈ ഉത്തരവിലെ അവ്യക്തതകളാണ് പ്രശ്നങ്ങൾ സൃഷ്ടിച്ചത്. ഇക്കാര്യത്തിൽ അടിയന്തരമായി സ്പഷ്ടീകരണം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാർ നിരവധി തവണ മീറ്റിംഗുകൾ നടത്തുകയും നടപടി സ്വീകരിക്കാൻ ലാൻഡ് ബോർഡിനോട് നിർദ്ദേശിക്കുകയും ചെയ്തു. ബി.ടി.ആർ.-ൽ തോട്ടമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭൂമികളെല്ലാം കേരള ഭൂപരിഷ്കരണ നിയമപ്രകാരം

ഒഴിവാക്കിയ ഭൂമികളായി വ്യാഖ്യാനിച്ച് നിയമപരമായി ലഭിക്കേണ്ട അവകാശങ്ങൾ വിലക്കാൻ പാടില്ലെന്നും ഒഴിവുകൾ ലഭിച്ച ഭൂമിയിൽ തരംമാറ്റം വരുത്തിയാൽ ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കാൻ താലൂക്ക് ലാൻഡ് ബോർഡിന് മാത്രമേ അധികാരമുള്ളൂവെന്നും തോട്ടമെന്ന് രേഖപ്പെടുത്തിയ ഭൂമിയുടെ റവന്യൂ അവകാശങ്ങൾ ഏകപക്ഷീയമായി വിലക്കാൻ വില്ലേജാഫീസർക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ അധികാരമില്ലെന്നും കാണിച്ച് സ്റ്റേറ്റ് ലാൻഡ് ബോർഡ് 23-10-2021-ൽ എൽ.ബി.എ.3-5423/2021-ാം നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമപ്രകാരം ഒഴിവാക്കിയ തോട്ടഭൂമി എന്നനിലയിൽ രേഖകൾ പ്രത്യേകമായി രേഖപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിച്ചുവരികയാണ്. കേരള ഭൂപരിഷ്കരണ നിയമത്തെ ശരിയായി വ്യാഖ്യാനിച്ചുകൊണ്ടും ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ലാൻഡ് ബോർഡ് ഒരു കരട് സർക്കുലർ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കുലറിലെ വ്യവസ്ഥകൾ നിയമപരമായി നിലനിൽക്കുന്നതാണോ എന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ലഭിച്ചശേഷം പ്രസ്തുത സർക്കുലർ അടിയന്തരമായി

പുറപ്പെടുവിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിശോധിച്ചുവരികയാണ്.

(2) കയ്പമംഗലം തീരപ്രദേശത്ത് ടെട്രോപോഡ് നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കയ്പമംഗലം തീരപ്രദേശത്ത് ഹോട്ട്സ്പോട്ടിലുൾപ്പെട്ട പ്രദേശത്ത് അടിയന്തരമായി ടെട്രോപോഡ് നിർമ്മിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കഴിഞ്ഞ 15 വർഷക്കാലമായി നിരന്തരം കടൽക്ഷോഭവും കടലേറ്റവുമുണ്ടാകുന്ന ദൈർഘ്യമേറിയ തീരദേശ മണ്ഡലമാണ് കയ്പമംഗലം. ഒരായുസ്സ് മുഴുവൻ വിയർപ്പൊഴുക്കി പടുത്തുയർത്തിയ നൂറുകണക്കിന് വീടുകൾ തകർന്നുപോകുന്നു, ജീവനോപാധികൾ നശിക്കുന്നു. തീരശോഷണം സംഭവിച്ച് സ്ഥലം നഷ്ടപ്പെട്ടതിന്റെ അതിദയനീയമായ വിവരങ്ങൾ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഒട്ടനവധി കത്തുകൾ മുഖേനയും നേരിട്ടും വകുപ്പുമന്ത്രിക്കും ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് കയ്പമംഗലം നിയോജകമണ്ഡലത്തെ ഹോട്ട്സ്പോട്ട് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. വളരെ സന്തോഷത്തോടെയാണ് ഇക്കാര്യം ഞങ്ങൾ അറിഞ്ഞത്. എന്നാൽ ഇതുവരെ ഹോട്ട്സ്പോട്ടിലുൾപ്പെട്ട പ്രദേശത്ത് ടെട്രോപോഡ് പണിയുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

കേന്ദ്രസർക്കാർ ഏജൻസിയായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.)-നെയാണ് ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ചിട്ടുള്ളത്. ഒരു വർഷം കഴിഞ്ഞിട്ടും അവരുടെ പഠനം ആരംഭിക്കാനുള്ള തീയതി അനന്തമായി നീണ്ടുപോകുകയാണ്. മാർച്ച് മാസത്തിൽ ആരംഭിക്കുമെന്നാണ് ഇപ്പോൾ ഉദ്യോഗസ്ഥർ പറയുന്നത്. അടുത്ത ജൂൺ മാസം മുതൽ വീണ്ടും കടൽക്ഷോഭം ആരംഭിക്കുമെന്നുള്ളത് വളരെ നെഞ്ചിടിപ്പോടെയാണ് ഞങ്ങൾ കാണുന്നത്. എൻ.സി.സി.ആർ. പഠന റിപ്പോർട്ട് പ്രകാരം ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റുണ്ടാക്കി ടെണ്ടർ ക്ഷണിച്ച് ജൂൺ മാസത്തിനുമുമ്പ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കണമെങ്കിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെയും വകുപ്പിന്റെയും കൃത്യമായ ഇടപെടൽ അനിവാര്യമാണ്. 'കേരളത്തിന്റെ സേന' എന്നറിയപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി യോഗം വിളിച്ചുചേർത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള അതിവേഗ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.)-ന്റെ പഠനം

നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് പഞ്ചായത്തുകളിൽ ടെട്രോപോഡ് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി ഒരുക്കുന്നതിന് എൻ.സി.സി.ആർ. ടീം 2022 ആഗസ്റ്റ് 10, 12 തീയതികളിൽ സന്ദർശനം നടത്തിയിരുന്നു. ആ ടീം ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചതിന്റെ പഠന റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റിപ്പോർട്ട് ലഭ്യമായാൽ ഡി.പി.ആർ. തയ്യാറാക്കി പ്രവർത്തനം നടത്താൻ കഴിയും. പ്രസ്തുത നിയോജകമണ്ഡലത്തിൽ ഏകദേശം 19 കിലോമീറ്ററോളം ദൂരം കടൽത്തീരമുണ്ട്. അതിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പല പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. 8 പ്രവൃത്തികൾക്കായി 104.17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2022-23-ൽ രണ്ട് പ്രവൃത്തികൾക്കായി 15.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, ഒരു പ്രവൃത്തി പൂർത്തീകരിക്കുകയും ഒരു പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എൻ.സി.സി.ആർ.-ന്റെ പഠനം പൂർത്തിയാകാൻ ഇനിയും താമസം നേരിടുകയാണെങ്കിൽ പ്രസ്തുത പ്രദേശം സംരക്ഷിക്കേണ്ട ചുമതല

ഗവൺമെന്റിനുള്ളതുകൊണ്ട് അത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി ആവശ്യമെങ്കിൽ ഒന്നരക്കോടി രൂപ അനുവദിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

(3) പയ്യന്നൂർ ഗവൺമെന്റ് വനിത റസിഡൻഷ്യൽ പോളിടെക്നിക്കിന്റെ പ്രവർത്തനം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കേരളത്തിലെ ഏക ഗവൺമെന്റ് വനിത റസിഡൻഷ്യൽ പോളിടെക്നിക്കാണ് 1991-ൽ പയ്യന്നൂരിൽ സ്ഥാപിച്ച പോളിടെക്നിക് കോളേജ്. പയ്യന്നൂർ നഗരസഭയിൽ കോറോത്ത് 22 ഏക്കർ സ്ഥലത്താണ് കോളേജ് പ്രവർത്തിച്ചുവരുന്നത്. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & ബിസിനസ് മാനേജ്മെന്റ് എന്നീ നാല് ബ്രാഞ്ചുകളാണ് ഇത്രയും കാലങ്ങളായി ഇവിടെയുള്ളത്. 240 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള മേഖലകളിൽനിന്നും കുട്ടികൾ ഈ കോളേജിൽ പ്രവേശനം നേടുന്നുണ്ട്. 400 കുട്ടികൾക്ക് താമസിക്കാൻ കഴിയുന്ന ഹോസ്റ്റൽ സൗകര്യം കോളേജിലുണ്ട്. കോഴ്സ് കഴിഞ്ഞിറങ്ങുന്നവരിൽ 84 ശതമാനം പേർക്ക് പ്ലേസ്മെന്റ് ലഭിക്കുന്നുണ്ട്. എന്നാൽ കാലത്തിനനുസരിച്ച് സമഗ്രമായ വികസനം കൊണ്ടുവരാനും പുതിയ

കോഴ്സുകൾ ആരംഭിക്കാനും സാധിക്കുന്നില്ല എന്നതാണ് ഇന്ന് കോളേജ് നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. 2024-ഓടുകൂടി All India Council for Technical Education (AICTE)-യുടെ അഫിലിയേഷൻ നേടാൻ കഴിയുന്നില്ലെങ്കിൽ സ്ഥാപനത്തിന്റെ ഭാവിതന്നെ ചോദ്യചിഹ്നമാകുന്ന നിലയിലേയ്ക്കെത്തും. കാലത്തിനനുസരിച്ചുള്ള കോഴ്സുകളുണ്ടാകുന്നില്ല എന്നുള്ളതിനാൽ പ്രവേശനത്തിൽ കുട്ടികൾ കുറഞ്ഞുവരുന്ന സ്ഥിതിയും നിലനിൽക്കുന്നുണ്ട്. പോളിടെക്നിക്ക് കാലോചിതമായി മാറ്റിയെടുക്കുന്നതിനും പൊതുജനങ്ങൾക്കുകൂടി തൊഴിൽ പരിശീലനം നൽകുന്നതിനും ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 50 ശതമാനം സീറ്റ് വനിതകൾക്ക് നിലനിർത്തി ജനറൽ പോളിടെക്നിക്ക് കോളേജായി മാറ്റുന്ന കാര്യം പരിഗണിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗിന് 60 സീറ്റുകൾ, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗിന് 60 സീറ്റുകൾ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗിന് 60 സീറ്റുകൾ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ & ബിസിനസ്

മാനേജ്മെന്റിന് 50 സീറ്റുകൾ എന്നിങ്ങനെ നാല് വിഷയങ്ങളിലുള്ള ഡിപ്ലോമ പ്രോഗ്രാമാണ് നിലവിലുള്ളത്. 230 വിദ്യാർത്ഥികൾക്കാണ് ഒരു വർഷം പ്രവേശനം നൽകാൻ സാധിക്കുന്നത്. സ്ഥാപനത്തിൽ 80 ശതമാനത്തിലധികം വിജയവും 90 ശതമാനത്തിലധികം പ്ലേസ്മെന്റും നിലവിലുണ്ട്. കേരളത്തിലെ ചില വനിത പോളിടെക്നിക്ക് കോളേജുകളിൽ അഡ്മിഷൻ കുറഞ്ഞുവരുന്നുണ്ട്. ആദ്യവർഷം ഒഴിവുള്ള സീറ്റുകളിൽ ലാറ്ററൽ എൻട്രി വഴി ഒഴിവുകൾ നികത്തിവരുന്നു. സ്ഥാപനങ്ങളിലെ 2022-23 അഡ്മിഷനിൽ കുറവ് വന്നിട്ടുണ്ട്. അതിന് പരിഹാരമായി 50 ശതമാനം സീറ്റ് വനിതകൾക്ക് നിലനിർത്തി ജനറൽ പോളിടെക്നിക്കാക്കുന്നത് സംബന്ധിച്ച വിഷയം എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. നിലവിൽ പ്രസ്തുത സ്ഥാപനം എ.ഐ.സി.ടി.ഇ.-യുടെ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിന് എൻ.ബി.എ. അക്രെഡിറ്റേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത സ്ഥാപനത്തിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. എ.ഐ.സി.ടി.ഇ. നിലവിൽ പരമ്പരാഗത കോഴ്സുകൾ അനുവദിക്കുന്നതിന് മൊറട്ടോറിയം

ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ എ.ഐ.സി.ടി.ഇ. അംഗീകരിച്ചിട്ടുള്ള പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനും സ്ഥാപനത്തിന് സ്വന്തമായുള്ള സ്ഥലസൗകര്യം പരിഗണിച്ച് സ്ഥാപനത്തിന്റെ ഉന്നമനത്തിനായുള്ള പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പുതുതലമുറ കോഴ്സുകൾ തുടങ്ങുന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

## (4) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ നവീകരണം

ശ്രീ. ഐ. ബി. സതീഷ്: സർ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണസ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയെ പ്രതിസന്ധിയിൽനിന്നും കരകയറ്റണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ 5 റീജിയണൽ യൂണിറ്റുകളും സബ്സെന്ററുകളും 2 എഞ്ചിനീയറിംഗ് കോളേജുകളും ഒരു അപ്ലൈഡ് സയൻസ് കോളേജുമാണുള്ളത്. ഇപ്പോഴും പഴയകാലത്തെ പല കോഴ്സുകളുമാണ് എൽ.ബി.എസ്.-ന്റെ കീഴിൽ നടന്നുവരുന്നത്. കാലോചിതമായ പുത്തൻതലമുറ കോഴ്സുകൾ ആരംഭിച്ച് വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിഞ്ഞാൽ എൽ.ബി.എസ്.-ന് മുന്നോട്ടുപോകാനാകും.

അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളുടെ പരീക്ഷകൾ, അലോട്ട്മെന്റ് എന്നിവയിൽ സുതാര്യമായ സമീപനവും പ്രവർത്തനവുമാണ് എൽ.ബി.എസ്. കാഴ്ചവച്ചിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി നേരിടുന്ന പ്രതിസന്ധിയിൽനിന്ന് കരകയറ്റുന്നതിന്, കൺസൾട്ടൻസികളെ ഏൽപ്പിക്കുകയും അസാപ്പിന്റെ സ്റ്റാർട്ടപ് സംരംഭങ്ങൾക്ക് എൽ.ബി.എസ്.-നെ ചുമതലപ്പെടുത്തുകയും പൊതുമേഖലയിലെ നിയമന പരീക്ഷകൾ ഏൽപ്പിക്കുകയും ചെയ്യുന്നത് ഉചിതമാകും. സിവിൽ കൺസൾട്ടൻസി, ഹാർഡ്‌വെയർ ഇൻഫർമേഷൻ വിംഗുകൾ എന്നിവ ഇന്ന് നിർജ്ജീവമാണ്. ഈ വിംഗുകൾ സജീവമാക്കുകവഴി കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാനാകും. പ്രതിസന്ധിയിലായിരിക്കുന്ന ഈ സ്ഥാപനത്തെ കരകയറ്റാൻ സംയോജിതമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ട്രഷറി ബഞ്ചിലെ അംഗങ്ങൾ സീറ്റിലിരിക്കണം. ഒരു ഭാഗത്ത് പ്രതിപക്ഷം തന്നെ ഇഷ്യൂസ് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ട്രഷറി ബഞ്ചിലെ അംഗങ്ങളും അലസമായി നടന്നാൽ സഭ നടത്തിക്കൊണ്ടുപോകാൻ കഴിയില്ല.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ കീഴിൽ തിരുവനന്തപുരം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ, കാസർഗോഡ് എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നീ എഞ്ചിനീയറിംഗ് കോളേജുകളും മലപ്പുറം പരപ്പനങ്ങാടിയിൽ ഒരു മോഡൽ ഡിഗ്രി കോളേജും 5 റീജിയണൽ സെന്ററുകളും 18 സബ്സെന്ററുകളും ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും ഈ മേഖലയിലെ ഗവേഷണത്തിനുമായി Centre of Excellence for Disabilities Studies എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. വിവിധ ഐ.ടി. കോഴ്സുകൾ, സിവിൽ കൺസൾട്ടൻസി, ഐ.ടി. കൺസൾട്ടൻസി, എഞ്ചിനീയറിംഗ് രംഗത്തെ ഗവേഷണം, വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, വിവിധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ, അലോട്ട്മെന്റ് എന്നിവയാണ് സെന്ററിന്റെ മുഖ്യ പ്രവർത്തന മേഖലകൾ. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ബി. എസ് സി. നേഴ്സിംഗ്, ബി.എസ്.സി. പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ, എം.എസ്.സി., എം.എൽ.റ്റി., എം.എസ്.സി. സ്പീച്ച് ലാംഗ്വേജ് പത്തോളജി,

ഡിപ്ലോമ ഫാർമസി, പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾ, ആയുർവ്വേദ കോളേജ്, ഫാർമസി കോഴ്സുകൾ, ഹോമിയോ ഡിപ്ലോമ കോഴ്സുകൾ തുടങ്ങി 15-ഓളം കോഴ്സുകളുടെ അലോട്ട്മെന്റുകൾ എൽ.ബി.എസ്. വഴിയാണ് നടത്തിവരുന്നത്. കൂടാതെ, ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലെ എം.സി.എ. പ്രവേശന പരീക്ഷയുടെ അലോട്ട്മെന്റ് എൽ.ബി.എസ്. സെന്ററാണ് നടത്തിവരുന്നത്. ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സ്, ബി.ഡി.എസ്., ബി.എച്ച്.എം.എസ്. എന്നീ കോഴ്സുകളുടെ അലോട്ട്മെന്റും 2022-23 അദ്ധ്യയനവർഷം മുതൽ എൽ.ബി.എസ്. ഏറ്റെടുത്തിട്ടുണ്ട്. എൽ.ബി.എസ്. സെന്ററിന് 2 എഞ്ചിനീയറിംഗ് കോളേജുകളും ഒരു മോഡൽ ഡിഗ്രി കോളേജും നടത്തുകവഴി സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ട്. പൂജപ്പുര എൽ.ബി.എസ്. വനിത എഞ്ചിനീയറിംഗ് കോളേജ് പ്രതിവർഷം നാലുകോടി രൂപയുടെ ബാധ്യതയും കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജ് 4 കോടി രൂപയുടെ ബാധ്യതയും മോഡൽ ഡിഗ്രി കോളേജ് 35 ലക്ഷം രൂപയുടെ ബാധ്യതയും വരുത്തുന്നുണ്ട്. രണ്ട് എഞ്ചിനീയറിംഗ് കോളേജുകളും കൺസൾട്ടൻസി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ടെങ്കിലും വരുമാനനഷ്ടം നികത്താനാകുന്നില്ല. ഹൈക്കോടതി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ്, സെറ്റ് പരീക്ഷ, വിവിധ

കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ്, സിവിൽ, ഐ.ടി. കൺസൾട്ടൻസി എന്നിവ വഴിയുള്ള വരുമാനത്തിന്റെ ഒരുഭാഗം എഞ്ചിനീയറിംഗ് കോളേജുകളുടെ നടത്തിപ്പിനായി ഉപയോഗിക്കേണ്ടിവരുന്നു. ഈ പ്രതിസന്ധി മുൻകൂട്ടി കണ്ട് എൽ.ബി.എസ്. സെന്റർ 40-ൽപ്പരം അതിനൂതനമായ പുതിയ കോഴ്സുകൾക്ക് രൂപം നൽകിയിട്ടുണ്ട്. റോബോട്ടിക്സ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലറ്റിക്സ് തുടങ്ങിയ ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ കോഴ്സുകളെല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വരുമാന വർദ്ധനവിനായി ഈ നൂതന കോഴ്സുകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 'എൽ.ബി.എസ്. ഫ്രാഞ്ചൈസി' എന്ന പദ്ധതി നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, പൂജപ്പുര വനിത എഞ്ചിനീയറിംഗ് കോളേജിൽ ഒരു മോട്ടോർ വെഹിക്കിൾ സേവനാധിഷ്ഠിത കേന്ദ്രവും കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ അരക്കനട്ട് പ്ലേറ്റ് മേക്കിംഗ് യൂണിറ്റും ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൂജപ്പുര വനിത എഞ്ചിനീയറിംഗ് കോളേജിൽ കിഫ്ബി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ കൺസൾട്ടൻസി ജോലികൾ ഏറ്റെടുത്ത് നല്ലരീതിയിൽ നടത്തിവരുന്നു. കൂടാതെ, റിസർച്ച് ആൻഡ് എഡ്യൂക്കേഷണൽ എൻഹാൻസ്മെന്റ് വഴി അവധിക്കാല കോഴ്സുകൾ, മെഷീൻ

ലേണിംഗ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ കോഴ്സുകൾ എന്നിവയും നടത്തി വരുമാനമുണ്ടാക്കുന്നുണ്ട്. എൽ.ബി.എസ്. സെന്ററിന്റെ സമഗ്രവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പുവരുത്താനുതകുന്ന രീതിയിൽ നവീകരണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## (5) തിരുവനന്തപുരം മൃഗശാലയിൽ പകർച്ചവ്യാധിമൂലമുള്ള മൃഗങ്ങളുടെ മരണം

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഇന്ത്യയിലെ ഏറ്റവും പഴക്കംചെന്ന മൃഗശാലകളിൽ ഒന്നാണ് തിരുവനന്തപുരം മൃഗശാല. മൃഗങ്ങളുടെ വൈവിധ്യം, സൗകര്യങ്ങൾ, അവിടെയുള്ള പരിപാലനത്തിന്റെ മേന്മ എന്നിവയുടെ അടിസ്ഥാനത്തിൽ സെൻട്രൽ സൂ അതോറിറ്റി 'ലാർജ് -200' ഇനത്തിലാണ് തിരുവനന്തപുരം സുവോളജിക്കൽ ഗാർഡനെ ഉൾപ്പെടുത്തിയിരിക്കുന്നത്. അവിടെ ഈയടുത്തകാലത്ത് മാൻ ഇനത്തിൽപ്പെട്ടവയ്ക്ക് ക്ഷയരോഗബാധ പിടിപ്പെട്ടതിനെത്തുടർന്ന് നിരവധി മൃഗങ്ങൾ മരണപ്പെടുന്ന സാഹചര്യവുമുണ്ടായി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നേരിട്ട് സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് പലവിധ ആശങ്കകളും പൊതുസമൂഹത്തിൽ ഉയർന്നുവരുന്നുണ്ട്. പത്രമാധ്യമങ്ങളിലടക്കം അത് റിപ്പോർട്ട് ചെയ്യുകയാണ്. ജന്തുജന്യരോഗം

തടയുന്നതിനാവശ്യമായിട്ടുള്ള നടപടികൾ അങ്ങ് സ്വീകരിച്ചിട്ടുണ്ടോ; മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പാലോട് മൃഗസംരക്ഷണ പഠനകേന്ദ്രം ഇവിടെ സന്ദർശിച്ച് വേണ്ട നടപടികളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാനും ടി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, തിരുവനന്തപുരം മൃഗശാലയിൽ ഒരുവർഷക്കാലയളവിനുള്ളിൽ 64 മൃഗങ്ങളാണ് ക്ഷയരോഗബാധയാൽ മരണപ്പെട്ടിട്ടുള്ളത്. മരണപ്പെട്ട മൃഗങ്ങളുടെ ആന്തരികാവയവങ്ങളുടെ സാമ്പിളുകൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസിൽ പരിശോധിച്ചതിൽനിന്നാണ് ക്ഷയരോഗബാധയുള്ളതായി സ്ഥിരീകരിച്ചത്. ക്ഷയരോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകളും മറ്റ് ശിപാർശകളും സർക്കാർ പരിശോധിച്ചുവരുന്നു. മൃഗശാലയിൽ ക്ഷയരോഗബാധയുണ്ടായതിനെത്തുടർന്ന് രോഗബാധയുണ്ടായ കൂടുകളിലെ മാലിന്യങ്ങൾ മറ്റ് കൂടുകളിലേയ്ക്ക്

വ്യാപിക്കുന്നത് തടയുന്നതിനായി പ്രത്യേക ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൃഗശാലയിലെ എല്ലാ കൂടുകളും ദിവസേന അണുനശീകരണം നടത്തിവരുന്നു. മൃഗങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ബാക്ടീരിയൽ ഇൻഫെക്ഷൻ തടയുന്നതിനുമായി മരുന്നുകൾ നൽകിവരുന്നു. ജീവനക്കാർക്ക് മാസ്ക്, ഗ്ലൗസ്, ഗംബൂട്ട് എന്നിവ വിതരണം ചെയ്യുകയും അവ ധരിച്ചുമാത്രം ജോലി നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ജില്ലാ ക്ഷയരോഗനിവാരണ കേന്ദ്രം മുഖേന മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ആയതിന് അനുബന്ധമായി നടന്ന ടി.ബി. സ്ക്രീനിംഗ് പരിശോധനയിൽ ജീവനക്കാർക്കാർക്കുംതന്നെ ക്ഷയരോഗം ബാധിച്ചിട്ടില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ക്ഷയരോഗ നിർണ്ണയത്തിനും മറ്റ് പൊതുവായ അസുഖങ്ങളുടെ നിർണ്ണയത്തിനും 08-02-2023-ൽ രണ്ടാമത്തെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അസുഖബാധിതരായ മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന പരിബന്ധനത്തിൽ കരുതൽ നടപടിയായി ഫുട്ട് ഡിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പരിബന്ധനങ്ങളിൽ പോകുന്ന ജീവനക്കാരെ മറ്റ് മൃഗങ്ങളെ

പരിപാലിക്കാൻ നിയോഗിക്കുന്നതല്ല. മൃഗശാലയിലെ മൃഗങ്ങളുമായി അടുത്ത് പെരുമാറാനുള്ള സാഹചര്യം സന്ദർശകർക്കില്ല. ടി സാഹചര്യം ഒഴിവാക്കാനുള്ള സ്റ്റാൻഡ് ഓഫ് ബാരിയർ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഒപ്പം മൃഗശാലാ സന്ദർശകർക്ക് മുഖാവരണം നിർബന്ധമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിലെ ക്ഷയരോഗബാധയെത്തുടർന്ന് സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസിന്റെ വിദഗ്ദ്ധ സംഘവുമായി 20-02-2023-ന് യോഗം ചേരുകയും നിലവിൽ സ്വീകരിച്ച പ്രതിരോധ നടപടികൾ തുടരാൻ തീരുമാനിക്കുകയുമുണ്ടായി. ഇപ്പോൾ മരണനിരക്ക് വളരെ കുറഞ്ഞിട്ടുണ്ട്. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ്.

## (6) വഖഫ് ബോർഡ് ഭൂമിയിലുള്ള സ്കൂളുകളുടെ നവീകരണം

ശ്രീ. കെ. വി. സുമേഷ്: സർ, വഖഫ് ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. അതിൽ 116 വർഷം പഴക്കമുള്ള പാപ്പിനിശ്ശേരി ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂളും 104 വർഷം പഴക്കമുള്ള അഴീക്കോട് മണ്ഡലത്തിലെ ഉഗാദി ഗവൺമെന്റ് യു.പി. സ്കൂളുമുണ്ട്. ഫണ്ട് അനുവദിച്ചുവെങ്കിലും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള

അനുമതി ലഭ്യമാകുന്നില്ല. ടി സ്കൂൾ വേറെ ഏതെങ്കിലും സ്ഥലേത്തയ്ക്ക് മാറ്റി സ്ഥാപിക്കുകയെന്നത് എളുപ്പമല്ല. ഉഗാദി സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഗവൺമെന്റ് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട കെ. വി. സുമേഷ് എം.എൽ.എ. സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. 2019-ലെ വഖഫ് ചട്ടം 81 പ്രകാരം വഖഫ് വസ്തുവിൽ ഏതെങ്കിലും വിധത്തിൽ മാറ്റം, നിർമ്മാണം മുതലായവയ്ക്ക് ബോർഡിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. വഖഫ് വസ്തുവിൽ പൊതുവെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സഹിതം വഖഫ് മുതവല്ലിയോ വഖഫ് കമ്മിറ്റികളോ മുഖേന വഖഫ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ഡിവിഷനിലെ ഓഫീസ് മുഖാന്തരം സ്ഥല

പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയശേഷമാണ് വഖഫ് ചട്ടപ്രകാരമുള്ള മുൻകൂർ അനുമതി നൽകുന്നത്. കേരളത്തിൽ വഖഫ് ഭൂമിയുടെ ഉടമസ്ഥത അതത് പ്രാദേശിക വഖഫ് കമ്മിറ്റികളുടെ പക്കൽ നിക്ഷിപ്തമാണ്. വഖഫ് കമ്മിറ്റികളാണ് അതിന്റെ പരിപാലനം നടത്തുന്നത്. വഖഫ് വസ്തുക്കളുടെയും അത് കൈകാര്യം ചെയ്യുന്ന കമ്മിറ്റികളുടെയും മേൽനോട്ടവും നിയന്ത്രണവുമാണ് വഖഫ് ബോർഡിൽ നിക്ഷിപ്തമായിട്ടുള്ളത്. 1995-ലെ വഖഫ് നിയമം വകുപ്പ് 56 പ്രകാരം വഖഫ് വസ്തുക്കൾ വിവിധ ആവശ്യങ്ങൾക്കായി ലീസിന് നൽകാവുന്നതാണ്. 2014-ലെ വഖഫ് പ്രോപ്പർട്ടീസ് ലീസ് റൂൾസ് പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനായി പരമാവധി 30 വർഷത്തേയ്ക്ക് ലീസിന് നൽകാൻ സാധിക്കും. മേൽവിവരിച്ച സാഹചര്യത്തിൽ വഖഫ് വസ്തുവിൽ പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ സർക്കാർ ഫണ്ടുപയോഗിച്ച് നടത്തുന്നതിന് വഖഫ് മുതവല്ലി മുഖേന ബോർഡിൽ അപേക്ഷ സമർപ്പിച്ച് വഖഫ് ചട്ടപ്രകാരമുള്ള മുൻകൂർ അനുമതി ലഭ്യമാക്കി വഖഫ് ഭൂമിയുടെ ഉടമസ്ഥാവകാശം വഖഫിൽ തന്നെ നിലനിർത്തി നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, സി. ആർ. മഹേഷ്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

10.42 A.M.]

## VII. റിപ്പോർട്ടുകളുടെ സമർപ്പണം

### 1. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ഇത്തരം പ്ലക്കാർഡുകളും മറ്റും സഭയിൽ ഉപയോഗിക്കാൻ പാടില്ലെന്ന് റൂൾസ്

ആൻഡ് പ്രൊസീഡ്യൂവറിന്റെ Annexure II-ൽ കൃത്യമായി പറയുന്നുണ്ട്. പ്ലക്കാർഡുകൾ മാറ്റണമെന്ന് നിരവധി തവണ ചെയർ അഭ്യർത്ഥിച്ചു. പ്ലീസ്, പ്ലീസ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ഫ്ലോർ ഓർഡറാക്കി തരണം.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

10.43 A.M.]

## VIII. ധനകാര്യം

### 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XV – പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ

2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XV | പൊതുമരാമത്ത് | 1819,19,78,000 | 2525,06,23,000 | 4344,26,01,000 |
| XLII | വിനോദസഞ്ചാരം | 234,14,00,000 | 194,69,00,000 | 428,83,00,000 |
| XL | തുറമുഖങ്ങൾ | 71,57,04,000 | 71,23,00,000 | 142,80,04,000 |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ് ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്റ്റ് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ഖണ്ഡനോപക്ഷേപങ്ങൾക്ക് നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഫ്ലോർ ഓർഡറാക്കണം. പ്ലീസ്...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നിയമസഭയുടെ ചരിത്രത്തിലില്ലാത്ത കാര്യങ്ങളാണ് ഇവിടെ സംഭവിക്കുന്നത്. തുടർച്ചയായി രണ്ടാം ദിവസവും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ പൂർണ്ണമായും ഹനിക്കുകയാണ്. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഇവിടെ ഗൗരവതരമായ ചർച്ചകൾ ഉയരുന്നതും ചോദ്യങ്ങൾ ചോദിക്കുന്നതും ഇഷ്ടമല്ല. ഞങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട വ്യക്തി ബഹുമാനപ്പെട്ട

ചെയറാണ്. ദൗർഭാഗ്യവശാൽ അങ്ങ് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ധാർഷ്ട്യത്തിനും ധിക്കാരത്തിനും ഞങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്നതിനും കൂട്ടുനിൽക്കുകയാണ്. ഒരുകാരണവശാലും ഞങ്ങൾക്ക് ഇത്തരം നടപടികളുമായി യോജിച്ച് പോകാൻ കഴിയില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ഇത് പാർട്ടി യോഗങ്ങളോ പാർട്ടി സമ്മേളനമോ അല്ല. പവിത്രമായ കേരള നിയമസഭയാണ്. ഗൗരവതരമായ ഡിബേറ്റും discourse-ഉം നടക്കേണ്ട സ്ഥലത്ത് അതിനുള്ള അവകാശം നിഷേധിക്കുന്നതുകൊണ്ട് ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ പൂർണ്ണമായും ബഹിഷ്കരിക്കുന്നു. ഇനിയിത് ആവർത്തിക്കപ്പെട്ടാൽ ഇതിനെക്കാൾ ശക്തമായ സമരപരിപാടികളുമായി ഞങ്ങൾ മുന്നോട്ടുവരും. സഭ സ്തംഭിപ്പിക്കാതെ ബഹിഷ്കരിക്കുന്നത് ഞങ്ങളുടെ ദൗർബല്യമായി ആരും കരുതരുത്. നിങ്ങളെപ്പോലെ സ്പീക്കറുടെ ഡയസിൽ ഇരച്ചുകയറി കുഴപ്പങ്ങളുണ്ടാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അല്ലെങ്കിൽ ഈ സഭയെ ഏതുരീതിയിലും സ്തംഭിപ്പിക്കാനുള്ള കഴിവ് ഞങ്ങൾക്കുണ്ട്. നിങ്ങളുടെ മാർഗ്ഗം തേടാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ ഞങ്ങൾ സഭാനടപടികൾ പൂർണ്ണമായും ബഹിഷ്കരിക്കുകയാണ്. കേരളത്തിലെ നിയമസഭാ

ചരിത്രത്തിൽ ജനാധിപത്യത്തിന്റെ ഏറ്റവും കറുത്ത ദിവസമായി ഇത് മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ച സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

{അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ}

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ശക്തിയായി പിന്തുണയ്ക്കുന്നു. കേരള ചരിത്രത്തിലെ ഏറ്റവും നിഷേധാത്മകമായ പ്രതിപക്ഷത്തിന്റെ പ്രകടനമാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷത്തിന് ജനാധിപത്യ പ്രക്രിയയിൽ ക്രിയാത്മകമായൊരു പങ്കുണ്ട്. എല്ലാ കാലങ്ങളിലും ഏറിയും കുറഞ്ഞും ആ ദൗത്യം നിർവ്വഹിക്കാൻ കഴിഞ്ഞ ചരിത്രമാണ് കേരള നിയമസഭയ്ക്കുള്ളത്. എന്നാൽ മര്യാദകളുടെ എല്ലാ സീമകളും ലംഘിച്ച് സഭാനാഥനെപോലും ഭീഷണിപ്പെടുത്തി വരുതിയിൽ വരുത്തി നിയമസഭയുടെ ജനാധിപത്യ നന്മകളെയെല്ലാം ഇല്ലാതാക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷം ചരിത്രത്തിൽ വിചാരണ ചെയ്യപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളം നവകേരളമായി കുതിക്കുകയാണ്.

സംസ്ഥാനം സമസ്ത മേഖലകളിലും കഴിഞ്ഞ ആറ് വർഷമായി കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങളുടെ കണ്ണാടിയായി വേണമെങ്കിൽ പൊതുമരാമത്ത്, ടൂറിസം, തുറമുഖ വകുപ്പുകളെ കാണാൻ സാധിക്കും. നവകേരളത്തിലേയ്ക്ക് എങ്ങനെയാണ് എത്തുന്നതെന്നറിയാൻ ഒരു കേരള യാത്ര മാത്രം മതിയാകും. മലയോര ഹൈവേ, മധ്യത്തിൽ ദേശീയപാത, തീരദേശ ഹൈവേ എന്നിങ്ങനെ കേരളത്തിൽ ആദ്യമായി വരുന്ന ഒരാൾക്ക് വീണ്ടും വരണമെന്ന് തോന്നുന്ന ഒരിടമായി മാറിയിരിക്കുന്നു. പ്രകൃതിയുടെ പച്ചപ്പും മനോഹാരിതയും മാത്രമല്ല പശ്ചാത്തല സൗകര്യങ്ങളും കേരളത്തെ ലോകത്തെ ഏത് വികസിത രാജ്യങ്ങൾക്കുമൊപ്പം എത്തിക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുന്നുണ്ട്. ഏറ്റവും ഒടുവിലായി 2,984.48 കോടി രൂപയാണ് പുതിയ റോഡ് നിർമ്മാണത്തിന് സാമ്പത്തികാനുമതി ലഭിച്ചിരിക്കുന്നത്. നഗരകേന്ദ്രീകൃതമായ റോഡുകളുടെ വികസനത്തിൽ പരമ്പരാഗതമായ ഒരു രീതിയുണ്ട്. മേജർ ഡിസ്ട്രിക് റോഡുകൾ വികസിപ്പിക്കുകയാണ്. ബി.എം.&ബി.സി. നിലവാരത്തിൽ ശാസ്ത്രീയമായി മെച്ചപ്പെടുത്തുകയെന്നതായിരുന്നു കാഴ്ചപ്പാടെങ്കിൽ പഞ്ചായത്തുതല റോഡുകൾപോലും ബി.എം.&ബി.സി. നിലവാരത്തിൽ വികസിപ്പിക്കാൻ നമുക്ക് സാധിച്ചിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ശേഷിക്കുന്ന 25

റോഡുകൾകൂടി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറുമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അങ്ങനെ സംഭവിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മനുഷ്യശരീരത്തിലെ രക്തധമനികൾ പോലെയാണ് നമ്മുടെ റോഡുകൾ. തിരുവനന്തപുരം ജില്ലയിൽ ഔട്ടർറിംഗ് റോഡുകൾ വരാൻ പോകുകയാണ്. ഒരുപക്ഷേ കേരളത്തിലെ ഏറ്റവും വീതികൂടിയ റോഡായിരിക്കുമത്. ആ റോഡിനുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിർണ്ണായഘട്ടം പിന്നിടുകയാണ്. കേരളത്തിലെ റോഡ് വികസനത്തിന് തടസ്സമായി പ്രതിപക്ഷം/വലതുപക്ഷ രാഷ്ട്രീയം ചില മാധ്യമങ്ങളുടെ സഹായത്തോടുകൂടി തികച്ചും നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നുണ്ട്. എന്നാൽ ഈ നാട്ടിലെ ജനത വികസനത്തിനുവേണ്ടി ഞങ്ങളുണ്ട്, ഞങ്ങൾ സർക്കാരിനോടൊപ്പമുണ്ടെന്ന് തെളിയിക്കുകയാണ്. ഔട്ടർറിംഗ് റോഡിനുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിന് എല്ലാ അർത്ഥത്തിലുമുള്ള നിർലോഭമായ പിന്തുണയാണ് തലസ്ഥാന ജില്ലയിലെ ജനങ്ങൾ നൽകുന്നത്. എന്റെ നിയോജകമണ്ഡലമായ വിളപ്പിൽശാലയിൽ സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി നൂറേക്കർ ഭൂമി ഏറ്റെടുക്കാനുള്ള പ്രവർത്തനത്തിന് തുടക്കംകുറിക്കുമ്പോൾ കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും പ്രാദേശിക നേതാക്കൾ കുത്തിത്തിരിപ്പുണ്ടാക്കാൻ അവിടെയും എത്തി.

ഞങ്ങൾ ജനങ്ങളോട് പറഞ്ഞത്, ഇവിടെ വരാൻ പോകുന്നത് വികസനമാണ്, അതിൽ നിങ്ങളും പങ്കാളികളാകണമെന്നാണ്. ഒടുവിൽ ജനങ്ങൾ മുഴുവനും പൂർണ്ണമനസ്സോടുകൂടി സ്ഥലം വിട്ടുനൽകാൻ തയ്യാറായി. ആദ്യം അമ്പത് ഏക്കറായിരുന്ന സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി ഏറ്റെടുത്തത്. ഞങ്ങളുടെ അമ്പത് ഏക്കർകൂടി ഏറ്റെടുക്കണമെന്ന് പറഞ്ഞുകൊണ്ട് അവിടത്തെ ജനങ്ങൾ മുന്നോട്ടുവരികയും അങ്ങനെ നൂറ് ഏക്കർ കണ്ടെത്തുകയും ചെയ്തു. ഇതാണ് വികസനത്തിനുവേണ്ടി ആഗ്രഹിക്കുന്ന ജനങ്ങൾ ഈ സർക്കാരിനൊപ്പമാണ് എന്നുള്ളതിന്റെ തെളിവ്.

ടൂറിസം മേഖലയിൽ കോവിഡ് സൃഷ്ടിച്ച മരവിപ്പ് ലോകത്തെമ്പാടുമുണ്ടെന്ന് നമുക്കറിയാം. ആ മരവിപ്പിൽനിന്ന് ലോകം എങ്ങനെ കുതറിമാറണമെന്നതിന്റെ സ്വയം സംസാരിക്കുന്ന മാതൃകയാണ് കേരളത്തിലെ വിനോദസഞ്ചാര വകുപ്പ് നടത്തിയ പ്രവർത്തനം. കഴിഞ്ഞ രണ്ടുവർഷത്തെ ഇടവേളയ്ക്കുശേഷമാണ് ഓണത്തോടനുബന്ധിച്ച് ഇത്തവണത്തെ വിനോദസഞ്ചാര വാരാഘോഷം സംഘടിപ്പിച്ചത്. സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും കോവിഡ് സൃഷ്ടിച്ച മന:ശാസ്ത്രപരമായ മരവിപ്പിന്റെയും മുരടിപ്പിന്റെയും അന്തരീക്ഷത്തെ കുടഞ്ഞെറിഞ്ഞുകൊണ്ട്

പതിന്മടങ്ങ് ഉത്സാഹത്തോടെ ജനങ്ങൾ മുന്നോട്ടുവന്നപ്പോൾ അതിന് പ്രതിഭാസ്പർശമുള്ള നേതൃത്വമായി മാറാൻ വിനോദസഞ്ചാര വകുപ്പിനും അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിക്കും കഴിഞ്ഞു. ഓണാഘോഷം കഴിഞ്ഞു, വർഷാവാസനമായപ്പോൾ ക്രിസ്തുമസ്-പുതുവത്സം വന്നു. ക്രിസ്തുമസ് നക്ഷത്രങ്ങൾ പ്രകാശിക്കുന്ന മഞ്ഞണിഞ്ഞ വൈകുന്നേരങ്ങളിൽ തലസ്ഥാന നഗരിയിൽ സംഘടിപ്പിക്കപ്പെട്ട വർണ്ണാഭമായ പരിപാടികൾക്ക് നാം സാക്ഷികളായി. 'Index of pleasure' ഇന്നത്തെ കാലത്ത് വികസനത്തിന്റെ ഒരു പ്രധാന സൂചകമായി മാറിയിട്ടുണ്ട്. കേരളം പോലുള്ള സംസ്ഥാനം മാനസിക സംഘർഷങ്ങളിൽനിന്നും രക്ഷനേടാനും മോചിക്കപ്പെടാനും ആഗ്രഹിക്കുന്ന ഒരു സമൂഹത്തിന്റെ നാടാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് വിനോദസഞ്ചാരികളെ മാത്രമല്ല ആഭ്യന്തര സഞ്ചാരികൾക്കും അവസരം ഒരുക്കുകയാണ് ചെയ്യുന്നത്. 'ഫാം ടൂറിസം' ഉൾപ്പെടെയുള്ള നവീനമായ ആശയങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞു. 'കാരവൻ ടൂറിസം' എത്രവേഗമാണ് ലോകത്തിന്റെ ശ്രദ്ധയാകർഷിച്ചത്. ഇങ്ങനെ ഭാവനാപൂർണ്ണമായ കാഴ്ചപ്പാടുകളിലൂടെയും ആവിഷ്കാരത്തിലൂടെയും ടൂറിസം മേഖല മുന്നോട്ടുപോകുമ്പോൾ ഞാൻ നേരത്തെ സൂചിപ്പിച്ച വിനോദ

സഞ്ചാരമേഖലയെന്നതിനപ്പുറം നമ്മുടെ നാട് ഭാവിയിൽ അതിജീവിക്കാൻ പോകുന്ന വിദേശസമ്പത്തിന്റെ വരവിനെതന്നെ ഒരു കുതിച്ചുചാട്ടത്തിലേയ്ക്ക് എത്തിക്കുന്ന തരത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ മാറിയിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പാകട്ടെ, വിനോദസഞ്ചാര വകുപ്പാകട്ടെ, മറ്റേതൊരു വകുപ്പുമാകട്ടെ കേരളത്തെ അടുത്ത കാൽ നൂറ്റാണ്ടുകാലത്തേയ്ക്ക് ഇപ്പോൾതന്നെ എത്തിക്കുന്നതിനുവേണ്ടിയുള്ള ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ലക്ഷ്യം നഷ്ടപ്പെട്ട കപ്പിത്താൻ നയിക്കുന്ന കടലിൽ അലയുന്ന ലക്ഷ്യമില്ലാത്ത നൗക പോലെ കേരളത്തിലെ പ്രതിപക്ഷം മാറിയിരിക്കുകയാണ്.

റൂൾ 50 പ്രകാരമുള്ള നോട്ടീസിനെ ഗവൺമെന്റിന് ഭയമാണെന്ന് പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. യഥാർത്ഥത്തിൽ റൂൾ 50 പ്രകാരമുള്ള ഓരോ അടിയന്തരപ്രമേയ നോട്ടീസും അവതരിപ്പിക്കപ്പെടുന്നതോടുകൂടി പ്രതിപക്ഷം സ്വയം പരാജയപ്പെടുകയാണെന്ന് മനസ്സിലാക്കാനുള്ള സാമാന്യ രാഷ്ട്രീയ വിവേകം അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഓരോ റൂൾ 50-ലൂടെയും ഇവർ സ്വയം നഗ്നരാകപ്പെടുകയാണ്. പ്രതിപക്ഷത്തിന്റെ മുഖം തുറന്നുകാണിക്കാനുള്ള അവസരമായിട്ടാണ് റൂൾ 50-നെ ഗവൺമെന്റ് കാണുന്നത്. പക്ഷേ നിയമസഭാ നടപടിക്രമങ്ങളെ തുടർച്ചയായി

ലംഘിക്കാനും ചോദ്യം ചെയ്യാനും അപഹസിക്കാനുമായി റൂൾ 50 ഉപയോഗിക്കുമ്പോൾ അത് തീർച്ചയായും തടയപ്പെടേണ്ടതാണെന്ന അഭിപ്രായം മുന്നോട്ടുവയ്ക്കുകയാണ്. ഇന്നലെയാണ് പാചകവാതകത്തിന് വില വർദ്ധിപ്പിച്ചത്. ഇവിടെ പെട്രോളിനും ഡീസലിനും സെസ് ഏർപ്പെടുത്തിയപ്പോൾ, തെരുവിൽ പ്രക്ഷോഭത്തിന്റെ അഗ്നി കത്തിക്കാളുമെന്ന് പറഞ്ഞ് അക്രമസമരത്തിനും ചാവേർ ആക്രമണത്തിനും തുടക്കം കുറിച്ചവരാണിവർ. ചാടിച്ചാകാൻ വരുന്നവനെ എന്തിനാണ് നിങ്ങൾ ലാത്തികൊണ്ട് അടിക്കുന്നതെന്ന് ഇവിടെ പ്രതിപക്ഷനേതാവ് തന്നെ അബദ്ധത്തിൽ പറഞ്ഞുപോയതാണല്ലോ. പ്രക്ഷോഭങ്ങൾക്ക് ഒരു രാഷ്ട്രീയമുണ്ട്, ഒരു മുദ്രാവാക്യത്തിന്റെ അല്ലെങ്കിൽ ആവശ്യത്തിന്റെ പേരിൽ ആയിരങ്ങളെ ആവേശഭരിതരായി അണിനിരത്തി നടത്തുന്ന പ്രക്ഷോഭങ്ങൾ ഒരുപക്ഷേ പ്രതിലോമപരമായ ആശയമാകാം. മനുഷ്യജീവിതത്തിന് സഹായകരമായ ആവശ്യമാകാം. പക്ഷേ ആവേശഭരിതരായ ജനങ്ങളെ അണിനിരത്തുകയെന്നത് ഒരു പ്രതിപക്ഷത്തിന്റെ ദൗത്യമാണ്; അത് നിർവ്വഹിക്കാൻ കഴിയുന്നുണ്ടോ? പാത്തും പതുങ്ങിയും വന്ന് കരിങ്കൊടി കാണിച്ച് ക്യാമറയ്ക്ക് മുന്നിൽ പ്രകടനം നടത്തി തിരിച്ചുപോകുന്നു. ആത്മവഞ്ചനയുടെയും കാപട്യത്തിന്റെയും ഖദർ ധരിച്ച മുഖങ്ങളായി

കോൺഗ്രസ് മാറിയില്ലേ? ഇന്നലെ കെ.പി.സി.സി. പ്രസിഡന്റിന്റെ ഒരു പ്രസംഗമുണ്ടായിരുന്നു. ബഹുമാന്യനായ സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലാണ് നെയ്യാർഡാം സ്ഥിതി ചെയ്യുന്നത്. നെയ്യാർഡാമിലാണ് രാജീവ് ഗാന്ധിയുടെ നാമധേയത്തിലുള്ള പഠന ഗവേഷണ കേന്ദ്രം കോൺഗ്രസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ പ്രസിഡന്റായിരുന്ന ശ്രീമതി സോണിയ ഗാന്ധിക്കെതിരായി വക്കീൽ നോട്ടീസ് അയയ്ക്കുക മാത്രമല്ല കേസ് ഫയൽ ചെയ്യുകയും അത് അന്താരാഷ്ട്ര മാധ്യമങ്ങളിൽ വാർത്തയാവുകയും ചെയ്തു. കഠിനപ്രയത്നം മാത്രം കൈമുതലാക്കിയ ഞങ്ങളുടെ നാട്ടുകാരനായ കരാറുകാരനെ നിരന്തരമായി പറഞ്ഞ് വഞ്ചിക്കുകയും ചതിക്കുകയും ചെയ്തപ്പോൾ നിവൃത്തിയില്ലാതെയാണ് കേസ് ഫയൽ ചെയ്തത്. ആ കേസ് പണം കൊടുത്തുതീർക്കാമെന്ന് പറഞ്ഞ് ഒത്തുതീർപ്പാക്കി. മൂന്നരക്കോടി രൂപയുടെ ബാദ്ധ്യതയാണ്.

ഈ അടുത്ത കാലത്താണ് കെ.പി.സി.സി.-യുടെ ട്രഷറർ വി. പ്രതാപചന്ദ്രൻ മനംനൊന്ത് ഹൃദയംപൊട്ടി മരിച്ചത്. ഞങ്ങളുടെ നേതൃത്വത്തെ ഞങ്ങൾക്ക് വിശ്വാസമില്ല, ഞങ്ങൾക്ക് വിശ്വാസമുള്ളത്

കേരളത്തിന്റെ മുഖ്യമന്ത്രിയെയാണ്, അതുകൊണ്ട് മുഖ്യമന്ത്രി ഈ വിഷയത്തിൽ ഇടപെടണമെന്ന് വി. പ്രതാപചന്ദ്രന്റെ മകൻ പറയുകയുണ്ടായി. തുടർന്ന് അദ്ദേഹം ഈ കേസിൽ ഇടപെട്ടു. കഠിനാദ്ധ്വാനംമാത്രം കൈമുതലായുള്ള ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ചെറുപ്പക്കാരനായ കരാറുകാരൻ ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോഴാണ് ഒരുനുണ വീണ്ടും ജനങ്ങളോട് പറയുന്നത്. ആ ബാദ്ധ്യത ഞങ്ങൾ കൊടുത്ത് തീർത്തുവെന്നാണ് അവകാശപ്പെടുന്നത്. ഇത് കോൺഗ്രസിന്റെ ആഭ്യന്തര പ്രശ്നം മാത്രമല്ല. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലുണ്ടാകാൻ കഴിയുമെങ്കിൽ അതുണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 15-ാം കേരള നിയമസഭയുടെ 8-ാം സമ്മേളനത്തിൽ അവതരിപ്പിച്ച പൊതുമരാമത്ത്, തുറമുഖങ്ങൾ, വിനോദസഞ്ചാരം തുടങ്ങിയ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കഴിഞ്ഞ കുറച്ചുദിവസങ്ങളായി മുമ്പെങ്ങുമില്ലാത്ത രീതിയിൽ പ്രതിപക്ഷം സംസ്ഥാനത്താകെ പുകമറ സൃഷ്ടിച്ചുകൊണ്ട് വ്യാജപ്രചരണങ്ങളും വിവാദങ്ങളും കെട്ടഴിച്ചുവിടുകയാണ്. നമ്മുടെ സംസ്ഥാനത്ത് ദ്രുതഗതിയിൽ

അരങ്ങേറുന്ന വികസനവും വിജ്ഞാന സമ്പദ് വ്യവസ്ഥ പോലുള്ള പുത്തൻ ആശയങ്ങളും ചർച്ച ചെയ്യാനുള്ള സന്മനസോ സൗകര്യമോ പ്രതിപക്ഷം പ്രകടിപ്പിക്കുന്നില്ല. ഭരണപക്ഷം കൊണ്ടുവരുന്ന വികസന പ്രവർത്തനങ്ങളിലെയും നവീനപദ്ധതികളിലെയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും കൃത്യമായ വിമർശനങ്ങൾ ഉന്നയിക്കുകയും ചെയ്യുകയെന്ന പ്രതിപക്ഷധർമ്മം ഇവർ മറന്നിരിക്കുകയാണ്. വിവാദങ്ങളിൽ അഭിരമിക്കുന്ന ഒരുകൂട്ടം കണ്ടുഹോരികളായി ഇവർ മാറിയിരിക്കുകയാണ്. ഇത്തരത്തിൽ പലവിധ വ്യാമോഹങ്ങൾ നിറച്ച് പകർന്നാടുകയാണ്. പക്ഷേ പ്രബുദ്ധരായ ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്, മനസ്സിലാക്കുന്നുണ്ട്. ദേശീയപാത, മലയോര ഹൈവേ, തീരദേശപാത, കുതിക്കുന്ന വ്യവസായ സംരംഭങ്ങൾ, സ്മാർട്ട് വിദ്യാലയങ്ങൾ, സ്മാർട്ട് റേഷൻ കടകൾ, വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ ലക്ഷ്യമിട്ട് ദ്രുതഗതിയിൽ വികസിക്കുന്ന ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ, പൊതുജനാരോഗ്യം ലക്ഷ്യമാക്കി മുന്നേറുന്ന സർക്കാർ ആശുപത്രികൾ, പിന്നാക്ക വിഭാഗങ്ങൾക്കും ട്രാൻസ്ജെൻഡർമാർക്കും സ്ത്രീകൾക്കും പ്രത്യേക പരിഗണനകൾ, സാമൂഹ്യക്ഷേമ പെൻഷൻ, ഉണരുന്ന കാർഷികരംഗം, ഉയരുന്ന ലൈഫ് വീടുകൾ അങ്ങനെയുള്ള നിരവധി വികസന പ്രവർത്തനങ്ങളൊക്കെ കണ്ടാൽ

സഹിക്കാൻ പ്രതിപക്ഷത്തിനാകുമോ? കഴിഞ്ഞ വർഷം മാത്രം സമ്പദ് വ്യവസ്ഥയിൽ 12.1% വളർച്ച കൈവരിച്ചു, ഇപ്പോൾ അതിനേക്കാൾ ഉയർന്നുവരുന്നു. മാത്രമല്ല, ഇനിയുള്ള കാലങ്ങളിലും പ്രതിപക്ഷത്തിരിക്കുന്ന കാര്യം ആലോചിക്കാനേ കഴിയില്ലെന്ന ചിന്തയാണ് ഇവർക്കുള്ളത്. ഈ നാട്ടിലെ സാധാരണക്കാർ ഇതെല്ലാം മനസ്സിലാക്കുന്നുണ്ട്. ആലങ്കാരികമായ വാക്കുകൾകൊണ്ടോ അമിതമായ വൈകാരിക പ്രകടനങ്ങൾകൊണ്ടോ ഇതൊന്നും മറയ്ക്കുവാനോ മറികടക്കുവാനോ സാധ്യമല്ല. കാരണം, ഈ സർക്കാർ ജീവിക്കുന്നത് മന്ത്രിമന്ദിരങ്ങളിലോ സെക്രട്ടേറിയറ്റിലോ നിയമസഭയിലോ അല്ല, ജനങ്ങൾക്കിടയിലും ജനഹൃദയങ്ങളിലും ജനപക്ഷത്തുമാണ് അടിപതറാതെ അചഞ്ചലമായി നിലകൊള്ളുന്നതെന്ന് മനസ്സിലാക്കിയാൽ നന്ന്. സംസ്ഥാന ബജറ്റിനെക്കുറിച്ച് വളരെ ഗൗരവമേറിയ ചർച്ചകൾ നിയമസഭയിൽ നടന്നുകഴിഞ്ഞു. പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾ കേട്ടുകഴിഞ്ഞാൽ സംസ്ഥാന സർക്കാരിന്റെ ബജറ്റ് മാത്രമാണ് കഴിഞ്ഞ ദിവസങ്ങളിൽ അവതരിപ്പിക്കപ്പെട്ടതെന്ന തോന്നലാണുണ്ടാകുന്നത്. കേന്ദ്രസർക്കാർ അവതരിപ്പിച്ച ബജറ്റിനെക്കുറിച്ച് ഒരു കൃത്യമായ വിമർശനം പ്രതിപക്ഷത്തുള്ള ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഈ സഭ കണ്ടോ?

ഇപ്പോൾ ഇതാ പാചകവാതകത്തിന്റെ വില കുത്തനെ ഉയർത്തിയിരിക്കുന്നു. ഇവർക്കെന്തെങ്കിലും പറയാനുണ്ടോ; കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ ആസ്ഥാനമായ അമേരിക്കയിലെ ഒരു ആശ്രിതകേന്ദ്രമായി നമ്മുടെ രാജ്യത്തെ മാറ്റുന്ന സമീപനമാണ് നരേന്ദ്ര മോദി സർക്കാർ ഇപ്പോൾ തുടരുന്നത്. കേന്ദ്രസർക്കാർ സൃഷ്ടിക്കുന്ന ചട്ടക്കൂടിന് പുറത്ത് കാര്യമായ സാമ്പത്തിക നയരൂപീകരണ സ്വാതന്ത്ര്യം ഒരു സംസ്ഥാനത്തിനും സ്വീകരിക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരു ഭരണഘടനാ ബാധ്യതയായി മാത്രം ഇത് മാറുകയാണ്. കേരളം ഒരു രാജ്യമല്ല, ഇന്ത്യയിലെ ഒരു കൊച്ചുസംസ്ഥാനം മാത്രമാണ്. നമ്മളോടുള്ള കേന്ദ്രസർക്കാരിന്റെ കടുത്ത അവഗണനയ്ക്കുമുമ്പിലുള്ള നിങ്ങളുടെ മൗനം ഇനിയെങ്കിലും അവസാനിപ്പിക്കേണ്ടതുണ്ട്. സ്വിറ്റ്സർലണ്ടിലെ ദാവോസിൽ കഴിഞ്ഞ വർഷം നടന്ന ലോക സാമ്പത്തിക ഫോറത്തിൽ സ്വതന്ത്ര സന്നദ്ധ സംഘടനയായ ഓക്സ്ഫാം ഒരു പ്രത്യേക റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച പ്രസ്തുത റിപ്പോർട്ടിൽ നമ്മുടെ രാജ്യത്തെ സംബന്ധിക്കുന്ന ഞെട്ടിക്കുന്ന വിവരങ്ങളാണ് അവർ പുറത്തുവിട്ടത്. 1991-ൽ ഇന്ത്യയിലെ അതിസമ്പന്നരായ ഒരു ശതമാനം പേരുടെ ആകെ സ്വത്ത് സമ്പത്തിന്റെ 16.1 ശതമാനം മാത്രമായിരുന്നു. 2022-ൽ ഇത് 40

ശതമാനത്തിൽ കൂടുതലായിരിക്കുന്നു. അതിസമ്പന്നതയും അതിദാരിദ്ര്യവും അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ സാഹചര്യമാണ് മോദി സർക്കാർ സൃഷ്ടിച്ചിരിക്കുന്നത്. ഇതിൽനിന്നും വ്യത്യസ്തമായി ഒരു കൊച്ചുസംസ്ഥാനം മുന്നോട്ടുപോകുന്നുണ്ടെങ്കിൽ ഇവിടെ ഭരിച്ച ഇടതുപക്ഷ സർക്കാരുകളുടെ കൃത്യമായ നയപരിപാടികൾ കാരണമാണെന്ന് കാണാൻ കഴിയും. മറ്റൊന്ന്, പ്രശസ്ത ലോക സാമ്പത്തിക ശാസ്ത്രജ്ഞനായ ജോസഫ് യൂജിൻ സ്റ്റിഗ്ലിസിന്റെ ഒരു നിരീക്ഷണമുണ്ട്. Budget figures and printed documents do not match the quality of life in all over the world. ലോകത്ത് ഒരിടത്തും ബജറ്റിലെ കണക്കുകളും അച്ചടിച്ച രേഖയിലെ അക്കങ്ങളും മനുഷ്യന്റെ ശരിയായ ജീവിത ഗുണതയും തമ്മിൽ പൊരുത്തപ്പെടാറില്ല എന്നതാണ്. ഡോ. അമർത്യസെന്നും ഇതേ നിരീക്ഷണം മുന്നോട്ടുവച്ചിട്ടുണ്ട്. ഇത് ഏത് ബജറ്റിനും ബാധകമായ ഒരു പൊതുവായ ദൗർബല്യമാണ്. പക്ഷേ ഇത് ബജറ്റിന്റെ പ്രാധാന്യം കുറയ്ക്കുന്നുമില്ല. കഴിയുന്നത്ര കടമില്ലാതെ വരവും ചെലവും കൂട്ടിമുട്ടിക്കുന്ന കേവലം സാമ്പത്തിക പ്രവർത്തനവുമല്ല ഇത്. സംസ്ഥാനത്തിന്റെ ബജറ്റ് എല്ലാ പരിമിതികൾക്കിടയിലും നാളത്തെ കേരളം മുന്നിൽക്കണ്ട് പ്രശ്നങ്ങളും സാധ്യതകളും വസ്തുതാപരമായി വിലയിരുത്തി നടത്തുന്ന ഒരു

സാമ്പത്തികാസൂത്രണമാണ്. ആ അർത്ഥത്തിലാണ് സംസ്ഥാന സർക്കാരിന്റെ ബജറ്റും ഇപ്പോൾ ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യാർത്ഥനകളുമെല്ലാം ശ്രദ്ധേയമാകുന്നത്. കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണനയും സംസ്ഥാനങ്ങൾക്ക് സാമ്പത്തിക അധികാരങ്ങളില്ലാതാക്കുന്ന നയങ്ങളും ഇടതുപക്ഷ ബദലിലൂടെ പ്രതിരോധിക്കുകയെന്ന ശ്രമകരമായ ദൗത്യമാണ് ഇവിടെ നിർവ്വഹിച്ചത്. ഫെഡറൽ തത്വങ്ങളെ അടിച്ചമർത്തിക്കൊണ്ട് 'ഒരു രാജ്യം, ഒരു സർക്കാർ' എന്ന ജനാധിപത്യവിരുദ്ധമായ ആശയം അവർ നടപ്പാക്കുകയാണ്. കേരളത്തെ ഞെക്കിക്കൊല്ലുന്ന ഉദ്യമങ്ങൾ ഒന്നിനുപുറകെ ഒന്നായി അവർ നടത്തിക്കൊണ്ടിരിക്കുന്നു. ഇതെല്ലാം കണ്ടിട്ടും കണ്ടില്ല, കേട്ടില്ല എന്നമട്ടിൽ ഒരു നിഷ്പക്ഷതാ നാട്യവുമായി പ്രതിപക്ഷം മുന്നേറുകയാണ്. പ്രിയപ്പെട്ട കവി സച്ചിദാനന്ദന്റെ 'നിഷ്പക്ഷത' എന്നൊരു കവിതയുണ്ട്. പ്രതിപക്ഷത്തിന് നന്നായി അത് ചേരും.

"നിഷ്പക്ഷത

കയ്യാലപ്പുറത്തെ തേങ്ങയുടെ

താടിക്ക് കയ്യും കൊടുത്തുള്ള ഇരിപ്പാണെങ്കിൽ

ഞാനതു പൊതിച്ചു നോക്കിയിട്ടില്ല" - ഇതാണ് പ്രതിപക്ഷത്തെ സംബന്ധിച്ച് ഏറ്റവും അർത്ഥവത്തായ വാക്യമെന്ന് ഞാൻ കരുതുകയാണ്. പ്രിയപ്പെട്ട ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്ന ആപ്തവാക്യവുമായി പൊതുമരാമത്ത് വകുപ്പ് അതിവേഗം ജനകീയവത്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് രണ്ട് നിർദ്ദേശങ്ങൾ സഭമുമ്പാകെ ഞാൻ വയ്ക്കുകയാണ്. ഒന്നാമതായി പറയാനുള്ളത്, പൊതുമരാമത്ത് വകുപ്പ് Project Information and Cost Estimation (PRICE) സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന വിവിധതരം എസ്റ്റിമേറ്റുകൾ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിലല്ല രൂപപ്പെടുത്തിയിട്ടുള്ളത്. ലളിതമായ നാടൻ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്തുകൊണ്ട് ഇത് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നാണ് മനസ്സിലാക്കുന്നത്. സാധാരണ ജനങ്ങളുപയോഗിക്കുന്ന സാങ്കേതികപദങ്ങൾ ഇംഗ്ലീഷിലാണെങ്കിൽ ഇംഗ്ലീഷിലുള്ള വാക്ക് മലയാളത്തിലെഴുതിയോ കഴിയാവുന്നത്ര വാചകങ്ങൾ ലളിത മലയാളത്തിലേയ്ക്ക് മാറ്റിയോ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കുകയാണെങ്കിൽ ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും നിക്ഷിപ്തതാല്പര്യങ്ങളും ഗൂഢമായ നീക്കങ്ങളുമൊക്കെ മറികടക്കാൻ കഴിയും.

രണ്ടാമത്, നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകതകൾക്ക് കാരണമായിത്തീരുന്നത് പലപ്പോഴും ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ്. ഈ അഴിമതികൾ പിടിക്കപ്പെടുമ്പോൾ കരാറുകാർ മാത്രമല്ല ഉദ്യോഗസ്ഥരും അതുസംബന്ധിച്ച് കൃത്യമായ ഉത്തരം പറയാൻ കഴിയുന്ന രീതിയിൽ കർശന നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. മറ്റൊരു കാര്യം, കേരളത്തിലെ ദേശീയപാതയുടെ വികസനം വളരെ മാതൃകാപരമായി ഏറ്റവും വേഗത്തിൽ മുന്നോട്ടുപോകുകയാണ് എന്നതാണ്. കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ഈ ആവശ്യങ്ങളോടൊപ്പംതന്നെ ദേശീയപാത നിർമ്മിക്കപ്പെടുന്ന സ്ഥലത്തിന്റെ അരികിൽ പുതുതായി വീടുകൾ നിർമ്മിക്കുന്നതിന് പ്രത്യേക അനുമതി വാങ്ങണമെന്ന് ഇപ്പോൾ എൻ.എച്ച്.എ.ഐ. ശഠിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കാനുള്ള പ്രത്യേക ശ്രദ്ധയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് നേരത്തെ സബ്മിഷനിലൂടെ ഉന്നയിക്കപ്പെട്ട കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. കടലാക്രമണവുമായി ബന്ധപ്പെട്ട ടെട്രാപോഡുകൾ നിർമ്മിക്കാനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തണം. അതുപോലെ കയ്പമംഗലത്തെ മിനി ഹാർബറുമായി ബന്ധപ്പെട്ട ആദ്യഘട്ട ജോലികൾ 2013-ൽ ആരംഭിച്ചതാണ്.

അതിപ്പോഴും എങ്ങുമെത്തിയിട്ടില്ല. ആയതിനാൽ തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രിയിൽനിന്നും അതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ രാജ്യം നേരിടുന്ന മുഴുവൻ പ്രതിസന്ധികളെയും ഉൾക്കൊണ്ടുകൊണ്ട് വർഗ്ഗീയ ശക്തികൾക്കുമുമ്പിൽ തലകുനിക്കാതെ, നെഞ്ചിടറാതെ, ഭാവനാസമ്പന്നമായ നിരവധി പരിപാടികളുമായി മുന്നോട്ടുപോകുന്ന ഈ സർക്കാരിന്, അചഞ്ചലമായി നമ്മെ നയിക്കുന്ന ഇടതുപക്ഷ സർക്കാരിന് ജനങ്ങളുടെ പിന്തുണയുണ്ട്. ഇന്ന് തെരഞ്ഞെടുപ്പ് ഫലം വന്നിട്ടുള്ള ത്രിപുര സംസ്ഥാനത്തിലൂൾപ്പെടെ എത്ര നല്ലരീതിയിലാണ് നമ്മുടെ പ്രസ്ഥാനം തിരിച്ചുവരുന്നതെന്ന കാഴ്ച നമ്മളെയെല്ലാവരെയും സന്തോഷിപ്പിക്കുന്നതും അഭിമാനം നൽകുന്നതുമാണ്. അതാണ് നമ്മുടെ ശക്തിയും ഊർജ്ജവും. അതുതന്നെയാകണം സാധാരണക്കാരുടെ കണ്ണീരൊപ്പാനുള്ള ഭരണപക്ഷത്തിന്റെ ഊർജ്ജവും നിലയ്ക്കാത്ത ആത്മവിശ്വാസത്തിന്റെ ഉറവിടവുമെന്ന് കൂട്ടിചേർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഈ ചർച്ച നടക്കുമ്പോൾ അപ്പുറത്ത് പ്രതിപക്ഷമില്ല. എന്തുകൊണ്ടാണ് പ്രതിപക്ഷം ഈ ചർച്ചയിൽ പങ്കെടുക്കാത്തതെന്ന് ഞാൻ

ചിന്തിക്കുകയുണ്ടായി. ഇന്നത്തെ ചർച്ച പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖം എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ടാണ്. 2016 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിലെ എല്ലാ മേഖലകളെയുംപോലെ ഈ മൂന്ന് മേഖലകളിലും വളർച്ചയും മുന്നേറ്റവും ഉണ്ടായി. ഈ വിഷയങ്ങളെക്കുറിച്ച് ഒരുതരത്തിലും വിമർശനം ഉന്നയിക്കാൻ കഴിയാത്ത നിലയിലുള്ള വളർച്ച കൈവരിച്ചതുകൊണ്ട് ചർച്ചയിൽ പങ്കെടുക്കാതെ സഭയിൽനിന്നും ഒളിച്ചോടുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുനിന്നും വ്യത്യസ്തമായി കടുത്ത പ്രതിസന്ധികൾ ഈ കാലഘട്ടത്തിൽ സൃഷ്ടിക്കപ്പെട്ടപ്പോൾ അതിനെയെല്ലാം തരണം ചെയ്തുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്ന കാര്യം സൂചിപ്പിക്കുകയാണ്. കോവിഡും നിപ്പയും പ്രളയവുമൊക്കെ സൃഷ്ടിച്ച പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് എല്ലാ മേഖലയിലും വളർച്ച കൈവരിക്കുമ്പോൾ അതിനെതിരെ ഒന്നും പറയാനില്ലാതെ എന്തെങ്കിലും ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ഇറങ്ങിപ്പോകുക എന്നതുമാത്രമാണ് പ്രതിപക്ഷത്തിന്റെ ജോലി. താമസിയാതെ പ്രതിപക്ഷമില്ലാതാകുന്ന നിലയിലേയ്ക്ക് കേരളത്തിൽ

ഇടതുപക്ഷത്തിന്റെ മാത്രം ഭരണമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തെ സർവ്വതലസ്പർശിയായ വികസനത്തിന് അടിസ്ഥാന സൗകര്യമേഖലയ്ക്ക് നിർണ്ണായക പങ്കുണ്ട്. അഭിമാനകരമായ നിരവധി പദ്ധതികളുടെ പൂർത്തീകരണം ഇതിന്റെ ഭാഗമായി നടക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുനിന്നും ഈ ഗവൺമെന്റിന്റെ കാലത്തേയ്ക്ക് എത്തുമ്പോൾ ഇരട്ടി ശക്തിയിലാണ് വികസനം നടക്കുന്നതെന്ന് കാണാം. നമ്മുടെ ദേശീയ-തീരദേശ-മലയോരപാത വികസനം, ഔട്ടർറിംഗ് റോഡുകൾ എന്നിവയെക്കുറിച്ചെല്ലാം ഇവിടെ സൂചിപ്പിച്ചു. കേരളത്തിൽ ഗ്രാമ/നഗര വ്യത്യാസമില്ലാതെ എല്ലായിടത്തും വികസനം അതിവേഗം നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്കാണ് ഈ ഗവൺമെന്റ് നേതൃത്വം നൽകുന്നത്. സംസ്ഥാനത്തെ റോഡുകളെല്ലാംതന്നെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയരുന്ന കാഴ്ച നാം കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് നാഴികക്കല്ലാകുന്ന വിവിധ പദ്ധതികളെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഈ വികസനങ്ങളെല്ലാം ജനങ്ങൾ ഏറ്റെടുക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നതുകൊണ്ടാണ് വീണ്ടും വീണ്ടും ഇടതുപക്ഷ ഗവൺമെന്റിന് ശക്തമായ പിന്തുണ ഈ ബജറ്റിനുൾപ്പെടെ ജനങ്ങൾ

നൽകുന്ന സാഹചര്യമുണ്ടാകുന്നത്. തീർച്ചയായും പൊതുമരാമത്ത് വകുപ്പ് അഭിമാനകരമായ നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്. അവ കൃത്യമായ അവലോകനത്തിലൂടെയും വിശകലനത്തിലൂടെയും ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിലൂടെയും നടപ്പിലാക്കുന്നതിനും ശരിയായ രീതിയിൽ പരിപാലിക്കുന്നതിനും പൂർണ്ണമായും പൊതുമരാമത്ത് വകുപ്പ് വിജയിക്കുന്നുവെന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. സംസ്ഥാനത്തെ പൊതുഗതാഗതത്തിന്റെ 80 ശതമാനവും റോഡുകളിലൂടെയാണ് നിർവ്വഹിക്കുന്നത്. ആ ഗതാഗത ശൃംഖലയുടെ വികസനമില്ലാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നൊരു സാഹചര്യമല്ല ഇന്നുള്ളത്. എന്തൊക്കെ പ്രതിബന്ധങ്ങളുണ്ടായാലും ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുകൊണ്ടുപോകുകതന്നെ ചെയ്യുമെന്നുള്ള നിശ്ചയദാർഢ്യം ഈ ഗവൺമെന്റിനുണ്ട്. 2025 ആകുമ്പോൾ ആറുവരിയിൽ തീർത്ത തലപ്പാടിമുതൽ കളിയിക്കാവിളവരെയുള്ള ദേശീയപാത അന്താരാഷ്ട്ര നിലവാരത്തിൽ പൂർത്തിയാകുമ്പോൾ ലോകത്തിന് മുന്നിൽ മറ്റൊരു വികസന മാതൃകയ്ക്കുകൂടി സംസ്ഥാനം സാക്ഷ്യംവഹിക്കുകയാണ്. ഗ്രാമപാതകളെല്ലാം വലിയ നിലവാരത്തിൽ മാറുന്ന സാഹചര്യമുണ്ടാകുന്നു. നിർമ്മാണ സാങ്കേതികവിദ്യകളിൽ പുതിയ പരീക്ഷണങ്ങൾ നടത്തുമ്പോൾ

കേരളത്തിന്റെ റോഡുകൾ ആ വികസനത്തിന്റെ രക്തനാഡികളായി മാറുന്ന സാഹചര്യവും സൃഷ്ടിക്കപ്പെടുകയാണ്. ദേശീയപാതയും മലയോര പാതയും തീരദേശപാതയുമൊക്കെ വികസനത്തിന്റെ പുതിയ പൂൽനാമ്പുകൾ നമ്മുടെ നാടിനുണ്ടാക്കുന്ന സാഹചര്യമുണ്ടാകും. സംസ്ഥാന സർക്കാർ വഹിക്കുന്ന നിർലോഭമായ പങ്കുകൊണ്ടാണ് ദേശീയപാതയുടെ സ്ഥലമേറ്റെടുക്കലുൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തുനൽകിയതെന്ന് കേന്ദ്ര മന്ത്രിതന്നെ പറയുകയുണ്ടായി. ഇക്കാര്യം നേരത്തെ എത്രയോ തവണ ചർച്ച ചെയ്തിട്ടുള്ളതാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം ഉപേക്ഷിച്ചുപോകുന്ന സാഹചര്യമുണ്ടായി. ഒരുതരത്തിലും മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായപ്പോൾ ഓഫീസടക്കം അടച്ചുപൂട്ടി അവർ കേരളം വിട്ടുപോകുന്ന സ്ഥിതിയുണ്ടായി. യൂട്യൂബൊക്കെ സെർച്ച് ചെയ്യുമ്പോൾ എല്ലാ ദിവസവും ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട ചർച്ചകൾ യൂട്യൂബർമാർ ആഘോഷിക്കുകയാണെന്ന് കാണാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമായാണ് ഇത്തരം മാറ്റങ്ങളുണ്ടായത്. 590 കിലോമീറ്റർ ദൈർഘ്യമുള്ള

കടൽത്തീരമാണ് നമുക്കുള്ളത്. തീരപ്രദേശത്തായി 200-ലധികം ഗ്രാമപഞ്ചായത്തുകളും 11 മുനിസിപ്പാലിറ്റികളും നാല് കോർപ്പറേഷനുകളുമുണ്ട്. ജനസംഖ്യയുടെ 30 ശതമാനം ജീവിക്കുന്നത് തീരദേശ ജില്ലകളുടെ ഭാഗമായി വരുന്ന സ്ഥലങ്ങളിലാണ്. തീരദേശ ജനതയുടെ പ്രധാന തൊഴിലും ഉപജീവനവും മത്സ്യബന്ധനവും മത്സ്യസംസ്കരണവും രാസവ്യവസായവും ഖനനവും ടൂറിസവുമെല്ലാമാണ്. അവിടത്തെ കായലുകളെയും ബീച്ചുകളെയുമൊക്കെ വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി രൂപപ്പെടുന്ന 629 കിലോമീറ്റർ നീളമുള്ള തീരദേശ ഹൈവേ നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പുതിയ വളർച്ചയുണ്ടാക്കുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നു. ഇത്തരം സമ്പദ് വ്യവസ്ഥയുണ്ടാകണമെങ്കിൽ നല്ല കണക്ടിവിറ്റിയുണ്ടാകണം. അതിനായി തീരദേശ ഹൈവേയിലൂടെ സാമൂഹികവും സാമ്പത്തികവുമായ വികസനവും വളർച്ചയും കൈവരിക്കുന്നതിനാവശ്യമായ സാഹചര്യമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിർമ്മാണ കരാർ കാലാവധി കഴിഞ്ഞ സംസ്ഥാന റോഡുകളുടെ തകരാർ പരിഹരിക്കാൻ മുൻകൂർ കരാർ ഉറപ്പാക്കി മുന്നോട്ടുപോകുന്ന

സാഹചര്യമുണ്ടാകണം. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി റോഡുകളുടെ പരിപാലനം കൃത്യമായി ഉറപ്പുവരുത്തുന്ന സാഹചര്യമുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്തും അവരെക്കൂടി പങ്കാളികളാക്കിയുമാണ് ഇതൊക്കെ സംഘടിപ്പിക്കുന്നത്. ഇതൊരു ശ്രദ്ധേയമായ നേട്ടംതന്നെയാണ്. ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണെന്ന് ഉറക്കെ വിളിച്ചുപറയുകയാണ്. ആ മുദ്രാവാക്യമാണ് മുന്നോട്ടുവയ്ക്കുന്നത്. ഈ പ്രവർത്തനങ്ങൾ അവരുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കുന്നതുകൊണ്ട് വലിയ ജനപിന്തുണ ഇതിന്റെ ഭാഗമായുണ്ടാകുകയാണ്. റിംഗ് റോഡ് പദ്ധതി, PWD 4U ആപ്പ് പോലുള്ള പുതിയ പദ്ധതികൾ എന്നിവ ജനകീയ അംഗീകാരം നേടുന്നുവെന്നുള്ളതും ഏറെ പ്രധാനപ്പെട്ടതാണ്. പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകളുടെ ഇപ്പോഴത്തെ പ്രവർത്തനം എങ്ങനെയാണ്? ഒരുകാലത്ത് പൊതുജനങ്ങൾക്ക് അപ്രാപ്യമായിരുന്ന റെസ്റ്റ് ഹൗസുകൾ ഇന്ന് ജനങ്ങളുടെ റെസ്റ്റ് ഹൗസുകളായി മാറിയിരിക്കുകയാണ്. അവ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുന്നു. ജനങ്ങളാണ് ഭരണാധികാരിയെന്നുള്ള കാഴ്ചപ്പാടോടുകൂടി പൊതുമരാമത്ത് വകുപ്പ് ഈ ജനാധിപത്യ വ്യവസ്ഥ നടപ്പാക്കിയെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഇതുവഴി സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കാൻകൂടി പി.ഡബ്ല്യു.ഡി. റെസ്റ്റ്

ഹൗസുകൾക്കും ടൂറിസം വകുപ്പിനും സാധിച്ചത് മാതൃകാപരമാണ്. ഏകദേശം 500-ലധികം പാലങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ പാലങ്ങളുടെ നവീകരണവും സൗന്ദര്യവൽക്കരണവും പ്രധാനപ്പെട്ടതാണ്. വിവിധ വർണ്ണങ്ങളോടുകൂടിയ ലൈറ്റുകളൊക്കെ സ്ഥാപിക്കുമ്പോൾ കായംകുളത്തെ പാലം കാണാൻ വൻജനക്കൂട്ടം ഒഴുകിവരുന്ന ഒരു സാഹചര്യമുണ്ടാകും. ടൂറിസം രംഗത്ത് രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഒരു ഉദ്യമം ഇതിന്റെ ഭാഗമായുണ്ടാകുകയാണ്. ഇപ്പോൾ പുതിയ ഡിസൈൻ പോളിസിയുണ്ടാകുന്നു. Future by design എന്ന നിലയിലേയ്ക്ക് ഡിസൈൻ ഹബ്ബായി കേരളത്തിനെ മാറ്റുന്ന സാഹചര്യം ഇതിന്റെ ഭാഗമായുണ്ടാകുകയാണ്. പാലങ്ങൾക്കും റോഡുകൾക്കും പൊതുമരാമത്ത് കെട്ടിടങ്ങൾക്കും തെരുവുകൾക്കുമൊക്കെ ഒരു പുതിയ ഡിസൈൻ ഏർപ്പെടുത്തുകയാണ്. അതിന്റെ ഭാഗമായി വലിയ മാതൃകകൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. ലോകപ്രശസ്തമായ ന്യൂയോർക്ക് ടൈംസ്, ലോകത്ത് കണ്ടിരിക്കേണ്ട 50 ടൂറിസം കേന്ദ്രങ്ങളിലൊന്നായി ഇന്ത്യയിൽനിന്നുതന്നെ നമ്മുടെ കൊച്ചു കേരളത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ലോകം കേരളത്തിലേയ്ക്ക് ഓടിയെത്തുന്നൊരു കാലത്താണ് നാം ജീവിക്കുന്നതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഇടതുപക്ഷ ജനാധിപത്യമുന്നണി

ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾ ലോകമാകെ കേരളത്തിലേയ്ക്ക് ഒഴുകിയെത്തുന്ന സാഹചര്യമുണ്ടാകുന്നു. നമ്മുടെ കൊച്ചുകേരളം ടൂറിസം രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിൽത്തന്നെ ശ്രദ്ധിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നു. ഉത്തരവാദിത്ത ടൂറിസം, കാരവൻ ടൂറിസം, പൈതൃക ടൂറിസം, സ്ത്രീ-സൗഹൃദ ടൂറിസം, നൈറ്റ് ലൈഫ് തുടങ്ങി വിപുലമായ സാധ്യതകൾ കൃത്യമായി വിനിയോഗിക്കപ്പെട്ടതിലൂടെ ഈ നേട്ടങ്ങളൊക്കെ നമുക്ക് സാധ്യമാകുന്ന സാഹചര്യമുണ്ടായി. സുരക്ഷിതമായി, സന്തോഷത്തോടെ കണ്ടാസ്വദിച്ച് മറ്റൊരിടത്തേയ്ക്ക് മടങ്ങാൻ കഴിയുന്ന, ഏറ്റവും സന്തോഷകരമായി കാണാൻ കഴിയുന്ന ഇടമായി കേരളം മാറിയിരിക്കുന്നു. ഇതിന്റെ ഭാഗമായി 1.88 കോടി ആഭ്യന്തര സഞ്ചാരികൾ കേരളത്തിലെത്തിയെന്നത് കണക്കുകൾ വ്യക്തമാക്കുകയാണ്. ഉത്തരവാദിത്ത ടൂറിസത്തിനായുള്ള വിനോദസഞ്ചാര വകുപ്പിന്റെ ശ്രമങ്ങളെ അഭിനന്ദിക്കാതെ തരമില്ല.

വനിതാ സൗഹൃദ ടൂറിസമുൾപ്പെടെയുള്ള നിരവധി പദ്ധതികൾ നടപ്പാക്കിക്കൊണ്ട് നമ്മുടെ നാടിനെ മറ്റൊരു തരത്തിലേയ്ക്ക് മാറ്റിയെടുക്കുകയാണ്, വികസിതമായ നാടാക്കി മാറ്റുകയാണ്. സ്കാൻഡിനേവിയൻ രാജ്യങ്ങളെക്കുറിച്ചൊക്കെ പറയുന്നതുപോലെ കേരളവും

അത്തരത്തിലേയ്ക്ക് മാറുകയാണെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. സത്യം പറയാതിരിക്കാൻ കഴിയാത്തതുകൊണ്ടും അസത്യം പറയാൻ താൽപ്പര്യമില്ലാത്തതുകൊണ്ടുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷം സഭവിട്ട് പുറത്തുപോയത്. കാരണം, പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ അവരുടെയൊക്കെ നിയോജകമണ്ഡലങ്ങളിലൂൾപ്പെടെ കാണുന്ന വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതിപക്ഷത്തിരുന്നുകൊണ്ട് പറയാനുള്ള ധാർമ്മികമായ ബുദ്ധിമുട്ടുകൊണ്ടായിരിക്കാം ആ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഈ വേദിവിട്ടുതന്നെ പോയേക്കാമെന്ന് അവർ ഉദ്ദേശിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. മലയാളത്തിലെ മനോഹരമായ ഒരു കവിതയിൽ "ആരാകിലെന്ത് മിഴിയുള്ളവർ നോക്കി നിന്നിരിക്കാം" എന്നുപറയുന്നതുപോലെ കേരളത്തിലെ പൊതുമരാമത്ത് വകുപ്പിൽ വളരെയേറെ മാറ്റങ്ങൾ, പ്രത്യേകിച്ച് ഗതാഗത മേഖലയിലുണ്ടായിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതൊരു യാഥാർത്ഥ്യമാണ്. പുതിയ കാലത്തിന്റെ വെല്ലുവിളികളെയും യാഥാർത്ഥ്യങ്ങളെയും തിരിച്ചറിഞ്ഞ് അതിനനുസരിച്ചുള്ള ക്രിയാത്മകമായ ഇടപെടൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. നമ്മളെല്ലാവരും അതിന്റെ ദൃക്സാക്ഷികളാണ്. റോഡുകളുടെ ശാസ്ത്രീയമായ പരിപാലനവും ആധുനികവത്കരണവുമെല്ലാം കേരളത്തിലുടനീളം നടന്നുകൊണ്ടിരിക്കുന്ന വലിയൊരു പ്രക്രിയയുടെ ഭാഗമാണ്. ആ നേട്ടങ്ങളെ തൊട്ടറിയാത്ത ഒരു മലയാളിപോലുമുണ്ടാകില്ല. ഓരോ സ്ഥലങ്ങളിലേയ്ക്കും കടന്നുവരുമ്പോൾ ആളുകൾ വളരെ സന്തോഷത്തോടുകൂടി അത് പറയുകയാണ്. റോഡ് വികസനത്തിന് 8,957 കോടി രൂപയുടെ ഭരണാനുമതി നൽകിയെന്നത് ചരിത്ര നേട്ടമല്ലെന്ന് പറയാൻ കഴിയുമോ; അതിൽത്തന്നെ ഏതാണ്ട് 3285 കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലുള്ളതാണ്. ഒരു കാലഘട്ടത്തിൽ അത്തരത്തിലുള്ള റോഡുകൾ സിറ്റികളിൽ മാത്രമാണ് കണ്ടുവന്നിരുന്നത്. ഇപ്പോൾ അങ്ങയുടെ നിയോജകമണ്ഡലത്തിലുൾപ്പെടെയുള്ള റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് മാറിയെന്നുള്ളതും പുതിയ സാധ്യതകൾ തിരിച്ചറിഞ്ഞുവെന്നതും വലിയൊരു കാര്യമാണ്. പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച് നമ്മൾ പറയുന്നതിനപ്പുറത്തേയ്ക്ക് പ്ലാസ്റ്റിക് ബിറ്റുമിനും

കൃഷിക്കാരെ സഹായിക്കുന്ന തരത്തിലുള്ള ലാറ്റക്സ് ബിറ്റുമിനും ഉപയോഗിച്ചുള്ള പുതിയ നിർമ്മിതികൾ ഈ രംഗത്ത് കടന്നുവരികയാണ്. അതോടൊപ്പംതന്നെ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു. ഒരുപക്ഷെ കേരളത്തിന്റെ ചരിത്രത്തിൽ റോഡുകളുടെ ശാസ്ത്രീയമായ സർവ്വേ നടത്തുന്നൊരു സംഭവമുണ്ടായിട്ടുണ്ടാകില്ല. റോഡുകളുടെ ശാസ്ത്രീയമായ സർവ്വേ പൂർത്തീകരിക്കുമ്പോൾ വലിയൊരു മാറ്റമുണ്ടാകും. പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം പി.ഡബ്ല്യു.ഡി.-യിൽ നടപ്പാക്കി പദ്ധതിയുടെ ഓരോ ഘട്ടത്തിലുമുള്ള പുരോഗതി വളരെ കൃത്യമായി വിലയിരുത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. അക്കാര്യത്തിൽ എം.എൽ.എ. എന്ന നിലയിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എം.എൽ.എ.-മാർ ഓരോ വികസന പ്രവർത്തനങ്ങളെയും കൃത്യമായി മോണിറ്റർ ചെയ്യുകയും അറിയുകയും ചെയ്യുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. ആ മാറ്റം വളരെ പ്രധാനപ്പെട്ടതാണ്. ഇതിൽ ഏറ്റവും പ്രാധാന്യത്തോടുകൂടി ഞാൻ കാണുന്നൊരു കാര്യമുണ്ട്. ആലത്തൂരിനടുത്തുള്ള പന്നിയൂർ ക്ഷേത്രം പെരുന്തച്ചന്റെ ഉളി സൂക്ഷിച്ചിരിക്കുന്ന സ്ഥലമാണെന്നാണ് വിശ്വാസം. ഒരിക്കലും അവിടത്തെ പണി അവസാനിക്കില്ലെന്നതാണ് ആ

ക്ഷേത്രത്തിന്റെ പ്രത്യേകത. അത് പണ്ട് പെരുന്തച്ചൻ നൽകിയ വരമാണ്. ഇന്നും അവിടെ പണി നടക്കുന്നുണ്ടെന്നാണ് വിശ്വാസം. പൊതുമരാമത്ത് വകുപ്പിലെ കെട്ടിടങ്ങളുടെ കാര്യവും അങ്ങനെയായിരുന്നു. കെട്ടിടം നിർമ്മിച്ച് കുറേക്കാലം കഴിഞ്ഞാണ് ഇലക്ട്രിസിറ്റി ലൈൻ വലിക്കുന്ന കാര്യവും വൈദ്യുതിയുടെ കാര്യവുമൊക്കെ ഓർമ്മ വരുന്നത്. ആ സമയത്ത് അതെല്ലാം തല്ലിപ്പൊളിക്കുന്നു. വീണ്ടും പുതിയ പണി നടക്കുന്നു. ഒരിക്കലും ഇത് പൂർത്തീകരിക്കുന്നില്ല. കോമ്പോസിറ്റ് ടെണ്ടർ സംവിധാനത്തെ സംബന്ധിച്ച് എത്രയോ കാലങ്ങളായി പറയുന്നു. അതിന് ഒരുപാടാളുകൾ തടസ്സമുണ്ടാക്കിയെന്നത് യാഥാർത്ഥ്യമാണ്. പക്ഷെ, പി.ഡബ്ല്യു.ഡി. മാന്വലിൽ ആവശ്യമായ മാറ്റം വരുത്തിക്കൊണ്ട് കോമ്പോസിറ്റ് ടെണ്ടർ എന്ന ആശയം കേരളത്തിൽ നടപ്പാക്കി നിർമ്മാണം പൂർത്തീകരിക്കാനും അതിനെ ഏറ്റവും മനോഹരമാക്കാനും കഴിഞ്ഞു. പ്രത്യേകിച്ച്, പി.ഡബ്ല്യു.ഡി. കെട്ടിടങ്ങളെ കുറിച്ചുള്ള പരാതികൾ നമുക്കറിയാം. യാതൊരു സൗന്ദര്യവൽക്കരണവുമില്ലാത്ത കെട്ടിടങ്ങളായിരുന്നു. ഇന്ന് പുതിയ ഡിസൈനും ആധുനികവും വൈവിദ്ധ്യവുമാർന്ന മാറ്റങ്ങളും കൊണ്ടുവന്ന് കാഴ്ചയ്ക്ക് കുറേക്കൂടി മനോഹരങ്ങളായ കെട്ടിടങ്ങളാക്കി മാറ്റിയിരിക്കുകയാണ്. ഒരു കാലഘട്ടത്തിലെ നമ്മുടെ പൈതൃക കെട്ടിടങ്ങളുടെ അതേ സാധ്യതകളെ

തിരിച്ചറിഞ്ഞുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഇക്കാര്യത്തിലുണ്ടാകുന്നു. അതുകൊണ്ട് കോമ്പോസിറ്റ് ടെണ്ടർ എന്നത് ഏറ്റവും സന്തോഷകരവും പ്രധാനപ്പെട്ടതുമാണ്.

ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പി.ഡബ്ല്യൂ.ഡി.-യിലെ വികസന പ്രവർത്തനങ്ങൾക്ക് പല വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി തടസ്സങ്ങൾ കാലാകാലങ്ങളിലുണ്ടാകുന്നുണ്ട്. അത് പരിഹരിക്കാനുള്ളൊരു ഏകോപനം ഇക്കാര്യത്തിലുണ്ടായി എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നല്ല കരാറുകാരെ അംഗീകരിക്കുകയും അവർക്ക് ഇൻസെന്റീവ് നൽകുകയും ചെയ്യുന്നതിനെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ ഈ രംഗത്ത് ഇപ്പോഴും ചില കറുത്ത കുതിരകളില്ലെന്ന് പറയാതിരിക്കാൻ കഴിയില്ല. പ്രവൃത്തി ഏറ്റെടുത്തതിനുശേഷം സമയബന്ധിതമായി പൂർത്തീകരിക്കാതെ കാലതാമസം വരുത്തുന്ന ആളുകളുമുണ്ട്. അവരെ തിരിച്ചറിഞ്ഞ് അവർക്കെതിരെ ശക്തമായ നടപടികളുണ്ടാകണമെന്നതാണ് പ്രധാനപ്പെട്ട കാര്യം.

മറ്റൊരു കാര്യം, റോഡരികിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ട്രീ കമ്മിറ്റിയുടെ മുന്നിലാണ് വരുന്നത്. ട്രീ കമ്മിറ്റിയിൽ പി.ഡബ്ല്യു.ഡി.-യുടെ നോമിനി ഇല്ലാത്തതുകൊണ്ട് പലപ്പോഴും ഇക്കാര്യങ്ങൾ പറയാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. അത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. റോഡ് കണക്റ്റിവിറ്റിയുടെ കാര്യത്തിൽ ചില നിലപാടുകളുണ്ടാകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റോഡ് കണക്റ്റിവിറ്റിയുണ്ടെങ്കിൽ ട്രാഫിക്കിന് കുറേക്കൂടി സഹായകരമാകും.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടൊരു കാര്യംകൂടി പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് മന്ത്രിമാരുമൊക്കെ പലപ്പോഴും കാഞ്ഞിരപ്പള്ളി ടി.ബി.-യിൽ വന്നിട്ടുണ്ട്. ആകെ രണ്ട് മുറികളുള്ള ടൂറിസ്റ്റ് ബംഗ്ലാവിന് ഒരു പുതിയ കെട്ടിടമെന്നുള്ളത് വളരെ പ്രധാനപ്പെട്ടൊരു ആവശ്യമാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ അരുവിക്കുഴിയിലെ ഒരു ടൂറിസം പ്രോജക്ടിന്റെ രണ്ട് ഘട്ടങ്ങൾ പൂർത്തീകരിച്ചു. മൂന്നാമത്തെ ഘട്ടം പൂർത്തീകരിച്ചെങ്കിൽ മാത്രമേ പ്രസ്തുത ടൂറിസം പദ്ധതി നടപ്പാക്കാൻ കഴിയുകയുള്ളൂ. തീർച്ചയായും ഈ രണ്ട് കാര്യങ്ങൾകൂടി അങ്ങ് ഗൗരവമായി പരിഗണിക്കണമെന്ന്

സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

" മനുജസുകൃതാർജ്ജവം തല്ലിത്തകർക്കുവാൻ

വടിപണിയുമവരുടെയക്കൂട്ടവും കാണുന്നു

ഒരു കുടില തന്ത്രവും വാഴില്ല ഞങ്ങളീ-

വഴിയരികിൽ നിൽപ്പാണു ജാഗ്രൂകം സഖേ" എന്നുപറയുന്ന മലയാളത്തിലെ മനോഹരമായ ഒരു കവിതയുണ്ട്. ഈ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ജാഗരൂകരായി കേരളീയ സമൂഹം എപ്പോഴും ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും മന്ത്രിയുടെയും നിലപാടുകളോടൊപ്പമുണ്ട്. ആ നിലപാടുകൾ ഇനിയും അനന്തമായി മുന്നോട്ടുപോകട്ടെ എന്നാഗ്രഹിക്കുന്നു. " And miles to go before I sleep" എന്ന Robert Frost-ന്റെ വളരെ മനോഹരമായ കവിതയിൽ പറഞ്ഞതുപോലെ, ഒരുപാട് വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട്, ഒരുപാടുകാതം മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിനും വകുപ്പിനും കഴിയട്ടെ എന്ന ആശംസയോടെ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. എ. രാജ</u>: സർ, പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

പൊതുമരാമത്ത്, ടൂറിസം മേഖലകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കോവിഡ് മഹാമാരി ഏറ്റവും കൂടുതൽ ബാധിച്ചത് വിനോദസഞ്ചാര മേഖലയെയായിരുന്നു. എന്നാൽ പ്രതിസന്ധികളിൽ പതറാതെ അതിനെ മറികടക്കാൻ കഴിയുന്ന രീതിയിലുള്ള തീരുമാനമെടുത്ത് അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നേതൃത്വം നൽകിയത്. കോവിഡിനുശേഷം ടൂറിസം വളർച്ചയുടെ പാതയിലേയ്ക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡ് പ്രതിസന്ധി കാരണം ടൂറിസം മേഖല തകർന്നുകിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിക്കുന്ന ടൂറിസം മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ആഭ്യന്തര വരുമാനത്തിന്റെ 10 ശതമാനത്തിലധികം വരുമാനം വിനോദസഞ്ചാര മേഖലയിൽനിന്നാണ് ലഭിക്കുന്നത്. മദ്യവും ലോട്ടറിയും മാത്രമല്ല വരുമാന മാർഗ്ഗമെന്നാണ് ഇതിലൂടെ തെളിയിക്കുന്നത്.

2022-ൽ വിനോദസഞ്ചാരികൾക്ക് യാത്ര ചെയ്യാവുന്ന ലോകത്തെ 50 സ്ഥലങ്ങളിൽ കേരളവും ഇടംനേടി. ടൈം മാഗസിൻ പുറത്തുവിട്ട

പട്ടികയിലാണ് കേരളത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. അതോടൊപ്പം 2023-ൽ ന്യൂയോർക്ക് ടൈംസിന്റെ സഞ്ചരിക്കേണ്ട 52 സ്ഥലങ്ങളുടെ പട്ടികയിൽ ഇന്ത്യയിൽനിന്ന് ഇടംപിടിച്ചത് കേരളം മാത്രമാണ്. കേരളത്തിലെ ജനകീയ ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന അന്താരാഷ്ട്ര അംഗീകാരമാണിത്. ഇന്ത്യയിൽ ഏറ്റവും സുന്ദരമായ സ്ഥലം കേരളമാണെന്നും ഇവിടെയുള്ള ബീച്ചുകളും കായലുകളും മലനിരകളും വളരെയധികം ആകർഷകമാണെന്നുമാണ് ടൈം മാഗസിൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വിനോദസഞ്ചാര സഞ്ചാര വകുപ്പിന് ലഭിച്ച അംഗീകാരമാണിത്. ഇത് വിനോദസഞ്ചാര മേഖലയ്ക്ക് കൂടുതൽ ഉണർവേകും. രാജ്യത്തെ Best Emerging State in Innovation Category എന്നതിന് ഇന്ത്യാ ടുഡേയുടെ പുരസ്കാരം കേരളത്തിന്റെ കാരവൻ ടൂറിസം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. ആഗോള തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചതിനുപിന്നാലെ വിദേശ വിനോദസഞ്ചാരികൾ കൂടുതലായി കേരളത്തിൽ എത്തിത്തുടങ്ങിയിട്ടുണ്ട്. വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ഒരുപോലെ ആകർഷിക്കുന്ന പ്രദേശമാണ് നമ്മുടെ സംസ്ഥാനം. ഓരോ വർഷം കഴിയുന്തോറും ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മയും സുസ്ഥിര വികസനവും ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികളാണ്

ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ആഭ്യന്തര സഞ്ചാരികളുടെ വരവിൽ കേരളം 2022-ൽ സർവ്വകാല റെക്കോർഡിലെത്തി. 2022-ൽ മാത്രം 1.88 കോടി ആഭ്യന്തര സഞ്ചാരികളാണ് കേരളം സന്ദർശിച്ചത്. ആഭ്യന്തര സഞ്ചാരികളുടെ വരവിൽ 6 ജില്ലകൾ സർവ്വകാല റെക്കോർഡിലെത്തി. അതിൽ ഇടുക്കി ജില്ലയും ഉൾപ്പെട്ടിട്ടുണ്ട്. മൂന്നാം സ്ഥാനത്താണ് ഇടുക്കി ജില്ല.

ഇന്നത്തെ തലമുറയെ ഏറെ ആകർഷിക്കുന്ന ഒന്നാണ് അഡ്വഞ്ചർ ടൂറിസം. കേരളത്തിൽ വാഗമൺ അടക്കമുള്ള പ്രദേശത്ത് വൻ വിജയമായിട്ടാണ് അഡ്വഞ്ചർ പാർക്ക് പ്രവർത്തിക്കുന്നത്. അടുത്ത ഘട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിലെ മൂന്നാർ ചിന്നക്കനാൽ ഗ്യാപ് റോഡിൽ അഡ്വഞ്ചർ പാർക്ക് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. പാരാഗ്ലൈഡിംഗ്, റോക്ക് ക്ലൈമ്പിംഗ് തുടങ്ങിയ മറ്റ് പ്രവർത്തനങ്ങളെല്ലാം ടൂറിസം രംഗത്തെ വളർച്ചയ്ക്ക് മുതൽക്കൂട്ടാകും.

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ}

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും കുറഞ്ഞത് ഒരു വിനോദസഞ്ചാരകേന്ദ്രം വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയതാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി. ഈ

പദ്ധതിയിലൂടെ വിനോദസഞ്ചാര വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നുകൊണ്ട് നടത്തുന്ന ഈ പദ്ധതി സംസ്ഥാനത്തെ ആഭ്യന്തര ടൂറിസം മേഖലയിൽ വൻകുതിച്ചുചാട്ടമാണ് ഉണ്ടാക്കാൻ പോകുന്നത്.

സഞ്ചാരികൾക്ക് പ്രകൃതിയോട് ഒത്തിണങ്ങിയ യാത്രാനുഭവമാണ് കാരവൻ ടൂറിസം പദ്ധതി പ്രദാനം ചെയ്യുന്നത്. കേരള ടൂറിസത്തിന്റെ അതിജീവനം സാധ്യമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച കാരവൻ ടൂറിസത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇടുക്കി പോലെയുള്ള ജില്ലകളിൽ കാരവൻ പാർക്ക് അനുവദിക്കുമ്പോൾ തോട്ടങ്ങളിലുംകൂടി പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. അതിനാവശ്യമായിട്ടുള്ള ലൈസൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം കൊടുക്കുന്നതിനുള്ള സംവിധാനംകൂടി ഏർപ്പെടുത്തണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

ഓരോ പ്രദേശത്തിന്റെയും സാധ്യത കണക്കിലെടുത്ത് തെരുവുകൾ സജ്ജീകരിക്കുന്നതിന് വളരെ സ്വീകാര്യത ലഭിക്കുന്നതാണ് 'സ്ട്രീറ്റ്' പദ്ധതി. ഇതിൽ എന്റെ നിയോജകമണ്ഡലവും രണ്ടാം ഘട്ടത്തിൽ കാന്തല്ലൂർ

അടക്കമുള്ള പ്രദേശങ്ങളുമുൾപ്പെട്ടിട്ടുണ്ട്. ഡെസ്റ്റിനേഷനുകളിൽ മുതിർന്ന പൗരന്മാർക്ക് 50 ശതമാനം വരെ ഫീസ് ഇളവ് നൽകിയ നടപടി ആശ്വാസകരമാണ്. അതുപോലെ നമ്മെ വിട്ടുപിരിഞ്ഞ കലാ-സാംസ്കാരിക രംഗത്ത് മായാത്ത മുദ്ര പതിപ്പിച്ച പ്രമുഖ വ്യക്തികളെ ആദരിക്കുന്ന നിലയിലുള്ള ടൂറിസം പദ്ധതികൾക്ക് രൂപം നൽകിയത് വിദേശസഞ്ചാരികൾക്ക് നമ്മുടെ സാംസ്കാരിക നായകന്മാരെ അറിയാനുള്ള അവസരമാണ്.

ഏറ്റവും ഭംഗിയായി നടപ്പിലാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് "എൻ ഊര്" ഗോത്ര പൈതൃക ഗ്രാമം പദ്ധതി. വയനാട് ജില്ലയിലെ പൂക്കോടിൽ തുടക്കംകുറിച്ച ഈ പദ്ധതി ടൂറിസം രംഗത്തെ എക്കാലത്തെയും വിപ്ലവകരമായിട്ടുള്ള പദ്ധതിയാണ്. ഗോത്രജനതയുടെ വൈവിദ്ധ്യങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന ഈ പദ്ധതിക്ക് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽത്തന്നെ ആഭ്യന്തര-അന്തർ സംസ്ഥാന സഞ്ചാരികളെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഗോത്രജനത കൂടുതലുള്ള എന്റെ മണ്ഡലത്തിലെ പ്രദേശങ്ങളിൽക്കൂടി ഈ പദ്ധതി ആരംഭിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ടൂറിസം വകുപ്പിന്റെ നൂതന സംരംഭമായ വെർച്വൽ ട്രാവൽ ഗൈഡിന് തുടക്കംകുറിച്ചതിലൂടെ ക്യൂ.ആർ. കോഡ് സ്കാൻ

ചെയ്താൽ വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകും. പ്രസ്തുത പദ്ധതിക്ക് ആദ്യഘട്ടത്തിൽ കൊച്ചിയിൽ തുടക്കം കുറിച്ചു. വിനോദസഞ്ചാര കേന്ദ്രത്തിന്റെ പ്രത്യേകത, വീഡിയോകൾ, സൗകര്യങ്ങൾ, തൊട്ടടുത്ത വിമാനത്താവളം, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷനടക്കമുള്ളതെല്ലാം ഈ ഗൈഡിലൂടെ അറിയാൻ സാധിക്കും.

കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് അവരുടെ തൊട്ടടുത്ത് വൃത്തിയും സുരക്ഷിതവുമുള്ള ടോയ്‌ലറ്റുകൾ, റെസ്റ്റോറന്റുകൾ, പ്രാദേശിക രുചികളുടെ മാപ്പിംഗ് തുടങ്ങിയവ നവീകരിച്ച ടൂറിസം ആപ്പിലൂടെ അറിയാൻ കഴിയും. ചില ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികൾക്ക് അനുഭവപ്പെടുന്ന ഒരു ബുദ്ധിമുട്ടാണ് നെറ്റ്‌വർക്ക് സംവിധാനത്തിന്റെ പ്രശ്നം. ഇടുക്കി പോലെയുള്ള ജില്ലകളിലെ മലനിരകളിലെല്ലാം ഇപ്പോഴും നെറ്റ്‌വർക്ക് സംവിധാനങ്ങൾ എത്തിയിട്ടില്ലാത്തതിനാൽ വലിയ രീതിയിലുള്ള ബുദ്ധിമുട്ടാണ് വിനോദസഞ്ചാരികൾക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. മറ്റ് വകുപ്പുകളുമായി ചേർന്നുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാണ് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം യുവത്വത്തെ ടൂറിസത്തിന്റെ ഭാഗമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് കലാലയ ടൂറിസം ക്ലബ്ബുകൾ. ഇതിലൂടെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ

പരിപാലനം ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്. വിദേശത്തുവരെ ടൂറിസം ക്ലബുകളുടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

സൗത്ത് ഇന്ത്യയുടെ കാശ്മീർ എന്നറിയപ്പെടുന്ന മൂന്നാർ ഉൾപ്പെട്ടതാണ് എന്റെ നിയോജകമണ്ഡലം. ദേവികുളവും മൂന്നാറും മറയൂരും കാന്തല്ലൂരും വട്ടവടയും മാങ്കുളവും ചിന്നക്കനാലും അടിമാലിയുമെല്ലാം സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിലൂടെ കൂടുതൽ സഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കാൻ സാധിക്കും. വിദേശികളെ ആകർഷിക്കുന്ന നിലയിലുള്ള ഫാം ടൂറിസം പോലെയുള്ളവ ടൂറിസം പദ്ധതികൾക്ക് സഹായകരമാണ്. നെല്ല്, തേയില, കാപ്പി, കുരുമുളക് തുടങ്ങിയ കാർഷിക ഉല്പന്നങ്ങൾ കൃഷി ചെയ്യുന്ന മേഖലയിൽ ടൂറിസം എന്ന ആശയം കൂടിയുൾപ്പെടുത്തി കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ഫാം ടൂറിസത്തെ ഉപയോഗപ്പെടുത്താവുന്നതാണ്. കർഷകർക്ക് കാർഷിക വിളകൾ വിറ്റുകിട്ടുന്ന വരുമാനത്തിനുപുറമെ മറ്റൊരു വരുമാനമാർഗ്ഗംകൂടി ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഊട്ടി മാതൃകയിൽ നിർമ്മിച്ച മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ എടുത്തുപറയേണ്ട ടൂറിസം സ്പോട്ടായി മാറിയിരിക്കുകയാണ്. തുടർച്ചയായ പ്രളയത്തിനുശേഷം കഴിഞ്ഞ മേയ് മാസം സംഘടിപ്പിച്ച മൂന്നാർ ഫ്ലവർ

ഷോ ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നേരിട്ടെത്തി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചതാണ്. പത്ത് ദിവസംകൊണ്ട് ഒരു ലക്ഷം സഞ്ചാരികളാണ് ഈ ഫ്ലവർ ഷോ കാണാൻ എത്തിച്ചേർന്നതെന്ന വിവരം അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിലൂടെ മൂന്നാർ അടക്കമുള്ള പ്രദേശങ്ങളിൽ ടൂറിസം മേഖലയ്ക്ക് പുത്തൻ ഉണർവ്വാണ് നൽകിയിട്ടുള്ളത്. കേരള ടൂറിസത്തിന്റെയും മൂന്നാർ ടൂറിസത്തിനാകെയും വലിയൊരു മാറ്റത്തിനുകാരണമാകുന്ന ഒരു സ്വപ്നപദ്ധതിയാണ് മൂന്നാർ ട്രെയിൻ യാത്ര. ഇതിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിനുള്ള സന്നദ്ധത ടാറ്റാ എസ്റ്റേറ്റിൽ നിന്നുണ്ടാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ടൂറിസം ഇടനാഴിക്കുവേണ്ടി 50 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. രണ്ടാം ഘട്ടത്തിൽ മൂന്നാർ അടക്കമുള്ള പ്രദേശങ്ങൾ അതിലുൾപ്പെട്ടിട്ടുണ്ട്. ടൂറിസത്തിന് ഒട്ടേറെ പ്രാധാന്യമുള്ള മണ്ഡലമാണ് ദേവികുളം. ദേവികുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന മൂന്നാർ കേരളത്തിൽ കണ്ടിരിക്കേണ്ട സ്ഥലങ്ങളിലൊന്നായി തെരഞ്ഞെടുത്തതാണ്. എന്നാൽ മൂന്നാറിൽ വാഹനം പാർക്ക് ചെയ്യുന്നതിന് സ്ഥലപരിമിതിയുണ്ട്.

സ്ഥലങ്ങളെല്ലാം സ്വകാര്യ കമ്പനികളുടെ കീഴിലാണ്. പാർക്കിംഗ് സൗകര്യമില്ലാത്തതുകൊണ്ട് ഫെസ്റ്റിവൽ സീസണിൽ മൂന്നാർ അടക്കമുള്ള പ്രദേശങ്ങളിലെത്തുന്ന സഞ്ചാരികൾക്ക് വലിയ രീതിയിലുള്ള ബുദ്ധിമുട്ടാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെ അടിസ്ഥാന സൗകര്യങ്ങളും നല്ല റോഡുകളും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

ആദിവാസി മേഖലയുൾക്കൊള്ളുന്ന ദേവികുളം നിയോജകമണ്ഡലത്തിൽ അവരുടെ ജീവിതശൈലി, ജീവിതരീതി, ഭക്ഷണം, ചികിത്സ, സംസ്കാരം എന്നിവ മറ്റുള്ളവരെ പരിചയപ്പെടുത്തുന്ന നിലയിലേയ്ക്ക് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. മൂന്നാർ നഗരത്തിന്റെ രൂപംതന്നെ മാറ്റുന്നതിനുള്ള നടപടി വിനോദസഞ്ചാര വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് പറയാനുള്ളത്. അതോടൊപ്പം മലയോര ജില്ലയായ ഇടുക്കിയിലെ ടൂറിസം വികസനത്തിന് ഏറ്റവും ആക്കം കൂട്ടുന്നതിന് ആലുവ-മൂന്നാർ രാജപാത യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. 1924-ലുണ്ടായ പ്രളയത്തിലാണ് ഈ റോഡ് തകർന്നുപോയത്. അന്ന് എറണാകുളത്തേയ്ക്ക് യാത്ര ചെയ്യാനുണ്ടായിരുന്ന ഏകറോഡായിരുന്നു ആലുവ-മൂന്നാർ റോഡ്. കയറ്റവും ഇറക്കവുമില്ലാത്ത ഈ റോഡിന്റെ ഏകദേശം 40 കി.മീ. ദൂരം ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ

കീഴിലാണ്. അതിൽ എറണാകുളം ജില്ലയിലെ പൂയംകുട്ടിയിൽനിന്ന് പെരുമ്പംകുത്ത് വരെയുള്ള ഭാഗം (ഏകദേശം 29.5 കി.മീ. മുതൽ 40 കി.മീ. വരെയുള്ള റോഡ്) മാത്രമാണ് വനം വകുപ്പിന്റെ കീഴിലുള്ളത്. അവിടെ റോഡ് വികസനം നടത്തുന്നതിന് വനം വകുപ്പ് ഇപ്പോൾ തടസ്സം സൃഷ്ടിക്കുകയാണ്. ഈ റോഡ് യാഥാർത്ഥ്യമാകുകയാണെങ്കിൽ തീർച്ചയായും മാങ്കുളം അടക്കമുള്ള പ്രദേശങ്ങളിൽ വിനോദസഞ്ചാരികളെ കൂടുതലായി എത്തിക്കുന്നതിനുള്ള ഇടപെടൽ നടത്താൻ കഴിയും. ഞാനും ബഹുമാനപ്പെട്ട കോതമംഗലം എം.എൽ.എ. ശ്രീ. ആന്റണി ജോൺ അടക്കമുള്ളവരും സബ്മിഷനായും ചോദ്യമായുമെല്ലാം ഈ സഭയിൽ ഉന്നയിച്ചപ്പോൾ ഇൻവസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കാനായി പി.ഡബ്ല്യൂ.ഡി.ക്ക് ഉത്തരവ് നൽകിയിരുന്നുവെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി അറിയിച്ചിരുന്നു. അതുകൂടി യാഥാർത്ഥ്യമായാൽ ആ പ്രദേശത്തേയ്ക്ക് കൂടുതൽ ആളുകളെയെത്തിക്കാൻ കഴിയും. അതുപോലെ മറ്റ് ജില്ലകളുമായി അതിർത്തി പങ്കിടുന്ന ഒരു മണ്ഡലമാണ് ദേവികുളം. കൊടൈക്കനാലിന്റെ ഏറ്റവും അടുത്തുള്ള പ്രദേശമാണ്. മൂന്നാറിൽനിന്നും ബസ് സൗകര്യങ്ങളടക്കം മുമ്പ് ഉണ്ടായിരുന്നതുമാണ്. എന്നാൽ അടുത്ത കാലത്തായി ആ

വഴികളിലൂടെയുള്ള യാത്രകളെല്ലാം നിരോധിച്ചിരിക്കുകയാണ്. അതുകൂടി സാധ്യമായാൽ ഇവിടേയ്ക്ക് കൂടുതൽ സഞ്ചാരികളെയെത്തിക്കുന്നതിന് സാധിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആൻസലൻ: സർ, 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള പൊതുമരാമത്ത്, തുറമുഖങ്ങൾ, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. പൊതുമരാമത്ത് വകുപ്പിന്റെ ബാറ്റൺ സ്വീകരിച്ചുകൊണ്ട് ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിലുള്ള പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുകൾ അതിവേഗത്തിലാണ് മുന്നോട്ടുപോകുന്നത്. പ്രതികൂലമായ ഒട്ടനവധി സാഹചര്യങ്ങളെയാണ് പൊതുവിൽ ഈ ഗവൺമെന്റ് നേരിടുന്നത്. നിരവധി സാമ്പത്തിക പ്രയാസങ്ങൾ നേരിടുമ്പോഴും പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുമായി ബന്ധപ്പെട്ട് ഒരു വിട്ടുവീഴ്ചയുമില്ലാതെ കേരളത്തിന്റെ സമഗ്രമായ വികസനത്തിന്റെ അടയാളം രേഖപ്പെടുത്തുന്നത് നമ്മുടെ പൊതുനിരത്തുകളാണ്. പി.ഡബ്ല്യു.ഡി. റോഡുകൾ, ദേശീയപാതകൾ, ഗ്രാമീണ റോഡുകൾ എന്നിവയൊക്കെ മനോഹരമാക്കി മാറ്റുന്നതിനുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുതിരാൻ ടണലിന്റെയും കഴക്കൂട്ടം മേൽപ്പാലത്തിന്റെയും

പ്രവൃത്തികൾക്കാവശ്യമായ ഇടപെടലുകൾ നടത്തി പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞു, ഇവയെയൊക്കെ ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി നമ്മൾ കാണേണ്ടതാണ്. നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെ 87 ശതമാനവും തലശ്ശേരി-മാഹി ബൈപ്പാസിന്റെ 88 ശതമാനവും മൂരാട്, പാലോളി പാലങ്ങളുടെ 68 ശതമാനവും ഏറ്റവും പ്രധാനപ്പെട്ട മുക്കോല-കാരോട് റോഡിന്റെ 98 ശതമാനവും പ്രവൃത്തി പൂർത്തീകരിച്ചു. ദേശീയപാതയിലും സംസ്ഥാന പാതകളുമായി ബന്ധപ്പെട്ട പ്രവൃത്തികളിലും പുരോഗതി കൈവന്നിരിക്കുകയാണ്. തിരുവനന്തപുരം ഔട്ടർറിംഗ് റോഡിന് ആവശ്യമായ സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരണത്തിലേയ്ക്ക് കടക്കുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും ദേശീയപാതകൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കലടക്കം അത് കമ്മീഷൻ ചെയ്യുന്നതുവരെയുള്ള 100 ശതമാനം തുകയും നൽകേണ്ടത് കേന്ദ്ര ഗവൺമെന്റിന്റേയും എൻ.എച്ച്.എ.ഐ.-യുടേയും പൂർണ്ണ ഉത്തരവാദിത്വത്തിലുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് മുൻ യു.ഡി.എഫ്. ഗവൺമെന്റ് പിന്തിരിഞ്ഞോടിയത് അനുഭവത്തിലുള്ളതാണ്. കഴിഞ്ഞ ഒന്നാം

പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് ഏറ്റവും വലിയ ദേശീയപാതയായ NH 66-ന്റെ ഭൂമി ഏറ്റെടുക്കലിൽ കണ്ണൂർ ജില്ലയിലെ കീഴാറ്റൂരിലേയ്ക്ക് അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട് പ്രക്ഷോഭം ഉയർന്നു. ഒരു നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഏറ്റവും പ്രയോജനകരമായിട്ടുള്ള ഒരു പദ്ധതിയാണത്. തളിപ്പറമ്പ് പട്ടണം പോലുള്ള മുനിസിപ്പൽ പ്രദേശത്ത് ആയിരക്കണക്കിന് വ്യാപാര സ്ഥാപനങ്ങളും കെട്ടിടങ്ങളും ഒഴിവാക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് മാറ്റി നിശ്ചയിക്കപ്പെട്ടപ്പോൾ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയെന്നുള്ള ലക്ഷ്യബോധത്തോടുകൂടി ചില ക്ഷുദ്രശക്തികൾ ഉയർത്തിക്കൊണ്ടുവന്ന സമരത്തിൽ പൂർണ്ണ പിന്തുണയാണ് കേരളത്തിലെ പ്രതിപക്ഷവും ബി.ജെ.പി.യും ചില തീവ്രസ്വഭാവമുള്ള സംഘടനകളും ചേർന്ന് നൽകിയത്. അവിടെയെല്ലാം ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രയാസമേറിയ അനുഭവത്തെ നിശ്ചയദാർഢ്യത്തോടുകൂടി നേരിട്ടുകൊണ്ടാണ് ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞത്. ആ സമയത്താണ് കത്രികപൂട്ടിടുന്ന രൂപത്തിലേയ്ക്ക് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് പ്രഖ്യാപിച്ചത്. കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് 25 ശതമാനം തുക അധികമായി കൊടുക്കണമെന്നുള്ള

അവരുടെ സമീപനത്തിന് ഗവൺമെന്റിന് വിധേയമാകേണ്ടിവന്നു. നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങളിൽനിന്ന് മാറിനിൽക്കാൻ കഴിയാത്തതുകൊണ്ട് ദേശീയപാത 66-ന്റെ വികസനത്തിന് 5,580 കോടിയിലധികം രൂപയാണ് സംസ്ഥാന ഗവൺമെന്റിന് മാറ്റിവയ്ക്കേണ്ടിവന്നത്. മലപ്പുറം, തിരുവനന്തപുരം, കൊട്ടാരക്കര, അങ്കമാലി എന്നിവിടങ്ങളിലെ ദേശീയപാത വികസനത്തിനായി ഭൂമിയേറ്റെടുക്കുന്നതിന് 1,395 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് അധികമായി ചെലവായി. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വിപ്ലകരമായ മാറ്റമാണ് റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളത്. ഏകദേശം 72-ഓളം റെയിൽവേ ഓവർ ബ്രിഡ്ജുകളിൽ 5 എണ്ണം ബഡ്ജറ്റ് മുഖേനയും ബാക്കി 67 എണ്ണം കിഫ്ബി ഫണ്ടുപയോഗിച്ചും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. 54 സ്ട്രെച്ചുകളിലായി 804 കിലോമീറ്ററിലധികം വരുന്ന മലയോര ഹൈവേയുടെ പ്രവൃത്തികൾ കെ.ആർ.എഫ്.ബി.(കേരള റോഡ് ഫണ്ട് ബോർഡ്) മുഖേനയാണ് നടപ്പിലാക്കുന്നത്. 804 കിലോമീറ്ററിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചു. തീരദേശപാതയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതിയാണ് കൈവരിക്കാൻ

കഴിഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 8,957 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകി കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. ഒരുകാലത്ത് പി.ഡബ്ല്യു.ഡി. റോഡുകളിൽ 40 mm ചിപ്പിംഗ് കാർപ്പെറ്റ് ചെയ്യുള്ള മെയിന്റനൻസ് വർക്കാണ് നടത്തിയിരുന്നത്. കേരളത്തിലെ കാലാവസ്ഥയുടെ പ്രത്യേകതകൊണ്ട് മഴക്കാലമാകുമ്പോൾ ആ റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് വീണ്ടും വലിയ ബാധ്യതയിലേയ്ക്ക് മാറുന്ന അവസരത്തിലാണ് അന്തർദേശീയ നിലവാരത്തിലുള്ള റോഡുകളുടെ നിർമ്മാണ പ്രവൃത്തികളിലേയ്ക്ക് നമ്മുടെ സംസ്ഥാനം മാറിയത്. സംസ്ഥാനത്തെ 140 നിയമസഭാ നിയോജകമണ്ഡലങ്ങളിലെ നൂറുകണക്കിന് റോഡുകളെ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് മാറ്റാൻ ഇതിലൂടെ സാധിച്ചു.

വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, ലോകരാജ്യങ്ങളിൽ 12-ാം സ്ഥാനം നമ്മുടെ രാജ്യത്തിന് അടയാളപ്പെടുത്തുമ്പോൾ അത് കേരളം സംഭാവന ചെയ്തതാണെന്ന് അഭിമാനം തോന്നുന്ന രൂപത്തിലേയ്ക്ക് കേരളത്തിന്റെ ടൂറിസം മേഖലയിൽ വന്നിട്ടുള്ള വലിയ കുതിച്ചുചാട്ടം പ്രത്യേകമായി കാണേണ്ടതായിട്ടുണ്ട്. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കരമന-

കളിയിക്കാവിള പാതയുടെ വിഷയം എന്റെ കഴിഞ്ഞ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. കിഫ്ബിയുമായി ബന്ധപ്പെട്ട കഴിഞ്ഞ മീറ്റിംഗിൽ ഏകദേശം 113 കോടി രൂപ ബാലരാമപുരം-വിഴിഞ്ഞം റോഡിൽ അടിപ്പാത നിർമ്മിക്കുന്നതിന് അനുവദിച്ചതിന് പൊതുമരാമത്ത് വകുപ്പിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെ വരുന്ന 17 കിലോമീറ്റർ ദൂരത്തോളമുള്ള ആയിരക്കണക്കിന് വരുന്ന ആളുകളും വ്യാപാര സ്ഥാപനങ്ങളും വസ്തുവിന്റെ ഉടമകളും കഴിഞ്ഞ 10-20 വർഷക്കാലമായി ആ വസ്തുക്കൾ ക്രയവിക്രയം ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. നോട്ടിഫൈ ചെയ്ത സ്ഥലമായതുകൊണ്ടുതന്നെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ കഴിയാത്ത തരത്തിലുള്ള പ്രയാസങ്ങൾ അവർ അനുഭവിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക ഊന്നൽ നൽകുമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചേർന്നുകൊണ്ട് അടിയന്തരമായി കല്ലിടൽ നടപടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണമെന്ന് ഞാൻ

അഭ്യർത്ഥിക്കുകയാണ്. തീരദേശപാതയുമായി ബന്ധപ്പെട്ട് ആദ്യത്തെ ഡിസൈൻ തയ്യാറാക്കുമ്പോൾ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഏകദേശം 2 കിലോമീറ്റർ ദൂരം വിട്ടുപോയിരുന്നു. പൂവാറിൽ വച്ചാണ് അത് അവസാനിപ്പിച്ചത്. അക്കാര്യം ചൂണ്ടിക്കാണിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ അതിൽ ഇടപെട്ടുകൊണ്ട് പൊഴിയൂർ, കൊല്ലങ്കോട് വരെയുള്ള തമിഴ്നാടിന്റെ അതിർത്തി പ്രദേശങ്ങൾ ഉൾപ്പെടുത്തി ഡിസൈൻ തയ്യാറാക്കുന്നതിനും അത് ബന്ധിപ്പിക്കുന്നതിനുംവേണ്ട നിലപാട് സ്വീകരിച്ചു. അതിൻമേൽ പൊതുജനാഭിപ്രായവും നമ്മൾ സ്വീകരിച്ചു. അക്കാര്യത്തിലും ആവശ്യമായ നിലപാട് സ്വീകരിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് ചില പദ്ധതികൾ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്. അത്തരം പദ്ധതികൾ കൂടുതൽ ഗുണകരമായി മാറ്റുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമാവശ്യമായ ഇടപെടലുകളുണ്ടാകണം. ചില ഏജൻസികൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ അമാന്തം കാണിക്കുന്നുണ്ട്. അതിന് അവർ സാമ്പത്തിക പ്രയാസങ്ങളും മറ്റുകാര്യങ്ങളുമാണ് സൂചിപ്പിക്കുന്നത്.

ആക്ഷേപങ്ങൾക്കിടവരാതെ ഉത്തരവാദപ്പെട്ട ഏജൻസികളിലേയ്ക്ക് ഇത്തരം പ്രവൃത്തികൾ കൈമാറുന്നതായിരിക്കും ഉചിതം.

നെയ്യാറ്റിൻകര നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് മറ്റൊരുകാര്യം സൂചിപ്പിക്കാനുണ്ട്. ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ടൊരു പ്രദേശമാണ് നെയ്യാറ്റിൻകര. 1888-ൽ കേരളത്തിന്റെ ചരിത്രത്തിൽ ശിവപ്രതിഷ്ഠ നടത്തിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട നവോത്ഥാനത്തിന്റെ കേന്ദ്രമായ അരുവിപ്പുറം സ്ഥിതിചെയ്യുന്നത് പാറശ്ശാല, നെയ്യാറ്റിൻകര നിയോജകമണ്ഡലങ്ങളുമായി ചേർന്ന് കിടക്കുന്ന ഭൂപ്രദേശത്താണ്. അരുവിപ്പുറത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ ഇടപെടലോടുകൂടിത്തന്നെ വിനോദസഞ്ചാര വകുപ്പ് കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ അവിടെ നടത്തിയിട്ടുണ്ട്. അരുവിപ്പുറം മാത്രമല്ല, നമ്മുടെ നാടിന്റെ പൈതൃകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് നെയ്യാറ്റിൻകര.

പത്രപ്രവർത്തനമെന്ന് പറയുന്നത് പ്രൊഫഷണലായി മാറുക മാത്രമല്ല, പത്ര റിപ്പോർട്ടർമാർ കോർപ്പറേറ്റുകളുടെ അടിമകളായി അവർ നിശ്ചയിക്കുന്ന രൂപത്തിലേയ്ക്ക് വാർത്തകൾ എഴുതി പ്രദർശിപ്പിക്കുന്ന ഒരു ദുര്യോഗത്തിലാണ് നമ്മുടെ നാട്ടിലെ വർത്തമാന കാലഘട്ടം നിലനിൽക്കുന്നത്.

നൂറ്റാണ്ടുകൾക്ക് മുൻപ്, രാജഭരണകാലം കല്പപിളർക്കുന്ന കാലഘട്ടത്തിൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാളിന്റെയും അദ്ദേഹത്തിന്റെ ദിവാനായിരുന്ന പി. രാജഗോപാലാചാരിയുടേയും ജനവിരുദ്ധ നയങ്ങൾക്കെതിരായി, പത്രപ്രവർത്തന രംഗത്തേയ്ക്ക് ചങ്കൂറ്റത്തോടുകൂടി തൂലിക ചലിപ്പിച്ചിട്ടുള്ള ധീരദേശാഭിമാനിയായിട്ടുള്ള സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക് ജന്മം നൽകിയ നാടാണ് നെയ്യാറ്റിൻകര. മജിസ്ട്രേറ്റിന്റെ വിധികളെപോലും ചോദ്യം ചെയ്തുകൊണ്ട് കൃത്യമായി പ്രതികരിക്കുന്ന അദ്ദേഹത്തെ കേരളത്തിലെ പത്രപ്രവർത്തന രംഗത്ത് ഇന്നും നമുക്ക് അഭിമാനത്തോടെ ഓർക്കാവുന്നതാണ്. മലയാള സിനിമയുടെ പിതാവെന്ന് അറിയപ്പെടുന്ന ജെ. സി.ഡാനിയലിന്റെ പ്രവർത്തന മണ്ഡലവും അദ്ദേഹം താമസിച്ചിരുന്ന സ്ഥലവും കൂടിയാണ് നെയ്യാറ്റിൻകര പട്ടണം. സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട, തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമര പ്രക്ഷോഭത്തിലെ ഏറ്റവും ഉജ്ജ്വലമായ സമര പോരാട്ടത്തിൽ അന്നത്തെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന എൻ. കെ. പത്മനാഭപിള്ളയെ നെയ്യാറ്റിൻകര പട്ടണത്തിൽനിന്ന് അറസ്റ്റ് ചെയ്ത് ബ്രിട്ടീഷ് പട്ടാളം കൊണ്ടുപോകുമ്പോൾ അതിനെ ചെറുത്ത് പരാജയപ്പെടുത്തുന്നതിനുവേണ്ടി ഉജ്ജ്വലമായ പോരാട്ടം

നടന്ന കേന്ദ്രമാണ്. എൻ. കെ. പത്മനാഭപിള്ളയുടെ അറസ്റ്റിൽ പ്രതിഷേധിച്ചുകൊണ്ട് ഉയർന്നുവന്ന പ്രക്ഷോഭത്തെ നേരിടുന്നതിനുവേണ്ടി ജനറൽ വാട്കിൻസിന്റെ നേതൃത്വത്തിൽ വന്ന കുതിരപ്പട്ടാളത്തെ ചെറുത്ത് പരാജയപ്പെടുത്തുന്നതിനുവേണ്ടി ഫക്കീർകാരടക്കമുള്ള കമ്മ്യൂണിസ്റ്റുകാർ നേതൃത്വം നൽകിയ പ്രദേശമാണ്. ആ സമരപോരാട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായ നെയ്യാറ്റിൻകര പട്ടണത്തിലെ എട്ട് ധീര ദേശഭിമാനികളായിട്ടുള്ളവർ, വീരരാഘവൻ അടക്കമുള്ളവർ ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിവയ്പ്പിന്റെ ഭാഗമായി പിടഞ്ഞുവീണ് മരിച്ചു. അവരുടെ രക്തം വീണ് നനഞ്ഞ ഭൂപ്രദേശമാണ് നെയ്യാറ്റിൻകരയുടെ ഹൃദയഭാഗം. ഒട്ടനവധി ചരിത്ര അനുഭവങ്ങളുള്ള, കർണ്ണാടക സംഗീതത്തിലെ പ്രശസ്തരായ നെയ്യാറ്റിൻകര വാസുദേവനും അഡ്വക്കേറ്റ് മോഹനചന്ദ്രൻനായരുമടക്കം അവിടെ ജനിച്ച് ആ മണ്ണിന്റെ ഭാഗമായി ജീവിച്ചു മരിച്ചവരാണ്. അങ്ങനെയുള്ള ഒട്ടനവധി അടയാളങ്ങളുടെ കേന്ദ്രമാണ്.

18-ാം നൂറ്റാണ്ടിന്റെ കാലഘട്ടത്തിൽ തിരുവിതാംകൂർ മഹാരാജാവായ മാർത്താണ്ഡവർമ്മയെയും അന്ന് നിലനിന്നിരുന്ന മരുമക്കത്തായ വ്യവസ്ഥയെയും ചോദ്യംചെയ്തുകൊണ്ടാണ് എട്ടുവീട്ടിൽ പിള്ളമാർ അവിടെ പ്രക്ഷോഭത്തിലേയ്ക്ക് വന്നിട്ടുള്ളതെന്ന് നമുക്കറിയാവുന്നതാണ്.

മരുമക്കത്തായം അവസാനിപ്പിച്ച് മക്കത്തായത്തിലേയ്ക്ക് പോകണമെന്നും മരുമക്കത്തായ വ്യവസ്ഥയിൽ അധികാരം കൈമാറാൻ സാധ്യമല്ലെന്നും അവർ പറഞ്ഞു. എട്ടുവീട്ടിൽ പിള്ളമാരുടെയും മാടമ്പിമാരുടെയും ആക്രമണം ഭയന്ന് പലായനം ചെയ്തുപോകുമ്പോഴാണ് തിരുവിതാംകൂർ മഹാരാജാവായ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ, നെയ്യാറ്റിൻകര പട്ടണത്തിലെ ഇന്നത്തെ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ഇന്നും സ്ഥിതിചെയ്യുന്നതും ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞതും നൂറ്റാണ്ടുകൾ പഴക്കമുള്ളതുമായ അമ്മച്ചി പ്ലാവിന്റെ പോടിൽ അഭയം തേടിയത്. അമ്മച്ചി പ്ലാവിന്റെ പോടിൽ അഭയം തേടാൻ സഹായിച്ചത് ഒരു കുട്ടിയായിരുന്നുവെന്നും ആ കുട്ടി ശ്രീകൃഷ്ണഭഗവാൻ തന്നെയായിരുന്നെന്നുമുള്ള അദ്ദേഹത്തിന്റെ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് കാണുന്ന ശ്രീകൃഷ്ണസ്വാമി ക്ഷേത്രം അദ്ദേഹം പണികഴിപ്പിച്ചത്. പിൽഗ്രിം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പ്രസ്തുത ക്ഷേത്രത്തിന്റെ നവീകരണത്തിനും ക്ഷേത്രത്തോട് ചേർന്നൊഴുകുന്ന നെയ്യാർ നദി സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനത്തിനും ആവശ്യമായ പദ്ധതികൾക്ക് രൂപംനൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനും ചരിത്രത്തിന്റെ ഭാഗമായിട്ടുള്ള

അടയാളങ്ങൾ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനും പുരാവസ്തു വകുപ്പിന്റെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടാകണമെന്നുകൂടി സൂചിപ്പിക്കുകയാണ്. 2016-17-ലെ ബജറ്റിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ രണ്ട് പാലങ്ങൾക്ക് ഫണ്ട് വകയിരുത്തിയിരുന്നു. കിഫ്ബി ഫണ്ട് ഇപ്പോൾത്തന്നെ അനുവദിക്കപ്പെട്ടിട്ടുണ്ട്. കന്നിപ്പുറം, ആയയിൽ പാലങ്ങളുടെ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂമി ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സാധിക്കേണ്ടതുണ്ട്. പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിയണം. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിനുശേഷം വന്നിട്ടുള്ള ഒട്ടനവധി നടപടിക്രമങ്ങളുടെ ഭാഗമായുണ്ടാകുന്ന ഇഴച്ചിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വലിയ തടസ്സമാകുന്നുണ്ട്. ഇതിനുകാരണം വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ്. അതുണ്ടാക്കുന്ന നഷ്ടം വലുതാണ്. ഉദാഹരണത്തിന്, 10 കോടി രൂപയ്ക്ക് ടെണ്ടർ നൽകുന്ന പദ്ധതിയുടെ പൂർത്തീകരണത്തിന് രണ്ടോ മൂന്നോ അതിലധികമോ വർഷം കാലതാമസം വന്നാൽ തുക പത്തോ പതിനാറോ കോടി രൂപയായി വർദ്ധിക്കാറുണ്ട്. ഇത്

വലിയ തോതിലുള്ള സാമ്പത്തിക നഷ്ടത്തിലേയ്ക്ക് പോകാൻ കാരണമാകുന്നുണ്ട്. ആറുമാസത്തിലോ ഒരു വർഷക്കാലയളവിലോ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന വിധത്തിൽ ഒരു പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും പ്രയോരിറ്റി നിശ്ചയിച്ചുകൊണ്ട് പ്രവർത്തനങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു, നന്ദി, നമസ്കാരം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> സർ, പൊതുമരാമത്ത്, തുറമുഖങ്ങൾ, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങൾമൂലം ഈ രംഗത്ത് നടത്തിവരുന്ന അദ്ഭുതപൂർവ്വമായ മുന്നേറ്റത്തെ അഭിനന്ദിക്കാതിരിക്കാൻ ആർക്കും കഴിയില്ല. പക്ഷേ പ്രതിപക്ഷ ബെഞ്ചുകൾ ശൂന്യമായതുകൊണ്ട് പ്രസംഗത്തിന്റെ വീര്യം അൽപ്പം കുറയുമെന്നതിൽ ചെറിയൊരു വിഷമമുണ്ട്. നേരത്തെ പറഞ്ഞതുപോലെ ഇക്കാര്യങ്ങളിലൊന്നും അവർക്കും വ്യത്യസ്തമായ കാഴ്ചപ്പാടുകൾ ഉണ്ടാകാനിടയില്ല. പക്ഷെ പറയാനുള്ള പ്രയാസം മാത്രമാണുള്ളത്. അവരുടെ നിയോജകമണ്ഡലങ്ങളിലും ഇതൊക്കെ നടക്കുന്നുണ്ട്. ഹ്രസ്വമായി പറയുകയാണെങ്കിൽ, നമ്മുടെ മണ്ഡലവുമായും

ജില്ലയുമായും ബന്ധപ്പെട്ട് വികസന പ്രവർത്തനങ്ങൾക്കുള്ള ധാരാളം സംരംഭങ്ങൾ നടക്കുകയാണ്. അത് പ്രാവർത്തികമാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും കോൺട്രാക്ടർമാരുടെ പ്രവർത്തനരംഗത്തും കാണുന്ന ചില അലംഭാവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അതിന് പരിഹാരം കണ്ടാൽ മാത്രമേ ഗവൺമെന്റ് ആഗ്രഹിക്കുന്ന വേഗതയിൽ ഈ പദ്ധതികളെല്ലാം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെന്നത് വസ്തുതയാണ്. കണ്ണൂർ നഗരത്തിന്റെ ഹൃദയഭൂമിയിൽ കളക്ടേറ്റ് പരിസരത്താണ് ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ളത്. അവിടെ ഒരു ഫ്ലൈഓവറിന് 138 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ധാരാളം കേസുകളുണ്ട്. ആ കേസുകളോടൊപ്പം നിന്നുകൊണ്ട് കോൺഗ്രസ് (ഐ)-യുടെ നേതൃത്വത്തിലുള്ള സംഘങ്ങളും കോർപ്പറേഷനുമൊക്കെയാണ് അവിടെ സമരം നടത്തുന്നത്. അവയെല്ലാം പരിഹരിച്ച് മുന്നോട്ടുപോകുകയാണ്. കോഴിക്കോട് ഭാഗത്തേയ്ക്കും കണ്ണൂർ വിമാനത്താവളത്തിലേയ്ക്കും പോകുന്നതിനുള്ള ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ് മേലെ ചൊവ്വ ജംഗ്ഷൻ. അതും ഗതാഗതക്കുരുക്കുണ്ടാകുന്ന ഒരു പ്രധാന കേന്ദ്രമാണ്. അവിടെ ഒരു അണ്ടർ പാസ്‌വേയ്ക്ക് നൂറ് കോടിയിലധികം രൂപ വകയിരുത്തിയിരിക്കുകയാണ്. അതോടൊപ്പംതന്നെ തലശ്ശേരിയിൽനിന്നും

നേരെ കണ്ണൂർ ആശുപത്രിയിലേയ്ക്ക് എത്താനുള്ള ഒരു എളുപ്പവഴി എന്ന നിലയിൽ ഒരു പുതിയ റോഡിന് 23 കോടി രൂപ അനുവദിക്കുകയും അതിനാവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്തെങ്കിലും അവിടെയും പ്രതിബന്ധങ്ങളുണ്ടാക്കുന്നത് തദ്ദേശവാസികളെന്ന പേരിലുള്ള ചില ആളുകളാണ്. ഇത്തരത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളുടെ കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മേലെ ചൊവ്വയിലും ഫ്ലൈഓവറിന്റെ നിർദ്ദിഷ്ട പ്രദേശത്തും അടുത്തകാലത്ത് സന്ദർശിച്ചവേളയിൽ, രണ്ട് പദ്ധതികളുടെയും ആവശ്യകത കണക്കിലെടുത്ത് ഇതുസംബന്ധിച്ച കാര്യങ്ങളിൽ ഗവൺമെന്റ് വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടുപോകുമെന്ന് പ്രഖ്യാപിച്ചതിൽ പ്രത്യേകമായി നന്ദിരേഖപ്പെടുത്തുന്നു. എല്ലാ വികസന പ്രവർത്തനങ്ങളെയും തകർക്കുകയെന്ന ലക്ഷ്യത്തോടെയുള്ള എതിർപ്പുകളെയും നിഷേധാത്മകമായ നിലപാടുകളെയും മറികടന്നുകൊണ്ട് തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് നമ്മുടെ സർക്കാർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക സഹായത്തോടെ 748 കോടി രൂപയുടെ 'സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി' നടപ്പിലാക്കാൻ

തീരുമാനിച്ചു. അതുവഴി 11 റോഡുകൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് മാറുകയാണ്. ഇതിനായി 300 കോടിയിൽപ്പരം രൂപ നഷ്ടപരിഹാരത്തുകയായി നേരത്തേതന്നെ നീക്കിവച്ചിരുന്നു. അതുകൊണ്ടുതന്നെ നഷ്ടപരിഹാരത്തുകയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാക്കേണ്ട കാര്യമില്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയിലടക്കം 9 കേസുകളുണ്ടായിരുന്നതിനെ നേരിടുകയും പരാജയപ്പെടുത്തുകയും ചെയ്തു. ഇതാണ് സംസ്ഥാനത്തെ വികസന വിരുദ്ധർ ചെയ്തുകൊണ്ടിരിക്കുന്നത്. മുന്നോട്ടുള്ള ഓരോ ഇഞ്ച് പ്രയാണത്തിലും പ്രതിപക്ഷ രംഗത്ത് പ്രവർത്തിക്കുന്ന കോൺഗ്രസിലെ സുഹൃത്തുക്കൾ വിവാദമുണ്ടാക്കുന്നുവെന്നതാണ് ഞാൻ സൂചിപ്പിച്ചത്. ഇതൊക്കെ എന്തിനാണെന്നതിനുള്ള വിശദീകരണം അവർക്ക് ഇതുവരെ പറയാൻ കഴിഞ്ഞിട്ടില്ല. ഇത്രയുംതുക നീക്കിവച്ച് വിവിധ പദ്ധതികളുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് അവർ തടസ്സങ്ങളുണ്ടാക്കുന്നത്. എന്റെ സുഹൃത്തും അഴീക്കോട് മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.യുമായ ശ്രീ. കെ. വി. സുമേഷും ഞാനും വളരെയധികം സഹകരിച്ചുപോകുന്നവരാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽനിന്ന് ആരംഭിക്കുന്ന സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായ ഒരു

റോഡിന്റെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്, അത് കേസിൽ കുടുങ്ങിയിരിക്കുകയാണ്. കച്ചവടക്കാരുടെ കേസുണ്ട്, അതിന് മുന്നിലും പിന്നിലും നിൽക്കുന്നത് ഞാൻ നേരത്തെ പറഞ്ഞ ശക്തികൾ തന്നെയാണ്. ഇതിലൊക്കെ കച്ചവടക്കാർ പേരിന് മാത്രം നിൽക്കുന്ന നിരപരാധികളാണ്, 'ഞങ്ങൾക്ക് കാര്യമൊന്നുമറിയില്ല, ഒപ്പിട്ടുകൊടുത്തുവെന്നേയുള്ളൂ' എന്നാണ് അവർ വന്നുപറയുന്നത്, ഇതാണ് സ്ഥിതി എന്നാണ് ഞാൻ വ്യക്തമാക്കുന്നത്. വികസന പ്രവർത്തനങ്ങളെ പരമാവധി തടസ്സപ്പെടുത്തുന്ന, അത്യന്തം ആപത്കരവും ജനദ്രോഹകരവുമായ നിലപാടുകളിൽനിന്നും മുഖ്യപ്രതിപക്ഷകക്ഷി എന്നുപറയുന്ന സുഹൃത്തുക്കൾ മാറിയില്ലെങ്കിൽ അത് പലതരത്തിലുള്ള മറ്റുപ്രശ്നങ്ങൾക്ക് വഴിവയ്ക്കും. ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക പരിമിതികളുണ്ടെന്ന് എല്ലാവർക്കുമറിയാം. സംസ്ഥാന ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന ധാരാളം കേന്ദ്രനയങ്ങളുണ്ട്. കേരളത്തിന് ലഭ്യമാകേണ്ട സഹായങ്ങൾ കേന്ദ്രത്തിന്റെ ഔദാര്യമല്ല, അവകാശപ്പെട്ട ജി.എസ്.ടി. വിഹിതമുൾപ്പെടെ നിഷേധിക്കുകയാണ്. ഈ സന്ദർഭത്തിൽത്തന്നെയാണ് വെള്ളപ്പൊക്കക്കാലത്ത് സാധാരണ ജനങ്ങൾക്ക് ഭക്ഷണം കൊടുത്ത വകയിൽ ചെലവായ റേഷനരിയുടെ വില

തിരിച്ചുചോദിക്കാനുള്ള മനുഷത്വരാഹിത്യം കേന്ദ്രം കാണിച്ചത്. ആത്മാഭിമാനമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൗജന്യത്തിന് കാത്തുനിൽക്കാതെതന്നെ ആ തുക തിരിച്ചുകൊടുത്തു. ഇത്തരത്തിൽ ജനദ്രോഹ പ്രവർത്തനങ്ങൾ കേന്ദ്രത്തിൽ നിന്നും നിരന്തരമായി നടക്കുന്നു. പ്രതിപക്ഷമാണെങ്കിൽ നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ മുടക്കാനായി ശ്രമിക്കുന്നു. ഈ രണ്ടുകാര്യങ്ങളാണ് സംയുക്തമായി അവർ നടത്തുന്നത്. കേന്ദ്രഗവൺമെന്റിന്റെ തടസ്സങ്ങൾക്കുപുറമെ ഇവിടെ പാഴ്വേലയായി നടത്തുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും വേറെ. ഇങ്ങനെയുള്ള സംയുക്ത സംരംഭത്തെ നേരിട്ടുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുപോകുന്നതെന്ന കാര്യം ഒരു വസ്തുതയാണ്.

ടൂറിസം മേഖല അനന്തസാദ്ധ്യതകളുള്ളതാണ്. ടൂറിസവുമായി ബന്ധപ്പെട്ട പ്രകൃതിമനോഹരമായ തീരഭൂമിയാണ് കണ്ണൂർ-അഴീക്കോട് നിയോജകമണ്ഡലം. ആ തീരഭൂമിയിലെ മനോഹരമായ പ്രദേശമാണ് ചരിത്രത്തിന്റെ ഏറ്റവും വലിയ കർമ്മസാക്ഷ്യമായിട്ടുള്ള ഏഴിമല. അതിന്റെ ദൃശ്യസാക്ഷ്യങ്ങളും പരിസരപ്രദേശങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സൗകര്യങ്ങളും കണ്ണൂരിന്റെ പ്രത്യേകതകളാണ്. അതുപോലെതന്നെയാണ് കണ്ണൂരിലെ മുഴപ്പിലങ്ങാടും. മുഴപ്പിലങ്ങാട് അഡ്വഞ്ചർ ടൂറിസത്തിനുള്ള

സാധ്യതകൾ ഏറെയാണ്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിലെ സൗകര്യം മറ്റെവിടെയും ഇല്ലാത്തതാണ്. ആയിരക്കണക്കിന് വിദേശികൾ വന്നുകൊണ്ടിരിക്കുകയാണ്. നേരത്തെ എടക്കാട് മണ്ഡലത്തിലായിരുന്ന ഈ പ്രദേശം ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിലാണുള്ളത്. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി അവിടെ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അഡ്വഞ്ചർ ടൂറിസത്തിന്റെ ഭാഗമായി ഞാനും മകനും ഒരു യാത്ര നടത്തുകയുണ്ടായി. നിരവധിയാളുകൾ ഇതുപോലെയുള്ള വിനോദയാത്ര പരിപാടിയിൽ പങ്കെടുക്കാൻ ക്യൂനിൽക്കുകയാണ്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിന്റ കാര്യം വളരെ പ്രത്യേകതയുള്ളതാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെതന്നെ ഏക ഡ്രൈവ് ഇൻ ബീച്ചാണിത്. ഡ്രൈവിംഗ് ഇത്രയേറെ മനോഹരമായി സംഘടിപ്പിക്കാൻ കഴിയുന്ന ഈ ബീച്ച് പ്രകൃതി നൽകിയ സംഭാവനയാണ്. അതുപോലെതന്നെ പയ്യാമ്പലം ബീച്ചും വളരെ മനോഹരമാണ്. ഇത് എന്റെ മാന്യസുഹൃത്ത് ശ്രീ. കെ. വി സുമേഷിന്റെ മണ്ഡലംകൂടി ഉൾപ്പെട്ടതാണ്. പയ്യാമ്പലത്തിന് അനന്ത സാദ്ധ്യതകളാണുള്ളത്. അടുത്തകാലത്ത് അവിടെ ഒന്നുരണ്ട് പരിപാടികൾ സംയുക്തമായി ഉദ്ഘാടനം ചെയ്തു. അതെല്ലാംതന്നെ

ആകർഷകമായ പരിപാടികളായിരുന്നു, എന്നുമാത്രമല്ല, ഊർജ്ജസ്വലനായ ശ്രീ. കെ. വി. സുമേഷിന്റെ ഇടപെടലുകളും എടുത്തുപറയേണ്ടതാണ്. ഞങ്ങൾ എല്ലാവരുംകൂടി കാണേണ്ടവരെ കണ്ട് കാര്യങ്ങളെല്ലാം ചെയ്തു, ബഹുമാനപ്പെട്ട മന്ത്രിമാരും അവിടെ സന്നിഹിതരായതിനാൽ ധാരാളം നേട്ടങ്ങൾ അനുബന്ധമായും അനുസ്യൂതമായും ഉണ്ടാവുകയാണ്. പക്ഷേ ഇതെല്ലാം മുന്നോട്ടുകൊണ്ടുപോകുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പൂർണ്ണമായും പ്രയോജനപ്പെടുത്താനുള്ള അവസരമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ പ്രധാനപ്പെട്ട ഒന്നാണ് കണ്ണൂർ കോട്ട. ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു നിർമ്മിതിയാണത്. എന്നാൽ കണ്ണൂർ കോട്ട കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണുള്ളത്. ഞാൻ ഇടക്കാലത്ത് ഒരു സ്ഥാനം വഹിച്ചപ്പോൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശ്രമിച്ചുനോക്കിയെങ്കിലും കേന്ദ്രഗവൺമെന്റ് അനുവദിച്ചില്ല. എന്തെങ്കിലും ചെയ്യാൻ സംസ്ഥാനത്തെയും സമ്മതിക്കില്ല.  എന്നാൽ അവർ എന്തെങ്കിലും ചെയ്യുമോ, അതുമില്ല. അറയ്ക്കൽ കൊട്ടാരവും ചരിത്രത്തിന്റെ സാക്ഷ്യങ്ങളിലൊന്നാണ്. അറക്കൽ ചിറക്കൽ രാജകുടുംബത്തിന്റെ ആസ്ഥാനഭൂമിയാണ്. ഇതെല്ലാമുണ്ടെങ്കിലും ഇവയൊന്നും ഉപയോഗപ്പെടുത്താൻ കഴിയാത്തത് കേന്ദ്രഗവൺമെന്റിന്റെ അനാവശ്യമായ

തടസ്സവാദങ്ങളാലാണ്. ആ തടസ്സവാദങ്ങൾ നിരാകരിക്കാനുള്ള നിയമപരവും ഭരണപരവുമായ നടപടികൾ സ്വീകരിച്ചേ മതിയാകുവെന്നത് മറ്റൊരു വസ്തുതയാണ്. അത്തരം നടപടികളുമായി തീർച്ചയായും മുന്നോട്ടുപോകണം. പൊതുമരാമത്ത് വകുപ്പുമന്ത്രി കാണിക്കുന്ന ഊർജ്ജസ്വലതയും പ്രസരിപ്പുംകൊണ്ട് ഈ തടസ്സങ്ങളെയൊക്കെ അതിജീവിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അഴീക്കൽ തുറമുഖ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് അശ്രാന്ത പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ കപ്പൽ ഇറക്കുന്നതിനുവേണ്ടി അദ്ദേഹം ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്ന് എനിക്ക് നേരിട്ടറിയാവുന്നതാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുകൊണ്ടുവന്ന അഴീക്കൽ തുറമുഖവും അനുബന്ധ തുറമുഖങ്ങളുമെല്ലാം കേരളത്തിന്റെ സാമ്പത്തിക വ്യാവസായിക പുരോഗതിയുടെ അടിസ്ഥാന ഘടകമാണെന്നതുകൊണ്ടുതന്നെ വിഴിഞ്ഞം പദ്ധതി ഉൾപ്പെടെ കേരളത്തിൽ സഫലീകൃതമാക്കേണ്ടതാണ്. അതെല്ലാം സാക്ഷാത്കരിക്കപ്പെടുന്നതോടുകൂടി ഈ മേഖലയിലുണ്ടാകുന്ന വലിയ മുന്നേറ്റം തീർച്ചയായും വളരെ സഹായകരമായി തീരുമെന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് ഈ

മൂന്ന് വകുപ്പുകൾ നിർദ്ദേശിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കൂട്ടായ ശ്രമം നടത്തണം. അത് പ്രാവർത്തികമാക്കുന്നതിന് ചെറുതും വലുതുമായ പ്രതിബന്ധങ്ങളെ അതിജീവിക്കാനുള്ള കരുത്തും ശക്തിയും ആർജ്ജിച്ച് മുന്നോട്ടുപോകാൻ സാധിക്കണം. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച പരിപാടികൾ അതുപോലെ തുടരാനും പൂർത്തീകരിക്കാനുമുള്ള പ്രതിജ്ഞാബദ്ധത നമുക്കെല്ലാം പ്രകടിപ്പിക്കാൻ കഴിയണം. ചില സുഹൃത്തുകൾ ചൂണ്ടിക്കാണിച്ചതുപോലെ കോൺട്രാക്ടർമാരുടെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും മാനസികാവസ്ഥകൂടി മാറ്റിയെടുത്താൽ വളരെവേഗം ഇതെല്ലാം പൂർത്തീകരിച്ച് കേരളത്തിന് ഭാസുരമായ ഭാവി ഉറപ്പുവരുത്താൻ കഴിയുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ പൊതുമരാമത്ത്, തുറമുഖങ്ങൾ, വിനോദസഞ്ചാരം എന്നീ വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. തുറമുഖ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്താൽ ആഗോളതല വ്യാപാരത്തിന്റെയും ഉൽപ്പാദന വിതരണ ശൃംഖലയുടെയും നട്ടെല്ലാണ് സമുദ്ര ഗതാഗതമെന്ന് കാണാം. 2022-ലെ UNCTAD-ന്റെ

പ്രസിദ്ധീകരണമായ 'Review of Maritime Transport' വ്യക്തമാക്കുന്നത് ആഗോള വ്യാപാരത്തിന്റെ 80 ശതമാനത്തിലധികവും കപ്പലുകൾ വഴിയാണ് നടക്കുന്നതെന്നാണ്. സമുദ്ര വ്യാപാര വളർച്ച പലകാരണങ്ങളാൽ താൽക്കാലികമായി അല്പം കുറഞ്ഞിട്ടുണ്ടെങ്കിലും ഭാവിയിൽ അത് വർദ്ധിക്കാനാണ് സാധ്യത. 2020-21-ൽ 1251.38 ദശലക്ഷം ടൺ ചരക്കുകളാണ് ഇന്ത്യയിലെ മേജർ, നോൺ-മേജർ തുറമുഖങ്ങൾവഴി കൈകാര്യം ചെയ്തതായി കണക്കാക്കുന്നത്. ഇന്ത്യയുടെ 7517 കി.മീ. ദൈർഘ്യമുള്ള തീരപ്രദേശവും 14500 കി.മീ. സഞ്ചാരയോഗ്യമായ ജലപാതകളും അന്തർദേശീയ സമുദ്ര വ്യാപാരപാതകളിൽ തന്ത്രപ്രധാനമായ സ്ഥാനമാണ് അലങ്കരിക്കുന്നത്. ഇത് പ്രയോജനപ്പെടുത്തുന്നതിനും പുതിയവയുടെ നവീകരണത്തിനും രാജ്യത്തെ തുറമുഖത്തെ അടിസ്ഥാനപ്പെടുത്തിയ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഇന്ത്യാ ഗവൺമെന്റ് 'സാഗർമാല' പദ്ധതി ആരംഭിച്ചത്. തുറമുഖ ആധുനികവൽക്കരണം, കണക്റ്റിവിറ്റി വർദ്ധിപ്പിക്കൽ, തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം, തീരദേശസമൂഹ വികസനം, തീരദേശ ഷിപ്പിംഗിന്റെയും ഉൾനാടൻ ജലപാതകളുടെയും പ്രോത്സാഹനം എന്നിവയാണ് 'സാഗർമാല' പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. സംസ്ഥാന തുറമുഖ

വകുപ്പും കേരള മാരിടൈം ബോർഡും ഈ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തണം. 90:10 എന്ന അനുപാതത്തിൽ മാറ്റംവരുത്താൻ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. സാഗർമാല പദ്ധതിക്ക് 90 ശതമാനം തുക സംസ്ഥാന സർക്കാരും 10 ശതമാനം കേന്ദ്രസർക്കാരുമാണ് നൽകേണ്ടത്. ഈ അനുപാതത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ ഈ പദ്ധതികൊണ്ട് കേരളത്തിന് പ്രയോജനമുണ്ടാകില്ല. കടൽമാർഗ്ഗമുള്ള ഗതാഗതവും തുറമുഖങ്ങളുടെ നിർമ്മാണവും കപ്പൽ സർവ്വീസും അനിവാര്യമാണ്. കൊച്ചി തുറമുഖം കേന്ദ്രസർക്കാരിന്റെ പരിധിയിൽ വരുന്നതുകൊണ്ട് അതിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നാൽ കേരളതീരത്തെ 17 മൈനർ തുറമുഖങ്ങളുടെ വികസനവും സുതാര്യ ഭരണവും ഉറപ്പുവരുത്താനാണ് 2017-ലെ കേരള മാരിടൈം ബോർഡ് ആക്ട് പ്രകാരം കേരള മാരിടൈം ബോർഡ് നിലവിൽ വന്നത്. തുറമുഖ വകുപ്പും സംസ്ഥാന സർക്കാരും സ്വകാര്യ പങ്കാളിയായ അദാനി പോർട്ട് ലിമിറ്റഡുമായി സഹകരിച്ച് പി.പി.പി. മാതൃകയിൽ മെഗാ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനിൽ വിഴിഞ്ഞത്ത് സ്ഥാപിക്കാൻ തീരുമാനിക്കുകയും ദ്രുതഗതിയിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളത് നമുക്കറിയാം.

അതിന് കേരള സർക്കാരിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം അതിവേഗം പുരോഗമിക്കുമ്പോൾ തീരദേശത്തെ കേരള സർക്കാരിന്റെ 17 തുറമുഖങ്ങൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. ആ 17 തുറമുഖങ്ങളെയും കടൽത്തീരങ്ങളെയും ബന്ധിപ്പിച്ച് തീരദേശ കപ്പൽ സർവ്വീസും ടൂറിസം വികസനത്തിന് ആവശ്യമായ പദ്ധതികളും ആരംഭിക്കണം. കേരള മാരിടൈം ബോർഡ് ആരംഭിച്ച തീരദേശ കപ്പൽ സർവ്വീസ് ഇപ്പോൾ നിലച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കാനും ഇൻഡസ്ട്രിയൽ തുറമുഖമെന്ന നൂതന ആശയം നടപ്പിലാക്കാനും സാധിക്കണം. വൈപ്പിൻകരയിൽ എടവനക്കാട് അത്തരത്തിലുള്ള ഒരു ഇൻഡസ്ട്രിയൽ പോർട്ടിനുള്ള സാധ്യത തത്വത്തിൽ കേരള മാരിടൈം ബോർഡ് അംഗീകരിച്ച് ശിപാർശ ചെയ്തിട്ടുള്ളതാണ്. മത്സ്യവിഭവങ്ങൾ അവിടെത്തന്നെ സംസ്കരിച്ച് അവിടെനിന്നും നേരിട്ട് കണ്ടെയ്നറുകൾ വഴി കയറ്റുമതി ചെയ്യാവുന്ന വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളെ ഞാൻ ശ്ലാഘിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. സംസ്ഥാനത്തിന്റെ വികസന കുതിപ്പിന് വേഗം പകരുന്ന ദേശീയപാത 66-ന്റെ വിപുലീകരണം സംബന്ധിച്ചും 2025-ഓടെ അത് പൂർത്തീകരിക്കുമെന്നും ഇന്നലെ സഭയിൽ മന്ത്രി വ്യക്തമാക്കുകയുണ്ടായി. നിരന്തരമായ അവലോകനത്തെത്തുടർന്ന് വളരെ വേഗത്തിൽ വിവിധ പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികളും ശ്രമങ്ങളുമാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശ ഹൈവേ ഇക്കാര്യത്തിൽ എടുത്തുപറയേണ്ടതാണ്. കേരള സർക്കാരിന്റെ അഭിമാന പദ്ധതിയാണത്. 590 കി.മീ. തീരം പങ്കുവയ്ക്കുന്ന കേരളത്തിന്റെ വ്യാപാര മേഖലയ്ക്കും ടൂറിസം വികസനത്തിനും ഉത്തേജനം പകരുന്ന പദ്ധതിയാണ്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ഇതുസംബന്ധിച്ച പ്രധാനപ്പെട്ടൊരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. തീരദേശപാത വരുമ്പോൾ ഫോർട്ട് കൊച്ചിയും വൈപ്പിനുമായി ബന്ധിപ്പിക്കുന്നതിന്, തീരദേശ റോഡ് മുറിയാതിരിക്കാൻ RoRo-യെമാത്രം ആശ്രയിക്കാതെ കടലിനടിയിലൂടെ ഒരു തുരങ്കപാതയോ എലിവേറ്റഡ് ഹൈവേയോ വേണമെന്ന് ഞാൻ ഈ സഭയിൽ

ഉന്നയിക്കുകയും നിവേദനമായി സമർപ്പിക്കുകയും ചെയ്തിരുന്നു. കൊച്ചി തുറമുഖത്തിന്റെ ട്രാഫിക് മാനേജരും ഗോവ പോർട്ടിന്റെ ചെയർമാനുമായ ഡോ. ജോസ് പോൾ അതിന്റെ സാധ്യതകൾ മനസ്സിലാക്കി ഏകദേശം 1,200 കോടി രൂപ ചെലവ് വരുന്ന പദ്ധതിയാണെന്ന നിലയിൽ ഒരു ഇംഗ്ലീഷ് പത്രത്തിന് അഭിമുഖം നൽകിയിരുന്നു. അത് ഇന്ത്യയിലെ ആദ്യത്തെ തുരങ്കപാതയായിരിക്കും. അതിന്റെ സാധ്യതാപഠനത്തിന് L&T-യെ ചുമതലപ്പെടുത്തിയതായി ഞാൻ മനസ്സിലാക്കുന്നു. സർക്കാരിന്റെ സജീവ പരിഗണന അർഹിക്കുന്ന ഒരു വിഷയമാണത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. അതുപോലെ അഴീക്കോട് മുനമ്പംപാലം നിർമ്മാണ ഘട്ടത്തിലേയ്ക്ക് വന്നിട്ടില്ല. തീരദേശ റോഡ് തൃശ്ശൂർ ജില്ലയുമായി ബന്ധപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. ബഹുമാനപ്പെട്ട ചെയറിനുകൂടി താൽപ്പര്യമുള്ള വിഷയമാണത്. വൈപ്പിൻ-അഴിക്കോട് ജനതയുടെ ഒരു ദശാബ്ദത്തിലേറെയായ സ്വപ്നമാണ്. ഇക്കാര്യത്തിൽ ഒരു തരത്തിലും കാലവിളംബമുണ്ടാകാൻ പാടില്ല. എല്ലാ ടെണ്ടർ നടപടികളും പൂർത്തീകരിച്ച് ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുകയാണ്. വകുപ്പിന്റെ ക്ലിയറൻസ് ലഭിച്ചാൽ നിർമ്മാണ പ്രവർത്തനം

ആരംഭിക്കാവുന്നതാണ്. ഇപ്പോൾ അത് നടന്നില്ലെങ്കിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടി വരുമെന്ന് മാത്രമല്ല ഇന്നത്തെ റേറ്റിനെക്കാൾ കൂടുതൽ തുക സർക്കാർ ചെലവഴിക്കേണ്ടതായും വരും. അങ്ങനെ ഈ പ്രവൃത്തി അവതാളത്തിലാകുന്ന സ്ഥിതി ഒഴിവാക്കണം. മറ്റൊന്ന്, തീരദേശ റോഡ് നിലവിൽ വരുന്നതോടെ വൈപ്പിൻ-വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ഭാഗത്തേയ്ക്കുള്ള ചരക്ക് നീക്കം വർദ്ധിക്കുമെന്നതാണ്. അത് കണക്കിലെടുത്ത് നിലവിലുള്ള ഗോശ്രീ പാലത്തിന് സമാന്തരമായി രണ്ട് പാലങ്ങൾകൂടി ദീർഘവീക്ഷണത്തോടെ രൂപകല്പന ചെയ്ത് നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിലവിലുള്ള വൈപ്പിൻ റോഡ് യാത്രാവാഹനങ്ങൾക്കും ജനങ്ങൾക്കും ഉൾക്കൊള്ളാൻ കഴിയാത്തതായി മാറും. ഇത് പരിഹരിക്കാൻ വൈപ്പിൻ-പള്ളിപ്പുറം റോഡിന് സമാന്തരമായി കിഴക്കുഭാഗത്ത് 25 കി.മീ. കായൽ റോഡ് നിർമ്മിക്കാൻ കഴിയണം. പടിഞ്ഞാറ് ഭാഗത്തെ റോഡ് നിർമ്മാണത്തിന് കിഫ്ബി മാറ്റിവച്ച 75 കോടി രൂപ ഇതിനായി വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം. ഈ തുക വൈപ്പിൻ മണ്ഡലത്തിന് നഷ്ടപ്പെടാതിരിക്കാൻ ഗൗരവമായി ഇടപെടണം. വൈപ്പിൻ മണ്ഡലത്തിലെ ഇളംകുന്നപ്പുഴ പഞ്ചായത്തിലെ മുക്കാട് പ്രദേശത്തുനിന്ന് മുളവുകാട് ഭാഗത്തേയ്ക്ക് കണ്ടെയ്നർ റോഡുമായി

ബന്ധിപ്പിക്കുന്ന ഒരു പുതിയ പാലംകൂടി വന്നാൽ വൈപ്പിൻ പ്രദേശത്തെ ജനങ്ങൾക്ക് ആശ്വാസമാകും. അതുകൊണ്ട് ഈ വികസന പ്രവർത്തനത്തെ മുന്നോട്ട് നയിക്കാൻ സാധിക്കണം.

കേരളത്തിലെ വിനോദസഞ്ചാര മേഖല സാമ്പത്തിക വളർച്ചയുടെ ഒരു പ്രധാന ഘടകമാണ്. വ്യാപാരം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, നിക്ഷേപം, അടിസ്ഥാന സൗകര്യവികസനം എന്നീ കാര്യങ്ങളിൽ സ്വാധീനം ചെലുത്തുന്നതോടൊപ്പം നമ്മുടെ നാടിന്റെ വരുമാന സ്രോതസ്സായി അത് മാറിക്കഴിഞ്ഞിരിക്കുന്നു. യാത്രയ്ക്കും വിനോദസഞ്ചാരത്തിനും വലിയ വിപണിയാണ് നമ്മുടെ നാട്ടിലുള്ളത്. സാഹസികത, വൈദ്യം, ക്ഷേമം, കായികം, ഇക്കോട്ടൂറിസം, സിനിമ, ഗ്രാമീണത, മതട്ടൂറിസം എന്നിങ്ങനെ വിവിധ വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യമാർന്ന ഒരു ശൃംഖലതന്നെ നമുക്കുണ്ട്. കേരള ടൂറിസത്തിന് ഒരു അന്താരാഷ്ട്ര പെരുമ തന്നെയുണ്ട്. കോവിഡാനന്തരം കേരള ടൂറിസം വളർച്ചയുടെ പടവുകൾ കയറുകയാണ്. അതിനെ പ്രോജ്ജ്വലിപ്പിക്കുംവിധം മുൻകയ്യെടുക്കുന്ന സംസ്ഥാന ടൂറിസം വകുപ്പിനെയും ബഹുമാന്യനായ മന്ത്രി ശ്രീ. മുഹമ്മദ് റിയാസിനെയും ഞാൻ അഭിനന്ദിക്കുകയാണ്. പൂക്കൾ തേടി പൂമ്പാറ്റകൾ വരുന്നതുപോലെയാണ് കേരളത്തെ തേടി അവാർഡുകളും

പ്രശംസാപത്രങ്ങളും വരുന്നത്. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ വലിയ വർദ്ധനയാണ് വന്നുകൊണ്ടിരിക്കുന്നത്. 2022-ൽ ഏറ്റവുമധികം ആഭ്യന്തര വിനോദസഞ്ചാരികൾ എത്തിയത് എറണാകുളം ജില്ലയിലാണ് (4048679 എണ്ണം). വിദേശസഞ്ചാരികളുടെ എണ്ണവും വർദ്ധിച്ചുവരുന്നതിനാൽ അതിനനുസൃതമായി വളരുന്ന കൊച്ചിയെയും വൈപ്പിൻ മണ്ഡലത്തെയും അണിയിച്ചൊരുക്കുന്നതിന് മുൻകയ്യെടുക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. ഇതിനായി മുസിരിസ് പൈതൃക ടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ കഴിയണം. കൊച്ചി മുസിരിസ് ബിനാലെ കലാരംഗത്ത് ഏറ്റവും പ്രധാനപ്പെട്ട, ലോകപ്രശസ്തമായ സംഭാവനയാണ്. അതിന്റെ എക്സ്റ്റൻഷൻ അടുത്ത വർഷം മുതൽ വൈപ്പിനിലും സ്ഥാപിക്കണം. അന്താരാഷ്ട്ര ടൂറിസം മേഖലയിലെ ഏറ്റവും പുതിയ ഓഫറുകളിലൊന്നാണ് ഹെർബൽ ടൂറിസം. ഈ ആശയം ആദ്യമായി നടപ്പാക്കിയത് റിപ്പബ്ലിക് ഓഫ് ക്രൊയേഷ്യയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ത്യയിൽ 'മേഘങ്ങളുടെ വാസസ്ഥലം' എന്നറിയപ്പെടുന്ന മേഘാലയയാണ് ഹെർബൽ ടൂറിസമെന്ന ആശയം രാജ്യത്ത് ആദ്യമായി നടപ്പാക്കിയത്. മേഘാലയയിൽ എണ്ണൂറ്റമ്പതിലധികം ഔഷധ സസ്യങ്ങളുണ്ട്. കേരളത്തിൽ 4600-ൽപ്പരം സസ്യങ്ങളുള്ളതിൽ

തൊള്ളായിരത്തിലധികം വരുന്നവ ഔഷധഗണത്തിൽപ്പെടുന്നതാണ്. അനന്തസാധ്യതകളുള്ള ഹെർബൽ ടൂറിസമെന്ന ആശയത്തിന് കേരളത്തിൽ തുടക്കം കുറിക്കാൻ കഴിയണം. അതിന്റെ സാധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കണം. കേരളത്തിന്റെ 5 ദേവസ്വം ഭൂമികളെ ഇതിന് പ്രയോജനപ്പെടുത്താനാകും. അതുപോലെ കേരളത്തിലെ ക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും സവിശേഷമായ പങ്കാണ് ടൂറിസം മേഖലയിൽ വഹിക്കുന്നത്. വർണ്ണാഭമായ നിരവധി ഉത്സവങ്ങളും ആഘോഷങ്ങളും കേരളത്തിൽ നടക്കുന്നു. വിനോദസഞ്ചാരികൾക്ക് ഇത് കാണാനും ആസ്വദിക്കാനും കഴിയുംവിധം ഒരു ഫെസ്റ്റിവൽ/ഉത്സവ ഡയറക്ടറി ടൂറിസം ഡിപ്പാർട്ടുമെന്റ് തയ്യാറാക്കണം. പല ടൂർ പാക്കേജുകളും ഒരു വർഷം മുമ്പാണ് വിദേശത്തും ഇന്ത്യയിലും പ്ലാൻ ചെയ്യുന്നത്. അതുകൊണ്ട് സഞ്ചാരികൾക്ക് അത് വലിയ ഉപകാരമായിരിക്കും. നൈറ്റ് ലൈഫിനെ പ്രോത്സാഹിപ്പിക്കാൻ കഴിയണം. അതിന് മാതൃകയായി ഒരു പദ്ധതി കൊച്ചിയിൽ അവതരിപ്പിക്കാൻ മുൻകയ്യെടുക്കണം. അതുപോലെ വിദേശസഞ്ചാരികളെ ആകർഷിക്കാൻ കഴിയുംവിധം അന്താരാഷ്ട്ര നിലവാരത്തിലുള്ള വാട്ടർ ഒളിമ്പിക്സ് കൊച്ചിയിൽ സംഘടിപ്പിക്കണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. അതിന്

കേരളത്തിൽ ഏറ്റവും അനുയോജ്യമായ സ്ഥലം കൊച്ചി തന്നെയാണ്. ഫോർട്ടുകൊച്ചി അഴിമുഖവും ബോൾഗാട്ടി പാലസും 55 ഏക്കറോളം വരുന്ന രാമൻതുരുത്തും വൈപ്പിൻകരയുമെല്ലാം യാനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ലാൻഡിംഗ് സ്ഥലങ്ങളാണ്. അതുകൊണ്ട് വാട്ടർ സ്പോർട്സ്സുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള വാട്ടർ ഒളിമ്പിക്സ് നടത്തുന്നതിന് മുൻകയ്യെടുക്കാൻ ബഹുമാന്യനായ വിനോദസഞ്ചാര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അത് ഇന്ത്യയിൽതന്നെ ഒരുപക്ഷേ ആദ്യത്തേതായിരിക്കും. എന്റെ മണ്ഡലത്തിലെ പുതുവൈപ്പിനിൽ ഒരു ഓഷ്യനേറിയം വിഭാവനം ചെയ്തിരുന്നു. മത്സ്യമേഖലയിൽ വിനോദസഞ്ചാരത്തോടൊപ്പം വിജ്ഞാനവും വാണിജ്യവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിനുകീഴിൽ 250 കോടി രൂപയുടെ ഇന്റഗ്രേറ്റഡ് അക്വാപാർക്ക് സ്ഥാപിക്കാൻ തീരുമാനമെടുത്തിരുന്നു. ഇത് പി.എം.എം.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ 12.5 കോടി രൂപ വകയിരുത്തുകയും ചെയ്തതാണ്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ കണ്ടൽ ബൊട്ടാണിക്കൽ ഗാർഡൻ, ഡോൾഫിൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഓഷ്യനേറിയം, സീഫുഡ് റെസ്റ്റോറന്റ്, മത്സ്യകൃഷി

പ്രദർശന യൂണിറ്റ്, പരിശീലനകേന്ദ്രം, മ്യൂസിയം എന്നിവയാണ്. റവന്യൂ വകുപ്പിന്റെ 15-12-2007-ലെ നം.441/2007 ഉത്തരവ് പ്രകാരം പുതുവൈപ്പ് വില്ലേജിലെ 133 ഏക്കർ സ്ഥലത്തുനിന്നും 50 ഏക്കർ സ്ഥലം ഓഷ്യനേറിയത്തിനായി 'ഫിർമ'-യ്ക്ക് കൈമാറിയിട്ടുള്ളതാണ്. ഓഷ്യനേറിയവും ഇന്ത്യയിലെ ആദ്യത്തെ സംരംഭമായിരിക്കും. അത് വിനോദസഞ്ചാരികളെ ആകർഷിക്കാനും വൈപ്പിൻ മണ്ഡലത്തിന്റെ സുസ്ഥിരമായ വികസനത്തിനും സഹായകരമാണ്. നാളിതുവരെയായി യാതൊരു പുരോഗതിയും ഇതിൽ കാണുന്നില്ല. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ പദ്ധതിയാണെങ്കിലും ടൂറിസത്തിന് വൻ സാധ്യതകൾ തുറന്നുതരുന്ന പദ്ധതിയെന്ന നിലയിൽ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമായതിനാൽ ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അത് ഇന്ത്യയിലെ ആദ്യത്തെ സംരംഭമായിരിക്കും. സമ്പന്നമായ ഒരു ഭൂതകാല ചരിത്രമുള്ള നാടാണ് വൈപ്പിൻ മണ്ഡലം. 13-ാം നൂറ്റാണ്ടിലെ പ്രളയത്തെത്തുടർന്നുണ്ടായ കരയാണെങ്കിലും ഇന്ത്യയിലെ ആദ്യത്തെ കന്യാസ്ത്രീ വൈപ്പിൻകരയിൽ നിന്നാണ്. നവോത്ഥാന പ്രസ്ഥാനത്തിന്റെ നായകനായ സഹോദരൻ അയ്യപ്പന്റെ ജന്മസ്ഥലം അവിടെയാണ്.

ഇന്ത്യയുടെ ഭൂവിസ്തൃതിയിൽ 0.1 ശതമാനം മാത്രം ഭൂവിസ്തൃതിയുള്ള കേരളത്തിലെ വൈപ്പിൻ മണ്ഡലത്തിലെ മുളവുകാടാണ് നമ്മുടെ ഭരണഘടനാ ശിൽപ്പികളിലെ പ്രധാനപ്പെട്ട 3 വനിതാരത്നങ്ങളിൽ ഒരാളായ ദാക്ഷായണി വേലായുധന്റെ ജന്മനാട്. കേരളത്തിന് മനോഹരമായ നോവൽ സമ്മാനിച്ച ശ്രീ. കെ. ജി. ബാലകൃഷ്ണന്റെ നാട് വൈപ്പിൻ മണ്ഡലമാണ്. എഴുത്തുകാരനായ സെയ്തുമുഹമ്മദിന്റെ പാദസ്പർശമേറ്റ് പുളകംകൊണ്ട നാടാണ്. സമ്പന്നമായ, സാംസ്കാരികമായ, സാമൂഹ്യമായ ഒരു ഭൂതകാല ചരിത്രമുള്ള ആ നാടിനെ പ്രോജ്ജ്വലിപ്പിക്കാൻ കഴിയുംവിധം ടൂറിസം മേഖലയിൽ സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, പൊതുമരാമത്ത്, തുറമുഖങ്ങൾ, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ വികസനത്തിന്റെ തുടർച്ചയുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. അങ്ങനെ പോകുകയാണെങ്കിലും പ്രതിപക്ഷത്തിന് അവരുടെ അഭിപ്രായം രേഖപ്പെടുത്താൻ അവകാശമുണ്ട്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കാറുമുണ്ട്. എന്നാൽ

പ്രതിപക്ഷം ഇപ്പോൾ ഇല്ലാകഥകൾ പറഞ്ഞുനടക്കുന്നതുമൂലം പരിഹാസ്യരാകുകയാണ്. മറുഭാഗത്ത് അതിഗുരുതരമായ വിധത്തിൽ ഫെഡറൽ തത്വങ്ങൾ അട്ടിമറിച്ച് കേരള സർക്കാരിനെ പ്രതിസന്ധിയിലാക്കാൻ കേന്ദ്രം ശ്രമിക്കുകയാണ്. ഇത്തരം പ്രതിസന്ധികളെ ഇടതുപക്ഷം നയപരിപാടികൾകൊണ്ട് ചെറുത്തുതോൽപ്പിക്കുമെന്ന് ഉറപ്പാണ്. കേന്ദ്രം ഭരിച്ചിരുന്ന മുൻ കോൺഗ്രസ്സ് സർക്കാരിന്റെ തെറ്റായ രീതിമൂലം ഇപ്പോൾ വർഗ്ഗീയ പാർട്ടിയായ ബി.ജെ.പി.-ക്ക് അധികാരത്തിൽ വരാൻ സാധിച്ചു. കോൺഗ്രസ്സ് തുടങ്ങിവച്ച പുതിയ സാമ്പത്തിക കോർപ്പറേറ്റ് നയങ്ങളാണ് ബി.ജെ.പി. സർക്കാർ ഇപ്പോൾ നടപ്പാക്കുന്നത്. ഇതിന്റെ ഫലമായി പാവപ്പെട്ടവൻ കൂടുതൽ ദരിദ്രനാകുകയും മുതലാളിമാർ കൂടുതൽ ധനികരാകുകയും ചെയ്തു. ഇന്ത്യയിലെ ജനങ്ങൾ ഭയപ്പാടോടെയാണ് നിത്യേന ജീവിക്കുന്നത്. നിയമസഭയിൽ പ്രതിപക്ഷം വ്യക്തിയധിഷ്ഠിതമായ ചർച്ചകൾ നടത്തുന്നത് ഗുണകരമല്ല.

ലോകടൂറിസ്റ്റ് ഭൂപടത്തിൽ അടയാളപ്പെടുത്തിയ നാടാണ് കേരളം. വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയാൽ സമ്പന്നമായ നാടിന്റെ ടൂറിസം സാധ്യതകൾ ഇപ്പോൾ പൂർണ്ണമായും ഉപയോഗിക്കാൻ കഴിയുന്നില്ല. സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിൽനിന്നുള്ള ഒരു

ജനപ്രതിനിധിയാണ് ഞാൻ. എന്റെ നിയോജകമണ്ഡലമായ നാട്ടിക പ്രധാനമായും തീരദേശവും കായലും കോൾനിലങ്ങളും ഉൾപ്പെട്ട പ്രദേശമാണ്. കേരളത്തിന്റെ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ മണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽ നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. അതിപ്രസിദ്ധമായ തൃപ്രയാർ ശ്രീരാമ ക്ഷേത്രവും പുരാതനമായ മേളപ്പെരുമയുള്ള പ്രസിദ്ധമായ പെരുവനം ക്ഷേത്രവും നാട്ടിക മണ്ഡലത്തിലാണ്. ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും ആരംഭിച്ച് വടക്കുംനാഥ ക്ഷേത്രം, തൃപ്രയാർ ശ്രീരാമ ക്ഷേത്രം, ചേർപ്പ് പെരുവനം ക്ഷേത്രം, ഐക്കുന്ന് പാണ്ഡവഗിരി ക്ഷേത്രം, ആറാട്ടുപുഴ ക്ഷേത്രം, കൂടൽമാണിക്യം ക്ഷേത്രം എന്നിവയുമായി ബന്ധപ്പെടുത്തി പിൽഗ്രിം ടൂറിസം പദ്ധതി നടപ്പാക്കുന്നത് നന്നായിരിക്കും. കോൾ നിലങ്ങളും കായലുകളുമുള്ള തൃശ്ശൂർ ജില്ലയിലെ നാട്ടിക മണ്ഡലം ടൂറിസം സാധ്യതയുള്ള സ്ഥലമാണ്. ഈ മേഖലയിൽ സഞ്ചാരികളുടെ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിലെ പുള്ള് ഇത്തരത്തിൽ ടൂറിസം മേഖലയായി ഉയർത്തപ്പെടേണ്ടതാണ്. തളിക്കുളം ഗ്രാമപഞ്ചായത്തിലെ സ്നേഹതീരം പാർക്ക് കടൽത്തീര ടൂറിസത്തിന് മാതൃകയാണ്. 1 കോടി രൂപ അനുവദിച്ച് നിർമ്മാണം ആരംഭിച്ച നാട്ടിക ബീച്ച് ടൂറിസം പദ്ധതി

പാതിവഴിയിലാണ്. ഈ പദ്ധതി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം. സ്നേഹതീരം ബീച്ചിന് ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി 48 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം ഇത് നീണ്ടുപോകുകയാണ്. മറ്റൊന്ന്, കുട്ടികൾക്ക് കളിക്കാനുള്ള കളി ഉപകരണങ്ങൾ കടൽക്കാറ്റേറ്റ് നശിച്ചുപോകുകയാണ്. ഇക്കാര്യം സർക്കാർ പരിശോധിക്കണം. തൃപ്രയാർ ക്ഷേത്രത്തിന് മുന്നിലുള്ള സരയൂ തീരം ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാൻ സാധിക്കുന്നതാണ്. മണ്ഡലത്തിലെ തീരദേശങ്ങളായ മൂന്ന് പഞ്ചായത്തുകളിൽ നിരവധി ടൂറിസം പദ്ധതികൾ നടപ്പാക്കാൻ കഴിയും. എന്നാൽ കടലിൽനിന്നും 500 മീറ്ററിനുള്ളിൽ ടൂറിസം കേന്ദ്രം നിർമ്മിക്കാൻ കഴിയില്ലെന്ന കേന്ദ്ര നിയമം വൻ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഈ പ്രശ്നത്തിൽ സർക്കാർ ഇടപെടണം.

കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെയും പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഉന്നത നിലവാരത്തിലേയ്ക്കുയർത്തുന്നതിനുള്ള പരിശ്രമമാണ് എൽ.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ അതിരൂക്ഷമായ കാലവർഷക്കെടുതിമൂലം പ്രളയമുണ്ടാകുകയും റോഡുകൾ തകരാറിലാകുകയും ചെയ്യുന്നു. വെള്ളം കെട്ടിനിന്ന് കുഴികൾ രൂപപ്പെടുന്നതുകൊണ്ടാണ് റോഡുകൾ മോശമാകുന്നത്. മഴക്കാലത്തിനുമുമ്പ്

വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ റോഡുകളിലെ പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും. മഴക്കാലത്ത് റോഡുകൾ സഞ്ചാരയോഗ്യമാക്കിയില്ലെങ്കിൽ പഴികേൾക്കുന്നത് ജനപ്രതിനിധികളും പൊതുമരാമത്ത് വകുപ്പുമാണ്. പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഒരു പ്രവൃത്തി സർക്കാർ അനുവദിച്ചാൽ അത് നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതുണ്ട്. പ്രധാനപ്പെട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ചില റോഡുകൾ കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിന് മുൻകാല ബജറ്റുകളിൽ തുക അനുവദിച്ചിരുന്നു. റോഡിന്റെ അളവിൽ മാറ്റം വരുത്തിയാൽ കിഫ്ബി മുഖേന നിരവധി നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ സാധിക്കും.

ദേശീയപാത 66-ന്റെ വികസനം തീരദേശത്തിന്റെ വികസനത്തിന് ഏറെ ഗുണം ചെയ്യുന്നതാണ്. മുടങ്ങിക്കിടന്നിരുന്ന ദേശീയപാത വികസനത്തിന് പുതുജീവൻ നൽകിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. സ്ഥലം ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റ് ഫണ്ട് അനുവദിക്കില്ലെന്ന് പറഞ്ഞപ്പോൾ പ്രസ്തുത തുക എൽ.ഡി.എഫ്. സർക്കാർ

നൽകി. അതിന്റെ ഫലമായി എന്റെ നിയോജകമണ്ഡലത്തിലെ നിരവധി പേർക്ക് നഷ്ടപരിഹാരമായി വലിയ തുക ലഭിച്ചു. നഷ്ടപരിഹാരത്തിനായി ഭൂമി അളക്കുന്നതിന് റവന്യൂ വകുപ്പ് വളരെ മാതൃകാപരമായ പ്രവർത്തനമാണ് നടത്തിയത്. അക്കാര്യത്തിൽ റവന്യൂ വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. ദേശീയപാത 66-ന് സമാന്തരമായി തീരദേശ ഹൈവേയുടെ വികസനം നടപ്പാക്കാൻ പോകുകയാണ്. തീരദേശത്തെ ജനങ്ങളുടെ വീടുകൾ, സ്ഥാപനങ്ങൾ എന്നിവ പരമാവധി നഷ്ടപ്പെടാതെയാണ് അലൈൻമെന്റ് തയ്യാറാക്കിവരുന്നത്. എന്നാൽ ആ പദ്ധതികൾ നടപ്പാക്കാതിരിക്കാൻ ചില വികസന വിരോധികൾ സമരപരിപാടികളുമായി മുന്നോട്ടുവന്നിട്ടുണ്ട്. എന്നാൽ ഈ പദ്ധതി സംയോജിതമായി പൂർത്തീകരിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന് കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖങ്ങൾ എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയിൽ പ്രതിപക്ഷം പങ്കെടുക്കുന്നില്ല. സഭാനടപടികൾ ബഹിഷ്കരിക്കാനും വാക്കൗട്ട് നടത്താനുമുള്ള അവകാശം പ്രതിപക്ഷത്തിനുണ്ട്. എന്നാൽ കേരളത്തിലെ

സാധാരണ ജനങ്ങളുടെ യുക്തിയെ പരിഹസിക്കുന്ന നിലയിലുള്ള ബഹിഷ്കരണമാണ് ഇന്നുണ്ടായത്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള കുടിശ്ശിക നൽകാനുണ്ടെന്നാണ് പ്രതിപക്ഷത്തിന്റെ വാദം. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനുമൊക്കെ നൽകുന്നതിൽ കുടിശ്ശികയുണ്ടായിരുന്ന കാലമുണ്ടായിരുന്നു. എന്നാൽ കേരളത്തിൽ ഒരു കുടിശ്ശികയുമില്ല, ഇന്നലെ വരെയുള്ളതെല്ലാം നൽകിക്കഴിഞ്ഞുവെന്ന് ഗതാഗത വകുപ്പുമന്ത്രി സഭയിൽ ഇന്ന് വ്യക്തമാക്കിയിരുന്നു. അങ്ങനെയുള്ള ഒരു പ്രശ്നത്തെ അടിയന്തര പ്രാധാന്യമുള്ള വിഷയമായി ഉയർത്തിക്കൊണ്ടുവന്ന് ജനങ്ങളുടെ മുന്നിൽ പരിഹാസ്യരായിരിക്കുകയാണ് പ്രതിപക്ഷം. പാചകവാതകത്തിന്റെ വിലയിൽ ഇന്നലെ 50 രൂപയുടെ വർദ്ധനവുണ്ടായി. ക്രിയാത്മക പ്രതിപക്ഷമായിരുന്നെങ്കിൽ അതായിരുന്നു അടിയന്തരപ്രമേയമായി കൊണ്ടുവരേണ്ടിയിരുന്നത്. അതുസംബന്ധിച്ച് ചർച്ച ചെയ്യാമായിരുന്നു. എന്നാൽ അവരുടെ പ്രശ്നം അതൊന്നുമല്ല. പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖങ്ങൾ എന്നീ വകുപ്പുകളെ സംബന്ധിച്ച് സഭയിൽ നടക്കുന്ന ചർച്ച കേൾക്കാനുള്ള മാനസിക വലിപ്പം കേരളത്തിലെ പ്രതിപക്ഷാംഗങ്ങൾക്കില്ലെന്നുള്ളതാണ് ഒരു കാരണം. രണ്ടാമതായി, ഈ വകുപ്പുകളെ സംബന്ധിച്ച് വിമർശനത്തിനുവേണ്ടിയെങ്കിലും എന്തെങ്കിലും

പറയണം. വിമർശിക്കാൻ ഒരു വിഷയവും ഇവരുടെ കയ്യിലില്ല. കേരളത്തിലെ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ഒരു ഫേസ്ബുക്ക് പോസ്റ്റ് കഴിഞ്ഞ ദിവസം കാണാനിടയായി. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ 140 നിയോജകമണ്ഡലങ്ങളിലും അദ്ദേഹം സഞ്ചരിച്ച് വികസന പദ്ധതികൾക്കാവശ്യമായ നേതൃത്വവും നിർദ്ദേശവും നൽകിക്കഴിഞ്ഞു. അതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമൊന്നുമില്ല. അതൊന്നും പ്രതിപക്ഷത്തിന് ചിന്തിക്കാൻ സാധിക്കില്ല. കാരണം, ഇവർക്ക് യു.ഡി.എഫ്., എൽ.ഡി.എഫ്. എന്ന കാഴ്ചപ്പാടിൽ എപ്പോഴും വികസന പ്രവർത്തനങ്ങളെയും നാടിന്റെ നേട്ടങ്ങളെയും ചിത്രീകരിക്കാനാണ് താൽപ്പര്യം. പ്രതിപക്ഷത്തിനുപോലും സ്വീകാര്യമായ നിരവധി വികസന പദ്ധതികളാണ് ഈ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പ്രതിപക്ഷനേതാവിനുൾപ്പെടെ ഒരാൾക്കും ഈ വകുപ്പുകളെ ചെറിയ വാക്കുകൊണ്ടുപോലും വിമർശിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണ് പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിക്കാനിടയായത്. ആദരണീയനായ പ്രതിപക്ഷനേതാവ് ക്രിയാത്മക പ്രതിപക്ഷം എന്നൊക്കെ പറഞ്ഞാണ് ചുമതലയേറ്റെടുത്തത്. എത്ര സംസ്കാരശൂന്യമായ നിലയിലാണ് കഴിഞ്ഞ ദിവസങ്ങളിൽ

പ്രതിപക്ഷാംഗങ്ങൾ സഭയെ കൊണ്ടുപോയത്; ധാർമ്മികതയും സത്യസന്ധതയും പ്രസംഗിക്കുന്ന അവരുടെ നിലയിലേയ്ക്കൊന്നും ഞാൻ പോകാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ പോക്സോ കേസ്സിലുൾപ്പെട്ട പ്രതിയെ സംരക്ഷിക്കാൻ പോയ ധാർമ്മികത അസാധാരണം തന്നെയാണ്. ആ ധാർമ്മികതയൊന്നും ഞങ്ങളിൽനിന്നും പ്രതീക്ഷിക്കേണ്ടതില്ല. പിഞ്ചുകുഞ്ഞുങ്ങളെ ക്രൂരമായി ബലാത്സംഗം ചെയ്യുന്ന ആളുകളെ സംരക്ഷിക്കുന്നതിന് വക്കാലത്തുമായി അവർ പോകുകയാണ്. അതെല്ലാം ഡോ. മാത്യു കുഴൽനാടനെ പോലെയുള്ളവർക്കേ സാധിക്കുകയുള്ളൂ. ആ നിലയിൽ മാത്രമേ അവരുടെ വാക്കുകളെ കേരളീയ സമൂഹം കാണുകയുള്ളൂ. മൂല്യങ്ങളും ധാർമ്മികതയും പല നിലയിലുണ്ടാകാം. വീട്ടിൽ വളർന്നുവരുന്ന സാഹചര്യം, സഹപ്രവർത്തകരുമായുള്ള ഇടപെടൽ, ജന്മനാ ലഭിക്കുന്ന കാര്യങ്ങൾ എന്നിവയൊക്കെയുണ്ട്. ഇതെല്ലാം ഇവർക്ക് എവിടെനിന്ന് ലഭിക്കും; കെ.പി.സി.സി. ഓഫീസിലെ സംസ്കാരമല്ലേ ഇവരുടേത്; എങ്ങനെയാണ് വ്യക്തിഹത്യ ചെയ്യുന്നത്; എങ്ങനെയാണ് വിഷയങ്ങളെ കാണുന്നത് എന്നെല്ലാം നമ്മൾ കണ്ടുകൊണ്ടിരിക്കുകയല്ലേ? അതുകൊണ്ട് പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള പ്രതിപക്ഷകക്ഷികളോട് പറയാൻ ആഗ്രഹിക്കുന്നത്, നിങ്ങൾ കേരളീയ സമൂഹം ആഗ്രഹിക്കുന്ന നിലയിലുള്ള

പ്രതിപക്ഷമായി ഉയർന്നുവരണമെന്നാണ്. ആദ്യം പറഞ്ഞതുപോലെ, ക്രിയാത്മക പ്രതിപക്ഷമായി മാറണം.

പൊതുമരാമത്ത്, വിനോദസഞ്ചാരം, തുറമുഖങ്ങൾ എന്നീ വകുപ്പുകളുടെ പ്രവർത്തനം പരിശോധിച്ചാൽ ഗവൺമെന്റിന്റെ സമീപനം മനസ്സിലാക്കാൻ സാധിക്കും. കൃത്യത, സുതാര്യത, ഗുണമേന്മ, ജനകീയത എന്നിവ മുദ്രാവാക്യമാക്കിക്കൊണ്ടാണ് പൊതുമരാമത്ത് വകുപ്പ് അനുദിനം മുന്നോട്ടുപോകുന്നത്. പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ പിന്നീട് സാങ്കേതികാനുമതിക്കായി കാലതാമസം നേരിട്ടിരുന്നു. ഇപ്പോൾ ഇക്കാര്യത്തിലെല്ലാം സമയബന്ധിതമായി ഒരു കൃത്യതയുണ്ടായിട്ടുണ്ട്. കേരളത്തിലെ ഏതൊരാൾക്കും തന്റെ നാട്ടിൽ നടക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഉൾപ്പെടെ വെബ്സൈറ്റിൽ പരിശോധിക്കാനും അതുമായി ബന്ധപ്പെട്ട വിഷയങ്ങളെല്ലാം സുതാര്യമായി കൈകാര്യം ചെയ്യാമെന്നുമുള്ള നിലയിലേയ്ക്ക് ആ വകുപ്പിനെ മാറ്റിയിരിക്കുന്നു. അത്യാധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടെയുള്ള ഗുണമേന്മ പരിശോധനയാണ് ഇന്ന് പൊതുമരാമത്ത് വകുപ്പിൽ നിലനിൽക്കുന്നത്. ഇതെല്ലാം ജനങ്ങൾ അറിയണമെന്ന നിലയിലുള്ള ജനകീയമായ ഇടപെടലുകൾ പൊതുമരാമത്ത് വകുപ്പിനെ വ്യത്യസ്തമാക്കുകയാണ്. റണ്ണിംഗ്

കോൺട്രാക്ട് ഉൾപ്പെടെയുള്ള സംവിധാനത്തെക്കുറിച്ച് എല്ലാവരും പറഞ്ഞതിനാൽ വിശദീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പ്രഖ്യാപനങ്ങളെല്ലാം നടപ്പിലാക്കുന്ന സർക്കാരാണിത്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നടപ്പാക്കുമെന്ന പ്രഖ്യാപനം നടപ്പാക്കി. ഡി.എൽ.പി. ബോർഡുകൾ സ്ഥാപിച്ചു. നാട്ടിലെ റോഡ് വികസനത്തിന് പുതിയ സാങ്കേതികവിദ്യകൾ അനിവാര്യമാണെന്നതിനാൽ ജർമ്മൻ ടെക്നോളജി ഉൾപ്പെടെ, FDR (Full Depth Reclamation) സാങ്കേതികവിദ്യയുൾപ്പെടെ ഇന്ന് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കുതിരാൻ ടണൽ തുറക്കുമെന്ന് പറഞ്ഞു, വർഷങ്ങളായി ഇഴഞ്ഞുനീങ്ങിയ ആ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചു. ദേശീയപാത എന്നത് കേരളത്തിന്റെ സ്വപ്നമാണ്. ദേശീയപാതയുടെ എല്ലാ റീച്ചുകളിലും മന്ത്രി നേരിട്ട് സന്ദർശനം നടത്തി ഓരോ പ്രവൃത്തിയും വിലയിരുത്തിക്കൊണ്ട് 2025-ഓടുകൂടി നാടിന് വലിയ കുതിപ്പേകുന്ന വികസന പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ശബരിമല. ഇത്തവണ ശബരിമല തീർത്ഥാടനകാലം രാഷ്ട്രീയ എതിരാളികളുടെപോലും പ്രശംസ പിടിച്ചുപറ്റുന്ന

നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും ഏകോപനത്തിലൂടെ വളരെ മെച്ചപ്പെട്ട നിലയിൽ ശബരിമല തീർത്ഥാടനം മുന്നോട്ടുപോയി. പൊതുമരാമത്ത് വകുപ്പ് ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. റോഡുകളുടെ അവസ്ഥ സംബന്ധിച്ച് ഒരു പരാതിയും ഉയർന്നുവന്നില്ല. ആദ്യംതന്നെ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എം.എൽ.എ.-മാരുടെയും വകുപ്പുദ്യോഗസ്ഥരുടെയും യോഗം വിളിക്കുകയും ആ യോഗത്തിൽ ഉയർന്നുവന്ന പരാതികൾ പരിശോധിക്കാൻ ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. വീണ്ടും യോഗം ചേരുകയും അടുത്തഘട്ടം പരിശോധന നടത്തുകയും ചെയ്തു. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലേയ്ക്ക് ശബരിമല തീർത്ഥാടകർ വരുന്ന റോഡുകൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് സന്ദർശിച്ച് പുരോഗതി വിലയിരുത്തി, ചെറിയൊരു അപാകതപോലുമില്ലെന്ന് ഉറപ്പുവരുത്തി കൃത്യമായ ഫോളോ-അപ് വർക്ക് നടത്തുന്ന നിലയിലേയ്ക്ക് പൊതുമരാമത്ത് വകുപ്പിനെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളക്കരയെ ഒന്നായി കണ്ടുകൊണ്ട് ഈ നാടിനെ വളർത്തുന്ന നിലയിലുള്ള ടൂറിസം വികസന പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി ഈ രംഗത്ത് വമ്പിച്ച

നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോജക്ടിനെക്കുറിച്ച് പറഞ്ഞു. എല്ലാ പഞ്ചായത്തിലും ഒരു ടൂറിസം കേന്ദ്രം ആരംഭിക്കുമെന്നത് വെറും പ്രഖ്യാപനമല്ല. ഇതിനോടകംതന്നെ പതിമൂന്നോളം സ്ഥലങ്ങളിൽ അത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ദേശീയതലത്തിൽ പ്രശംസ പിടിച്ചുപറ്റുന്ന നിലയിലേയ്ക്ക് കാരവൻ ടൂറിസം പദ്ധതിയെ മാറ്റാൻ കഴിഞ്ഞു. നൈറ്റ് ലൈഫ് ടൂറിസം, സ്ത്രീ സൗഹൃദ ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി കേരള ടൂറിസം മേഖലയ്ക്ക് വിവിധ ഏജൻസികളുടെ അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു. ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾ നമ്മുടെ നാട്ടിലേയ്ക്ക് വരുന്നതിൽ വലിയ നിലയിലുള്ള മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇതിലൂടെ കഴിഞ്ഞു. 2019-മായി താരതമ്യം ചെയ്യുമ്പോൾ 2.63 ശതമാനം വർദ്ധനയാണ് ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിലുണ്ടായിട്ടുള്ളത്. പത്തനംതിട്ട ജില്ലയിൽ വലിയ നിലയിൽ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഗവി ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് മുൻ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി എഴുപത് ശതമാനത്തിലധികം ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് പദ്ധതിയെ മാറ്റിയെടുക്കാൻ വിനോദസഞ്ചാര വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഒരു ഘട്ടത്തിൽ വിവിധ കാരണങ്ങളാൽ സംസ്ഥാനത്തേയ്ക്ക് എത്താതിരുന്ന

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് നടത്തിയ ബോധപൂർവമായ ഇടപെടലുകളുടെ ഭാഗമായി വിദേശ ടൂറിസ്റ്റുകളുടെ വരവിൽ 2021-നെ അപേക്ഷിച്ച് 2022-ൽ 471 ശതമാനം വർദ്ധനയാണുണ്ടായത്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ 92 പുതിയ പദ്ധതികൾക്കാണ് അനുമതി നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഇനിയും കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് ടൂറിസം രംഗത്തെ മാറ്റുന്നതിനുവേണ്ടിയുള്ള ദീർഘവീക്ഷണവും ഭാവനാപൂർണ്ണവുമായ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിഴിഞ്ഞം തുറമുഖ നിർമ്മാണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷം ഗവൺമെന്റിനെതിരെ ഉയർത്തിക്കൊണ്ടുവന്നിരുന്നു. പക്ഷേ ഏറെ ചർച്ചകൾക്കൊടുവിൽ അതെല്ലാം സുതാര്യമായി നടക്കുകയാണ്. അതിനെ തടസ്സപ്പെടുത്താനുള്ള പ്രതിപക്ഷ നീക്കത്തിൽ സമയബന്ധിതമായി ഇടപെടാനും പരിഹാരം കാണാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. സമീപദിവസങ്ങളിൽ മലയാളികൾ ആഗ്രഹിക്കുന്ന നിലയിൽ തുറമുഖ വികസനം ഉൾപ്പെടെയുള്ള കാര്യങ്ങളുമായി തുറമുഖ വകുപ്പ് മുന്നോട്ടുപോകുകയാണ്. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിന്റെ പശ്ചാത്തല വികസനത്തിനും പൊതു വികസനക്കുതിപ്പിനും തടയിടാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്ന കാലത്താണ് പൊതുമരാമത്ത്-ടൂറിസം വകുപ്പുകളുടെ പ്രവർത്തനം വിശദമായി ഈ സഭ വിലയിരുത്തുന്നത്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് പശ്ചാത്തല വികസന മേഖലയിലും ടൂറിസം മേഖലയിലും സമഗ്ര പുരോഗതി സാധ്യമാക്കുവാൻ എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2016 മുതൽ 2021 വരെ മുന്നോട്ടുവച്ച പദ്ധതികളുടെ തുടർച്ചയായി 2021-ലെ രണ്ടാം എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ സർക്കാർ നിലവിൽ വന്ന് രണ്ടാം വർഷത്തിലേയ്ക്കെത്തുമ്പോൾ കേരളത്തിലെ പശ്ചാത്തല വികസന മേഖല വൻകുതിപ്പ് നേടിയിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ ടൂറിസം മേഖല ലോകത്താകെ കടുത്ത പ്രതിസന്ധി നേരിട്ടത് നമ്മൾ കണ്ടതാണ്. കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി ആളുകൾക്ക് പുറത്തിറങ്ങി സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. അത്തരത്തിൽ സഞ്ചാരം സാധ്യമാകാത്ത ലോകത്ത് ടൂറിസം മേഖല വെന്റിലേറ്ററിലായിരുന്നു. ഇടതുപക്ഷ സർക്കാരിന്റെ നയങ്ങളുടെ ഭാഗമായി ഇപ്പോൾ സംസ്ഥാനത്തെ ടൂറിസം മേഖലയെ ലോക ടൂറിസം ഭൂപടത്തിൽ

അടയാളപ്പെടുത്താൻ സാധിക്കും. ഒന്നര മണിക്കൂർ നീണ്ടുനിന്ന ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച പത്ത് അംഗങ്ങളും രണ്ട് വകുപ്പുകളെ സംബന്ധിച്ച് വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. എല്ലാ ക്രിയാത്മകമായ നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. ഇവിടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യങ്ങളിൽ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമെന്ന് ഈ സഭയെ അറിയിക്കുകയാണ്.

ഇന്നത്തെ ദിവസത്തിന് ചില പ്രത്യേകതകൾ കൂടിയുണ്ട്. രാജ്യത്തെ വീണ്ടും ഞെട്ടിക്കുന്ന നിലയിൽ ഇന്നലെ പാചകവാതകത്തിന് അൻപത് രൂപയുടെ വിലവർദ്ധന പ്രഖ്യാപിച്ചു. നിയമസഭാ തെരഞ്ഞെടുപ്പുകൾ കഴിഞ്ഞയുടനെ വില വർദ്ധിപ്പിക്കുകയെന്ന സ്ഥിരം തന്ത്രമാണ് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിച്ച് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതത്തിൽ കടുത്ത പ്രയാസമേൽപ്പിച്ച കേന്ദ്ര സർക്കാരിന്റെ നയത്തിനെതിരെ ഒരുമിച്ച് പ്രതിഷേധിക്കുന്ന നിലപാട് പ്രതിപക്ഷം സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ അവർ അത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്നില്ലെന്നുമാത്രമല്ല, പ്രഷർ കുക്കറിന്റെ സേഫ്റ്റി വാൽവുപോലെ, കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നിലപാടുകളും കേരളത്തോടുള്ള അവഗണനയും മറച്ചുവയ്ക്കാൻ വളരെ ബോധപൂർവം കേന്ദ്ര

സർക്കാരിന്റെ/ബി.ജെ.പി.-യുടെ ചാവേറുകളായി സ്പോൺസർ സമരങ്ങൾ സംസ്ഥാന സർക്കാരിനെതിരെ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ബി.ജെ.പി. നയിക്കുന്ന കേന്ദ്ര സർക്കാരിനെ ചെറുക്കണമെങ്കിൽ സാമ്പത്തികമായും അല്ലാതെയും ആ സർക്കാർ എടുക്കുന്ന നിലപാടുകളും നയങ്ങളും പരിശോധിക്കണം. പ്ലീനറി സമ്മേളനം നടത്തിയിട്ട് മാത്രം കാര്യമില്ല. പറ്റിയ തെറ്റ് തുറന്നുപറഞ്ഞ് മുന്നോട്ടുപോകാൻ കോൺഗ്രസ് തയ്യാറാകാതെ എങ്ങനെയാണ് ബി.ജെ.പി.യെ എതിർക്കാനാകുന്നത്? ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരുമ്പോൾ സബ്സിഡിയോടുകൂടിയുള്ള 14.2 കിലോ വരുന്ന ഗാർഹിക പാചകവാതക സിലിണ്ടറിന് 410/- രൂപയായിരുന്നു വില. സബ്സിഡി ഇല്ലാതാക്കിയും വില ഘട്ടംഘട്ടമായി വർദ്ധിപ്പിച്ചും ഇപ്പോൾ പ്രഖ്യാപിച്ച അൻപത് രൂപ വിലവർദ്ധനയടക്കം പാചകവാതക വില സിലിണ്ടറിന് 1,110/- രൂപയായി മാറിയിട്ടുണ്ട്. ഇത് കോൺഗ്രസ് സർക്കാർ നേരത്തെ തുടങ്ങിവച്ച നയത്തിന്റെ തുടർച്ചയാണെന്നുള്ളത് ചർച്ച ചെയ്യപ്പെടേണ്ടതല്ലേ; 2013 ജൂൺ മാസം 1-ന് PAHAL (Pratyaksh Hanstantrit Labh) സ്കീം എന്ന പേരിൽ, പാചകാതക വിലയുടെ സബ്സിഡി ഗുണഭോക്താക്കൾക്ക് നേരിട്ട് കൊടുക്കാനെന്ന നിലയിൽ പാചകവാതക വില കമ്പോളം

നിശ്ചയിക്കുമെന്ന തീരുമാനം രാജ്യത്ത് കൈക്കൊണ്ടത് കോൺഗ്രസ് ഗവൺമെന്റാണെന്ന കാര്യം മറക്കരുത്. പ്ലീനറി സമ്മേളനം നടത്തിയതുകൊണ്ടുമാത്രം എങ്ങനെയാണ് ബി.ജെ.പി.-യെ എതിർക്കാൻ സാധിക്കുകയെന്ന് പരിശോധിക്കണം.

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചു. 2025-ഓടുകൂടി മലയാളിയുടെ ചിരകാല സ്വപ്നമായ കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത പൂർത്തീകരിക്കാനാകുമെന്നുള്ള വിവരം ഒരിക്കൽക്കൂടി സഭയെ അറിയിക്കുകയാണ്. ഇതിൽ NHAI (National Highway Authority of India)-യുമായി സഹകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോയിട്ടുള്ളത്. ദേശീയപാത വികസനത്തിന് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ചരിത്രത്തിലാദ്യമായി ഇരുപത്തിയഞ്ച് ശതമാനം പണം ചെലവഴിച്ച സംസ്ഥാന സർക്കാർ കേരളത്തിലെ ഇടതുപക്ഷ സർക്കാരാണെന്ന് എക്കാലത്തും പറയാൻ കഴിയുന്ന കാര്യമാണ്. ഇതിൽ സംസ്ഥാന സർക്കാരിന് എന്ത് പങ്കെന്ന് യു.ഡി.എഫ്.-ലെ അംഗങ്ങളോ ബി.ജെ.പി. ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യം പതിവുപോലെ ഏറ്റുപറയുന്നതിന്റെ ഭാഗമായി ചിലരെങ്കിലും പറയുന്ന സ്ഥിതിയുണ്ട്.

'ദ ഹിന്ദു' ദിനപത്രം 2022 നവംബർ 5-ാം തീയതി പ്രസിദ്ധീകരിച്ച പ്രധാനപ്പെട്ടൊരു വാർത്ത ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

"Stark contrast in NHAI work on highways in Karnataka and Kerala, well-maintained existing carriageway, secured work sites, proper signboards are highlights of NH 66 widening project in Kerala whereas NH 75 is a dust bowl" എന്നാണ്. ആ റിപ്പോർട്ടർ കേരളത്തിലെയും കർണാടകത്തിലെയും പ്രവൃത്തി നേരിട്ട് കണ്ട് അത് താരതമ്യം ചെയ്ത് വീഡിയോ സ്റ്റോറിയായും പുറത്തുവിട്ടിട്ടുണ്ട്. ' The difference in highway work in Karnataka and Kerala'. ഹൈവേ പ്രവൃത്തികൾ കർണാടകയിൽ സാവധാനം നടക്കുമ്പോൾ കേരളത്തിൽ അത് വേഗത്തിൽ പുരോഗമിക്കുന്നുവെന്നാണ് ആ വീഡിയോ സ്റ്റോറിയിൽ അടിവരയിട്ട് പറയുന്നത്. ദേശീയപാത അതോറിറ്റിയുമായി ചേർന്നുനിന്നുകൊണ്ടും വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടും മാതൃകാപരമായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ എടുത്തുകൊണ്ടിരിക്കുന്ന നിലപാടാണ് കേരളത്തിൽ ഇതിന്റെ പ്രവൃത്തി വേഗത്തിൽ പോകാൻ കാരണമെന്ന് 'ദ ഹിന്ദു' ദിനപത്രം റിപ്പോർട്ട് ചെയ്ത കാര്യം പ്രത്യേകമായി പറയാൻ ആഗ്രഹിക്കുകയാണ്. ദേശീയപാത

വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടയ്ക്കിടെ റിവ്യൂ നടത്തുകയും പൊതുമരാമത്ത് വകുപ്പ് എല്ലാ രണ്ടാഴ്ചയിലും വിവിധ സ്റ്റേജുകളുടെ റിവ്യൂ നടത്തുകയും ഓരോ ജില്ലയിലൂടെയും സഞ്ചരിച്ച് ഓരോ നിയമസഭാ മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി ഇടപെടുന്ന രീതിയും ഒരു ടീംവർക്കായി ദേശീയപാത അതോറിറ്റിയുമായി ചേർന്നുകൊണ്ട് നടത്തുന്നുണ്ട്.

മലയോര ഹൈവേ

മലയോര ഹൈവേ നമ്മുടെ രാജ്യത്തൊരു പുതുമ നിറഞ്ഞ ഇടപെടലാണ്. മലയോര ഹൈവേയെക്കുറിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പ്രധാനമായും പറഞ്ഞിരുന്നതാണ്. മലയോര ഹൈവേ സ്വപ്നം മാത്രമായിരിക്കില്ല, അത് യാഥാർത്ഥ്യമാക്കുമെന്നതാണ് ഈ സർക്കാർ മുന്നോട്ടുവച്ച വാഗ്ദാനം. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 54 റീച്ചുകളിലായി 804.49 കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് മലയോര ഹൈവേയിൽ പൂർത്തിയാക്കേണ്ടത്. ഇതിൽ 3 റീച്ചുകളൊഴികെ മറ്റെല്ലാ റീച്ചുകൾക്കും സാമ്പത്തികാനുമതി ലഭ്യമാക്കിക്കഴിഞ്ഞു. 467.03 കിലോമീറ്റർ മലയോരപാതയ്ക്കും

സാങ്കേതികാനുമതികൾ നൽകിക്കഴിഞ്ഞു. മലയോര ഹൈവേ പ്രവൃത്തി കൃത്യമായി വിലയിരുത്തി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഈ മുന്നേറ്റത്തിന് ജനങ്ങളോട് പ്രത്യേകം നന്ദി പറയാനാഗ്രഹിക്കുകയാണ്. ജനങ്ങളും എം.എൽ.എ.-മാരുൾപ്പെടുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി നിന്നുകൊണ്ടാണിത് യാഥാർത്ഥ്യമാക്കുന്നത്. ഇന്ത്യയിലെതന്നെ പുതുമ നിറഞ്ഞ പ്രവർത്തനമായ, 1200 കിലോമീറ്ററോളം വരുന്ന മലയോര ഹൈവേ പൂർത്തീകരിക്കുന്നതോടുകൂടി കേരളത്തിന്റെ കാർഷിക മേഖലയിലും ടൂറിസം മേഖലയിലും വൻകുതിപ്പിന് കാരണമാകും.

തീരദേശ ഹൈവേ

തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് തീരദേശപാത യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കി 537 കിലോമീറ്റർ പ്രവൃത്തിയാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നത്. ഇതിൽ 200 കിലോമീറ്റർ ദൂരത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. മൂന്ന് സ്ട്രെച്ചുകളിലായി സ്ഥലമേറ്റെടുക്കലിനായി 127 കോടി 80 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മികച്ച പുനരധിവാസ പാക്കേജും ഇതിന്റെ ഭാഗമായി തയ്യാറാക്കുന്നു. വിവിധ വകുപ്പുകൾ

ഏകോപിപ്പിച്ച് ഈ പ്രവർത്തനവും സമയബന്ധിതമായി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. തീരദേശ ഹൈവേയും മലയോര ഹൈവേയും സംബന്ധിച്ച് ആഴ്ചയിലൊരിക്കൽ വകുപ്പുതലത്തിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. അതോടൊപ്പം മുഖ്യമന്ത്രി തലത്തിലും മന്ത്രി തലത്തിലും കൃത്യമായ ഇടവേളകളിൽ പ്രവൃത്തി വിലയിരുത്തുകയും ചെയ്യുന്നു.

റെയിൽവേ ഓവർബ്രിഡ്ജ്

'ലെവൽ ക്രോസില്ലാത്ത കേരളം' എന്നത് ഒരു പ്രധാന മുദ്രാവാക്യമായി ഇടതുപക്ഷം മുന്നോട്ടുവച്ചതാണ്. ലെവൽ ക്രോസില്ലാത്ത കേരളം ഇടതുപക്ഷത്തിന്റെ പ്രകടനപത്രികയിലെ പ്രധാനപ്പെട്ടൊരു മുദ്രാവാക്യമായിരുന്നു. ഇന്ത്യയിൽ പൊതുവെ പരിശോധിച്ചാൽ ഗേറ്റ് തീരെയില്ലാത്തിടത്ത് അപകടമരണങ്ങൾ ഏറ്റവും കുറവ് സംഭവിക്കുന്നത് കേരളത്തിലാണ്; എന്നാൽ ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ അത് നിത്യേനയുള്ള സംഭവങ്ങളാണ്. ലെവൽ ക്രോസുകൾ സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ഇല്ലാതാക്കാനുള്ള വലിയ ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ബഹുമാന്യനായ ചെയറിന്റെ നിയോജകമണ്ഡലത്തിലും ഇതൊരു പ്രധാന പദ്ധതിയാണെന്ന് ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി 13 റെയിൽവേ ഓവർബ്രിഡ്ജുകളുടെ പ്രവൃത്തി ഒന്നിച്ച്

പുരോഗമിക്കുകയാണ്. പ്രധാന പാതകളിൽ 'ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതി' കേരളത്തിലെ പശ്ചാത്തല വികസന മേഖലയിൽ വൻകുതിപ്പുണ്ടാക്കുന്നു. കാഞ്ഞങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് പൂർത്തിയായിക്കഴിഞ്ഞു. പുരോഗമിക്കുന്ന പദ്ധതികളിൽ 9 എണ്ണം കിഫ്ബി പദ്ധതിയാണ്, 4 എണ്ണം പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ളതുമാണ്. ഇതിൽ പരമാവധി റെയിൽവേ ഓവർബ്രിഡ്ജുകൾ (ROB) ഈ വർഷംതന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കാരിത്താസ്, മുളന്തുരുത്തി, തിരൂർ റെയിൽവേ ഓവർബ്രിഡ്ജുകൾ പൂർത്തിയാക്കാനുള്ള കുരുക്കഴിച്ച് പ്രവർത്തിപഥത്തിലേയ്ക്കെത്തിച്ചു. 'ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതി'-യിൽ സ്ഥലമേറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്ന 21 ഇടങ്ങളിൽ 7 എണ്ണം ഈ വർഷംതന്നെ ടെണ്ടർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. Kerala Rail Development Corporation Ltd (KRDCL)-ഉം ഈ പദ്ധതിയിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. KRDCL-ഉം സർക്കാരും കൂടിയാലോചിച്ച് മുന്നോട്ടുപോകുന്നു. ഇരുപത്തിയേഴ് റെയിൽവേ ഓവർബ്രിഡ്ജുകളാണ് KRDCL നിർമ്മിക്കുന്നത്. ഇതിൽ രണ്ട് റെയിൽവേ ഓവർബ്രിഡ്ജുകൾക്ക്

ഭരണാനുമതി ഇതിനോടകം നൽകിക്കഴിഞ്ഞു. കേരളത്തിന്റെ വികസന ചരിത്രത്തിലെ മുന്നേറ്റമായി ഈ പദ്ധതിയെ സർക്കാർ അടയാളപ്പെടുത്തുമെന്ന് സൂചിപ്പിക്കുകയാണ്.

റോഡ് പരിപാലനം

ഐക്യകേരളം നിലവിൽ വന്നതിനുശേഷം ഉണ്ടായിക്കൊണ്ടിരിക്കുന്നൊരു പ്രതിഭാസമാണ് റോഡുകളിലെ കുഴി. ഇതിന് പല കാരണങ്ങളുണ്ട്. ഒരു കാരണം കേരളത്തിന്റെ കാലാവസ്ഥയാണെങ്കിൽ; മറ്റൊന്ന് തെറ്റായ പ്രവണതയാണ്, ചിലരുടെ അലസതയാണ്. ഉദ്യോഗസ്ഥരിലും കരാറുകാരിലും മഹാഭൂരിപക്ഷവും നല്ല നിലയിൽ ജോലി ചെയ്യുന്നവരാണ്. എന്നാൽ ന്യൂനപക്ഷം തെറ്റായ പ്രവണതകളുടെ പിടിയിൽപ്പെടുന്നവരാണ്. ആ തെറ്റായ പ്രവണതകളും ചില നിലയിൽ റോഡുകളുടെ ഗുണമേന്മയെ ബാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ആ തെറ്റായ പ്രവണതകളോട് ഒരിഞ്ച് പോലും സന്ധി ചെയ്യാത്തൊരു സർക്കാരാണ് ഇന്ന് ഭരിക്കുന്ന എൽ.ഡി.എഫ്. സർക്കാർ. അത് ജനങ്ങൾതന്നെ അനുഭവങ്ങളിലൂടെ മനസ്സിലാക്കുന്നൊരു സ്ഥിതിയുണ്ട്. ഒരു തരത്തിലുള്ള മധ്യവർത്തികളെയും ഇടനിലക്കാരെയും പ്രോത്സാഹിപ്പിക്കുന്ന നിലപാടല്ല ഈ ഗവൺമെന്റിനുള്ളത്. ഇപ്പോൾ

കേരളത്തിൽ റെക്കോർഡ് റോഡ് പണി നടക്കുന്ന സമയമാണ്. പ്രത്യേകിച്ച് ഈ മാസമാണ് റോഡ് പ്രവൃത്തികൾക്ക് വേഗം കൂട്ടുന്നത്. പരമാവധി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള ശ്രമമാണ് വകുപ്പ് നടത്തുന്നത്. പ്രവൃത്തി നടക്കുകയെന്നതുമാത്രമല്ല റോഡുകളുടെ പരിപാലനവും ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളത്തിലെ പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിന് 'Pothole-free roads in Kerala' എന്ന പ്രത്യേക പദ്ധതിക്ക് രൂപം നൽകി. ഘട്ടംഘട്ടമായി റോഡുകളുടെ സമഗ്ര പരിപാലനം ഉറപ്പുവരുത്താൻ സാധിക്കുന്നു. അതിൽ പ്രധാനപ്പെട്ടതാണ് റണ്ണിംഗ് കോൺട്രാക്ട്. ഇപ്പോൾ റണ്ണിംഗ് കോൺട്രാക്ടിന്റെ പരിശോധന കൃത്യമായി നടത്തുന്നു. ഒരു റോഡും ആരുടേയും ഉത്തരവാദിത്വത്തിലല്ലാതെ പോകുന്നൊരു സ്ഥിതി ഇന്നുവരുന്നില്ല. റണ്ണിംഗ് കോൺട്രാക്ടിന്റെ ഭാഗമായി ആദ്യം 3129 കിലോമീറ്റർ റോഡിന് 117 കോടി 30 ലക്ഷം രൂപയും രണ്ടാംഘട്ടത്തിൽ 9203 കിലോമീറ്റർ റോഡിന് 184 കോടി 98 ലക്ഷം രൂപയും അനുവദിക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തു. ഇപ്പോൾ 7694.25 കിലോമീറ്റർ റോഡിന് 153 കോടി 83 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ഈ മാസം ആ പ്രവൃത്തികൾ ആരംഭിക്കും. 20026 കിലോമീറ്റർ റോഡുകളുടെ പരിപാലനത്തിന് 486 കോടി 11 ലക്ഷം

രൂപ അനുവദിച്ചതിൽ ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. 90 ശതമാനം റോഡുകളും റണ്ണിംഗ് കോൺട്രാക്ട് പരിധിയിൽക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ 30000 കിലോമീറ്റർ റോഡുകളിൽ 20000 കിലോമീറ്റർ റോഡുകളും റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിൽവരുന്നു. ആർക്കാണ് റോഡിന്റെ പരിപാലനമെന്നുള്ളത് ജനങ്ങൾക്കുകൂടി കാണുന്ന നിലയിലേയ്ക്ക് ഇപ്പോൾ കേരളത്തിലെ റോഡുകളിൽ പരിപാലന കാലാവധി (Defects Liability Period) പച്ച നിറത്തിലുള്ള ബോർഡിലും റണ്ണിംഗ് കോൺട്രാക്ട് നീല നിറത്തിലുള്ള ബോർഡിലും രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളത് കിഫ്ബി പദ്ധതിയും മറ്റുമായി ബന്ധപ്പെട്ടിട്ടുള്ളവയാണ്. നിരത്ത് വിഭാഗത്തിനുകീഴിൽ 23345 കിലോമീറ്റർ റോഡും കിഫ്ബി പദ്ധതി നടപ്പിലാക്കുന്ന 3957 കിലോമീറ്റർ റോഡും കെ.എസ്.ടി.പി.-ക്ക് കീഴിൽ 1368 കിലോമീറ്റർ റോഡും ദേശീയപാതാ വിഭാഗം CRF പദ്ധതി നടപ്പിലാക്കുന്ന 852 കിലോമീറ്റർ റോഡുകളുമാണുള്ളത്. ചെറിയ തടസ്സങ്ങളൊഴിച്ച് നിർത്തിയാൽ ഇപ്പോൾ റണ്ണിംഗ് കോൺട്രാക്ട് വളരെ വിജയകരമായി മുന്നോട്ടുപോകുന്നു, അത് നല്ല നിലയിൽ നടപ്പിലാക്കാൻ എല്ലാ ശ്രമങ്ങളും സർക്കാർ നടത്തിവരികയാണ്. **റണ്ണിംഗ് കോൺട്രാക്ട് നടപ്പിലാക്കുന്നതിനായി കൃത്യമായ നിരീക്ഷണ സംവിധാനം**

വകുപ്പുതലത്തിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഐ.എ.എസ്. ഉദ്യോഗസ്ഥരും ചീഫ് എഞ്ചിനീയർമാരും നേതൃത്വം വഹിച്ച്, ഓരോ ജില്ലയിലും ഒരു സംഘമെന്നുള്ള നിലയിൽ നേരിട്ട് റോഡ് പരിശോധന നടത്തുകയാണ്. ഒന്നാംഘട്ടമായി സെപ്റ്റംബർ മാസം ഒന്നുമുതലും രണ്ടാംഘട്ടമായി ഡിസംബർ മാസം ഒന്നുമുതലും റണ്ണിംഗ് കോൺട്രാക്ട് നടപ്പിലാക്കുന്ന സ്ഥലങ്ങളിലെത്തി നേരിട്ട് പരിശോധന നടത്തുന്നതോടൊപ്പം 45 ദിവസമിടവിട്ടും റണ്ണിംഗ് കോൺട്രാക്ടിന്റെ പരിശോധനാ ടീം കഴിഞ്ഞ ആറുമാസമായി വിവിധ ഘട്ടങ്ങളിലായി പരിശോധന നടത്തിവരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ എല്ലാ മാസവും റണ്ണിംഗ് കോൺട്രാക്ടുള്ള റോഡുകളിലൂടെ സഞ്ചരിച്ച് കഴിഞ്ഞ നാലുമാസമായി റിപ്പോർട്ട് കൃത്യമായി നൽകിവരുന്നു. ഇതിനുപുറമേ ഓരോ ഉദ്യോഗസ്ഥരും ഓഫീസിലിരിക്കുന്നതോടൊപ്പംതന്നെ റോഡിലിറങ്ങി സഞ്ചരിക്കുന്ന സംവിധാനംകൂടി ഇപ്പോൾ വകുപ്പിലുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെട്ട റോഡുകളിലെ അറ്റകുറ്റപ്പണികൾക്കായി 50 കോടി രൂപ കഴിഞ്ഞ വർഷം അനുവദിച്ചിരുന്നു. ഇത്തവണയും 50 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കിഫ്ബിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ 2052.34 കോടി രൂപയുടെ 52 പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

ദേശീയപാത സ്ഥലമേറ്റെടുക്കലിനുവേണ്ടി 5580.74 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. KRFB-PMU വഴി നടപ്പിലാക്കുന്ന സാമ്പത്തികാനുമതി ലഭിച്ച 384 പദ്ധതികളിൽ 215 പദ്ധതികൾക്കും സാങ്കേതികാനുമതി നൽകിക്കഴിഞ്ഞു. 48 പദ്ധതികൾ KRFB-PMU-വഴി പൂർത്തിയാക്കുകയും 173 എണ്ണം പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ബാക്കി പദ്ധതികളുടെ മറ്റുവിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കിഫ്ബിയുമായി ഇടയ്ക്കിടെ യോഗംചേർന്ന് കാര്യങ്ങൾ പരിശോധിച്ച് മുന്നോട്ടുപോകുന്നു. ചെലവ് ചുരുക്കുകയെന്നുള്ളതും പ്രധാനമാണ്. മറ്റൊന്ന്, പുതിയ ടെക്നോളജിയാണ്. കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ ബാധിച്ച കേരളത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുമായി ബന്ധപ്പെട്ട് പ്രത്യേകിച്ചും മഴ, ചൂട് എന്നിവ റോഡുകളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ, കൂടുതൽ ഈട് നിൽക്കുന്ന റോഡ് നിർമ്മാണരീതികൾ അവലംബിക്കുകയാണ്. അതിൽ പ്രധാനമാണ് Full-Depth Reclamation (FDR) നിർമ്മാണരീതി. കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഒമ്പത് റോഡുകളിൽ ഇത് ആരംഭിക്കുകയാണ്. FDR എന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പ്രത്യേകം ചൂണ്ടിക്കാണിച്ച കാര്യമാണ്.

മി. സ്പീക്കർ: FDR-ന്റെ പൂർണ്ണരൂപം എന്താണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, Full-Depth Reclamation എന്നാണ്. പത്തനാപുരം മണ്ഡലത്തിൽ ആ പദ്ധതി ആരംഭിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രഖ്യാപിത നയമാണത്. അതാണ് പത്തനാപുരത്തുനിന്നും ആരംഭിച്ച് കേരളത്തിലാകെ നടപ്പിലാക്കാൻവേണ്ടി നിശ്ചയിച്ചിട്ടുള്ളത്. നിലവിലുള്ള റോഡിലെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്ന ഈ രീതി പരിസ്ഥിതി സൗഹൃദമായതിനാൽ വ്യാപകമാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. അതുപോലെ സോയിൽ നെയിലിംഗ്, സിമന്റ് ട്രീറ്റഡ് സബ്ബെയിസ് ഫോർ ബിറ്റുമിനസ് പേവ്മെന്റ്, ക്വാളിറ്റി കോൺക്രീറ്റ് എന്നിവയും നടപ്പിലാക്കിവരുന്നു. ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലാണ് ഇത്തരം ടെക്നോളജികൾ ഉപയോഗപ്പെടുത്തുന്നത്. അതോടൊപ്പം KHRI ഇക്കാര്യത്തിൽ കൂടുതൽ പരീക്ഷണങ്ങൾ നടത്തിവരികയാണ്. റോഡിൽ കണ്ടുവരുന്ന വിള്ളലുകൾ പ്രതിരോധിക്കുന്നതിന് Superpave asphalt mix design രീതി കൊണ്ടുവരുന്നതിന് KHRI പഠനം നടത്തുകയാണ്. അതോടൊപ്പം ഗുണപരിശോധന ഉറപ്പുവരുത്തുന്നതിലും നൂതനസാങ്കേതികവിദ്യ അവലംബിക്കുകയാണ്. പ്രവൃത്തിയിടങ്ങളിൽ

നേരിട്ടെത്തി തൽസമയപരിശോധന നടത്തുന്ന മൂന്ന് ഓട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് ലാബ് സജ്ജമായിക്കഴിഞ്ഞു. അടുത്തയാഴ്ച അത് പ്രവൃത്തിയിടങ്ങളിലേയ്ക്ക് എത്തിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രവൃത്തി നടക്കുന്നയിടത്തുതന്നെ സിമന്റ്, മണൽ, മെറ്റൽ, ബിറ്റുമിൻ, വെള്ളം, കോൺക്രീറ്റ് ടൈൽസ് തുടങ്ങിയ നിർമ്മാണസാമഗ്രികളുടെ ഗുണനിലവാരം ഇതുവഴി പരിശോധിക്കാനാകും. എല്ലാ പ്രവൃത്തിയിടങ്ങളിലുമെത്തി പരിശോധന നടത്താൻ ഇതിലൂടെ സാധിക്കുന്നതാണ്. പല തെറ്റായ പ്രവണതകളെയും ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ഇല്ലാതാക്കാനും സാധിക്കും. പ്രവൃത്തികൾ വേഗത്തിലാക്കാനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവയ്ക്കുണ്ടാകുന്ന കാലതാമസം അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു. ഇൻവെസ്റ്റിഗേഷൻ, സ്ഥലമേറ്റെടുപ്പ് എന്നിവയുൾപ്പെടാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞാൽ നിശ്ചിത സമയത്തിനകം സാങ്കേതികാനുമതി നൽകണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ അത് ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട്

ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പാലക്കാടി-ഏരിമല റോഡാണ് ഈ നിലയിൽ പ്രവൃത്തി നടത്തുന്നത്. 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ച റോഡിന് 2022 ജൂൺ 21-ന് എ.എസ്. അനുവദിച്ചു. 2022 ഒക്ടോബർ 24-ന് പ്രവൃത്തി ആരംഭിച്ചു. ഇപ്പോൾ പ്രവൃത്തി അന്തിമഘട്ടത്തിലെത്തിയിരിക്കുകയാണ്. ഈ സാമ്പത്തികവർഷംതന്നെ പ്രവൃത്തി പൂർത്തീകരിക്കുകയെന്നുള്ളതാണ് ലക്ഷ്യം. പല പ്രവൃത്തികളും ഇത്തരത്തിൽ ആരംഭിച്ചു. കുറേക്കൂടി വേഗതയിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്.

ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയിൽ 20 ജംഗ്ഷനുകളുടെ വികസനത്തിന് ഭരണാനുമതി നൽകി; ഇപ്പോഴതിന്റെ സ്ഥലമേറ്റെടുക്കലും മറ്റുമായി മുന്നോട്ടുപോകാൻ നിശ്ചയിച്ചിരിക്കുകയാണ്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ഡിസൈൻ റോഡുകൾ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. KSTP-യാണ് ഡിസൈൻ റോഡുകളുടെ നിർമ്മാണച്ചുമതല വഹിക്കുന്നത്. അതിന്റെ പ്രവർത്തനവും മുന്നോട്ടുപോകുന്നു. എം.എൽ.എ.-മാർ ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട് പ്രത്യേക യോഗം വിളിച്ചുചേർത്തിട്ടുണ്ട്. സംസ്ഥാനത്ത് നൂറ് പാലങ്ങളുടെ നിർമ്മാണം ഈ

കാലയളവിൽ പൂർത്തിയാക്കുമെന്നാണ് എൽ.ഡി.എഫ്. സർക്കാർ വാഗ്ദാനം ചെയ്തത്. രണ്ടുവർഷത്തിനുള്ളിൽതന്നെ 50 പാലങ്ങൾ പൂർത്തീകരിക്കുമെന്ന ലക്ഷ്യം നേടാൻ പോകുകയാണെന്ന വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ നൂറുദിന പരിപാടിയിൽ 50-ാമത്തെ പാലം ഉദ്ഘാടനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ചെറുതും വലുതുമായ 144 പാലം പ്രവൃത്തികളാണ് പുരോഗമിക്കുന്നത്. അതോടൊപ്പം കേരളത്തിലെ പാലങ്ങൾ അത്യാകർഷകമാക്കുന്നതിനുള്ള പദ്ധതികൂടി നടപ്പിലാക്കുകയാണ്. എല്ലാ എം.എൽ.എ.-മാരുടെയും സഹകരണത്തോടെ അതത് മണ്ഡലങ്ങളിലെ വ്യക്തികൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പാലങ്ങൾ ദീപാലംകൃതമാക്കുന്ന പ്രവൃത്തി നടത്താവുന്നതാണെന്ന് അറിയിക്കുകയാണ്. പാലങ്ങൾക്കടിയിലുള്ള ഒഴിഞ്ഞ സ്ഥലങ്ങളിൽ വയോജന പാർക്ക്, ചിൽഡ്രൻസ് പാർക്ക്, സ്കേറ്റിംഗ് പ്ലേസ് ഉൾപ്പെടെയുള്ളവ നിർമ്മിച്ച് ഉപയോഗപ്പെടുത്താനും ഡിസൈൻ പോളിസി ശിൽപ്പശാലയിൽ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കാനുമുള്ള പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്.

<u>കെട്ടിട നിർമ്മാണം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ച ഒരു മേഖലയാണിത്. തെറ്റായ ചില പ്രവണതകൾ ഈ മേഖലയിലുണ്ടായിരുന്നു. അതിൽ പ്രധാനപ്പെട്ടതാണ് റെസ്റ്റ്ഹൗസുകളുടെ നവീകരണം. കേരളത്തിലെ ഓരോ പൗരനും പറയുന്ന കാര്യമാണത്. ആ പദ്ധതി ഇരുകയ്യുംനീട്ടി ജനങ്ങൾ സ്വീകരിച്ചു. ഈ കാലയളവിനുള്ളിൽ 98803 പേർ റെസ്റ്റ്ഹൗസിൽ ഓൺലൈനിലൂടെ റൂമെടുത്ത വിവരം സഭയെ പ്രത്യേകം അറിയിക്കാനാഗ്രഹിക്കുകയാണ്. ഇതിന്റെ ഭാഗമായി 5,75,27,595/- രൂപ വരുമാനമായി ലഭിച്ചു. റെസ്റ്റ്ഹൗസുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കോമ്പോസിറ്റ് ടെണ്ടർ നടപ്പാക്കുകയെന്നത് നാടിന്റെ ആവശ്യമായിരുന്നു. സിവിൽ ടെണ്ടർ വേറെ, ഇലക്ട്രിക്കൽ ടെണ്ടർ വേറെ എന്നുള്ളതിന്റെ പേരിൽ ഒരുഭാഗത്ത് പണിത കെട്ടിടം കുത്തിപ്പൊളിക്കുന്നു, മറുഭാഗത്ത് ഇലക്ട്രിക്ക് വർക്ക് നടക്കാത്തതിന്റെ ഭാഗമായി പ്രവൃത്തി നീണ്ടുപോകുന്ന അവസ്ഥയുണ്ടായിരുന്നു. കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കണമെന്നുള്ള ദീർഘകാലത്തെ ആഗ്രഹം ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയെന്നുള്ളതും പ്രത്യേകം അറിയിക്കുകയാണ്.

കെട്ടിടനിർമ്മാണത്തിൽ പ്രീ-ഫാബ് നിർമ്മാണ രീതികൾ വ്യാപകമാക്കാനുദ്ദേശിക്കുന്നു. ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ് എന്ന കാഴ്ചപ്പാടോടുകൂടിയാണ് വകുപ്പ് മുന്നോട്ടുപോകുന്നത് സുതാര്യമായി കാര്യങ്ങൾ ചെയ്യുക എന്നുള്ളതുതന്നെയാണ് പ്രധാനം. പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങളിൽ ജനങ്ങളെക്കൂടി ചേർത്തുനിർത്തുന്നതിന്റെ ഭാഗമായി സാങ്കേതികവിദ്യകൂടി സംയോജിപ്പിച്ച് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുകയാണ്. 'PWD4U App' ഈ മേഖലയിലെ വ്യത്യസ്തമാർന്ന ചുവടുവയ്പ്പാണ്, ജനങ്ങൾ ഇതിനോട് അനുകൂലമായി പ്രതികരിച്ചു. ലഭ്യമായ 26823 പരാതികളിൽ 18771 പരാതികൾ പരിഹരിച്ചു. മറ്റുവകുപ്പുകളുമായി ബന്ധപ്പെട്ട പരാതികളുമുണ്ട്. അതോടൊപ്പം പൊതുജനപരാതി പരിഹാരസെൽവഴി 3619 പരാതികൾ ലഭിച്ചതിൽ 1228 എണ്ണം പരിഹരിച്ചു. 'റിംഗ് റോഡ്' ഫോൺ-ഇൻ പരിപാടി വഴി ലഭിച്ച 277 പരാതികളിൽ 111 എണ്ണം പൂർണ്ണമായും പരിഹരിച്ചുകഴിഞ്ഞു. കേരളത്തിലെ പശ്ചാത്തല വികസന മേഖലയ്ക്ക് അടിത്തറ പാകാൻ ഈ കാലയളവിൽ പരമാവധി സാധ്യമായിട്ടുണ്ട്. ക്രമമായ പുരോഗതി സാധ്യമാക്കുന്നതിന് എല്ലാവരുടെയും പിന്തുണ ഈ പ്രവർത്തനങ്ങളിൽ സഹായിച്ചിട്ടുണ്ടെന്നുള്ളത് അറിയിക്കുന്നു. വികസന

പ്രവർത്തനങ്ങളെക്കുറിച്ചാണ് അടുത്തഘട്ടത്തിൽ ആലോചിക്കുന്നത്. പശ്ചാത്തല വികസന മേഖലയിലെ തുടർ വികസനത്തിന് അടുത്ത വർഷത്തോടെ തുടക്കം കുറിക്കും. അതിനുള്ള മുന്നൊരുക്കങ്ങൾകൂടി ഈ വർഷം നമ്മൾ ഏറ്റെടുക്കുന്നു. പശ്ചാത്തല വികസനത്തിൽ ലോകോത്തര സ്റ്റാൻഡേർഡിലേയ്ക്ക് കേരളത്തെ എത്തിക്കാനും ഡിസൈൻ പോളിസി നടപ്പിലാക്കാനും വേണ്ടിയുള്ള ശ്രമം പൊതുമരാമത്ത് വകുപ്പ് നടത്തിവരികയാണ്.

വിനോദസഞ്ചാര മേഖല

ടൂറിസം മേഖലയെക്കുറിച്ച് എടുത്തുപറയുകയാണെങ്കിൽ അർജന്റീന ഫുഡ്ബോൾ താരം Juan Roman Riquelme -യെക്കുറിച്ച് Jorge Valdano എഴുതിയ വരികൾ ഇങ്ങനെയാണ്. “ എല്ലാവരും യാത്രകൾക്ക് ഏറ്റവും എളുപ്പമുള്ള ഹൈവേകൾ തെരഞ്ഞെടുക്കും, റിക്കെൽമി പക്ഷേ അങ്ങനെയല്ല, കാറ്റടിക്കുന്ന മലമ്പാതകളാകും അയാൾക്ക് താൽപ്പര്യം, മണിക്കൂറുകളെടുത്തായിരിക്കും എത്തേണ്ടിടത്ത് എത്തുക, പക്ഷേ വഴിയോര കാഴ്ചകൾ കണ്ണുകൾക്ക് വിരുന്നായിരിക്കുമെന്നതിൽ സംശയമില്ല.”

ശ്രീ. രാജീവ് രാമചന്ദ്രന്റെ 'ചെളിപുരളാത്ത പന്ത് ' എന്ന പുസ്തകത്തിലെ ഈ ഉദ്ധരണി നമുക്ക് കാണാം. ഹൈവേകൾ മാത്രമല്ല, കണ്ണുകളിൽ വസന്തം

തീർക്കുന്ന മനോഹര കാഴ്ചകൾക്കൂടി നമുക്ക് വേണം. അത്തരം കാഴ്ചകളിലേയ്ക്കും അനുഭവങ്ങളിലേയ്ക്കും ലോകത്തെ ആകർഷിക്കുന്നതിന് വാതായനങ്ങൾ തുറന്നിട്ടിരിക്കുകയാണ് കേരളം. കോവിഡ് മഹാമാരിയിലകപ്പെട്ട് ടൂറിസം മേഖല തകർന്നുകിടക്കുന്ന ചിത്രങ്ങൾക്കിടയിൽനിന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മുന്നോട്ടുപോയത്. നിലവിളിച്ച് കരയുകയായിരുന്നില്ല. കോവിഡിന്റെ രൂക്ഷത കുറഞ്ഞ തൊട്ടടുത്ത ദിവസം പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയായിരുന്നു. ആ പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോയി. ലോകടൂറിസം ഭൂപടത്തിൽ ഇന്ന് കേരളം അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെയെന്ന് ഞാൻ പറയേണ്ടതില്ല. ന്യൂയോർക്ക് ടൈംസ്, ടൈം മാഗസിൻ, ഇന്ത്യാ ടുഡേ തുടങ്ങി എല്ലാ മാധ്യമങ്ങളിലുമുള്ള റിപ്പോർട്ടുകൾ പല അംഗങ്ങളും ഈ സഭയിൽ പറഞ്ഞതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. പ്രതിപക്ഷനിരയിലുള്ള ഒരു പ്രധാന നേതാവ് പുരസ്കാരങ്ങൾ മുമ്പും കിട്ടിയിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് അതിൽ ദുഃഖം രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ ന്യൂയോർക്ക് ടൈംസിന്റെ അംഗീകാരവും മറ്റുപല അംഗീകാരങ്ങളും കേരളത്തിനാദ്യമായാണ് ലഭിച്ചത്. അതിൽ എല്ലാവരും ഒരുപോലെ സന്തോഷിക്കേണ്ടതായിരുന്നു. സുരക്ഷിത ടൂറിസത്തിനുള്ള പദ്ധതികൾ, നൂതന ഉൽപ്പന്നങ്ങൾ, പുതിയ പദ്ധതികൾ,

ഡെസ്റ്റിനേഷനുകളുടെ പ്രൗഢി വർദ്ധിപ്പിക്കൽ തുടങ്ങി ചെറുതും വലുതുമായി ആവിഷ്കരിച്ച നിരവധി പദ്ധതികൾ ഈ നേട്ടങ്ങൾക്ക് പ്രേരകമായി. ആഭ്യന്തര സഞ്ചാരത്തിൽ മുൻതൂക്കം നൽകി നടത്തിയ പ്രവർത്തനങ്ങൾ ആഭ്യന്തര സഞ്ചാരികളുടെ എണ്ണം റെക്കോർഡിലെത്തിച്ചു. ബീച്ച് ടൂറിസത്തിന്റെ സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുന്നു. ബീച്ച് ടൂറിസവുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ ബീച്ചുള്ള ഒരു ജില്ലയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് നൽകിയതിൽ വലിയ ജനപിന്തുണയാണ് ലഭിച്ചത്. അടുത്ത ഘട്ടത്തിൽ അത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കും. സാഹസിക ടൂറിസം പദ്ധതി, സർഫിംഗ് തുടങ്ങിയ ബീച്ച് ഫെസ്റ്റിവലുകൾ നടപ്പിലാക്കി മുന്നോട്ടുപോകാൻ സാധിക്കുന്നു. സഖാവ് കോടിയേരി ബാലകൃഷ്ണൻ വിനോദസഞ്ചാര വകുപ്പുമന്ത്രിയായിരുന്ന 2006-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണകാലത്ത് കോവളം വികസനത്തിനുവേണ്ടി ചില പദ്ധതികൾ മുന്നോട്ടുവച്ചിരുന്നു. കോവളം ബീച്ചിൽ കിഫ്ബി സഹായത്തോടുകൂടി 93 കോടി രൂപയുടെ വിപുലമായ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കാരവൻ ടൂറിസം മൂന്നര പതിറ്റാണ്ടിനുശേഷമുള്ള നമ്മുടെ ഉൽപ്പന്നമാണ്. അന്തർദേശീയതലത്തിലെ ടൈംസ് ഗ്രൂപ്പുമുതൽ ദേശീയതലത്തിലെ ഇന്ത്യാ ടുഡേ ഗ്രൂപ്പുൾപ്പെടെയുള്ളവരുടെ അംഗീകാരങ്ങൾ കാരവൻ ടൂറിസത്തിന് ലഭിച്ചു. ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കേരളത്തിൽ നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിലെ 'സ്ട്രീറ്റ് ' പദ്ധതിയിൽ നൈറ്റ് ലൈഫ് ടൂറിസം ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ നൈറ്റ് ലൈഫ് ടൂറിസത്തിന് പശ്ചാത്തലമൊരുക്കാൻ ട്രാവൻകൂർ ഇല്യൂമിനേഷൻ പ്രോജക്ടിലുൾപ്പെടുത്തി മുപ്പത്തിയഞ്ചോളം പൈതൃക മന്ദിരങ്ങൾ ദീപാലംകൃതമാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്. രാത്രികാല ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കനകക്കുന്ന് കൊട്ടാരവളപ്പിൽ രണ്ടുകോടി അറുപത്തിമൂന്നുലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ചർച്ചകളുമായി മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്തെ സാർവ്വത്രിക ടൂറിസം വികസനത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഡെസ്റ്റിനേഷനുകളെ ടൂറിസം ഹബ്ബുകളാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഹെൽത്ത് ടൂറിസം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനായി

ബഹു. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുടെ പ്രത്യേക താൽപര്യത്തിന്റെ ഭാഗമായി കായിക വകുപ്പിന്റെ സഹായത്തോടുകൂടി ഓപ്പൺ ജിമ്മുകൾ ആരംഭിക്കും. ഇതിന്റെ ആദ്യഘട്ടമായി 20 ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആഭ്യന്തര-വിദേശ സഞ്ചാരികൾക്ക് ഒരുപോലെ പ്രയോജനപ്പെടുംവിധം സുഗമമായി പ്രാപ്യമാകുന്ന തരത്തിൽ പ്രധാന കേന്ദ്രങ്ങളിലായിരിക്കും ഇവ സ്ഥാപിക്കുക. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാനുള്ള നീക്കങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്. ടൂറിസം മേഖലയിലെ വിവിധ നിക്ഷേപ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനായി ഒരു ഇന്റർനാഷണൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. ആഗോളതലത്തിൽ പ്രത്യേക പരിചയപ്പെടുത്തൽ ആവശ്യമില്ലാത്ത കേരളത്തിന്റെ ബ്രാൻഡ്, കേരള ടൂറിസം പുതിയ അവസരങ്ങളും ഉൽപ്പന്നങ്ങളും സൃഷ്ടിക്കുന്നതിൽ ഇപ്പോൾ മുൻപന്തിയിലാണ്. കേരള ടൂറിസത്തെ പുതിയ ഉയരങ്ങളിലേയ്ക്കെത്തിക്കാനുതകുന്ന 101 പുതിയ ആശയങ്ങൾ ഈ നിക്ഷേപ സംഗമത്തിൽ അവതരിപ്പിക്കാനുള്ള പ്രവർത്തനത്തിലാണ്.

ലിറ്റററി സർക്യൂട്ട് സംബന്ധിച്ച് ഞാൻ നേരത്തെ പരാമർശിച്ചതാണ്. മലബാർ മേഖലയിലെ പ്രശസ്ത സാഹിത്യ പ്രതിഭകളുടെ കർമ്മമണ്ഡലങ്ങളെ സംയോജിപ്പിച്ച് സാഹിത്യ സർക്യൂട്ട് ഒരുക്കുകയാണ്. ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. മുസിരീസ് പൈതൃക ടൂറിസം പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിച്ചു. അതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ട്രാവൻകൂർ പൈതൃക പദ്ധതിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. സാഹസിക ടൂറിസത്തിന് പ്രാധാന്യം നൽകുകയും അതിന്റെ പ്രത്യേക സാദ്ധ്യതകൾ മനസ്സിലാക്കി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം ആക്കുളം പാർക്കിൽ പുതിയ സാഹസിക വിനോദകേന്ദ്രം ആരംഭിച്ചു. പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകൾക്കനുയോജ്യമായ രീതിയിൽ സാഹസിക വിനോദകേന്ദ്രങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. മലബാർ റിവർ ഫെസ്റ്റിവൽ രണ്ട് വർഷത്തെ ഇടവേളയ്ക്കുശേഷം പുനരാരംഭിക്കുകയും നൂറിലേറെ അന്താരാഷ്ട്ര കയാക്കർമാർ പങ്കെടുക്കുകയും ചെയ്തു. കേരളത്തിൽ സ്ത്രീസൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഓണത്തെ ഒരു ടൂറിസം ഉൽപ്പന്നമാക്കി മാറ്റിത്തീർക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ചാമ്പ്യൻസ് ബോട്ട് ലീഗ് പുനരാരംഭിക്കുകയും അതിന്റെ

രണ്ടാം പതിപ്പ് ഇത്തവണ നടക്കുകയുമാണ്. വള്ളംകളി മത്സരങ്ങളുടെ തിരിച്ചുവരവ് വലിയ ആവേശം നൽകിയിട്ടുണ്ട്. ഇത്തവണ മലബാറിലേയ്ക്കും ചാമ്പ്യൻസ് ബോട്ട് ലീഗ് വ്യാപിപ്പിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ഡെസ്റ്റിനേഷൻ ചലഞ്ച് നടപ്പിലാക്കുന്നു. അതിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സൂക്ഷ്മപരിശോധന നടത്തി പദ്ധതി നടപ്പിലാക്കും. ടൂറിസം ക്ലബ്ബിന്റെ പ്രവർത്തനങ്ങളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്. വിദേശ രാജ്യങ്ങളിലുൾപ്പെടെ കേരള ടൂറിസത്തിന്റെ ക്ലബ്ബുകളുണ്ട്. പ്രാദേശിക ടൂറിസ വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് ആർ.ടി. ക്ലബ്ബുകൾ രൂപീകരിച്ച് മുന്നോട്ടുപോകുന്നത്.

സംസ്ഥാനത്ത് ഫുഡ് ടൂറിസം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഇടങ്ങളിൽ ഫുഡ് സ്ട്രീറ്റ് നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. മാർക്കറ്റിംഗ് ക്യാമ്പയിനുകൾ പ്രത്യേകം ഫോക്കസ് ചെയ്തുകൊണ്ട് മേഖലകളെ വേർതിരിച്ചാണ് നടത്തുന്നത്. ടൂറിസം ആക്ടിവിറ്റികളിൽ സാങ്കേതികവിദ്യ സമന്വയിപ്പിച്ച് ടൂറിസം വകുപ്പിന്റെ നൂതന സംരംഭമായ വെർച്വൽ ട്രാവൽ ഗൈഡിന് തുടക്കം കുറിച്ചിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക്

വഴികാട്ടുന്ന തരത്തിലാണ് വെർച്വൽ ട്രാവൽ ഗൈഡ് രൂപീകരിച്ചിട്ടുള്ളത്. ക്യൂ.ആർ. കോഡ് സ്കാൻ ചെയ്താൽ വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന പദ്ധതിയാണിത്. കേരളത്തിന്റെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്താനുതകുംവിധം കേരള ടൂറിസം മൊബൈൽ ആപ്പ് നവീകരിക്കുകയും സഞ്ചാരികൾക്കാവശ്യമായ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാനുതകുന്ന വാട്സ്ആപ്പ് ചാറ്റ്ബോട്ട് 'Maya'-യുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ടൂറിസത്തിന്റെ അടിസ്ഥാനം ജനകീയതയാണ്. ജനങ്ങളാണ് നമ്മുടെ കരുത്ത്. കേരളത്തിലെ ടൂറിസം സംവിധാനങ്ങളിൽ ഉത്തരവാദിത്ത ടൂറിസത്തിന് പ്രധാന പങ്കുണ്ട്. 2008-ൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ഇന്ന് പതിനാല് അന്താരാഷ്ട്ര അവാർഡുകളുൾപ്പെടെ നിരവധി അംഗീകാരങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. റെസ്പോൺസിബിൾ ടൂറിസം മിഷൻ ഇപ്പോൾ റെസ്പോൺസിബിൾ ടൂറിസം സൊസൈറ്റിയായി പ്രവർത്തനസജ്ജമായിരിക്കുകയാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതികളായ എക്സ്പീരിയൻഷ്യൽ ടൂറിസം, എത്നിക് ക്യുസിൻ, ആന്റിക് ടൂറിസം, ഫാം ടൂറിസം, സ്ട്രീറ്റ് ടൂറിസം, പെപ്പർ ടൂറിസം എന്നിവ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിച്ച് സംസ്ഥാന വ്യാപകമായി 23,786

യൂണിറ്റുകളും 46,815 പ്രത്യക്ഷ ഗുണഭോക്താക്കളും ഉൾപ്പെടെയാണ് നടപ്പിലാക്കുന്നത്. ഡിസൈൻ നയത്തിനൊരു ശിൽപ്പശാല സംഘടിപ്പിച്ചതും വളരെ നല്ലനിലയിൽ മുന്നോട്ടുപോകുകയാണ്. സർക്കാർ ഉദ്ദേശിച്ചതുപോലെ പരമാവധി കാര്യങ്ങൾ നടപ്പിലാക്കിയാണ് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുകൾ മുന്നോട്ടുപോകുന്നത്.

ബഹു. മുഖ്യമന്ത്രി ന്യൂയോർക്കിലെ ആളുകളുടെ അനുഭവം സംബന്ധിച്ച് ഇന്നലെ സഭയിൽ പ്രസംഗിച്ചത് ഇന്ന് കേരളത്തിലെ ഒരു പ്രധാനപ്പെട്ട ദിനപത്രം ആക്ഷേപിക്കുന്ന നിലയിൽ വാർത്ത കൊടുത്തിരിക്കുന്നു. ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ മണ്ഡലത്തിലുൾപ്പെട്ട സ്ഥലമാണ് കുതിരാൻ. എൽ.ഡി.എഫ്. സർക്കാർ അതിൽ എത്രത്തോളം അദ്ധ്വാനമെടുത്തിട്ടുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. 2021 മെയ് 20-ന് ഈ സർക്കാർ അധികാരത്തിൽ വന്നയുടൻതന്നെ പ്രധാനപ്പെട്ട ഒരു വിഷയമായി ഇത് കണക്കിലെടുത്തു. കേരളത്തിന്റെ സ്വപ്നപദ്ധതിയായ കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വർഷങ്ങളായി ഇഴഞ്ഞുനീങ്ങിയത് വലിയൊരു പ്രശ്നമായിരുന്നു. ദേശീയപാത അതോറിറ്റിയോടും കരാർ കമ്പനിയോടും ജനങ്ങൾ കടുത്ത നീരസം

പുലർത്തുകയും അവിടെ ഒരുപാട് പ്രക്ഷോഭങ്ങളുണ്ടാക്കുകയും ചെയ്തിരുന്നു. അതൊക്കെ ബഹുമാന്യനായ മന്ത്രിക്ക് നേരിട്ട് അറിയാവുന്നതാണ്. ദേശീയപാത അതോറിറ്റി 2009-ൽ തുടക്കമിട്ട പദ്ധതിയാണ് കാലങ്ങളായി മന്ദഗതിയിൽ പൊയ്ക്കൊണ്ടിരിക്കുന്നതെന്നത് പ്രധാന വിഷയമായിരുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, നേരത്തെയുണ്ടായിരുന്ന സർക്കാരിന്റെ കാലത്ത് അങ്ങ് പറഞ്ഞതുപോലെ ഈ പദ്ധതി ഇഴഞ്ഞുപോകുകയായിരുന്നു. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് യഥാർത്ഥത്തിൽ ആ കമ്പനി ചെയ്തുകൊണ്ടിരുന്ന ശരികേടായ നടപടികൾക്കെതിരെ ശക്തമായ ഇടപെടൽ നടത്തിയത്. അന്ന് കോൺട്രാക്കെടുത്തത് കേന്ദ്ര ഗവൺമെന്റുമായി ബന്ധമുള്ള കോൺഗ്രസ്സിന്റെ നേതാവായിരുന്ന, പിന്നീട് ടി.ആർ.എസ്.-ന്റെ നേതാവായി മാറിയ, ഒരു എം.പി.-യുടെ നേതൃത്വത്തിലുള്ള കമ്പനിയായിരുന്നു. അധികാരത്തിന്റെ ധാർഷ്ട്യം കാണിച്ച് കമ്പനി കൊണ്ടുപോകുകയും പാപ്പരായിമാറി ഒരു ബാങ്കിൽനിന്നും പണം കിട്ടാത്തവിധം കുറേക്കാലം അങ്ങനെ കിടക്കുകയും ചെയ്തിരുന്നു. കഴിഞ്ഞ സർക്കാർ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി പൊതുമരാമത്ത് വകുപ്പുമന്ത്രിയായ അങ്ങുതന്നെ നേരിട്ട് ഒരു വർഷക്കാലം

തുടർച്ചയായി നടത്തിയ പരിശ്രമത്തിന്റെയടിസ്ഥാനത്തിലാണ് കുതിരാനിൽ രണ്ട് തുരങ്കങ്ങൾ തുറന്നുകൊടുത്തത്. ഇന്ന് കാണുന്ന വിധത്തിൽ അതിനെ മാറ്റിയെടുക്കാനുള്ള സമ്മർദ്ദം ചെലുത്തിയതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്താതെ, സർക്കാരിനെതിരെ മലയാളത്തിലെ ഒരു പ്രമുഖ ദിനപത്രം ഇന്ന് നടത്തിയ നടപടി ശരിയല്ലെന്നുള്ള കാര്യം അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. നമ്മുടെ ഗവൺമെന്റ് നടത്തിയ ഇടപെടലുകളെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുമോയെന്നുള്ളതാണ് എന്റെ സംശയം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ഇതൊരു പ്രധാന വിഷയമായിക്കണ്ട് ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും തൃശ്ശൂർ ജില്ലയിലെ മന്ത്രിമാരുൾപ്പെടെ ഞങ്ങളെല്ലാവരും അവിടെ ക്യാമ്പ് ചെയ്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം 2021 ജൂൺ മാസത്തിൽ തൃശ്ശൂർ ജില്ലയിൽ മന്ത്രിമാരുടെ ഒരു ടീം കുതിരാനിലെത്തി കാര്യങ്ങൾ പഠിച്ച് പ്രത്യേക യോഗം ചേർന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ പദ്ധതി അതിവേഗം മുന്നോട്ടുകൊണ്ടുപോകാൻ

ധാരാളം നടപടികൾ സ്വീകരിച്ചുവെങ്കിലും ചില തടസ്സങ്ങൾ കണ്ടെത്തി. ഒന്നാം ടണൽ തുറക്കാൻ കൃത്യമായ ടൈംലൈനുണ്ടാക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് യോഗം വിളിച്ച് ആ ടൈം ലൈനിന് അംഗീകാരം വാങ്ങുകയും ചെയ്തു. പിന്നീടുള്ള ഓരോ ആഴ്ചയും പൊതുമരാമത്ത് വകുപ്പ് പ്രത്യേക അവലോകന യോഗങ്ങൾ നടത്തി ഇതിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തു. മന്ത്രിമാരോടൊപ്പം അവിടെയുള്ള ജനപ്രതിനിധികളും പാലക്കാട് ജില്ലയിലെ എം.എൽ.എ. ശ്രീ. പി. പി. സുമോദും ചേർന്ന് ഒരു ടീമായാണ് അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോയത്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടായതിനാൽ ഒരു നോഡൽ ഓഫീസറെ നിയമിച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഓരോ പ്രശ്നവും പരിഹരിച്ച് ഒന്നാം ടണൽ നിശ്ചയിച്ച സമയത്തുതന്നെ തുറന്നുകൊടുക്കാൻ സാധിച്ചു. ഒന്നാം ടണൽ തുറന്നുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ചില വിവാദങ്ങളുണ്ടായിരുന്നു. എന്നാൽ വിവാദങ്ങൾക്ക് പിന്നാലെ പോകാനല്ല ഞങ്ങളാഗ്രഹിച്ചത്. ഇനിയും ദേശീയപാതയുടെ പല പ്രവൃത്തികളും മുന്നോട്ടുപോകുന്നുണ്ട്. ഞങ്ങളിതുപോലെ കഠിനാദ്ധ്വാനം ചെയ്യും; പക്ഷേ ചിലപ്പോൾ അത് തുറന്നുകൊടുക്കുമ്പോഴും ചിലർ പരിഹസിക്കുമായിരിക്കും. പക്ഷേ

എൽ.ഡി.എഫ്. സർക്കാരിന്റെ കഠിനാദ്ധ്വാനം കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ എന്നുമുണ്ടാകുമെന്നുള്ളത് ഞങ്ങൾക്ക് ഉറപ്പായതുകൊണ്ട് അതിൽ ഞങ്ങൾക്ക് പ്രശ്നമില്ല. ഒന്നാം ടണൽ തുറന്നപ്പോഴും ഞങ്ങൾ വിവാദത്തിന്റെ പിന്നാലെ പോകുകയായിരുന്നില്ല, മറിച്ച് രണ്ടാം ടണൽ തുറക്കാനുള്ള ശ്രമങ്ങളിലായിരുന്നു. 2021 ആഗസ്റ്റ് 7-ന് രണ്ടാം ടണലിന്റെ പുരോഗതി വിലയിരുത്തി യോഗം ചേർന്നു. തുടർന്ന് 30-09-2021, 10-10-2021, 13-10-2021, 10-12-2021, 16-12-2021, 05-01-2022 എന്നീ തീയതികളിൽ നേരിട്ട് യോഗങ്ങൾ ചേർന്നിരുന്നു. ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയുടെ വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച യോഗത്തിലും കുതിരാൻ പ്രധാനപ്പെട്ട വിഷയമായിരുന്നു.

പാറ പൊട്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഉന്നതതല യോഗത്തിൽ ചർച്ച ചെയ്യുകയും ബഹുമാന്യനായ റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി, മന്ത്രിമാർ, എം.പി., ജില്ലാ കളക്ടർ എന്നിവരെ പ്രത്യേകം ചുമതലപ്പെടുത്തുകയും ചെയ്തു. വികസന കാര്യത്തിൽ കുതിരാനിലുണ്ടായ കൂട്ടായ്മ ഒരു മാതൃകയാണ്. ഇപ്പോഴും അതിന്റെ വിവാദങ്ങളിൽ താല്പര്യമുള്ളവരോട് പ്രത്യേകിച്ച് മറുപടിയൊന്നും പറയാനില്ല. പത്രത്തിന്റെ

ഫ്രണ്ട് പേജിലല്ല; എല്ലാ പേജിലുമെഴുതിയാലും കേരളത്തിലെ ജനങ്ങൾക്ക് അതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ട്. വികസനത്തോട് പൊതുവെ പ്രതിപക്ഷമെടുക്കുന്ന സമീപനംകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവർ കേന്ദ്ര സർക്കാരെടുക്കുന്ന പല നിലപാടുകളെയും എതിർക്കുന്നില്ലെന്ന് മാത്രമല്ല അതിന് എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര ബഡ്ജറ്റ് വന്നതിനെതിരെ ഒരു പ്രതികരണവും പ്രതിപക്ഷം നടത്തിയിട്ടില്ല. കേരളത്തിലെ ജനങ്ങളെയാകെ കഴുത്തുഞെരിച്ച് കൊല്ലാനുള്ള ശ്രമമാണ് കേന്ദ്ര ബഡ്ജറ്റിലെ അവഗണനയിലൂടെയുണ്ടായത്. പ്രതിപക്ഷവും യു.ഡി.എഫ്. എം.പി.-മാരും അതിനെതിരെ പ്രതികരിക്കുകയോ ഒരക്ഷരം മിണ്ടുകയോ ചെയ്തിട്ടില്ല. ദേശീയാടിസ്ഥാനത്തിൽ എന്ത് സമ്മേളനം നടത്തിയാലും ഇത്തരം നിലപാട് തിരുത്താതെ എങ്ങനെയാണ് പ്രതിപക്ഷത്തെ നയിക്കുന്ന കോൺഗ്രസ് രക്ഷപ്പെടാൻ പോകുന്നത്.

പെട്രോളിന്റെ വിലവർദ്ധനവിനെകുറിച്ച് പറയുമ്പോൾ ഇന്ത്യയെന്നും ഓർക്കേണ്ട ഒരു കരിദിനമാണ് 2010 ജൂൺ 25. പെട്രോളിന്റെ വിലനിയന്ത്രണാധികാരം പെട്രോളിയം വകുപ്പിൽനിന്നും എടുത്തുമാറ്റി സ്വകാര്യ എണ്ണക്കമ്പനിക്ക് ഡോ. മൻമോഹൻ സിംഗിന്റെ രണ്ടാം യു.പി.എ.

ഗവൺമെന്റ് തീറെഴുതിക്കൊടുത്ത ദിനമായ അന്നുമുതലാണ് പെട്രോൾ വില നിയന്ത്രണത്തിൽ സ്വകാര്യ എണ്ണക്കമ്പനികൾ ഇടപെടുന്നത്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ സമയത്ത് പെട്രോളിന്റെ വില നിയന്ത്രാണാധികാരം എട്ടുതവണ പെട്രോളിയം വകുപ്പിൽനിന്നും എടുത്തുമാറ്റാനുള്ള ശ്രമം നടന്നപ്പോൾ പൊതുമിനിമം പരിപാടി എന്ന ചൂരൽകാണിച്ച് ഇടതുപക്ഷം ഭയപ്പെടുത്തിയതുകൊണ്ടാണ് അത് നടക്കാതെ പോയത്. ചരിത്രത്തിൽ ഓർമ്മപ്പെടുത്തേണ്ട ഒരു പ്രധാന പ്രശ്നമായി അതിനെ കാണേണ്ടതുണ്ട്. കേന്ദ്ര ബഡ്ജറ്റിനെതിരെ മിണ്ടുന്നില്ലെന്ന് മാത്രമല്ല; കഴിഞ്ഞയാഴ്ച കർണ്ണാടകയിൽ ശ്രീ. അമിത് ഷാ കേരളത്തെയും ജനങ്ങളെയുമാകെ അപമാനിക്കുന്ന നിലയിൽ പ്രസ്താവനയിറക്കിയപ്പോൾ ഒരക്ഷരം പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറായോ; അടിത്തട്ടിൽ എന്തു പ്രതികരണമാണ് അവർ നടത്തുന്നത്? പാചകവാതക വില സംബന്ധിച്ച് പത്രങ്ങളിൽ ഫോട്ടോ വരാൻവേണ്ടി ചില സമരങ്ങൾ നടന്നു. താഴെത്തട്ടിൽ എന്തുസമരമാണ് ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ പ്രതിപക്ഷം നടത്തിയിട്ടുള്ളത്? പ്രതിപക്ഷം ഇത് നടത്താതെ പോകുന്നതുകൊണ്ടുണ്ടാകുന്ന പ്രയാസം അവർക്കുതന്നെയാണ്. പ്രതിപക്ഷത്തെ കോൺഗ്രസിന്റെ പ്രവർത്തകർക്കും അണികൾക്കും

രാഷ്ട്രീയവത്കരണമില്ലാതാകുകയും അവർ പതിയെ ബി.ജെ.പി.-യിലേയ്ക്ക് മാറുന്ന സ്ഥിതിയിലേയ്ക്കെത്തുകയും ചെയ്യുന്നതാണ് ത്രിപുരയിൽ കണ്ടത്. ത്രിപുരയിൽ കോൺഗ്രസ്സാകെ ബി.ജെ.പി. ആയി മാറിയതുകൊണ്ടാണ് അവിടെ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നത്. ത്രിപുര തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ഇന്ന് കഴിഞ്ഞു. കോൺഗ്രസിന്റെ വോട്ടർമാർ കോൺഗ്രസിൽ നിന്നുംമാറി ബി.ജെ.പി.-ക്ക് വോട്ട് ചെയ്തവർ, കോൺഗ്രസിന്റെ പ്രവർത്തകർ കോൺഗ്രസിൽ നിന്നുംമാറി ബി.ജെ.പി.-യിലേയ്ക്ക് പോയവർ, കോൺഗ്രസിന്റെ എം.എൽ.എ.-മാർ കോൺഗ്രസിൽ നിന്നുംമാറി ബി.ജെ.പി.-യായവർ എന്നിവരെ തിരിച്ചുകൊണ്ടുവരേണ്ട ശക്തമായ ക്യാമ്പയിൻ ത്രിപുര തെരഞ്ഞെടുപ്പിൽ നടത്തേണ്ട ഘട്ടത്തിൽ അവിടെ കാലുകുത്താൻ ശ്രീ. രാഹുൽ ഗാന്ധിയോ ശ്രീമതി പ്രിയങ്ക ഗാന്ധിയോ തയ്യാറായിട്ടില്ല. ബി.ജെ.പി. വിരുദ്ധ ക്യാമ്പയിനെ ശരിയായ അർത്ഥത്തിൽ കൊണ്ടുപോകാനല്ല കോൺഗ്രസ് ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രതികരിക്കേണ്ടത് വളരെ ആത്മാർത്ഥമായാണ്. അങ്ങനെ പ്രതികരിക്കുമ്പോൾ പറ്റിയ തെറ്റ് തുറന്നുപറയണം. നവഉദാരവത്കരണ നയം തെറ്റായിരുന്നുവെന്നും ആ നയം കൊണ്ടുവന്നത് ഞങ്ങളാണെന്നും അതിന്റെ ഭാഗമായിട്ടാണ് ഇന്ന് നേരിടുന്ന

പ്രധാനപ്പെട്ട പ്രശ്നങ്ങളെന്നും തുറന്നുപറഞ്ഞ് തെറ്റുതിരുത്താൻ ബന്ധപ്പെട്ടവർ തയ്യാറാകണമായിരുന്നു. മതവർഗ്ഗീയതയോട് ചെയ്യുന്ന സന്ധി, തീവ്രഹിന്ദുത്വ നിലപാടിനോടുള്ള മൃദുഹിന്ദുത്വ സമീപനം ഇവയെല്ലാം സ്വീകരിച്ച് മുന്നോട്ടുപോകുന്ന കോൺഗ്രസ് നിലപാട് തിരുത്താൻ തയ്യാറാകാത്തത് വളരെ ഗൗരവമേറിയ പ്രശ്നമായി കാണേണ്ടതുണ്ട്.

സംസ്ഥാനത്ത് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ക്രിയാത്മകമായ നിർദ്ദേശങ്ങൾ സ്വീകരിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ തുടർഭരണം ചിലരുടെ ഉറക്കം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഒരു പ്രത്യേകതരം അസുഖം ചില യു.ഡി.എഫ്. നേതാക്കന്മാർക്ക് വന്നുകഴിഞ്ഞു. ഇനി ഒരു കാലത്തും ഭരണകക്ഷിയാകാൻ പറ്റില്ലെന്നുള്ള യാഥാർത്ഥ്യം അവർ തിരിച്ചറിയുകയാണ്. അതിന്റെ ഭാഗമായി ഒന്നാം കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പ്രതിപക്ഷം അംഗീകരിക്കാതെ മുന്നോട്ടുപോകുന്നൊരു നിലപാടാണ് ഇടതുപക്ഷ തുടർഭരണത്തിന്റെ ഭാഗമായി ഇപ്പോഴും കാണാൻ സാധിക്കുന്നത്. ആ സർക്കാരിനെ വിമോചന സമരമെന്ന ഓമനപ്പേരിൽ ഇല്ലാതാക്കിയതുപോലെ ഇടതുപക്ഷ തുടർഭരണ സർക്കാരിനെയും

ഇല്ലാതാക്കാനുള്ള ശ്രമത്തിലാണ് ചിലർ. 1959-ലെ കേരളമല്ല 2023-ലെ കേരളമെന്നേ അവരോട് പറയാനുള്ളൂ. കേരളവും ഇടതുപക്ഷവും മാറി, നേരത്തെ ഇടതുപക്ഷത്തെ എല്ലാ നിലയിലും എതിർത്ത പലരും ഇന്ന് ഇടതുപക്ഷത്തോടൊപ്പവും ഇടതുപക്ഷമാണ് ശരിയെന്നുള്ള രാഷ്ട്രീയത്തിലാണെന്നുള്ളതും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തെ ഇടതുപക്ഷ സർക്കാരിനെയും മുഖ്യമന്ത്രിയെയും മന്ത്രിമാരെയുമൊക്കെ ഒറ്റതിരിഞ്ഞ് ആക്രമിക്കാനുള്ള ഏതെങ്കിലും ശ്രമം നടത്തിയാൽ ഒറ്റക്കെട്ടായി അതിനെ ചെറുത്തുകൊണ്ട് മുന്നോട്ടുപോകുമെന്നുള്ളതുമാത്രം സൂചിപ്പിച്ചുകൊണ്ട് പൊതുമരാമത്ത്-ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ലോകവ്യാപാരത്തിന്റെ ഏകദേശം 30 ശതമാനം ഇന്ത്യയുടെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള അന്താരാഷ്ട്ര കപ്പൽച്ചാൽ വഴി നടക്കുന്നതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. നമ്മുടെ രാജ്യത്തിനുവേണ്ടിയുള്ള കണ്ടെയ്നറുകളുടെ 75 ശതമാനവും ഇപ്പോൾ ഈ കപ്പൽച്ചാൽ വഴി കൊളംബോ തുറമുഖത്ത് എത്തിച്ചതിനുശേഷം ഇന്ത്യയിലെ

വിവിധ തുറമുഖങ്ങളിലേയ്ക്ക് എത്തിക്കുകയാണ് ചെയ്തുവരുന്നത്. ബാക്കി ചരക്കുകൾ സിംഗപ്പൂർ, സലാല, ദുബായ് എന്നീ തുറമുഖങ്ങൾ വഴി കൈകാര്യം ചെയ്യപ്പെടുന്നു. ഇന്ത്യയ്ക്കിപ്പോൾ സർവ്വീസ് നടത്തുന്ന മദർഷിപ്പുകളെ ഉൾക്കൊള്ളാൻ കഴിയുന്ന ആഴമുള്ള തുറമുഖമില്ലാത്തതാണ് ഇപ്രകാരം നമ്മുടെ ചരക്കുകൾ വിദേശതുറമുഖങ്ങളിൽ ഇറക്കേണ്ടി വരുന്നത്. ഇതുമൂലം പ്രതിവർഷം ഏതാണ്ട് 2,500 കോടി രൂപയുടെ വിദേശ നാണ്യനഷ്ടം ഉണ്ടാകുന്നുവെന്നതാണ് കണക്ക്. ഇതിനുപുറമെ വിദേശ തുറമുഖത്ത് ഇറങ്ങുന്ന ഒരു കണ്ടെയ്നർ ഇന്ത്യയിലെത്തിക്കാൻ 10,000 രൂപ അധികച്ചെലവും നടത്തേണ്ടിവരും. ഈ സാഹചര്യത്തിലാണ് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ ചക്രവാളം സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. വിഴിഞ്ഞം തുറമുഖത്ത് ഈ വർഷം തന്നെ കപ്പലെത്തിച്ച് കമ്മീഷൻ ചെയ്യാവുന്ന തരത്തിൽ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ തുറമുഖത്തിനുവേണ്ടി നാളിതുവരെ 1,000 കോടി രൂപയിലധികം ചെലവഴിച്ചുകഴിഞ്ഞു. ഇനിയും വയബിലിറ്റി ഗ്യാപ് ഫണ്ടും ഡെപ്പോസിറ്റ് വർക്കുകളുടെ തുകയും നിർമ്മാണക്കമ്പനിക്ക്

നൽകേണ്ടതുണ്ട്. ഇതുവരെ വിഴിഞ്ഞം തുറമുഖത്തിനാവശ്യമായ വകയിരുത്തൽ നടത്തിയത് സംസ്ഥാനത്തിന്റെ മേജർ ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടുകൾക്കുവേണ്ടിയുള്ള ശീർഷകത്തിൽ നിന്നാണ്. തുടർന്നും ആവശ്യമായ തുക ഈ ശീർഷകത്തിൽനിന്ന് അനുവദിക്കാമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചിട്ടുണ്ട്. അതിന് അദ്ദേഹത്തോട് ഞാൻ കൃതജ്ഞത അറിയിക്കുകയാണ്. മറ്റ് സോഴ്സുകളിൽനിന്നും ധനസമാഹരണം നടത്തുന്ന കാര്യവും ആലോചനയിലുണ്ട്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ കേന്ദ്രീകരിച്ച് തീരദേശ ചരക്കുകപ്പൽ ഗതാഗതവും തുറമുഖാധിഷ്ഠിത വ്യവസായങ്ങളും വികസിപ്പിക്കുന്നതിന് സാധിക്കുമെന്നാണ് കരുതുന്നത്. 17 നോട്ടിഫൈഡ് തുറമുഖങ്ങളുണ്ടെങ്കിലും ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം, അഴീക്കൽ തുറമുഖങ്ങളിൽ മാത്രമാണ് ചരക്കുനീക്കത്തിനുള്ള സാദ്ധ്യതകൾ ഇപ്പോഴുള്ളത്. പ്രധാന തുറമുഖമായ ബേപ്പൂരിൽ ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുകളും ഇന്ധനമടക്കമുള്ള മറ്റു സാധനങ്ങളുമാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ ഇപ്പോൾ രാഷ്ട്രീയമായും മറ്റുമുള്ള കാരണങ്ങളാൽ ലക്ഷദ്വീപിലേയ്ക്കുള്ള ചരക്കുനീക്കത്തിൽ

വൻതോതിലുള്ള കുറവുണ്ടായിട്ടുണ്ട്. എന്നിരുന്നാലും ലക്ഷദ്വീപിന് നമ്മുടെ സംസ്ഥാനവുമായുള്ള പൊക്കിൾക്കൊടിബന്ധം ഉപേക്ഷിക്കാൻ കഴിയില്ല. അതുകൊണ്ട് ലക്ഷദ്വീപ് ഭരണകൂടവുമായി ഇക്കാര്യത്തിൽ ആവശ്യമായ ചർച്ച നടത്തിവരികയാണ്. ഇതിന്റെ ഭാഗമായി ബേപ്പൂർ തുറമുഖത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി 15 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 12 കോടി രൂപ ഉപയോഗിച്ച് ഡ്രഡ്ജിംഗ് നടത്തി തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഈ വർഷം സ്വീകരിച്ചു. അടുത്തവർഷം ബേപ്പൂർ തുറമുഖത്തിന്റെ ആഴം 8 മീറ്ററായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ കേന്ദ്രത്തിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി തുറമുഖത്തേയ്ക്കുള്ള റോഡ് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ തുടർച്ചയായി ബേപ്പൂരിൽ ഒരു പുതിയ ബെർത്ത് നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിനായി അടുത്തവർഷം 17 കോടി രൂപ നീക്കിവയ്ക്കും. തീരദേശ വാണിജ്യം ആവശ്യമായ പുരോഗതി കൈവരിച്ചിട്ടില്ലെങ്കിലും

കപ്പൽ സർവ്വീസ് നടത്തുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ കൊല്ലം, വിഴിഞ്ഞം, അഴീക്കൽ തുറമുഖങ്ങളിൽ ഏർപ്പെടുത്തി വരുന്നുണ്ട്. വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതോടെ ചെറുകിട തുറമുഖങ്ങളിൽ വലിയ പുരോഗതിയുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുമുന്നിൽ കണ്ടുകൊണ്ട് കണ്ണൂർ അഴീക്കലിൽ മൂവായിരം കോടി രൂപ ചെലവുവരുന്ന ഒരു ഗ്രീൻ ഫീൽഡ് തുറമുഖം ആരംഭിക്കുന്നതിനായി തയ്യാറാക്കിയ ഡി.പി.ആർ. സെക്രട്ടറിമാർ അടങ്ങിയ സമിതി പരിശോധിച്ചുവരികയാണ്. അടുത്ത സാമ്പത്തിക വർഷം അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നാണ് കരുതുന്നത്. ഇതിനായി ഈ വർഷം 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇനിയും ആവശ്യമുണ്ടെങ്കിൽ മറ്റ് വകയിരുത്തലുകളിൽനിന്നും കണ്ടെത്താവുന്നതാണ്. ഈ വർഷം മറ്റ് ചെറുകിട തുറമുഖങ്ങളിലും സമാനമായ തരത്തിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കൊല്ലത്ത് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി 101 മീറ്റർ നീളത്തിൽ ഒരു മൾട്ടി പർപ്പസ് ബെർത്ത് പണികഴിപ്പിച്ചിട്ടുണ്ട്. ഇവിടെ കപ്പലുകൾ എത്തുന്നതിന് ഐ.സി.പി. (ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ്) സ്റ്റാറ്റസ് ലഭിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ഗേറ്റ്

കോംപ്ലക്സിന്റെയും നിർമ്മാണം പൂർത്തിയാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ കൊല്ലത്തെ ഐ.സി.പി. നടപടികൾ ഉടൻ പൂർത്തീകരിക്കാൻ കഴിയും. നിലവിലുള്ള ക്രെയിനുകൾക്കുപുറമെ സ്റ്റാൻഡ്ബൈ ക്രെയിനുകളും വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം ഈ ആവശ്യത്തിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന് ക്രൂ ചെയിഞ്ചിംഗ് നടത്തുന്നതിന് അനുമതി ലഭിച്ചിരുന്നെങ്കിലും കേന്ദ്ര സർക്കാർ ഈ അംഗീകാരം പിൻവലിച്ചതോടെ അത് നിന്നുപോയി. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിലായിരുന്നു പെർമിഷൻ ലഭിച്ചിരുന്നത്. ഈ അനുവാദം പിൻവലിച്ച നടപടി പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുവേണ്ടി ഐ.എസ്.പി.എസ്. (International Ship and Port Facility Security) കോഡ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊന്നാനിയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ഒരു മൾട്ടി പർപ്പസ് ബെർത്ത് പണിയുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനുള്ള പ്രാഥമിക പഠനം നടത്താൻ Centre for Management Development-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

ഡി.പി.ആർ. തയ്യാറാക്കാനും നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതിനായി ഈ വർഷം 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളെ കൊച്ചി തുറമുഖവുമായി ബന്ധിപ്പിച്ച് ഒരു തീരദേശ കപ്പൽ സർവ്വീസ് ആരംഭിച്ചെങ്കിലും ആദായകരമല്ലാത്തതിനാൽ ആ കമ്പനി സർവ്വീസ് നിർത്തുകയുണ്ടായി. അവർക്ക് ഇൻസെന്റീവ് നൽകി സർവ്വീസ് തുടർന്ന് നടത്തുന്നതിന് ശ്രമിച്ചെങ്കിലും അതും പരാജയപ്പെട്ടു. റിട്ടേൺ കാർഗോ ലഭിക്കാത്തതിനാൽ നമ്മുടെ തുറമുഖങ്ങളിൽനിന്നും തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നത് ആദായകരമല്ലാത്തതാണ് പ്രസ്തുത കമ്പനി ടി സർവ്വീസ് നിർത്തുവാൻ കാരണമായത്. അതുകൊണ്ട് ഒരു വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് പഠനം നടത്തി ഈ വിഷയത്തിൽ സർക്കാർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഈ വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നീണ്ടകരയിലും കൊടുങ്ങല്ലൂരും ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയോട് സഹകരിച്ച് ഒരു മാരിടൈം സാറ്റലൈറ്റ് സെന്റർ ആരംഭിക്കാനുള്ള നിർദ്ദേശവുമുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ പഠനങ്ങൾ നടത്തിവരികയാണ്. ഇതിനായി ഈ വർഷം 50 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്. മാരിടൈം വികസനത്തിൽ ഗുജറാത്ത്, മഹാരാഷ്ട്ര പോലെയുള്ള സംസ്ഥാനങ്ങൾ വലിയ പുരോഗതി നേടിയിട്ടുണ്ട്. ഈ രംഗത്ത് വളരെ നേരത്തെ മുതൽ അവർ നടപ്പിലാക്കിയിട്ടുള്ള പരിഷ്കരണ നടപടികളുടെ ഫലമായാണ് ഈ വികസനം അവർക്ക് കൈവരിക്കാൻ കഴിഞ്ഞത്. മാത്രമല്ല, പല തുറമുഖങ്ങളും വികസിപ്പിച്ചിരിക്കുന്നത് സ്വകാര്യ മേഖലയിലാണ്. തുറമുഖവുമായി ബന്ധപ്പെട്ട നിക്ഷേപ അവസരങ്ങൾ കണ്ടെത്തുന്നതിന് ഒരു നിക്ഷേപ സംഗമം നടത്തിയിരുന്നു. ഇതിനുവന്ന പ്രൊപ്പോസലുകൾ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് ഒരു റോ-റോ സർവ്വീസ് ആരംഭിക്കുന്ന കാര്യവും കന്യാകുമാരി-കൊല്ലം, ബേപ്പൂർ-പൊന്നാനി പാസഞ്ചർ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. മാരിടൈം രംഗത്ത് ലോകം മുഴുവൻ വലിയ തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുണ്ട്. പി.പി.പി. (Public Private Partnership) അടിസ്ഥാനത്തിലോ മാരിടൈം ബോർഡിന്റെ തനതു വരുമാനം കൊണ്ടോ ഈ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയുമോ എന്നതാണ് പരിശോധിക്കുന്നത്.

തീരദേശ കപ്പൽ ഗതാഗതം നടക്കാത്തതിന് സംസ്ഥാനത്തെ ഉയർന്ന കയറ്റിറക്ക് കൂലിയും മറ്റ് സർവ്വീസ് ചാർജ്ജുകളും കാരണമായിട്ടുണ്ട്.

അതുകൊണ്ട് കയറ്റിറക്ക് കൂലി ഏകീകരിക്കുവാനും മാരിടൈം വാണിജ്യത്തിന് യോജിച്ച രീതിയിൽ പോർട്ട് ചാർജ്ജുകൾ പരിഷ്ക്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗവും മികച്ച പുരോഗതി നേടിയിട്ടുണ്ട്. കടലിന്റെയും കായലിന്റെയും അടിത്തട്ടിന്റെ സുപ്രധാന വിവരങ്ങൾ നൽകുന്ന ഈ വിഭാഗത്തെ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാനാണ് ശ്രമിക്കുന്നത്. അതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വാട്ടർ മെട്രോ, കൊച്ചി തുറമുഖമടക്കമുള്ള സർക്കാർ സംവിധാനങ്ങൾ ഇവരുടെ സേവനമാണ് ഉപയോഗപ്പെടുത്തുന്നതെന്ന കാര്യം പ്രസ്താവ്യമാണ്. ഇപ്രകാരം മാരിടൈം രംഗത്ത് സംസ്ഥാനത്തെ ഏറ്റവും ചാലക ശക്തിയുള്ള ഒരു വികസന മേഖലയായി വളർത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ ശ്രമത്തിന് ബഹുമാനപ്പെട്ട അംഗങ്ങളുടെ പിന്തുണ അഭ്യർത്ഥിക്കുകയും ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XV
## പൊതുമരാമത്ത്

മി. സ്പീക്കർ: പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XL
## തുറമുഖങ്ങൾ

മി. സ്പീക്കർ: തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII
## വിനോദസഞ്ചാരം

<u>മി. സ്പീക്കർ</u>: വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 03-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.29-ന് പിരിഞ്ഞു.)

*********

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം

6 (*276) ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകണമെന്ന് തീരുമാനിച്ചിട്ടില്ല.

(ബി) ടാർജറ്റ് പൂർത്തിയാക്കിയാൽ മാത്രമേ മുഴുവൻ ശമ്പളവും നൽകുകയുള്ളൂ എന്ന നിലപാട് കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ടാർജറ്റ് നേടിയില്ലെങ്കിൽ ശമ്പളം കുറയും എന്ന വ്യവസ്ഥ മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ ഈ നിർദ്ദേശം മുന്നോട്ടുവയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(ബി & സി) ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചിട്ടില്ല.

**തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി സിലബസ് പരിഷ്കരണം**

7 (*277) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കിയ യുവാക്കൾ തൊഴിൽക്ഷമതയിൽ പ്രതീക്ഷിക്കുന്ന ഉന്നത നിലവാരം പുലർത്തുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തോടൊപ്പം തൊഴിലിനായുള്ള നൈപുണ്യ പരിശീലനം

നേടുന്നതിനായി അസാപ് കേരളയിലൂടെ 130-ലധികം വിവിധ കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽക്ഷമതയിൽ മികച്ച നിലവാരം പുലർത്തുന്നതിനാവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപികരിച്ചിട്ടുണ്ട്.

(ബി) ആഗോള തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും ദേശീയതലത്തിലെ മത്സരപരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനും അനുയോജ്യമായ വിധത്തിൽ സിലബസ് പരിഷ്കരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ മുന്നോട്ടുവച്ച ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെല്ലിനെ ചുമതലപ്പെടുത്തി 21-10-2022-ലെ സ.ഉ.(സാധാ) നം.1565/2022/HEDN നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ യു.ജി. കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനതലത്തിൽത്തന്നെ ഒരു മാതൃകാ കരിക്കുലം രൂപീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. യു.ജി. പ്രോഗ്രാമുകളുടെ കരിക്കുലം പരിഷ്കരിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ഒരു മാതൃകാ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്നതിനുമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ വൈസ് പ്രസിഡന്റ് പ്രൊഫ. സുരേഷ് ദാസ് അദ്ധ്യക്ഷനായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി (Kerala State Curriculum Committee for Higher Education) രൂപീകരിച്ച് 06-01-2023-ലെ സ.ഉ.(സാധാ) നം.35/2023/HEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരിക്കുലം പരിഷ്കരണങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി കരിക്കുലം ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പോളിടെക്നിക് കോളേജുകളിൽ തൊഴിൽ നൈപുണ്യ പരിശീലനം ഉൾപ്പെടുത്തിയാണ് കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്.

(സി) എല്ലാ കോഴ്സകളിലും തൊഴിൽ നൈപുണ്യ പരിശീലനം ഉൾപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; കെ-സ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഡിപ്ലോമ റിവിഷൻ-2021, FDGT റിവിഷൻ എന്നിവയിൽ തൊഴിൽ നൈപുണ്യ പരിശീലനം ഉൾപ്പെടുത്തിയാണ് കരിക്കുലം തയ്യാറാക്കിയിരിക്കുന്നത്. THS കരിക്കുലം റിവിഷനുകളിലും ഇത് ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിലെ യുവജനങ്ങൾക്ക് നഗര-ഗ്രാമ വ്യത്യാസമില്ലാതെ പുതുതലമുറ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുകയും അതുവഴി രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങൾ കരഗതമാക്കാൻ യുവതലമുറയെ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു സമഗ്ര നൈപുണ്യ പരിശീലന സംരംഭമാണ് കെ-സ്കിൽ.

**ഡിപ്ലോകളുടെ ടാർജറ്റിന് ആനുപാതികമായി ശമ്പള വിതരണം**

8 (*278) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പ്രതിമാസം ആവശ്യമായിവരുന്ന തുക എത്രയെന്ന് അറിയിക്കുമോ; ആയതിന് ആനുപാതികമായി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം ലഭിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം/അസ്ഥിരം ജീവനക്കാരുടെ മൊത്തശമ്പള വിതരണത്തിനായി ഏകദേശം 93 കോടി രൂപയോളം പ്രതിമാസം ആവശ്യമായി വരുന്നുണ്ട്. പ്രതിമാസം ഏകദേശം 200 കോടിയോളം രൂപ വരുമാനം ലഭ്യമാകുന്നുണ്ടെങ്കിലും ഇന്ധനച്ചെലവ്, കൺസോർഷ്യം/ഓവർഡ്രാഫ്റ്റ് വായ്പതിരിച്ചടവ്, മറ്റ് അവശ്യ ചെലവുകൾ എന്നിവ കഴിഞ്ഞാൽ ശമ്പള വിതരണത്തിനുള്ള തുക മിച്ചംപിടിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

(ബി) 2022 ഡിസംബർ മാസം ഇരുന്നൂറ് കോടി രൂപയുടെ റെക്കോർഡ് വരുമാനം നേടിയിട്ടും കെ.എസ്.ആർ.ടി.സി.-ക്ക് ജീവനക്കാരുടെ ശമ്പളം യഥാസമയം പൂർണ്ണമായും നൽകുന്നതിന്

കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധിയുടെ കാരണം വെളിപ്പെടുത്തുമോ?

ഡിസംബർ 2022-ൽ കോർപ്പറേഷന്റെ ടിക്കറ്റ്/ടിക്കറ്റിതര വരുമാനം, ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷൻ എന്നിവ വഴി ലഭ്യമായത് ആകെ 243.36 കോടി രൂപയാണ്. എന്നാൽ പ്രസ്തുത മാസത്തെ ശമ്പളം ഒഴികെയുള്ള ആകെ ചെലവ് 272.60 കോടി രൂപയാണ്. 2022 ഡിസംബർ മാസത്തിൽ റെക്കോർഡ് വരുമാനം ലഭ്യമായിട്ടും വരവിനെക്കാളേറെ ചെലവേറിയതിനാലാണ് യഥാസമയം ശമ്പളം വിതരണം ചെയ്യാൻ സാധിക്കാതിരുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഓരോ ഡിപ്പോകൾക്കും വരുമാനത്തിന് ടാർജറ്റ് നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ ടാർജറ്റിന് ആനുപാതികമായാണോ ജീവനക്കാർക്ക് ശമ്പളം വിതരണം ചെയ്യുന്നതിനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെ ചെലവും വരുമാനവും സർവ്വീസ്

ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ ഓരോ ഡിപ്പോകൾക്കും ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകണമെന്ന നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) ശമ്പളം നൽകാനായില്ലെങ്കിൽ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടണമെന്ന് ഹൈക്കോടതി നിർദേശിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടില്ല.

## വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും നൈപുണ്യ വികസനവും

9 (*279) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും നൈപുണ്യ വികസനത്തിനുള്ള അവസരവും ഒരുക്കുന്നതിന്റെ ഭാഗമായി ഇൻഡസ്ട്രി ഓൺ ക്യാമ്പസ്, യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതുവഴി എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് പഠനത്തോടൊപ്പം ജോലിയും നൈപുണ്യ വികസനത്തിനുള്ള അവസരവും ഒരുക്കുന്നതിന്റെ ഭാഗമായി അസാപ് കേരള ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പരിപാടിയുടെ ഭാഗമായി കേരളത്തിലെ പോളിടെക്നിക് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, വ്യാവസായിക ഉൽപ്പാദനം സാധ്യമാക്കാവുന്ന തരത്തിൽ ലാബുകളുടെയും വർക്ക്ഷോപ്പുകളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് അസാപ് കേരള 6.5 കോടി രൂപയുടെ ഉപകരണങ്ങൾ സ്ഥാപിക്കുകയും അദ്ധ്യാപകർക്കും വർക്ക്ഷോപ്/ലാബ് ജീവനക്കാർക്കും പ്രസ്തുത ഉപകരണങ്ങളിൽ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുകയും ചെയ്തു. ഇൻഡസ്ട്രി ഓൺ ക്യാമ്പസിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി അസാപ് കേരള ഒരു പ്രത്യേക വിഭാഗം തന്നെ രൂപീകരിക്കുകയും

വ്യവസായങ്ങളുടെ ഉത്പാദന യൂണിറ്റുകൾ ക്യാമ്പസ്സുകളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതുവരെ 18 സ്ഥാപനങ്ങളിലായി 38 ഇൻഡസ്ട്രി ഓൺ ക്യാമ്പസ് യൂണിറ്റുകൾ രൂപീകരിക്കുകയും അവയിൽ 12 യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി ആ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് മികച്ച തൊഴിൽ പരിചയവും പഠിക്കുമ്പോൾത്തന്നെ വരുമാനവും (Earn While You Learn) കിട്ടുന്നു.

വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലിയും നൈപുണ്യ വികസനത്തിനുള്ള അവസരവുമൊരുക്കുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കേരളത്തിന്റെ പുതുതലമുറ നേരിടുന്ന നിത്യജീവിതത്തിലെ വെല്ലുവിളികൾ വിദ്യാഭ്യാസ മേഖലയുടെ സഹായത്തോടെ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ Kerala Development and Innovation Strategy Council (K-DISC) ആസൂത്രണം ചെയ്തിട്ടുള്ള നവ പദ്ധതിയാണ് യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (Y.I.P). 13-നും 37-നും ഇടയിൽ പ്രായമുള്ള സ്കൂൾ-കോളേജ്-ഗവേഷണ വിദ്യാർത്ഥികളെ കണ്ടെത്തുകയും അവർക്ക് തെരഞ്ഞെടുക്കപ്പെട്ട 22 വിഭാഗങ്ങളിലായി demand-led real-life problem-solving നൽകുക എന്നതാണ് Y.I.P-യുടെ

പ്രഥമ പരിഗണന. വ്യക്തിഗത സംരംഭങ്ങളിലേയ്ക്കും സാമൂഹിക സംരംഭങ്ങളിലേയ്ക്കും പ്രായോഗിക ഗവേഷണങ്ങളിലേയ്ക്കും നയിക്കുന്ന ബിസിനസ് മോഡൽ നവീകരണങ്ങളിലൂടെ സമൂഹത്തിന്റെ സാമ്പത്തിക ഭദ്രതയും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും Y.I.P.-ലൂടെ ആസൂത്രണം ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി ജില്ലാ-സംസ്ഥാനതലത്തിൽ നടത്തുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് ക്യാഷ് അവാർഡും domain, technology, business model, intellectual property and prototyping എന്നീ മേഖലകളിൽ മാർഗ്ഗനിർദ്ദേശവും നൽകുന്നതാണ്. നവീകരണത്തിന് അത്യന്താപേക്ഷിതമായ ഡിസൈൻ തിങ്കിംഗ്, ക്രിറ്റിക്കൽ തിങ്കിംഗ് എന്നീ കഴിവുകൾ വികസിപ്പിക്കുന്നതിന് Y.I.P. സഹായകമാകുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളിൽ ജില്ലകളിൽ വകുപ്പുതല ശില്പശാലകൾ സംഘടിപ്പിച്ച് നിലവിലെ പ്രശ്നങ്ങൾ കണ്ടെത്തുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിൽ ലക്ഷ്യം വയ്ക്കുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ വിദഗ്ധരായ കലാകാരന്മാർ ഉൾപ്പെടുന്ന ഫൈൻ ആർട്സ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കളിമണ്ണ്, ഫൈബർ, ലോഹങ്ങൾ എന്നിവ കൊണ്ടുള്ള ശില്പനിർമ്മാണം

അവിടെ അഭ്യസിപ്പിക്കുന്നുണ്ട്. എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ കാലാനുസൃതമായി കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കാൻ ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ദ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്ടീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, TCS, GOOGLE, INFOSYS, IBM, NISSAN- DIGITAL മുതലായ വൻകിട ബഹുരാഷ്ട്ര കമ്പനികൾ ഇതിനായി സർവ്വകലാശാലയുമായി സഹകരിക്കുന്നുണ്ട്. തൊഴിൽ സംരംഭകത്വം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ കേന്ദ്രീകരിച്ചുള്ള Centres of Excellence സ്ഥാപിക്കാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ Industry-On-Campus, Technology Business Incubator, Mini Industrial Units തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്താനുള്ള മാർഗ്ഗം തുറക്കപ്പെടുന്നു. സർവ്വകലാശാല centralized placement drive എല്ലാ വർഷവും നടത്തുന്നുണ്ട്. സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ്

കോളേജുകളിലെ വിദ്യാർത്ഥികൾക്കും ഇതിൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നുണ്ട്.

(ബി) നൂതനാശയങ്ങളെ ഉല്പന്നങ്ങളും സംരംഭങ്ങളുമാക്കി മാറ്റാൻ മുന്നിട്ടിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

നൂതനാശയങ്ങളെ ഉല്പന്നങ്ങളും സംരംഭങ്ങളുമാക്കി മാറ്റാൻ മുന്നിട്ടിറങ്ങുന്ന വിദ്യാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ Y.I.P. പ്രോഗ്രാമിന്റെ ഭാഗമാക്കി അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടാതെ വിദ്യാർത്ഥികളുടെ ഉൽപ്പന്നങ്ങൾ, ആശയങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള വേദിയായ യുറേക്ക ലാബ് എല്ലാ സർക്കാർ കോളേജുകളിലും സജ്ജീകരിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ്

കണക്ടിവിറ്റിയോടും കൂടിയുള്ള ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50-ലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കി. തൊഴിൽദാതാക്കളായ സാങ്കേതികവിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പാക്കിവരുന്നു.

മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന സിഡ്ബിയുടെ (SIDBI) സ്വാവലംബൻ ചെയർ പദ്ധതിയിലേയ്ക്ക് ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ ഉത്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്ക് ആവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക

എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളുടെ പ്രോജക്ടുകൾ പ്രദർശിപ്പിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 29-09-2022-ലെ സ.ഉ (സാധാ) നം. 1437/2022/ഉവിവ പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ASAP (Additional Skill Acquisition Programme) KASE (Kerala Academy for Skills Excellence) വഴിയും വിവിധ മേഖലയിൽ നൈപുണ്യ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ക്യാമ്പസ്സുകളിൽ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകളും വർക്ക്ഷോപ്പുകളും നടത്തിവരുന്നു. TBI (Technology Business Incubation) വഴി എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ്

കോളേജുകളിലും നവസംരംഭകർക്കായുള്ള സാങ്കേതിക വ്യാപാരസഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 8000 സ്ക്വയർ ഫീറ്റിൽ ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ (ടി.ബി.ഐ.) സ്ഥാപിച്ചിട്ടുള്ള കേരളത്തിലെ ആദ്യത്തെ സർവ്വകലാശാലയാണ്. കഴിഞ്ഞ 5 വർഷങ്ങളിലായി 113 സ്റ്റാർട്ടപ്പുകൾ സർവ്വകലാശാലയിൽ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി യുവജനങ്ങൾക്ക് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർവ്വകലാശാലയ്ക്ക് സാധിച്ചിട്ടുണ്ട്.

(സി) ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്തെ ഗവേഷണത്തിനും വികസനത്തിനുമായി തുക നീക്കിവച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ശാസ്ത്ര-സാങ്കേതികശാസ്ത്ര രംഗത്തെ ഗവേഷണത്തിനും വികസനത്തിനുമായി സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഗവേഷണപഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പിൽ ആരംഭിച്ച പദ്ധതിയാണ് PLEASE (Performance Linked Encouragement for Academic Studies and Excellence). പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ യൂണിവേഴ്സിറ്റികൾക്കും വകുപ്പിന് കീഴിലുള്ള

തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്, കാസർഗോഡ് സർക്കാർ കോളേജുകളിലും ലാബ് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി 2022-2023 സാമ്പത്തിക വർഷം 5 കോടി രൂപ പദ്ധതിവിഹിതമായി അനുവദിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തപ്പെടുന്ന വിവിധ ഗവേഷണ പദ്ധതികൾക്ക് 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യപ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ് (Hardware in Loop Lab) എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി & എൻവയോൺമെന്റും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ (PPP) തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും (Bosch) ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലും (Mercedes Benz) ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികൾ വിജയകരമായി നടത്തിവരുന്നു. സ്കോളർഷിപ്പുകളും ഇന്റേൺഷിപ്പുകളും വ്യാവസായിക രംഗത്തെ വിദഗ്ധൻമാരുടെയും സാങ്കേതിക വിദഗ്ധരുടെയും നേതൃത്വത്തിലുള്ള പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. സാമൂഹ്യ പ്രസക്തിയുള്ള മേഖലകളിൽ വിവിധ വകുപ്പ്/ഏജൻസി സഹായത്തോടെ ഗവേഷണം നടത്തുന്നതിനായി അദ്ധ്യാപകർക്ക് CORaL (Collaborative Research and Learning) പദ്ധതി പുതുതായി വിഭാവനം ചെയ്തിട്ടുണ്ട്.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ ശാസ്ത്രസാങ്കേതിക രംഗത്തെ ഗവേഷണത്തിന്റെ ഭാഗമായി Ph.D, സി.ഇ.ആർ.ഡി. ഫെലോഷിപ്പ് മൂന്ന് വർഷത്തെ പീരിഡിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നവീന ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവേഷണ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. പത്ത് Ph.D. സ്കോളേഴ്സ് എങ്കിലും പ്രവർത്തിക്കുന്ന പഠന വകുപ്പുകളിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക രംഗത്തെ ഗവേഷണത്തിനും വികസനത്തിനുമായി കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല 2022-2023 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ബഡ്ജറ്റിൽ നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി 1,400 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാലയിലെ പഠനവകുപ്പുകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുകയെന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തിക വർഷം സ്റ്റേറ്റ്പ്ലാൻ ഗ്രാന്റിൽ ഉൾപ്പെടുത്തി 'Seminars and Workshops/Research Promotion/Seed Money/Travel Grant' എന്ന പദ്ധതിക്കായി 100 ലക്ഷം രൂപയും Development & Modernization എന്ന

പദ്ധതിക്കായി 500 ലക്ഷം രൂപയും ശാസ്ത്ര-സാങ്കേതികശാസ്ത്ര രംഗത്തെ ഗവേഷണം ഉൾപ്പെടെ എല്ലാ മേഖലയിലെയും ഗവേഷണത്തിനും വികസനത്തിനുമായി കാലിക്കറ്റ് സർവ്വകലാശാല ഫെലോഷിപ്പ് ഇനത്തിൽ ഈ സാമ്പത്തിക വർഷം 2,20,00,000/- (രണ്ട് കോടി ഇരുപത് ലക്ഷം) രൂപയും ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുന്ന പദ്ധതിക്കായി 40,90,000/- (നാല്പത് ലക്ഷത്തി തൊണ്ണൂറായിരം) രൂപയും വിവിധ പഠന വകുപ്പുകളിലെ അദ്ധ്യാപകർക്ക് ഗവേഷണ ആവശ്യങ്ങൾക്കായി 1 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാലയിൽ 'സീഡ് മണി റിസർച് സ്കീം & സ്റ്റാർട്ട്അപ്പ് റിസർച് സ്കീം, 'സ്റ്റാർട്ടപ്പ് റിസർച് സ്കീം, 'സീഡ് മണി റിസേർച് സ്കീം' എന്നിവയ്ക്കുവേണ്ടി തുക നീക്കിവച്ചിട്ടുണ്ട്. സർവ്വകലാശാലയിൽ ജോലി ചെയ്തുവരുന്ന ഗവേഷകരായ മറ്റദ്ധ്യാപകർക്ക് അവരുടെ ഗവേഷണം തുടരുന്നതിനും അതുവഴി വിവിധ സംസ്ഥാന-കേന്ദ്ര-രാജ്യാന്തര ഏജൻസികളിൽനിന്നും വ്യത്യസ്തങ്ങളായ ഗവേഷണ ഫണ്ടുകൾ കരസ്ഥമാക്കുന്നതിന് സർവ്വകലാശാലാ അദ്ധ്യാപകരെ സജ്ജരാക്കുന്നതിനും വേണ്ടിയുള്ള രണ്ടു വർഷ ഗവേഷണ പദ്ധതിയാണിത്.

എൽ.ബി.എസ്. സെന്ററിനുകീഴിൽ പ്രവർത്തിക്കുന്ന വൈകല്യപഠന കേന്ദ്രത്തിൽ ഗവേഷണങ്ങൾക്കായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി റിസർച്ച് ഫണ്ടിംഗ് നൽകാറുണ്ട്. അതിനായി ഒരു നിശ്ചിത തുക പ്ലാൻ ഫണ്ടിൽ നീക്കിവയ്ക്കാറുണ്ട്.

ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-ൽ ശാസ്ത്രസാങ്കേതിക രംഗത്തെ ഗവേഷണത്തിനും വികസനത്തിനുമായി 16 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക എല്ലാ വർഷവും പ്ലാൻഫണ്ടിൽ വകയിരുത്തി നൽകാറുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ സാങ്കേതികശാസ്ത്ര രംഗത്തെ ഗവേഷണത്തിനും വികസനത്തിനുമായി വിവിധ പദ്ധതികൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 2,637.5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം

10 (*280) ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് സർക്കാരിന് മുൻപിൽ പുതിയ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ?

പുതുതായി പ്രത്യേക നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവിതരണം നടത്തുന്നതിന് കുറവുള്ള തുക അനുവദിക്കുന്നതിനായി സർക്കാരിനോട് ആവശ്യപ്പെടാറുണ്ട്.

(ബി) വരുമാന വർദ്ധനവിനായി ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകാനുദ്ദേശിക്കുന്നുണ്ടോ?

സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെയും ചെലവും വരുമാനവും സർവ്വീസ് ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡങ്ങളാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി) ടാർജറ്റിന്റെ അടിസ്ഥാനത്തിൽ ശമ്പള വിതരണം നടത്തണമെന്ന ആവശ്യം സർക്കാർ അംഗീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകാൻ സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല.

## കെ.റ്റി.യു. ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതിയ നാമനിർദ്ദേശം

11 (*281) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലുമായി പുതുതായി ആറ് പേരെക്കൂടി നാമനിർദ്ദേശം ചെയ്യാനുള്ള നിയമഭേദഗതി ഉൾപ്പെട്ട ഓർഡിനൻസിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന

വ്യവസ്ഥകളും മറ്റുവ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 2021-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 39-ാം നമ്പർ ആയി പുറപ്പെടുവിക്കുകയും ആയത് യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിട്ടുമുണ്ട്. പ്രസ്തുത 94/2021-ാം നമ്പർ ഓർഡിനൻസിന് പകരമായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനത്തിൽ ബിൽ നമ്പർ 50 ആയി പ്രസിദ്ധീകരിക്കുകയും കേരള നിയമസഭ 2021 ഒക്ടോബർ 28-ാം തീയതി പ്രസ്തുത ബിൽ പാസ്സാക്കിയിട്ടുള്ളതും ആയത് ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ഇപ്പോഴും സിൻഡിക്കേറ്റിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇവർ തുടരുന്നതെന്ന് വിശദമാക്കാമോ?

ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റിൽ തുടർന്നുവരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത അംഗങ്ങൾ അനധികൃതമായി സിൻഡിക്കേറ്റിൽ തുടർന്നത് സർവ്വകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ?

ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റിൽ തുടർന്നുവരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. പെൻഷൻ നൽകാൻ നടപടി**

12 (*282) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് കൃത്യമായി പെൻഷൻ നൽകാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; നിലവിൽ പെൻഷൻ കുടിശിക നൽകാനുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തരം കെ.എസ്.ആർ.ടി.സി. പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നുണ്ട്.

നിലവിൽ 2023 ഫെബ്രുവരി മാസംവരെയുള്ള പെൻഷൻ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പെൻഷൻ കുടിശ്ശിക നൽകാനില്ല.

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രിയാത്മകമായ നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന മുടക്കം കൂടാതെ നൽകിവരുന്നുണ്ട്. മറ്റ് നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

13 (*283) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. രാജ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികൾക്കായി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് അമിതവില വർദ്ധനവിനും സുരക്ഷിതമല്ലാത്ത പച്ചക്കറികൾ വിപണിയിലെത്തുന്നതിനും കാരണമാകുന്നതിനാൽ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളിലൂടെയുള്ള നേട്ടം വിശദമാക്കാമോ?

പച്ചക്കറികൾക്കായി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് അമിതവില വർദ്ധനവിനും സുരക്ഷിതമല്ലാത്ത പച്ചക്കറികൾ വിപണിയിലെത്തുന്നതിനും കാരണമാകുന്നുണ്ട്. ആയതിന് പരിഹാരമായും സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് " ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി " സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 'സമഗ്ര പച്ചക്കറി വികസന പദ്ധതി' മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ വിവിധ ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2021-22 വർഷത്തിൽ 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 16.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 1.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 16.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ

ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള കാർഷിക ആവാസ യൂണിറ്റുകൾ കേന്ദ്രീകരിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

പച്ചക്കറി കൃഷിക്ക് സാധ്യതയുള്ള കാർഷിക ആവാസ യൂണിറ്റുകൾ കേന്ദ്രീകരിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി " ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന " സമഗ്ര പച്ചക്കറി വികസന പദ്ധതി" -യിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു.

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകരടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/-

രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറിയിനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ അധിക ധനസഹായം നൽകിവരുന്നു. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകിവരുന്നു.

(സി) മികച്ചയിനം നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

മികച്ചയിനം വിത്തുകൾ, തൈകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ ഫാമുകൾ, അംഗീകൃത നഴ്സറികൾ, ബി.എൽ.എഫ്.ഒ. നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവയുടെ മേൽനോട്ടത്തിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ചുവരുന്നു. വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 10/- രൂപ വിലയുള്ള 48.02 ലക്ഷം പച്ചക്കറി വിത്ത്

പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 151.1879 ലക്ഷം പച്ചക്കറി തൈകളും ദീർഘകാല വിളകൾക്കുള്ള 6.10196 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധ സംഘടനകൾക്കും സൗജന്യമായി വിതരണം നടത്തി.

സംസ്ഥാനത്ത് ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വീടുകളിൽ നേരിട്ട് വിവിധയിനം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനായി കാർഷിക വികസന കർഷക്ഷേമ വകുപ്പ് ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ് ഫ്ലവേഴ്സ് ആന്റ് മെഡിസിനൽ പ്ലാന്റ്സ് 2022-23 എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് “ ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം.

ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേന ഉല്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർ തൈകൾ 75% സബ്സിഡിയോട് കൂടിയും ഫലവൃക്ഷത്തൈകളും വാഴക്കന്നും

പൂർണ്ണമായും സൗജന്യമായാണ് വിതരണം ചെയ്യുന്നത്. 'ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം പദ്ധതി' പ്രകാരം നാളിതുവരെ ആകെ 6064717 എണ്ണം ഫലവൃക്ഷത്തൈകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തു. ഇതിൽ 761664 എണ്ണം ഗ്രാഫ്റ്റുകളും 446183 എണ്ണം ലെയറുകളും 1068421 എണ്ണം ടിഷ്യുകൾച്ചർ വാഴത്തൈകളും 1473476 എണ്ണം വാഴക്കന്നുകളും 2314973 എണ്ണം മറ്റ് ഫലവൃക്ഷയിനങ്ങളും ഉൾപ്പെടുന്നു.

**ജൈവ വളങ്ങൾ വ്യാപകമാക്കാൻ നടപടി**

14 (*284) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാസർഗോഡ് ഉൾപ്പെടെയുള്ള പല ജില്ലകളിലും ജൈവ കൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രഖ്യാപനങ്ങൾ വന്നതിന് ശേഷവും കൃഷി ഉദ്യോഗസ്ഥരുടെ സഹായത്തോടെ രാസവളങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ ജൈവ കാർഷിക നയത്തിന്റെ ഭാഗമായി രാസവളങ്ങളുടെ ഉപയോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ മുഖേന ജൈവകൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. രാസവളങ്ങളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ട് ബദൽ മാർഗ്ഗങ്ങളിലൂടെ ഉല്പാദനക്ഷമത നിലനിർത്തുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. എല്ലാ കാർഷികവിളകൾക്കും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ജൈവ വളങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് Integrated Nutrient Management പ്രോത്സാഹിപ്പിച്ചുവരുന്നു. കാർഷിക സർവ്വകലാശാല പുറത്തിറക്കിയ Package of Practices പ്രകാരം ശിപാർശ ചെയ്യുന്ന അളവിൽ മാത്രമേ രാസവളങ്ങൾ കർഷകർക്ക് ശിപാർശ ചെയ്യാറുള്ളൂ.

മേല്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ രാസവളങ്ങളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. സംസ്ഥാനത്ത് 2020-21ൽ രാസവളങ്ങളുടെ ഉപയോഗം 424668 MT ആയിരുന്നു. 2021-2022ൽ പ്രസ്തുത കണക്ക് 351756 MT ആയി കുറഞ്ഞു. രാസവളങ്ങളുടെ ഉപയോഗം 17.17% ആയി കുറഞ്ഞു എന്നതാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്.

(ബി) ക്യാൻസർ ഉൾപ്പെടെയുള്ള വിവിധ രോഗങ്ങൾ വ്യാപകമാകുന്നത് തടയാൻ ജൈവ വളങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാന സർക്കാർ രാസവളത്തിന്റെയും കീടനാശിനിയുടെയും ഉപയോഗം കുറയ്ക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' എന്ന പദ്ധതി 2016 മുതൽ നടപ്പിലാക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി പ്രോത്സാഹനത്തിനും മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിനും പയറുവർഗ്ഗത്തിൽപ്പെട്ട പച്ചിലവളങ്ങൾ കൃഷി ചെയ്യുന്നതിനും ജൈവ ഉല്പന്നങ്ങൾ വില്പന നടത്തുന്നതിനും ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുമായി 600 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ തുടർച്ചയായി മൂന്ന് വർഷത്തേയ്ക്ക് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതിക് കൃഷി) പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതത് പ്രദേശത്തിനനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്തുല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. പദ്ധതി പ്രകാരം 82000 ഹെക്ടർ സ്ഥലത്ത് 500 ഹെക്ടർ വരുന്ന 164 ക്ലസ്റ്ററുകളിലായി 2021-22 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി/പ്രകൃതി കൃഷി നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ആനുകൂല്യം നൽകുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പ് 1 (FIG1) ഓരോ ക്ലസ്റ്ററുകളിലും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ രജിസ്റ്റർ ചെയ്തിട്ടുള്ള BPKP ക്ലസ്റ്ററുകളിലെ കർഷകരുടെ ഉത്പന്നങ്ങൾക്ക് "PGS ഇന്ത്യ" ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന

ആനയറയിലുള്ള സമേതിയെ റീജിയണൽ കൗൺസിലായി കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കർഷകർക്ക് നൽകുന്ന വളങ്ങൾ ഏതെന്ന് നിശ്ചയിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർതലത്തിൽ തീരുമാനമെടുക്കുന്നതിന് നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന കൃഷി വകുപ്പ് രാസവളത്തിന്റെയും ജൈവവളത്തിന്റെയും മൊത്ത/ ചില്ലറ വില്പന ലൈസൻസ്, ദി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985 പ്രകാരം നൽകിവരുന്നു. ദി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985-ൽ ഷെഡ്യൂൾ 1 പാർട്ട് A-യിൽ ഉൾപ്പെട്ടിട്ടുള്ള രാസവളങ്ങൾ, ഷെഡ്യൂൾ 3 പാർട്ട് A-യിൽ ഉൾപ്പെട്ടിട്ടുള്ള ജീവാണുവളങ്ങൾ, ഷെഡ്യൂൾ 4 പാർട്ട് A-യിൽ ഉൾപ്പെട്ടിട്ടുള്ള ജൈവവളങ്ങൾ, ഷെഡ്യൂൾ 5 പാർട്ട് A-യിൽ ഉൾപ്പെട്ടിട്ടുള്ള ഭക്ഷ്യയോഗ്യമല്ലാത്ത പിണ്ണാക്കുകൾ എന്നിവയാണ് കർഷകർക്ക് നൽകാവുന്ന വളങ്ങൾ. ദി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ചാണ് കർഷകർക്ക് നൽകേണ്ട വളങ്ങൾ നിശ്ചയിക്കുന്നത്.

കേരള കാർഷിക സർവ്വകലാശാല വിവിധ വിളകൾക്ക് ശിപാർശ ചെയ്തിട്ടുള്ള അളവിലാണ് കർഷകർക്ക് നൽകുന്ന വളങ്ങൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിശ്ചയിക്കുന്നത്. ജില്ലകളിലെ വളം ഉല്പാദന യൂണിറ്റുകൾ, വില്പന/ വിതരണ കേന്ദ്രങ്ങൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കൃഷി ഡെപ്യൂട്ടി ഡയറക്ടറെ അധികാരപ്പെടുത്തിയിട്ടുണ്ട്. ചില്ലറ വില്പനശാലകളുടെ ലൈസൻസിന്റെ നിയന്ത്രണം ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി)-യിൽ നിക്ഷിപ്തമാണ്. എന്നാൽ രാസവള മിശ്രിതങ്ങളുടെ ഉല്പാദകരുടെയും മൊത്ത വിതരണക്കാരുടെയും ലൈസൻസിംഗ് അതോറിറ്റി സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) ആണ്.

ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ സന്ദർശനം നടത്തി സാമ്പിളുകൾ എടുത്ത് ഗുണപരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്ത് പ്രതിവർഷം 5000 വളം സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇവയിൽ ഗുണമേന്മ ഇല്ലാത്തതെന്ന് കണ്ടെത്തുന്ന വളം ഉല്പാദകർക്കെതിരെയും വില്പന നടത്തുന്നവർക്കെതിരെയും

നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവാരമില്ലാത്ത ഉത്പന്നങ്ങളുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്യുന്നു.

രാസവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 2 പരിശോധനശാലകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ജൈവ വളങ്ങളുടെ പരിശോധന സംസ്ഥാനത്തിന് പുറത്തുള്ള പരിശോധനശാലകളിലാണ് നടത്തിയിരുന്നത്. പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി 2020 വർഷത്തിൽ Biofertilizer and Organic Manure Quality Control Laboratory സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു. നിലവിൽ സംസ്ഥാനത്ത് വില്പന നടത്തുന്ന വളങ്ങളുടെ പരിശോധന നടത്തുന്നതിനായി താഴെ പറയുന്ന 3 ഗുണപരിശോധന ശാലകൾ പ്രവർത്തിക്കുന്നുണ്ട്.

1. Fertizer Quality Control Laboratory,
   Parottukonam, Thiruvananthapuram.
2. Fertizer Quality Control Laboratory,
   Pattambi, Palakkad.
3. Biofertilizer and Organic Manure Quality
   Control Laboratory, Pattambi, Palakkad

"എൻഫോഴ്സ്മെന്റ് ഓഫ് ക്വാളിറ്റി കൺട്രോൾ" എന്ന സ്കീം ഘടകത്തിന്റെ ഭാഗമായി എല്ലാ വർഷവും പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. പ്രധാനപ്പെട്ട വിള സീസണിൽ തന്നെ ഭൗതിക ലക്ഷ്യത്തിന്റെ 70% സാമ്പിൾ ശേഖരണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന സാമ്പിളുകൾ ഗുണമേന്മയില്ലെന്ന് പരിശോധനയിൽ തെളിഞ്ഞാൽ, ആ ബാച്ചിൽപ്പെട്ട വളം വില്പന തടയുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നു.

ഗുണമേന്മയില്ലാത്ത വളം ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും തുടർന്നും ഇത്തരം പ്രവർത്തികളിലേർപ്പെടുന്ന സ്ഥാപനങ്ങളുടെ അനുമതി സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നു. അങ്ങനെ പഞ്ചായത്തുതലത്തിൽ കർഷകർക്ക് വിതരണം ചെയ്യുന്ന വളത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്താൻ ടി നടപടികൾമൂലം സാധ്യമാവുന്നു.

**കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസ്സുകൾ**

15 (*285) <u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. എം. മുകേഷ്</u>:

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാര്യക്ഷമമായ പൊതുഗതാഗതത്തിന് അനിവാര്യ ഘടകമായ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കിഫ്ബി മുഖേന പുതിയ ബസ്സുകൾ വാങ്ങാൻ തീരുമാനമായിട്ടുണ്ടോ?

KIIFB ധനസഹായമായ 359 കോടി രൂപയിൽനിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുകയും ടി ബസുകൾ KSRTC തിരുവനന്തപുരം സിറ്റി സർക്കുലർ സർവ്വീസുകൾക്ക് ഉപയോഗിച്ചുവരികയും ചെയ്യുന്നു. ടി ലഭ്യമായ തുകയുടെ ബാക്കിത്തുക വിനിയോഗിച്ച് 170 ഇലക്ട്രിക് ബസ്സുകളും 262 ഡീസൽ ബസ്സുകളും വാങ്ങുന്നതിനുള്ള പദ്ധതിരേഖ കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, KIIFB ധനസഹായമായ 455 കോടി രൂപ ഉപയോഗിച്ച് 225 ഇലക്ട്രിക് ബസുകളും 285 എണ്ണം ദീർഘദൂര ഡീസൽ ബസുകളും വാങ്ങുന്നതിനുള്ള പദ്ധതി രേഖയും സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പൊതുസർവ്വീസ് എന്ന നിലയിൽ ഇന്ധന വിലയിലുണ്ടാകുന്ന വിലവർദ്ധനവിന് ആനുപാതികമായി യാത്രാക്കൂലി നിരക്കിൽ മാറ്റം

വരുത്തേണ്ടതില്ലെന്ന തീരുമാനം പ്രതിദിന നഷ്ടം വർദ്ധിപ്പിക്കാൻ ഇടയാക്കുന്ന സാഹചര്യത്തിൽ സർവ്വീസ് വിപുലീകരിച്ച് മികച്ച വാഹന വിനിയോഗംവഴി വരുമാന വർദ്ധനവിന് നടപടിയെടുത്തിട്ടുണ്ടോ?

2022 മേയ് 1 മുതൽ നിരക്ക് വർദ്ധനവ് നിലവിൽ വന്നിട്ടുണ്ട്. അസ്വാഭാവികമായി ഡീസൽ വില വർദ്ധനവിനനുസരിച്ച് നിരക്ക് അമിതമായി വർദ്ധിപ്പിക്കുന്നത് പബ്ലിക് ട്രാൻസ്പോർട്ടിൽനിന്നും യാത്രക്കാരെ അകറ്റുന്നതിനും സ്വന്തം വാഹനങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യും. ഇത് നിരത്തിൽ വാഹന ബാഹുല്യവും ഗതാഗതക്കുരുക്കും അപകടങ്ങളും അന്തരീക്ഷ മലിനീകരണവും വർദ്ധിപ്പിക്കും. യാത്രക്കാരെ ആകർഷിക്കുന്നതിനായി ഫസ്റ്റ് മൈൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റി നൽകുന്ന ഫീഡർ സർവ്വീസുകൾ, സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ എന്നിവ കൂടാതെ ഗ്രാമവണ്ടി എന്ന നവീന സർവ്വീസും ആരംഭിക്കുകയും ചെയ്തുവരികയാണ്. ബൈപ്പാസ് റൈഡർ സർവ്വീസുകൾ പ്രദാനം ചെയ്യുക വഴി കൂടുതൽ ദീർഘദൂര യാത്രക്കാർ ബസ്സിലേയ്ക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. സ്മാർട്ട് കാർഡുകൾ ഉപയോഗപ്പെടുത്തി റിസർവേഷൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനും

വരുമാനം വർദ്ധിപ്പിക്കുന്നതിനും ഡ്യൂട്ടി പരിഷ്കരിച്ച് വരുമാന വർദ്ധനവിനും ചെലവ് ചുരുക്കലിനും നടപടികൾ സ്വീകരിച്ചുവരുന്നു.

സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം നഗരത്തിൽ 113 ഇലക്ട്രിക് ബസ്സുകൾകൂടി മേൽ പദ്ധതികൾക്കായി ക്രമീകരിക്കുകയാണ്.

ഇപ്രകാരം ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കാതെ ജനങ്ങളെ പൊതുഗതാഗത സൗകര്യത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ക്രമവും ചിട്ടയുമായ പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ നടന്നുവരികയാണ്.

(സി) 2016 ജനുവരിയിലെയും നിലവിലെയും ഡീസൽ വില താരതമ്യം ചെയ്ത് അറിയിക്കാമോ; 2016 ജനുവരി, 2023 ജനുവരി മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിനായി എത്ര തുക വീതമാണ് വേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ?

2016 ജനുവരിയിൽ ലിറ്ററിന് 47.97 രൂപയും 2023 ഫെബ്രുവരിയിൽ ലിറ്ററിന് 104.85 രൂപയുമാണ് കെ.എസ്.ആർ.ടി.സി.-ക്ക് (വൻകിട ഉപഭോക്താവ്) എണ്ണ കമ്പനികൾ നൽകുന്ന ഡീസലിന്റെ വില. എന്നാൽ നിലവിലെ ഡീസലിന്റെ പൊതുവിപണിവില ലിറ്ററിന് 96.52 രൂപയാണ്.

2016 ജനുവരി മാസത്തിലെ മൊത്ത ശമ്പള വിതരണത്തിനായി 74.63 കോടി രൂപയും 2023 ജനുവരി മാസത്തെ മൊത്ത ശമ്പള വിതരണത്തിനായി 93 കോടി രൂപയും വേണ്ടിയിരുന്നു.

**ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ**

16 (*286) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. എം. മണി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി എന്നിവയുടെ ആവശ്യകതയ്ക്ക് അയൽ സംസ്ഥാനങ്ങളുടെ മേലുള്ള ആശ്രിതത്വവും ശീതീകൃത സംഭരണ കേന്ദ്രങ്ങളുടെ അഭാവവും സൃഷ്ടിക്കുന്ന വിലയുടെ അസ്ഥിരതയിൽനിന്ന് സംസ്ഥാനത്തെ ഉല്പാദകരെയും ഉപഭോക്താക്കളെയും സംരക്ഷിക്കുന്നതിന് ഹോർട്ടികോർപ്പ് മുഖേന നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ലഭിക്കുന്നതിനെക്കാൾ 10% വരെ അധികവില നൽകി സംഭരിക്കുകയും പൊതുവിപണി വിലയെക്കാൾ താഴ്ന്ന വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുകയും അധികമായി ഉത്പാദിപ്പിക്കപ്പെട്ട് വിലയിടിവ് വരുന്ന സാഹചര്യത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ

ന്യായവില നൽകി സംഭരിച്ച് പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് ദൗർലഭ്യമുള്ള ജില്ലകളിൽ എത്തിച്ച് അതുവഴി കർഷകരുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യങ്ങൾ ഹോർട്ടികോർപ്പ് സംരക്ഷിക്കുകയും ചെയ്തുവരുന്നു. കർഷകരുടെ കൃഷിയിടം മുതൽ വിപണന കേന്ദ്രംവരെ ശീതീകരിച്ച സംവിധാനത്തിലുള്ള കോൾഡ് ചെയിൻ പദ്ധതിയും തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ RIDF, MIDH ഫണ്ടുപയോഗിച്ച് KLDC മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസും നടപ്പിലാക്കുന്നതിനുള്ള നടപടികളും ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.

(ബി) മരച്ചീനി, നേന്ത്രക്കായ, കൈതച്ചക്ക തുടങ്ങിയവയ്ക്ക് അധികോല്പാദനം ഉണ്ടായ ഘട്ടത്തിൽ വിലത്തകർച്ച ഉണ്ടാകാതിരിക്കാൻ ഇടപെടുന്നതിന് ഹോർട്ടികോർപ്പിന് സാധ്യമായിട്ടുണ്ടോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷം മരച്ചീനി, വയനാടൻ നേന്ത്രക്കായ, പൈനാപ്പിൾ എന്നിവയുടെ അമിത ഉത്പാദനം ഉണ്ടായപ്പോൾ ഹോർട്ടികോർപ്പ് സമയബന്ധിതമായി ഇടപെട്ട് 493.15 മെട്രിക് ടൺ മരച്ചീനി (38.89 ലക്ഷം രൂപ), 285 മെട്രിക് ടൺ വയനാടൻ നേന്ത്രക്കായ (37.41 ലക്ഷം രൂപ), 23.12 മെട്രിക് ടൺ പൈനാപ്പിൾ (3.47 ലക്ഷം രൂപ)

എന്നിവ സംഭരിക്കുകയും വിതരണം ചെയ്യുകയും അതുവഴി കർഷകർക്ക് സുരക്ഷിത വില ഉറപ്പാക്കുകയും ചെയ്യു.

അധികമായി സംഭരിച്ച നേന്ത്രക്കായ തിരുവനന്തപുരം ആനയറയിലെ ചിപ്സ് യൂണിറ്റ് വഴി ചിപ്സാക്കിയും അധികമായി സംഭരിച്ച മരച്ചീനി വാട്ട്കപ്പ, ചിപ്സ്, ഉണക്ക കപ്പ എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കിയും വിതരണം ചെയ്യുന്നു. ക്ഷീര വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മിൽക്ക് സൊസൈറ്റി വഴിയും കന്നുകാലികൾക്ക് തീറ്റയായി മരച്ചീനി സംഭരിച്ച് വിതരണം ചെയ്യു.

(സി) സംസ്ഥാനത്തെ കർഷകരിൽനിന്ന് സംഭരിക്കുന്നതിനെക്കാൾ കൂടുതൽ ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് ഇതര സംസ്ഥാനങ്ങളിൽനിന്ന് സംഭരിക്കുന്നത് വില നിയന്ത്രണത്തിന് പ്രയോജനപ്രദമാണെങ്കിലും കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ സംസ്ഥാനത്തിനകത്തുനിന്നും കൂടുതൽ സംഭരിക്കുന്നതിന് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ?

കേരളത്തിൽ ലഭ്യമായ എല്ലാ പച്ചക്കറി ഇനങ്ങളും അതത് ജില്ലകളിലെ കർഷകരിൽനിന്നുമാണ് ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നത്. ചില സീസണിൽ കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മാത്രമാണ് മറ്റു സംസ്ഥാനങ്ങളിൽ

നിന്നും ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. 2021-22 കാലയളവിൽ സംസ്ഥാനത്തിനകത്തുനിന്നും 14591 മെട്രിക് ടണ്ണും പുറത്തുനിന്നും 1262 മെട്രിക് ടണ്ണും 2022-23 കാലയളവിൽ സംസ്ഥാനത്തിനകത്തുനിന്നും 8329 മെട്രിക് ടണ്ണും പുറത്തുനിന്നും 543 മെട്രിക് ടണ്ണും പച്ചക്കറികൾ സംഭരിച്ചിട്ടുള്ളതുമാണ്.

കേരളത്തിലെ കർഷകരിൽ നിന്നുള്ള സംഭരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ നിയോജകമണ്ഡലങ്ങളിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി ഗ്രാമശ്രീ ഹോർട്ടി ബസാറുകളും എല്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ കലാലയങ്ങളുടെ പ്രവർത്തന സമയക്രമം**

17 (*287) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നവവൈജ്ഞാനിക സമൂഹത്തിന്റെ നിർമ്മിതിയുടെ ദിശാസൂചകം എന്ന നിലയിൽ സംസ്ഥാനത്തെ കലാലയങ്ങളുടെ പ്രവർത്തന സമയം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കലാലയങ്ങളിൽ ഐ.ഐ.ടി.-കൾക്കും എൻ.ഐ.ടി.-കൾക്കും സമാനമായ സമയക്രമം പ്രാവർത്തികമാക്കുന്നതിലൂടെ ഉണ്ടാകാവുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്രപരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കലാലയങ്ങളിൽ flexible timings നടപ്പിലാക്കുന്നത് സംബന്ധിച്ച ശിപാർശയുമുണ്ട്. പ്രസ്തുത കമ്മീഷനുൾപ്പെടെ മൂന്നു കമ്മീഷനുകളുടെ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളിലെ അനുകരണീയമായ മാതൃകകൾ സംസ്ഥാനത്തെ കലാലയങ്ങളിലും നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഇതുവഴി സംസ്ഥാനത്തെ കലാലയങ്ങളിലെ പൊതു അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ഗവേഷണ

പഠനങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കുകവഴി ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താനാവുമെന്ന് കരുതുന്നു.

(സി) വൈജ്ഞാനിക സമൂഹ നിർമ്മിതിയുമായി ബന്ധപ്പെട്ട് ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന പ്ലീസ് പദ്ധതി സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ആരംഭിച്ച പദ്ധതിയാണ് PLEASE (Performance Linked Encouragement for Academic Studies and Excellence). പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ സർവ്വകലാശാലകളിലും വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്, കാസർഗോഡ് സർക്കാർ കോളേജ് എന്നിവിടങ്ങളിലും ലാബ് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും ഗവേഷണത്തിനുമായി തുക അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം 5 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. ലാബ് ഉപകരണങ്ങൾ വിദേശരാജ്യങ്ങളിൽനിന്നും വാങ്ങുന്നതിനുള്ള ക്രമീകരണം സർക്കാർ വനിതാ കോളേജിൽ ചെയ്തുവരുന്നു. രണ്ടു വർഷമാണ് പ്രോജക്ട് കാലാവധി.

**പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

18 (*288) ശ്രീ. എ. രാജ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട റെസ്റ്റോറന്റുകൾ മുതൽ ചെറിയ തട്ടുകടകൾ വരെ ലാഭേച്ഛയോടെ അയൽ സംസ്ഥാനങ്ങളിൽനിന്ന് വരുന്നതോ സംസ്ഥാനത്തുതന്നെയുള്ള സ്വകാര്യ ഡയറികളിൽ നിന്നുള്ളതോ ആയ പാലാണ് ഉപയോഗിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന പാൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ ക്ഷീര വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് വൻകിട റെസ്റ്റോറന്റുകൾ മുതൽ ചെറിയ തട്ടുകടകൾ വരെ ലാഭേച്ഛയോടെ അയൽ സംസ്ഥാനങ്ങളിൽനിന്ന് വരുന്നതോ സംസ്ഥാനത്തുതന്നെയുള്ള സ്വകാര്യ ഡയറികളിൽ നിന്നുള്ളതോ ആയ പാലാണ് ഉപയോഗിക്കുന്നതെന്നത് ക്ഷീരവികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് വിപണനം നടത്തുന്ന പാൽ

നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ ക്ഷീരവികസന വകുപ്പിന് കീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പാലക്കാട് മീനാക്ഷിപുരം, കൊല്ലം ആര്യങ്കാവ്, തിരുവനന്തപുരത്ത് പാറശ്ശാല എന്നീ ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്.

അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കേരളത്തിലെത്തിച്ച് വൻകിട റെസ്റ്റോറന്റുകൾ, തട്ടുകടകൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്നതും വ്യാപാര സ്ഥാപനങ്ങളിൽ വിൽപ്പന നടത്തുന്നതുമായ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ പാലും ഫോർമാലിൻ, യൂറിയ ഉൾപ്പെടെയുള്ള രാസവസ്തുക്കളും ആന്റിബയോട്ടിക്കുകളും കലർത്തിയ പാലും വ്യാപകമായി വിൽക്കുന്നുവെന്ന ആരോപണം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധന കർശനമാക്കുന്നതോടൊപ്പം സഞ്ചരിക്കുന്ന ലബോറട്ടറികൾ വ്യാപകമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഇത് തടയുന്നതിനായി സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന (NABL അക്രെഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന പാൽ ഗുണനിയന്ത്രണ ലബോറട്ടറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഭക്ഷ്യ

സുരക്ഷാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്.

(സി) മിൽമയുടെയും മറ്റ് ക്ഷീര സഹകരണ സംഘങ്ങളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാലിന്റെ ലഭ്യത ഉറപ്പുവരുത്തുമോ?

മിൽമയിൽ പാൽ നൽകുന്ന ക്ഷീര സഹകരണ സംഘങ്ങളിലും മറ്റ് പരമ്പരാഗത ക്ഷീര സഹകരണ സംഘങ്ങളിലും ഗുണനിലവാര പരിശോധന നടത്തിയാണ് പാൽ കർഷകരിൽനിന്നും സ്വീകരിച്ചുവരുന്നത്. ക്ഷീര സഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഗുണനിയന്ത്രണ വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകളുടെയും ഫെഡറേഷന്റെയും കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ISO Certified ആണ്. GMP (Good manufacturing practice) കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ചുള്ള വിവിധതരം പാൽ മിൽമ വിപണിയിലെത്തിക്കുന്നുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന പാൽ ഡയറികളിൽ ഗുണനിലവാരം ഒട്ടും നഷ്ടപ്പെടാത്ത

രീതിയിൽ ബി.എം.സി.-കൾ വഴി ഉടൻതന്നെ ശീതീകരിച്ച് ഡയറികളിലെത്തിക്കുന്നു. സംഘങ്ങളിൽ ഗുണനിലവാര പരിശോധനകൾ കൃത്യമായി നടത്തുന്നതിനും കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കർഷകരുടെ ഉത്പാദന ചെലവ് കുറച്ച് കൂടുതൽ പേരെ ആകർഷിക്കുന്നതിനുവേണ്ടി ഗുണമേന്മയുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പശുക്കൾക്ക് കൃത്രിമ ബീജസങ്കലനത്തിനുള്ള സഹായം മുതലായവ സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ട്.

ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റുകൾ അനുസരിച്ച് ഗുണമേന്മയുള്ള പാൽ അവർക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും മിൽമ ഒരുക്കിയിട്ടുണ്ട്.

**കേരഗ്രാമം പദ്ധതി**

19 (*289) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര മിഷന്റെ ഭാഗമായി നാളികേര കൃഷി വ്യാപനത്തോടൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പരിപാലിക്കുന്നതുമാണ് 2022-23 വർഷത്തിൽ നാളികേര വികസന പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി സമഗ്രമായ നാളികേര പുനരുദ്ധാരണ-പുനഃനടീൽ പരിപാടികൾ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 7390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

a) **ഒന്നാം വർഷ കേരഗ്രാമം പ്രവർത്തനങ്ങൾ :** Rs.2547.00 ലക്ഷം.

2022-23 വർഷം മുതൽ തുടർച്ചയായി 100 ഹെ. തെങ്ങിൻ പ്രദേശമാണ് ഇപ്പോൾ ഒരു കേരഗ്രാമമായി പരിഗണിക്കുന്നത്. 2022-23 വർഷത്തിൽ 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുകയും അവയ്ക്ക് തുടർന്ന് രണ്ട് വർഷം ആനുകൂല്യം നൽകുകയും ചെയ്യും. രണ്ടാംവർഷം 8 ലക്ഷം രൂപയും മൂന്നാംവർഷം 2.5 ലക്ഷം രൂപയും നല്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന

സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു.

**b) കേര രക്ഷ വാരം** : Rs.433.00 ലക്ഷം.

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) Rs. 6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ശീമക്കൊന്ന വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾ രണ്ടു രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളും രോഗങ്ങളും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനം നൽകുന്നു.

**c) കേരഗ്രാമം രണ്ടാം വർഷം :** Rs. 1680.00 ലക്ഷം.

തെങ്ങിൻ തോപ്പുകളുടെ തുടർ പരിപോഷണത്തിനായി സംയോജിത പരിപാലനത്തിന് ധനസഹായം നൽകുന്നു.

**d) കേരഗ്രാമം മൂന്നാം വർഷം:** Rs. 90.00 ലക്ഷം.

മൂന്നാം വർഷം കേരഗ്രാമങ്ങൾക്ക് ജൈവവളം/രാസവളം സബ്സിഡി നിരക്കിൽ നല്കുന്നു.

**e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ല ഇനം തെങ്ങിൻതൈകളുടെ വിതരണം:** Rs.820.3191 ലക്ഷം.

നാളികേര വികസന കൗൺസിലിന്റെ ഭാഗമായി പ്രതിവർഷം സംസ്ഥാനത്തുടനീളം ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതം നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനാവശ്യമായ തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല ഫാമുകൾ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, ആറളം ഫാം എന്നിവ മുഖാന്തരം ഉൽപ്പാദിപ്പിച്ച് 2019-20 വർഷം മുതൽ 50% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

**f) ആറളം ഫാമിൽ തെങ്ങിൻ തൈ ഉല്പാദനം :** Rs.54.6809 ലക്ഷം.

ആറളം ഫാമിംഗ് കോർപ്പറേഷൻ മുഖേന തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് നാളികേര വികസന കൗൺസിലിന്റെ ഭാഗമായി വിതരണം നടത്തുന്നു. ആയതിന് സർക്കാരിന്റെ ധനസഹായം നൽകുന്നു.

**g) വിത്തു തേങ്ങ സംഭരണവും തെങ്ങിൻ തൈ ഉല്പാദനവും - നഴ്സറി ചെലവുകൾ :** Rs.1730.00 ലക്ഷം.

കൃഷി വകുപ്പ് ഫാമുകൾ മുഖേന വിത്തുതേങ്ങ സംഭരണം, തെങ്ങിൻ തൈകളുടെ ഉല്പാദനം, നഴ്സറി ചെലവ് എന്നിവയ്ക്കായി ധനസഹായം നൽകുന്നു.

**h) മറ്റു ചെലവുകൾ :** Rs .15 .00 ലക്ഷം.

നാളികേരത്തിന്റെ ഉല്പാദനക്ഷമത 'ഇക്കണോമിക് റിവ്യൂ' പഠനങ്ങൾ പ്രകാരം 2020-21-ൽ 6228 നാളികേരം/ഹെ.-ഉം 2021-22-ൽ 7231 നളികേരം/ഹെ. ആയും ഉയർന്നിട്ടുണ്ട്. കൂടാതെ, 2019-ലെ സംസ്ഥാന വില നിർണ്ണയ ബോർഡിന്റെ പഠനത്തിൽ തെരഞ്ഞെടുത്ത കേരഗ്രാമങ്ങളിൽ ഉല്പാദനക്ഷമത 10739 നാളികേരമായി ഉയർന്നിട്ടുണ്ട്.

(ബി) കേരഗ്രാമം പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

2022-23 വർഷത്തിൽ, ഒന്നാം വർഷം 100 ഹെ. വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ട് അടുക്കൽ, ഇടവിള കൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ

വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19,200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ നൽകുന്നു.

ഇതിൽ താഴെ പറയുന്ന ഘടകങ്ങളിൽനിന്നും പ്രദേശത്തിന്റെ ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(എ) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(ബി) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(സി) ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

(d) **സംയോജിത വള പ്രയോഗം**

i) കുമ്മായം - 9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ - 20 രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

1v) ജൈവവളം - 25 രൂപ/തെങ്ങ്

(e)**സംയോജിത സസ്യസംരക്ഷണം**

i) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം )

ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

iii) രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്

iv) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

നടപ്പു സാമ്പത്തിക വർഷത്തെ ഒന്നാംവർഷ കേരഗ്രാമങ്ങളിൽ ഇതുവരെ 8937 ഹെ. പ്രദേശത്തെ 1435954 തെങ്ങുകൾക്ക് പരിരക്ഷ നൽകാൻ സാധിച്ചു. ഒന്നാംവർഷ കേരഗ്രാമങ്ങളിൽ ഇതുവരെ 1816 തെങ്ങുകയറ്റ യന്ത്രങ്ങൾ, 1711 പമ്പുസെറ്റുകൾ, 95 ജൈവവള യൂണിറ്റുകൾ, 908 തെങ്ങുകൾ മുറിച്ചുമാറ്റി എന്നിവയ്ക്ക് കർഷർക്ക് ആനുകൂല്യം നൽകാൻ സാധിച്ചു.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര കേരഗ്രാമങ്ങൾ ഉണ്ടെന്നും പുതിയ കേരഗ്രാമങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോയെന്നും പ്രസ്തുത

പദ്ധതിയുടെ ഭാഗമായി കുറഞ്ഞ നിരക്കിൽ ഉല്പാദനക്ഷമത കൂടിയ തെങ്ങിൻ തൈകൾ നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

2014-15 മുതൽ 2021-22 വരെ 335 കേര ഗ്രാമങ്ങൾ നടപ്പിലാക്കി. 2022-23 വർഷത്തിൽ 100 ഹെ. വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങൾ നടപ്പിലാക്കിവരുന്നു. 2023-24 വർഷത്തിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കാനുള്ള നിർദ്ദേശം സംസ്ഥാന ആസൂത്രണ ബോർഡിന് നൽകിയിട്ടുണ്ട്. കേരഗ്രാമം പദ്ധതിയിൽ രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക എന്ന ഘടകത്തിൽ 60 രൂപ സബ്സിഡി നിരക്കിൽ തെങ്ങിൻ തൈകൾ നല്കുന്നു. കൂടാതെ, നാളികേര വികസന കൗൺസിലിന്റെ നാലാം വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി ഗുണനിലവാരമുള്ള നെടിയ, കുറിയ, സങ്കരയിനം തെങ്ങിൻ തൈകൾ 50% സബ്സിഡി നിരക്കിൽ നൽകി വരുന്നു.

(ഡി) കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ടോ; സ്വയം പ്രവർത്തിക്കുന്ന തെങ്ങുകയറ്റ യന്ത്രം വികസിപ്പിച്ചെടുക്കേണ്ടതിന്റെ പ്രാധാന്യം പരിഗണിച്ച് അതിനായി മുൻകയ്യെടുക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കേരഗ്രാമം പദ്ധതിയിൽ തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ മുഖേന തെങ്ങു കയറ്റ യന്ത്രങ്ങൾ നാൽപ്പത് മുതൽ അമ്പത് ശതമാനം വരെ സബ്സിഡിയിൽ നൽകിവരുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കർഷകർക്കും വനിതകൾക്കും ചെറുകിട നാമമാത്ര കർഷകർക്കും അമ്പത് ശതമാനം സബ്സിഡി പരമാവധി പതിനായിരം രൂപയും മറ്റു കർഷകർക്ക് നാൽപ്പത് ശതമാനം സബ്സിഡി പരമാവധി എണ്ണായിരം രൂപയും ഈ പദ്ധതി പ്രകാരം നൽകിവരുന്നുണ്ട്. യന്ത്രവൽകൃത തെങ്ങുകയറ്റ യന്ത്രങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമായതിനാൽ ആയതിനുവേണ്ട ഗവേഷണ പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ നടന്നുവരുന്നു.

**തൊഴിൽ ലഭ്യതയിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി**

20 (*290) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് എണ്ണത്തിൽ അധികമെങ്കിലും തൊഴിൽ ലഭ്യതയിൽ പെൺകുട്ടികൾ പിറകിലായിപ്പോകുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കി അവരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന തൊഴിൽ മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി അവരുടെ പഠനത്തോടൊപ്പം തൊഴിലിനായുള്ള നൈപുണ്യപരിശീലനം നേടുന്നതിനായി അസാപ് കേരളയിലൂടെ 130-ലധികം വിവിധ കോഴ്സുകൾ നടപ്പിലാക്കിയിട്ടുണ്ട്. 100 ഗ്രാമീണ യുവതികൾക്ക് നബാർഡ് സഹായത്തോടെ ഗ്രാഫിക് ഡിസൈനിംഗ് പരിശീലനവും 50 പെൺകുട്ടികൾക്ക് സൗജന്യമായി സൈബർ സെക്യൂരിറ്റി പരിശീലനവും നൽകി. ഇതുകൂടാതെ SAF-ഉം (Society for Assistance to Fisherwomen), അസാപ് കേരളയും സംയുക്തമായി 30 സ്ത്രീകൾക്ക് ഡിജിറ്റൽ മീഡിയ & മാർക്കറ്റിംഗ് കോഴ്സിൽ 2022-ൽ പരിശീലനം നൽകിയിരുന്നു.

106 നഴ്സുമാരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലന പരിപാടിയും അസാപ് നടത്തിയിട്ടുണ്ട്.

തൊഴിൽ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വനിത എഞ്ചിനീയർമാരെ സൃഷ്ടിക്കാനുള്ള Scheme for Her Empowerment in Engineering Education (SHE) പദ്ധതി കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചിട്ടുണ്ട്. പെൺകുട്ടികൾക്ക് സാങ്കേതിക മേഖലകളിൽ മികച്ച നേതാക്കളാകാൻ ആവശ്യമായ പിന്തുണ നൽകാനും SHE എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

കൂടാതെ, ഇരുപത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പെൺകുട്ടികളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കേരള നോളജ് ഇക്കോണമി മിഷൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കേരള നോളജ് ഇക്കോണമി മിഷൻ കുടുംബശ്രീയുടെ സഹകരണത്തോടെ നടത്തിയ സർവ്വേയിൽ 53 ലക്ഷം തൊഴിലന്വേഷകരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 58% സ്ത്രീകളാണ്. ഇതിൽ 5 ലക്ഷത്തോളം കരിയർ ബ്രേക്ക് സംഭവിച്ച സ്ത്രീകളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

2. കേരള നോളജ് ഇക്കോണമി മിഷന്റെ "പ്രൂഫ് ഓഫ് കൺസെപ്റ്റിന്റെ" ഭാഗമായി 2021 ഡിസംബർ 18 മുതൽ 2022 ജനുവരി 20 വരെ 17 ഫിസിക്കൽ ജോബ് മേളകൾ നടത്തിയതിൽ 3 എണ്ണം കരിയർ ബ്രേക്ക് വന്ന സ്ത്രീകൾക്ക് വേണ്ടി മാത്രമായിരുന്നു.

3. അഭ്യസ്തവിദ്യരും തൊഴിലന്വേഷകരുമായ സ്ത്രീകളെ തൊഴിൽസജ്ജരാക്കാൻ കേരള നോളജ് ഇക്കോണമി മിഷന്റെ "തൊഴിലരങ്ങത്തേക്ക്" എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കലാലയങ്ങളിലെയും സർവ്വകലാശാലകളിലെയും അവസാന വർഷ വിദ്യാർത്ഥിനികൾ, പഠനം പൂർത്തിയാക്കിയ സ്ത്രീകൾ, കരിയർ ബ്രേക്ക് സംഭവിച്ച സ്ത്രീകൾ എന്നിവരെയെല്ലാം തൊഴിൽ മേഖലകളിലേയ്ക്ക് എത്തിക്കാനുള്ള സമഗ്രമായ പദ്ധതിയാണ് 'തൊഴിലരങ്ങത്തേക്ക്'.

ഈ പദ്ധതിയുടെ ഭാഗമായി കേരള നോളജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ സ്ത്രീകൾക്കും വിവിധ പരിശീലനങ്ങൾ നൽകി തൊഴിൽമേളകളിലേക്ക് എത്തിക്കാനാണ് നോളജ് ഇക്കോണമി മിഷൻ പരിശ്രമിക്കുന്നത്. വർക്ക് റെഡിനെസ്സ് പ്രോഗ്രാം, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിംഗ്, റോബോട്ടിക് ഇന്റർവ്യൂ

തുടങ്ങിയ സേവനങ്ങൾ DWMS പ്ലാറ്റ്ഫോം വഴി തീർത്തും സൗജന്യമായാണ് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുക.

4. സ്ത്രീ തൊഴിലന്വേഷകർക്ക് മാത്രമായി പഞ്ചായത്ത്തലത്തിൽ ഇന്റഗ്രേറ്റഡ് പ്രോജക്ട് വർക്ക് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കോർപ്പറേറ്റുകളുമായി ചേർന്ന് കേരള നോളജ് ഇക്കോണമി മിഷൻ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. മൂന്ന് മാസത്തെ പരിശീലന പരിപാടിക്കുശേഷം യോഗ്യതയുള്ള 10-15 വനിതാ തൊഴിലന്വേഷകരുടെ ഗ്രൂപ്പിന് ഗിഗ് അധിഷ്ഠിത പ്രോജക്ട് വർക്കുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### സ്വാഭാവിക റബറിന്റെ വിലത്തകർച്ച പരിഹരിക്കാൻ നടപടി

21 (*291) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക റബറിന്റെ വിലത്തകർച്ചയെ തുടർന്ന് ചെറുകിട, ഇടത്തരം കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ 2015-16 മുതൽ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്' പദ്ധതി നടപ്പിലാക്കിവരുന്നു. കേരള സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.

17-09-2022-ലെ സർക്കാർ ഉത്തരവ് (പി) നം.109/2022/ധന പ്രകാരം 01-07-2022 മുതൽ 30-06-2023 വരെയുള്ള 8-ാം ഘട്ട നടത്തിപ്പിലേയ്ക്കായി പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150/- എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2022-23 വർഷം 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി സർക്കാർ

വകയിരുത്തിയിട്ടുള്ളത്. 2020-21 വർഷം രാജ്യത്ത് 7.15 ലക്ഷം ടൺ സ്വാഭാവിക റബ്ബർ ഉല്പാദിപ്പിക്കുകയും 10.96 ലക്ഷം ടൺ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം നടക്കുകയും ചെയ്തിട്ടുണ്ട്.

(ബി) റബർ വിലസ്ഥിരതാ ഫണ്ട് എന്നുവരെ വിതരണം ചെയ്തിട്ടുണ്ട്; പ്രസ്തുത ഫണ്ട് കുടിശ്ശിക തീർത്ത് വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; കേന്ദ്ര സർക്കാരിന് ലഭിക്കുന്ന ഇറക്കുമതി ചുങ്കത്തിൽ നിന്ന് സംസ്ഥാനങ്ങളുടെ ഉല്പാദനം കണക്കാക്കി ആനുപാതികമായി വില സ്ഥിരതാ ഫണ്ടിലേയ്ക്ക് തുക ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

2022-23 സാമ്പത്തിക വർഷം 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. റബ്ബറിന്റെ കമ്പോളവില താഴുമ്പോൾ റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള സ്കീമാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് കേന്ദ്ര സഹായം ആവശ്യമാണ്. ഇക്കാര്യം പലതവണ കേന്ദ്രസർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപടിയുണ്ടായിട്ടില്ല. കേന്ദ്ര സർക്കാരിന് ലഭിക്കുന്ന ഇറക്കുമതി ചുങ്കത്തിൽ നിന്ന് സംസ്ഥാനങ്ങളുടെ ഉല്പാദനം കണക്കാക്കി ആനുപാതികമായി വിലസ്ഥിരതാ ഫണ്ടിലേയ്ക്ക് തുക ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വിലത്തകർച്ചയുടെ പ്രധാന കാരണമായി കണക്കാക്കുന്ന സ്വാഭാവിക റബർ ഇറക്കുമതി, കോമ്പൗണ്ട് റബർ ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഒരു ഉല്പന്നത്തിന്റെ നിയന്ത്രണമില്ലാത്ത ഇറക്കുമതിമൂലം രാജ്യത്തിന് സാമ്പത്തിക നഷ്ടം, തൊഴിൽ നഷ്ടം എന്നീ പ്രതിസന്ധികൾ ഉണ്ടാകുന്നപക്ഷം ഡബ്ല്യൂ.ടി.ഒ. കരാർ വ്യവസ്ഥയനുസരിച്ച് ഏർപ്പെടുത്താവുന്ന സംരക്ഷണ ചുങ്കം ചുമത്തി റബർ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

**(സി&ഡി)** റബ്ബറിന്റെ വിലയിടിവ് റബ്ബർ കർഷകരെ ദുരിതത്തിലാഴ്ത്തുന്നുണ്ട്. തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി

അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70% ലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ "Make in India" പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിന്റെ റോഡ് പ്രോജക്ടുകളിൽ റബ്ബർ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും റബ്ബറിന് താങ്ങുവില ഏർപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടിയുണ്ടായില്ല. ഇന്ത്യയിൽ ചണ്ടി റബ്ബർ (Cup Lump rubber) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര കോമേഴ്സ് & ഇൻഡസ്ട്രി മന്ത്രിക്ക് കത്തയച്ചിരുന്നു. എല്ലാ തരത്തിലുള്ള ഇറക്കുമതിയും കർഷകനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ, റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ദേശീയതലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ

വ്യഡ്സിന്റേയും റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. WTO കരാറിൽ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകളെക്കുറിച്ച് അറിയിച്ചുകൊണ്ട് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിക്ക് കത്തും അയച്ചിട്ടുണ്ട്.

(ഇ) റബർ, ഏലം തുടങ്ങിയ വാണിജ്യ വിളകളുടെ വിലത്തകർച്ചമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കർഷകരെ സഹായിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

റബ്ബർ, ഏലം തുടങ്ങിയവയുടെ വിലയിടിവ് ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങൾ വിലയിടിവിന് പ്രധാന കാരണമാണ്. റബ്ബറിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം വഴി സംസ്ഥാന സർക്കാർ ആനുകൂല്യം നൽകുന്നത് റബ്ബർ കർഷകർക്ക് ആശ്വാസമാകുന്നുണ്ട്. റബ്ബർ, ഏലം തുടങ്ങിയ വിളകളെ Minimum Support Price Scheme-ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ്

കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല.

**ഭിന്നശേഷിക്കാർക്കായുള്ള ആനുകൂല്യങ്ങൾ**

22 (*292) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് നൽകുന്ന പെൻഷൻ തുക മൂവായിരം രൂപയായി വർദ്ധിപ്പിച്ച് എല്ലാ മാസവും വിതരണം ചെയ്യുന്നതിനും പെൺമക്കളുടെ വിവാഹത്തിന് വരുമാന പരിധി നോക്കാതെ ഒരു ലക്ഷം രൂപ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ നൽകി വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 1,600/- രൂപയാണ്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന 'പരിണയം' പദ്ധതി പ്രകാരമുള്ള ധനസഹായം 2018-ലാണ് 30,000/- രൂപയായി

വർദ്ധിപ്പിച്ചിട്ടുള്ളത്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ബി) കിടപ്പുരോഗികളായ ഭിന്നശേഷിക്കാരുടെ വരുമാന സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണമെന്ന നിബന്ധന മാനുഷിക പരിഗണന നൽകിക്കൊണ്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; കിടപ്പുരോഗികളായ ഭിന്നശേഷിക്കാർക്കും അവരുടെ കിടപ്പിലായ ആശ്രിതർക്കും കിടപ്പുപകരണങ്ങളും കട്ടിൽ, വാട്ടർ ബെഡ് എന്നിവ നൽകുന്നതിനും അവർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; കിടപ്പുരോഗികളായ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് വീട്ടിൽ ചെന്ന് നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിനും അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നില്ലെന്ന് ഉറപ്പാക്കാൻ വേണ്ടിയുമാണ് വരുമാന സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ നിഷ്കർഷിച്ചിട്ടുള്ളത്.

എല്ലാത്തരം സാമൂഹ്യ സുരക്ഷാ പെൻഷനുകളും അനുവദിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയാകയാൽ വരുമാന സർട്ടിഫിക്കറ്റ്

സമർപ്പിക്കുന്നതിൽനിന്നും കിടപ്പുരോഗികളായ ഭിന്നശേഷിക്കാരെ ഒഴിവാക്കാനാകില്ല.

കിടപ്പ് രോഗികളായവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി വാട്ടർ ബെഡ്, എയർ ബെഡ്, മറ്റ് സഹായ ഉപകരണങ്ങൾ എന്നിവ സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സൗജന്യമായി നൽകിവരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കിടപ്പുരോഗികൾക്കും 60 വയസ്സ് കഴിഞ്ഞവർക്കും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം രോഗികൾക്ക് കിടപ്പുപകരണങ്ങൾ, വാട്ടർ ബെഡ് എന്നിവ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നത് ആരോഗ്യ വകുപ്പ് മുഖേനയാണ്. മെഡിക്കൽ ബോർഡ് കൂടിയാണ് സർട്ടിഫിക്കറ്റ്/കാർഡ് അനുവദിക്കുന്നത്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM) 2022-23 വർഷത്തിൽ സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID ലഭ്യമാക്കുന്നതിനുള്ള ഒരു സ്പെഷ്യൽ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ

പിന്തുണയോടെ വികേന്ദ്രീകൃത ക്യാമ്പുകളിലൂടെ വൈകല്യങ്ങൾ വിലയിരുത്തൽ, UDID കാർഡുകൾ ജനറേറ്റ് ചെയ്യൽ എന്നിവ ഒരേ ദിവസംതന്നെ നടത്തുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം ഇത്തരത്തിൽ 81 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബയോമെട്രിക് മസ്റ്ററിംഗിനായി അക്ഷയ കേന്ദ്രങ്ങളിൽ എത്താൻ കഴിയാത്ത കിടപ്പുരോഗികൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധജനങ്ങൾ എന്നിവർ പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിക്കുന്നപക്ഷം അക്ഷയ കേന്ദ്രം പ്രതിനിധികൾ ഗുണഭോക്താവിന്റെ വീട്ടിലെത്തി സർക്കാർ ചെലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനും വിവിധ കാലയളവുകളിൽ അവസരം നൽകിയിരുന്നു. നിലവിൽ ഇതിനുള്ള ചെലവ് ഗുണഭോക്താവുതന്നെ വഹിക്കണം. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനായി ഗുണഭോക്താവ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പോകേണ്ടതില്ല, മറിച്ച് ആരെങ്കിലുംവഴി എത്തിച്ചാൽ മതിയാകും.

(സി) ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡ് എല്ലാ ആനുകൂല്യവും ലഭിക്കുന്നതിനുള്ള ആധികാരിക രേഖയായി അംഗീകരിച്ച്

ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് അവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കും ആനുകൂല്യങ്ങൾക്കും യു.ഡി.ഐ.ഡി കാർഡ്/ മെഡിക്കൽ സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനായ വികലാംഗ പെൻഷൻ അനുവദിക്കുന്നതിന് 'സ്ഥിര വൈകല്യം' എന്ന് രേഖപ്പെടുത്തിയ യു.ഡി.ഐ.ഡി. കാർഡ് ആധികാരിക രേഖയാണ്.

സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി UDID Card അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് നിലവിൽ പാർപ്പിടസൗകര്യം ലഭ്യമാക്കിവരുന്നത്. ലൈഫ് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച 27-07-2020-ലെ സ.ഉ. (കൈ) നം. 112/2020/തസ്വഭവ നമ്പർ ഉത്തരവിൽ 40%-ത്തിലേറെ ഭിന്നശേഷിത്വമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ അർഹതാമാനദണ്ഡങ്ങൾക്കായി പരിഗണിക്കുന്ന ക്ലേശഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല, ലൈഫ് പദ്ധതിയിൽ ഭവനരഹിത, ഭൂരഹിത-ഭവനരഹിത അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ഭൂമിയും വീടും നൽകുമ്പോൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാർക്ക് 2016-ലെ ഭിന്നശേഷി അവകാശനിയമം ഉറപ്പ് നൽകുംപ്രകാരം മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ച് പഠന സൗകര്യങ്ങൾ നൽകി താമസ സൗകര്യത്തോടുകൂടി പഠനം നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; ഭിന്നശേഷിക്കാരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പത്ത് ശതമാനം സംവരണം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽകൂടി നൽകിവരുന്ന ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് 17-01-2023-ലെ സ.ഉ.(സാധാ) നം. 86/2023/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വരുമാന പരിധി ഉപാധിയില്ലാതെ ഈ സ്കോളർഷിപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ ഭിന്നശേഷി വിദ്യാർത്ഥികൾക്കും മുഴുവൻ ഫീസും അതോടൊപ്പംതന്നെ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ ഹോസ്റ്റൽ തുകയും (പരമാവധി പ്രതിമാസം 6,000/- രൂപ), ഹോസ്റ്റൽ സൗകര്യം ഉപയോഗിക്കാത്ത വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റായി 4,000/-രൂപയും നൽകിവരുന്നു.

എ.ഐ.സി.ടി.ഇ. അംഗീകൃത സ്ഥാപനങ്ങളിൽ ഏതെങ്കിലും ടെക്നിക്കൽ ഡിഗ്രി/ഡിപ്ലോമ കോഴ്സുകളുടെ ഒന്നാംവർഷത്തിൽ പ്രവേശനം നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് കീഴിൽ ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നടപ്പിലാക്കുന്ന എ.ഐ.സി.ടി.ഇ. സാക്ഷം സ്കോളർഷിപ്പ്

പദ്ധതി പ്രകാരം പഠനത്തിന് പ്രതിവർഷം 50,000/- രൂപ സ്കോളർഷിപ്പ് നൽകിവരുന്നു.

സർക്കാർ സ്ഥാപനങ്ങളിലും സർക്കാരിൽനിന്നും സഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലും ഉന്നതവിദ്യാഭ്യാസത്തിനായി 5%-ൽ കുറയാത്ത സീറ്റുകൾ ബെഞ്ച്മാർക്ക് ഡിസെബിലിറ്റിയുള്ള ഭിന്നശേഷിക്കാർക്കായി 2016-ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 32 പ്രകാരം സംവരണം ചെയ്തിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് 5% സംവരണം നടപ്പിലാക്കി 03-09-2022-ലെ സ.ഉ.(കൈ) നം. 438/2022/HEDN പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സംവരണം അനുവദിക്കുന്ന വിഷയം പരിഗണനയിലില്ല.

(ഇ) എല്ലാ ഭിന്നശേഷിക്കാരെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ഉയർന്ന പരിരക്ഷ ആവശ്യമുള്ള ഭിന്നശേഷിക്കാരെ മാനദണ്ഡങ്ങൾക്കനുസൃതമായി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നുണ്ട്.

ബി.പി.എൽ. (മുൻഗണന ) റേഷൻ കാർഡുമായി ബന്ധപ്പെട്ട് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് 27-10-2020-ലെ സ. ഉ (സാധാ ) നം. 319/2020/ പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വാഹനാപകടങ്ങൾ കുറയ്ക്കാൻ നടപടി**

23 (*293) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീമതി കെ. കെ. രമ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി സംസ്ഥാന മോട്ടോർ വാഹന വകുപ്പ്, കേരള റോഡ്

സുരക്ഷാ അതോറിറ്റി എന്നിവയുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റോഡപകടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

റോഡ് സുരക്ഷിതമാക്കുന്നതിന് എഞ്ചിനീയറിംഗ്, എൻഫോഴ്സ്മെന്റ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. റോഡ് സേഫ്റ്റി പോളിസി, ആക്ഷൻ പ്ലാൻ എന്നിവ കേരള റോഡ് സുരക്ഷാ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് അപകട മേഖല നിർമ്മാർജ്ജനം, (Black Spot Rectification) സ്കൂൾ മേഖല മെച്ചപ്പെടുത്തൽ, (School Zone Improvement) എന്നീ പദ്ധതികളും മോട്ടോർ വാഹന വകുപ്പും റോഡ് സുരക്ഷാ അതോറിറ്റിയും സംയുക്തമായി സഹകരിച്ച് സേഫ് കേരള, സേഫ് സോൺ ശബരിമല മുതലായ പദ്ധതികളും നടപ്പിലാക്കിവരുന്നു. പോലീസ് വകുപ്പിന്റെ റോഡ് സുരക്ഷാ പ്രവർത്തനങ്ങളും ഹൈവേ പട്രോളിംഗും മെച്ചപ്പെടുത്താനും റോഡ് സുരക്ഷാ ഉപകരണങ്ങൾ വാങ്ങിക്കാനും ജംഗ്ഷനുകൾ സിഗ്നലൈസ് ചെയ്യാനുംവേണ്ടി ഫണ്ടനുവദിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഡി.ആർ.എസ്.സി. കണ്ടെത്തുന്ന റോഡ് സുരക്ഷാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾക്കും കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടനുവദിക്കാറുണ്ട്.

2018 വർഷത്തിൽ ആരംഭിച്ച സേഫ് കേരള പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ കർശന വാഹന പരിശോധനയും റോഡ് ഉപയോക്താക്കൾക്ക് പ്രയോജനപ്രദമാകുംവിധം ബോധവത്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തുടനീളം Automatic Number Plate Recognition (ANPR), Artificial Intelligence (AI) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾക്കധിഷ്ഠിതമായ 726 ക്യാമറ സ്ഥാപിച്ച് വിവിധ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനും വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നത് അന്തിമഘട്ടത്തിലാണ്. നാറ്റ്പാക്കുമായി ചേർന്ന് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ പഠനങ്ങളും ഡ്രൈവർ ട്രെയിനിംഗും നടത്താറുണ്ട്. ആരോഗ്യ വകുപ്പുമായി ചേർന്ന് അപകടത്തിൽപ്പെട്ടുന്നവരെ ആതുരാലയത്തിൽ എത്തിക്കാൻവേണ്ടി ആംബുലൻസ് നെറ്റ്‌വർക്കിംഗ് നടത്താനുള്ള പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതുമൂലം മെഡിക്കൽ പ്രതികരണ സമയം (Medical Response Time) കുറയ്ക്കാൻ കഴിയും. കൂടാതെ

ആംബുലൻസ് ഡ്രൈവർമാർക്ക് ട്രോമാ കെയറിൽ പരിശീലനവും നടത്തിവരുന്നു.

റോഡ് നിയമങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനും അഭിലഷണീയമായ റോഡ് ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. റോഡ് നിയമങ്ങളെപ്പറ്റിയും റോഡ് സുരക്ഷയെപ്പറ്റിയും പഠനകാലത്തുതന്നെ അവബോധം സൃഷ്ടിക്കുന്നതിനായി റോഡ് നിയമങ്ങളും റോഡ് സുരക്ഷാമാർഗ്ഗങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ എസ്.സി.ആർ.ടി.-യുമായി ചേർന്ന് "സുരക്ഷിത യാത്ര" എന്ന കൈപ്പുസ്തകം തയ്യാറാക്കി ടീച്ചർമാർക്ക് ട്രെയിനിംഗും ആസൂത്രണം ചെയ്തുവരുന്നു.

(ബി) അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കുന്നതിനായി ഹൈവേകളിലും മറ്റു തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത നിരീക്ഷണ ക്യാമറകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമിതവേഗം തടയാനായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച ക്യാമറകൾ 5 മുതൽ 12 വർഷം വരെ പഴക്കമുള്ളവയാണ്. അതിൽ 7 വർഷം വരെ പഴക്കമുള്ളവ കൃത്യമായും Annual Maintenance Contract (AMC) നൽകി പ്രവർത്തനക്ഷമത ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രവർത്തനക്ഷമമായിട്ടുള്ള ഏതാനും ക്യാമറകൾ റോഡ്, മരാമത്ത് പണികൾ കാരണം മാറ്റിവയ്ക്കേണ്ട സാഹചര്യം നിലവിലുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പുതിയ സാങ്കേതികവിദ്യയിലൂടെ പ്രവർത്തനക്ഷമമാക്കുന്നതാണ്. Safe Kerala Project Commission ചെയ്യുന്ന മുറയ്ക്ക് കൂടുതൽ ക്യാമറകൾ പ്രവർത്തനക്ഷമമാകുന്നതാണ്.

**പഴം, പച്ചക്കറി വിലവർദ്ധനവിനെതിരെ നടത്തുന്ന ഇടപെടലുകൾ**

24 (*294) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി എന്നിവയുടെ വിലവർദ്ധനവ് സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കാതിരിക്കുന്നതിനായി വിപണിയിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ?

ഉപഭോക്താക്കൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും വിപണിയിടപെടൽ നടത്തുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം, പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിപണി ഇടപെടൽ പദ്ധതി പ്രകാരം 2022-2023 വർഷത്തിൽ നാളിതുവരെ 2,614.95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022 ഓണക്കാലത്ത് സംസ്ഥാനത്ത് 2010 ഓണവിപണികൾ സംഘടിപ്പിക്കുകയുണ്ടായി.

കൃഷി വകുപ്പ് വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ്

ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർ നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിൽ പ്രവർത്തിക്കുന്ന 6 (ആറ്) കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് നേരിട്ട് അവരുടെ പച്ചക്കറികൾ എത്തിച്ച് ന്യായവിലയ്ക്ക് വിറ്റഴിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്.

കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK)-യുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 289 'സ്വാശ്രയ കർഷക വിപണികൾ' മുഖേന ന്യായവിലയ്ക്ക് കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ

(VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷകസമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളുമുണ്ട്.

കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO-കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "10000 FPO കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 38 FPO-കളും 2021-22 വർഷത്തിൽ 36 FPO-കളും 2022-23 വർഷത്തിൽ 2 FPO-കളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് വിപണിയിലെത്തിച്ച് ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൃഷിവകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾ കർഷകർക്ക് നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ മാർക്കറ്റുകൾ ഗ്രേഡ് ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 201 ഗ്രേഡ് I മാർക്കറ്റുകളും 660 ഗ്രേഡ് II മാർക്കറ്റുകളും 595 ഗ്രേഡ് III മാർക്കറ്റുകളും നിലവിൽ പ്രവർത്തനക്ഷമമാണ്.

ഈ സാമ്പത്തിക വർഷവും പഴം-പച്ചക്കറി സംഭരണ-വിപണനത്തിനായി വിവിധ പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും

കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 180 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതലങ്ങളിൽ കർഷകർ നേരിട്ട് നടത്തുന്ന വിപണന കേന്ദ്രങ്ങളായ ഗ്രേഡഡ് ആഴ്ച ചന്തകൾക്ക് 25 ലക്ഷം രൂപയും ഗ്രാമചന്തകൾക്ക് 33 ലക്ഷം രൂപയും ഇക്കോഷോപ്പുകൾക്ക് 15 ലക്ഷം രൂപയും നഗര വഴിയോര ആഴ്ചചന്തകൾക്ക് 10 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം, പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വിപണിയിടപെടൽ പദ്ധതി പ്രകാരം 2022-2023 വർഷത്തിൽ 2614.95 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 110 സ്വന്തം സ്റ്റാളുകളും 181 ലൈസൻസി സ്റ്റാളുകളുമുണ്ട്. കൂടാതെ സംസ്ഥാനത്തുല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ പ്രധാന ഔട്ട്‌ലെറ്റുകൾ

മുഖേന വിപണനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ പാളയം സസ്യ സൂപ്പർ മാർക്കറ്റിൽ ജൈവ പച്ചക്കറികൾ മാത്രം വിപണനം ചെയ്യുന്നതിനായി 'ഹെൽത്തി ഫാം ഹെൽത്തി പ്ലേറ്റ്' എന്ന പദ്ധതി പ്രകാരം ഒരു ഓർഗാനിക് കൗണ്ടറും കോഴിക്കോട് ജില്ലയിലെ വേങ്ങേരി മാർക്കറ്റിൽ ഒരു പ്രീമിയം ഔട്ട്‌ലെറ്റും തൃശ്ശൂർ ജില്ലയിലെ മൈയിലിപാടത്തും നാടൻ പച്ചക്കറികളുടെ ഒരു പ്രീമിയം ഔട്ട്‌ലെറ്റും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 289 സ്വാശ്രയ കർഷക സമിതികളാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം 1 ലക്ഷം മെട്രിക് ടൺ പഴം-പച്ചക്കറികളുടെ വിപണനം നടത്തിവരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK

നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചു.

നിലവിൽ കേരളത്തിൽ 6 മൊത്ത വ്യാപാര വിപണികളാണുള്ളത്. ഈ 6 മാർക്കറ്റുകളിലും ഇ-നാം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 2935 കർഷകരും 383 വ്യാപാരികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്തർജില്ലാ (Inter - Mandi) വ്യാപാരം ശക്തിപ്പെടുത്തുന്നതിനായി ഇതുവരെ 55 യൂണിഫൈഡ് ലൈസൻസുകൾ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകിവരുന്നു. ഇ-നാം വഴി വ്യാപാരം നടക്കുന്നതിനായി അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടുതൽ കർഷകർക്കും വ്യാപാരികൾക്കും ഇ-നാം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനായി പരിശീലന ക്ലാസ്സുകൾ നൽകിവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിന് ഈ വർഷം 35 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും സൗരോർജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ വാങ്ങുന്നതിന് ഈ വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവമൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈസൈക്കിൾ കാർട്ടുകൾ സഹായകരമാണ്.

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്ത പച്ചക്കറി ഇനങ്ങൾ ഇതര സംസ്ഥാനങ്ങളിൽനിന്നും നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കേരളത്തിൽ ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്ത വ്യാപാര

വിപണികളിലെ ലേലം വഴിയും സംഭരിക്കുന്ന പദ്ധതി ഹോർട്ടികോർപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻവഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് ഹോർട്ടികോർപ്പ് കരാർ ഒപ്പുവച്ച് സംഭരണം നടത്തിവരുന്നു.

(ഡി) പച്ചക്കറികളുടെ സുരക്ഷിത സംഭരണത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുവാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 19 ശീതീകരിച്ച വാഹനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും എഫ്.പി.ഒ.-കൾക്കും നൽകിയിട്ടുണ്ട്. ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും 7 ശീതീകരിച്ച വാഹനങ്ങൾകൂടി വാങ്ങുന്നതിന് 2022-2023 വർഷത്തിൽ 35 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ കാർഷിക മൊത്തവ്യാപാര വിപണികളിൽ കാർഷികോൽപ്പന്നങ്ങൾ കേടുവരാതെ സംഭരിച്ചുവയ്ക്കുന്നതിന് 23 കോൾഡ് സ്റ്റോറേജ് യൂണിറ്റുകൾ നിലവിലുണ്ട്.

കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും അവ പുതുമയോടെയും വൃത്തിയായും സൂക്ഷിച്ച് വിപണനം ചെയ്യുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR) സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 18 മുച്ചക്ര സൈക്കിളുകൾ ലഭ്യമാക്കുന്നതിന് ഈ വർഷം 20 ലക്ഷം രൂപ "വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും" പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. ഈർപ്പവും താപനിലയും ക്രമീകരിച്ച് ഉൽപ്പന്നങ്ങൾ കേടുകൂടാതെയും പൊടി, മറ്റു മാലിന്യങ്ങൾ എന്നിവമൂലം മലിനപ്പെടാതെയും സൂക്ഷിക്കാൻ ഈ ട്രൈ സൈക്കിൾ കാർട്ടുകൾ സഹായകരമാണ്. കൂടാതെ ഇടുക്കി ജില്ലയിലെ ശീതകാല പച്ചക്കറികളുടെ സംഭരണ വിപണനത്തിനായി ഹോർട്ടികോർപ്പ് നടപ്പിലാക്കുന്ന കോൾഡ് ചെയിൻ പദ്ധതിക്കായി 185 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## റെയിൽവേ വികസനം

25 (*295) ശ്രീ. കെ. ആൻസലൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽപാതകളുടെ വളവ് നിവർത്തി ബലപ്പെടുത്തിയും ആധുനിക സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തിയും ട്രെയിനുകളുടെ വേഗതയും വാഹകശേഷിയും വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ പ്രത്യേകം പദ്ധതികളില്ലാത്തതും സംസ്ഥാനം നിർദ്ദേശിച്ച സിൽവർ ലൈനിന് അനുമതി വൈകുന്നതും സംസ്ഥാനത്തെ റെയിൽവേ വികസനം മരവിപ്പിക്കുമെന്ന ജനങ്ങളുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ അവതരിപ്പിച്ച കേന്ദ്ര ബജറ്റിൽ കേരളം മുൻഗണനാടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിരുന്ന പല പദ്ധതികളും ഉൾപ്പെടാതെ പോയിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേ വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നുണ്ട്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തിവരാറുണ്ട്.

കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈനും (അർദ്ധ അതിവേഗ റെയിൽ പാത) ചർച്ചകളിൽ പ്രധാന അജണ്ടയായിരുന്നു. പ്രധാനമന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർ ലൈൻ പദ്ധതി കേരള സർക്കാർ അംഗീകാരം നൽകിയ ഒരു മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും നിരന്തര ഇടപെടലിന്റെ ഫലമായും പകുതി ചെലവ് സംസ്ഥാനം വഹിക്കാമെന്ന ഉറപ്പിനെ തുടർന്നും പുനരുജ്ജീവിപ്പിച്ച ശബരിപാതയുടെ തുടർപ്രവർത്തനങ്ങൾക്കായി സംസ്ഥാനം കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ?

അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതിച്ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന സർക്കാരിന്റെ തീരുമാനത്തെത്തുടർന്ന് പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് സംസ്ഥാന

റെയിൽ വകുപ്പുമന്ത്രി കത്തയച്ചിരുന്നു. പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽ വകുപ്പുമന്ത്രിയോടും ആവശ്യപ്പെടുകയുണ്ടായി. പിന്നീട് പദ്ധതിയുമായി ബന്ധപ്പെട്ട് 22-10-2021-ന് മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി ശ്രീ. അശ്വനി വൈഷ്ണവുമായി കൂടിക്കാഴ്ച നടത്തി. സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 17-08-2022-ന് ബഹുമാനപ്പെട്ട കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി-ശബരി പദ്ധതി പ്രധാന അജണ്ടയായി വന്നിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2023-24-ലെ പിങ്ക് ബുക്കിൽ ഐറ്റം നം. 2 ആയി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലിഡാർ സർവ്വേ പൂർത്തിയാക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 21-03-2022-ന് സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും സംബന്ധിച്ച് കൂടുതൽ ചർച്ച ചെയ്യുന്നതിനായി 14-11-2022-ന് റെയിൽവേ ബോർഡ് ഗതിശക്തി വിഭാഗം കെ.ആർ.ഡി.സി.എൽ. അധികൃതരുമായി കൂടിക്കാഴ്ച നടത്തി. ആ

യോഗത്തിൽ ഉയർന്ന നിർദ്ദേശങ്ങളനുസരിച്ച്, പുതുക്കിയ എസ്റ്റിമേറ്റ് സോണൽ റെയിൽവേ വഴി റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിൽ പരിശോധനയിലാണ്.

(സി) സംസ്ഥാനത്ത് റെയിൽവേ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കാത്തത് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണ പ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം-കന്യാകുമാരി, എറണാകുളം-അമ്പലപ്പുഴ എന്നീ പദ്ധതികൾകൂടി പൂർത്തിയാകുന്നതോടുകൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാനും യാത്രാക്ലേശം കുറയ്ക്കുവാനും സാധിക്കും.

സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നുണ്ട്.

**വലിയ വാഹനങ്ങൾ നടത്തുന്ന നിയമലംഘനങ്ങൾ തടയാൻ നടപടി**

26 (*296) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗം, അമിതഭാരം, പരിധിയിൽ കൂടുതൽ വീതിയിലും പൊക്കത്തിലും അപകടകരമായി സാധനങ്ങൾ കയറ്റുക, ഡ്രൈവർമാരുടെ അശ്രദ്ധ തുടങ്ങിയ നിയമലംഘനങ്ങൾ തടയാൻ നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ അറിയിക്കാമോ?

വാഹനങ്ങളിലെ അമിത ഭാരം തടയുന്നതിനുവേണ്ടി മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 194 പ്രകാരം വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കുന്നുണ്ട്. വാഹനങ്ങളിൽ അമിതഭാരം കയറ്റുന്നതിനെതിരായുള്ള നടപടികൾ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 19(1) അനുസരിച്ച് ഡ്രൈവർമാരുടെ ലൈസൻസിന് അയോഗ്യത കൽപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ആറ് മാസക്കാലയളവിൽ ഇത്തരത്തിൽ 138 ലൈസൻസുകൾക്ക് അയോഗ്യത കൽപ്പിച്ചിട്ടുണ്ട്. പരിധിയിൽ കൂടുതൽ

വീതിയിലും പൊക്കത്തിലും അപകടകരമായി സാധനങ്ങൾ കയറ്റുന്ന വാഹനങ്ങളിലെ കൂടുതലായി വരുന്ന വസ്തുക്കൾ ഇറക്കിയശേഷം മാത്രമേ സർവ്വീസ് നടത്തുവാൻ അനുവദിക്കാറുള്ളൂ. അന്യസംസ്ഥനങ്ങളിൽനിന്നും അമിതഭാരവുമായി എത്തുന്ന ചരക്ക് വാഹനങ്ങൾക്കെതിരെ കൂടുതൽ കാര്യക്ഷമമായി നടപടിയെടുക്കുവാൻ ചെക്ക് പോസ്റ്റുകളിൽ ‘ weigh in Motion’ എന്ന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലാണ്.

വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ പ്രധാന നിരത്തുകളിൽ Speed Detection ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, Speed Detection Radar ഘടിപ്പിച്ച intercepter വാഹനങ്ങൾ ഉപയോഗിച്ചും പരിശോധന നടത്തുന്നുണ്ട്. ആയതിൻപ്രകാരം 2022-ൽ ശരാശരി ഒന്നര ലക്ഷത്തോളം കേസുകളെടുക്കുകയും ഈ ഇനത്തിൽ 4,34,20,900/- രൂപ (നാല് കോടി മുപ്പത്തിനാല് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരം രൂപ) പിഴയിനത്തിൽ ഈടാക്കിയിട്ടുമുണ്ട്. ഹെവി വാഹനങ്ങളിൽ വേഗത നിയന്ത്രണ സംവിധാനമായ സ്പീഡ് ഗവർണർ വിച്ഛേദിച്ച് സർവ്വീസ് നടത്തുന്ന പ്രവണത

തടയുന്നതിനായി ഇത്തരം വാഹനങ്ങളിലെ സ്പീഡ് ഗവർണറുടെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധനയ്ക്കും വിധേയമാക്കാറുണ്ട്.

(ബി) അമിതഭാരം കയറ്റിവരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ മേൽ പ്രസ്തുത കുറ്റകൃത്യത്തിന് അല്ലാതെ വേറെ ഏതെങ്കിലും പെറ്റികേസ് ചാർജ് ചെയ്ത് പരിശോധനാ ഉദ്യോഗസ്ഥന്റെ ടാർജറ്റ് പൂർത്തിയാക്കൽ നടത്തി അതേ നിയമലംഘനത്തോടെതന്നെ യാത്ര തുടരുന്നതിന് അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം നിയമലംഘനങ്ങൾ പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പ്രത്യേക സ്ക്വാഡിനെ ഉപയോഗിച്ച് കണ്ടെത്താനും പെറ്റികേസ് ചാർജ് ചെയ്ത് യാത്ര തുടരാൻ അനുവദിക്കുന്ന ഉദ്യോഗസ്ഥർക്കുൾപ്പെടെ ശിക്ഷാനടപടികൾ ബാധകമാക്കാനും നടപടി സ്വീകരിക്കുമോ?

16-02-2023-ന് റോഡ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പോലീസ്, മോട്ടോർ വാഹനം, മൈനിംഗ് & ജിയോളജി, ലീഗൽ മെട്രോളജി, എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗത്തിൽ,

ചരക്കുവാഹനങ്ങളിലെ അമിതഭാരം തടയുന്നതിനുവേണ്ടി പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് ആഴ്ചതോറും പരിശോധന നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഇത്തരം നിയമലംഘനങ്ങൾക്കെതിരെ പെറ്റികേസ് ചാർജ് ചെയ്ത് യാത്ര തുടരാൻ അനുവദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ടി ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്.

(ഡി) വാഹന പരിശോധനകൾക്ക് ഒരു രണ്ടാംതല പരിശോധനയ്ക്കുകൂടി സാധ്യതയൊരുക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നാല് മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രണ്ടാംതല വാഹന പരിശോധന നടത്തുന്നുണ്ട്.

**നെൽകൃഷി വികസനം**

27 (*297) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നെൽകൃഷി വികസനത്തിനായി പ്രാധാന്യം നൽകിവരുന്നുണ്ടോ; കൃഷി വിസ്തൃതിയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

കൂടാതെ കൃഷി വകുപ്പ്, ഗുണമേന്മയുള്ള അത്യുത്പാദനശേഷിയുള്ള നെൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുകയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ അവർക്ക് നൽകുകയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2015-16 വർഷത്തിൽ നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടർ ഉണ്ടായിരുന്നത് 2020-21 വർഷത്തിൽ 205040 ഹെക്ടറായും ഉത്പാദനം 549275 ടണ്ണിൽ നിന്നും 633739 ടണ്ണായും വർദ്ധിപ്പിക്കാൻ സാധിച്ചു. നെല്ലിന്റെ ഉത്പാദനക്ഷമത 2015-16 വർഷത്തിൽ 2790 കിലോ/ഹെക്ടർ ആയിരുന്നത് 2020-21 വർഷത്തിൽ 3090.8 കിലോ/ഹെക്ടർ ഉയർത്തുവാനും സാധിച്ചു.

(ബി) തരിശായി ഇട്ടിരുന്ന വയലുകളിൽ കൃഷി ഇറക്കുന്നതിനും കരനെൽ കൃഷി വ്യാപിപ്പിക്കുന്നതിനും ഒരുപ്പൂ കൃഷി ജലസേചന സൗകര്യമേർപ്പെടുത്തി ഇരുപ്പൂ കൃഷിയിലേയ്ക്ക് മാറ്റുന്നതിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഒരു ഹെക്ടർ കരനെൽക്കൃഷി ചെയ്യുന്നതിന് 13,600 രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 10,000 രൂപയും തരിശ് നിലങ്ങളിൽ നെൽകൃഷിക്ക് 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ സ്ഥലമുടമയ്ക്കും) ധനസഹായമായി നൽകുന്നുണ്ട്. കൂടാതെ കോൾ നിലങ്ങളിൽ ഇരുപ്പൂകൃഷിയുടെ പ്രോത്സാഹനത്തിനായി പ്രത്യേകമായി ഫണ്ട് വകയിരുത്തി 'ഓപ്പറേഷൻ ഡബിൾ കോൾ' എന്ന പദ്ധതി നടപ്പിലാക്കുന്നു. പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കുന്നതിനും

ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണികൾക്കും ഇരിപ്പൂ നെൽകൃഷി ചെയ്യുന്നതിനും ഒന്നാംവിള നെൽകൃഷിക്ക് ശേഷം രണ്ടാംവിളയായി പയർ, ചോളം, എണ്ണക്കുരു വിളകൾ മുതലായവ കൃഷി ചെയ്യുന്നതിനും വൈദ്യുതി കണക്ഷൻ/ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുമാണ് ആനുകൂല്യം നൽകുന്നത്.

(സി) നെൽകൃഷി വികസന പരിപാടികളിൽ കുടുംബശ്രീയുടെയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കൽ, നെൽകൃഷിക്കായുള്ള നിലമൊരുക്കൽ, നഴ്സറി തയ്യാറാക്കൽ, ഞാറുനടീൽ മുതലായ കാർഷിക പ്രവൃത്തികൾക്ക് സമയബന്ധിതമായി തൊഴിലാളികളെ ലഭിക്കാത്തതും കാർഷിക യന്ത്രങ്ങളുടെ അപര്യാപ്തതയും നെൽകൃഷി മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നമാണ്. ഇതിനായി നെൽകൃഷിയിൽ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവരെ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇന്ധന സെസ്സുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന അധിക ചെലവ്

28 (*298) ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പെട്രോളിനും ഡീസലിനും ഏർപ്പെടുത്താനുദ്ദേശിക്കുന്ന സെസ്സ് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാന സർക്കാർ പെട്രോളിനും ഡീസലിനും ഏർപ്പെടുത്താനുദ്ദേശിക്കുന്ന സെസ്സ് കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന ചെലവിനത്തിൽ വർദ്ധനവിന് ഇടയാക്കുന്നതാണ്.

ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവ് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങളെ എപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്.

(ബി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന അധിക ചെലവ് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഒരു ദിവസം 3.30 ലക്ഷം ലിറ്റർ ഡീസലാണ് ആവശ്യമുള്ളത്. ഒരു ലിറ്റർ ഡീസലിന് ഓരോ രൂപ

വർദ്ധിക്കുമ്പോൾ പ്രതിദിനം 3.30 ലക്ഷം രൂപയും മാസം ഏകദേശം ഒരു കോടി രൂപ വരെ ഡീസൽ വാങ്ങുന്ന വകയിൽ അധിക ചെലവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇപ്രകാരം ഉണ്ടാകുന്ന അധിക ചെലവ് എങ്ങനെ പരിഹരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇന്ധന സെസ്സുമൂലമുണ്ടാകുന്ന അധിക ചെലവ് കൂടുതൽ ഇലക്ട്രിക്, ഹരിത ഇന്ധന ബസ്സുകളുൾപ്പെടെയുള്ളവ നിരത്തിലിറക്കിയും ഇന്ധന ചെലവ് ക്രമീകരിച്ചും മാത്രമേ നേരിടാൻ സാധിക്കുകയുള്ളൂ.

അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവ് പരിഹരിക്കുന്നതിന് പുതിയ ഇലക്ട്രിക്/സി.എൻ.ജി. ബസ്സുകൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്തും ഇന്ധന ചെലവ് കുറയ്ക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഞങ്ങളും കൃഷിയിലേയ്ക്ക്**

29 (*299) <u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആരംഭിച്ച ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയിലൂടെ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുള്ള തൊഴിലവസരങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെയും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പരിപാടിയാണ് " ഞങ്ങളും കൃഷിയിലേക്ക്" .

സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ 25887 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉല്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 15249 കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ നടപടി തുടർന്നുവരുന്നു. ഈ പരിപാടി

നടപ്പിലാക്കുക വഴി 136344 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ബജറ്റിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും ഇത് ഏതൊക്കെ രീതിയിലാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ ഞങ്ങളും കൃഷിയിലേയ്ക്ക് പരിപാടിയുമായി ബന്ധപ്പെട്ട് പ്രത്യേകമായി തുക നീക്കി വച്ചിരുന്നില്ല.

2023-24 സാമ്പത്തിക വർഷത്തിൽ ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ നടത്തിപ്പിനായി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

**കെ.എസ്.ആർ.ടി.സി. പെൻഷന് തുക മാറ്റിവയ്ക്കാൻ നടപടി**

30(*300) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി വരുമാനത്തിന്റെ പത്ത് ശതമാനത്തോളം മാറ്റിവയ്ക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നോ?

ഉത്തരവിട്ടിരുന്നു.

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ബഹു. ഹൈക്കോടതി ഉത്തരവനുസരിച്ച് വരുമാനത്തിന്റെ 10% തുക പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റിവയ്ക്കുന്നുണ്ടെങ്കിലും കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനത നിമിത്തം ഇന്ധന ചെലവുൾപ്പെടെയുള്ള ചെലവുകൾക്കായി ടി തുക കൂടി വകമാറ്റുന്നതിനാലാണ് പ്രസ്തുത ഉത്തരവ് പൂർണ്ണമായും പാലിക്കാൻ കഴിയാത്തത്.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യത്തിന് തുക മാറ്റിവയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ബഹു. ഹൈക്കോടതി പെൻഷൻ വിതരണത്തിനായി മാറ്റിവച്ച തുക പ്രസ്തുത ആവശ്യത്തിലേയ്ക്ക് മാത്രം വിനിയോഗിക്കണമെന്ന് നിർദ്ദേശം

നൽകിയ സാഹചര്യത്തിൽ ടി ഉത്തരവ് പാലിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**കൃഷി വകുപ്പിന്റെ ആധുനികവത്കരണം**

1 (3425) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വികസന വകുപ്പ്, മറ്റ് അനുബന്ധ മേഖലകൾ എന്നിവ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് തുടങ്ങിയ ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ പ്രയോഗവും നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ ഏകോപനവും വഴി ആധുനികീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ആയതിലേയ്ക്കെത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ കാർഷിക വികസന വകുപ്പ്, മറ്റ് അനുബന്ധ മേഖലകൾ എന്നിവ നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ ഏകോപനം വഴിയും ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾ ആവശ്യാനുസരണം ഉപയോഗിച്ചുകൊണ്ടും ആധുനീകരിക്കുന്നതിനായി,

ഇന്റഗ്രേറ്റഡ് അഗ്രിക്കൾച്ചർ ഡാറ്റാ ഹബ്ബ് ആൻഡ് ഡിജിറ്റൽ ഫാർമേഴ്സ് സർവ്വീസ് പ്ലാറ്റ്ഫോം എന്ന പേരിൽ ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും അതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ അനുമതി ലഭ്യമായില്ല. എന്നാൽ ഇതേ പ്രോജക്ട് ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി സമർപ്പിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭഘട്ട വികസനത്തിന് 15 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

(ബി) പട്ടാമ്പിയിലെ സെൻട്രൽ ഓർച്ചാഡ് ഫാമിന്റെ അടിസ്ഥാന വികസനത്തിനും പൊതുജനങ്ങളെ ആകർഷിക്കുന്നതിനും ഈ വർഷത്തെ ബജറ്റിലെ ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടാമ്പിയിലെ സെൻട്രൽ ഓർച്ചാഡ് ഫാമിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 4401-00-104-98 ശീർഷകത്തിൽ 22.9 ലക്ഷം രൂപ വകയിരുത്തി ഫാമിന്റെ ആവശ്യത്തിലേയ്ക്കായുള്ള സ്റ്റോർ മുറി, തൊഴിലാളികൾക്കുള്ള കോമൺ ടോയ്‌ലറ്റ് & വാഷ് റൂം, ചുറ്റുമതിൽ നിർമ്മാണം, ഫെൻസിംഗ് എന്നിവ നടത്തിവരുന്നു. നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും വിതരണത്തിനും പോളി ഹൗസ്, റെയിൻ ഷെൽട്ടർ

തുടങ്ങിയവയുടെ അറ്റകുറ്റപ്പണി, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 13.3055 ലക്ഷം രൂപ പട്ടാമ്പി സെൻട്രൽ ഓർച്ചാർഡിന് അനുവദിച്ചുനൽകുകയും പ്രസ്തുത തുക ചെലവഴിച്ച് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണവും നടത്തിവരുന്നു. ഫലവർഗ്ഗ വിളകളുടെ മുന്തിയയിനം ഗ്രാഫ്റ്റുകൾ, ലെയറുകൾ എന്നിവയ്ക്ക് പുറമെ വേര് പിടിപ്പിച്ച കുരുമുളക് വള്ളികൾ, ഔഷധ സസ്യങ്ങൾ, തെങ്ങിൻ തൈ, കവുങ്ങിൻ തൈ, അലങ്കാര സസ്യങ്ങൾ, പച്ചക്കറിവിത്ത് തുടങ്ങിയവ ഉൽപ്പാദിപ്പിച്ച് കൃഷിഭവനുകൾ മുഖേനയും ഫാമിൽനിന്ന് നേരിട്ട് കർഷകർക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ജൈവ കൃഷിക്കാവശ്യമായ ഉൽപ്പാദനോപാധികളായ ചകിരിച്ചോർ, കാമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് മുതലായവയും ഫാമിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കിവരുന്നു. പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനായുള്ള സംയോജിത കൃഷി രീതി, നൂതന കൃഷി സമ്പ്രദായങ്ങൾ, ഫാം ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കി മാതൃക ഫാമാക്കി ഉയർത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്.

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

2 (3426) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര വേഗതയില്ലെന്ന തരത്തിലുള്ള മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇല്ല.

(ബി) നിലവിൽ എത്ര അപേക്ഷകളാണ് കമ്മീഷൻ തീർപ്പാക്കാനുള്ളത്; വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(ബി&സി) 31-03-2020 വരെ കമ്മീഷനിൽ ലഭിച്ച 627930 അപേക്ഷകളിൽ ഇടുക്കി -56258, കണ്ണൂർ - 1530, വയനാട് -17993 എന്നിങ്ങനെ ആകെ 75781 അപേക്ഷകളാണ് കമ്മീഷനിൽ തീർപ്പാക്കുവാനുള്ളത്. പ്രസ്തുത അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കടാശ്വാസത്തിനുള്ള സമയം ദീർഘിപ്പിച്ചതിനെത്തുടർന്ന് പുതിയ അപേക്ഷകൾ 01-01-2023 മുതൽ സ്വീകരിച്ചുവരുന്നുണ്ട്. 30-06-2023 ആണ് പുതിയ അപേക്ഷ സ്വീകരിക്കാനുള്ള അവസാന തീയതി.

കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുവരുത്തിയശേഷം അപേക്ഷകളിന്മേൽ പരമാവധി വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, വയനാട്, കണ്ണൂർ എന്നിവ ഒഴികെ ബാക്കി 11 ജില്ലകളിലെ അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ 31-03-2020 വരെ 627930 അപേക്ഷകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ 31-01-2023 വരെ 552149 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി നേരിട്ടും ഓൺലൈനായും ഊർജ്ജിതമായി സിറ്റിംഗുകൾ നടത്തുന്നുണ്ട്. കടാശ്വാസ ഉത്തരവുകൾ എത്രയുംവേഗം അപേക്ഷകർക്ക് അയച്ചുകൊടുക്കുവാനായി ത്വരിതനടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പാലാ മണ്ഡലത്തിൽ ഫുഡ്പാർക്കും ശീതീകരിച്ച സംഭരണശാലയും**

3 (3427) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ സ്ഥലമേറ്റെടുത്ത് ഫുഡ്പാർക്കും ശീതീകരിച്ച സംഭരണശാലയും സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പാലാ മണ്ഡലത്തിൽ മുത്തോലി ഗ്രാമപഞ്ചായത്ത് പരിധിയിൽ 2022-23 സാമ്പത്തിക വർഷത്തിലെ കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉൽപ്പാദന പരിപാടി എന്ന പദ്ധതിയിലുൾപ്പെട്ട പ്രീമിയം ഔട്ട്ലെറ്റ് ഘടകത്തിനായി അഞ്ച് ലക്ഷം രൂപ സബ്സിഡിയിൽ (50 ശതമാനം സബ്സിഡി) ശീതീകരിച്ച സംഭരണശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ കർഷക കൂട്ടായ്മയിലൂടെ സ്ഥലമേറ്റെടുക്കുകയും കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ചെയ്തുവരികയുമാണ്. 2023 മാർച്ച് മാസത്തിൽ പണി പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശീതീകരിച്ച സംഭരണശാല പ്രവർത്തനക്ഷമമാകുന്നതോടെ കർഷകർക്ക് ഉൽപ്പന്നങ്ങൾ സംഭരിച്ച് സൂക്ഷിച്ച് ന്യായമായ വിലയ്ക്ക് വിൽപ്പന നടത്തുവാൻ സാധിക്കും.

## റബ്ബർ, കോഫി, സ്പൈസസ് മേഖലകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

4 (3428) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ, കോഫി, സ്പൈസസ് മേഖലകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലകളിലെ കർഷകരെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ടോ;

(സി) റബ്ബർ, ഏലം, സ്പൈസസ് ബോർഡുകൾ ആവശ്യമില്ലെന്ന നീതി ആയോഗിന്റെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ - സി) ഉണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാട് കേരളത്തിലെ കർഷകരെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കാർഷിക കമ്മോഡിറ്റി ബോർഡായ റബ്ബർ ബോർഡ്, സ്പൈസസ് ബോർഡ് തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും അവ പിൻവലിക്കണമെന്നും നീതി ആയോഗ് ശിപാർശ ചെയ്തത് പത്രമാധ്യമങ്ങളിലൂടെയും ചർച്ചകളിലൂടെയും അറിയുവാൻ ഇടയായതിനെത്തുടർന്ന് സംസ്ഥാന കൃഷി വകുപ്പിന്റെ ഇക്കാര്യങ്ങളിലുള്ള ആശങ്ക കേന്ദ്രസർക്കാരിനെ 23-12-2022-ലെ D.O.No.Agri-890/Min/2022-Agri കത്ത് മുഖേന അറിയിച്ചിട്ടുള്ളതാകുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല.

**കാർഷിക മേഖലയെ യന്ത്രവത്കരിക്കാൻ നടപടി**

5 (3429) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവൃത്തി ലാഭകരമാക്കുന്നതിനും കർഷകത്തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും കാർഷിക മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി കാർഷിക അനുബന്ധോപകരണങ്ങൾ ലഭ്യമാക്കുന്നതിനും ക്രമാനുഗതമായി യന്ത്രവത്കരണം നടപ്പാക്കുന്നതിനുമായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ജില്ലാടിസ്ഥാനത്തിലുള്ള 14 കസ്റ്റം ഹയറിംഗ് സെന്ററുകൾ, ബ്ലോക്ക് അടിസ്ഥാനത്തിലുള്ള 99 കാർഷിക സേവനകേന്ദ്രങ്ങൾ, പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള 368 കാർഷിക കർമ്മസേനകൾ എന്നിവ മുഖേന വിവിധതരത്തിലുള്ള കാർഷിക യന്ത്രങ്ങളുടെ സേവനം കർഷകർക്ക് നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ പദ്ധതി (SMAM) വഴി 40 മുതൽ 60 ശതമാനംവരെ സബ്സിഡിയോടെ വ്യക്തികൾക്കും 40 ശതമാനം, 80 ശതമാനം എന്നീ നിരക്കിൽ സബ്സിഡിയോടെ കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കിവരുന്നു. വ്യക്തികൾ വഴിയും കർഷക ഗ്രൂപ്പുകൾ/സമിതികൾ വഴിയും കർഷകർക്ക് വാടകയ്ക്ക് കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ 'കാർഷിക യന്ത്രകിരണ സേന' എന്ന മൊബൈൽ റിപ്പയറിംഗ് യൂണിറ്റ് രൂപീകരിച്ച് ജില്ലകൾതോറും 'കാർഷിക യന്ത്രപരിരക്ഷണ യജ്ഞം' ആവിഷ്കരിച്ച് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും ഉടമസ്ഥതയിലുള്ള കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി

നടത്തുന്നുണ്ട്. കൂടാതെ 705 സേവനദായകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്.

(ബി) ഗുണമേന്മയുള്ളതും ഈടുനിൽക്കുന്നതുമായ കാർഷിക അനുബന്ധോപകരണങ്ങളും ലഘുയന്ത്രങ്ങളും ലഭ്യമാക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് കൊടുക്കുന്നതിനും കഴിയുന്ന തരത്തിലുള്ള സെന്ററുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

കൃഷി വകുപ്പിന് കീഴിലുള്ള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ മുഖേന കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് നടത്തുകയും 'കാർഷിക യന്ത്രകിരണ സേന' എന്ന പേരിൽ മൊബൈൽ റിപ്പയർ യൂണിറ്റ് രൂപീകരിച്ച് ജില്ലകൾതോറും 'കാർഷിക യന്ത്രപരിരക്ഷണ യജ്ഞം' ആവിഷ്കരിച്ച് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും ഉടമസ്ഥതയിലുള്ള കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അഞ്ച് ഘട്ടങ്ങളിലൂടെ 1855 കാർഷിക യന്ത്രങ്ങൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ 705 സേവനദായകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. ' കാർഷിക യന്ത്രം സർവം ചലിതം കിളിമാനൂർ' എന്ന പദ്ധതിയിലൂടെ കേടായിക്കിടന്ന 48

കാർഷിക യന്ത്രങ്ങൾ മിഷൻ റിപ്പയർ ചെയ്ത് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി 'കാർഷിക യന്ത്രം സർവം ചലിതം കേരളം' എന്ന പേരിൽ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് കർഷകർക്ക് നിലവിൽ എന്തെല്ലാം സബ്സിഡികൾ ലഭിക്കുന്നുണ്ടെന്നും അവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) മുഖേന ചെറുകിട യന്ത്രങ്ങൾ മുതൽ കൊയ്ത്തുമെതിയന്ത്രം വരെയും വിള സംസ്കരണവുമായി ബന്ധപ്പെട്ട ഡ്രയറുകൾ, മില്ലുകൾ തുടങ്ങിയവയും കർഷകർക്കും കർഷകഗ്രൂപ്പുകൾക്കും ചുവടെ ചേർക്കുന്ന സബ്സിഡി നിരക്കിൽ ലഭ്യമാണ്.

| | | |
|---|---|---|
| ഘടകം-1 | കർഷകർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള വ്യക്തിഗത സഹായം | 40 മുതൽ 60 ശതമാനം വരെ സബ്സിഡി |
| ഘടകം-2 | കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക | 40 ശതമാനം സബ്സിഡി |

| | | |
|---|---|---|
| | സഹായം | |
| ഘടകം-3 | ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം | 80 ശതമാനം സബ്സിഡി |

കാലാകാലങ്ങളിൽ പദ്ധതിയുടെ മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിനനുസരിച്ച് സബ്സിഡി നിരക്ക് പരിഷ്കരിക്കാറുണ്ട്.

**ബഫർ സോണിൽനിന്നും കൃഷി ഭൂമി ഒഴിവാക്കി കിട്ടുന്നതിന് നടപടി**

6 (3430) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ബഫർ സോണിൽനിന്നും കൃഷിഭൂമി ഒഴിവാക്കിക്കിട്ടുന്നതിനും ഈ മേഖലയിലുള്ള കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നത്തിനും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ

ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ(കൈ.) 44/2022/വനം പ്രകാരം വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകരുടെ ന്യായമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**കാർഷിക മേഖലയിൽ നൂതന വിവര സാങ്കേതികവിദ്യകൾ**

7 (3431) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതലമുറ കർഷകർക്ക് കൃഷി സംബന്ധമായ അറിവുകളും നിർദ്ദേശങ്ങളും നൽകുന്നതിന് നൂതന വിവരസാങ്കേതികവിദ്യകളായ മൊബൈൽ ആപ്ലിക്കേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ സാമ്പത്തിക സഹകരണത്തോടുകൂടി കാർഷിക സർവ്വകലാശാല വികസിപ്പിച്ചിട്ടുള്ള ഫാം എക്സ്റ്റൻഷൻ മാനേജർ (Farm Extension Manager) എന്ന മൊബൈൽ ആപ്പിലൂടെയും ഡിജിറ്റൽ സർവ്വകലാശാലയുടെ സാങ്കേതിക

സഹായത്തോടെ കൃഷി വകുപ്പ് തയ്യാറാക്കിയ ക്രോപ്സ് (CROPSS) എന്ന മൊബൈൽ ആപ്പിലൂടെയും കൃഷി സംബന്ധമായ അറിവുകളും നിർദ്ദേശങ്ങളും പങ്കുവയ്ക്കുന്നതിനും കീടനിയന്ത്രണമുൾപ്പെടെയുള്ള പ്രശ്നങ്ങൾ കൃഷി ഓഫീസർമാരെ അറിയിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സാധിക്കുന്നുണ്ട്.

(ബി) കൃഷി പാഠങ്ങൾ പുതുതലമുറയിലേയ്ക്ക് വേഗത്തിൽ എത്തിക്കുന്നതിന് നൂതന വിവരസാങ്കേതികവിദ്യകൾ ഏതെല്ലാം തരത്തിൽ പ്രയോജനപ്പെടുമെന്നും ഇതിനായി നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

കൃഷി പാഠങ്ങൾ പുതുതലമുറയിലേയ്ക്ക് വേഗത്തിൽ എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തരം നടത്തിവരുന്നു.

കൃഷിഭവൻ അടിസ്ഥാനത്തിൽത്തന്നെ കൃഷി സംബന്ധമായ വിവരങ്ങൾ, വാട്സാപ്പ് ഗ്രൂപ്പുകൾ മുഖാന്തരം കൈമാറിവരുന്നു.

കാർഷിക രംഗത്തെ നൂതന സാങ്കേതികവിദ്യകളും ആശയങ്ങളും ഫലപ്രദമായി തരംതിരിച്ച് ഉപയോഗിക്കുന്ന രീതിയിൽ ഒരു ഡിജിറ്റൽ

മീഡിയ ലൈബ്രറി വികസിപ്പിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന**

8 (3432) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

പി.എം.കെ.എസ്.വൈ. പദ്ധതിയിൽവരുന്ന സൂക്ഷ്മ ജലസേചന ഘടകത്തിലുൾപ്പെട്ടുവരുന്ന other intervention ഘടകത്തിൽ ജലസ്രോതസുകളുടെ (കിണർ, കുളം, മഴവെള്ള സംഭരണി മുതലായവ) നിർമ്മാണ പ്രവൃത്തികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടുകൾ ഏതൊക്കെ വകുപ്പ് മുഖേനയാണ് സമർപ്പിക്കേണ്ടത്; പ്രോജക്ട് എപ്പോഴാണ് സമർപ്പിക്കേണ്ടത്; വിശദാംശം ലഭ്യമാക്കാമോ?

ഈ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ കൃഷി വകുപ്പ് മുഖാന്തരം സമർപ്പിച്ച് പി.എം.കെ.എസ്.വൈ. പദ്ധതിയിൻകീഴിൽ അംഗീകാരം ലഭ്യമാക്കിയാണ് നടപ്പാക്കുന്നത്.

**ചാത്തൻചാൽ കാർഷിക വികസന പദ്ധതി**

9 (3433) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ കാർഷിക വികസന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

നബാർഡ് ആർ.ഐ.ഡി.എഫ്. XXV-ലുൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ കാർഷിക വികസന പദ്ധതിക്ക് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 709.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി ലഭിച്ചശേഷം ടെണ്ടർ ചെയ്യുകയും മൂന്ന് തവണ റീ-ടെണ്ടർ ചെയ്തിട്ടും ആരും ടെണ്ടർ എടുക്കാതെവരികയും തുടർന്ന് DSoR 2018 പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും പദ്ധതി രണ്ട് റീച്ചുകളായി തിരിച്ച് ടെണ്ടർ നടത്തി 12-04-2022-ന് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. തോടിന്റെ ആഴം കൂട്ടൽ, തോടിന്റെ ഇരുവശങ്ങളിലും പാർശ്വഭിത്തി കരിങ്കല്ല് കെട്ടി സംരക്ഷിക്കൽ,

ഫാം റോഡിന്റെ നിർമ്മാണം തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാം റീച്ചിന്റെ ആഴം കൂട്ടേണ്ട തോടിന്റെ ഇനിഷ്യൽ ലെവൽ എടുക്കുകയും 150 മീറ്റർ പാർശ്വഭിത്തി കരിങ്കല്ല് കെട്ടി സംരക്ഷണപ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ?

150 മീറ്റർ പാർശ്വഭിത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇനി പൂർത്തീകരിക്കുവാനുള്ളവ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(സി & ഡി) നിലവിൽ നാമമാത്ര പുരോഗതി മാത്രം കൈവരിച്ചിട്ടുള്ള ടി പദ്ധതിയിലെ തോടിന്റെ ആഴംകൂട്ടൽ, ഫാം റോഡിന്റെ നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ഇ) പദ്ധതിയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

രണ്ടാം ഭാഗത്തിൽ ആഴംകൂട്ടേണ്ട തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിൽ തടസ്സങ്ങളുള്ളതിനാൽ തോടിന്റെ വശങ്ങളിൽ അതിർത്തി നിർണ്ണയിച്ചുതരണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ സർവ്വേയറുടെ കാര്യാലയത്തിലേയ്ക്ക് സർവ്വേ സ്കെച്ച് തയ്യാറാക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരം ഒന്നാംറീച്ചിന്റെ പ്രവൃത്തികൾ മാർച്ച് 31-നുള്ളിൽ 57 ശതമാനം പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും അല്ലാത്തപക്ഷം നിയമപരമായ നടപടി നേരിടേണ്ടിവരുമെന്നും കാണിച്ച് കരാറുകാരന് നോട്ടിസ് നൽകിയിട്ടുണ്ട്.

**വാമനപുരം മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

10 (3434) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്കായി ആകെയെത്ര തുക ചെലവാക്കിയിട്ടുണ്ട്; അവയുടെ പുരോഗതി അറിയിക്കാമോ?

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ ആർ.ഐ.ഡി.എഫ്.

പദ്ധതിയിലുൾപ്പെടുത്തി ആർ.ഐ.ഡി.എഫ്. XXII ഘട്ടത്തിലുൾപ്പെട്ട വലിയവയൽ നീർത്തട പദ്ധതി നടപ്പിലാക്കിവരുന്നു. 1,60,00,000/- രൂപ അടങ്കൽ തുകയുള്ള ടി പദ്ധതിയിൽ വാമനപുരം ബ്ലോക്കിലെ പാങ്ങോട് പഞ്ചായത്തിലെ 435 ഹെക്ടർ പ്രദേശത്ത് കല്ലുകയ്യാല, മൺ കയ്യാലകൾ, മഴക്കുഴി, പാർശ്വഭിത്തി, തടയണ, റബ്ബർ തടം തുടങ്ങിയ പ്രവർത്തനങ്ങൾ കിളിമാനൂർ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന നടപ്പിലാക്കുന്നുണ്ട്. നാളിതുവരെ 93,04,569/- രൂപ വിനിയോഗിച്ച് 240 ഹെക്ടർ പ്രദേശം വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിച്ചിട്ടുണ്ട്. 2023 മാർച്ച് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുതിയതായി എത്ര അപേക്ഷകൾ മണ്ഡലത്തിൽനിന്ന് ലഭിച്ചിട്ടുണ്ടെന്നും അതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ?

അഞ്ച് കോടി രൂപ അടങ്കൽ തുകയുള്ള 'കുന്നത്തുമല-പാളയം നീർത്തട പദ്ധതിയുടെ പ്രൊപ്പോസൽ ആർ.ഐ.ഡി.എഫ്. XXVII ഘട്ടത്തിൽ പരിഗണിക്കുന്നതിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും ആർ.ഐ.ഡി.എഫ്. XXVII ഘട്ടത്തിൽ മണ്ണ്

പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പദ്ധതികൾക്കൊന്നും നബാർഡ് അനുമതി നൽകിയിരുന്നില്ല.

## സ്മാർട്ട് കൃഷിഭവൻ പദ്ധതി

11 (3435) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി തെരഞ്ഞെടുത്ത കൃഷിഭവൻ ഏതാണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽനിന്നും തൊണ്ടർനാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) സ്മാർട്ട് കൃഷിഭവനെന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ,

ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ വിഭവഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർവത്കരിക്കുകയും ചെയ്യുക.

2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.

3. കൃഷിഭവനുകളിൽ ഐ.ടി. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളൊരുക്കുക.

4. കൃഷിഭവനുകളെ കടലാസുരഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.

5. സ്മാർട്ട് കാർഡ് സംവിധാനം.

6. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

7. കൃഷിഭവനുകളുടെ നവീകരണം.

8. വിവിധ ഉൽപ്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ഐ.ടി. സംവിധാനം.

9. ആധുനിക വിപണന സംഭരണ സംവിധാനം.

10. കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ.

(സി) പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പഞ്ചായത്തുതലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളെ കർഷകസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. കർഷകർക്ക് കൃഷിഭവനിൽ എത്തിച്ചേരാതെതന്നെ, ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷകൾ സമർപ്പിക്കുന്നതിനും സാധിക്കുന്നു. ഇത് കർഷകർക്ക് കൂടുതൽ സമയം കൃഷിയിടങ്ങളിൽ ചെലവഴിക്കുന്നതിന് സഹായകമാകുന്നു. സേവനങ്ങൾ ഓൺലൈനായി മാറുന്നതോടെ കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിലൂടെ നിറവേറ്റുന്നതിനും സേവനങ്ങൾ വേഗത്തിലും സമയബന്ധിതമായി ലഭ്യമാകുന്നതിനും സാധിക്കും.

**ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ നടപ്പാക്കുന്ന പദ്ധതികൾ**

12 (3436) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കാർഷികരംഗത്ത് ഈ സർക്കാർ നടപ്പാക്കിവരുന്ന പരിഷ്കാരങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ഭക്ഷ്യ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും 2022-23 വാർഷിക പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഉൽപ്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി 25887 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി. ചിങ്ങം 1 (2022 ഓഗസ്റ്റ് 17) കർഷകദിനത്തോടനുബന്ധിച്ച് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷി ആരംഭിച്ചു. 19849 കൃഷിക്കൂട്ടങ്ങൾ ക്രിയാത്മകമായി പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ രൂപീകരിച്ച കൃഷികൂട്ടങ്ങളിൽ 10969 കൃഷികൂട്ടങ്ങൾ പച്ചക്കറി

കൃഷിക്കായും 8199 കൃഷികൂട്ടങ്ങൾ നെല്ല്, വാഴ, കിഴങ്ങുവർഗ്ഗവിളകൾ, തെങ്ങ്, കവുങ്ങ് എന്നീ കൃഷിക്കായും 681 കൃഷിക്കൂട്ടങ്ങൾ മൂല്യവർദ്ധനവിനും വിപണനത്തിനുമായും പ്രവർത്തിച്ചുവരുന്നു.

ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം) വികസനത്തിലേയ്ക്കുള്ള മാറ്റത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മൂന്ന് പുതിയ പദ്ധതികൾക്ക് കീഴിൽ 2022-23 വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണം (ഫാം പ്ലാൻ) അടിസ്ഥാനമാക്കിയുള്ള വികസന സമീപനത്തിന് തുടക്കമിട്ടു.

ഈ വർഷം 10760 കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിലൂന്നിയ മാതൃക കൃഷിത്തോട്ട പദ്ധതിക്ക് കീഴിൽ വികസിപ്പിക്കുവാനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഈ പരിപാടിയുടെ ഭാഗമായി ഉൽപ്പാദനം, പ്രാഥമിക സംസ്കരണം, വിപണന പിന്തുണ എന്നിവ കാര്യക്ഷമമാക്കുന്നതിന് എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നതിനായി കർഷകക്കൂട്ടായ്മകളെ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു.

ഉൽപ്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ ' സ്മാർട്ട് കൃഷിഭവനുകളായി' പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൃഷി നല്ല വരുമാനം പ്രദാനം ചെയ്യുന്ന ഒരു സംരംഭമായി മാറ്റുന്നതിനുവേണ്ടി കാർഷിക മേഖലയ്ക്കാവശ്യമായ ഉൽപ്പാദനോപാധികൾക്കും സേവനങ്ങൾക്കും കാര്യക്ഷമമായ വിതരണ ശൃംഖല സ്ഥാപിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം സൃഷ്ടിക്കുന്നതിലും ശ്രദ്ധകേന്ദ്രീകരിക്കാൻ കൃഷി വകുപ്പുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഉൽപ്പാദനം, വിപണനം, സംസ്കരണം, മറ്റ് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഗ്രാമീണ വരുമാനം വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്നു.

2022-23 വർഷത്തിൽ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ 20 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു. കാർഷിക രംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുകയെന്നതാണ് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യം. കൂടാതെ

കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളികളുടെ കുറവുമൂലം തരിശായിക്കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിലുൾപ്പെടുന്നു.

തെങ്ങിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേരരക്ഷാവാരം പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതിയോടൊപ്പം പയർവർഗ്ഗ വിളകളുടെയും പച്ചില വളങ്ങളുടേയും ഉപയോഗം വ്യാപിപ്പിച്ച് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

കാർബൺതുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാകൃഷി, പുനരുപയോഗ ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം, വനവത്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എപ്പോൾ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

കാർഷിക സ്വയംപര്യാപ്തതയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിൽ ഒരു വലിയ വർദ്ധനവ് ആവശ്യമാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഇതിനായി വിവിധ ഘടകങ്ങൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ പച്ചക്കറി ഉൽപ്പാദനത്തിന് പ്രാമുഖ്യം നൽകി സ്വയം പര്യാപ്തതയിലേയ്ക്കെത്തിക്കുന്നതിനാണ് മുൻഗണന നൽകിയിട്ടുള്ളത്. തുടർന്ന്, വിവിധ ഫലവർഗ്ഗങ്ങൾ, നാളികേരം, ധാന്യവിളകൾ എന്നിവയുടേയും ഉൽപ്പാദനം പടിപടിയായി വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിച്ചേരാനാവും. പച്ചക്കറി ഉൽപ്പാദനത്തിൽ 2025-യോടെ സ്വയംപര്യാപ്തതയിലെത്തുമെന്നാണ് കരുതുന്നത്.

(സി) കാർഷികരംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

യുവതലമുറയെ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കാർഷിക സംസ്കൃതി പകർന്നുകൊടുക്കുന്നതിനും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായും കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായും നിലവിൽ പല ഘടകങ്ങൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ ജനങ്ങളെയും പ്രത്യേകിച്ച് സ്കൂൾ വിദ്യാർത്ഥികളെയും യുവതലമുറയെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ജനകീയ ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യം നേടുന്നതിനുവേണ്ടിയാണ് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കൂടാതെ സ്കൂളുകൾക്കും പ്രോത്സാഹനം എന്ന നിലയ്ക്ക് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ തരത്തിലുള്ള അവാർഡുകൾ നൽകിവരികയും ചെയ്യുന്നത്.

വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽതന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ്പ് പരിപാടി നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ താഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്നതുമായ കൃഷിഭവനുകളിൽനിന്നും കൃഷിയെക്കുറിച്ച് മനസ്സിലാക്കുന്നതിനും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ നേരിട്ടിടപെടാനും പഠിക്കുവാനും പരിശീലനം ലഭിക്കുവാനുമാണ് യുവജനങ്ങൾക്കുവേണ്ടി ഈ പദ്ധതി ഉദ്ദേശിച്ചിരിക്കുന്നത്.

2020-21 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൃഷി പാഠശാല. പരിശീലനങ്ങളിലൂടെ കർഷകർക്ക് കൃഷിയിലെ നൂതന സാങ്കേതികവിദ്യകൾ കൈമാറുന്നതിനും മികച്ച കൃഷിക്കാരുടെ കൃഷിയിടങ്ങളിൽവച്ചുതന്നെ നല്ല കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനുമാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരം പരിശീലന പരിപാടികൾ എല്ലാ കർഷകർക്കും പ്രത്യേകിച്ച് യുവാക്കൾക്കും കൃഷിയെ കുറിച്ചും നൂതന കൃഷി രീതികളിലുള്ള അവബോധം സൃഷ്ടിക്കുവാൻ സഹായകരമാണ്. ടി പരിപാടികളുടെ നടത്തിപ്പിനായി ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന കൃഷി ശാസ്ത്രജ്ഞർ

സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനും യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായും കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കുന്ന സംഭരണ സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാൻ യുവസംരംഭകർക്ക് സാധിക്കും. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴിയും യുവസംരംഭകർക്ക് കാർഷിക മേഖലയിൽ പങ്കാളികളാകാവുന്നതാണ്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

തേനീച്ച വളർത്തലിനും തേൻ ഉൽപ്പാദനത്തിനുമുള്ള സഹായം സർക്കാർ നൽകുന്നു. അഗ്രി സ്റ്റാർട്ടപ്പിനുള്ള സഹായവും അഗ്രിബിസിനസ് ഇൻകുബേറ്ററും മൂല്യവർദ്ധന രംഗത്ത് കൂടുതൽ യുവാക്കൾ കടന്നുവരുന്നതിന് സഹായകരമാകുന്നു.

കാർഷിക രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്റർ സർവ്വീസ് ഡെലിവറിയെന്ന പദ്ധതി

ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 107 അഗ്രോ സർവ്വീസ് സെന്ററുകളിലും 368 കാർഷിക കർമ്മസേനകളിലും വിദഗ്ധ പരിശീലനം ലഭിച്ച യുവകർഷകത്തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷിക വൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും ഇവരുടെ സേവനമുപയോഗിച്ച് കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

വിദ്യാർത്ഥികളേയും യുവാക്കളേയും ഉൾപ്പെടുത്തിക്കൊണ്ട് കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന 'വൈഗ അഗ്രി ഹാക്കത്തോണുകൾ' കാർഷിക മേഖലകളിലെ പ്രശ്നങ്ങൾ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പരിഹരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ്. അഗ്രി ഹാക്കത്തോണുകൾ പുതുതലമുറയെ കാർഷിക മേഖലയിൽ കൊണ്ടുവരുന്നതിന് സഹായിക്കുന്നു.

കാർഷിക മേഖലയിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്ന യുവാക്കൾ ഉൾപ്പെടെയുള്ളവർക്ക് സംരംഭകത്വത്തിന് അംഗീകാരം ലഭിക്കുന്നതിന്

ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൃഷി വകുപ്പ് വൈഗയുടെ ഭാഗമായി ഡി.പി.ആർ. ക്ലിനിക്കുകൾ നടത്തിവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ് സംവിധാനം**

13 (3437) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിളകൾ സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള കോൾഡ് സ്റ്റോറേജുകൾ പ്രാഥമിക സഹകരണ സംഘങ്ങളുടെ സഹായത്തോടെ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പദ്ധതിയുടെയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനിലൂടെ MIDH പദ്ധതിയുടെയും ധനസഹായത്തോടെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് കോൾഡ് സ്റ്റോറേജ്/കോൾഡ് ചെയിൻ സംവിധാനങ്ങൾ ആരംഭിക്കാവുന്നതാണ്. AIF പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 14 കോൾഡ് സ്റ്റോറേജ്/കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) അനുയോജ്യമായ പദ്ധതി ലഭ്യമാണെങ്കിൽ തിരുവമ്പാടി മണ്ഡലത്തിൽ കോൾഡ് സ്റ്റോറേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അനുയോജ്യമായ പദ്ധതി തയ്യാറാക്കി ബാങ്കിന് സമർപ്പിച്ച് അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽനിന്നും വായ്പ ലഭ്യമാക്കിയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിലൂടെയും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള സബ്സിഡി നിരക്കിലും കോൾഡ് സ്റ്റോറേജുകൾ ആരംഭിക്കാവുന്നതാണ്.

**കേര രക്ഷാവാരം പദ്ധതി**

14 (3438) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ കേര രക്ഷാവാരം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. 2022-23 വർഷം സംസ്ഥാനത്തുടനീളം കേര രക്ഷാവാരം ഘടകം നടപ്പിലാക്കുന്നു. പച്ചിലവളങ്ങളുടെ പ്രാധാന്യം, തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിന്റെ പ്രസക്തി, കീടരോഗ നിയന്ത്രണം എന്നിവയെക്കുറിച്ച് കർഷകർക്ക് അവബോധം നൽകുവാൻ പരിശീലന പരിപാടികൾ നടത്തുന്നു. കേരഗ്രാമങ്ങളുൾപ്പെടുന്ന പ്രദേശത്താണ് പദ്ധതി നടത്തിപ്പിന് ഊന്നൽ നൽകിയിട്ടുള്ളത് (പഴയതും പുതിയതും). ഈ പദ്ധതി ഘടകത്തിൽ പച്ചിലവളം പ്രയോഗത്തിന് പ്രാധാന്യം നൽകുന്നു. തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂറ് വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) നൽകുന്നു. പച്ചിലവളച്ചെടികൾ പൂവിടുന്ന സമയമാകുമ്പോൾ മണ്ണിലേയ്ക്ക് ഉളക്കിച്ചേർക്കുന്നു. അതുവഴി മണ്ണിന്റെ ഘടനയും വളക്കൂറും മെച്ചപ്പെടുന്നു. കൂടാതെ, പച്ചിലവള ചെടികളെ, ആവരണ വിളയായിട്ടും കാലിത്തീറ്റയായും മണ്ണൊലിപ്പ് തടയുന്നതിനും പ്രയോജനപ്പെടുത്തുന്നു. ഇതിനായി ഒരു തെങ്ങിന് 6.25 രൂപ എന്ന നിരക്കിൽ 50 ലക്ഷം തെങ്ങുകൾക്ക് സബ്സിഡി നൽകുന്നു. ശീമക്കൊന്നയുടെ ശിഖരങ്ങൾ വെട്ടി മണ്ണിൽ ചേർക്കുന്നതുമൂലം ജൈവാംശം മണ്ണിലേയ്ക്ക് കൂട്ടുതലായി എത്തിച്ചേരുന്നു. ശീമക്കൊന്ന വച്ചുപ്പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ട് രൂപ സബ്സിഡി നിരക്കിൽ 50 ലക്ഷം

ശീമക്കൊന്ന കമ്പുകൾ നൽകുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങൾ, രോഗങ്ങൾ അവയുടെ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം കർഷകർക്ക് നൽകുവാൻ പരിശീലന പരിപാടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന പ്ലാൻ വിഹിതമായി 433 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്.

(ബി) തെങ്ങിൻ തോട്ടങ്ങളിൽ പച്ചിലവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീട നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവത്കരണം തുടങ്ങിയവ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, കീടരോഗ നിയന്ത്രണം എന്നിവയെക്കുറിച്ചുള്ള ബോധവത്കരണം നടത്തുന്നതിനായി 1025 പരിശീലനങ്ങൾ കേര രക്ഷവാരം ഘടകത്തിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) തെങ്ങിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യം നേടുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പദ്ധതി പുരോഗതി അവസാന ഘട്ടത്തിലാണ്.

## സ്മാർട്ട് കൃഷിഭവൻ

15 (3439) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിനായി തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാന വാർഷിക പദ്ധതിയായ "സ്മാർട്ട് കൃഷിഭവൻ" പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മംഗലപുരം കൃഷിഭവനെയും കരകുളം കൃഷിഭവനെയുമാണ് സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയ ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVII പദ്ധതിയിലുൾപ്പെടുത്തി നഗരൂർ കൃഷിഭവനെയും സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആയതിലേയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാന വാർഷിക പദ്ധതിയായ "സ്മാർട്ട് കൃഷിഭവൻ" പദ്ധതി പ്രകാരം മംഗലപുരം, കരകുളം എന്നീ കൃഷിഭവനുകളുടെ നവീകരണം

പുരോഗമിച്ചുവരുന്നു. പദ്ധതി നടത്തിപ്പിനായി ജില്ലയ്ക്കനുവദിച്ച 25 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVII പദ്ധതി പ്രകാരം നഗരൂർ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സോയിൽ ടെസ്റ്റ് പൂർത്തിയാക്കി ടെണ്ടർ ഫ്ലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ കെ.എൽ.ഡി.സി. മുഖാന്തരം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

16 (3440) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത മണ്ഡലത്തിൽ പ്രഖ്യാപിച്ച കാർഷിക ഇൻകുബേഷൻ സെന്റർ സ്ഥാപിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് രേഖയുടെ അനുബന്ധം II ആയി ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളുടെ വിശദവിവരങ്ങൾ എന്ന വാല്യം II-ൽ 165-മത്തെ ക്രമനമ്പരായി കാർഷിക ഇൻകുബേഷൻ കേന്ദ്രമെന്ന ഇനത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ., ആർ.കെ.വി.വൈ. പദ്ധതികൾ**

17 (3441) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ., ആർ.കെ.വി.വൈ. എന്നീ പദ്ധതികൾ മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഈ സാമ്പത്തികവർഷം എത്ര ഡി.പി.ആർ. സമർപ്പിച്ചിരുന്നു; വിശദാംശം അറിയിക്കാമോ;

(ബി) അതിൽ അനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം; വിശദാംശം അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ ആർ.കെ.വി.വൈ. പദ്ധതി മുഖേന സാമ്പത്തിക സഹായം ലഭിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ട്

പ്രൊപ്പോസലുകൾ കൃഷി വകുപ്പ് മുഖേന സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതികൾക്ക് 264.38 ലക്ഷം രൂപ പദ്ധതി തുകയും 240.84 ലക്ഷം രൂപ ആർ.കെ.വി.വൈ. ധനസഹായത്തുകയും ഭരണാനുമതി നൽകിയിട്ടുണ്ട്.

1) ഉടൻ വിളവെടുക്കാവുന്ന കൂൺ ബാഗ് നിർമ്മാണ യൂണിറ്റ് സ്റ്റേറ്റ് സീഡ് ഫാം പുല്ലൂർ - 6.00 ലക്ഷം രൂപ. (Ready to harvest mushroom bag making unit, State Seed Farm Pullur -Rs. 6.00 Lakh)

2) കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ പ്രവർത്തിക്കുന്ന പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന്റെ ഉൽപ്പന്നങ്ങളുടെ സാങ്കേതികവിദ്യയും ബ്രാൻഡിംഗും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി - 65.10 ലക്ഷം രൂപ. (Project to improve the technology and branding of products of parasite breeding station in State Seed Farm, Kasargod Rs. 65.10 Lakh)

3) കാസർഗോഡ് കശുമാവ് വികസന ഓഫീസിൽ കശുമാങ്ങയുടെയും മറ്റ് കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധനയ്ക്കായി സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ - 40.00 ലക്ഷം രൂപ (Establishment of processing unit for value addition of cashew apple and other farm produce at Cashew Development Office Kasargod - Rs. 40.00 Lakh).

4) Strengthening Secondary Agriculture through establishment of fruits and Vegetable Processing Cluster - College of Agriculture - Rs. 129.38 Lakh.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

18 (3442) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും നിർവ്വഹണ പുരോഗതിയും വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും നിർവ്വഹണ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് കൃഷിഭവനുകൾ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് കൃഷിഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**തരൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എൽ. പദ്ധതി**

19 (3443) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം (2016 മുതൽ) തരൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എൽ.-ൽ ഉൾപ്പെടുത്തിയ ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2016 മുതൽ) പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലത്തിൽ RIDF XX ഘട്ടത്തിൽ വരൾച്ചാ നിവാരണ പദ്ധതിയിലുൾപ്പെടുത്തി കുത്തനൂർ പഞ്ചായത്തിലെ മാറോണിച്ചോല കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 19,40,000 രൂപ അടങ്കൽത്തുകയുള്ള പദ്ധതിയിൽ 17,11,999 രൂപ ചെലവഴിച്ച് 2017-ൽ പദ്ധതി പൂർത്തീകരിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആർ.ഐ.ഡി.എൽ.-ൽ ഉൾപ്പെടുന്ന പദ്ധതികളും അവയുടെ നിർവ്വഹണവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള നീർത്തടാടിസ്ഥാനത്തിലുള്ള പദ്ധതികളും പാടശേഖരങ്ങളുടെ സംരക്ഷണത്തിനുള്ള നീർച്ചാൽ സംരക്ഷണ വെള്ളപ്പൊക്ക നിവാരണ പദ്ധതികളുമാണ് മണ്ണുജല സംരക്ഷണാർത്ഥം RIDF-ൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നിർവ്വഹിച്ചുവരുന്നത്. നീർത്തട പദ്ധതികളിൽ കാർഷിക ഭൂമിയിലെ പ്രവൃത്തികളും നീർച്ചാലുകളുടെ സംരക്ഷണ പ്രവൃത്തികളുമാണ് നിർവ്വഹിക്കുന്നത്. കാർഷിക ഭൂമിയിലെ പ്രവർത്തനങ്ങൾ വ്യക്തിഗത ഗുണഭോക്താക്കളുടെ പുരയിടങ്ങളിൽ ഗുണഭോക്താവ് നേരിട്ടോ ഗുണഭോക്തൃ കമ്മിറ്റി മുഖേനയോ ആണ് നിർവ്വഹിക്കുന്നത്. നീർച്ചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഗുണഭോക്തൃ കമ്മിറ്റി മുഖേനയാണ് നിർവ്വഹിച്ചുവരുന്നത്. പദ്ധതി പ്രദേശത്ത് അധിവസിക്കുന്ന ഗുണഭോക്താക്കളിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരു ഗുണഭോക്തൃ കമ്മിറ്റിയാണ് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത്. RIDF XXIV ഘട്ടം മുതൽ

പൊതുപ്രവൃത്തികൾ ടെണ്ടർ നടപടി മുഖേനയാണ് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത്.

**കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

20 (3444) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും 2022-23 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സ്മാർട്ട് കൃഷിഭവൻ**

21 (3445) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും കൂടുതൽ ജനകീയവുമാക്കുന്നതിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ബി) ഓരോ മണ്ഡലത്തിലും ഓരോ സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കായി ഇതുവരെ ചെലവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കായി ഇതുവരെ ചെലവാക്കിയ തുകയുടെ മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2023-24 ബഡ്ജറ്റിൽ സ്മാർട്ട് കൃഷിഭവനുകൾക്കായി തുക നീക്കിവച്ചിട്ടുണ്ടോ?

ഉണ്ട്. സ്മാർട്ട് കൃഷിഭവനുകൾക്കായി 2023-24-ൽ 1,000 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കൃഷിഭവനുകളിൽ ഫ്രണ്ട് ഓഫീസുകളുടെ നിർമ്മാണം, കെട്ടിടത്തിന്റെ അടിസ്ഥാനസൗകര്യ വികസനം, വിവര സാങ്കേതികവിദ്യാധിഷ്ഠിതമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ സ്ഥാപനം എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഓരോ കൃഷിഭവനുകളുടെയും പരിധിയിലെ കാലപ്പഴക്കമുള്ളതും പ്രവർത്തനരഹിതവുമായ കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനോ ഉപയോഗശൂന്യമായവ മാറ്റിസ്ഥാപിക്കുന്നതിനോ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. കാർഷിക യന്ത്രങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിന് "കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം" എന്ന കാര്യപരിപാടി ആവിഷ്കരിച്ച് 1855 കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ, കാർഷിക യന്ത്രങ്ങൾ സ്വയം അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് പരിശീലന ക്യാമ്പുകൾ നടത്തി 705 പേർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. ബ്ലോക്കുതലത്തിൽ പ്രവർത്തനരഹിതവും എന്നാൽ ഉപയോഗിക്കാൻ പറ്റുന്നതുമായ യന്ത്രങ്ങൾ കൊണ്ടുവന്ന് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് "കാർഷിക യന്ത്രം സർവ്വം ചലിതം കിളിമാനൂർ" എന്ന പേരിൽ ഒരു മാതൃകാ പദ്ധതി 2022-ൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ നടത്തുകയുണ്ടായി. ഈ മാതൃകയനുസരിച്ച് സംസ്ഥാനത്തിലുടനീളമായി "കാർഷിക യന്ത്രം സർവ്വം ചലിതം കേരള" എന്ന ഒരു ബൃഹത് പദ്ധതിയും നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്.

(എഫ്) സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും കർഷക സൗഹൃദ കൃഷിഭവനങ്ങളാക്കി മാറ്റുന്നതിനും ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതികൾ അവലംബിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി കർഷക സൗഹൃദ കൃഷിഭവനുകളാക്കുന്നതിനാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

**മഞ്ചേശ്വരം മണ്ഡലത്തിലെ കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി**

22(3446) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21, 2021-22 വർഷങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിൽ കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ എത്ര ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്; ആയതിന്റെ വിവരം പഞ്ചായത്ത്, കൃഷിഭവനുകൾ എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

2019-20, 2020-21, 2021-22 വർഷങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിൽ കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഗുണഭോക്താക്കളിൽനിന്ന് എത്ര പേരെയാണ് സൗജന്യ വൈദ്യുതി പദ്ധതിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്; പഞ്ചായത്ത്, കൃഷിഭവൻ എന്നിവ തിരിച്ച് വിവരം ലഭ്യമാക്കുമോ?

കൃഷിക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) കാർഷിക ഗുണഭോക്താക്കളെ സൗജന്യ വൈദ്യുതി പദ്ധതിയിൽനിന്നും ഒഴിവാക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവോ സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ സഹിതം വിശദവിവരം ലഭ്യമാക്കുമോ?

പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്തതും ദുരുപയോഗം നടത്തുന്നതുമായ ഗുണഭോക്താക്കളെ ഫീൽഡ് പരിശോധനയിൽ കണ്ടെത്തി ഒഴിവാക്കാറുണ്ട്. പദ്ധതി ആനുകൂല്യം വേണ്ടെന്നറിയിക്കുന്ന കർഷകരെയും പദ്ധതിയിൽനിന്നും ഒഴിവാക്കാറുണ്ട്. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ചുവടെ ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

04-02-1999-ലെ സ.ഉ.(എം.എസ്.)നം.30/99/കൃഷി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

11-02-2020-ലെ സർക്കുലർ നം. TA(2) 12530/19.

28-02-2020-ലെ സർക്കുലർ നം.TA(2) 5257/20

(ഡി) പ്രസ്തുത മണ്ഡലത്തിൽ സൗജന്യ വൈദ്യുതി പദ്ധതിയിൽ തുടരുന്നതിനായി കർഷകർക്ക് കൃഷിഭവനുകളിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങളോ അറിയിപ്പോ നൽകിയിട്ടുണ്ടോ; ഗുണഭോക്താക്കൾക്ക് ഇത് സംബന്ധിച്ച് നോട്ടീസ് നൽകുകയോ കൃഷിഭവൻ ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

ഉണ്ട്. പദ്ധതി സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ, പരിഷ്കാര നടപടികൾ, നിർദ്ദേശങ്ങൾ എന്നിവ അതത് സമയം കർഷകർക്ക് കൃഷിഭവൻ മുഖേന അറിയിപ്പായി നൽകിവരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ മാധ്യമങ്ങൾ, നോട്ടീസ് ബോർഡുകൾ, ഗ്രാമസഭകൾ എന്നിവയിലൂടെയെല്ലാം കർഷകർക്ക് അറിയിപ്പ് നൽകിവരുന്നുണ്ട്. കൃഷിഭവൻതലത്തിൽ രൂപീകരിച്ചിട്ടുള്ള പദ്ധതി ഗുണഭോക്താക്കളുടെ വാട്ട്സാപ്പ് ഗ്രൂപ്പുകൾ, കൃഷിഭവൻതലത്തിലുള്ള കാർഷിക വികസന സമിതി യോഗങ്ങൾ, പഞ്ചായത്ത് യോഗങ്ങൾ, പാടശേഖര സമിതികളുൾപ്പെടെയുള്ള കർഷക സമിതി യോഗങ്ങൾ എന്നിവയിലൂടെ അറിയിപ്പുകൾ നൽകുന്നു.

പദ്ധതി ദുരുപയോഗം ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ കൃഷിഭവൻതലത്തിൽ ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്താറുണ്ട്.

(ഇ) വൈദ്യുതി ബിൽ അടയ്ക്കണമെന്ന കെ.എസ്.ഇ.ബി.-യുടെ നോട്ടീസ് ലഭിച്ച പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷകർക്ക് കുടിശ്ശിക തുകയും സൗജന്യ വൈദ്യുതിയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഓരോ ഇലക്ട്രിക്കൽ സെക്ഷനിലും കുടിശ്ശികയുള്ള കൺസ്യൂമർ നമ്പർ തിരിച്ചുള്ള വിവരങ്ങൾ ചേർത്തുള്ള Consolidated statement കെ.എസ്.ഇ.ബി.-യിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് സൗജന്യ വൈദ്യുതി പദ്ധതിയിലെ കുടിശ്ശികത്തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നാളികേര സംഭരണം

23 (3447) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വിലയിടിവ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ

പച്ചത്തേങ്ങ സംഭരണം 14-01-2022-ലെ സ.ഉ.(കൈ)നം. 3/2022 കൃഷി ഉത്തരവ് പ്രകാരം പുനരാരംഭിച്ചത്. നിലവിൽ കേരഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ/FPO മുഖേനയും VFPCK, KSCDC എന്നിവ മുഖേനയും പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. പച്ചത്തേങ്ങ കിലോയ്ക്ക് 32/- രൂപ സംഭരണവില നൽകിയാണ് സംഭരിച്ചുവരുന്നത്. 23-02-2023 വരെ 9427.60957 MT പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്. സംഭരണ വില 27/- രൂപയായിരുന്നത് 2021 ഏപ്രിൽ മുതൽക്കാണ് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് 14-01-2022 മുതൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. തേങ്ങയുടെ ഉൽപ്പാദനച്ചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണവില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2022 സീസണിലെ തേങ്ങയുടെ താങ്ങുവില 28.60 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.40 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്ന് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

(ബി) നാളികേര ഉൽപ്പാദനം കൂടുതലുള്ള പ്രദേശങ്ങളിൽനിന്നും സംഭരണം നടത്തുന്നതിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

നിലവിൽ 167 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളത്. ആയതിൽ 121 സംഭരണ കേന്ദ്രങ്ങൾ വഴി ഇപ്പോൾ പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. 04-03-2022-ലെ സ.ഉ.(കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽനിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർത്ഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും 07-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കുവാനുള്ള പുതുക്കിയ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകൾക്ക് സംഭരണ ചുമതല നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാന ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേരഫെഡിനേയും നാളികേര വികസന കോർപ്പറേഷനേയുമാണ്. നിലവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാനസൗകര്യവും താൽപ്പര്യവുമുള്ള സഹകരണ ബാങ്കുകൾ

ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPO-കൾ എന്നിവയിൽനിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട സമിതി തെരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണാപത്രം ഒപ്പുവച്ചശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം ജില്ലാതല സമിതി ശിപാർശ ചെയ്യുന്ന ഏത് സഹകരണ സംഘത്തിനും അനുമതി ലഭിക്കുന്ന മുറയ്ക്ക് നാളികേര സംഭരണത്തിൽ പങ്കാളിയാകാവുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി**

24 (3448) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽനിന്നും പാറത്തോട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കാൻ ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽനിന്നും പാറത്തോട് കൃഷിഭവനെ പ്രസ്തുത പദ്ധതി പ്രകാരം സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

25 (3449) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഓരോ പഞ്ചായത്തിലും പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കേരഗ്രാമങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്ന പദ്ധതി

26 (3450) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ., ആർ.കെ.വി.വൈ. എന്നിവ മുഖേന നടപ്പിലാക്കിയ തോടുകളും കുളങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കൽ പദ്ധതിയുടെ വിശദവിവരം അറിയിക്കുമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ തോടുകളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കൽ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് RIDF XX ഘട്ടത്തിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ 56 കുളങ്ങളുടെ നവീകരണ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന RIDF XXV വരെയുള്ള ഘട്ടങ്ങളിലുൾപ്പെടുത്തി പത്ത് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏഴ് എണ്ണം പൂർത്തീകരിക്കുകയും RIDF XXV ഘട്ടത്തിലെ മൂന്ന് പദ്ധതികൾ (കൊരങ്കതോട്, പിട്ടുകാരിക്കുളമ്പ്, കല്ലംപറമ്പ്) തുടർന്നുവരികയും ചെയ്യുന്നു.

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ അഞ്ച് പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ തോടുകൾ, കുളങ്ങൾ, മറ്റ് ജലസ്രോതസുകൾ എന്നിവ സംരക്ഷിക്കൽ പദ്ധതിയുടെ വിശദവിവരം അറിയിക്കുമോ?

RIDF XXV-ൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന കിഴക്കഞ്ചേരി പഞ്ചായത്തിലെ 49.1 ലക്ഷം രൂപയുടെ അടങ്കൽത്തുകയുള്ള പിട്ടുക്കാരിക്കുളമ്പ് നീർത്തട പദ്ധതിയിൽ 39.89 ലക്ഷം രൂപ ചെലവഴിച്ച് 386 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 80 ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ തോടുകൾ, കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കൽ പദ്ധതിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

## ബഡ്ജറ്റിൽ വകയിരുത്തിയ തുക

27 (3451) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷി, സോയിൽ സർവ്വേ, സോയിൽ കൺസർവേഷൻ, കാർഷിക സർവ്വകലാശാല, വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ വകുപ്പുകൾക്ക് എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷി വകുപ്പിന് സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതമായി 547.46 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്, മണ്ണ് പര്യവേഷണ വിഭാഗം മുഖേന 401 ലക്ഷം രൂപയുടെ 6 പദ്ധതികൾക്കും മണ്ണ് സംരക്ഷണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗം മുഖേന 2,965 ലക്ഷം രൂപയുടെ 9 പദ്ധതികൾക്കും ഉൾപ്പെടെ 3,366 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

2022-23 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് പദ്ധതിയേതര വിഹിതമായി 407.781 കോടി രൂപയും പ്ലാൻ ഫണ്ട് വിഹിതമായി 75 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പിന്നീട് സർവ്വകലാശാലയുടെ പ്ലാൻ വിഹിതം 75 കോടി രൂപയിൽനിന്നും 42.6940 കോടി രൂപയാക്കി കുറവുവരുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ വെയർഹൗസിംഗ് കോർപ്പറേഷന് 135 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) ഈ തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിരുന്നോവെന്ന് വ്യക്തമാക്കാമോ?

കൃഷിവകുപ്പിന്റെ പദ്ധതികൾക്കായുള്ള മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി സർക്കാരിൽനിന്നും ലഭിച്ചിരുന്നു. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ആവശ്യാനുസരണം ചെലവഴിച്ചുവരുന്നു. മണ്ണ് പര്യവേഷണ വിഭാഗത്തിന് 172.93 ലക്ഷം രൂപയും മണ്ണ് സംരക്ഷണ വിഭാഗത്തിന് 2,071.64 ലക്ഷം രൂപയും ഉൾപ്പെടെ 2,244.57 ലക്ഷം രൂപ നാളിതുവരെ അനുവദിച്ച് കിട്ടിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ 2023 ജനവരി 31 വരെ 339.8175 കോടി രൂപയാണ് പദ്ധതിയേതര വിഹിതമായി ധനകാര്യവകുപ്പിൽനിന്നും കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചുകിട്ടിയത്. 2022-23 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക് പ്ലാൻ ഫണ്ടിന്റെ ആദ്യ ഗഡുവായി 19 കോടി രൂപ ലഭിച്ചു.

135 ലക്ഷം രൂപയിൽ 59.95 ലക്ഷം രൂപ വെയർഹൗസിംഗ് കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത തുക ഏതെല്ലാം മേഖലയ്ക്ക് എത്ര വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കൃഷി വകുപ്പ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കാർഷിക സർവ്വകലാശാലയ്ക്ക് ഒന്നാം ഗഡുവായി അനുവദിച്ച പദ്ധതി തുകയായ 19 കോടി രൂപ വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം, അടിസ്ഥാന സൗകര്യവികസനം, ഇ-ഭരണം, വിദ്യാർത്ഥിക്ഷേമം എന്നീ ആറ് ഘടകങ്ങൾക്കായി അനുവദിച്ചു.

വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ച 59.95 ലക്ഷം രൂപ താഴെപ്പറയുന്ന മേഖലയ്ക്കാണ് അനുവദിച്ചത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നം. | പ്രവൃത്തികൾ | ജില്ല | തുക |
|---|---|---|---|
| 1 | ഗോഡൗൺ നിർമ്മാണം | പത്തനംതിട്ട | 41.15 |
| 2 | ഗോഡൗൺ നിർമ്മാണം | പാലക്കാട് | 14.15 |
| 3 | ഗോഡൗണുകളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിന് | തിരുവനന്തപുരം എറണാകുളം | 4.30 |

(ഡി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് പ്രവൃത്തിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അനുവദിച്ച തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ഡി&ഇ) കൃഷി വകുപ്പ്, 2022-23 സാമ്പത്തികവർഷത്തിലെ 'നെൽകൃഷി വികസന പദ്ധതിയിലെ' Project based support for infrastructure development in padashekharams for reviving paddy cultivation including block level convergence, establishment of rice mills, promotion of local brands", "Operational support to Paddy Development Agencies" എന്നീ ഘടകങ്ങളിലുൾപ്പെടുത്തിയും താഴെ പറയുന്ന പദ്ധതികൾക്കും പ്രവൃത്തികൾക്ക് തുക അനുവദിച്ചു.

| ക്രമ നം. | പദ്ധതിയുടെ പേര് | ശീർഷകം | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ക്യാപിറ്റൽ ഔട്ട് ലേ-കൃഷി ഫാമുകളുടെ അടിസ്ഥാന | 4401-00-104-98 പ്ലാൻ | 300.00 |

| | | | |
|---|---|---|---|
| | സൗകര്യവികസനവും യന്ത്രവത്കരണവും | | |
| 2 | സീഡ് ഡെവലപ്മെന്റ് പ്ലാൻ- കൃഷി ഫാമുകളുടെ അടിസ്ഥാനസൗകര്യ വികസനം | 2401-00-104-91 പ്ലാൻ | 200.00 |
| 3 | കുട്ടനാട് മേഖലയിലെ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട) കാർഷിക വികസനം-പെട്ടി പറ മാറ്റി ഊർജ്ജക്ഷമത കൂടിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും കുട്ടനാടൻ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും | 2401-00-119-78-00-00-00 പ്ലാൻ | 1200.00 |
| 4 | പുനർജനി-പന്തളം ഷുഗർ കെയിൻ ഫാമിന്റെ അടിസ്ഥാനസൗകര്യ വികസനവും ആലപ്പുഴ കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളുടെ പ്രത്യേക അറ്റകുറ്റപ്പണികളും | 4401-00-800-94-00-00-00 പ്ലാൻ | 185.00 |
| 5 | ഡിപ്പാർട്ട്മെന്റ് ലാബുകളുടെ നവീകരണം | 2401-00-105-86 പ്ലാൻ | 3.30 |
| 7 | നെൽകൃഷി വികസനം- Project based support for infrastructure development in padashekharams for reviving paddy cultivation including block level convergence, establishment of rice mills, promotion of local brands | 2401-00-102-90 പ്ലാൻ | 70.00 |

| | | | |
|---|---|---|---|
| 8 | നെൽകൃഷി വികസനം-Operational support to Paddy Development Agencies | 2401-00-102-90 പ്ലാൻ | 22.202 |

പ്രസ്തുത പദ്ധതികളിലുൾപ്പെട്ട പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കാർഷിക സർവ്വകലാശാല പദ്ധതി പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഉദ്ദേശ്യലക്ഷ്യങ്ങളനുസരിച്ച് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**റബ്ബർ വില സ്ഥിരതാഫണ്ട് നൽകുന്നതിനായി നീക്കിവച്ച തുക**

28 (3452) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015 മുതൽ സംസ്ഥാനത്തെ ബഡ്ജറ്റുകളിൽ റബ്ബർ വിലസ്ഥിരതാഫണ്ട് നൽകുന്നതിനായി എത്ര കോടി രൂപ വകയിരുത്തിയെന്നും അതിൽ ഓരോ വർഷവും എത്ര രൂപ വീതം വിതരണം ചെയ്തുവെന്നും വർഷം തിരിച്ച് വിവരം നൽകുമോ?

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതിയുടെ കീഴിൽ സബ്സിഡി അനുവദിക്കുന്നതിനായി 2015-16 സാമ്പത്തികവർഷം 300 കോടി രൂപയും തുടർന്നുള്ള വർഷങ്ങളിൽ 500 കോടി രൂപ വീതവും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഓരോ സാമ്പത്തികവർഷവും കർഷകർക്ക് അനുവദിച്ച സബ്സിഡിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Financial year wise expenditure | |
|---|---|
| Financial year | Subsidy amount disbursed (In crores) |
| 2015-16 | 270.21 |
| 2016-17 | 410.13 |
| 2017-18 | 225.06 |
| 2018-19 | 358.93 |
| 2019-20 | 218.51 |
| 2020-21 | 269.92 |
| 2021-22 | 20.97 |
| 2022-23 | 33.19 |
| **TOTAL** | **1806.92** |

**റബ്ബർ വില സ്ഥിരതാഫണ്ട്**

29 (3453) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 കാലഘട്ടത്തിൽ സംസ്ഥാന ബഡ്ജറ്റിൽ റബ്ബർ വില സ്ഥിരതാഫണ്ടായി എത്ര രൂപയാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിൽ പ്രസ്തുത വില സ്ഥിരതാഫണ്ട് പ്രഖ്യാപിച്ചശേഷം എത്ര പേർക്ക് ഫണ്ട് മുഖേന ആനുകൂല്യം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയിൽ എത്ര കോടി രൂപയുടെ ആനുകൂല്യമാണ് കർഷകർക്ക് ഈ സാമ്പത്തികവർഷം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തികവർഷം എത്ര പേർ വില സ്ഥിരതാഫണ്ട് ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചുവെന്നും ഇതിൽ എത്ര പേർക്ക് ധനസഹായം നൽകാനുണ്ടെന്നും അറിയിക്കാമോ;

(ഇ) വിലസ്ഥിരതയ്ക്കായി പ്രഖ്യാപിച്ച തുകയിൽ ധനസഹായം കിട്ടുവാനുള്ളവർക്ക് അവശേഷിക്കുന്ന ഫണ്ട് പര്യാപ്തമാണോ; എങ്കിൽ അവശേഷിക്കുന്ന ഫണ്ട് എങ്ങനെ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(എ - ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2022-23 സാമ്പത്തികവർഷം 500 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴവൻ ബില്ലുകളിന്മേലും സബ്സിഡി ഇനത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം നടപ്പുസാമ്പത്തികവർഷം മാത്രം റബ്ബർ ബോർഡ് സമർപ്പിച്ച 141616 ബില്ലുകളിന്മേൽ ആകെ 33,19,56,602 രൂപ കർഷകർക്ക് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന ബില്ലുകളിന്മേൽ താമസംവിനാ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ സാമ്പത്തികവർഷം ഇനി അപേക്ഷിക്കുന്ന കർഷകർക്കും ധനസഹായം നൽകാൻ കഴിയും.

**പച്ചക്കറി കൃഷി വിപുലീകരിക്കാൻ നടപടി**

30 (3454) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വില നിയന്ത്രിക്കുന്നതിന് വകുപ്പിന്റെ കീഴിൽ ഏതൊക്കെ സർക്കാർ ഏജൻസികളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ?

ഗുണഭോക്താക്കൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി കൃഷി വകുപ്പ് വിപണി ഇടപെടൽ പദ്ധതി 2016 മുതൽ തുടർച്ചയായി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയോടൊപ്പം കൃഷി വകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സഹകരിച്ചുവരുന്നുണ്ട്. കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറി ലഭിക്കുന്നതിനും ഈ പദ്ധതി വളരെ സഹായകരമാണ്.

ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവ കൂടാതെ കൃഷി വകുപ്പ്, വിവിധ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ചചന്തകൾ, നഗര വഴിയോര ആഴ്ചചന്തകൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകരുൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകർ നേരിട്ട് ഗുണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. RKVY പദ്ധതി പ്രകാരം എസ്.എഫ്.എ.സി. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ

പൂർത്തിയായിട്ടുണ്ട്. കൂടാതെ 50 FPO-കളുടെ നവീകരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 41 FPO-കളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ "10000 FPO-കൾ" പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 38 FPO-കളും 2021-22 വർഷത്തിൽ 36 FPO-കളും 2022-23 വർഷത്തിൽ 2 FPO-കളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

(ബി) വീടുകളിലും നാനോ കൃഷിയിടങ്ങളിലും കൃഷി ചെയ്യുന്ന വിളകൾ സംഭരിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ?

വീടുകളിലും നാനോ കൃഷിയിടങ്ങളിലും കൃഷി ചെയ്യുന്ന വിളകൾ സംഭരിക്കുന്നതിന് 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി രൂപംകൊണ്ട് വരുന്ന കൃഷിക്കൂട്ടങ്ങളെ പ്രവർത്തനസജ്ജമാക്കുന്നതാണ്.

(സി) എങ്കിൽ പ്രാദേശികതലത്തിൽ പച്ചക്കറി കൃഷി വിപുലീകരിക്കാൻ നടപടി സ്വീകരിക്കാമോ?

പ്രാദേശികതലത്തിൽ പച്ചക്കറി കൃഷി വിപുലീകരിക്കുന്നതിനായും എല്ലാ കുടുംബങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". “ ഞങ്ങളും കൃഷിയിലേയ്ക്ക്"

പദ്ധതിയിലൂടെ ഒരു ലക്ഷം കൃഷിയിടങ്ങളിൽ പുതുതായി കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കർഷക ദിനമായ ചിങ്ങം 1 (2022 ഓഗസ്റ്റ് 17) -ന് 102314 കൃഷിയിടങ്ങളിൽ പുതുതായി കൃഷിക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തൊട്ടാകെ നെല്ല്, വിവിധയിനം പച്ചക്കറിയിനങ്ങൾ, തെങ്ങ്, വാഴ, കവുങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങി മറ്റ് വിളകളുൾപ്പെടെ 78312 ഹെക്ടർ സ്ഥലത്ത് ഇതുമൂലം കൃഷി വ്യാപിപ്പിക്കുവാൻ സാധ്യമായിട്ടുണ്ട്. സംസ്ഥാനത്തെ കാർഷിക സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ 25887 കൃഷിക്കൂട്ടങ്ങൾ (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉൽപ്പാദന-സേവന-മൂല്യവർദ്ധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുവാനും 136344 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കുവാനും സാധ്യമായിട്ടുണ്ട്. ഇവയിൽ 15249 കൃഷിക്കൂട്ടങ്ങൾ കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളവയുടെ രജിസ്ട്രേഷൻ നടപടി പൂർത്തിയായിവരുന്നു. സംസ്ഥാനത്ത് പച്ചക്കറിയുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ക്യാമ്പയിന്റെ

ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികളൊഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉൽപ്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉൽപ്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് വരുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലുൾപ്പെട്ട പ്രധാന ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം:</u>

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറിത്തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറി സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാനുദ്ദേശിച്ചാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതി നടപ്പിലാക്കിവരുന്നത്. കൂടാതെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ 15/- രൂപ വിലവരുന്ന തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

സ്ഥലപരിമിതിമൂലം കൃഷിചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി തുടങ്ങിയ കൃഷി രീതികൾ

പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിനായി മട്ടുപ്പാവ് കൃഷി എന്ന ഘടകത്തിൽ ഒരു യൂണിറ്റിന് 2,000/- രൂപ എന്ന നിരക്കിൽ സബ്സ്ഡി നൽകുന്നു.

<u>സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി</u>:

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

<u>വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി</u>:

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകരടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതി ഘടകമാണിത്. ക്ലസ്റ്ററുകളിലുൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിലുൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെയും ധനസഹായം നൽകുന്നു. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറിയിനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന്

10,000/- രൂപ അധിക ധനസഹായം നൽകിവരുന്നു. സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500/- രൂപ വരെയും സബ്സിഡി നൽകിവരുന്നു.

പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം:

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി, കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറിക്കൃഷി സാധ്യമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. കൂടാതെ പമ്പ്സെറ്റും മറ്റനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000/- രൂപ വരെ ധനസഹായം നൽകുന്നു. പന്തലിനം പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സ്ഥായിയായ പന്തൽ നിർമ്മിക്കുന്നതിനായി 25 ശതമാനം സബ്സിഡി നിരക്കിൽ ഹെക്ടറിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകിവരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങൾക്ക് പുറമേ ഹൈബ്രിഡ് വിത്തുകളും അത്യുൽപ്പാദനശേഷിയുള്ള

വിത്തുകളും തൈകളും വിതരണം ചെയ്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കൽ, തുറന്ന സ്ഥലത്തെ കൃത്യത കൃഷി (ഓപ്പൺ പ്രിസിഷൻ ഫാമിംഗ്) പ്രോത്സാഹനം എന്നീ പദ്ധതി ഘടകങ്ങൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്.

### നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

31 (3455) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന നെൽപ്പാടങ്ങൾ, കായൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കൃഷി ഇറക്കി നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ഹെക്ടർ ഒന്നിന് ആകെ 40,000/- രൂപ പ്രകാരം തരിശുനില കൃഷിക്ക് ആനുകൂല്യം നൽകുന്നു. 2021-22 സാമ്പത്തികവർഷത്തിൽ 'സുഭിക്ഷകേരളം' പദ്ധതി പ്രകാരം ആകെ 4431 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കി. 2022-23 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1415 ഹെക്ടർ തരിശ് നെൽകൃഷി നടപ്പിലാക്കുന്നതിനായി 566 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു. പാടശേഖരം

കൃഷിയോഗ്യമാക്കുന്നതിന് എന്തെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആവശ്യമെങ്കിൽ ആയതിന്റെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ കൃഷിഭവൻ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കുന്നപക്ഷം നെൽകൃഷി വികസന പദ്ധതിയിലെ "പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം ബ്ലോക്ക് ലെവൽ കൺവെർജെൻസ്" എന്ന ഘടകത്തിൽ ലഭ്യമായ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്.

കായൽ നിലങ്ങളുൾപ്പെടെയുള്ള നെൽപ്പാടങ്ങൾക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിലുൾപ്പെടുത്തി അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500/- രൂപയുടെ ആനുകൂല്യവും പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപയും ആനുകൂല്യമായി നൽകിവരുന്നു. ഈ സാമ്പത്തികവർഷം കോട്ടയം ജില്ലയിലെ നാട്ടകത്തെ നാലേക്കർ കായൽ നിലത്ത് തരിശ് നെൽകൃഷി ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടർ പ്രദേശത്ത് നിലവിൽ നെൽകൃഷി ചെയ്തുവരുന്നുണ്ട്; വിശദമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2020-21 വർഷത്തിൽ സംസ്ഥാനത്ത് വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്ന് സീസണുകളിലായി ആകെ 205040 ഹെക്ടറാണ് നെൽകൃഷിയുടെ വിസ്തൃതി. പ്രസ്തുത വകുപ്പിന്റെ ഫൈനൽ എസ്റ്റിമേറ്റ് പ്രകാരം 2021-22 വർഷത്തിൽ നെൽകൃഷിയുടെ വിസ്തൃതി 194953.96 ഹെക്ടറാണ്.

## വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിയുടെ കെ.ഡി.എ. രജിസ്ട്രേഷൻ

32 (3456) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെളുത്തൂർ ഉൾപ്പാടം കോൾ പാടശേഖര സമിതി കെ.ഡി.എ. രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ 2016-17 മുതലുള്ള പമ്പിംഗ് സബ്സിഡി അനുവദിച്ചിട്ടില്ലെന്ന വിഷയത്തിൽ പ്രസ്തുത പാടശേഖര സമിതിയുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. മനക്കൊടി-വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിക്ക് കോൾനില വികസന ഏജൻസി അംഗത്വ രജിസട്രേഷനുമായി ബന്ധപ്പെട്ട് 05-07-2018-ൽ തൃശ്ശൂർ പുഞ്ച സ്പെഷ്യൽ ഓഫീസിൽ അപേക്ഷ ലഭിച്ചിരുന്നു. ഈ പടവ് 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം കട്ടുംകൃഷി നെല്ലുൽപ്പാദക സമിതി' എന്നപേരിൽ മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും 2011-12 കാലഘട്ടംവരെ പ്രസ്തുത പാടശേഖരത്തിന് സബ്സിഡി അനുവദിച്ചിട്ടുള്ളതാണെന്നും എന്നാൽ ടി പാടശേഖരത്തിനെതിരെ വിജിലൻസ് കേസ് വന്നതിനാൽ തുടർന്നുള്ള വർഷങ്ങളിൽ സബ്സിഡി അനുവദിച്ചിട്ടില്ലാത്തതാണെന്നും പഴയ സമിതിയുടെ ബാധ്യതകൾ ഏറ്റെടുക്കാൻ സാധിക്കില്ലെന്ന് പുതിയ സമിതി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കേസിന്റെ അന്തിമ വിധിക്കാധാരമായി പഴയ സമിതി രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പുതിയ സമിതിക്ക് രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണെന്നുമുള്ള പുഞ്ച സ്പെഷ്യൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോൾ നില വികസന ഏജൻസിയുടെ കോ-ഓർഡിനേറ്ററെ 18-11-2019-ൽ അറിയിച്ചിരുന്നു. തുടർന്ന് 17-12-2021-ൽ 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം കട്ടുംകൃഷി നെല്ലുൽപ്പാദക സമിതി' സബ്സിഡി വിതരണവുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടത്തുക

സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുള്ളതാണ്. പഴയസമിതി രജിസ്ട്രേഷൻ റദ്ദ് ചെയ്ത് 'മനക്കൊടി വെളുത്തൂർ ഉൾപ്പാടം പാടശേഖര സമിതിക്ക്' നിലവിലെ നിയമങ്ങൾക്ക് വിധേയമായി കോൾനില വികസന ഏജൻസിയിൽ അംഗത്വം നൽകുന്നതിന് കോൾനില വികസന ഏജൻസി കോ-ഓർഡിനേറ്റർക്ക് പുഞ്ച സ്പെഷ്യൽ ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

**കൃഷിഭവനുകൾ മുഖേനയുള്ള നെല്ല് സംഭരണം**

33 (3457) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലയളവിൽ കൃഷിഭവനുകൾ മുഖേന നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര കൃഷിഭവനുകൾ മുഖേന ഇത്തരത്തിൽ നെല്ല് സംഭരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഇല്ല. സപ്ലൈകോയെയാണ് സർക്കാർ നെല്ല് സംഭരണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര നെല്ല് സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; നെല്ല് സംഭരിക്കുന്നതിനാവശ്യമായ സംവിധാനങ്ങളില്ലാത്തതിനാലും കർഷകർ വലിയ പ്രതിസന്ധി നേരിടുന്ന

സാഹചര്യത്തിലും കൃഷിഭവനുകൾ മുഖേന നെല്ല് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യുന്ന കർഷകൻ ടിയാൾ കൃഷി ചെയ്യുന്ന സ്ഥലത്തെ കൃഷിഭവന്റെ പരിധിയിൽപ്പെടുന്ന ഏതെങ്കിലും പ്രദേശത്ത് നെല്ല് കൊണ്ടുവരികയും അവിടെനിന്നും സപ്ലൈകോ സംഭരിക്കുകയും ചെയ്യുന്നു.

**കാർഷിക മേഖലയെ പ്രതിസന്ധിയിൽനിന്നും കരകയറ്റാൻ നടപടി**

34 (3458)ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണത്തിലെ പാളിച്ചകൾമൂലം കർഷകർ ദുരിതമനുഭവിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ കൊയ്ത്ത് കഴിഞ്ഞാൽ ഉടൻതന്നെ നെല്ല് സംഭരിക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ കർഷകന്റെ അക്കൗണ്ടിൽ വില നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; ആയതിന് വകുപ്പ് മുൻകയ്യെടുത്ത് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇല്ല. നിലവിൽ നെല്ല് സംഭരണം സുഗമമായി നടക്കുന്നു. 2022-23 സീസണിൽ 24-02-2023 വരെ 87275 കർഷകരിൽനിന്നും 2.28 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. കർഷകർക്ക് സമയബന്ധിതമായി വില നൽകുന്നതിനായി എസ്.ബി.ഐ, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയിൽനിന്നും നേരിട്ടും കേരള ബാങ്കിൽനിന്നും പി.ആർ.എസ്. പദ്ധതി പ്രകാരവും സപ്ലൈകോ 2,700 കോടി രൂപ ലോൺ എടുത്തിട്ടുണ്ട്.

(ബി) നെല്ലിന്റെ ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വ്യക്തമാക്കുമോ;

നെല്ലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നിവ നിലവിൽ സപ്ലൈകോ മുഖാന്തരം നടന്നുവരുന്നുണ്ട്. ഇതിനായി പ്രത്യേക പാക്കേജ് ഒന്നും നിലവിൽ പരിഗണനയിലില്ല.

(സി) കാർഷിക കലണ്ടർ ശാസ്ത്രീയമായി തയ്യാറാക്കി പ്രസിദ്ധീകരിച്ചുകൊണ്ട് അതിനനുസൃതമായ തുടർനടപടികളിലൂടെ കാർഷിക മേഖലയെ നിലവിലെ പ്രതിസന്ധികളിൽനിന്നും കരകയറ്റാനാവശ്യമായ നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്. പ്രാരംഭനടപടിയായി കുട്ടനാട്ടിൽ നെൽകൃഷിക്കായി ക്രോപ് കലണ്ടർ തയ്യാറാക്കുന്ന പ്രവൃത്തി

അന്തിമഘട്ടത്തിലാണ്. കൂടാതെ തൃശ്ശൂർ നോൺ കോൾ മേഖലയിലും ജലപരിപാലന പ്രശ്നപരിഹാരങ്ങൾക്കായി ക്രോപ് കലണ്ടർ അനുവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

35 (3459) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽക്കൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണംവഴി നടപ്പിലാക്കുന്ന വിവിധ നെൽക്കൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽക്കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൂടാതെ കൃഷി വകുപ്പ്, ഗുണമേന്മയുള്ള അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുകയും ശാസ്ത്രീയമായ നെൽക്കൃഷി രീതികൾ അവലംബിക്കുന്നതിനുവേണ്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതിക ഉപദേശങ്ങൾ അവർക്ക് നൽകുകയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു.

(ബി) ഈ സീസണിലെ ഒന്നാംവിളയിൽ എത്ര ടൺ നെല്ലാണ് ഉൽപ്പാദിപ്പിച്ചതെന്ന് വിശദമാക്കുമോ?

നെല്ലിന്റെ ഉൽപ്പാദനം സംബന്ധിച്ച് കണക്കുകൾ തിട്ടപ്പെടുത്തുന്നത് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ്. 2022-23 ഒന്നാംവിള നെൽക്കൃഷിയുടെ (വിരിപ്പ്) ഉൽപ്പാദനം സംബന്ധിച്ച കണക്കുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും പ്രസ്തുത വകുപ്പിന്റെ First Advance Estimate പ്രകാരം 2022-23 വർഷത്തെ ഒന്നാംവിള നെൽക്കൃഷിയുടെ ഉൽപ്പാദനം 211761.03 ടൺ നെല്ലാണ്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം ഉൽപ്പാദിപ്പിച്ച നെല്ലിന്റെ അളവ് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം ഉൽപ്പാദിപ്പിച്ച നെല്ലിന്റെ അളവ് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

## നെല്ല് സംഭരണത്തിലെ ക്രമക്കേട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

36 (3460) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടക്കുന്നുവെന്ന ആരോപണം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടക്കുന്നുവെന്ന ആരോപണവുമായി ബന്ധപ്പെട്ട്, നെല്ല് സംഭരണത്തിൽ കൃഷി വകുപ്പ് നിർവ്വഹിക്കേണ്ട ചുമതലകളിൽ വീഴ്ചവരുത്തുന്നുണ്ടോയെന്നത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കൃഷി ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നല്കുകയും അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതുപരിശോധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്. നിലവിലെ നെല്ല് സംഭരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി മൂന്ന് അംഗങ്ങളെ ഉൾപ്പെടുത്തി 23-01-2023-ലെ സ.ഉ. (കൈ)നം.12/2023/കൃഷി പ്രകാരം ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണത്തിന്റെ പ്രധാന ചുമതല കൃഷി ഓഫീസർമാരെ ഏൽപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇല്ല.

**പച്ചത്തേങ്ങ സംഭരണകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി**

37 (3461) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പച്ചത്തേങ്ങ സംഭരണത്തിന് കേന്ദ്രങ്ങളില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ പരപ്പനങ്ങാടി, തിരൂരങ്ങാടി മുനിസിപ്പാലിറ്റികളും നന്നമ്പ്ര, എടരിക്കോട്, തെന്നല, പെരുമണ്ണക്ലാരി പഞ്ചായത്തുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അനുയോജ്യമായ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിന് അതത് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും കൃഷി ഓഫീസർമാരും നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പച്ചത്തേങ്ങ

സംഭരണം ആരംഭിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾ എഫ്.പി.ഒ./അഗ്രോ സർവ്വീസ് സെന്റർ/കർമ്മസേന തുടങ്ങിയവർ തയ്യാറായി വരുന്ന മുറയ്ക്ക് സംഭരണകേന്ദ്രം അനുവദിക്കുന്നതാണ്.

(ബി) താലൂക്കാസ്ഥാനമായ തിരൂരങ്ങാടിയിൽ പച്ചത്തേങ്ങ സംഭരണ യൂണിറ്റ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തിരൂരങ്ങാടിയിൽ പച്ചത്തേങ്ങ സംഭരണം ആരംഭിക്കുന്നതിന് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ സംഘങ്ങൾ എഫ്.പി.ഒ./അഗ്രോ സർവ്വീസ് സെന്റർ/കർമ്മസേന തുടങ്ങിയവ തയ്യാറായി വരുന്നപക്ഷം ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംഭരണകേന്ദ്രം അനുവദിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് നിലവിൽ പച്ചത്തേങ്ങ സംഭരണ യൂണിറ്റുകളാരംഭിച്ചത് ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ?

പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേരഫെഡിനെയും നാളികേര വികസന

കോർപ്പറേഷനേയുമാണ്. നിലവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന്, വി.എഫ്.പി.സി.കെ., അടിസ്ഥാന സൗകര്യവും താത്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPO-കൾ എന്നിവയിൽനിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട സമിതി തെരഞ്ഞെടുത്ത് ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണാപത്രം ഒപ്പുവച്ചശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയുമാണ് ചെയ്തുവരുന്നത്.

**ഒറ്റപ്പാലം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

38 (3462) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലാണ് കേരഗ്രാമം രണ്ടാംവർഷം പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതി പുരോഗതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നടപ്പിലാക്കിയ പ്രവർത്തനങ്ങൾ | അനുവദിച്ച തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | സംയോജിത പരിപാലന മുറകളിൽ ഇടവിള കൃഷിയും സംയോജിത വള പ്രയോഗവും നടപ്പിലാക്കി. | 19.75 | 16.5279 |
| 2 | കൃഷിഭവനുള്ള പ്രവർത്തന ഫണ്ട് | 0.05 | 0.05 |
| 3 | കേരസമിതികൾക്കുള്ള ധനസഹായം | 0.2 | 0.2 |
| | **ആകെ** | **20.0** | **16.7779** |

**കേരഗ്രാമം പദ്ധതി**

39 (3463) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകരുടെ കൃഷി മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

നാളികേരകൃഷി മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് നാളികേര വികസന പദ്ധതി. അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ നട്ടുപിടിപ്പിച്ചും നിലവിലുള്ള തെങ്ങിൻ തോട്ടങ്ങൾ പരിപാലിച്ചും നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനാണ് 2022-23 വർഷത്തിൽ ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി സമഗ്രമായ നാളികേര പുനരുദ്ധാരണ-പുനഃനടീൽ പരിപാടികളുൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 7,390.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a) <u>കേരഗ്രാമം ഒന്നാം വർഷം പ്രവർത്തനങ്ങൾ</u>:

2022-23 വർഷത്തിൽ, ഒന്നാം വർഷം 100 ഹെക്ടർ വിസ്തൃതിയുള്ള 100 കേരഗ്രാമങ്ങളാണ് നടപ്പിലാക്കുന്നത്. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തടമെടുക്കൽ, കുമ്മായം ചേർക്കൽ, തൊണ്ടടുക്കൽ, ഇടവിള കൃഷി പ്രോൽസാഹിപ്പിക്കൽ, സംയോജിത കീടരോഗനിയന്ത്രണം, സംയോജിത വളപ്രയോഗം, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഒരു കേരഗ്രാമത്തിന് 25.67 ലക്ഷം രൂപ ധനസഹായം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം ഒന്നാംവർഷം 100 കേരഗ്രാമങ്ങൾക്ക് - 2,567 ലക്ഷം രൂപയാണ്.

b) കേരരക്ഷവാരം:

തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർദ്ധിപ്പിക്കുവാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) Rs. 6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. കൂടാതെ ശീമക്കൊന്ന വച്ചുപ്പിടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശീമക്കൊന്ന കമ്പുകൾ രണ്ട് രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന കീടങ്ങളും രോഗങ്ങളും അവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലനം നൽകുന്നു. സംസ്ഥാന പ്ലാൻ വിഹിതം -433 ലക്ഷം രൂപ.

c) കേരഗ്രാമം രണ്ടാം വർഷം:

2022-23 വർഷത്തിൽ 84 കേരഗ്രാമങ്ങൾക്ക് രണ്ടാംവർഷ ധനസഹായം നൽകുന്നു.

i) തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം ( 19.75 ലക്ഷം)

ii) പഞ്ചായത്തുതല കേരസമിതികൾക്കുള്ള ധനസഹായം (0.2 ലക്ഷം)

iii) കൃഷിഭവനുകളുടെ പ്രവർത്തന ചെലവ്/കേരഗ്രാമം (0.05 ലക്ഷം).

സംസ്ഥാന പ്ലാൻ വിഹിതം രണ്ടാംവർഷം കേരഗ്രാമങ്ങൾക്ക് 1,680 ലക്ഷം രൂപ

d) കേരഗ്രാമം മൂന്നാം വർഷം:

2022-23 വർഷത്തിൽ 15 കേരഗ്രാമങ്ങൾക്ക് മൂന്നാംവർഷ ധനസഹായം നൽകുന്നു. തെങ്ങിൻ തോപ്പുകളുടെ സംയോജിത പരിപാലനം - വളമിടീൽ - ജൈവവളം/രാസവളം (6.00 ലക്ഷം/കേരഗ്രാമം). സംസ്ഥാന പ്ലാൻ വിഹിതം മൂന്നാംവർഷം കേരഗ്രാമങ്ങൾക്ക് 90 ലക്ഷം രൂപ.

e) നാളികേര വികസന കൗൺസിലിന്റെ ഭാഗമായി നല്ലയിനം തെങ്ങിൻതൈകൾ വിതരണം:

തെങ്ങിന്റെ വിസ്തൃതി വ്യാപനം ലക്ഷ്യമിട്ട് 10 വർഷത്തെ വികസന കാഴ്ചപ്പാടോടുകൂടി 2018 മുതൽ 2028 വരെ മുന്തി ഇനം തെങ്ങിൻതൈകൾ (നെടിയ ഇനം, കുറിയ ഇനം, സങ്കരയിനം) 50 ശതമാനം സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. സർക്കാർ സ്ഥാപനങ്ങളായ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാലയുടെ സെന്ററുകൾ, ആറളം ഫാമിംഗ് കോർപ്പറേഷൻ, നാളികേര വികസന ബോർഡ്

എന്നിവിടങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളാണ് കർഷകർക്ക് നൽകുന്നത്. 2022-23 വർഷത്തിൽ 1287520 എണ്ണം തെങ്ങിൻ തൈകളാണ് വിതരണം ചെയ്യുന്നത്. സംസ്ഥാന പ്ലാൻ വിഹിതം 820.3191 ലക്ഷം രൂപ.

f) <u>വിത്തുതേങ്ങ സംഭരണവും തെങ്ങിൻതൈ ഉൽപ്പാദനവും</u>:

വിത്തുതേങ്ങാ സംഭരണ കാലയളവിൽ 16.5 ലക്ഷം നെടിയയിനം വിത്തുതേങ്ങയും 1.5 ലക്ഷം കുറിയയിനം വിത്തുതേങ്ങയും 2 ലക്ഷം സങ്കരയിനം വിത്തുതേങ്ങയും എന്നിങ്ങനെ ആകെ 20 ലക്ഷം വിത്തുതേങ്ങാ കർഷകരിൽനിന്നും സംഭരിക്കുന്നതാണ്. നെടിയ, കുറിയ ഇനം വിത്തുതേങ്ങയ്ക്ക് ഒന്നിന് 70 രൂപ പ്രകാരവും സങ്കരയിനം 75 രൂപ പ്രകാരവും വില നൽകിയാണ് കർഷകരിൽനിന്നും ശേഖരിക്കുന്നത്. ഈ ഇനത്തിൽ 1,410 ലക്ഷം രൂപ കർഷകർക്ക് നൽകുന്നതാണ്.

നാളികേര വികസന ബോർഡ് (സി.ഡി.ബി.) മുഖേനയാണ് കേരള സംസ്ഥാനത്ത് നാളികേരത്തിന്റെ കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പ്രധാനമായും കർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

a) <u>തെങ്ങിൻ പ്രദേശങ്ങളിൽ പുനരുദ്ധാരണ-പുനർനടീൽ പദ്ധതി (Re-planting and Rejuvenation)</u>

പദ്ധതി പ്രകാരം കീടരോഗബാധയുള്ളതും പ്രായാധിക്യമുള്ളതും ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ധനസഹായമായി ഒരു ഹെക്ടറിൽ പരമാവധി 32,000 രൂപ (പരമാവധി 32 തെങ്ങുകൾ) നൽകുന്നു. മുറിച്ചുമാറ്റുന്ന തെങ്ങിന് പകരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നു. അതിനായി 40 രൂപ സബ്സിഡി നൽകുന്നു. ഒരു ഹെക്ടറിന് പരമാവധി 4,000 രൂപ നൽകുന്നു. അതെ പ്ലോട്ടിൽ അവശേഷിക്കുന്ന മറ്റ് തെങ്ങുകൾ പരിപാലിക്കുന്നതിനായി ഒരു ഹെക്ടറിന് പരമാവധി 17,500 രൂപ രണ്ട് വർഷങ്ങളിലായി നൽകുന്നു.

2022-23 വർഷം കേരളത്തിൽ 450 ഹെക്ടർ തെങ്ങിൻ പ്രദേശത്താണ് തെങ്ങിന്റെ പുനരുദ്ധാരണ-പുനർനടീൽ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ (Working Instructions) ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

b) <u>ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംയോജിത കൃഷിരീതികൾ (Integrated farming for productivity improvement)</u>:

ഇതിൽ രണ്ട് ഉപ പദ്ധതികളുണ്ട്.

1. <u>ലേയിംഗ് ഔട്ട് ഓഫ് ഡെമോൺസ്ട്രേഷൻ പ്ലോട്ട്സ് (Laying out of demonstration plots</u>)

തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവത്തനങ്ങൾ നടത്തി കർഷകരുടെ തെങ്ങിൻതോപ്പുകളിൽ മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കുന്നു. ഇതിനായി തെങ്ങിന് തടമെടുക്കൽ, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ഇടവിള കൃഷി, കുമ്മായം ചേർക്കൽ, മണ്ട വൃത്തിയാക്കൽ എന്നീ പ്രവൃത്തികൾ (കാർഷിക സർവ്വകലാശാലയുടെ POP നിർദ്ദേശപ്രകാരം), മറ്റ് നൂതന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. അതിനായി ഒരു ഹെക്ടറിന് 35,000 രൂപ രണ്ട് വർഷങ്ങളിലായി നൽകുന്നു.

2. <u>ജൈവവള യൂണിറ്റ്</u>

ജൈവവളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാൻ ജൈവവള യൂണിറ്റ് നിർമ്മിക്കുന്നു. യൂണിറ്റിന്റെ വലിപ്പമനുസരിച്ച് 7,500/-രൂപ മുതൽ 60,000 രൂപ വരെ നൽകുന്നു.

(ബി) നിലവിൽ കേരളത്തിലെ എത്ര ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്?

2021-22 വരെ 15 മുൻസിപ്പാലിറ്റികളിലും 318 ഗ്രാമപഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ?

2014-15, 2015-16 എന്നീ വർഷങ്ങളിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി 50 ഹെക്ടർ തെങ്ങിൻപ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ട്.

**നാളികേരത്തിന്റെ തറവില ഉയർത്തുന്നതിന് നടപടി**

40 (3464)ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വർദ്ധിച്ച ഉൽപ്പാദനച്ചെലവ് പരിഗണിക്കുമ്പോൾ നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള 34 രൂപ തറവില പര്യാപ്തമല്ലെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ തറവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

2023-24 സംസ്ഥാന ബഡ്ജറ്റിൽ പച്ചത്തേങ്ങയുടെ സംഭരണവില 34/- രൂപയായി ഉയർത്താൻ ശിപാർശയുണ്ട്. നാളികേരത്തിന്റെ

ഉൽപ്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 34/- രൂപയെന്നത് കേരകർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണത്തിനായി നിലവിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് ആയത് കാര്യക്ഷമമാക്കുമോയെന്നും അറിയിക്കാമോ?

നിലവിൽ 121 സംഭരണ കേന്ദ്രങ്ങൾ വഴി ഇപ്പോൾ പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏജൻസികൾ പച്ചത്തേങ്ങ സംഭരണത്തിന് തയ്യാറായി മുന്നോട്ടുവരികയാണെങ്കിൽ ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണസംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട സമിതി തെരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്ന മുറയ്ക്ക് കൂടുതൽ സംഭരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉൽപ്പാദനക്ഷമതയുള്ള തൈകൾ നടുന്നതിന് കൃഷിഭവനുകൾ മുഖേന പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

2022-23 നാളികേര വികസന പദ്ധതിയിൽ കേരഗ്രാമം ഘടകത്തിൽ കീടം/രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതും ഒരു വർഷം 10 നാളികേരം പോലും ലഭിക്കാത്തതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുന്നു. തെങ്ങ് മുറിപ്പിന് 1,000 രൂപയും തെങ്ങിൻ തൈകൾക്ക് 60 രൂപയും നൽകുന്നു. നാളികേര വികസന ബോർഡിന്റെ പദ്ധതിയായ റീപ്ലാന്റിംഗ് ആൻഡ് റെജുവനേഷൻ (R & R )എന്ന പദ്ധതി ഘടകം മുഖേന കീടം/രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതും ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ധനസഹായമായി ഒരു ഹെക്ടറിൽ പരമാവധി 32,000 രൂപ (32 തെങ്ങുകൾ മുറിച്ച മാറ്റുമ്പോൾ) നൽകുന്നു.

(ഡി) കേന്ദ്രസർക്കാർ സ്ഥാപനമായ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനം സംസ്ഥാനത്തെ നാളികേര കർഷകർക്കുകൂടി പ്രയോജനകരമാകുന്ന രീതിയിൽ മാറ്റുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ; എങ്കിൽ വിശമാക്കുമോ?

നാളികേര വികസസന ബോർഡ് (CDB) മുഖേനയാണ് കേരള സംസ്ഥാനത്ത് നാളികേരത്തിന്റെ കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ

ചേർക്കുന്നു.

എ) <u>തെങ്ങിൻ പ്രദേശങ്ങളിൽ പുനരുദ്ധരാണ-പുനർനടീൽ പദ്ധതി</u>

<u>(Replanting and Rejuvenation)</u>:

പദ്ധതി പ്രകാരം കീടം/രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതും ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് ധനസഹായമായി ഒരു ഹെക്ടറിൽ പരമാവധി 32,000 രൂപ (പരമാവധി 32 തെങ്ങുകൾ) നൽകുന്നു. മുറിച്ചുമാറ്റുന്ന തെങ്ങിന് പകരം വച്ചുപിടിപ്പിക്കുന്ന തെങ്ങിൻ തൈകൾക്ക് 40 രൂപ സബ്സിഡി നൽകുന്നു. ഒരു ഹെക്ടറിന് പരമാവധി 4,000/- രൂപ നൽകുന്നു. അതെ പ്ലോട്ടിൽ അവശേഷിക്കുന്ന മറ്റ് തെങ്ങുകൾ പരിപാലിക്കുന്നതിനായി ഒരു ഹെക്ടറിന് പരമാവധി 17,500/- രൂപ രണ്ട് വർഷങ്ങളിലായി നല്കുന്നു. 2022-23 വർഷം, കേരളത്തിൽ 450 ഹെക്ടർ സ്ഥലത്തെ, തെങ്ങിൻ പ്രദേശങ്ങളിലാണ് തെങ്ങിന്റെ പുനരുദ്ധാരണ-പുനർനടീൽ പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്. ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ (working instructions) ഇപ്പോൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

ബി) <u>ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംയോജിത കൃഷി രീതികൾ (Integrated farming for productivity improvement)</u>:

ഇതിൽ രണ്ട് ഉപപദ്ധതികളുണ്ട്.

i) ലേയിംഗ് ഔട്ട് ഓഫ് ഡെമോൺസ്ട്രേഷൻ പ്ലോട്സ് (Laying out of Demonstration Plots).

തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തി കർഷകരുടെ തെങ്ങിൻതോപ്പുകളിൽ മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കുന്നു. ഇതിനായി തെങ്ങിൻ തടമെടുക്കൽ, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ഇടവിള കൃഷി, കുമ്മായം ചേർക്കൽ, മണ്ടവൃത്തിയാക്കൽ എന്നീ പ്രവൃത്തികൾ (കാർഷിക സർവ്വകലാ ശാലയുടെ POP നിർദ്ദേശപ്രകാരം) മറ്റ് നൂതന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. അതിനായി ഒരു ഹെക്ടറിന് 35,000 രൂപ രണ്ടുവർഷങ്ങളിലായിനല്കുന്നു.

ii) ജൈവവള യൂണിറ്റ്: ജൈവ വളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാൻ ജൈവവള യൂണിറ്റ് നിർമ്മിക്കുന്നു. യൂണിറ്റിന്റെ വലിപ്പമനുസരിച്ച് 7,500 രൂപ മുതൽ 60,000 രൂപ വരെ നല്കുന്നു. 2022 -23 വർഷത്തേയ്ക്കുള്ള പ്രൊപ്പോസലിന് CDB-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുക ലഭ്യമായിട്ടില്ല.

**തരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

41 (3465) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിശദമാക്കാമോ?

തരൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന രണ്ടാംവർഷ കേരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഉദുമ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

42 (3466) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ കേരഗ്രാമം പദ്ധതി പ്രകാരം ഏത് പഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉദുമ നിയോജകമണ്ഡലത്തിൽ മുളിയാർ പഞ്ചായത്തിലാണ് കേരഗ്രാമം ഒന്നാംവർഷ പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത പഞ്ചായത്തിലെ എത്ര കർഷകർക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുന്നത്; വിശദാംശം അറിയിക്കാമോ?

പ്രസ്തുത പഞ്ചായത്തിൽ ഇതുവരെ 200 കർഷകർക്ക് കേരഗ്രാമം നടപ്പിലാക്കുന്നതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ കർഷകർക്ക് ആനുകൂല്യം അനുവദിക്കുന്നതാണ്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തികൾ | ഭൗതിക നേട്ടം | സാമ്പത്തിക നേട്ടം | ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | പരിപാലന മുറകൾ | 9782 | 313635 | 200 എണ്ണം |
| 2 | പമ്പ്സെറ്റ് | 32 | 216660 | |
| 3 | ജൈവ വളം | | 224025 | |
| 4 | ഡോളോമൈറ്റ്/കുമ്മായം | | 80649 | |
| 5 | തെങ്ങുകയറ്റ് യന്ത്രം | 13 | 26000 | |
| 6 | പ്രവർത്തനഫണ്ട് | | 7000 | |
| 7 | തെങ്ങുമുറിച്ചുമാറ്റൽ | 39 | 38940 | |
| 8 | മണ്ണിര കമ്പോസ്റ്റ് | 1 | 5000 | |
| 9 | പഞ്ചായത്തുതല കേരസമിതിക്കുള്ള ധനസഹായം | | 17896 | |

**വടക്കാഞ്ചേരി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

43 (3467) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

2022-23 വർഷത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ രണ്ട് കേരഗ്രാമങ്ങളിൽ മൂന്നാം വർഷപദ്ധതിയും ഒരു കേരഗ്രാമത്തിന്റെ ഒന്നാംവർഷ പദ്ധതിയുമാണ് നടപ്പിലാക്കിയിട്ടുള്ളത്.

1 ) വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

2) കോലഴി-മുളങ്കുന്നത്തുകാവ്

1) വടക്കാഞ്ചേരി മുനിസിപ്പാലിറ്റി (മൂന്നാംവർഷം)

| ക്രമ നം | നടപ്പിലാക്കിയ പ്രവർത്തനങ്ങൾ | ഭൗതിക നേട്ടം | അനുവദിച്ച് തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | ജൈവ വളം | 198.71ha | 600000 | 476490 |

2) കേരഗ്രാമം - കോലഴി, മുളങ്കുന്നത്തുകാവ് (മൂന്നാംവർഷം)

| ക്രമ നം | നടപ്പിലാക്കിയ പ്രവർത്തനങ്ങൾ | പഞ്ചായത്ത് | ഭൗതിക നേട്ടം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | ജൈവ വളം | കോലഴി | 94.33ha | 600000 | 2,26,336 |
| | | മുളങ്കുന്നത്തുകാവ് | 96.32 ha | | 2,31,155 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 190.65 ha | | 4,57,491 |

കേരഗ്രാമം- തെക്കുംകര (ഒന്നാംവർഷം)

| നം. | നടപ്പിലാക്കിയ പ്രവർത്തനങ്ങൾ | ഭൗതിക നേട്ടം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | തടം എടുക്കൽ | 17500 തെങ്ങ് | 437500 |
| 2 | ഇടവിള കൃഷി | 100ha | 600000 |
| 3 | ജൈവ വളം | 100ha | |
| 4 | കുമ്മായം | 100ha | 82500 |
| 5 | രാസവളം | 100ha | |
| 6 | തെങ്ങ് മുറിച്ചുമാറ്റൽ | 117 തെങ്ങ് | |
| 7 | മഗ്നീഷ്യം സൾഫേറ്റ് | 100ha | |
| 8 | തെങ്ങിൻതൈ നടീൽ | 72 nos | |
| 9 | തെങ്ങുകയറ്റ് യന്ത്രം | 50 | |
| 10 | ജൈവവള നിർമ്മാണ യൂണിറ്റ് | 4 | |
| 11 | പ്രവർത്തനഫണ്ട് | -- | |
| 12 | കേരസമിതികൾക്ക് ധനസഹായം | -- | |
| 13 | പമ്പ്സെറ്റുകൾ | 26 | |

**റബ്ബർ വില സ്ഥിരതാഫണ്ടിനായി ലഭിച്ച അപേക്ഷകൾ**

44 (3468) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ വില സ്ഥിരതാഫണ്ട് ലഭിക്കുന്നതിനായി കർഷകർ സമർപ്പിച്ച എത്ര അപേക്ഷകൾ നാളിതുവരെ പരിഗണിക്കാനുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ ബില്ലുകളും പരിഗണിച്ച് സബ്സിഡിയിനത്തിൽ 33,19,56,602 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം ഇനി ലഭിക്കുന്ന കർഷകരുടെ ബില്ലുകളിന്മേൽ താമസംവിനാ നടപടികൾ സ്വീകരിക്കുന്നതാണ്.

**കോമ്പൗണ്ടിംഗ് റബ്ബറിന്റെ ഇറക്കുമതി**

45 (3469) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോമ്പൗണ്ടിംഗ് റബ്ബറിന് (മിശ്രിത റബ്ബർ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഇറക്കുമതിച്ചുങ്കം കർഷകർക്ക് ആശ്വാസപ്രദമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉണ്ട്. ഇറക്കുമതിച്ചുങ്കം 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാരുമായി ആവശ്യമായ ഇടപെടൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

എല്ലാ തരത്തിലുമുള്ള ഉണക്കരൂപത്തിലുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിക്ക് 13-10-2016-ൽ കത്തയച്ചിരുന്നു.

(സി) നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ റബ്ബർ ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നീക്കം സംസ്ഥാനത്തെ റബ്ബർ കർഷകരെ പ്രതിസന്ധിയിലാക്കുമോയെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലുള്ള ഭൂരിഭാഗം റബ്ബർ കർഷകരും റബ്ബർ ബോർഡിൽനിന്നുള്ള സാമ്പത്തിക സഹായവും സാങ്കേതിക സഹായവുംകൊണ്ടാണ് കൃഷി ഇറക്കുന്നതെന്നുള്ള വസ്തുതയും കേരളത്തിലെ റബ്ബർ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് റബ്ബർ ബോർഡിന്റെ നിലനിൽപ്പ് അനിവാര്യമാണെന്നതും റബ്ബർ ബോർഡിന്റെ

പ്രവർത്തനം അവസാനിപ്പിക്കുന്നത് കേരളത്തിലെ റബ്ബർ കർഷകരെ പ്രതിസന്ധിയിലാക്കുമെന്നതും കണക്കിലെടുത്ത് റബ്ബർ ബോർഡിന്റെ പ്രവർത്തനം അസാനിപ്പിക്കുന്നതിന് നീതി ആയോഗ് എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് മാറ്റിനിർത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 23-12-2022-ൽ D.O.No.Agri-890/Min/2022-Agri നമ്പർ കത്തയച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല.

(ഡി) സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിലുള്ള റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 150/- രൂപ എന്നത് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബർ വിലസ്ഥിരതാ ഫണ്ട് പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോ ഗ്രാമിന് 170/- രൂപ എന്നത് 250/-രൂപയായി വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനോട് സംസ്ഥാന

സർക്കാർ 24-12-2022-ലെ D.O.No.Agri-893/Min/2022-Agri നമ്പർ കത്ത് പ്രകാരം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

**റബ്ബർ വിലയിടിവ് തടയുന്നതിനുള്ള നടപടികൾ**

46 (3470) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) റബ്ബർ വിലസ്ഥിരതാഫണ്ട് ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടികൾ വിശദമാക്കാമോ?

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/- രൂപയിൽനിന്നും 250/- രൂപയായി ഉയർത്തുന്നതിന് സാമ്പത്തിക

സഹായം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 24-12-2022-ലെ DO.No.AGRI-893/Min/2022-AGRI നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല.

(സി) റബ്ബർ വിലയിടിയാനുണ്ടായ കാരണം എന്തെന്ന് വിശദമക്കാമോ; വിലത്തകർച്ച തടയാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേന്ദ്രസർക്കാരിന്റെ റബ്ബർ ഇറക്കുമതി/കയറ്റുമതി നയങ്ങളാണ് റബ്ബർ വിലയിടിയാനുണ്ടായ പ്രധാന കാരണം. സ്വാഭാവിക റബ്ബറിന്റെയും ലാറ്റക്സിന്റേയും ഡിമാന്റ് കുറഞ്ഞതും ഇറക്കുമതി/സ്റ്റോക്ക് കൂടിയതും വിലയിടിവിന് കാരണമായിട്ടുണ്ട്. റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിക്കായി 2022-23 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തികവർഷം 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**റബ്ബറിന്റെ താങ്ങുവില**

47(3471)<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബറിന്റെ താങ്ങുവില നിലവിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

റബറിന്റെ താങ്ങുവില നിലവിൽ കിലോയ്ക്ക് 170/- രൂപയാണ്.

(ബി) 2022-23 സാമ്പത്തികവർഷം റബ്ബർ വിലസ്ഥിരതാ ഫണ്ടിലേയ്ക്ക് വകയിരുത്തിയിരുന്ന തുക എത്രയാണെന്നും പ്രസ്തുത തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ റബ്ബർ വിലസ്ഥിരതാഫണ്ട് നൽകുന്നതിനായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കമ്പോള വില കൂടിനിന്നതിനാൽ 2021-22 സാമ്പത്തികവർഷം സബ്സിഡി ഇനത്തിൽ കർഷകർക്ക് അനുവദിച്ച തുക

കുറയുവാൻ ഇടയായിട്ടുണ്ട്. നിലവിൽ കമ്പോള വില കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സബ്സിഡി ഇനത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതായിവരും. 2022-23 സാമ്പത്തികവർഷം 16-02-2023 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ അപേക്ഷകളിന്മേൽ ആകെ 33.195 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി) റബ്ബറിന്റെ താങ്ങുവില ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170/- രൂപയിൽനിന്നും 250/- രൂപയായി ഉയർത്തുന്നതിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് 24-12-2022-ലെ DO.No.AGRI-893/Min/2022-AGRI നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല.

**റബ്ബറിന് താങ്ങുവില**

48 (3472) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. കെ. ആൻസലൻ</u>:

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവിന് കാരണമാകുന്ന അനിയന്ത്രിത ഇറക്കുമതി തടയാൻ കേന്ദ്ര സർക്കാർ തയ്യാറാകാതെ റബ്ബർ ബോർഡിനെത്തന്നെ ഇല്ലാതാക്കാൻ ശ്രമം നടത്തുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ശ്രമം റബ്ബർ കർഷകരെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ?

ഉണ്ട്. പുതിയ കരട് റബ്ബർ ബില്ലിൽ റബ്ബർ ബോർഡ് ഘടനയിൽ വരുത്താൻ നിർദ്ദേശിച്ചിരിക്കുന്ന മാറ്റങ്ങൾ, കേരളത്തിലെ റബ്ബർ കർഷകരെ ബാധിക്കുന്ന മാറ്റങ്ങൾ എന്നിവയിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) റബ്ബറിന് താങ്ങുവില പ്രഖ്യാപിക്കേണ്ടത് കേന്ദ്ര സർക്കാരാണെന്നിരിക്കെ ഇത് സംസ്ഥാന സർക്കാരിന്റെമാത്രം ചുമതലയാണെന്നതരത്തിൽ പ്രചാരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. റബ്ബർ ഉൾപ്പെടെയുള്ള എല്ലാ വിളകളുടേയും താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. Commission for Agricultural

Costs and Prices (CACP) വിശദമായ പഠനങ്ങൾക്കുശേഷം നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത്. സംസ്ഥാനം നിരവധി തവണ കേന്ദ്രസർക്കാരിനോട് റബ്ബറിന് താങ്ങുവില നിശ്ചയിക്കുന്ന പട്ടികയിലുൾപ്പെടുത്തുന്നതിനും താങ്ങുവില പ്രഖ്യാപിക്കുന്നതിനും ആവശ്യപ്പെട്ടിട്ടും അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാന സർക്കാർ റബ്ബറിന് താങ്ങുവില പ്രഖ്യാപിക്കുകയും സബ്സിഡിക്ക് നീക്കിവച്ച തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം 500 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവായി സർക്കാർ നീക്കിവച്ചിരിക്കുന്നത്. 2023-24 സാമ്പത്തികവർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിക്കായി 600 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

**പച്ചക്കറി ഉൽപ്പാദനത്തിലെ വർദ്ധനവ്**

49 (3473) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന പദ്ധതികൾ മുഖേന എത്ര കോടി രൂപയുടെ അധിക ഉൽപ്പാദനം മുൻകാലങ്ങളെ അപേക്ഷിച്ച് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചുനടപ്പിലാക്കിവരുന്ന പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. ടി പദ്ധതിയുടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുക വഴി 2016-നെ അപേക്ഷിച്ച് 2017-ൽ 0.916 കോടി രൂപയുടെ അധിക ഉൽപ്പാദനം ഉണ്ടാക്കുന്നതിന് സാധിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് 2018-ൽ 1.05 കോടി രൂപയുടെ അധിക ഉൽപ്പാദനം ഉണ്ടാക്കുവാൻ സാധിച്ചു. 2018-ൽ ലഭിച്ചതിനേക്കാൾ 1.42 കോടി രൂപയുടെ അധിക ഉൽപ്പാദനം ആണ് 2019-ൽ നേടാൻ കഴിഞ്ഞത്. 2019-നേക്കാൾ 1.46 കോടി രൂപയുടെ അധിക വരുമാനം 2020-ലും 1.49 കോടി രൂപയുടെ അധിക വരുമാനം 2021-ലും 1.69 കോടി രൂപയുടെ അധിക വരുമാനം 2022-ലും പച്ചക്കറി ഉൽപ്പാദനത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചു.

(ബി) കൃഷിക്കാർക്ക് സുലഭമായി നടീൽ വസ്തുക്കൾ ലഭിക്കാൻ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കൃഷിക്കാർക്ക് സുലഭമായി നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും മികച്ചയിനം വിത്തുകൾ, തൈകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ ഫാമുകൾ, അംഗീകൃത നഴ്സറികൾ, ബി.എൽ.എഫ്.ഒ. നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവയുടെ മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിച്ചുവരുന്നു. വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ 10/- രൂപ വിലയുള്ള 48.02 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 151.1879 ലക്ഷം പച്ചക്കറി തൈകളും ദീർഘകാല വിളകളായ പച്ചക്കറി ഇനങ്ങളായ 6.10196 ലക്ഷം പച്ചക്കറിത്തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കിവരുന്ന

പച്ചക്കറി വികസന പദ്ധതിയിലൂടെ 1.23160 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്തു.

സംസ്ഥാനത്ത് ഫലവൃക്ഷ കൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി വീടുകളിൽ നേരിട്ട് വിവിധയിനം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനായി കാർഷിക വികസന കർഷക്ഷേമ വകുപ്പ് "ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേസ് ആൻഡ് മെഡിസിനൽ പ്ലാന്റ്സ് 2022-23" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് " ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം.

ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷിക കർമ്മ സേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേന ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യുകൾച്ചർതൈകൾ 75 ശതമാനം സബ്സിഡിയോടുകൂടിയും ഫലവൃക്ഷത്തൈകളും വാഴക്കന്നും സൗജന്യമായാണ് വിതരണം ചെയ്യുന്നത്. ഒരു കോടി ഫലവൃക്ഷത്തൈകൾ വിതരണം പദ്ധതി പ്രകാരം നാളിതുവരെ

ആകെ 6064717 എണ്ണം ഫലവൃക്ഷത്തൈകൾ സംസ്ഥാനത്തൊട്ടാകെ വിതരണം ചെയ്തു. ഇതിൽ 761664 എണ്ണം ഗ്രാഫ്റ്റുകളും 446183 എണ്ണം ലെയറുകളും 1068421 എണ്ണം ടിഷ്യുകൾച്ചർ വാഴത്തൈകളും 1473476 എണ്ണം വാഴക്കന്നുകളും 2314973 എണ്ണം മറ്റ് ഫലവൃക്ഷ ഇനങ്ങളും ഉൾപ്പെടുന്നു.

## കശുവണ്ടിക്ക് ന്യയവില ലഭ്യമാക്കാൻ നടപടി

50(3474) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിക്ക് ന്യായമായ വില ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കശുവണ്ടിക്ക് ന്യായവില ലഭ്യമാക്കാൻ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടിയുടെ വിലനിർണ്ണയിക്കുന്നതിനായി തോട്ടണ്ടി വിലനിർണ്ണയ സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. തോട്ടണ്ടിയുടെ വിളവെടുപ്പിനോടനുബന്ധിച്ച് തോട്ടണ്ടി വിലനിർണ്ണയ സമിതി യോഗംകൂടി നിലവിലെ വിപണി വിലയും

അന്താരാഷ്ട്രവിപണിയിലെ വിലയും പരിഗണിച്ചാണ് തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നത്. 10-02-2023-ൽ വിലനിർണ്ണയ സമിതി യോഗം ചേർന്ന് തോട്ടണ്ടിയുടെ വില കിലോഗ്രാമിന് 114 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. മത്സരം നേരിടുന്ന ഈ വ്യവസായ മേഖലയിൽ അന്താരാഷ്ട്ര കമ്പോളത്തിലെ വിലയിൽനിന്നും വളരെ കൂടിയ വില നിർണ്ണയിച്ചാൽ വ്യവസായികൾ കർഷകരിൽനിന്നും ആ വിലയ്ക്ക് തോട്ടണ്ടി എടുക്കുന്നതിന് വൈമുഖ്യം കാണിക്കും. തോട്ടണ്ടി അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത് തടയുവാനും കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി ലഭ്യമാക്കുവാനും സഹകരണ സംഘങ്ങൾ വഴി വിലനിർണ്ണയ സമിതി നിശ്ചയിച്ച വിലയിൽ തോട്ടണ്ടി സംഭരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രക്രിയയിൽ പങ്കാളിയാകുന്ന സഹകരണ സംഘങ്ങൾക്ക് തൂക്കക്കുറവും ഗുണനിലവാരമില്ലായ്മയുംമൂലമുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് കർഷകർക്ക് കൂടുതൽ ഉൽപ്പാദിപ്പിക്കാൻ പ്രചോദനം നല്കുന്നതിലേയ്ക്കായി 25-01-2023-ലെ മന്ത്രിതല മീറ്റിംഗിൽ production incentive നൽകുവാനായി തീരുമാനിക്കുകയും അതിന്റെ ധനശേഖരണത്തിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു.

(സി) കശുവണ്ടി കൃഷി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേന്ദ്ര സർക്കാർ സ്ഥാപനമായ Directorate of Cashewnut & Cocoa Development (DCCD), കൊച്ചി പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് വർഷം തോറും കശുമാവ് കൃഷിയുടെ വ്യാപനംകൂടി വരുന്നതായി കാണുന്നുണ്ട്. 2018-19 മുതൽ 2021-22 വരെയുള്ള കേരളത്തിലെ കശുമാവ് കൃഷിയുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| വർഷം | വിസ്തൃതി (in Ha) |
|---|---|
| 2017-18 | 92.81 |
| 2018-19 | 96.65 |
| 2019-20 | 98.82 |
| 2020-21 | 103.20 |
| 2021-22 | 106.52 |

### ഫാം പ്ലാൻ പദ്ധതി

51 (3475) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തികവർഷത്തിൽ പ്രഖ്യാപിച്ചിരുന്ന ഫാം പ്ലാൻ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്നും നാളിതുവരെ എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ഫാം പ്ലാൻ പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 14 ജില്ലകളിലും കേരള കാർഷിക സർവ്വകലാശാല മുഖാന്തരം മാസ്റ്റർ പരിശീലകരുടെ പരിശീലനങ്ങൾ പൂർത്തീകരിച്ചു.

എല്ലാ ജില്ലകളിലും കൃഷി ആഫീസർമാർക്കും കൃഷി ഫീൽഡ് ആഫീസർമാർക്കും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും പദ്ധതിയെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിശദീകരിക്കുന്നതിനും ജില്ലാതല സ്പെഷ്യലൈസ്ഡ് പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തൊട്ടാകെ ഫാം പ്ലാൻ നടപ്പിലാക്കുന്നതിനായി 16344 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽനിന്നും ഫാം പ്ലാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ബ്ലോക്കുതല വിജ്ഞാന കേന്ദ്രങ്ങളിൽ പ്രത്യേക

യോഗങ്ങൾ നടത്തിയതിലൂടെ 10760 കർഷകരെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി നാളിതുവരെ 13919 ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്.

ബ്ലോക്കുകളിൽ ഫാം പ്ലാൻ വാലിഡേഷനുവേണ്ടി നാളിതുവരെ 156 വർക്ക്ഷോപ്പുകൾ നടത്തിയതിലൂടെ 10551 കൃഷിയിടാധിഷ്ഠിത പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

99 ഫാം സ്കൂളുകൾ നടത്തുകയും 10458 പ്ലോട്ടുകളിൽനിന്നും മണ്ണ് പരിശോധന സാമ്പിളുകൾ ശേഖരിക്കുകയും 10580 ഫീൽഡ് ഡയറികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നിർദ്ദിഷ്ട IFS-ഉം Non-IFS പ്ലോട്ടുകളിലും പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

കാർഷിക സർവ്വകലാശാലയിലെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റ് മുഖേന വിജ്ഞാന വ്യാപന പ്രചരണാർത്ഥം 14 ജില്ലകളിലും ട്രെയിനിംഗുകൾ നടത്തിയിട്ടുണ്ട്. ഫ്രണ്ട് ലൈൻ ഡെമോൺസ്ട്രേഷനും ഓൺ ഫാം ട്രയലുകളും നടത്തിവരുന്നു.

ചെറുകിട കൃഷിയിട യന്ത്രവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് 152 ബ്ലോക്കുകളിലും ട്രെയിനിംഗുകൾ നടത്തിവരുന്നു.

പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരുന്നതും ചെലവാക്കിയിട്ടുള്ളതുമായ തുക ചുവടെ ചേർന്നു.

| ക്രമ നം. | ഇനം | വകയിരുത്തിയ തുക | ചെലവാക്കിയ തുക |
|---|---|---|---|
| 1. | ഉൽപ്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി | 900 ലക്ഷം | 65 ലക്ഷം |
| 2. | സംയോജിത കൃഷി സമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം | 250 ലക്ഷം | 31.94250 ലക്ഷം |
| 3. | കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടി-ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ | 1200 ലക്ഷം | 37.44158 ലക്ഷം |
| 4. | കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി | 800 ലക്ഷം | 5.79 ലക്ഷം |
| 5. | ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന സമീപനം ശക്തിപ്പെടുത്തൽ | 200 ലക്ഷം | 70.37314 ലക്ഷം |

(ബി) ഏതൊക്കെ ഇനങ്ങളിലായിട്ടാണ് പ്രസ്തുത തുക ചെലവാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ എപ്രകാരം മുന്നോട്ട് കൊണ്ടുപോകാനാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ഉത്തരവിലും തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലും അനുശാസിക്കുന്ന രീതിയിൽ തുടർപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാനാണുദ്ദേശിക്കുന്നത്. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി 2023-24 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പദ്ധതി തുടരുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) 2023-24 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയാണ്; ബഡ്ജറ്റ് ഹെഡ് ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കുമോ?

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക ബഡ്ജറ്റ് ഹെഡ് ഉൾപ്പെടെ ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ശീർഷകം |
|---|---|---|
| കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ | 1200 ലക്ഷം | 2401-00-104-67 പ്ലാൻ |
| ഉൽപ്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി | 650 ലക്ഷം | 2401-00-109-56 പ്ലാൻ |
| കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/മൂല്യശൃംഖല | 500 ലക്ഷം | 2401-00-111-97 പ്ലാൻ |

| | | |
|---|---|---|
| വികസനത്തിനായുള്ള പദ്ധതി | | |

**മോട്ടോർ പമ്പുകൾ പ്രവർത്തിക്കുന്നതിന് സൗരോർജ്ജ പദ്ധതി**

52 (3476) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിയിടങ്ങളിൽ മോട്ടോർ പമ്പുകൾ പ്രവർത്തിക്കുന്നതിന് സൗരോർജ്ജമെത്തിക്കുന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കൃഷിവകുപ്പും അനെർട്ടുമായി ചേർന്ന് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM) പ്രകാരം കൃഷിയിടങ്ങളിലെ മോട്ടാർ പമ്പുകൾ സൗരോർജ്ജവത്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ഫാമുകളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാർ**

53 (3477) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഫാമുകൾ നിലവിലുണ്ട്; വിശദവിവരം അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 64 ഫാമുകൾ നിലവിലുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ വയനാട് ജില്ലയിലെ ചീങ്ങേരി എക്സ്റ്റെൻഷൻ സ്കീം (CES) എസ്.ടി. വകുപ്പിന് കീഴിലുള്ളതാണ്. ടി ഫാമിലെ ഉദ്യോഗസ്ഥർ കൃഷി വകുപ്പിന് കീഴിലുള്ളവരാണ്.

(ബി) വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന ജോലിയിൽ പ്രവേശിച്ച സ്ഥിരം നൈറ്റ് വാച്ച്മാൻമാരുടെ എണ്ണം അറിയിക്കുമോ?

കൃഷി വകുപ്പിന് കീഴിലുള്ള ഓഫീസുകളും ഫാമുകളുമുൾപ്പെടെ പി.എസ്.സി. മുഖേന ജോലിയിൽ പ്രവേശിച്ച 64 നൈറ്റ് വാച്ച്മാൻമാർ നിലവിലുണ്ട്.

(സി) ഫാമുകളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാർക്ക് രണ്ടാം ശനി, സർക്കാർ പൊതുഅവധികൾ എന്നിവ ബാധകമാണോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ അവധി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) പി.എസ്.സി. മുഖേന സ്ഥിരനിയമനം ലഭിച്ചിട്ടുള്ള സർക്കാർ ജീവനക്കാരായതിനാൽ കെ.എസ്.ആർ. പ്രകാരമുള്ള അവധികൾ ബാധകമാണ്. 25-11-1989-ലെ സർക്കുലർ നം. 10813/Rules-289/പി & ആർ.ഡി. പ്രകാരം ഞായർ ഒഴികെയുള്ള രണ്ടാം ശനി ഉൾപ്പെടെയുള്ള പൊതുഅവധി ദിവസങ്ങളിൽ ജോലി ചെയ്യുന്ന നൈറ്റ് വാച്ച്മാൻമാർക്ക് കോമ്പൻസേറ്ററി ഓഫ് നൽകാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്.

ഒരു കലണ്ടർ വർഷത്തിൽ അനുവദിക്കാവുന്ന പരമാവധി കോമ്പൻസേറ്ററി ഓഫ് 15 ആയും കൂട്ടിവയ്ക്കാവുന്ന കോമ്പൻസേറ്ററി ഓഫുകളുടെ എണ്ണം 10 ആയും നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രസ്തുത ജീവനക്കാർക്ക് സർക്കാർ പൊതുഅവധി ദിവസങ്ങളിൽ ജോലിക്ക് ഹാജരാകാത്തതിന് ആകസ്മിക അവധി അനുവദിച്ചിട്ടുണ്ടോ; 2022, 2023 വർഷങ്ങളിൽ ഇപ്രകാരം അവധി അനുവദിച്ച ജീവനക്കാരുടെ വിശദാംശം അറിയിക്കുമോ?

ഉണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ വാച്ച്മാൻമാരായ ശ്രീ. ഗോപകുമാർ എ., ശ്രീ. വിഷ്ണു കെ., വീയപുരം സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. വിഷ്ണു വി. എന്നിവർക്കും തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ സംസ്ഥാന വിത്തുൽപ്പാദന

കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. അഭിലാഷ് പി.എ., ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ വാച്ച്മാൻ ശ്രീ. സുചിത്രൻ പി.എസ്., മണ്ണുത്തി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. സിദ്ദിഖ് കെ. എന്നിവർക്കും പത്തനംതിട്ട ജില്ലയിലെ പന്തളം കരിമ്പ് വിത്തുൽപ്പാദന കേന്ദ്രത്തിലെ വാച്ച്മാൻ ശ്രീ. മഷൂർ കെ. എ. എന്നയാൾക്കും 2022-23-ൽ ഇപ്രകാരം ആകസ്മിക അവധി അനുവദിച്ചിട്ടുണ്ട്.

**തരൂർ മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ**

54 (3478) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 വർഷത്തിൽ സ്മാർട്ട് കൃഷിഭവനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സ്മാർട്ട് കൃഷിഭവൻ ഘടകത്തിനായി പത്ത് കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയത് പ്രകാരം സംസ്ഥാന സർക്കാർ പദ്ധതി വിഹിതമുപയോഗിച്ച് കൂടുതൽ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി മാറ്റുവാൻ ലക്ഷ്യമിടുന്നു.

(ബി) തരൂർ മണ്ഡലത്തിലെ ഏതെങ്കിലും കൃഷിഭവൻ സ്മാർട്ടാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

തരൂർ നിയോജകമണ്ഡലത്തിൽനിന്നും കുത്തനൂർ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളത്.

**ഇടുക്കി ജില്ലയിലെ ഫാം ടൂറിസം പദ്ധതി**

55 (3479) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഫാമുകളിലാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ ഫാമുകളിൽ ഫാം ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(1) സംസ്ഥാന പച്ചക്കറിത്തോട്ടം, വണ്ടിപ്പെരിയാർ

വിനോദസഞ്ചാരികൾ, വിദ്യാർത്ഥികൾ, കർഷകർ, പൊതുജനങ്ങൾ എന്നിവർക്ക് ഫാമിലെത്തി കൃഷിരീതികൾ കണ്ടുപഠിക്കുന്നതിനും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും സൗകര്യമൊരുക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ 68 ലക്ഷം രൂപ വിനിയോഗിച്ച് വിനോദസഞ്ചാരികൾക്കുള്ള ട്രക്കിംഗ് പാത്ത്, ലാൻഡ് സ്കേപ്പിംഗ്, ഫാം

റോഡുകൾ, പൂന്തോട്ടം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ താമസസൗകര്യമൊരുക്കിയിട്ടില്ല.

(2) <u>ഓറഞ്ച് പച്ചക്കറിത്തോട്ടം, നെല്ലിയാമ്പതി</u>

ഓറഞ്ച്, നാരകം, ശീതകാല പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷിരീതി പഠിക്കുന്നതിനും അവയുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിനും ഫാം പ്രദേശത്തെ പ്രകൃതിരമണീയത ആസ്വദിക്കുന്നതിനും ഫാമിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് ഗസ്റ്റ് ഹൗസ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, നാല്പതോളം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ (പഴച്ചാറുകൾ, ഫാം ടൂറിസം, ജാം, ജെല്ലി എന്നിവ) ഫാമിൽ തയ്യാറാക്കി വിൽക്കുന്നുണ്ട്.

(3) <u>ജില്ലാ കൃഷിത്തോട്ടം, നേര്യമംഗലം</u>

ഫാം ടൂറിസവുമായി ബന്ധപ്പെട്ട് 2019-20 ആർ.കെ.വി.വൈ. പദ്ധതിയിൽ 50 കോടി രൂപയുടെ പ്രവർത്തനങ്ങൾ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. മത്സ്യക്കുളങ്ങൾ, വിവിധ വിളകളുടെ മ്യൂസിയം, കൂൺ കൃഷി യൂണിറ്റുകൾ, കുളങ്ങൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ, വിൽപ്പന ഗ്യാലറികൾ, ഗസ്റ്റ് ഹൗസ് എന്നിവയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(4) ജില്ലാ കൃഷിത്തോട്ടം, അഞ്ചൽ

കൊല്ലം ജില്ലാ പഞ്ചായത്തിന്റ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് 2020-21-ൽ 50 ലക്ഷം രൂപ ചെലവഴിച്ച് ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി കുട്ടികളുടെ പാർക്ക്, കൃത്രിമ കുളം, വാട്ടർ ഫൗണ്ടൻ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, വിവിധ വിളകളുടെ മ്യൂസിയം, പനിനീർ പുഷ്പ പൂന്തോട്ടം, പുൽത്തകിടി, മറ്റ് അലങ്കാരച്ചെടികൾ എന്നിവ വച്ച് ഫാം മോടിപിടിപ്പിച്ചു.

(5) ജില്ലാ കൃഷിത്തോട്ടം, കുത്താളി

ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മിച്ച കുട്ടികളുടെ പാർക്ക് നിലവിലുണ്ട്. നടപ്പാതയുടെ നിർമ്മാണം, ഫാം മോടിപിടിപ്പിക്കൽ എന്നിവയും പൂർത്തിയായി.

(6) സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, ആലുവ

നബാർഡിന്റെ ധനസഹായമുള്ള ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി 6.78 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംയോജിത കൃഷിരീതികൾ പഠിക്കുന്നതിനും ഫാമിന്റെ പ്രകൃതിരമണീയത ആസ്വദിക്കുന്നതിനും അനേകം കർഷകരും സന്ദർശകരും ഫാമിലെത്തുന്നുണ്ട്. ഫാമിന്റെ വികസനത്തിനും ടൂറിസം

നടപ്പിലാക്കുന്നതിനുമായി ഫാമിന് സമീപമുള്ള പുഴയ്ക്ക് കുറുകെ തൂക്കുപാലം, പുഴയോര സംരക്ഷണം, ബോട്ട് ജെട്ടി, ഫാം റോഡ്, ഓഫീസ് കെട്ടിടം നവീകരണം, തൊഴിലാളികളുടെ വിശ്രമ ഷെഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായും ടി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ, ഫാമിൽ പരിശീലനപരിപാടികൾ നടത്തപ്പെടുന്നതിനാൽ പരിശീലന കേന്ദ്രം, ശുചിമുറികൾ എന്നിവ നിർമ്മിക്കുന്നതും ടി പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ആയതിന്റെ ഉദ്ഘാടനം നടന്ന തീയതിയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയിലെ സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ ഫാം ടൂറിസം നടപ്പിലാക്കുന്നുണ്ട്. 14-02-2019-ൽ മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ തുടക്കം കുറിച്ച ടി പദ്ധതി 05-02-2022-ന് പൂർത്തിയാകുകയും ടി ഫാം ടൂറിസം പദ്ധതി അദ്ദേഹം ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. നിലവിൽ ഫാം സന്ദർശിക്കുന്നതിന് നിരവധി ടൂറിസ്റ്റുകളെത്തുന്നുണ്ട്. ഫാം ടൂറിസവുമായി

ബന്ധപ്പെട്ട് മത്സ്യകൃഷിക്കുപുറമെ നാടൻ പശുക്കൾ, അലങ്കാര കോഴികൾ, നാടൻ കോഴികൾ എന്നിവയെയും ഫാമിൽ പരിപാലിച്ചുവരുന്നു.

(സി) കഴിഞ്ഞ രണ്ട് വർഷക്കാലം പ്രസ്തുത പദ്ധതി മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സന്ദർശകർക്ക് ഫാം ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി ഒരു വിപുലമായ സെയിൽസ് കൗണ്ടർ പ്രവർത്തിച്ചുവരുന്നു. ആയതിൽ ഫാമിലെ ഉൽപ്പന്നങ്ങളായ പച്ചക്കറികൾ, അലങ്കാരച്ചെടികൾ, പച്ചക്കറി വിത്തുകൾ, കോഴിമുട്ട, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പനനടത്തുന്നു. ഫാം ടൂറിസം പദ്ധതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ക്യാന്റീൻ പണിയുന്നതിനായി പി.ഡബ്ല്യൂ.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി 4401-00-104-98 ശീർഷകത്തിൽ (ഫാമുകളുടെ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായുള്ള സ്കീമിൽ) 47 ലക്ഷം രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ഡി) ഫാമുകളിൽ വെറുതെ കിടക്കുന്ന ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

അറിയിക്കുമോ; ഇത് മുഖേന തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഫാമിലെ കൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തികവർഷം 14 ലക്ഷം രൂപയും ജലസേചനത്തിനായി 12.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഫാമുകളിലെ തരിശുഭൂമിയിലെ അടിക്കാട് യന്ത്രമുപയോഗിച്ച് വെട്ടിമാറ്റുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഇപ്രകാരം കൂടുതൽ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാനാകും.

## ആലത്തൂർ കൃഷി ഓഫീസിനെ സ്മാർട്ട് ഓഫീസാക്കി മാറ്റുന്നതിന് നടപടി

56 (3480) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ കൃഷി ഓഫീസിനെ സ്മാർട്ട് ഓഫീസാക്കിമാറ്റുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVIII സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ആലത്തൂർ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുവാനുള്ള പദ്ധതിരേഖ സമർപ്പിച്ചിരിക്കുകയാണ്. സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിന് ആലത്തൂർ

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ആലത്തൂർ സീഡ് ഫാമിന്റെ അധീനതയിലുള്ള 5 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് അനുമതിക്കായി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

പുതിയ കെട്ടിടമുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(1) കാർഷിക വിവരശേഖരണവും ഇതിന്റെ ഡിജിറ്റലൈസേഷനും മാപ്പിംഗും.

(2) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ വിപുലീകരണം

(3) കൃഷിഭവനിലെ കമ്പ്യൂട്ടർവത്കരണം

(4) കടലാസുരഹിത ഓഫീസ് സംവിധാനം

(5) എയിംസ് പോർട്ടൽ, സ്മാർട്ട് കാർഡ് വിതരണവും എയിംസ് പോർട്ടൽ വഴി കർഷകരുടെ വിവരശേഖരണം

(6) ഫ്രണ്ട് ഓഫീസ് സംവിധാനം

(7) കൃഷിവകുപ്പിന്റെ ഫാമുകൾ, ലാബുകൾ തുടങ്ങിയവയുടെ ഡിജിറ്റൈസേഷൻ e-FT തുടങ്ങിയവ.

(8) ഓൺലൈൻ ഓഡിറ്റിംഗ് സംവിധാനം

(9) മാതൃകാ ഗ്രീൻഹൗസ് സംവിധാനം

(10) മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ

(11) ഫാം പ്ലാനുകളുടെ ഡിജിറ്റൈസേഷൻ

(12) ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി

പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോട്ടക്കൽ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ

57 (3481) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVIII പദ്ധതി പ്രകാരമുള്ള സ്മാർട്ട് കൃഷിഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം കൃഷിഭവനെ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കൃഷിഭവനെ സ്മാർട്ട് കൃഷിഭവനായി ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തിയായിരുന്നു സമർപ്പിച്ചിരുന്നത്. 2018-ലും 2019-ലുമായി സംഭവിച്ച പ്രളയത്തിന്റെയും മണ്ണൊലിപ്പിന്റെയും ഫലമായി നാശം സംഭവിച്ച ഡിപ്പാർട്ട്മെന്റ് ഫാമുകളുടെയും ഓഫീസ് കെട്ടിടങ്ങളുടെയും കേടുപാടുകൾ തീർക്കുകയെന്നതാണ് പുനർജ്ജനി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. ആയതിനാൽ ഇരിമ്പിളിയം കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. എന്നാൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVIII പദ്ധതി പ്രകാരമുള്ള 14 കൃഷിഭവനുകളുടെ പട്ടികയിൽ ഇരിമ്പിളിയം

കൃഷിഭവനം ഉൾപ്പെടുത്തി നബാഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള കൃഷിഭവനകളെ സ്മാർട്ട് കൃഷിഭവനകളാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ എല്ലാ കൃഷിഭവനകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**കുട്ടനാട്ടിലെ പുറംബണ്ടുകളിൽ ട്രാക്ടർ റോഡ് നിർമ്മാണം**

58 (3482) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ പുറംബണ്ടുകൾ തകർന്ന് പാടശേഖരങ്ങളിൽ വെള്ളം കയറി കൃഷി നശിക്കുന്നതും പുറംബണ്ടുകളിൽ താമസിക്കുന്നവരുടെ വീടുകളിൽ വെള്ളം കയറുന്നത് തടയുന്നതിനും നെൽകൃഷിക്കാവശ്യമായ യന്ത്രങ്ങളെത്തിക്കുന്നതിനും എല്ലാ പുറംബണ്ടുകളിലും ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എത്തിക്കുന്നതിന് പാടശേഖരങ്ങളുടെ പുറംബണ്ടിലൂടെ ട്രാക്ടർ റോഡ് നിർമ്മിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

## മലപ്പുറം ജില്ലയിൽ വിള ഇൻഷുറൻസ് തുക നല്കാൻ നടപടി

59 (3483) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കർഷകർക്ക്, കനത്തമഴയിൽ നശിച്ച വിളകൾക്കുള്ള ഇൻഷുറൻസ് തുക ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കർഷകർക്ക് വിള ഇൻഷുറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

19-05-2022 വരെയുള്ള കാലയളവിലെ ഇൻഷുറൻസ് തുക കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. അതിനുശേഷമുള്ള കാലയളവിലെ എയിംസ് മുഖേന അംഗീകരിച്ചിട്ടുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## വിള ഇൻഷുറൻസ് പദ്ധതി

60 (3484) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏതൊക്കെ മേഖലയിൽനിന്നുള്ള കർഷകർക്കാണ് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കുടിശ്ശിക നൽകാനുള്ളത്; വ്യക്തമാക്കാമോ?

എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളിൽ 2443.98112 ലക്ഷം രൂപ കർഷകർക്ക് നൽകുവാനുണ്ട്. ടി തുക നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ഇലകളിൽ തളിക്കുന്ന വളങ്ങൾ

61 (3485) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് മെച്ചപ്പെട്ട വിള ലഭിക്കുന്നതിന് ഇലകളിൽ തളിക്കുന്ന വളപ്രയോഗം പ്രയോജനപ്പെടുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ എങ്ങനെയാണ് ഈ വളപ്രയോഗം നടത്തേണ്ടതെന്നും ആയത് കൃഷിക്കാരിലെത്തിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇലകളിൽ തളിക്കുന്ന വളങ്ങൾ ഹ്രസ്വകാല വിളകൾക്ക് പൊതുവെ പ്രയോജനകരമാണ്. വിശാലമായ പാടശേഖരം/സംഘം അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന വിളകൾക്കാണ് (ഒരേ പ്രായത്തിൽ) ഈ പ്രക്രിയ അഭികാമ്യം. വിളകളിൽ കാണുന്ന പോഷകക്കുറവ് വേഗത്തിൽ പരിഹരിക്കുന്നതിന് ഈ വളപ്രയോഗം വളരെ ഫലപ്രദമാണ്. കർഷകർക്കുവേണ്ടി നടത്തുന്ന പരിശീലന പരിപാടികളിൽ ഇതിനെ സംബന്ധിച്ചുള്ള ബോധവത്കരണം നടത്താറുണ്ട്. സാധരണയായി കർഷകർ സ്പ്രെയർ ഉപയോഗിച്ചാണ് ഇലകളിൽ വളം തളിക്കാറുള്ളത്. ഇതുകൂടാതെ ഡ്രോൺ ഉപയോഗിച്ചും ഇലകളിൽ വളം തളിക്കാവുന്നതാണ്. എല്ലാ ജില്ലകളിലും ഡ്രോൺ മുഖേനയുള്ള വളപ്രയോഗത്തിന്റെ ട്രയൽ നടത്തിയിട്ടുണ്ട്.

(ബി) മണ്ണിലൂടെയുള്ള വളപ്രയോഗത്തെക്കാളും ഗുണം നൽകുന്നതാണോ ഇത്തരത്തിലുള്ള വളപ്രയോഗരീതിയെന്ന് വ്യക്തമാക്കാമോ?

ഇലകളിൽ തളിക്കുന്ന വളപ്രയോഗരീതിയാണ് മെച്ചപ്പെട്ടത്. ഈ പ്രക്രിയ നടപ്പിലാക്കുന്നത് മുഖേന പോഷകമൂല്യങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്താനും വർദ്ധിപ്പിക്കാനും സാധിക്കുന്നു. വിളകളിൽ കാണുന്ന പോഷകക്കുറവ് വേഗത്തിൽ പരിഹരിക്കുന്നതിന് ഈ വളപ്രയോഗം വളരെ

ഫലപ്രദമാണ്. ചെടികളിലെ സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കാൻ ഇലകളിൽ തളിക്കുന്ന വളങ്ങൾ ഉത്തമമാണ്. ചെടികൾ പൂവിടാനും കായ്കളുടെ വലിപ്പം കൂട്ടാനും ഈ വളപ്രയോഗം വളരെ പ്രയോജനകരമാണ്. ഇലകളിൽ വളം തളിക്കുന്നത് മുഖേന മണ്ണിൽ ഉപയോഗിക്കുന്ന വളത്തിന്റെ അളവിനേക്കാളും കുറച്ചുപയോഗിച്ചാൽ മതിയാകും.

(സി) ഇത്തരത്തിൽ ഇലകളിൽ തളിക്കുന്ന സർക്കാർ അംഗീകൃത വളങ്ങളുണ്ടോയെന്ന് വിശദമാക്കാമോ?

ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരമുള്ള ഷെഡ്യൂൾ I പാർട്ട് എ-യിൽ ഉൾപ്പെട്ട യൂറിയ, 100 ശതമാനം വെള്ളത്തിൽ ലയിക്കുന്ന രാസവളങ്ങൾ, ക്ലോസ് 20 D-യിൽ ഉൾപ്പെട്ടിട്ടുള്ള നാനോ വളങ്ങൾ തുടങ്ങിയവ ഇലകളിൽ തളിക്കുന്ന സർക്കാർ അംഗീകൃത വളങ്ങളാണ്. കാർഷിക സർവ്വകലാശാല പുറത്തിറക്കിയ Package of Practices പ്രകാരം ശിപാർശ ചെയ്യുന്ന അളവിലാണ് പ്രസ്തുത വളങ്ങൾ കർഷകർക്ക് ശിപാർശ ചെയ്യുന്നത്.

**വാമനപുരം മണ്ഡലത്തിലെ ആഗ്രോ സർവ്വീസ് സെന്ററുകൾ**

62 (3486) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കാമോ?

പരമ്പരാഗത കൃഷിയോടൊപ്പം ആധുനിക കാർഷിക മുറകൾകൂടി ഉൾപ്പെടുത്തി കൃഷിച്ചെലവ് കുറയ്ക്കാനും അതുവഴി കർഷകരുടെ വരുമാനം കൂട്ടുന്നതിനുംവേണ്ടി ബ്ലോക്കുതലത്തിൽ രൂപീകരിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളാണ് അഗ്രോ സർവ്വീസ് സെന്ററുകൾ. കുറഞ്ഞ ചെലവിൽ കർഷകത്തൊഴിലാളികളുടെയും കാർഷിക യന്ത്രോപകരണങ്ങളുടെയും സേവനം, കാർഷിക പുരോഗതിക്കാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ജൈവവളം തുടങ്ങിയ ഉൽപ്പാദനോപാധികളുടെ ഉൽപ്പാദനം, വിതരണം, പരിശീലനം, ജലസേചന സംവിധാനങ്ങളായ സ്പ്രിംഗ്ലർ, ഡ്രിപ് ഇറിഗേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവനം, മഴമറകളും പോളി ഹൗസുകളും നിർമ്മിക്കുന്നതിനുള്ള സേവനം, കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയിലുള്ള സേവനം തുടങ്ങിയവ അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് ലഭ്യമാണ്.

(ബി) വാമനപുരം മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാമാണ് ആഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്?

വാമനപുരം മണ്ഡലത്തിൽ നിലവിൽ പുല്ലമ്പാറ, ആനാട്, പനവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നത്.

(സി) മണ്ഡലത്തിൽ പുതിയതായി ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

മണ്ഡലത്തിൽ പുതിയതായി ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങാൻ നിലവിൽ പദ്ധതിയില്ല.

**ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ വില കർഷകർക്ക് നൽകാൻ നടപടി**

63 (3487) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറിയുടെ വില കർഷകർക്ക് വിതരണം ചെയ്യുവാൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ വിതരണം ചെയ്യാനുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരുന്ന തുക എത്രയാണെന്നും ചെലവഴിച്ച തുക

എത്രയാണെന്നും വ്യക്തമാക്കാമോ; കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) 2022-23 സാമ്പത്തികവർഷത്തിൽ വിപണി ഇടപെടലിനായി സംസ്ഥാന ബഡ്ജറ്റിൽ 15 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത 15 കോടി രൂപയിൽനിന്നും 4.60 കോടി രൂപ 2022 ഓണാഘോഷത്തോടനുബന്ധിച്ച് കർഷകരിൽനിന്നും കൂടിയ വില നൽകി പച്ചക്കറി സംഭരിച്ചതുമായി ബന്ധപ്പെട്ട നഷ്ടം, പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറി നൽകിയ വകയിലുണ്ടായ നഷ്ടം, കാർഷികോൽപ്പന്നങ്ങളുടെ അമിതോൽപ്പദനം ഉണ്ടാകുന്ന അവസരങ്ങളിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ കൂടുതലായി സംഭരിക്കുമ്പോളുണ്ടാകുന്ന നഷ്ടം എന്നിവ നികത്തുന്നതിനായും 1.35 കോടി രൂപ കർഷകരുടെ കുടിശ്ശിക തീർക്കുന്നതിനായിട്ടുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നത്. 2022 മാർച്ച് വരെ സംഭരിച്ച പച്ചക്കറിയുടെ വിലയായി, കർഷകർക്കും/കർഷക സംഘങ്ങൾക്കുമായി 3,04,55,315/- രൂപയും 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കുടിശ്ശികയായി 4,77,50,000/- രൂപയും നൽകിയിട്ടുണ്ട്. 2023 ജനുവരി മുതലുള്ള കുടിശ്ശികതുകയായ 52.25

ലക്ഷം രൂപ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക**

64 (3488) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കർഷകർക്ക് ഹോർട്ടികോർപ്പ് നൽകാനുള്ള മുഴുവൻ തുകയും 2023 ജനുവരി 31-നകം നൽകുമെന്ന ഉറപ്പുപാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

2022 മാർച്ച് വരെ സംഭരിച്ച പച്ചക്കറിയുടെ വിലയിനത്തിൽ കർഷകർക്കും/കർഷക സംഘങ്ങൾക്കുമായി 3,04,55,315/- രൂപയും 2022 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കുടിശ്ശികയായി 4,77,50,000/- രൂപയും സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. 2023 ജനുവരി മുതലുള്ള കുടിശ്ശികത്തുകയായ 52.25 ലക്ഷം രൂപ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക കടാശ്വാസ കമ്മീഷൻ**

65 (3489) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കാർഷിക കടാശ്വാസ കമ്മീഷൻ എത്ര കോടി രൂപയുടെ കടാശ്വാസം അനുവദിച്ചുകൊണ്ട് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

2016 മേയ് 25-നുശേഷം 31-01-2023 വരെ 249,97,88,972/- രൂപയുടെ കടാശ്വാസ ശിപാർശ കമ്മീഷനിൽനിന്നും സർക്കാരിന് നൽകിയിട്ടുണ്ട്.

(ബി) ഇതിൽ നാളിതുവരെ എത്ര കോടി രൂപയുടെ സഹായം വിതരണം ചെയ്തിട്ടുണ്ട്; സാമ്പത്തികവർഷത്തിന്റെ അടിസ്ഥാനത്തിൽ വിശദാംശം വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഇടുക്കി ജില്ലയിൽ കർഷക കടാശ്വാസ കമ്മീഷൻ മുഖേന വിതരണം ചെയ്ത തുക

66 (3490) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മുതൽ നാളിതുവരെ കർഷകകടാശ്വാസ കമ്മിഷൻ മുഖേന ഇടുക്കി ജില്ലയിലെ കർഷകർക്ക് എത്ര തുക ഓരോ വർഷവും വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ആയതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

കമ്മീഷനിൽ കർഷകർ സമർപ്പിക്കുന്ന അപേക്ഷ സ്വീകരിച്ച് ജില്ലാടിസ്ഥാനത്തിൽ വേർതിരിച്ച് അതത് ജില്ലകളിൽ സിറ്റിംഗ് നടത്തി അർഹത നിർണ്ണയിച്ച് കമ്മീഷൻ ഉത്തരവാകുന്നു. കമ്മീഷനിൽ സമർപ്പിക്കപ്പെടുന്ന 2007-ലെ കർഷകകടാശ്വാസ കമ്മീഷൻ ചട്ടപ്രകാരമുള്ള ഫോറം 'സി'-യിലുള്ള അപേക്ഷകളിൽ നിയോജകമണ്ഡലം രേഖപ്പെടുത്തുവാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ കടാശ്വാസം വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ തയ്യാറാക്കിയ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കർഷക കടാശ്വാസ കമ്മീഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

67 (3491) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന നടത്തിവരുന്ന പ്രവർത്തങ്ങൾ വിശദമാക്കുമോ?

വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2007-ലാണ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽവരുന്നത്. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പുറപ്പെടുവിച്ച് സർക്കാരിലേയ്ക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു.

ഈ സർക്കാർ അധികാരമേറ്റശേഷം കർഷകരുടെ കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി രണ്ട് വർഷം കൂടി വർദ്ധിപ്പിച്ചു. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31-08-2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31-03-2016 വരെയും സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകളാണ് നിലവിൽ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നത്. ദീർഘിപ്പിച്ച കാലപരിധിയനുസരിച്ച് കർഷകർക്ക് അപേക്ഷ സമർപ്പിക്കാൻ 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ സമയമനുവദിച്ചിട്ടുണ്ട്. പരമാവധി

രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിക്കുന്നത്. മുൻകാലയളവിൽ അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01-03-2019 മുതൽ 10-06-2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾകൂടി പരിഗണിക്കുന്നതിന് 07-01-2022-ൽ ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

കോവിഡ് മഹാമാരിമൂലം ഒരുവർഷത്തിലേറെ സിറ്റിംഗ് നടത്താൻ കഴിയാതെവന്ന സാഹചര്യത്തിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇപ്രകാരം 11 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ബഡ്ജറ്റ് വിഹിതമായ 18.9 കോടി രൂപയ്ക്കുപുറമേ ഈ സാമ്പത്തികവർഷത്തിൽ ഇതിനോടകംതന്നെ അധിക ധനാനുമതി മുഖേന 16.004 കോടി രൂപകൂടി അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസത്തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി**

68 (3492) ശ്രീ. ടി. ഐ. മധുസൂദനൻ:താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയെ (കെ.എസ്.എസ്.ഡി.എ.) ആധുനീകരിച്ച് ഗുണമേന്മയുള്ള വിത്തിനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് പര്യാപ്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന വിത്തുവികസന അതോറിറ്റിയെ (കെ.എസ്.എസ്.ഡി.എ.) ആധുനീകരിച്ച് ഗുണമേന്മയുള്ള വിത്തിനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് പര്യാപ്തമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ആർ.എസ്.ജി.പി. (രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം) കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എല്ലാ വർഷവും ടാർജറ്റ് നിശ്ചയിച്ച് നെൽവിത്തുൽപ്പാദനം ഉറപ്പാക്കുകയും ഇപ്രകാരം ഉൽപ്പാദിപ്പിച്ച നെൽവിത്ത് കേരള സംസ്ഥാന വിത്തുവികസന അതോറിറ്റിയുടെ പ്രോസ്സസിംഗ് പ്ലാന്റുകളിൽ മികച്ച രീതിയിൽ പ്രോസ്സസിംഗ് ചെയ്ത് സംഭരണം നടത്തി കർഷകർക്ക് നൽകിവരികയും ചെയ്യുന്നു. ഫീൽഡ് പ്രോസ്സസിംഗ് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും പ്ലാന്റ് പ്രോസ്സസിംഗ്

നടപ്പിലാക്കിക്കൊണ്ടും ഗുണമേന്മയുള്ള നെൽവിത്ത് കർഷകർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്.

- ഉൽപ്പാദിപ്പിക്കപ്പെട്ട നെൽവിത്തിന്റെ ഗുണമേന്മ വിവിധതലങ്ങളിൽ ശാസ്ത്രീയ രീതികൾ അവലംബിച്ച് ഉറപ്പാക്കി സീഡ് സർട്ടിഫിക്കേഷൻ സംവിധാനം നടപ്പിലാക്കിവരുന്നു.
- പ്രവർത്തനങ്ങൾ കൂടുതൽ ആധുനീകരിക്കുന്നതിന്റെ ഭാഗമായി കണ്ണാറ സീഡ് ഗോഡൗണിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സീഡ് ടെസ്റ്റിംഗ് ലാബ് ആരംഭിക്കുന്നതിനും ഏരുത്യാമ്പതി സീഡ് ഗോഡൗണിനോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയതും കൂടുതൽ പ്രവർത്തനക്ഷമതയുള്ളതുമായ പ്രോസ്സസിംഗ് പ്ലാന്റും പുതിയ ഗോഡൗണും ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ, കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി കൈകാര്യം ചെയ്യുന്ന നെൽവിത്തിന്റെ ലഭ്യത, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഫലവൃക്ഷങ്ങൾ വാർഡ് തലത്തിൽ വിതരണം ചെയ്യാൻ നടപടി**

69 (3493) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസുകൾ മുഖേന വിതരണം ചെയ്യേണ്ട വിവിധയിനം ഫലവൃക്ഷങ്ങൾ കൃഷിഭവനിൽത്തന്നെയിരുന്ന് നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണ പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പുഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവ്വകലാശാല, കാർഷികകർമ്മ സേന/അഗ്രോസർവ്വീസ് സെന്റർ, കുടുംബശ്രീ എന്നീ വകുപ്പ്/ഏജൻസികൾ മുഖേന ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂകൾച്ചർ തൈകൾ 75 ശതമാനം സബ്സിഡിയോടുകൂടിയും ഫലവൃക്ഷത്തൈകളും വാഴക്കന്നും പൂർണ്ണമായും സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്. ഒരു കോടി ഫലവൃക്ഷത്തൈ വിതരണം പദ്ധതി പ്രകാരം കർഷകർക്ക് വിതരണം ചെയ്യേണ്ട ഫലവൃക്ഷത്തൈകൾ പ്രതികൂലമായ കാലാവസ്ഥയും തൊഴിലാളികളുടെ അഭാവംമൂലവും യഥാസമയം ഉൽപ്പാദനം നടക്കാത്ത സാഹചര്യം ഉണ്ടാകാറുണ്ട്.

ഇക്കാരണത്താൽ കൃഷിഭവനകളിൽ ചില അവസരങ്ങളിൽ യഥാസമയം ഫലവൃക്ഷത്തൈകൾ എത്തിക്കുവാൻ കാലതാമസം നേരിടാറുണ്ട്. ഇത്തരത്തിൽ ക്രമംതെറ്റി വിതരണം നടത്തേണ്ടിവരുന്ന ഫലവൃക്ഷത്തൈകൾ കൈപ്പറ്റി പരിപാലിക്കുന്നതിന് ചില കർഷകർ വിമുഖത കാണിക്കാറുണ്ട്. മേൽ സാഹചര്യങ്ങളാലാണ് ചില കൃഷിഭവനകളിൽ ഏതാനും ഫലവൃക്ഷത്തൈകളിരുന്ന് നശിച്ചുപോകുന്നത്. കൂടാതെ ഗ്രാഫ്റ്റ്, ലെയറുകൾ എന്നിവയാണ് കർഷകർ കൂടുതലായി താൽപ്പര്യപ്പെടുന്നത്. ആയതിനാൽ 2023-24 സാമ്പത്തികവർഷത്തിൽ കൂടുതലായി ഇവ ഉൾപ്പെടുത്തുന്നതാണ്.

(ബി) ആയത് പരിഹരിക്കുന്നതിനായി വാർഡുതലത്തിൽ പ്രസ്തുത ഫലവൃക്ഷങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വാർഡുതലത്തിൽ പ്രസ്തുത ഫലവൃക്ഷങ്ങൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് കുടുംബശ്രീ, എം.ജി.എൻ.ആർ.ജി.എസ്. എന്നിവരുടെ സഹായത്തോടുകൂടി കൃഷിഭവനകളിൽ എത്തുന്ന ഫലവൃക്ഷത്തൈകളുടെ പരിപാലനവും

നിരീക്ഷണവും നടത്തുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിഭവനുകളിൽ ഫലവൃക്ഷത്തൈകൾ എത്തുന്ന വിവരം യഥാസമയം കാർഷിക വികസന സമിതി യോഗങ്ങളിൽ അറിയിക്കുകയും ആയതിലൂടെ തൈകൾ ഗുണഭോക്താക്കളിലേയ്ക്ക് വേഗത്തിൽ എത്തിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. കൃഷിഭവനുകളിൽ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സമൂഹമാധ്യമങ്ങളായ വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ, ഫെയ്സ് ബുക്ക് ഗ്രൂപ്പുകൾ മുഖേനയും ഫലവൃക്ഷത്തൈകൾ എത്തിയ വിവരം യഥാസമയംതന്നെ കർഷകരെ അറിയിക്കാറുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി പുതിയതായി രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങൾ വഴി ഫലപ്രദമായി ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ പദ്ധതികൾ**

70(3494) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് ബ്ലോക്കിൽ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് ബ്ലോക്കിൽ കൃഷിശ്രീ സെന്ററുകൾ/അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലേയും എം.എൽ.എ.-മാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അതത് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ സമർപ്പിക്കുന്ന പട്ടിക പ്രകാരമാണ് സ്മാർട്ട് കൃഷിഭവനാക്കേണ്ട കൃഷിഭവനുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ള പട്ടികയിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും ചാവക്കാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി നൽകിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്മാർട്ട് കൃഷിഭവൻ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിവരികയാണ്. വരുംവർഷങ്ങളിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും ചാവക്കാട്

കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്ന വിഷയം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്.

**മുല്ലശ്ശേരി കൃഷിഭവൻ കെട്ടിടം പുതുക്കി പണിയുന്നതിന് പദ്ധതി**

71 (3495) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പെരുവല്ലൂരിൽ സ്ഥിതി ചെയ്യുന്ന മുല്ലശ്ശേരി കൃഷിഭവൻ കെട്ടിടം ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കൃഷി ഭവൻ കെട്ടിടം പുതുക്കിപ്പണിയുന്നതിന് പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കൃഷിഭവൻ കെട്ടിടം പണിയുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കെട്ടിടം പുതുക്കിപ്പണിയുന്നതിന് നിലവിൽ പദ്ധതികളൊന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് ആസൂത്രണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോതമംഗലം മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി**

72 (3496) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിൽനിന്നും കീരംപാറ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ കൃഷിഭവനുകളിലേയ്ക്ക് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കോതമംഗലം നിയോജകമണ്ഡലത്തിൽനിന്നും കൂടുതൽ കൃഷിഭവനുകൾ ഈ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

**സ്മാർട്ട് കൃഷിഭവൻ**

73 (3497) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു സ്മാർട്ട് കൃഷിഭവൻ എന്ന പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽനിന്ന് ഏത് കൃഷിഭവനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽനിന്നും ഞാറക്കൽ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത കൃഷിഭവൻ സ്മാർട്ടാക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ഞാറക്കൽ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

## കൃഷി വകുപ്പിലെ ഒഴിവുകൾ

74 (3498) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിൽ ടെക്നിക്കൽ, മിനിസ്റ്റീരിയൽ, എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

ടെക്നിക്കൽ, മിനിസ്റ്റീരിയൽ, എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൃഷി ഓഫീസർ തസ്തികയിലേയ്ക്കുള്ള 237 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നേരിട്ട് നിയമനം നൽകേണ്ടവയും സ്ഥാനക്കയറ്റം വഴി നിയമനം നൽകേണ്ടവയും ഏതൊക്കെയാണെന്ന് അറിയിക്കാമോ?

നേരിട്ട് നിയമനം നൽകേണ്ട തസ്തികകൾ, സ്ഥാനക്കയറ്റം വഴി നിയമനം നൽകേണ്ട തസ്തികകൾ എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ഫീഡർ കാറ്റഗറിയിലുൾപ്പെട്ട തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി തർക്കം നിലനിൽക്കുന്നതിനാൽ സ്ഥാനക്കയറ്റം നൽകുവാൻ കഴിഞ്ഞിട്ടില്ല. അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി ജോയിന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് ഡി.പി.സി. കൂടുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവ് നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്കും വർക്ക് സൂപ്രണ്ട് എൽ.ജി.എസ്. ഡ്രൈവർ LDV & HDV ഇലക്ട്രീഷ്യൻ, ഡ്രൈവർ, ഡ്രൈവർ-കം-സിനിമ ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ഒഴിവ് പി.എസ്.സി.-യിലേയ്ക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെക്കാനിക്ക് തസ്തികയിലെ ഒഴിവ് തസ്തികമാറ്റത്തിലൂടെയും പി.എസ്.സി. മുഖേനയും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലാബ് അസിസ്റ്റന്റ്, ലാബ് അറ്റൻഡർ, ട്രാക്ടർ ഡ്രൈവർ എന്നീ തസ്തികകളിലും തസ്തികമാറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിലെ ജീവനക്കാരുടെ വിഷയങ്ങൾ**

75 (3499) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് ഡയറക്ടറുടെ 11-02-2022-ലെ എ.ഡി.എഫ്.ഡബ്ല്യൂ. 1258/2022 എസ്.എ (1) സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത സർക്കുലറിലെ പ്രതിപാദ്യവിഷയവും സർക്കുലർ ഇറക്കാനുണ്ടായ സാഹചര്യവും വിശദമാക്കാമോ;

(ബി) മൂണ്ടേരി വിത്തുകൃഷിത്തോട്ടത്തിന്റെ ഭരണ സൗകര്യാർത്ഥം ക്ലാർക്കുമാരുടെ സീറ്റുമാറ്റം ക്രമീകരിച്ച് 22-12-2022-ൽ ഏതെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകാമോ;

(സി) 22-12-2022-ലെ ഉത്തരവ് മൂണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(എ-സി) 25-02-2017-ലെ സ.ഉ(പി)നം.3/2017/ഉ.ഭ.പ.വ ഖണ്ഡിക 2 പിരിവ് (iii) പ്രകാരം മൂന്ന് വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/ഒരേ സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടന്നും അത്തരം ജീവനക്കാരെ അതേ സ്റ്റേഷനുള്ളിലെ/ഓഫീസിനുള്ളിലെ/സെക്ഷനുകളിലെ മറ്റ് സീറ്റുകളിലേയ്ക്ക്/സെക്ഷനുകളിലേയ്ക്ക് സ്ഥലം മാറ്റേണ്ടതാണെന്ന്

നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് കൃഷി വകുപ്പിൽ ജോലി ചെയ്തുവരുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ 3 വർഷത്തിലധികമായി ഒരു സീറ്റിൽ സേവനമനുഷ്ഠിക്കുന്നവരെ അടിയന്തരമായി സീറ്റ് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ 11-02-2022-ൽ മുണ്ടേരി വിത്തുകൃഷിത്തോട്ടം ഡെപ്യൂട്ടി ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചത്. നടപടിക്രമത്തിന്റെയും കൃഷി ഡയറക്ടറുടെ കത്തിന്റെയും പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങളിലും സർവ്വീസ് സംബന്ധമായ കാര്യങ്ങളിലും വീഴ്ച വരുത്തുന്ന മേലുദ്യോഗസ്ഥരെ തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നടപ്പാക്കാൻ നടപടി

76 (3500) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൃഷി വകുപ്പിനുകീഴിലുള്ള ആത്മ (ATMA), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM), Vegetable Development Program (VDP), Mobile Agro Clinic, NEGPA എന്നീ പദ്ധതികളിൽ കൃഷി ഡയറക്ടറേറ്റ്, ജില്ലാ കൃഷി ഓഫീസുകൾ, ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവിടങ്ങളിൽ നിലവിൽ എത്ര ദിവസ വേതന, കരാർ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ളതും ഓഫീസ് തിരിച്ചുള്ളതുമായ കണക്ക് വിശദമാക്കുമോ?

കൃഷി വകുപ്പിനുകീഴിലുള്ള വിവിധ പദ്ധതികളിൽ താത്കാലികമായി 779 ജീവനക്കാർ ജോലി ചെയ്യുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത താത്കാലിക ജീവനക്കാരുടെ നിയമനം നടത്തിയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ; വ്യക്തമാക്കുമോ?

താൽക്കാലിക ജീവനക്കാരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 47 പേരെ നിയമിച്ചിട്ടുണ്ട്. മറ്റ് നിയമനങ്ങൾ അതത് പ്രോജക്ടുമായി ബന്ധപ്പെട്ട യോഗ്യതകളുടെ അടിസ്ഥാനത്തിൽ നികത്തപ്പെട്ടവയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ദിവസവേതന, കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നടപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പ് കേന്ദ്ര സംസ്ഥാന പ്രോജക്ടുകളുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ പ്രത്യേക കാലയളവുകളിലേയ്ക്ക് മാത്രമാണ്. വ്യത്യസ്ത സാങ്കേതിക അറിവുകൾ ആവശ്യമായതും തുടർച്ച ആവശ്യമായതുമായ ഈ തസ്തികകൾ, പദ്ധതി കാലയളവിലേയ്ക്കാണ് നികത്തുന്നത്. അത്തരം ഘടകങ്ങൾ ആവശ്യമല്ലാത്ത മുഴുവൻ നിയമനവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതാണ്.

**മാവേലിക്കര തഴക്കര ജില്ല കൃഷിത്തോട്ടത്തിൽ**

**നടപ്പാക്കിയ പദ്ധതികൾ**

77 (3501) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കരയിൽ സ്ഥിതി ചെയ്യുന്ന ജില്ല കൃഷിത്തോട്ടത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെയും അനുവദിച്ച

തുകയുടെയും ആയതിന്റെ വിനിയോഗത്തിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കരയിൽ സ്ഥിതി ചെയ്യുന്ന ജില്ല കൃഷിത്തോട്ടത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെയും അനുവദിച്ച തുകയുടെയും ആയതിന്റെ വിനിയോഗത്തിന്റെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

## പാറശ്ശാല മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവൻ

78 (3502) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളായി അപ്ഗ്രേഡ് ചെയ്യാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദവിവരം നൽകുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും കുന്നത്തുകാൽ കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ശിപാർശ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് സ്മാർട്ട് കൃഷിഭവൻ പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കി വരികയാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ആര്യൻകോട് കേന്ദ്രമാക്കി അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ ഒരു അഗ്രോപാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പാറശ്ശാല എം.എൽ.എ. ശ്രീ. സി. കെ. ഹരീന്ദ്രൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുറ്റ്യാടിയിൽ അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

79 (3503) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കോഴിക്കോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിക്ക് കീഴിൽ 40% മുതൽ 80% വരെ സബ്സിഡിയോടുകൂടി വിവിധതരം കാർഷിക യന്ത്രോപകരണങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ വിവിധതരം ഡ്രയറുകൾ, റൈസ് മില്ലുകൾ, ധാന്യങ്ങൾ പൊടിക്കുന്ന യന്ത്രങ്ങൾ തുടങ്ങിയവ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും സംരംഭകർക്കും നൽകിവരുന്നുണ്ട്. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിപ്രകാരം സൂക്ഷ്മ ജലസേചന രീതികളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ, റെയിൻഗൺ സംവിധാനം എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതി നിബന്ധനകൾപ്രകാരം അനുവദനീയ ചെലവിന്റെ 55% തുക ചെറുകിട നാമമാത്ര കർഷകർക്കും 45% തുക മറ്റുള്ള കർഷകർക്കും സബ്സിഡിയായി നൽകിവരുന്നുണ്ട്. കൂടാതെ, കുറ്റ്യാടി

നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ കാർഷിക യന്ത്രങ്ങളുടെ പരിശീലനവും പരിപാലനവും കൃഷി വകുപ്പിന്റെ ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്.

## കവളപ്പാറ ദുരന്തം

80 (3504) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്ത്കല്ല് കവളപ്പാറയിൽ 2019 ആഗസ്റ്റ് 8-നുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ ആകെ എത്ര ഏക്കർ കൃഷി ഭൂമി നഷ്ടപ്പെട്ടതായാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ?

കവളപ്പാറയിൽ 2019 ആഗസ്റ്റ് 8-നുണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിൽ ആകെ 62.5 ഏക്കർ കൃഷി ഭൂമി നഷ്ടപ്പെട്ടതായി മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നെന്മാറ മണ്ഡലത്തിൽ മാംഗോ ഹബ്ബ് ആരംഭിക്കുന്നതിനുള്ള നടപടി

81 (3505) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാങ്ങ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന നെന്മാറ നിയോജകമണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ മാംഗോ ഹബ്ബ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ മാംഗോ ഹബ്ബ് എന്ന പേരിൽ പദ്ധതി നടപ്പാക്കിവരുന്നില്ല. സ്റ്റേറ്റ് സീഡ് ഫാം മുതലമടയിൽ മാംഗോ അഗ്രോ പാർക്ക് എന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. മാംഗോ അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം മുതലമടയിലാണ് കണ്ടെത്തിയിട്ടുള്ളത്. കർഷകരും കൃഷി വകുപ്പുദ്യോഗസ്ഥരും INKEL പ്രതിനിധികളുമുൾപ്പെടെ പദ്ധതി സംബന്ധിച്ച യോഗം നടത്തി വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മുതലമട പഞ്ചായത്തുവക സ്ഥലത്ത് ഒരു കോമൺ ഫെസിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത

പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ ഉടൻതന്നെ പദ്ധതി ആരംഭിക്കുന്നതാണ്.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കിവരുന്ന ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി " എ പൈലറ്റ് പ്രോജക്ട് ഫോർ മാംഗോ കൾട്ടിവേഷൻ" എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 4 പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയും നാളിതുവരെയായി കർഷകർക്ക് നൽകിയിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ കെ.എൽ.ഡി.സി. പ്രവൃത്തികൾ**

82 (3506) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി.-യുടെ നിർവ്വഹണച്ചുമതലയിൽ എത്ര പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും അവ

ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച നിലവിലെ പുരോഗതി വിശദമാക്കുമോ?

(എ & ബി) രണ്ടു പ്രവൃത്തികൾ നടന്നുവരുന്നുണ്ട്.

1. ആർ.കെ.വി.വൈ. 2019-20 പദ്ധതിയിൽ ഉൾപ്പെടുത്തി ഭ്രതക്കുളം പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾക്ക് 241.23 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2. ആർ.ഐ.ഡി.എഫ് XXVI-ൽ ഉൾപ്പെട്ട ആദിച്ചനല്ലൂർ പഞ്ചായത്തിലെ തഴുത്തലപോളയിൽ ഏലയുടെയും കല്ലുവാതുക്കൽ പഞ്ചായത്തിലെ ഇളംകുളം ഏലയുടെയും അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾക്ക് 182.736 ലക്ഷം അനുവദിച്ചു. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(സി) ഭരണാനുമതി ലഭിച്ചവയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനി ആരംഭിക്കാനുള്ളതെന്ന് അറിയിക്കുമോ; അവ ആരംഭിക്കാൻ നേരിടുന്ന കാലതാമസത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ആർ.ഐ.ഡി.എഫ്. XXVI-ൽ ഉൾപ്പെട്ട ആദിച്ചനല്ലൂർ പഞ്ചായത്തിലെ തഴുത്തലപോളയിൽ ഏലയുടെയും കല്ലുവാതുക്കൽ പഞ്ചായത്തിലെ ഇളംകുളം ഏലയുടെയും അടിസ്ഥാനസൗകര്യ വികസനപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. സ്ഥലം എം.എൽ.എ.-യുടെയും സ്ഥലവാസികളുടെയും കർഷകരുടെയും അഭിപ്രായപ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട് വികസന ഏകോപന സമിതി കൗൺസിൽ**

83 (3507) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് വികസന ഏകോപന സമിതി കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. കുട്ടനാടിന്റെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കുട്ടനാട് വികസന ഏകോപന കൗൺസിൽ, മോണിറ്ററിംഗ് ആൻഡ് അഡ്വൈസറി കൗൺസിൽ, ഇംപ്ലിമെന്റേഷൻ ആൻഡ് ടെക്നിക്കൽ കമ്മിറ്റി എന്നീ ഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) കുട്ടനാട് വികസന കൗൺസിലുമായി ബന്ധപ്പെട്ട് ഏതെല്ലാം എം.എൽ.എ.-മാരെയാണ് ഈ സമിതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ കൗൺസിലിൽ അംഗങ്ങളായിരുന്ന നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരെ എല്ലാവരെയും ഈ സമിതിയിലും ഉൾപ്പെടുത്തിയിട്ടുണ്ടോ?

(ബി&സി) കുട്ടനാട്, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, ഏറ്റുമാനൂർ, വൈക്കം, കടുത്തുരുത്തി എന്നീ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യെ പ്രസ്തുത സമിതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഇക്കാര്യം സംബന്ധിച്ച് അഗ്രി/എൻ.സി.എ 1/78/2022 നമ്പർ ഫയലിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; പ്രസ്തുത ഫയൽ നിലവിൽ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ?

(ഡി&ഇ) 14-12-2022-ലെ സ.ഉ.(കൈ) നം. 108/2022/കൃഷി നം. ഉത്തരവുപ്രകാരം കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യെ കുട്ടനാട് വികസന ഏകോപന കൗൺസിലിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+)

## ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

84 (3508) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്ന കർഷകർക്ക് സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-പെർ ഡ്രോപ് മോർ ക്രോപ് (മൈക്രോ ഇറിഗേഷൻ) പദ്ധതിപ്രകാരം ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകിവരുന്നുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി മാർഗ്ഗരേഖപ്രകാരമുള്ള അനുവദനീയ തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ള കർഷകർക്കും സബ്സിഡി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിവരുന്നു. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ വരെയുള്ള കൃഷിക്ക് പദ്ധതി മാർഗ്ഗ രേഖയ്ക്കനുസൃതമായി സബ്സിഡി നൽകിവരുന്നു.

(ബി) ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് കൃഷി വകുപ്പ് സാമ്പത്തിക സഹായമല്ലാതെ എന്തെല്ലാം സഹായങ്ങളാണ് നേരിട്ട് കർഷകന് നൽകുന്നതെന്ന് വിശദമാക്കാമോ?

ജില്ലകൾതോറും ഈ പദ്ധതിയുടെ പ്രചാരണത്തിനായി രജിസ്ട്രേഷൻ ക്യാമ്പുകളും കൃഷിവകുപ്പിന്റെ പ്രദർശനങ്ങളോട് ചേർന്ന് പ്രദർശന സ്റ്റാളുകളും തയ്യാറാക്കി പ്രചാരണം നടത്തിവരുന്നു. ഡ്രിപ്പ് ഇറിഗേഷൻ കൂടുതൽ വ്യാപകമാക്കാൻവേണ്ടി പദ്ധതിയുടെ നോട്ടീസുകളും കൈപുസ്തകങ്ങളും വിതരണത്തിനായി തയ്യാറാക്കി നൽകുന്നു.

കൃഷിഭവനുകൾ മുഖാന്തരമോ കാർഷിക എഞ്ചിനീയറുടെ കാര്യാലയം മുഖാന്തരമോ കർഷർക്ക് സബ്സിഡിക്കായി അപേക്ഷ ലഭ്യമാക്കുന്നുണ്ട്.

## മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വിപണനം നടത്താൻ പദ്ധതി

85 (3509) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ ഉൽപ്പന്നങ്ങളുടെ വിപണനമാണ് കർഷകർ അഭിമുഖീകരിക്കുന്ന യഥാർത്ഥ പ്രതിസന്ധി എന്നിരിക്കെ മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വിപണനം നടത്താൻ കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സർക്കാർ ഫാമുകളിലെ വിവിധ ഉൽപ്പന്നങ്ങൾ ‘ Keralagro’ എന്ന ബ്രാൻഡിൽ FLIPKART-ലും AMAZON-ലും വിപണനം ചെയ്യുന്നതിന് നടപടികളെടുത്തിട്ടുണ്ട്. FLIPKART-ൽ ഇപ്പോൾത്തന്നെ ഉൽപ്പന്നങ്ങൾ ലഭ്യമാണ്. മാർച്ച് 2023-ൽ 100 ഉൽപ്പന്നങ്ങൾ FLIPKART-ലും AMAZON-ലുമായി ലഭ്യമാക്കുന്നതാണ്. അരി, അവൽ, ശർക്കര, വെളിച്ചെണ്ണ, സ്ക്വാഷ്, ജാം, ജെല്ലി, അച്ചാറുകൾ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പുറമേ ഗ്രാഫ്റ്റുകൾ, ലേയറുകൾ, സംപുഷ്ടീകരിച്ച ജൈവവളങ്ങൾ, ജൈവ വളർച്ചാ ത്വരകങ്ങൾ (Growth Promoters), ജൈവ കീടനാശിനികൾ, കായീച്ചകെണി (Pheromone Trap) തുടങ്ങിയവയാണ് ഓൺലൈൻ വഴി ലഭ്യമാക്കുക.

(സി) പ്രാദേശിക ഉൽപ്പന്നങ്ങൾ വിതരണം ചെയ്യാൻ കമ്പനി രൂപീകരിക്കാൻ പദ്ധതിയുണ്ടോ?

ഉണ്ട്. കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ച് പ്രാദേശിക ഉൽപ്പന്നങ്ങൾ ശേഖരിച്ച് ബ്രാൻഡ് ചെയ്ത് വിപണനം നടത്താനാണുദ്ദേശിക്കുന്നത്.

(ഡി) വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് ഓൺലൈൻ വിപണനം സാധ്യമാക്കുന്നതിനായി മൂല്യവർദ്ധന കൃഷി മിഷന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

24-09-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 29/2022/അഗ്രി. പ്രകാരം മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**കേടായ കാർഷിക യന്ത്രോപകരണങ്ങൾ**

86 (3510) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കൃഷി ഭവനുകളുടെ പരിധിയിൽ കേടായി കിടക്കുന്ന കാർഷിക യന്ത്രോപകരണങ്ങൾ സംരക്ഷിക്കുന്നതിനായി

നടത്തിയ സംസ്ഥാനതല സർവ്വേയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) കേടായ കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനും ഉപയോഗശൂന്യമായവ ലേലം ചെയ്ത് വിൽക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ മുഖേന നടത്തിയ കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവ്വേയിൽ വിവിധ പദ്ധതികളിലൂടെ വിവിധ തരത്തിലുള്ള 11505 കാർഷിക യന്ത്രങ്ങൾ നൽകിയിട്ടുണ്ടെന്നും ഇവയിൽ 5354 എണ്ണം പ്രവർത്തനസജ്ജമാണെന്നും 6092 എണ്ണം പ്രവർത്തിക്കുന്നില്ലെന്നും ഏകദേശം 4120 എണ്ണം ഒഴിവാക്കാനുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേടായവ നന്നാക്കുന്നതിനും ഉപയോഗ ശൂന്യമായവ ഒഴിവാക്കുന്നതിനുമുള്ള ഒരു മാതൃകാ പദ്ധതി എന്ന നിലയ്ക്ക് "കാർഷിക യന്ത്രം സർവ്വം ചലിതം കിളിമാനൂർ" എന്ന ഒരു പരിപാടി 2022 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 8 വരെ മിഷൻ മുഖേന നടത്തി കേടായിക്കിടന്ന 48 കാർഷിക

യന്ത്രങ്ങൾ കേടുപാട് തീർത്ത് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പരിപാടിയുടെ വിജയസാധ്യത കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം കേടായിക്കിടക്കുന്ന കാർഷിക യന്ത്രങ്ങൾ " കാർഷിക യന്ത്രം സർവ്വം ചലിതം കേരളം" എന്ന ഒരു പദ്ധതിയാവിഷ്കരിച്ച് അറ്റകുറ്റപ്പണി ചെയ്ത് വിന്യസിക്കുന്നതിന് ആലോചിച്ചുവരുന്നു. കൂടാതെ ബ്ലോക്ക് അടിസ്ഥാനത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച്, പ്രത്യേകിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ഉപയോഗിച്ച് " കാർഷികയന്ത്ര അറ്റകുറ്റപ്പണിപ്പുര" സ്ഥാപിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

ഉപയോഗശൂന്യമായ യന്ത്രങ്ങൾ അടിയന്തരമായി നിയമാനുസൃതം കണ്ടം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില

87 (3511) <u>ശ്രീ. ടി. സിദ്ദിഖ്</u>:താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ചെലവും വിലയും സംബന്ധിച്ച സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപ്പാദന

ചെലവിനേക്കാൾ ഒന്നര ഇരട്ടി അധികം തുകയ്ക്ക് താങ്ങുവില ഉറപ്പാക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശിപാർശയ്ക്കനുസൃതമായി കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. സ്വാമിനാഥൻ കമ്മീഷൻ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

**കർഷകന് കാർഷിക ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി**

88 (3512) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക അനുബന്ധ ഉപകരണങ്ങളും യന്ത്രങ്ങളും കൃഷിക്കാർക്ക് ലഭ്യമാക്കുന്ന എത്ര സർക്കാർ സ്ഥാപനങ്ങൾ തിരുവനന്തപുരം ജില്ലയിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരം കിഴക്കേകോട്ടയിലുള്ള ജില്ലാ ഓഫീസ് മുഖേനയും അതിനോടനുബന്ധിച്ചുള്ള

അഗ്രോ സൂപ്പർ ബസാർ വഴിയും കർഷകർക്കാവശ്യമായ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിൽപ്പന നടത്തുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ?

പമ്പ്സെറ്റ്, സ്പ്രെയർ, ഗാർഡൻടില്ലർ, ബ്രഷ്കട്ടർ, പവർടില്ലർ, ചാഫ് കട്ടർ, ട്രാക്ടർ, കൊയ്ത്തുമെതിയന്ത്രം, ചെയിൻസോ, പവർ വീഡർ, എർത്ത് ഓഗർ, കോക്കനട്ട് ഡിഹസ്കർ, അലൂമിനിയം ലാഡർ, ലൈറ്റ് ട്രാപ്പ്, പോൾ പ്രൂണർ, വീൽ ബാരോ, കോക്കനട്ട് ക്ലൈംബർ, ഡ്രിപ്പ് ഇറിഗേഷൻ ഇനങ്ങൾ, വിവിധയിനം വെട്ടുകത്തികൾ, ഗാർഡൻ റേക്ക്, ഹാൻഡ് കൾട്ടിവേറ്റർ, ഹാൻഡ് ട്രാൻസ്പ്ലാന്റർ, ഹാൻഡ് വീഡർ, പ്രൂണിംഗ് സോ, കളയെടുക്കൽ ഫോർക്ക്, കള നിയന്ത്രണ ഉപകരണം, മൺവെട്ടി, ഹാൻഡ് ട്രവൽ, കുന്താലി, നാടൻ തൂമ്പ, അരിവാൾ, പിക്കാസ്, കായീച്ചകെണി തുടങ്ങി എല്ലാ കാർഷിക ഉപകരണങ്ങളും ലഭ്യമാണ്.

(സി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്ന കർഷകന് സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ ഓരോന്നിനും എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

കാലാകാലങ്ങളിൽ കർഷകർക്ക് കേരള സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/കേന്ദ്ര സർക്കാർ (SMAM) സബ്സിഡി സ്കീം എന്നിവ വഴിയുള്ള കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിപണനം നടത്തുന്നുണ്ട്. SMAM പദ്ധതി മുഖേന ചെറുകിട യന്ത്രങ്ങൾ മുതൽ കൊയ്ത്തുമെതിയന്ത്രം വരെയും വിള സംസ്കരണവുമായി ബന്ധപ്പെട്ട ഡ്രയറുകൾ, മില്ലുകൾ തുടങ്ങിയവയും വാങ്ങി ഉപയോഗിക്കുന്നതിനും വാടകയ്ക്ക് നൽകുന്നതിനും കർഷകർക്കും, കർഷകഗ്രൂപ്പുകൾക്കും സംരഭകർക്കും 40% മുതൽ 80% വരെ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

**ചക്കയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

89 (3513) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; നിലവിൽ ചക്കയുടെ ഉൽപ്പാദനം ഏത് ജില്ലയിലാണ് കൂടുതലായിട്ടുള്ളത്; ഉൽപ്പാദനം സംബന്ധിച്ച വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ചക്കയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉൽപ്പാദനക്ഷമത ഏറിയ പ്ലാവ് ഇനങ്ങളുടെ ഗ്രാഫ്റ്റ് തൈകൾ വി.എഫ്.പി.സി.കെ.-യുടെ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ വി.എഫ്.പി.സി.കെ. മുഖേനയുള്ള പഴവർഗ്ഗ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികളിൽ ചക്ക സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ അധികമായി കർഷകർക്ക് സഹായം നൽകി സംഭരിച്ചുവരുന്നു. അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2020-21 കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ ചക്ക ഉൽപ്പാദിപ്പിക്കുന്നത് ഇടുക്കി ജില്ലയിലാണ്. ജില്ല തിരിച്ചുള്ള ചക്കയുടെ ഉൽപ്പാദനം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഉൽപ്പാദനം (മില്ല്യൺ എണ്ണം) |
|---|---|---|
| 1 | തിരുവനന്തപുരം | 23 |
| 2 | കൊല്ലം | 18 |
| 3 | പത്തനംതിട്ട | 11 |
| 4 | ആലപ്പുഴ | 5 |
| 5 | കോട്ടയം | 11 |
| 6 | ഇടുക്കി | 44 |
| 7 | എറണാകുളം | 12 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 18 |
| 9 | പാലക്കാട് | 20 |
| 10 | മലപ്പുറം | 19 |
| 11 | കോഴിക്കോട് | 18 |
| 12 | കണ്ണൂർ | 21 |
| 13 | വയനാട് | 13 |
| 14 | കാസർഗോഡ് | 10 |
| | ആകെ | 243 |

(ബി) ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

വി.എഫ്.പി.സി.കെ. മുഖേനയുള്ള പഴവർഗ്ഗ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചക്കയുടെ സംഭരണം, വിപണനം, മൂല്യവർദ്ധനം എന്നിവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചക്കയുടെ മൂല്യവർദ്ധനം നടപ്പാക്കുന്നതിന് ഇടുക്കി ജില്ലയിലെ കലയന്താനിയിലും വയനാട് ജില്ലയിൽ മുട്ടിലിലും ചക്ക സംസ്കരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

ഇതുവഴി ഫ്രോസൺ ജാക്ക്, ചക്ക പൊടി, ചക്കക്കുരു പൊടി, ചക്ക ഹൽവ്വ തുടങ്ങിയവ തളിർ ബ്രാൻഡിൽ വിപണനം ചെയ്തുവരുന്നു.

(സി) പ്രമേഹ രോഗികൾക്ക് ഏറ്റവും അനുയോജ്യമായ ഭക്ഷണമായി ചക്കയുടെ വിവിധ ഉൽപ്പന്നങ്ങളെ കണ്ടെത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ക്ലിനിക്കൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. ചക്കയുടെ ഉപയോഗ സാദ്ധ്യതകളെക്കുറിച്ച് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിനായി ഒരു ക്ലിനിക്കിൽ സ്റ്റഡി, കേരള കാർഷിക സർവ്വകലാശാലയുടെ കമ്മ്യൂണിറ്റി ശാസ്ത്ര വിഭാഗം മുഖേന നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇസ്രായേൽ സന്ദർശനം

90 (3514) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വകുപ്പുദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട സംഘം ഇസ്രായേൽ സന്ദർശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത

സംഘത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; സംഘത്തിന്റെ യാത്രയ്ക്കായി അനുവദിച്ച തുക എത്രയാണെന്നതിന്റെ വിശദാംശം നൽകുമോ?

ഉണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ആദായകരമായി കൃഷി ചെയ്യുന്ന വിദേശ രാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും കൃഷിയിടങ്ങൾ സന്ദർശിച്ച് മികച്ച കൃഷിരീതികൾ (Best Practices in Agriculture) മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ കർഷകർക്ക് അവസരമൊരുക്കുന്ന പദ്ധതിക്കായി 2 കോടി രൂപ 2022-2023 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി കേരളത്തിൽനിന്നും പരമാവധി 29 കർഷകരെ ഉൾപ്പെടുത്തി ഇസ്രായേലിലേയ്ക്ക് ഒരു പഠന സന്ദർശനം നടത്താൻ 06-02-2023-ലെ സ.ഉ(സാധാ)124/2023 പ്രകാരം അംഗീകാരം നൽകിയിരുന്നു. അതിൻപ്രകാരം കാർഷികോൽപ്പാദന കമ്മീഷണറും തെരഞ്ഞെടുക്കപ്പെട്ട 27 കർഷകരും അടങ്ങുന്ന ഒരു സംഘം 2023 ഫെബ്രുവരി 12 മുതൽ 19 വരെ ഇസ്രായേൽ സന്ദർശിക്കുകയുണ്ടായി.

(ബി) പ്രസ്തുത സംഘത്തിൽ വകുപ്പുമന്ത്രി ഉൾപ്പെട്ടിരുന്നുവെങ്കിലും പിന്നീട് അതിൽനിന്നും ഒഴിവാകാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ?

പ്രസ്തുത സംഘത്തിൽ വകുപ്പുമന്ത്രി ഉൾപ്പെട്ടിരുന്നില്ല.

**ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ**

91 (3515) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഷൊർണ്ണൂർ മണ്ഡലത്തിൽ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെ നടപ്പാക്കിയതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഷൊർണ്ണൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എൽ.ഡി.സി. വഴി താഴെ പറയുന്ന 2 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

1. നബാർഡ് ആർ.ഐ.ഡി.എഫ്. XXV-ൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ 4 കുളങ്ങളുടെ നവീകരണമെന്ന പദ്ധതിയിൽ

ഒറ്റപ്പാലം താലൂക്കിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ ഉത്രാതിക്കാവ് കുളം - പ്രവൃത്തി പൂർത്തീകരിച്ചു.

2. നബാർഡ് ആർ.ഐ.ഡി.എഫ് XXV-ൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ 4 കുളങ്ങളുടെ നവീകരണം എന്ന പദ്ധതി - സേവിംഗ് പദ്ധതി- ഒറ്റപ്പാലം താലൂക്കിലെ വെള്ളിനേഴി ഗ്രാമ പഞ്ചായത്തിലെ ഉത്രാതിക്കാവ് കുളം - അധിക പ്രവൃത്തികൾ - പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് എത്ര തവണ അവലോകനങ്ങൾ നടത്തുകയുണ്ടായെന്ന് അറിയിക്കാമോ?

ഓഫീസ്തലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പുറമേ നബാർഡിന്റെ നേതൃത്വത്തിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മാസംതോറും അവലോകനങ്ങൾ നടത്താറുണ്ട്.

## കൃഷി മിഷൻ

92 (3516) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പാക്കുന്ന കൃഷി മിഷന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ ‘ കൃഷി മിഷൻ’ എന്നൊരു പദ്ധതി നടപ്പാക്കിയിട്ടില്ല. എന്നാൽ മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission -VAAM) രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നമാക്കി മാറ്റുന്നതിനും കൃഷിക്കാരുടെ വരുമാനം ഇരട്ടിയാക്കുക, കാർഷികോൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായിട്ടാണ് മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission- VAAM) രൂപീകരിച്ചിട്ടുള്ളത്.

പ്രാഥമിക കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന/നിർമ്മാണ പ്രക്രിയകൾ, വിപണനം/സേവനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുകയെന്ന ആശയത്തിനാണ് മൂല്യവർദ്ധിത കാർഷിക മിഷൻ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങൾ, നിലവിലുള്ള അവസരങ്ങൾ, വിടവുകൾ, നയം, സ്ഥാപനപരം, വിപണി, സാങ്കേതികവശങ്ങൾ എന്നിവ പരിഗണിച്ച്

പ്രധാനമായും ഇടപെടേണ്ട മേഖലകൾ കണ്ടെത്തുകയും അതുവഴി, മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും കേന്ദ്രീകൃത സമീപനം രൂപീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവയടങ്ങിയ ഒരു വർക്കിംഗ് പേപ്പറും VAAM പദ്ധതിയുടെ നടത്തിപ്പിലേക്കായി അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക വ്യവസായവും, സാങ്കേതികവിദ്യയും അറിവ് പങ്കിടലും ശേഷി വർദ്ധിപ്പിക്കൽ, വിപണനം, ധനകാര്യം പോലുള്ള വിഷയങ്ങളിൽ സബ് ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിനായി സബ് വർക്കിംഗ് ഗ്രൂപ്പുകൾ/റിസോഴ്സ് സബ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഉൽപ്പന്നങ്ങൾക്ക് ഉറപ്പായ വിപണി സൃഷ്ടിക്കുന്നതിനും ബ്രാൻഡ് വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനുമായി അനുബന്ധ മേഖലകളിലെ വിദഗ്ധരുമായി സെമിനാറുകൾ, പ്രദർശനങ്ങൾ, ബ്രെയിൻസ്റ്റോമിംഗ് വർക്ക്ഷോപ്പുകൾ എന്നിവ നടത്തി കൃഷിയെയും കൃഷിക്കാരെയും പിന്തുണയ്ക്കുന്നതിന് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. കൂടാതെ ആഭ്യന്തര,

അന്താരാഷ്ട്ര വ്യാപാരവും കയറ്റുമതിയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും.

(ബി) കൃഷി മിഷനുവേണ്ടി ഗവേണിംഗ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടന സംബന്ധിച്ച വിവരം അറിയിക്കാമോ?

മൂല്യവർദ്ധിത കാർഷിക മിഷൻ (Value Added Agriculture Mission -VAAM) ഗവേണിംഗ് ബോർഡിയുടെ ഘടന ചുവടെ ചേർക്കുന്നു.

1. ബഹുമാനപ്പെട്ട മുഖ്യമന്ത്രി- ചെയർമാൻ
2. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി- വൈസ് ചെയർമാൻ
3. പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോത്പാദന കമ്മീഷണർ - കൺവീനർ & മിഷൻ സെക്രട്ടറി
4. പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ് – കോ-കൺവീനർ
5. അംഗങ്ങൾ

- ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി
- ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി

- ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി
- ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി
- ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമന്ത്രി
- ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി
- ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി
- ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി
- ചീഫ് സെക്രട്ടറി
- അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
- അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
- അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
- അഡീഷണൽ ചീഫ് സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്

- പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ-ക്ഷീര വികസന, മത്സ്യബന്ധന വകുപ്പ്
- പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
- സെക്രട്ടറി, സഹകരണ വകുപ്പ്
- സെക്രട്ടറി, വൈദ്യുതി വകുപ്പ്
- എക്സിക്യൂട്ടീവ് ഡയറക്ടർ
- കോ-ഓർഡിനേറ്റർ

ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ കൂടാതെ സബ് വർക്കിംഗ് ഗ്രൂപ്പ് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

**കെ.എൽ.ഡി.സി. മുഖേന കൃഷി സംരക്ഷണത്തിനുള്ള നടപടികൾ**

93 (3517) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡ് കൊക്കിരി പള്ളം ദേശത്ത് കെ.എൽ.ഡി.സി. തോടിന്റെ

വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും അതുവഴി കൃഷി സംരക്ഷിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി മണ്ണ് സംരക്ഷണ വകുപ്പ്, കെ.എൽ.ഡി.സി. എന്നിവയ്ക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം ഫണ്ട് ലഭ്യമാക്കുന്നതിനും പ്രവൃത്തിക്കുള്ള അനുമതി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡ് കൊക്കിരി പള്ളം ദേശത്ത് കെ.എൽ.ഡി.സി. തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും അതുവഴി കൃഷി സംരക്ഷിക്കുന്നതിനുമായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വലിയവയൽ നീർത്തട പദ്ധതി

94 (3518) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ വകുപ്പിന് കീഴിൽ 2016-ൽ നൂറ്റി അറുപത് ലക്ഷം രൂപ ചെലവിൽ വാമനപുരം മണ്ഡലത്തിലെ പാങ്ങോട്

പഞ്ചായത്തിൽ ആരംഭിച്ച വലിയവയൽ നീർത്തടപദ്ധതി നാളിതുവരെ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ?

ആർ.ഐ.ഡി.എഫ്. XXII-ൽ ഉൾപ്പെട്ട 1,60,00,000/- രൂപ അടങ്കൽത്തുക വരുന്ന വലിയവയൽ നീർത്തട പദ്ധതി വാമനപുരം ബ്ലോക്ക് പാങ്ങോട് പഞ്ചായത്തിലെ 435 ഹെക്ടർ സ്ഥലത്താണ് നടപ്പാക്കിവരുന്നത്. നാളിതുവരെ 93,04,569/- രൂപ ചെലവഴിച്ച് 240 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. കോവിഡ് ലോക്ക്ഡൗൺമൂലമുണ്ടായ പ്രതിസന്ധിയും 2016-ലെ DSR റേറ്റ് പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിരുന്നതും പ്രവർത്തന പുരോഗതി മന്ദഗതിയിലാകാൻ കാരണമായിട്ടുണ്ട്. പുതുക്കിയ റേറ്റിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കാൻ 10-02-2023-ലെ G.O(Rt)No.136/2023/Agri നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ 58.15% നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ അവശേഷിക്കുന്നതെന്നും പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

അവശേഷിക്കുന്ന പ്രവർത്തനങ്ങൾ

| | |
|---|---|
| കല്ല് കയ്യാല | 3417.61 m2 |
| പുല്ല് വച്ചുപിടിപ്പിക്കൽ | 200 Rm |
| റബ്ബർ തടം | 200 എണ്ണം |
| പാർശ്വഭിത്തി നിർമ്മാണം | 800 Rm |
| ക്രോസ്സ് വാൾ | 45 Rm |
| റാമ്പ് (ടൈപ്പ് എ) | 4 എണ്ണം |
| റാമ്പ് (ടൈപ്പ് സി) | 3 എണ്ണം |
| ഡീപ്പ് വെൽ (കിണർ) | 29 എണ്ണം |
| സൈഡ് പ്രൊട്ടക്ഷൻ വാൾ | 250 Rm |

10-02-2023-ലെ G.O(Rt)No.136/2023/Agri നമ്പർ ഉത്തരവ് പ്രകാരം പദ്ധതി പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. മാർച്ച് മാസത്തിനകം പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതിയിലെ പാർശ്വഭിത്തി, റിംഗ് പോണ്ട്, ക്രോസ് വാൾ എന്നിവയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

**തിരൂരങ്ങാടി മണ്ഡലത്തിലെ നീർത്തട സംരക്ഷണം**

95 (3519) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ ഡയറക്ടർക്ക് നൽകിയ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളും പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുമോയെന്നും വിശദമാക്കാമോ?

(എ-സി) ഉണ്ട്. തിരൂരങ്ങാടി മണ്ഡലത്തിലെ നീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ല മണ്ണ് സംരക്ഷണ ഓഫീസർ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന ലഭ്യമാക്കിയ പ്രൊപ്പോസൽ 2023-24 വാർഷിക പദ്ധതിയിൽ 'സൂക്ഷ്മ നീർത്തട വികസന

പദ്ധതി'യിൽ ഉൾപ്പെടുത്താൻ സമർപ്പിച്ചിരുന്നെങ്കിലും 2023-24 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ല.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾ

96 (3520) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പട്ടാമ്പി റീജിയണൽ സെന്റർ

97 (3521) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പട്ടാമ്പി റീജിയണൽ സെന്റർ ആരംഭിച്ചിട്ടുണ്ടോയെന്നും സ്വന്തമായി കെട്ടിടവും സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും നിലവിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫുകളുടെ എണ്ണവും തസ്തികയും അവരുടെ ശമ്പളവും വിശദമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പട്ടാമ്പിയിൽ റീജിയണൽ സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രാദേശിക കേന്ദ്രത്തിന് സ്വന്തമായി കെട്ടിടവും സൗകര്യങ്ങളുമില്ല. ഈ പ്രാദേശിക കേന്ദ്രം ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജിലാണ് പ്രവർത്തിക്കുന്നത്.

ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ റീജിയണൽ ഡയറക്ടറെ 1,13,775/- രൂപ പ്രതിമാസ ശമ്പളത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ കരാർ നിയമ വ്യവസ്ഥയിൽ സെക്ഷൻ ഓഫീസറെ 33,000/- രൂപ പ്രതിമാസ ശമ്പളത്തിൽ നിയമിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം

98 (3522) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസം അഖിലേന്ത്യാതലത്തിൽ കുട്ടികൾക്ക് ഉയർന്ന റാങ്ക് കരസ്ഥമാക്കാൻ പ്രാപ്തമല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ വൈവിദ്ധ്യവൽക്കരിക്കേണ്ടതുണ്ടെന്ന കാഴ്ചപ്പാട് സർക്കാരിനുണ്ടോയെന്ന് വിശദമാക്കാമോ?

എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ വൈവിദ്ധ്യവൽക്കരിക്കുന്നതിനായി സർക്കാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. അതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽക്ഷമതയിൽ മികച്ച നിലവാരം പുലർത്തുന്നതിനാവശ്യമായ പരിശീലനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഫൈൻ ആർട്സ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വികസനം ലഭ്യമാക്കുന്നതിനായി ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ മുഖേന

വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ദേശീയതലത്തിൽ പ്രശസ്തമായ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരെക്കൊണ്ടും വിവിധ വ്യവസായ സംരംഭങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ടും ആധുനിക വ്യാവസായിക മേഖലയിലെ നൂതന അറിവുകൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ലഭ്യമാക്കുന്നുണ്ട്. വിസിറ്റിംഗ് ഫാക്കൽറ്റി പരിപാടിയനുസരിച്ച് ഗവേഷണ അക്കാദമിക പ്രവർത്തനങ്ങളിൽ സീനിയർ അദ്ധ്യാപകരുടെയും പ്രൊഫഷണലുകളുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു. വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കാനും കരിയർ ഗൈഡൻസിനുമുള്ള പരിശീലനവും നടത്തിവരുന്നുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ

ഭാഗമായി വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇന്റസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതിയും നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന വനിത എഞ്ചിനീയർമാരെ സൃഷ്ടിക്കാനുള്ള Scheme for Her Empowerment in Engineering Education (SHE) പദ്ധതി കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ചുകഴിഞ്ഞു.

എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥിനികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽത്തന്നെ മാറ്റംവരുത്തിയിട്ടുണ്ട്. Entrepreneurship & Start ups എന്നത് ഒരു പാഠ്യവിഷയമായും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കലാലയങ്ങളുടെ പ്രവർത്തന സമയങ്ങളിൽ മാറ്റം

99 (3523) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് കാമ്പസ് പ്രവർത്തന സമയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എത്ര സമയമാണ് അധികമായി പ്രവർത്തിക്കുക; ലാബുകൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ സൗകര്യം എന്നിവ മെച്ചപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കലാലയങ്ങളിൽ Flexible Timings നടപ്പാക്കുന്നത് സംബന്ധിച്ച ശിപാർശയുണ്ട്. ഇത് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി പരിശോധിച്ചുവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലൈബ്രറി, ലബോറട്ടറികൾ, വർക്ക്ഷോപ്പുകൾ, ഗവേഷണ കേന്ദ്രങ്ങൾ, സ്പോർട്സ് സൗകര്യങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും രാത്രി 9.30 വരെ പ്രയോജനപ്പെടുന്നതിനായി തിരുവനന്തപുരം, കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിലവിലുള്ള ജീവനക്കാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ, ഉച്ചയ്ക്ക് 3.30 മുതൽ രാത്രി 9.30 വരെ എന്നീ രണ്ട് സമയക്രമത്തിൽ വിനിയോഗിക്കുന്നതിന് കോളേജ് പ്രിൻസിപ്പാളിനെ

ചുമതലപ്പെടുത്തിക്കൊണ്ട് 20-12-2022-ലെ സ.ഉ.(സാധാ) നം. 1862/2022/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർവ്വകലാശാല ക്യാമ്പസുകളിലും കലാലയങ്ങളിലും ലബോറട്ടറികളും ലൈബ്രറികളും വികസിപ്പിക്കുന്നതിന് പദ്ധതികളുണ്ട്. കേരള സർവ്വകലാശാലയിലെ ഗവേഷണ ലബോറട്ടറികൾക്ക് ഉപകരണങ്ങൾ വാങ്ങാൻ കിഫ്ബിയിൽനിന്ന് 48.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) പ്രോജക്ടുകളുടെയും ഗവേഷണങ്ങളുടെയും നിലവാരമുയർത്തുന്നതിനും ക്യാമ്പസിൽ നിന്നുതന്നെ സ്റ്റാർട്ടപ്പ് കമ്പനികളെ വളർത്തിയെടുക്കുന്നതിനും പ്രസ്തുത തീരുമാനം എങ്ങനെയെല്ലാം സഹായകരമാകുമെന്ന് വിശദമാക്കാമോ?

പ്രോജക്ടുകളുടെയും ഗവേഷണങ്ങളുടെയും നിലവാരം ഉയർത്തുന്നതിനും ക്യാമ്പസിൽ നിന്നുതന്നെ സ്റ്റാർട്ടപ്പ് കമ്പനികളെ വളർത്തിയെടുക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ടെക്നോളജി ഇൻക്യുബേഷൻ

സെന്ററുകളും ഉൽപ്പാദന പരിശീലന കേന്ദ്രങ്ങളും വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി, Mini Industrial Units എന്നിവയുടെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. കോളേജ് ക്യാമ്പസ് പ്രവർത്തനസമയങ്ങളിൽ മാറ്റം വരുത്തുന്നതുവഴി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സംരംഭകത്വ വികസന പ്രവർത്തനങ്ങളിലും ഗവേഷണ പദ്ധതികളും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും കഴിയുന്നതാണ്.

(സി) സംസ്ഥാനത്ത് എല്ലാ കലാലയങ്ങളുടെയും പ്രവർത്തന സമയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കലാലയങ്ങളിൽ Flexible Timings നടപ്പാക്കുന്നത് സംബന്ധിച്ച ശിപാർശയുണ്ട്. ഇത് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി പരിശോധിച്ചുവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലൈബ്രറി, ലബോറട്ടറികൾ, വർക്ക്ഷോപ്പുകൾ, ഗവേഷണകേന്ദ്രങ്ങൾ, സ്പോർട്സ് സൗകര്യങ്ങൾ എല്ലാ

വിദ്യാർത്ഥികൾക്കും രാത്രി 9.30 വരെ പ്രയോജനപ്പെടുന്നതിനായി തിരുവനന്തപുരം, കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിലവിലുള്ള ജീവനക്കാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ, ഉച്ചയ്ക്ക് 3.30 മുതൽ രാത്രി 9.30 വരെ എന്നീ രണ്ട് സമയക്രമത്തിൽ വിനിയോഗിക്കുന്നതിന് കോളേജ് പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിക്കൊണ്ട് 20-12-2022-ലെ സ.ഉ.(സാധാ) നം. 1862/2022/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർവ്വകലാശാല ക്യാമ്പസുകളിലും കലാലയങ്ങളിലും ലബോറട്ടറികളും ലൈബ്രറികളും വികസിപ്പിക്കുന്നതിന് പദ്ധതികളുണ്ട്. കേരള സർവ്വകലാശാലയിലെ ഗവേഷണ ലബോറട്ടറികൾക്ക് ഉപകരണങ്ങൾ വാങ്ങാൻ കിഫ്ബിയിൽനിന്ന് 48.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

## ബിരുദ പാഠ്യപദ്ധതി പരിഷ്കരണം

100 (3524) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിരുദ പാഠ്യപദ്ധതി പരിഷ്കരണത്തിനായി ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) കരിക്കുലം കമ്മിറ്റി ബിരുദ പാഠ്യപദ്ധതിയുടെ പരിഷ്കരണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ യു.ജി. കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു മാതൃകാ കരിക്കുലം രൂപീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക് രൂപീകരിക്കുന്ന പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ഇതിനായി രൂപീകരിച്ച കരിക്കുലം കമ്മിറ്റി ഒരു കരട് കരിക്കുലം ചട്ടക്കൂട് ചർച്ച ചെയ്തുവരുന്നുണ്ട്. ഇതിന്റെ ആദ്യ ഡ്രാഫ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) ബിരുദ പാഠ്യപദ്ധതി രൂപകൽപ്പനയിൽ വിദ്യാർത്ഥി കേന്ദ്രീകൃത സമീപനം വളർത്തിയെടുക്കുന്നതിന് ഊന്നൽ നൽകുമോ; വിശദമാക്കാമോ?

'ഡിഗ്നിറ്റി' ഓഫ് സ്റ്റുഡന്റ് ലൈഫ് എന്ന മൂല്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. ഇതിനനുസരിച്ചുള്ള മാറ്റങ്ങളാണ് കരിക്കുലത്തിലും വിഭാവനം ചെയ്യുന്നത്. കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും പഠനസമയക്രമത്തിലും വിദ്യാർത്ഥിക്ക് സ്വാതന്ത്ര്യം നൽകുന്നതിന് സാധിക്കുന്നതരത്തിൽ പാഠ്യപദ്ധതി ക്രമീകരിക്കും.

(ഡി) ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനും ഇടയിലെ വിടവ് നികത്തുന്നതിന് പുതിയ പാഠ്യപദ്ധതിയിൽ ഊന്നൽ നൽകുമോയെന്ന് വിശദമാക്കാമോ?

തൊഴിൽ പരിചയവും നൈപുണിയും ലഭ്യമാകുന്ന തരത്തിലുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഇന്റേൺഷിപ്പ് തുടങ്ങിയ തൊഴിൽ പരിചയം ലഭിക്കുന്ന പ്രവൃത്തികൾ പാഠ്യപദ്ധതിയുടെ ഭാഗമാകുന്നതും വിഭാവനം ചെയ്തിട്ടുണ്ട്.

**കോളേജ് അദ്ധ്യാപകരുടെ യു.ജി.സി. ശമ്പള കുടിശ്ശിക**

101 (3525) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ യു.ജി.സി. ശമ്പള കുടിശ്ശിക നൽകുന്നതിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

" Reimbursement of financial burden due to implementation of revised pay scale on the basis of the 7th Pay Commission recommendations for Teachers and equivalent cadres in Universities and Colleges from 01-01-2016" സ്കീം പ്രകാരമുള്ള ശിപാർശ നിശ്ചിത സമയപരിധിക്കുള്ളിൽ 05-03-2022-നും അന്തിമ ശിപാർശ 21-03-2022-നും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ലഭിക്കുന്നതിന് ഓർമ്മക്കുറിപ്പുകളും നൽകിയിട്ടുണ്ട്.

(ബി) കോളേജ് അദ്ധ്യാപകരുടെ യു.ജി.സി. ശമ്പള കുടിശ്ശിക ഈ സാമ്പത്തിക വർഷം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

21-01-2023-ലെ സ.ഉ (പി) നം. 12/2023/ഫിൻ പ്രകാരം 2023 ജനുവരി മാസം മുതൽ ഗഡുക്കളായി നൽകേണ്ടിയിരുന്ന ഏഴാമത് യു.ജി.സി ശമ്പളപരിഷ്കരണ കുടിശ്ശിക സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ചോ ഇനിയൊരു നിർദ്ദേശം/ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതുവരെയോ തടഞ്ഞുവച്ചിരിക്കുന്നുവെന്ന് ഉത്തരവായിട്ടുണ്ട്.

(സി) ശമ്പള കുടിശ്ശിക നൽകാൻ സാധിക്കില്ലെന്ന് അറിയിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന്റെ ഭാഗമായുള്ള ശിപാർശകളുടെ സമ്പൂർണ്ണ റിപ്പോർട്ട് സംസ്ഥാന സർക്കാർ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചത് 21-03-2022-ലാണ്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സംസ്ഥാന സർക്കാർ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രം കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കത്ത് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 24-02-2022, 10-03-2022 എന്നീ തീയതികളിലാണ് കത്ത് ലഭ്യമായത്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(എഫ്) ശമ്പള കുടിശ്ശിക നൽകുന്നതിന് സഹായം നൽകാൻ സാധിക്കില്ലെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന് അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

**തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ പുതിയ കോഴ്സുകൾ**

102 (3526) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ബി.കോം. വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

2. ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്

(ബി) പ്രസ്തുത കോളേജിൽ കാലഘട്ടത്തിന് അനുയോജ്യമായ നവീന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പുതിയ കെട്ടിട സൗകര്യം ലഭ്യമായതിനാൽ എം.കോം. വിത്ത് ഫിനാൻസ് എന്ന ബിരുദാനന്തര കോഴ്സ് ടി കോളേജിൽ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നവീന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഐ.എച്ച്.ആർ.ഡി.-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ

103 (3527) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും 2023 വർഷത്തെ അക്രെഡിറ്റേഷൻ നടപടികൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ കോളേജുകളുടെ NAAC അക്രെഡിറ്റേഷൻ പ്രവർത്തനങ്ങൾക്കായി വകുപ്പിൽനിന്നും തുക അനുവദിച്ചുവരുന്നു. 2023-ൽ അക്രെഡിറ്റേഷന് പോകേണ്ട കോളേജുകൾ SSR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർവ്വകലാശാലാതലത്തിൽ കേരള സർവ്വകലാശാല 2022-ൽ നാക് എ++ ഗ്രേഡ് നേടി അക്രെഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 4th Cycle NAAC Accreditation പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. 2023-ൽ തന്നെ ടി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്. മലയാളം സർവ്വകലാശാലയിൽ അക്രെഡിറ്റേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 2022-ൽ നടന്ന NAAC അക്രെഡിറ്റേഷനിൽ 'എ പ്ലസ്' ഗ്രേഡ് ലഭിച്ചു. അടുത്ത അസസ്മെന്റ് 5 വർഷത്തിനുശേഷമാണ്.

ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ NAAC അക്രെഡിറ്റേഷനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ NBA അക്രഡിറ്റേഷൻ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) അക്കാദമിക് രംഗത്തെ അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ നിലയിൽ വിനിയോഗിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ അഭിനന്ദനം അറിയിച്ചിരുന്നോയെന്ന് വിശദമാക്കുമോ?

അക്കാദമിക് രംഗത്തെ അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ നിലയിൽ വിനിയോഗിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളെ നാഷണൽ അസ്സെസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൗൺസിൽ ചെയർമാൻ കൊച്ചിയിൽ വച്ചുനടന്ന പ്രിൻസിപ്പൽമാരുടെയും IQAC കോ-ഓർഡിനേറ്റർമാരുടെയും യോഗത്തിൽവച്ച് അഭിനന്ദിച്ചിരുന്നു.

## കർമ്മചാരി പദ്ധതി

104 (3528) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിനൊപ്പം തൊഴിലെന്ന ലക്ഷ്യവുമായി കർമ്മചാരി എന്ന ഒരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന പക്ഷം സംസ്ഥാനത്ത് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

(എ&ബി) പഠനത്തോടൊപ്പം തൊഴിലെന്ന ലക്ഷ്യവുമായി ‘ കർമ്മചാരി’ എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള

നടപടികൾ നടന്നുവരുന്നു. 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ പഠനത്തോടൊപ്പം ജോലിയെന്നത് സാധ്യമാക്കുന്നതിനായി ' കർമ്മചാരി' എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് തൊഴിൽമേഖലയിലെ തൊഴിലുടമകളുടെയും തൊഴിലുടമ പ്രതിനിധികളുമായും ഒരു മീറ്റ് ചേരുകയും ചെയ്തു.

ടി പദ്ധതിയുമായി ബന്ധപ്പെട്ട് 08-02-2023 തീയതിയിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

സംസ്ഥാന സർക്കാർ രാജ്യത്ത് ആദ്യമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതിവഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനുമായി ഒരു ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

(സി) സംസ്ഥാനത്ത് പോളിടെക്നിക്കുകളിൽ നടത്തിവരുന്ന ഇൻഡസ്ട്രി ഓൺ കാമ്പസ് പരിപാടി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; ഇതേ മാതൃകയിൽ കർമ്മചാരി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതികവിദ്യാഭ്യാസ വകുപ്പിനുകീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിയുടെ ഏകോപനത്തിനായി നോഡൽ ഓഫീസറെ നിയോഗിക്കുകയും ടി പദ്ധതി സംബന്ധിച്ച അവലോകനം സാങ്കേതിക വിദ്യാഭ്യാസ വകുപ്പുതലത്തിൽ നടത്തുകയും ചെയ്യുന്നുണ്ട്. ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പരിപാടി മാതൃകയിൽ കർമ്മചാരി പദ്ധതി നടപ്പാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ നവീകരണം**

105 (3529) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനുമായി വിദേശത്ത് പോകുന്നവരുടെ ദേശീയ ശരാശരിയുടെ എത്ര ശതമാനമാണ് സംസ്ഥാനത്തെ കണക്കുകളെന്നത് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

2020-ൽ നോർക്ക റൂട്ട്സ് ആരംഭിച്ച തിരിച്ചറിയൽ കാർഡായ സ്റ്റുഡന്റ്സ് ഐ.ഡി. കാർഡ് പദ്ധതി വഴി നാളിതുവരെ 54 രാജ്യങ്ങളിലായി 2020 സ്റ്റുഡന്റ്സ് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) വിദേശങ്ങളിലേയ്ക്ക് ഉന്നത പഠനത്തിനായി പോകുന്നവരുടെ ഒഴുക്ക് തടയുന്നതിനായി പഠനത്തോടൊപ്പം പാർട്ട് ടൈം തൊഴിലുംകൂടി ലഭ്യമാകുന്ന വിധമുള്ള സിലബസ് പരിഷ്കരണം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്ന കർമ്മചാരി പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ?

(ബി&സി) കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ്, അപ്രന്റീസ്ഷിപ്പ് ഇവ പഠന പ്രക്രിയയുടെ ഭാഗമാകുന്നത് പരിഗണിക്കുന്നുണ്ട്. കൂടാതെ, 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ പഠനത്തോടൊപ്പം ജോലിയെന്നത് സാധ്യമാക്കുന്നതിനായി ' കർമ്മചാരി' എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് തൊഴിൽ മേഖലയിലെ തൊഴിലുടമകളുടെയും തൊഴിലുടമാ പ്രതിനിധികളുമായും ഒരു ഗ്രൂപ്പ്മീറ്റ് ചേരുകയും ചെയ്തു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് 08-02-2023 തീയതിയിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത്

തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

സംസ്ഥാന സർക്കാർ രാജ്യത്ത് ആദ്യമായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതിവഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനായി ഒരു ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

## നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

106 (3530) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി പന്ത്രണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും തുടർനടപടികൾ ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികളും നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയ്ക്ക് കിഫ്ബിവഴി ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുക്കാൻ എത്ര തുകയ്ക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്നും ലാൻഡ് അക്വിസിഷന് ആവശ്യമായ തുക കിഫ്ബിയാണോ അനുവദിക്കുകയെന്നും അറിയിക്കാമോ;

(സി) 2018-ൽ ഭൂവുടമ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വിട്ടുതരാൻ തയ്യാറായ സ്ഥലം പ്രസ്തുത കോളേജ് കെട്ടിട നിർമ്മാണത്തിനായി ഏറ്റെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് അടയ്ക്കേണ്ട കണ്ടിജൻസി ചാർജ്ജ് ഇതുവരെയും കോളേജ് വിദ്യാഭ്യാസ വകുപ്പ് അടയ്ക്കാത്തതിന്റെ കാരണം വിശദമാക്കാമോ; കണ്ടിജൻസി ചാർജ്ജ് അടയ്ക്കാത്തത് കാരണം പ്രസ്തുത കോളേജ് കെട്ടിട നിർമ്മാണത്തിന് ഭൂമിയേറ്റെടുക്കുന്ന നടപടികൾ രണ്ട് വർഷമായിട്ടും തുടങ്ങാനായില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ?

(എ-ഡി) നിലമ്പൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമരമ്പലം

വില്ലേജിൽ ബ്ലോക്ക് നമ്പർ 121-ൽ റീസർവ്വേ 185/1 നമ്പറിൽപ്പെട്ട അഞ്ചേക്കർ ഭൂമി 300 മീറ്റർ നീളവും 7 മീറ്റർ വീതിയിലുള്ള റോഡ് ഉറപ്പാക്കി ആർ ഒന്നിന് 58,988/- രൂപ വീതം ആകെ 1,19,35,632/- രൂപ ചെലവഴിച്ച് കിഫ്ബി മുഖാന്തരം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ കിഫ്ബിയുടെ ധനാനുമതി ലഭിച്ചിരുന്നില്ല. 2023 ഫെബ്രുവരി മാസം നടന്ന കിഫ്ബിയുടെ ബോർഡ് മീറ്റിംഗിൽ പ്രസ്തുത കോളേജിന്റെ ഭൂമി ഏറ്റെടുക്കുന്ന വിഷയം അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെ 20,54,86,158.05 രൂപയുടെ DPR ആണ് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 1,25,32,413/- രൂപയുടെ അനുമതിയാണ് കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചശേഷം കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതാണ്.

## വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

107 (3531) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം യഥാസമയം കണക്കാക്കുന്നതിനായി ഏതൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

അക്കാദമിക്ക് മോണിറ്ററിംഗ്, റിസൾട്ട് അനാലിസിസ് എന്നിവ നടത്തുന്നുണ്ട്. ഇതിനുപുറമെ റിസൾട്ട് അനാലിസിസ് അടിസ്ഥാനമാക്കി ഫലപ്രദമായ അദ്ധ്യയനത്തിനുവേണ്ടിയുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകിവരികയും ചെയ്യുന്നു. കൂടാതെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി സ്കോളർ സപ്പോർട്ട് പ്രോഗ്രാമുകൾ നടത്തുന്നു.

(ബി) മാറുന്ന കാലത്തിനനുസരിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ നൂതനമായ അറിവ് നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

മാറുന്ന കാലത്തിനനുസരിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ നൂതനമായ അറിവ് ലഭിക്കുന്നതിന് അദ്ധ്യാപന പഠന മെച്ചപ്പെടുത്തൽ പ്രോഗ്രാമുകൾ നടത്തുന്നതിന്റെ ഭാഗമായി സാങ്കേതിക വകുപ്പിന് വിവിധ സ്കീമുകൾക്കുകീഴിൽ സാങ്കേതികവിദ്യയിലെ സമീപകാല സംഭവ വികാസങ്ങളിൽ നിരവധി ഫാക്കൽറ്റി വികസന പരിപാടികൾ നടത്തുന്നുണ്ട്. സിലബസ് പരിഷ്കരിക്കുകയും സിലബസിലെ

മാറ്റങ്ങൾക്കനുസരിച്ചുള്ള ട്രെയിനിംഗ് SITTTR, NITTTR മറ്റ് സ്ഥാപനങ്ങൾ എന്നിവവഴി നൽകുകയും ചെയ്യുന്നു. കൂടാതെ വ്യാവസായിക പരിശീലനവും നൽകിവരുന്നു.

(സി) പരീക്ഷാ ഹാളിൽ പരസ്യമായി വിദ്യാർത്ഥിനികളുടെ ദേഹപരിശോധന നടത്തുന്നുവെന്ന പരാതിയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; പരീക്ഷാ ഹാളിൽ ഇൻവിജിലേറ്റർമാർ നിൽക്കെ മറ്റദ്ധ്യാപകർ പരീക്ഷാ ഹാളിൽ പ്രവേശിച്ച് വിദ്യാർത്ഥിനികളുടെ ദേഹപരിശോധന നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പരിശോധന ആവശ്യമായി വന്നാൽ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം നഷ്ടപ്പെടാത്തവിധം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നിർദ്ദേശിക്കുമോയെന്ന് വ്യക്തമാക്കുമോ?

പയ്യന്നൂർ റസിഡൻഷ്യൽ പോളിടെക്നിക്കിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചുവരുന്നു. പരീക്ഷയുടെ നടത്തിപ്പിനുവേണ്ടി സ്ഥാപനത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ഇവർ പരീക്ഷ നടക്കുന്ന സമയത്ത് പരീക്ഷാ ഹാളിൽ ചെന്ന് പരിശോധിക്കാറുണ്ട്. ദേഹ പരിശോധന നടത്തുന്നതിനുള്ള മാനദണ്ഡങ്ങളൊന്നും നിലവിലില്ല. പരിശോധന ആവശ്യമായി വന്നാൽ

വിദ്യാർത്ഥികളുടെ ആത്മവിശ്വാസം നഷ്ടപ്പെടാത്തവിധം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**പാലക്കാട് ജില്ലയിൽ റൂസ ഫണ്ട് അനുവദിച്ച കോളേജുകൾ**

108 (3532) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പുതുതായി ഒരു കോളേജും റൂസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

റൂസ ഒന്നാംഘട്ട പദ്ധതിയിൽ (2014-2019) എസ്.എൻ.ജി.എസ്. കോളേജ് പട്ടാമ്പി, വിക്ടോറിയ കോളേജ്, എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ടിരുന്നു.

2018 മുതൽ നടന്നുവരുന്ന രണ്ടാംഘട്ടത്തിൽ പാലക്കാട് ജില്ലയിൽ താഴെ പറയുന്ന കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്.

1. ഗവൺമെന്റ് കോളേജ്, ചിറ്റൂർ.
2. എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ്, ഒറ്റപ്പാലം.
3. എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം
4. മേഴ്സി കോളേജ്, പാലക്കാട്.
5. എം.പി.എം.എം.എസ്.എൻ. ട്രസ്റ്റ് കോളേജ്, ഷൊർണ്ണൂർ.
6. എൻ.എസ്.എസ്. കോളേജ്, നെന്മാറ.

നിർമ്മാണ, പുനരുദ്ധാരണ, പർച്ചേസ് എന്നീ പ്രവൃത്തികൾക്ക് റൂസ ഫണ്ട് സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ?

റൂസ സ്ഥാപനത്തിൽ രണ്ടുകോടി രൂപ വീതമാണ് സ്ഥാപനങ്ങൾക്ക് അംഗീകാരമായിട്ടുള്ളത്. ഇതിൽ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന 2 സ്ഥാപനങ്ങൾക്കും 2 കോടി രൂപ വീതം അനുവദിച്ചുനൽകിയിട്ടുണ്ട്. ഇവിടെ നിർമ്മാണ, പുനരുദ്ധാരണ പർച്ചേസ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റൂസ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 6

സ്ഥാപനങ്ങളിൽ നിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

## കോളേജുകളിൽ പുതിയ കോഴ്സുകൾ

109 (3533) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കോളേജുകൾക്കാണ് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇടുക്കി ജില്ലയിലെ നാടുകാണിയിൽ ബി.എ. ഇക്കണോമിക്സ്, ബി.എസ് സി. ഫുഡ് സയൻസ് ആൻഡ് ക്വാളിറ്റി കൺട്രോൾ എന്നീ കോഴ്സുകളോടെ ട്രൈബൽ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്ന പേരിൽ ഒരു എയ്ഡഡ് കോളേജ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ആർട്സ് ആൻഡ് സയൻസ്, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച പുതിയ കോഴ്സുകളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോഴ്സുകൾ വർദ്ധിക്കുന്നതനുസരിച്ച് ആവശ്യമായ അദ്ധ്യാപക തസ്തികകകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര തസ്തിക സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ?

അടുത്ത 5 വർഷത്തേയ്ക്ക് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാകാത്ത വിധത്തിൽ നിലവിലുള്ള അദ്ധ്യാപകരെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് പുതിയ കോഴ്സുകൾ നടത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്.

**സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം**

110 (3534) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെയും ലാ കോളേജുകളിലെയും പ്രിൻസിപ്പൽ നിയമനം നിയമവിരുദ്ധമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-12-2022-ലെ OA No.668/2019 ഉത്തരവ് പ്രകാരം 23-12-2017-ലെ സ.ഉ(സാധാ) നം.2327/2017/ഉ.വി.വ, 29-05-2018-ലെ സ.ഉ(സാധാ) നം. 1052/2018/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകിയ 12 പേരുടെ നിയമനം സെലക്ഷൻ കമ്മിറ്റി കൂടാതെ നടത്തിയതായതിനാൽ 2010 യു.ജി.സി. റെഗുലേഷൻ പ്രകാരം ക്രമപ്രകാരമല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ലോ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04-01-2023-ലെ OA (EKM)109/2021-ലെ ഉത്തരവ് പ്രകാരം ക്രമപ്രകാരമല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിക്കെതിരെ സർക്കാരോ പ്രിൻസിപ്പൽമാരോ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-12-2022-ലെ OA No.668/2019 എന്ന ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും പ്രസ്തുത വിധി നടപ്പാക്കുന്നതിനെതിരെ സ്റ്റേ ലഭിക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 04-01-2023-ലെ OA (EKM) 109/2021-ലെ ഉത്തരവിന്മേൽ അഡ്വക്കേറ്റ് ജനറലിൽനിന്നും നിയമോപദേശം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളജുകളിലും ലോ കോളേജുകളിലും നിയമവിരുദ്ധമായി നിയമനം നേടിയ പ്രിൻസിപ്പൽമാരിൽ ആരെങ്കിലും ഇപ്പോൾ പ്രസ്തുത തസ്തികയിലോ പ്രൊമോഷൻ തസ്തികയിലോ തുടരുന്നുണ്ടോ; എങ്കിൽ ആരെല്ലാമാണ് തുടരുന്നതെന്ന് വ്യക്തമാക്കാമോ?

2010 യു.ജി.സി. റെഗുലേഷൻ പ്രകാരമുള്ള നിയമനമല്ലെന്ന് 16-12-2022-ലെ KAT ഉത്തരവിൽ പറയുന്ന, ചുവടെ പരാമർശിക്കുന്ന 4 പേർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ സേവനത്തിൽ തുടരുന്നു.

1. ഡോ. സുനിൽ ജോൺ ജെ - ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം.

2. ഡോ. വി. അനിൽ- ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, എറണാകുളം.

3. ഡോ. അനുരാധ വി. കെ. -സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽ, ഗവൺമെന്റ് കോളേജ്, ചിറ്റൂർ.

4. ഡോ. കെ. കെ. ദാമോദരൻ, പ്രിൻസിപ്പൽ, ഗവൺമെന്റ് കോളേജ്, മലപ്പുറം.

സർക്കാർ ലാ കോളേജുകളിൽ ചുവടെ പരാമർശിക്കുന്ന 3 പേർ സേവനത്തിൽ തുടരുന്നു.

1. ശ്രീ. ബിജുകുമാർ. ആർ, പ്രിൻസിപ്പൽ, ഗവൺമെന്റ് ലാ കോളേജ്, തിരുവനന്തപുരം.

2. ശ്രീമതി ബിന്ദു എം. നമ്പ്യാർ, പ്രിൻസിപ്പൽ, ഗവൺമെന്റ് ലാ കോളേജ്, എറണാകുളം

3. ശ്രീ. വി. ആർ. ജയദേവൻ, പ്രിൻസിപ്പൽ, ഗവൺമെന്റ് ലാ കോളേജ്, തൃശ്ശൂർ.

## അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദാക്കിയ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ നിയമനങ്ങൾ

111 (3535) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 668/2019 നമ്പർ പ്രകാരം 16-12-2022-ന് പുറപ്പെടുവിച്ച വിധിപ്രകാരം സംസ്ഥാനത്തെ പന്ത്രണ്ട് ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽമാരുടെ നിയമനം 2010 യു.ജി.സി. റെഗുലേഷന് വിരുദ്ധമായതിനാൽ റദ്ദാക്കുകയുണ്ടായോ; വിശദമാക്കുമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA നം. 668/2019-ൽ 16-12-2022 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം 23-12-2017-ലെ സ.ഉ (സാധാ) നം.2327/2017/ഉ.വി.വ, 29-05-2018-ലെ സ.ഉ(സാധാ) നം. 1052/2018/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകിയ 12 പേരുടെ നിയമനം സെലക്ഷൻ കമ്മിറ്റി മുഖാന്തരം നടത്തിയത് അല്ലാത്തതാകയാൽ 2010 യു.ജി.സി. റെഗുലേഷൻപ്രകാരം ക്രമപ്രകാരമുള്ളതല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം കോളേജുകളിലേയ്ക്ക് നിയമിക്കപ്പെട്ട

ആരുടെയെല്ലാം നിയമനങ്ങളാണ് റദ്ദാക്കിയതെന്ന വിശദാംശം നിയമന ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 668/2019-ൽ 16-12-2022 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം 23-12-2017-ലെ സ.ഉ (സാധാ) നം.2327/2017/ഉ.വി.വ, 29-05-2018-ലെ സ.ഉ(സാധാ) നം. 1052/2018/ഉ.വി.വ എന്നീ സർക്കാർ ഉത്തരവുകളിലൂടെ സർക്കാർ ആർട്സ്&സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകിയ 12 പേരുടെ നിയമനം സെലക്ഷൻ കമ്മിറ്റി മുഖാന്തരം നടത്തിയത് അല്ലാത്തതാകയാൽ 2010 യു.ജി.സി. റെഗുലേഷൻ പ്രകാരം ക്രമപ്രകാരമുള്ളതല്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ, നിയമനം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത ട്രിബ്യൂണൽ വിധിയിൽ പറയുന്ന ആരെങ്കിലും ഇപ്പോൾ തൽസ്ഥാനത്ത് തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

4 പേർ സേവനത്തിൽ തുടരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഡോ. സുനിൽ ജോൺ ജെ. - ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം.

2. ഡോ. വി. അനിൽ - ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, എറണാകുളം.

3. ഡോ. അനുരാധ വി. കെ. - സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽ, ഗവൺമെന്റ് കോളേജ്, ചിറ്റൂർ.

4. ഡോ. കെ. കെ. ദാമോദരൻ, പ്രിൻസിപ്പൽ, ഗവൺമെന്റ് കോളേജ്, മലപ്പുറം.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-12-2022-ലെ OA No.668/2019 എന്ന ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ സ്റ്റേ ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ട്രിബ്യൂണൽ വിധി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-12-2022-ലെ OA No.668/2019-യിൻമേലുള്ള ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനെതിരേ സ്റ്റേ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത വിധിപ്രകാരം അയോഗ്യനാക്കപ്പെട്ട മലപ്പുറം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ നാക് അക്രെഡിറ്റേഷൻ ശ്രമങ്ങൾ നടത്തിവരുന്നത് നാക്-ന്റെ ഗ്രേഡിംഗിനെ പ്രതികൂലമായി ബാധിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അത്തരം സാഹചര്യം നിലവിലില്ല.

(എഫ്) ട്രിബ്യൂണൽ വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിക്കുകയോ സ്റ്റേ സമ്പാദിക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എങ്ങനെയാണ് വിധിയിൽ പരാമർശിക്കപ്പെട്ട വ്യക്തികൾ പദവിയിൽ തുടരുന്നതെന്ന് വ്യക്തമാക്കുമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16-12-2022-ലെ OA No.668/2019 എന്ന ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും

പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനെതിരേ സ്റ്റേ ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോളേജ് പ്രിൻസിപ്പൽ നിയമനത്തിനായി കരട് പട്ടിക**

112 (3536) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽ നിയമനത്തിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ?

വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് തയ്യാറാക്കിയ അദ്ധ്യാപകരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പട്ടിക സംബന്ധിച്ച് ഏതെല്ലാം അദ്ധ്യാപകരാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പട്ടിക സംബന്ധിച്ച് 48 അദ്ധ്യാപകർ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. അപ്പീൽ നൽകിയ അദ്ധ്യാപകരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) കോളേജ് പ്രിൻസിപ്പൽ നിയമനത്തിന് അദ്ധ്യാപന/ഗവേഷണ സ്വഭാവമില്ലാത്ത ഡെപ്യൂട്ടേഷൻ കാലയളവ് പരിഗണിക്കരുതെന്ന യു.ജി.സി. റെഗുലേഷൻ വ്യവസ്ഥയിൽ മാറ്റം വരുത്തി സർക്കാർ 2022 ജൂൺ 21-ന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഉത്തരവ് നിയമപരമായി നിലനിൽക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ നിയമനത്തിന് യു.ജി.സി. മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് നിലവിലുള്ള സർക്കാർ നിയമങ്ങൾക്കനുസൃതമായ രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഡെപ്യൂട്ടേഷൻ കാലയളവ് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

## തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ പുതിയ കോഴ്സുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

113 (3537) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) പുതിയതായി കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

കോളേജിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസൽ സർവ്വകലാശാലതലത്തിൽ പരിശോധിച്ച് ശിപാർശ ചെയ്യുന്ന കോഴ്സുകൾ ആരംഭിക്കുന്നതിന് കോളേജിലെ ഭൗതിക സാഹചര്യവും പരിശോധിച്ച്, സമീപ പ്രദേശങ്ങളിലെ മറ്റ് കോളേജുകളുമായി താരതമ്യം ചെയ്തതിനുശേഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ശിപാർശയോടുകൂടി സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വശങ്ങൾ

പരിശോധിച്ച് പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുകയും ചെയ്യുന്നു.

**മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജ്**

114 (3538) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പുരോഗതിക്കായി 2020-21-നുശേഷം ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പുരോഗതിക്കായി 2020-21-നുശേഷം നടത്തിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1. തഴക്കര ക്യാമ്പസ്സിൽ രണ്ടാം നിലയിൽ മൂന്ന് ക്ലാസ് റൂമുകളുടെയും ഒരു ലൈബ്രറിയുടെയും നിർമ്മാണം പൂർത്തിയാക്കി.

2. മാവേലിക്കര ക്യാമ്പസ്സും തഴക്കര ക്യാമ്പസ്സും ഇന്റർലോക്ക് പാകി മോടിപിടിപ്പിച്ചു.

3. മാവേലിക്കര കോളേജിലെ മെയിൻ ക്യാമ്പസ്സിൽ അക്കാദമിക് ബ്ലോക്കിന്റെ രണ്ടാം നിലയുടെ പ്രാരംഭ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4. ശുചിത്വമിഷൻ വഴി തഴക്കരയിൽ ടോയ്ലറ്റ് ബ്ലോക്കിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

## മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.എച്ച്.ആർ.ഡി. കോളേജുകൾ

115 (3539) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.എച്ച്.ആർ.ഡി. കോളേജുകളെ ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഐ.എച്ച്.ആർ.ഡി. കോളേജുകളെ ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസിൽനിന്നും ഒഴിവാക്കിയിട്ടില്ല.

(ബി) പ്രസ്തുത ഫീസ് അടയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വകലാശാല ഐ.എച്ച്.ആർ.ഡി. കോളേജുകൾക്ക് നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഫീസ് അടയ്ക്കുന്നതിൽനിന്നും കോളേജുകളെ ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എം.ജി. സർവ്വകലാശാല ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് കുടിശ്ശിക ഉൾപ്പെടെ അടയ്ക്കണമെന്ന് ഐ.എച്ച്.ആർ.ഡി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. 14-02-2017-ലെ സ.ഉ. (കൈ) നം. 55/2017/ഉ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി. കോളേജുകളെ ആന്വൽ അഫിലിയേഷൻ ഫീസ് ഒടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷം മുതൽ കേരളാ യൂണിവേഴ്സിറ്റിയും കണ്ണൂർ യൂണിവേഴ്സിറ്റിയും ഐ.എച്ച്.ആർ.ഡി. കോളേജുകൾ അടയ്ക്കേണ്ടതായിട്ടുള്ള ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്

03-12-2022-ലെ കത്ത് നമ്പർ ജെ1/143/2022/ഉ.വി.വ പ്രകാരം എം.ജി, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ നടപടി

116 (3540) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വാശ്രയ മേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്വാശ്രയ മേഖലയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും യോഗ്യതയും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് നിയമനിർമ്മാണം (2021-ലെ സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ-നിയമനവും സേവന വ്യവസ്ഥകളും ആക്ട്) നടത്തിയിട്ടുണ്ട്. അദ്ധ്യാപക നിയമനങ്ങൾക്ക് UGC/AICTE യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. UGC/AICTE മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് വിവിധ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകളുടെ കരിക്കുലം രൂപീകരിക്കുന്നത്. പ്രൊഫഷണൽ രംഗത്തെ സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നാഷണൽ

ബോർഡ് ഓഫ് അക്രെഡിറ്റേഷൻ (NBA), നാക്ക് (NAAC) അസസ്സ്മെന്റ് അക്രെഡിറ്റേഷൻ എന്നിവ പ്രയോജനപ്പെടുത്തുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിലെ സ്റ്റേറ്റ് അസസ്സ്മെന്റ് & അക്രെഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

സ്വാശ്രയ മേഖലയിൽ കോളേജ്, കോഴ്സ്, സീറ്റ് വർദ്ധനവ് എന്നിവ അനുവദിക്കുമ്പോൾ സർവ്വകലാശാലാതലത്തിൽനിന്ന് ഇൻസ്പെക്ഷൻ നടത്തി ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. കൂടാതെ നിലവിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ കോളേജുകളിലും പ്രത്യേകം ഇൻസ്പെക്ഷൻ സർവ്വകലാശാലകൾ നടത്താറുണ്ട്. സ്വാശ്രയ മേഖലയിലെ കോളേജുകളുടെ പഠന ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമാണ് ടി കോളേജുകൾക്ക് ഓരോ അദ്ധ്യയന വർഷവും അഫിലിയേഷൻ പുതുക്കി നൽകുന്നത്.

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

117 (3541) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിനാനൂർ കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു+.

## ദേശീയപാത വികസനത്തിന് കാലിക്കറ്റ് സർവകലാശാല ഭൂമി ഉപയോഗിക്കുന്ന നടപടി

118 (3542) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാർ കമ്പനിയായ കെ.എൻ.ആർ. കൺസ്ട്രക്ഷൻ കമ്പനിക്ക് കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമി പാട്ടത്തിനോ വാടകയ്ക്കോ കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും അതുപ്രകാരം സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന പ്രതിഫലത്തിന്റെ വിശദാംശവും ലഭ്യമാക്കാമോ?

സർവ്വകലാശാലയുടെ ഒഴിഞ്ഞുകിടക്കുന്ന 9 ഏക്കർ ഭൂമി ദേശീയപാത കരാർ കമ്പനിക്ക് ദേശീയപാത നിർമ്മാണത്തിന് സഹായകമാകുന്ന ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനുപകരമായി പുതുതായി നിർമ്മിക്കുന്ന ദേശീയപാതയിൽനിന്നും സർവ്വകലാശാലയുടെ ഭരണവിഭാഗം കെട്ടിടത്തിലേയ്ക്കുള്ള പുതിയ റോഡ് പ്രസ്തുത കമ്പനി നിർമ്മിച്ചുനൽകുന്നതാണ്.

(ബി) പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് പകരമായി പ്രസ്തുത കമ്പനി സർവ്വകലാശാലയ്ക്ക് നൽകാമെന്നേറ്റ പാട്ടത്തുകയുടെയും ഏറ്റെടുത്ത് തീർക്കാമെന്നേറ്റ പ്രവൃത്തിയുടെയും വിശദാംശം രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ; പ്രസ്തുത കമ്പനിയുടെ ഏതുനിർദ്ദേശമാണ് സർവ്വകലാശാല സ്വീകരിച്ചതെന്നും ആയതിനുള്ള കാരണവും വിശദമാക്കാമോ?

കമ്പനി നൽകാമെന്നേറ്റ തുക ഏക്കറിന് മാസം പതിനയ്യായിരം രൂപയാണ്. എന്നാൽ ഈ തുകയ്ക്ക് പകരം പുതിയ റോഡ് നിർമ്മാണമാണ് സർവ്വകലാശാല മുന്നോട്ടുവച്ചത്. ഇത് കമ്പനി അംഗീകരിക്കുകയായിരുന്നു. പുതിയ റോഡിന്റെ നിർമ്മാണച്ചെലവ് കമ്പനി വാഗ്ദാനം ചെയ്ത തുകയേക്കാൾ കൂടുതൽ ആയതുകൊണ്ടാണ് ഈ നിർദ്ദേശംവച്ചത്. ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പാട്ടതുക സ്വീകരിക്കുകയാണെങ്കിൽ ദേശീയപാത നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ സർവ്വകലാശാലയ്ക്ക് എത്ര രൂപ ലഭിക്കുമായിരുന്നുവെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ?

ഏക്കറിന് പതിനയ്യായിരം രൂപ പ്രകാരം 9 ഏക്കറിന് മൂന്നുവർഷത്തേക്ക് ആകെ നാല്പത്തി എട്ടുലക്ഷത്തി അറുപതിനായിരം രൂപയാണ് ലഭിക്കുമായിരുന്നത്.

(ഡി) ദേശീയപാത വികസനത്തെ തുടർന്ന് സർവ്വകലാശാല ക്യാമ്പസിലേക്ക് പുതിയ റോഡും പ്രവേശന കവാടവും നിർമ്മിക്കേണ്ട സാഹചര്യം ഉടലെടുത്തിട്ടുണ്ടോയെന്നും പ്രസ്തുത റോഡിന്റെ അലൈൻമെന്റ്, മെഷർമെന്റ്, ഡിസൈൻ, എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദാംശവും ലഭ്യമാക്കാമോ?

ഉണ്ട്. പ്രസ്തുത റോഡിന്റെ അലൈൻമെന്റ്, അളവുകൾ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ വ്യക്തമാക്കുന്ന രേഖകൾ അനുബന്ധമായി ചേർക്കുന്നു+.

(ഇ) പ്രസ്തുത റോഡ് നിർമ്മാണച്ചെലവുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഏതെങ്കിലും തരത്തിലുള്ള കൺസൾട്ടൻസി, പ്രൊപ്പോസൽ, ടെണ്ടർ നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ടോയെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കമ്പനി ലഭ്യമാക്കിയ നിർമ്മാണച്ചെലവ് സർവ്വകലാശാല അംഗീകരിച്ചത് എവിടെനിന്ന് ലഭിച്ച സാങ്കേതിക ശിപാർശയുടെ അടിസ്ഥാനത്തിലാണെന്നും രേഖകളുടെ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

ഇല്ല. കമ്പനി ലഭ്യമാക്കിയ നിർമ്മാണച്ചെലവ് സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ശിപാർശ ചെയ്തിട്ടുണ്ട്.

**എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകളുടെ എണ്ണവും ചേർന്ന കുട്ടികളുടെ എണ്ണവും**

119 (3543) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ 2011 മുതൽ ചേർന്ന കുട്ടികളുടെ എണ്ണവും കോളേജുകളിലേ സീറ്റുകളുടെ എണ്ണവും വർഷം തിരിച്ച് ലഭ്യമാക്കാമോ?

2011 മുതൽ 2022 വരെയുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകളുടെ എണ്ണവും പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വർഷം | സീറ്റുകളുടെ | വിദ്യാർത്ഥികളുടെ |
|---|---|---|

| | എണ്ണം | എണ്ണം |
|---|---|---|
| 2011 | 25267 | 19911 |
| 2012 | 32239 | 23727 |
| 2013 | 33698 | 22974 |
| 2014 | 35963 | 21326 |
| 2015 | 37453 | 20126 |
| 2016 | 36424 | 19506 |
| 2017 | 36213 | 16235 |
| 2018 | 33177 | 12907 |
| 2019 | 31416 | 13251 |
| 2020 | 32314 | 14519 |
| 2021 | 31,297 | 12,904 |
| 2022 | 31428 | 15326 |

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം**

120 (3544) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് അറിയിക്കാമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന വിദ്യാഭ്യാസാനുകൂല്യമായി ചുവടെ പറയുന്ന സ്കോളർഷിപ്പുകൾ നൽകി വരുന്നു.

1. സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ് (സ്കോളർഷിപ്പ് ടു ബി.പി.എൽ. സ്റ്റുഡന്റ്സ്)

മുൻ പരീക്ഷയ്ക്ക് 50 ശതമാനം മാർക്കുള്ള ബി.പി.എൽ. വിദ്യാർത്ഥികൾക്ക് പ്രതിവർഷം 10,000/- രൂപ സ്കോളർഷിപ്പായി ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു.

2. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ്

+2 മാർക്കിന്റെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ്, മ്യൂസിക്, സംസ്കൃതം കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഡിഗ്രിതലം മുതൽ തുടർച്ചയായി 5 വർഷത്തേയ്ക്ക് 85 ശതമാനവും അതിലധികവും മാർക്കുള്ള BPL വിഭാഗത്തിപ്പെട്ട

വിദ്യാർത്ഥികൾക്ക് പ്രതിവർഷം 10,000/- രൂപ വീതം 1050 വിദ്യാർഥികൾക്ക് അനുവദിക്കുന്നു.

3. <u>മുഖ്യമന്ത്രിയുടെ പ്രതിഭാ ധനസഹായ പദ്ധതി (സി.എം.സ്കോളർഷിപ്പ്)</u>

ഡിഗ്രിക്ക് 75 ശതമാനം മാർക്ക് വാങ്ങി വിജയിച്ച 1000 വിദ്യാർത്ഥികൾക്ക് രണ്ടരലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ച്, ഒരു ലക്ഷം രൂപ വീതം ഈ സ്കോളർഷിപ്പിലൂടെ അനുവദിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വർക്ക് (Socially and Economically Weaker Section (SEBC) വില്ലേജ് ഓഫീസിൽനിന്നും ലഭിക്കുന്ന നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ 30 ശതമാനം സംവരണം അഡ്മിഷന് നൽകിവരുന്നു. ഇതുകൂടാതെ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന സ്കോളർഷിപ്പുകളും നൽകിവരുന്നു.

<u>എം.സി.എം. (MCM - Merit Cum Means) സ്കോളർഷിപ്പ്</u>

കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രാലയം സാങ്കേതിക പ്രൊഫഷണൽ മേഖലകളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, പാഴ്സി, സിഖ്, ബുദ്ധ, ജൈന, തുടങ്ങിയ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട സമർത്ഥരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പുവഴി എം.സി.എം. (MCM- Merit Cum Means) സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. അർഹരായുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ 25,000/-രൂപ (Day Scholar), 30,000/-രൂപ (Hostler) എന്നിങ്ങനെ പ്രതിവർഷം നൽകിവരുന്നു.

<u>നോൺ ഗേറ്റ് സ്കോളർഷിപ്പ്</u>

എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെയും ഓരോ വർഷത്തെയും M.Tech വിദ്യാർത്ഥികളിൽനിന്നും മെറിറ്റടിസ്ഥാനത്തിൽ 5 വിദ്യാർത്ഥികൾക്ക് പ്രതിമാസം 6,000/- രൂപ നിരക്കിൽ ടി സ്കോളർഷിപ്പ് നൽകിവരുന്നു.

<u>ഗവേഷക വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

KTU-യിൽനിന്നും ലഭിക്കുന്ന Ph.D വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽനിന്നും സ്കോളർഷിപ്പിന് അർഹരായ 8 വിദ്യാർത്ഥികളെ ഒരു കമ്മിറ്റി തെരഞ്ഞെടുക്കുകയും ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 20,000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ, Central Sector Scheme of Scholarships for College and University, Prime Ministers Scholarship Scheme for Central Armed Forces and Assam Rifles, Prime Minister's Scholarship Scheme for Wards of States/UTs Police personnel Martyred During Terror/Naxal Attacks, Pragathi Scholarship Scheme for Girl Students (Technical Degree), Saksham Scholarship Scheme for Specially Abled Students, Post Matric Scholarship for Students with Disabilities തുടങ്ങി കേന്ദ്രസർക്കാരിന്റെ കീഴിൽവരുന്ന സ്കോളർഷിപ്പുകളുണ്ട്. വാർഷിക വരുമാനം 6 ലക്ഷ രൂപയിൽ താഴെയുള്ള 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളവർക്ക് നൽകിവരുന്ന AICTE 'സാക്ഷം സ്കോളർഷിപ്പ് എന്നിവയും കേന്ദ്ര സർക്കാരിൽനിന്നും നൽകിവരുന്ന സ്കോളർഷിപ്പുകളാണ്.

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലോ മറ്റ്

പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രവേശനത്തിൽ 10% സംവരണം അനുവദിച്ചിട്ടുണ്ട്.

കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ്, സ്നേഹപൂർവം സ്കോളർഷിപ്പ്, സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്, ഫിഷറീസ് ഇ-ഗ്രാന്റ്സ് മുന്നോക്ക വിഭാഗത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യ സമുന്നതി സ്കോളർഷിപ്പ്, ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള ന്യൂനപക്ഷ സ്കോളർഷിപ്പ് എന്നിവ സംസ്ഥാന സർക്കാരിന്റെ കീഴിൽ നൽകുന്ന സ്കോളർഷിപ്പുകളാണ്. ഇതിനുപുറമെ ഉന്നതവിദ്യാഭ്യാസ കൗൺസിലും വിദ്യാർത്ഥികൾക്കായി വിവിധ സ്കോളർഷിപ്പുകൾ നൽകിവരുന്നു. കൂടാതെ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പ് അനുവദിക്കുന്ന കെ.പി.സി.ആർ. സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്.

**അമ്പലപ്പുഴയിൽ സർക്കാർ കോളേജിന്**
**കിഫ്ബിവഴി അനുവദിച്ച ഭൂമി**

121 (3545) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിൽ സർക്കാർ കോളേജിനായി അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് എത്ര ഭൂമിയാണ് വിട്ടുനൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത പഞ്ചായത്തിൽനിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിന് വിട്ടുകിട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) കോളേജിന് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ കിഫ്ബിയിൽനിന്നും അടിസ്ഥാനസൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുള്ള പ്രസ്തുത ഭൂമി നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ-ഡി) അമ്പലപ്പുഴ സർക്കാർ ആർട്സ്&സയൻസ് കോളേജ് നിലവിൽ സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ

(അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത്) അധീനതയിലുള്ള സർവ്വേ നമ്പർ 588/3 നമ്പറിലുൾപ്പെട്ട 1 ഹെക്ടർ 4 ആർ 20 സ്ക്വയർ മീറ്റർ ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അർത്ഥനപത്രവും മറ്റനുബന്ധരേഖകളും ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. തുടർനടപടികൾക്കായി റവന്യൂ വകുപ്പിന് ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ഫയൽ അയച്ചിട്ടുണ്ട്. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിന് നിലവിൽ പഞ്ചായത്ത് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, റവന്യൂ വകുപ്പിലേയ്ക്ക് മാറ്റേണ്ടതുണ്ട്. അതിനുശേഷം മാത്രമേ പ്രസ്തുത ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റാൻ സാധിക്കുകയുള്ളൂ. ആയതിലേയ്ക്കായി പ്രസ്തുത ഭൂമി കോളേജിന്റെ ആവശ്യത്തിന് അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് വകുപ്പിന്റെ NOC ആവശ്യമാണ്. ആയതിലേയ്ക്കായി പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. NOC ലഭിച്ചതിനുശേഷം മാത്രമേ റവന്യൂ വകുപ്പിന് ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥയിലേയ്ക്ക് മാറ്റുവാൻ സാധിക്കുകയും ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിനൊപ്പം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത കോളേജിൽ കിഫ്ബി പദ്ധതി നടപ്പാക്കുന്നതിലേക്കായി DPR തയ്യാറാക്കുന്നതിന് KITCO-യെയും പദ്ധതി നിർവ്വഹണ ഏജൻസായി KSITL-നെയുമാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

KITCO തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**വൈദ്യ വിദ്യാഭ്യാസമേഖലയിൽ ഗവേഷണങ്ങൾക്ക് പരിഗണന**

122 (3546) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിലെ വൈദ്യ വിദ്യാഭ്യാസ മേഖലയിൽ ഗവേഷണങ്ങൾക്ക് എന്തെല്ലാം പരിഗണന നൽകിവരുന്നുവെന്ന് വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, മലബാർ ക്യാൻസർ സെന്റർ, കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം എന്നിവയുടെ നേതൃത്വത്തിൽ വൈദ്യ വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന ഗവേഷണങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വൈദ്യ വിദ്യാഭ്യാസ മേഖലയിൽ ഗവേഷണം ശക്തിപ്പെടുത്താൻ ഏർപ്പെടുത്തിയ സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ സയൻസിന് 2021, 2022, 2023 വർഷങ്ങളിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്നും വിശദമാക്കാമോ?

വൈദ്യ വിദ്യാഭ്യാസ മേഖലയിൽ ഗവേഷണം ശക്തിപ്പെടുത്താൻ ഏർപ്പെടുത്തിയ സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ സയൻസിന് 2021, 2022, 2023 വർഷങ്ങളിൽ സംസ്ഥാന സർക്കാർ അനുവദിച്ച തുക സംബന്ധമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക |
|---|---|
| 2021 - 22 | 250 ലക്ഷം രൂപ |
| 2022 - 23 | 250 ലക്ഷം രൂപ |
| 2023 - 24 | 250 ലക്ഷം രൂപ |

## തൃശ്ശൂർ ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണ പുരോഗതി

123 (3547) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തൃശ്ശൂർ ശ്രീരാമവർമ്മ മ്യൂസിക് കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി അറിയിക്കാമോ?

എസ്.ആർ.വി. മ്യൂസിക് കോളേജിനുവേണ്ടി കണ്ടെത്തിയ തൃശ്ശൂർ രാമവർമ്മപുരം സ്കൂളിന്റെ പിറകിലുള്ള വിയ്യൂർ വില്ലേജ് സർവ്വേ നമ്പർ 48/2P-ൽ ഉൾപ്പെട്ട 2 ഏക്കർ 30 സെന്റ് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും NOC ലഭ്യമായിട്ടുണ്ട്. ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കെട്ടിടനിർമ്മാണം ആരംഭിക്കാവുന്നതാണ്. പ്രസ്തുത കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതി നടപ്പാക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത കോളേജിന്റെ കിഫ്ബി പദ്ധതി വർക്കുകൾ നടത്തുന്നതിനായി കിറ്റ്കോയെയാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

**കർമ്മചാരി പദ്ധതി**

124 (3548) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തോടൊപ്പം തൊഴിൽ എന്ന ആഗോള നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്ക് തൊഴിൽ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും കൈകോർത്ത് കർമ്മചാരി എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നടത്തിയ മുന്നൊരുക്കങ്ങൾ വിശദമാക്കാമോ; ഏതൊക്കെ തലങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പഠനത്തോടൊപ്പം തൊഴിൽ എന്ന ആഗോള നിലവാരത്തിലേയ്ക്കെത്തിക്കുന്നതിലേയ്ക്ക് തൊഴിൽവകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും കൈകോർത്ത് കർമ്മചാരി എന്ന പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ പഠനത്തോടൊപ്പം ജോലി എന്നത് സാധ്യമാക്കുന്നതിനായി

‘ കർമ്മചാരി’  എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആയത്, ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് തൊഴിൽമേഖലയിലെ തൊഴിലുടമകളുടെയും തൊഴിലുടമ പ്രതിനിധികളുമായും ഒരു ഗൂഗിൾമീറ്റ് ചേരുകയും ചെയ്തു.

ടി പദ്ധതിയുമായി ബന്ധപ്പെട്ട് 08-02-2023-ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർത്ത് തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

സംസ്ഥാന സർക്കാർ രാജ്യത്താദ്യമായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതിവഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനായി ഒരു ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്നതിനുള്ള കാര്യം പരിഗണനയിലാണ്.

(സി) കർമ്മചാരി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ നിശ്ചയിച്ച സ്ഥലം അറിയിക്കാമോ?

' കർമ്മചാരി' പദ്ധതിയുടെ ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പാക്കുന്നതിനാണുദ്ദേശിക്കുന്നത്.

## കേരള സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റ് നിയമനം

125 (3549) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലുമായി പുതുതായി ആറുപേരെക്കൂടി നാമനിർദ്ദേശം ചെയ്യാനുള്ള നിയമ ഭേദഗതി ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ആരെയൊക്കെയാണ് ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും നാമനിർദ്ദേശം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

1. ഡോ. പി. കെ. ബിജു, പറയാമ്പറമ്പിൽ, മാഞ്ഞൂർ സൗത്ത് പി.ഒ., കോട്ടയം

2. ഡോ. ബി. എസ്. ജമുന, റിട്ട. പ്രൊഫസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി.

3. അഡ്വ. ഐ. സാജു, പി. അസിസ് ഹൗസ്, കിള്ളി, കൊല്ലോട് പി.ഒ., കാട്ടാക്കട, തിരുവനന്തപുരം.

4. ഡോ. വിനോദ് കുമാർ ജേക്കബ്, പ്രൊഫസർ, എം. എ. കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോതമംഗലം.

5. ശ്രീ. എസ്. വിനോദ് മോഹൻ, വിജയ ഭവൻ, കൊല്ലം.

6. ഡോ. സഞ്ജീവ്. ജി, അസ്സോസിയേറ്റ് പ്രൊഫസർ, എൻ.എസ്.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് പാലക്കാട്.

(ബി) പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്ന് അറിയിക്കാമോ?

കേരള സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന വ്യവസ്ഥകളും മറ്റുവ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 39-ാം നമ്പറായി പുറപ്പെടുവിക്കുകയും ആയത് യഥാക്രമം

50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിട്ടുമുണ്ട്. പ്രസ്തുത 94/2021-ാം നമ്പർ ഓർഡിനൻസിന് പകരമായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനത്തിൽ ബിൽ നമ്പർ 50 ആയി പ്രസിദ്ധീകരിക്കുകയും കേരള നിയമസഭ 2021 ഒക്ടോബർ 28-ാം തീയതി പ്രസ്തുത ബിൽ പാസ്സാക്കിയിട്ടുള്ളതും ആയത് ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ബിൽ ഗവർണ്ണറുടെ പരിഗണനയിലാണ്.

(സി) കേരള സാങ്കേതിക സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദേശം ചെയ്ത അംഗങ്ങൾ ഇപ്പോഴും തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഏതുനിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അംഗങ്ങൾ സിൻഡിക്കേറ്റിൽ തുടരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള സാങ്കേതിക സർവകലാശാലയുടെ സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദേശം ചെയ്ത അംഗങ്ങൾ ഓർഡിനൻസ് കാലാവധി കഴിഞ്ഞിട്ടും എത്ര നാൾ സിൻഡിക്കേറ്റിൽ തുടർന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത അംഗങ്ങൾ അനധികൃതമായി സിൻഡിക്കേറ്റിൽ തുടർന്നത് സർവകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(സി-എഫ്) സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ തുടർന്നുവരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**സാങ്കേതിക സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ നിയമനം**

126 (3550) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ ആറ് സിൻഡിക്കേറ്റ് അംഗങ്ങളുടെ നിയമനം അനധികൃതമാണെന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സിൻഡിക്കേറ്റിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ തുടർന്ന് വരുന്നതിനെതിരായി വൈസ് ചാൻസലർക്ക് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത അംഗങ്ങൾ സിറ്റിംഗ് ഫീസിനത്തിലും യാത്രപ്പടി ഇനത്തിലും ഉൾപ്പെടെ കൈപ്പറ്റിയ സാമ്പത്തിക ആനുകൂല്യങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത അംഗങ്ങൾ കൈപ്പറ്റിയ സാമ്പത്തികാനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിനും അംഗങ്ങളുടെ സിൻഡിക്കേറ്റ് അംഗത്വം റദ്ദാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന വ്യവസ്ഥകളും മറ്റുവ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 39-ാം നമ്പറായി പുറപ്പെടുവിച്ചതും യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിട്ടുള്ളതുമായ 2021-ലെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് പ്രകാരമാണ് പ്രസ്തുത അംഗങ്ങളെ നിയമിച്ചിട്ടുള്ളത്. ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭ പാസ്സാക്കിയ ബിൽ ഗവർണ്ണറുടെ പരിഗണനയിലാണ്.

## കേരള സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റ് നിയമനം

127(3551) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലുമായി പുതുതായി ആറുപേരെക്കൂടി നാമനിർദ്ദേശം ചെയ്യാനുള്ള നിയമ ഭേദഗതി ഓർഡിനൻസ് എന്നാണ് പുറപ്പെടുവിച്ചതെന്ന് അറിയിക്കാമോ?

കേരള സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി ആറുപേരെക്കൂടി നാമനിർദ്ദേശം ചെയ്യുവാനുള്ള വ്യവസ്ഥകളും മറ്റുവ്യവസ്ഥകളും ഉൾപ്പെടുത്തി 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല

(ഭേദഗതി) ഓർഡിനൻസ് (2021-ലെ 39-ാം നമ്പർ ഓർഡിനൻസ്) 20-02-2021-നാണ് പുറപ്പെടുവിച്ചത്.

(ബി) പ്രസ്തുത ഓർഡിനൻസ് എത്ര പ്രാവശ്യം റീപ്രൊമുൽഗേറ്റ് ചെയ്തുവെന്ന് വ്യക്തമാക്കാമോ?

യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി രണ്ടുതവണ പുനഃവിളംബരം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച ബിൽ നിയമസഭ അംഗീകരിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ?

94/2021 വ്യവസ്ഥകളും മറ്റുവ്യവസ്ഥകളുമുൾപ്പെടുന്ന 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2 നമ്പർ) ബിൽ (ബിൽ നമ്പർ 50), 28-10-2021-നാണ് നിയമസഭ പാസ്സാക്കിയത്.

(ഡി) പ്രസ്തുത ബിൽ ഗവർണ്ണർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത ബിൽ ഗവർണ്ണറുടെ പരിഗണനയിലാണ്.

**അരൂർ നിയോജകമണ്ഡലത്തിൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് തുടങ്ങുന്നതിനുള്ള നടപടി**

128 (3552) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ നിയോജകമണ്ഡലത്തിൽ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് പുതിയതായി അനുവദിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ അപ്ലൈഡ് സയൻസ് കോളേജ് കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ പ്രസ്തുത കോളേജുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 01-02-2023-ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു+.

## കുളത്തൂപ്പുഴയിലെ സാം ഉമ്മൻ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ പോളിടെക്നിക് കോഴ്സ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

129 (3553) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തൂപ്പുഴ സാം ഉമ്മൻ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ പോളിടെക്നിക് കോഴ്സ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മലയോര മേഖലയിലുള്ള സാധാരണക്കാരായ കുട്ടികൾക്ക് തുടർപഠനം ഉറപ്പാക്കുന്നതിന് പ്രസ്തുത ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പോളിടെക്നിക് കോഴ്സ് അനുവദിക്കുന്നതിന് സഹായകരമായ തുടർനടപടികൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കാമോ?

(എ&ബി) കുളത്തൂപ്പുഴ സാം ഉമ്മൻ മെമ്മോറിയൽ ടെക്നിക്കൽ ഹൈസ്കൂൾ, പോളിടെക്നിക് കോളേജായി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ടി സ്ഥാപനത്തിലെ അദ്ധ്യാപക രക്ഷകർത്തൃ സമിതി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ സാദ്ധ്യതാപഠനം നടത്തുന്നതിനായി കായംകുളം വനിതാ

പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പുതിയ വനിത പോളിടെക്നിക് കോളേജുകൾ

130 (3554) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലകളിൽ പുതിയ വനിത പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലകളിൽ പുതിയ വനിത പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ പുതിയ വനിത പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുമോയെന്ന് വിശദമാക്കുമോ?

പുതിയ സർക്കാർ പോളിടെക്നിക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുതീരുമാനമുണ്ടാകുന്ന മുറയ്ക്ക് ഈ നിർദ്ദേശവും പരിശോധിക്കാവുന്നതാണ്.

## കെ.ജി.റ്റി.ഇ. (കോമേഴ്സ്) സിലബസ് പരിഷ്കരണം

131 (3555) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30-11-2022-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കെ.ജി.റ്റി.ഇ. മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി കൂടിയ യോഗ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത മിനിറ്റ്സ് അംഗീകരിച്ചുകൊണ്ടുള്ള 17-01-2023-ലെ ജെ1/369/2022/ഉ.വി.വ. നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽവച്ച് കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30-11-2022-ന് മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത മീറ്റിംഗിന്റെ മിനിറ്റ്സ്, പ്രസ്തുത മിനിറ്റ്സ് അംഗീകരിച്ചുകൊണ്ടുള്ള 17-01-2023-ലെ സർക്കാർ കത്ത് നമ്പർ.ജെ1/369/2022/ഉ.വി.വ എന്നിവ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് പരീക്ഷ പുതിയ സിലബസനുസരിച്ച് നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ വ്യക്തമാക്കി 26-12-2022-ന് ഇ.എക്സ്./എച്ച്6/40099/2022/സി.ജി.ഇ. നമ്പറായി പരീക്ഷാ കമ്മീഷണർ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

അനുബന്ധമായി ചേർക്കുന്നു+.

(സി) 20-08-2022-ലെ സ.ഉ. (കൈയെഴുത്ത്) 403/2022/ എച്ച്.ഇ.ഡി.എൻ. സർക്കാർ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് &കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ്, മലയാളം എന്നിവയുടെ പരിഷ്കരിച്ച സിലബസനുസരിച്ച് കമ്പ്യൂട്ടർ മുഖേന പരീക്ഷ നടത്തുമ്പോൾ കേരളത്തിലെ ആയിരത്തിലധികം വരുന്ന ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഇംഗ്ലീഷ്, മലയാളം ടൈപ്പ്റൈറ്ററുകൾ എന്തുചെയ്യുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

20-08-2022 തീയതിയായുള്ള സർക്കാർ ഉത്തരവ് നം. G.O (Ms) No.403/2022/HEDN പ്രകാരം കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് കോഴ്സ് (കോമേഴ്സ് ഗ്രൂപ്പ്) സിലബസ് പരിഷ്കരണം സർക്കാർ അംഗീകരിച്ചിരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അപേക്ഷകർ ഓരോ പേപ്പറിനും 150 മണിക്കൂർ ടൈപ്പ്റൈറ്റിംഗ് മെഷീനിൽ പ്രായോഗിക പരിശീലനം അംഗീകൃത ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിൽനിന്നും നേടിയിരിക്കണമെന്ന് 03-11-2022-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയത് 17-01-2023-ലെ സർക്കാർ കത്ത് നമ്പർ. ജെ1/369/2022/ഉ.വി.വ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ടൈപ്പ്റൈറ്ററുകൾ പ്രായോഗിക പരിശീലനത്തിന് ഉപയോഗിക്കാവുന്നതാണ്.

(ഡി) കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ്റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ പുതിയ സിലബസുപ്രകാരം നടത്തുമ്പോൾ നിലവിലുള്ള പഠനരീതിയേക്കാൾ വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നത് പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ പുതിയ സിലബസുപ്രകാരം നടത്തുമ്പോൾ സിലബസ് മാറ്റം കാരണമായി അധികബാധ്യത വരുന്നില്ല.

(ഇ) ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

30-11-2022-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടന്ന മീറ്റിംഗിന്റെ മിനിറ്റ്സുപ്രകാരം രജിസ്ട്രേഷൻ ചെയ്ത സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതാൻ അനുവാദം നൽകുകയുള്ളൂ. രജിസ്ട്രേഷൻ നടപടികളുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചുവരുന്നു.

(എഫ്) കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയ്ക്കുള്ള പുതിയ സിലബസിലൂടെയും ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകുന്നതിലൂടെയും വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നത് പരിഗണിച്ച് കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് സിലബസ് പരിഷ്കരണം മലയാളത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതിന് തയ്യാറാകുമോ?

പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

(ജി) 20-08-2022-ലെ സിലബസ് പരിഷ്കരണ ഉത്തരവ് വിദ്യാർത്ഥികൾക്കുണ്ടാക്കുന്ന അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് കോഴ്സിന്റെ സിലബസ് പരിഷ്കരണംമൂലം വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

**പോളിടെക്നിക്കുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

132 (3556) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് കിഫ്ബിവഴി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനകം ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും ആയതിന് ചെലവഴിച്ച തുകയുടെ വിശദാംശവും വെളിപ്പെടുത്താമോ?

കിഫ്ബിവഴി അംഗീകാരം നൽകിയ പദ്ധതികളിൽ, സെൻട്രൽ പോളിടെക്നിക് കോളേജ് വട്ടിയൂർക്കാവ്, ഗവൺമെന്റ് പോളിടെക്നിക് കോളേജ് പെരുമ്പാവൂർ, മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് സ്മാരക ഗവൺമെന്റ് പോളിടെക്നിക് കോളേജ് വെണ്ണിക്കുളം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി & ഗവ.പോളിടെക്നിക് കോളേജ്, ഷൊർണ്ണൂർ എന്നീ 4 പോളിടെക്നിക് കോളേജുകളിലെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 4 പോളിടെക്നിക് കോളേജുകളിലെയും പദ്ധതികൾ അവസാന ഘട്ടത്തിലാണ്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) നിലവിൽ പ്രവൃത്തി പുരോഗമിക്കുന്നവ ഏതെല്ലാമാണ്; എന്നത്തേയ്ക്ക് പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു; വെളിപ്പെടുത്താമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ, 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവൃത്തികൾ ആരംഭദശയിലാണ്. എഞ്ചിനീയറിംഗ് കോളേജുകളിലെ കിഫ്ബി പദ്ധതിയുടെ SPV ആയ KSITIL-ൽനിന്നും ലഭിച്ച വിവരമനുസരിച്ച്, പദ്ധതി പൂർത്തീകരണത്തിന് 18 മാസത്തെ കാലയളവാണ് പ്രതീക്ഷിക്കുന്നത്. അപ്രകാരം കണക്കാക്കുമ്പോൾ 2024 ആഗസ്റ്റ് മാസത്തോടെ പദ്ധതികൾ പൂർത്തീകരിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം നേടുന്നതിന് ഉതകുന്നതരത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും അക്കാദമികവും പ്രായോഗികവുമായ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം നേടുന്നതിനുതകുന്ന തരത്തിൽ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും അക്കാദമികവും പ്രായോഗികവുമായ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യാഭ്യാസവകുപ്പ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(1) എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. അൻപതിലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കി.

(2) തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പാക്കിവരുന്നു. 6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

(3) തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ LED

ബൾബുകളും ട്യൂബുകളും സംയോജിപ്പിച്ച് നിർമ്മിക്കുക, ഇലക്ട്രോണിക്സ് ലബോറട്ടറികളിലേയ്ക്കാവശ്യമുള്ള പരിശീലന കിറ്റുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റുപോളിടെക്നിക്കുകളിലും അനുയോജ്യമായ നവീന സാങ്കേതികവിദ്യകളിലധിഷ്ഠിതമായ ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(4) എഞ്ചിനീയറിംഗ് ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽതന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കുട്ടികളുടെ പ്രോജക്ടുകൾ പ്രദർശിപ്പിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്.

(5) സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 29-09-2022-ലെ സ.ഉ

(സാധാ)നം.1437/2022/ഉ.വി.വ. പ്രകാരം 116.92 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിരുന്നു.

(6) ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതികവിദ്യ കൈമാറ്റത്തിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

**പഠനത്തോടൊപ്പം തൊഴിൽ**

133 (3557) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നേടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിലും ഏർപ്പെടുന്നതിനും സാമ്പത്തികഭദ്രത കൈവരിക്കുന്നതിനുമായി Earn While You Learn എന്ന

പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനം എന്ന ആശയം അടിസ്ഥാനമാക്കി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ PAT (പ്രൊഡക്ഷൻ & ട്രെയിനിംഗ്) സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. തൊഴിൽദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിനുകീഴിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി RLV സംഗീതകോളേജിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇത്തരം പരിശീലനം നൽകുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പാർട് ടൈം ജോലികൂടി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നേടുന്നതിന് കർമ്മചാരി എന്ന ഒരു പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2021-22 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്കിടയിൽ തൊഴിലിന്റെ മഹത്വവും മൂല്യവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെയും തൊഴിൽ വകുപ്പിന്റെയും സഹകരണത്തോടെ പഠനത്തോടൊപ്പം ജോലി എന്നത് സാധ്യമാക്കുന്നതിനായി ‘ കർമ്മചാരി’ എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആദ്യഘട്ടം എറണാകുളം ജില്ലയിൽ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിൽ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആയതിന് മുന്നോടിയായി മാനേജ്മെന്റുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയും തുടർന്ന് തൊഴിൽമേഖലയിലെ തൊഴിലുടമകളുടെയും തൊഴിലുടമ പ്രതിനിധികളുമായും ഒരു ഗൂഗിൾമീറ്റ് ചേരുകയും ചെയ്തു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് 08-02-2023 തീയതിയിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉന്നത

ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് തീരുമാനം എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

സംസ്ഥാന സർക്കാർ രാജ്യത്ത് ആദ്യമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ജോലി നൽകുന്നതുമായി ബന്ധപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിനായി ഒരു ഓൺലൈൻ ജോബ്പോർട്ടൽ ക്രമീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

**കേരളത്തിലെ സർവ്വകലാശാലകളുടെ**
**നാക് റീ-അക്രെഡിറ്റേഷൻ**

134 (3558) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ ഏതെല്ലാം സർവ്വകലാശാലകളിലാണ് നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയ നടന്നത്; ഓരോ സർവ്വകലാശാലയും നാക് റീ-അക്രെഡിറ്റേഷനിൽ കൈവരിച്ച പോയിന്റ്, ഗ്രേഡ് എന്നിവ എത്രയാണെന്ന് വിശദമാക്കാമോ?

കേരള, കാലിക്കറ്റ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകളിൽ 2022-23 അദ്ധ്യയനവർഷത്തിൽ നാക്ക് റീ-അക്രെഡിറ്റേഷൻ നടന്നു.

| സർവ്വകലാശാലകൾ | പോയിന്റ് | ഗ്രേഡ് |
|---|---|---|
| കേരള സർവ്വകലാശാല | 3.67 | A++ |
| കാലിക്കറ്റ് സർവ്വകലാശാല | 3.45 | A+ |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 3.39 | A+ |

(ബി) നാക് സംഘത്തിന്റെ എക്സിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ സർവ്വകലാശാലകളുടെ ശക്തിയും ന്യൂനതകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ന്യൂനതകൾ പരിഹരിക്കാൻ സർവ്വകലാശാലകൾ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയ നടന്ന ഏതെല്ലാം സർവ്വകലാശാലകളാണ് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതെന്ന് വിശദമാക്കാമോ; അവയുടെ വിദൂര വിദ്യാഭ്യാസ വിഭാഗങ്ങളെ നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയയുടെ ഭാഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള, കാലിക്കറ്റ് സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ട്. വിദൂര വിദ്യാഭ്യാസം നാക് അക്രെഡിറ്റേഷന്റെ ഭാഗമായി പരിഗണിച്ചിട്ടില്ല. NAAC guidelines വിദൂര വിദ്യാഭ്യാസത്തിന് പ്രത്യേക അക്രെഡിറ്റേഷൻ നടപടികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(ഡി) നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയയുടെ ഭാഗമായി സർവ്വകലാശാലകൾക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട അക്കാദമിക ഘടകങ്ങളിൽ സിലബസ്, ഇവാല്യുവേഷൻ മുതലായവ പരിശോധന നടത്താറുണ്ടോയെന്നും സർവ്വകലാശാല പഠന വകുപ്പുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക വിലയിരുത്തപ്പെടൽ മാത്രമാണോ പരിശോധിക്കുന്നതെന്നും വിശദമാക്കാമോ?

സർവ്വകലാശാലാ വകുപ്പുകൾക്കും അഫിലിയേറ്റഡ് കോളേജുകളിലേക്കും പ്രത്യേകം പ്രത്യേകമായാണ് നാക് അക്രെഡിറ്റേഷൻ നടത്തിവരുന്നത്. സർവ്വകലാശാലാ വകുപ്പുകളോടൊപ്പം കോളേജിന്റെ അഫിലിയേഷൻ നടത്താറില്ല.

(ഇ) സർവ്വകലാശാലകൾ നാക് റീ-അക്രെഡിറ്റേഷനിൽ മികച്ച ഗ്രേഡ് കൈവരിക്കുമ്പോഴും അതിനനുസൃതമായി അഫിലിയേറ്റഡ്

കോളേജുകളിലെയും വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെയും വിദ്യാർത്ഥികൾക്കുള്ള അക്കാദമികപരമായ സേവനങ്ങളിൽ ആയത് പ്രതിഫലിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

അക്കാദമിക മികവ് അഫിലിയേറ്റിംഗ് കോളേജുകളിലേയ്ക്കും വിദൂര വിദ്യാഭ്യാസത്തിലേയ്ക്കും പ്രതിഫലിക്കാറുണ്ട്. ഇതിന്റെ ഭാഗമായാണ് ഡിസ്റ്റൻസ് ലേണിംഗിന്റെ (DEB) അംഗീകാരവും പുതിയ കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള സ്വാതന്ത്ര്യവും സർവ്വകലാശാലകൾക്ക് ലഭിക്കുന്നത്.

(എഫ്) അഫിലിയേറ്റഡ് കോളേജുകളിലെയും വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെയും വിദ്യാർത്ഥികൾക്കുള്ള പല കോഴ്സുകളിലും സിലബസ് രൂപീകരണം മുതൽ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതുവരെയുള്ള നടപടികൾ പലപ്പോഴും വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുഴുവൻ വിദ്യാർത്ഥികൾക്കും നാക് ഗ്രേഡിനനുസൃതമായ മികച്ച സേവനം പ്രദാനം ചെയ്യാൻ സർവ്വകലാശാലകൾ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അഫിലിയേറ്റിംഗ് കോളേജുകളിലെയും വിദൂര വിദ്യാഭ്യാസ വിഭാഗത്തിലെയും സിലബസ് പരിഷ്കരിക്കുന്നതിനും പരീക്ഷാഫലം വേഗത്തിൽ പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) നാക് റീ-അക്രെഡിറ്റേഷൻ പ്രക്രിയയിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മെച്ചപ്പെട്ട പ്ലെയ്സ്മെന്റ് സാധ്യതകൾ, മെച്ചപ്പെട്ട ഇന്റേൺഷിപ്പ് സാധ്യതകൾ, മെച്ചപ്പെട്ട ഉന്നത വിദ്യാഭ്യാസ സാധ്യതകൾ എന്നിവയങ്ങനെയുള്ള ഗുണപരമായ മാറ്റങ്ങൾ വിദ്യാർത്ഥി സമൂഹത്തിന് ലഭിക്കാൻ ഇടയാകുന്നു.

**സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിന് നടപടി**

135 (3559) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിന് ഡോ. എൻ. കെ. ജയകുമാർ അദ്ധ്യക്ഷനായി നിയോഗിച്ച നിയമപരിഷ്കരണ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമഗ്രമാറ്റം ഉറപ്പുവരുത്തുന്നതിനായി ഓരോ സർവ്വകലാശാലയിലും പരിഗണനയിലുള്ള പുതുതലമുറ കോഴ്സുകൾ, ഫ്യൂച്ചർ സ്റ്റഡീസ് പഠന കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>കേരള സർവ്വകലാശാല</u>

2020 അദ്ധ്യായന വർഷം അഫിലിയേറ്റഡ് കോളേജുകൾക്കുള്ള 33 യു.ജി./പി.ജി. പുതുതലമുറ പ്രോഗ്രാമുകളുടെ സ്കീമും സിലബസും സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു+.

കേരള സർവ്വകലാശാലയുടെ പഠനവകുപ്പുകളിൽ പരിഗണനയിലുള്ളതും ഇപ്പോൾ പഠനം ആരംഭിച്ചിട്ടുള്ളതുമായ പുതുതലമുറ കോഴ്സുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. M.Com (Global Business Operations)
2. M.com (Rural Management)
3. M.com (Blue economy & Maritime Law).
4. M.Sc (Climate & Diasaster Management).

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. M.Sc Chemistry with specialisation in Renewable energy.

6. M.Sc Physics with specialisation in Renewable energy.

7. M.Sc Physics with specialisation in Space Physics.

8. M.Sc Applied Statistics & Data Analytics.

9. MA Politics (International Relations & Diplomacy ).

10. MA Politics (Human rights & Social Justice).

11. M.Sc Computer Science with Specialisation in Artificial Intelligence)

12. M.Tech (Digital Image Computing).

13. M.Sc Electronics (Artificial Intelligence).

14. MA മലയാള സാഹിത്യവും കേരള പഠനവും

15. M.Ed Educational Technology.

16. MA Heritage Studies.

17. M.Sc. Chemistry Functional Materials.

18. M.Sc Computer Science with Specialisation in machine learning.

19. Master of Design with specialization in GAD, AFM, VET.

കേരള സർവ്വകലാശാല പഠനവിഭാഗമായ ഫ്യൂച്ചർ സ്റ്റഡീസ് പഠനവകുപ്പിൽ താഴെപ്പറയുന്ന കോഴ്സുകൾ നിലവിൽ പഠിപ്പിക്കുന്നുണ്ട്.

1. M.Tech (Technology Management)
2. M.Sc Data Science
3. Ph.D (Technology Management), Ph.D (Futures Studies)

<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

Data Science, Artificial Intelligence and Robotics, Food Science, Materials Science തുടങ്ങിയ നവീന പഠന വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. പുതുതലമുറ കോഴ്സുകളിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് School of Mathematics & Statistics, School of Artificial Intelligence & Robotics, School of Nano Science & Nano Technology, School of Energy Materials, School of Food Science &

Technology, School of Data Analytics എന്നീ പഠന കേന്ദ്രങ്ങൾ ആരംഭിച്ചു. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ റൂസ 2.0 പദ്ധതിയിൽ രൂപീകരിച്ച മഹാത്മാഗാന്ധി സർവ്വകലാശാല ഇന്നവേഷൻ ഫൗണ്ടേഷൻ സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്ന മികച്ച ഇൻക്യുബേറ്ററുകളും ലാബുകളും കോ-വർക്കിംഗ് സ്പേസും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സയന്റിഫിക് കോർ വർക്കിംഗ് സ്പേസും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സയന്റിഫിക് കോർ ക്ലൗഡ് കമ്പ്യൂട്ടിംഗ് (മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഐ.ഒ.ടി., മൊബൈൽ&വെബ് ആപ്പുകൾ, നാനോടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ്, ഡ്രഗ് ഡിസൈൻ സർവ്വീസ് തുടങ്ങിയവയിൽ ഒരു ഫിസിക്കൽ അഥവാ വെർച്വൽ യൂണിറ്റായി മാറുന്നതിനുവേണ്ട സാങ്കേതിക സൗകര്യങ്ങൾ എം.ജി.യു.ഐ.എഫ്. മുഖേന ലഭ്യമാണ്. Artificial Intelligence and Deep Learning Lab സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയെ ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻസ് ഇൻ അക്കാദമിക്&റിസർച്ചായി ഉയർത്തുന്നതിനായി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളും സ്കൂളുകളും ഉൾപ്പെടുത്തി ഇന്റർ ഡിസിപ്ലിനറി പഠനത്തിനും ഗവേഷണത്തിനും അവസരം ഒരുക്കുന്ന

സംരംഭമാണ് സെൻട്രൽ ലബോറട്ടറി കോംപ്ലക്സ്. ക്ലാസ്സ്റൂം പഠനത്തിനുപുറമെ വിദ്യാർത്ഥികൾക്ക് പ്രോജക്ട് അധിഷ്ഠിത പരിശീലനം നൽകുന്നതിനും വിവിധ വ്യവസായങ്ങളുമായി സഹവർത്തിത്വ പങ്കാളിത്തം സ്ഥാപിക്കുന്നതിനും ഈ ലാബിലൂടെ സർവ്വകലാശാലയ്ക്ക് സാധ്യമാകുന്നു. സ്കൂൾ ഓഫ് എൻവിയോൺമെന്റൽ സയൻസസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് സയൻസസ്, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് എന്നീ പഠനവകുപ്പുകളാണ് ഈ ലാബ് ഉപയോഗിക്കാവുന്നതായി കണ്ടെത്തിയിട്ടുള്ളത്. സെൻട്രൽ ലബോറട്ടറി കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

യു.ജി.സി. നിർദ്ദേശപ്രകാരമുള്ള ഒരേസമയം രണ്ട് ഡിഗ്രി, Collaboration with Foreign University മുതലായവ സർവ്വകലാശാലയുടെ പരിഗണനയിലാണ്.

കാലിക്കറ്റ് സർവ്വകലാശാല

കാലിക്കറ്റ് സർവ്വകലാശാലയിൽ വിജ്ഞാന വർദ്ധനവും തൊഴിൽ സാദ്ധ്യതയും ലക്ഷ്യമാക്കി കാലിക പ്രാധാന്യമുള്ള നൂതന ബി.വോക് കോഴ്സുകളും ബി.എസ്.സി. ഫോറൻസിക് സയൻസ്, ബി.എ. ക്രിമിനോളജി

ആൻഡ് പോലീസ് സയൻസ് എന്നീ ബിരുദബിരുദാനന്തര കോഴ്സുകളും സർവ്വകലാശാല നടത്തുന്നുണ്ട്. കൂടാതെ, SWAYAM പദ്ധതിയുടെ ഭാഗമായി മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളും (MOOC) നടപ്പാക്കിയിട്ടുണ്ട്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നവീന വിഷയങ്ങളിൽ ഡബിൾ മെയിൽ പ്രോഗ്രാമുകളും അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളും (5 Year Integrated PG Programmes) ആരംഭിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകളിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സർവ്വകലാശാല നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>

സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുള്ള നിരവധി പുതുതലമുറ കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. M. Tech in Defence Technology
2. M.Sc 5 year Integrated Biological Science

3. M.Tech Full Time Programme in Civil Engineering with Specialization in Structural Engineering

4. M.Sc Econometrics and Financial Technology

5. M.Sc (Five year Integrated) in Computer Science (Artificial Intelligence & Data Science)

6. M.Tech in Data Science & Analytics

7. Masters in Bio Ethics

8. Advance Certificate Programme in Medical Law Clinical Research and Bio Ethics

9. Short term Training Programme in Mechanical Engineering Divisions

- Electric Vehicle Design & Development
- Artifical Intelligence & Machine Learning
- Automotive electronics Design

ഇതിനുപുറമേ താഴെ പറയുന്ന കോഴ്സുകൾ തുടങ്ങാനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. മറൈൻ സയൻസിൽ ഇന്റഗ്രേറ്റഡ് എം.എസ് സി.

2. ജിനോമിക്സിൽ എം.എസ് സി.

3. റഡാർ ടെക്നോളജിയിൽ എം.ടെക്.

4. മെറ്റീരിയൽ സയൻസിൽ എം.ടെക്.

5. സെൻസർ ടെക്നോളജിയിൽ എം.ടെക്.

സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ചിട്ടുള്ള ഫ്യൂച്ചർ സ്റ്റഡീസ് പഠനകേന്ദ്രങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

1. Inter University Centre for Nano Materials

2. Inter University Centre for Development of Marine Biotechnology and Devices

3. Centre for Interdisciplinary Studies and Innovation

4. Centre for Forensic Science

5. Centre for Sensor Devices

<u>കണ്ണൂർ സർവ്വകലാശാല</u>

കണ്ണൂർ സർവ്വകലാശാലയിൽ 2020-21 അദ്ധ്യയന വർഷത്തിൽ, അഫിലിയേറ്റഡ് കോളേജുകളിൽ 12 പുതുതലമുറ പ്രോഗ്രാമുകളും സർവ്വകലാശാല പഠനവകുപ്പിൽ 3 പുതുതലമുറ പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്. പുതിയ പ്രോഗ്രാമുകൾ നിലവിൽ പരിഗണനയിലില്ല. ഫ്യൂച്ചർ സ്റ്റഡീസ് പഠന കേന്ദ്രങ്ങൾ നിലവിലില്ല.

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

ബിരുദ തലത്തിൽ Environment Studies, Disaster Management, Human Rights/Gender Studies/Ethics, Intellectual Property Rights, Anti Narcotic & Drug Awareness എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി Ability Enhancement Course നടപ്പാക്കിയിട്ടുണ്ട്. കാലിക പ്രസക്തമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സർക്കാർ അനുമതിയോടെ 2020-21 അദ്ധ്യാന വർഷം മുതൽ എം.എ. മ്യൂസിയോളജി പ്രോഗ്രാം സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ പ്രോജക്ട് മോഡിൽ ഒരു പി.ജി.ഡിപ്ലോമ പ്രോഗ്രാമും രണ്ട്

പി.ജി. പ്രോഗ്രാമുകളും അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ PG Diploma Programme in Active Ageing and Wellness Rehabilitation എന്ന പ്രോഗ്രാം ഈ അദ്ധ്യായന വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>നുവാൽസ്</u>

നുവാൽസിൽ കാലാകാലങ്ങളിൽ പാഠ്യവിഷയങ്ങളിൽ മാറ്റങ്ങൾക്കനുസൃതമായി സിലബസുകൾ പരിഷ്കരിക്കാറുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) സാധ്യതകൾ പരമാവധി ഉപയോഗിക്കാൻ ശ്രദ്ധിക്കാറുണ്ട്. നുവാൽസിലെ കരിക്കുലം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി നവീനമായ Skill based Learning-ഉം Gamification-ഉം പോലുള്ള പാഠ്യപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>

മലയാള സർവ്വകലാശാലയിൽ പുതുതലമുറ കോഴ്സുകൾ, ഫ്യൂച്ചർ സ്റ്റഡീസ് പഠന കേന്ദ്രം എന്നിവ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

<u>എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല</u>

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് 2021-22 അക്കാദമിക വർഷം B.Tech Electrical & Computer Engineering, B.Tech Electronics & Computer Engineering, B.Tech Computer Science & Business Systems, B.Tech Computer Science & Design, B.Tech Artificial Intelligence & Data Science, B.Tech Robotics & Automation, B.Tech Civil & Environmental Engineering, M.Tech Geotechnical & Geo Environmental Engineering, M.Tech Electrical Drives & Control, M.Tech Artificial Intelligence & Data Science, M.Tech Automotive Electronics & Data Science തുടങ്ങിയ നവീന കോഴ്സുകൾ ആരംഭിക്കാൻ അഫിലിയേറ്റ് ചെയ്ത കോളേജുകൾക്ക് സർവ്വകലാശാല നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. അതുപോലെത്തന്നെ കാലഘട്ടത്തിനനുസൃതമായി കോഴ്സുകളുടെ നവീകരണവും സർവ്വകലാശാല നടത്തിയിട്ടുണ്ട്. എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ നാലുവർഷത്തിൽ ഒരിക്കൽ കരിക്കുലം പരിഷ്ക്കരണം നടത്തിവരുന്നുണ്ട്. കൂടാതെ ട്വിന്നിംഗ് പ്രോഗ്രാം നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയിലൂടെ വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാൻ നടപടി

136 (3560) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും റാങ്കിംഗിൽ മെച്ചപ്പെട്ട മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ശാസ്ത്രം, സാങ്കേതികവിദ്യ, നവീനത തുടങ്ങിയ മേഖലകളിലെ മുന്നേറ്റം ഇതിന് സഹായകരമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ ഭാവി തൊഴിൽ സാധ്യതകൾക്കും സാങ്കേതിക വിദ്യകൾക്കും അനുയോജ്യമായ വിധത്തിൽ മാനവ വിഭവശേഷി വികസനത്തിന് ആധുനിക വ്യവസായ മേഖലയുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സഹകരണം, സർവ്വകലാശാലയിലെ ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ പഠന സമ്പ്രദായം, പുതിയ സംയോജിത ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ എന്നിവ നടപ്പിൽ വരുത്തിവരുന്നു. മിക്ക സയൻസ് ഡിപ്പാർട്ട്മെന്റുകൾക്കും അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമായി സമ്മർ ഇന്റേൺഷിപ്പുകളും പ്രബന്ധ

പദ്ധതികളുമുണ്ട്. അതോടൊപ്പംതന്നെ സർവ്വകലാശാല പഠന ബോർഡുകളിൽ അതത് വിഷയങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ മേഖലയിൽ നിന്നുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വിഷയങ്ങൾ നടപ്പാക്കുകവഴി സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും റാങ്കിംഗിൽ മെച്ചപ്പെട്ട മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റാനും അതുവഴി വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യം മുൻനിർത്തി യു.ജി.സി.-യും, ഉന്നതവിദ്യാഭ്യാസ വകുപ്പും സമയാസമയങ്ങളിൽ മുന്നോട്ടുവയ്ക്കുന്ന ശിപാർശകളുടെ അടിസ്ഥാനത്തിൽ, സർവ്വകലാശാലകളിൽ/പിജി റെഗുലേഷനുകൾ പരിഷ്കരിക്കാറുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റാനും അതുവഴി വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

(1) കരിക്കുലം പരിഷ്കരണം

(2) സാക്ക് (SAAC- State Assessment & Accreditation Centre)

(3) KIRF (കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക്)

(4) പുതുതലമുറ കോഴ്സുകൾ

(5) ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ

(6) സെന്റേഴ്സ് ഓഫ് എക്സലൻസ്

(7) കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (കാൾനെറ്റ് )

(8) DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം)

(9) ഇ-ജേർണൽ കൺസോർഷ്യം

(10) ബ്രെയിൻ ഗെയിൻ

**ഉന്നത വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങൾ**

137 (3561) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിലെ മെമ്പർ സെക്രട്ടറി, വൈസ് ചെയർമാൻ എന്നിവരുടെ നിയമന കാലാവധി എത്ര വർഷമാണെന്ന് അറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസ കൗൺസിൽ Act 2007 ഭേദഗതി 2018 Section 20 Clause (1) പ്രകാരം, വൈസ് ചെയർമാൻ, മെമ്പർ സെക്രട്ടറി, മറ്റ് അംഗങ്ങൾ എന്നിവർ കൗൺസിലിന്റെ കാലാവധിവരെ തുടരുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഇപ്പോൾ പ്രസ്തുത സ്ഥാനം വഹിക്കുന്നവരുടെ കാലാവധി പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാനം വഹിക്കുന്നവരുടെ കാലാവധി, ഈ സ്ഥാനങ്ങളിൽ നിയമനമോ നോമിനേഷനോ നടത്തുന്നതുവരെ തുടരും.

(സി) കാലാവധി പൂർത്തിയാക്കിയതിനുശേഷവും തൽസ്ഥാനത്ത് തുടരുന്ന പക്ഷം പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് നിയമപരമായിട്ടാണ്.

(ഡി) സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിൽ എത്ര റിസർച്ച് ഓഫീസർമാരുടെ തസ്തികയാണുള്ളതെന്ന് അറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ റിസർച്ച് ഓഫീസർമാരുടെ 3 ഡെപ്യൂട്ടേഷൻ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ ഓഫീസിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എന്ന പേരിൽ രണ്ട് ജീവനക്കാരെ നിയമിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിയമനം എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിൽ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എന്ന പേരിൽ ആരെയും നിയമിച്ചിട്ടില്ല.

ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച കമ്മീഷനുകൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ നടപ്പാക്കുന്നതിനായി ഒരു സെൽ രൂപീകരിക്കുകയും ആയതിലേയ്ക്ക് റിസർച്ച് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി രണ്ട് ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) സർക്കാർ ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തസ്തികകളിൽ തുടർച്ചയായി എത്ര കാലം ജോലി എടുക്കാൻ കഴിയുമെന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 140 (സി) പ്രകാരം ഡെപ്യൂട്ടേഷൻ കാലാവധി പ്രാഥമികമായി ഒരു വർഷവും ഇത് ഒരു വർഷം വീതം നീട്ടി തുടർച്ചയായി പരമാവധി 5 വർഷം വരെ ആകാമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ജി) ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ നിലവിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; അപ്രകാരം നിയമിച്ചവരുടെ കരാർ പുതുക്കിയത് ഏത് ഉത്തരവുകളുടെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ?

15 പേർ കരാർ വ്യവസ്ഥയിൽ താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു.

02-07-2019-ലെ GO(P) No. 76/2019/Fin.

09-07-2019-ലെ GO(P) No. 81/2019/Fin.

## ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

138 (3562) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ മലയാളം ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് ജില്ല തിരിച്ച് സ്ഥാപനത്തിന്റെ പേര് സഹിതം ലഭ്യമാക്കാമോ;

(ബി) വിവിധ സർവ്വകലാശാലകൾക്ക് കീഴിലുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ സയൻസ് വിഷയത്തിൽ ബിരുദത്തിനും ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ജില്ലയും സ്ഥാപനവും കോഴ്സിന്റെ പേരും തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി)വിവരം അനുബന്ധമായി ചേർക്കുന്നു+.

## സർവ്വകലാശാലകളുടെ തനത് ഫണ്ട് വിനിയോഗം

139 (3563) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2011-12 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളുടെ തനത് ഫണ്ടിലേയ്ക്ക് വരവ് ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) വിവിധ സർവ്വകലാശാലകൾ പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷവും തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ നിർമ്മാണ-നിർമ്മാണേതര പ്രവർത്തനങ്ങൾക്ക് ഓരോ സർവ്വകലാശാലയും തങ്ങളുടെ തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷവും സർവ്വകലാശാലകളുടെ തനത് ഫണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയുടെ വിശദാംശം സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ?

(എ-ഡി) സർവ്വകലാശാലകളിൽനിന്നും ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജെനൂനിറ്റി സർട്ടിഫിക്കറ്റുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

140 (3564) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽനിന്നും ലഭിക്കുന്ന ഡിഗ്രി ഉൾപ്പെടെയുള്ള ജെനൂനിറ്റി സർട്ടിഫിക്കറ്റുകളിൽ മോഡ് ഓഫ് സ്റ്റഡി എന്ന കോളത്തിൽ പ്രൈവറ്റ് എന്ന് രേഖപ്പെടുത്തുന്നതിനാൽ അത് റെഗുലർ ഡിഗ്രിയല്ലെന്ന കാരണം പറഞ്ഞ് യു.എ.ഇ. പോലെയുള്ള വിദേശ രാജ്യങ്ങളിൽ ഉദ്യോഗാർത്ഥികൾക്ക് ഈക്വലൻസി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതി റെഗുലർ വിദ്യാർത്ഥികളുടേതിന് സമാനമാണെങ്കിലും ഈ വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽനിന്നും നേരിട്ട് ശിക്ഷണം ലഭിക്കാത്തതിനാൽ, ടി വിദ്യാർത്ഥികളെ സർവ്വകലാശാലകൾ റെഗുലർ എന്ന് സൂചിപ്പിക്കാറില്ല.

(ബി) ജെന്യൂനിറ്റി സർട്ടിഫിക്കറ്റുകളിലുള്ള പ്രൈവറ്റ് എന്നത് വിദേശ രാജ്യങ്ങളിൽ ഡിസ്റ്റൻസ് സ്റ്റഡിയുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ പ്രൈവറ്റ് എന്നതിനുപകരം റെഗുലർ മോഡ് ഓഫ് സ്റ്റഡിയെന്ന് രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതി റെഗുലർ വിദ്യാർത്ഥികളുടെതുപോലെയാണ് എന്ന സർട്ടിഫിക്കറ്റ് വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം വിവിധ സർവ്വകലാശാലകൾ നൽകുന്നുണ്ട്.

## കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പി.ജി. കോഴ്സ് ആരംഭിക്കുന്നതിന് നടപടി

141 (3565) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തിക ഉണ്ടായിട്ടും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബിരുദാനന്തര ബിരുദ കോഴ്സ് കേരളത്തിലെ കോളേജുകളിലോ സർവ്വകലാശാല പഠന വകുപ്പുകളിലോ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കേരള, എം.ജി. സർവ്വകലാശാലകളിൽ ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കാലിക്കറ്റ് സർവ്വകലാശാലയിൽ ബി.എ. ഫംഗ്ഷണൽ ഇംഗ്ലീഷ് എന്ന പേരിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന്റെ ബിരുദ കോഴ്സുകൾ ഉണ്ടായിരിക്കെ പ്രസ്തുത വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് കേരളത്തിലെ കോളേജുകളിലും സർവ്വകലാശാല പഠന വകുപ്പുകളിലും എന്ന് ആരംഭിക്കാൻ കഴിയുമെന്നും ഇതിനായി എന്തെങ്കിലും മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടോയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) ഉണ്ട്. കേരളത്തിലെ സർവ്വകലാശാലകളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ചിട്ടുള്ള നിവേദനം പരിശോധിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്.

## ഗവേഷണ പ്രബന്ധത്തിലെ പിഴവുകൾ കണ്ടെത്താൻ സമിതി

142 (3566) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ഗവേഷണ പ്രബന്ധത്തിൽ പിഴവുകളുണ്ടെന്നും പ്രബന്ധത്തിലെ ചില ഭാഗങ്ങൾ മറ്റ് പ്രസിദ്ധീകരണങ്ങളിൽനിന്ന് പകർത്തിയതാണെന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചാൻസലർ കേരള സർവ്വകലാശാല വൈസ് ചാൻസലറോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ചാൻസലർ കത്തുമുഖേന റിപ്പോർട്ട് തേടിയിട്ടുണ്ട്.

(ബി) യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ഗവേഷണ പ്രബന്ധത്തിന് എതിരായി ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ പ്രബന്ധം പരിശോധിക്കുന്നതിന് സർവ്വകലാശാല വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത സമിതി പരിശോധിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രബന്ധം പരിശോധിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടില്ല.

(സി) പ്രബന്ധത്തിൽ പിഴവുകൾ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ഗൈഡ് ആയി പ്രവർത്തിച്ച അദ്ധ്യാപകനോട് സർവ്വകലാശാല വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്മേൽ അദ്ധ്യാപകന്റെ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രബന്ധത്തിൽ പിഴവുകൾ ഉൾപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ പി.എച്ച്.ഡി. റദ്ദാക്കുന്നതിനും ഗൈഡായി പ്രവർത്തിച്ച അദ്ധ്യാപകനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഗൈഡായി പ്രവർത്തിച്ച അദ്ധ്യാപകനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതിന്മേൽ ടി അദ്ധ്യാപകന്റെ മറുപടി ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സർവ്വകലാശാല പരിശോധിച്ചുവരികയാണ്.

**നുവാൽസിലെ താൽക്കാലിക വി.സി. നിയമനം**

143 (3567) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നുവാൽസിൽ യു.ജി.സി. യോഗ്യതയില്ലാത്ത റിട്ടയേർഡ് ജസ്റ്റിസിന് വൈസ് ചാൻസലറുടെ താൽക്കാലിക ചുമതല നൽകി നിയമിച്ചത് സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വൈസ് ചാൻസലറുടെ താൽക്കാലിക ചുമതല നൽകുന്ന വ്യക്തിക്കും യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യത നിർബന്ധമാണെന്ന കോടതിവിധി ലംഘിച്ചുകൊണ്ട് ഇപ്രകാരമുള്ള നിയമനം നടക്കുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

വൈസ് ചാൻസലറുടെ താൽക്കാലിക ചുമതല നൽകുന്ന വ്യക്തിക്കും യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യത നിർബന്ധമാണെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി 17-02-2023-ന് റിട്ട് അപ്പീൽ നം. 1847/2022

തീർപ്പാക്കിയതോടെയാണ് നിലവിൽ വന്നത്. പ്രസ്തുത കോടതിവിധി സാങ്കേതിക സർവ്വകലാശാലയെ സംബന്ധിച്ചുള്ളതാണ്.

നുവാൽസ് നിയമം ഇതിൽനിന്നും വ്യത്യസ്തമായ ഒരു സ്ഥിതിവിശേഷമാണ് വിവക്ഷിക്കുന്നത്. നുവാൽസ് ആക്ടിലെ സെക്ഷൻ 27(13) പ്രകാരം ഒരു താൽക്കാലിക വർക്കിംഗ് അറേഞ്ച്മെന്റ് മാത്രമാണ് സർവ്വകലാശാല എക്സിക്യൂട്ടീവ് കൗൺസിൽ നടപ്പാക്കിയത്.

(സി) യു.ജി.സി. യോഗ്യതയുള്ള പ്രൊഫസറെ താൽക്കാലിക വി.സി.-യായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വൈസ് ചാൻസലറുടെ താൽക്കാലിക നിയമനത്തിന് യു.ജി.സി. യോഗ്യത നിർബന്ധമാണെന്ന കോടതി വിധി സാങ്കേതിക സർവ്വകലാശാലയ്ക്കാണ് ബാധകമായിട്ടുള്ളത്.

**സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ സംവരണം**

144 (3568) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർവ്വകലാശാലകൾ നിലവിലുണ്ടെന്നും അവയിൽ എത്ര സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ തസ്തികകൾ നിലവിലുണ്ടെന്നും സർവ്വകലാശാല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പത്ത് സർവ്വകലാശാലകളാണ് നിലവിലുള്ളത്. അവയിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു:

കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലകളിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം, നുവാൽസ് സർവ്വകലാശാലകളിൽ വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ, ഡീൻ (അക്കാദമിക്), ഡീൻ (ഗവേഷണം), പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകൾ സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് രൂപീകരണഘട്ടത്തിലാണ്.

(ബി) സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമനത്തിൽ ഏതെങ്കിലും തരത്തിലുള്ള സംവരണതത്വം പാലിക്കാറുണ്ടോയെന്ന് വിശദമാക്കാമോ?

സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമനത്തിൽ ഏതെങ്കിലും തരത്തിലുള്ള സംവരണതത്വം പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) അദ്ധ്യാപക നിയമനങ്ങളിൽ ആക്ട് 26 ഓഫ് 2014 പ്രകാരം സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് സംവരണം അനുവദിക്കുന്നതുപോലെ മുഴുവൻ സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരെ കേഡർ തിരിച്ച് വൈസ് ചാൻസലർ, പ്രോവൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ്

ഓഫീസർ എന്നിങ്ങനെ സംസ്ഥാനതലത്തിൽ പൂൾ ചെയ്ത് കേഡർ അടിസ്ഥാനത്തിൽ ഒറ്റ യൂണിറ്റായി പരിഗണിച്ച് സാമൂഹിക സംവരണം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്രകാരം സ്റ്റാറ്റ്യൂട്ടറി ഓഫീസർ തസ്തികകളിൽ സംവരണം ഏർപ്പെടുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരുന്നത് ആലോചനയിലുണ്ടോ; അപ്രകാരം നിയമനിർമ്മാണം നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

**സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ**

145 (3569) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ അദ്ധ്യാപക നിയമനത്തിന് 2011 മുതൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

<u>കേരള സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല</u> :-അനുബന്ധമായി ചേർക്കുന്നു+.

<u>കാലിക്കറ്റ് സർവ്വകലാശാല</u>:- വിവരം ശേഖരിച്ച് നൽകുന്നതാണ്.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല</u>:- വിവരം ശേഖരിച്ച് നൽകുന്നതാണ്.

<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, National University of Advanced Legal Studies</u> അനുബന്ധമായി ചേർക്കുന്നു+.

<u>APJ Abdul Kalam Technological University</u>:- സ്ഥിര അദ്ധ്യാപക നിയമനം നടത്തിയിട്ടില്ല.

<u>ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല</u>:- സ്ഥിര അദ്ധ്യാപക നിയമനങ്ങൾ ഇതുവരെ നടത്തിയിട്ടില്ല.

(ബി) അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ 2015 മുതൽ രൂപീകരിച്ച സിൻഡിക്കേറ്റ് സബ് കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സിൻഡിക്കേറ്റ് സബ് കമ്മിറ്റികൾ, സ്ക്രീനിംഗ് കമ്മിറ്റികൾ എന്നിവയുടെ മുഴുവൻ യോഗങ്ങളുടെയും വിശദാംശവും മിനിട്സുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) <u>കേരള സർവ്വകലാശാല</u>:- അദ്ധ്യാപക നിയമനങ്ങളുമായി ബന്ധപ്പെട്ട 2015 മുതലുള്ള സ്ക്രീനിംഗ്-കം-സെലക്ഷൻ കമ്മിറ്റികളുടെ മിനിറ്റ്സിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

<u>കണ്ണൂർ സർവ്വകലാശാല</u>:- അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 2015 മുതൽ സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവിന്റെയും സ്ക്രീനിംഗ് കമ്മിറ്റികളുടെ യോഗ മിനിറ്റ്സിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>:- അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് 2015 മുതൽ സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് സബ് കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടില്ല.

<u>കാലിക്കറ്റ് സർവ്വകലാശാല</u>:- കാലിക്കറ്റ് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട രേഖകൾ കോടതിയുടെ പരിഗണനയിലുള്ളതാണ്.

കാലിക്കറ്റ് സർവ്വകലാശാല അദ്ധ്യാപക തസ്തികകളിലേയ്ക്ക് 31-12-2019-ലെ വിജ്ഞാപനപ്രകാരം നടന്ന നിയമന പ്രക്രിയയുടെ ഭാഗമായി അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കായി അക്കാദമിക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റികളെ നിയമിച്ചിരുന്നു. അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്കും അസ്സോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ തസ്തികകളിലേയ്ക്കും വെവ്വേറെ കമ്മറ്റികളാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്.

അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങളിൽ ഓരോ അപേക്ഷകളും വിശദമായി പരിശോധിച്ച് അർഹമായ ഇൻഡക്സ് മാർക്കുകൾ അനുവദിച്ചിട്ടുള്ളത് ഈ കമ്മിറ്റികളാണ്. ഓരോ വിഷയത്തിനും അതത് കമ്മറ്റികൾ എല്ലാ അപേക്ഷകൾക്കുംകൂടി പ്രത്യേകം മിനിറ്റ്സുകളും തയ്യാറാക്കിയിട്ടുണ്ട്. അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ ഓരോ അപേക്ഷകൾ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ അതത് അപേക്ഷകളുടെകൂടെത്തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ നിർദേശങ്ങൾ സെലക്ഷൻ കമ്മറ്റിയുടെ മുൻപാകെ സമർപ്പിക്കപ്പെടുകയും ഒരോ നിർദ്ദേശം/അഭിപ്രായം സംബന്ധിച്ചും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുള്ളത് അതത് സെലക്ഷൻ കമ്മിറ്റികളാണ്.

<u>ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>:- അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല</u>:- സർവ്വകലാശാലയിൽ അദ്ധ്യാപക നിയമനത്തിന് റിക്രൂട്ട്മെന്റ് പ്രക്രിയയുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് സബ് കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവ രൂപീകരിക്കാറില്ല. പകരം സ്ഥിരം അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട്, അതത് കാലഘട്ടത്തിലെ യുജിസി/AICTE റെഗുലേഷൻ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിന് പ്രോ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ സ്ക്രൂട്ടിനി കമ്മിറ്റി രൂപീകരിക്കുകയും അപേക്ഷകൾ പരിശോധിക്കുകയും ചെയ്യുന്നു. സ്ക്രൂട്ടിനി കമ്മിറ്റിയിൽ പ്രോ-വൈസ് ചാൻസലർ, ഡീൻ, IQAC ഡയറക്ടർ, ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ്, രജിസ്ട്രാർ എന്നിവർ അംഗങ്ങളാണ്. ബന്ധപ്പെട്ട ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു+.

<u>National University of Advanced Legal Studies</u>:- 2015-ലെ നോട്ടിഫിക്കേഷനുകളെ തുടർന്ന് സ്ക്രീനിംഗ് കമ്മിറ്റിയും എക്സിക്യൂട്ടീവ് കൗൺസിൽ സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടില്ല. 2019, 2020 വർഷങ്ങളിലെ നോട്ടിഫിക്കേഷനുകളെ തുടർന്നുള്ള സ്ക്രീനിംഗ് കമ്മിറ്റി മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

APJ Abdul Kalam Technological University:- അദ്ധ്യാപക നിയമനം നടത്തിയിട്ടില്ല.

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല:- സ്ഥിര നിയമനങ്ങൾ നടത്തിയിട്ടില്ല.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല:- വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വയനാട് ജില്ലയിൽനിന്നും വിദേശത്ത് പോയി പഠനം നടത്തുന്ന വിദ്യാർത്ഥികൾ

146(3570) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽനിന്നും വിദേശത്ത് പോയി പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാണോ;

(ബി) എങ്കിൽ വയനാട് ജില്ലയിൽ നിന്നുള്ള എത്ര വിദ്യാർത്ഥികൾ ഇത്തരത്തിൽ പഠനം നടത്തുന്നുണ്ടെന്നും ഏതെല്ലാം രാജ്യങ്ങളിൽ ആണെന്നും വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിൽനിന്നും വിദേശത്ത് പഠനത്തിനായി പോകുന്ന വിദ്യാർത്ഥികളുടെ വിവരശേഖരണാർത്ഥം നോർക്ക റൂട്സ് രൂപീകരിച്ച സ്റ്റുഡന്റ്സ് ഐ.ഡി. കാർഡ് പദ്ധതിയിൽ വയനാട് ജില്ലയിൽനിന്നും രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## സാങ്കേതിക സർവ്വകലാശാലയിലെ സ്റ്റാൻഡിംഗ് കൗൺസൽ, ലീഗൽ അഡ്വൈസർ

147(3571) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ സ്റ്റാൻഡിംഗ് കൗൺസൽ നിയമനം നടന്നിട്ടുണ്ടോ; നിലവിലെ സ്റ്റാൻഡിംഗ് കൗൺസൽ ആരെന്നും പ്രസ്തുത നിയമനത്തിനായുള്ള സർവ്വകലാശാലാ നോട്ടിഫിക്കേഷന്റെയും അനുബന്ധ നടപടികളുടെയും വിശദാംശം നൽകുമോ?

06-03-2019-ലെ PROCEEDINGS NO:- KTU/A/58/2015 ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ അഡ്വ. എൽവിൻ പീറ്റർ. പി. ജെ.-യെ സ്റ്റാൻഡിംഗ് കൗൺസലായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത നിയമനത്തിനായുള്ള ഓഫീസ് നടപടിക്രമത്തിന്റെ പകർപ്പും നിയമന ഉത്തരവിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു+.

(ബി) സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം (7) ഭാഗം (VII) ഖണ്ഡിക (23)-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള റിപ്പോർട്ട് സ്റ്റാൻഡിംഗ് കൗൺസൽ സിൻഡിക്കേറ്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല.

(സി) ഇല്ലായെങ്കിൽ നിലവിലെ സ്റ്റാൻഡിംഗ് കൗൺസൽ നാളിതുവരെ നടത്തിയ എല്ലാ നിയമ വ്യവഹാരങ്ങളുടെയും പ്രസ്തുത വ്യവഹാരങ്ങൾക്കായി നൽകിയ ബില്ലിന്റെയും അനുവദിച്ച ഫീസിന്റെയും ഉൾപ്പെടെയുള്ള വിശദാംശവും രേഖകളും ലഭ്യമാക്കാമോ;

(ഡി) ഏറ്റവും ഒടുവിലായി സ്ഥാനമൊഴിഞ്ഞ മുൻ സ്റ്റാൻഡിംഗ് കൗൺസലിന് നിയമ വ്യവഹാരങ്ങൾക്കായി നൽകിയ ബില്ലിന്റെയും അദ്ദേഹത്തിന് അനുവദിച്ച ഫീസിന്റെയും ഉൾപ്പെടെയുള്ള വിശദാംശവും രേഖകളും ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഇ) സാങ്കേതിക സർവ്വകലാശാലയിൽ നിലവിലുള്ള ലീഗൽ അഡ്വൈസറിന് വേതന ഇനത്തിലും മറ്റ് ഫീസ് ഇനത്തിലും അനുവദിച്ച തുകയുടെ വിശദാംശവും അദ്ദേഹത്തിന്റെ സേവന വേതന കരാർ ഉൾപ്പെടെയുള്ള രേഖകളും ലഭ്യമാക്കാമോ?

എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ ലീഗൽ അഡ്വൈസറായി നാളിതുവരെ ആരെയും നിയമിച്ചിട്ടില്ല. എന്നാൽ ലീഗൽ & സർവ്വീസ് കൺസൾട്ടന്റിന് വേതന ഇനത്തിലും മറ്റ് ഫീസ് ഇനത്തിലും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## കെ.റ്റി.യു. ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതിയ നാമനിർദേശം

148(3572) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള സാങ്കേതിക സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലുമായി പുതുതായി ആറ് പേരെക്കൂടി നാമനിർദ്ദേശം ചെയ്യാനുള്ള നിയമഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമഭേദഗതി ഉൾപ്പെട്ട ബിൽ നിയമസഭ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ബിൽ ഗവർണർ അംഗീകരിച്ച് നിയമമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഓർഡിനൻസ് കാലാവധി കഴിഞ്ഞിട്ടും നാമനിർദേശം ചെയ്ത അംഗങ്ങൾ ഇപ്പോഴും സിൻഡിക്കേറ്റിൽ തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) കേരള സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിലും സിൻഡിക്കേറ്റിലും പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്ന വ്യവസ്ഥകളും മറ്റുവ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ട് 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 39-ാം നമ്പറായി പുറപ്പെടുവിക്കുകയും ആയത്

യഥാക്രമം 50/2021, 94/2021 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിട്ടുമുണ്ട്. പ്രസ്തുത 94/2021-ഉം നമ്പർ ഓർഡിനൻസിന് പകരമായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ 15- ാം കേരള നിയമസഭയുടെ 3-ാം സമ്മേളനത്തിൽ ബിൽ നമ്പർ 50 ആയി പ്രസിദ്ധീകരിക്കുകയും കേരള നിയമസഭ 2021 ഒക്ടോബർ 28-ാം തീയതി പ്രസ്തുത ബിൽ പാസ്സാക്കിയിട്ടുള്ളതും ആയത് ഗവർണ്ണറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്.

ഓർഡിനൻസ് പ്രകാരം നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ നിലവിൽ സിൻഡിക്കേറ്റിൽ തുടർന്നുവരുന്നു.

**ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തനങ്ങൾ**

149 (3573) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിച്ച ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2(F)ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGC-ൽനിന്നും ലഭിച്ചിട്ടുണ്ട്.

താഴെ പറയുന്ന പ്രോഗ്രാമുകൾ 2022-23 അക്കാദമിക വർഷം തുടങ്ങുന്നതിനുള്ള അനുമതി UGC/DEB-യിൽനിന്നും ഒക്ടോബർ മാസം ലഭ്യമായി.

UG Programmes

1. Arabic (B.A)
2. English (B.A)
3. Hindi (B.A)
4. Malayalam (B.A)
5. Sanskrit (B.A)

PG Programmes

1. English (M.A)
2. Malayalam (M.A)

ഈ കോഴ്സുകളിലേയ്ക്ക് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കി പഠനം തുടങ്ങിയിട്ടുണ്ട്. School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠന വകുപ്പുകളിൽ

മേധാവികളെ നിയമിച്ചിട്ടുണ്ട്. നാലുപ്രാദേശിക കേന്ദ്രങ്ങളിലേയ്ക്കും ഡയറക്ടർമാരെ നിയമിച്ചു.

സർവ്വകലാശാലയുടെ അപ്പീൽ പരിഗണിച്ച് താഴെ പറയുന്ന 4 UG, 2 PG പ്രോഗ്രാമുകൾക്ക് കൂടി അംഗീകാരം നൽകുവാൻ UGC Standing Appellate Committee-യുടെ ശിപാർശ ലഭ്യമായിട്ടുണ്ട്.

UG Programmes

1. History (B.A)
2. Sociology (B.A)
3. Philosophy (B.A)
4. Economics (B.A)

PG Programmes

1. History (M.A)
2. Sociology (M.A)

ഈ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ നടപടികൾ ആരംഭിച്ചു.

(ബി) പ്രസ്തുത യൂണിവേഴ്സിറ്റിയിൽ ഇനി ഏതെല്ലാം കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം ലഭിക്കാനുണ്ട്; വിശദമാക്കാമോ?

ഇനി ബി.കോം., ബി.സി.എ., ബി.ബി.എ., എം.കോം. കോഴ്സുകൾക്ക് അംഗീകാരം ലഭിക്കാനുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ല.

(ഡി) യൂണിവേഴ്സിറ്റി ആരംഭിച്ചതുമുതൽ എത്ര രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഓപ്പൺ സർവ്വകലാശാല പ്രവർത്തനം തുടങ്ങി നാളിതുവരെ ആകെ 2,23,89,336/-രൂപ (രണ്ടുകോടി ഇരുപത്തിമൂന്ന് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി മുന്നൂറ്റി മുപ്പത്താറ് രൂപ മാത്രം) വരുമാനം ലഭിച്ചിട്ടുണ്ട്.

## സാങ്കേതിക സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് മെമ്പർമാരുടെ ആനുകൂല്യങ്ങൾ

150(3574) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ 2020 ജനുവരി മുതൽ 2022 ഡിസംബർ വരെ സിൻഡിക്കേറ്റിന്റെയും

സിൻഡിക്കേറ്റിന്റെ അനുബന്ധ കമ്മിറ്റികളുടെ യോഗങ്ങളിലും സർവ്വകലാശാലയുമായി ബന്ധപ്പെട്ട പരിപാടികളിലും ഹിയറിംഗ്, ഇൻസ്പെക്ഷൻ ഉൾപ്പെടെയുള്ള മറ്റ് ഇനങ്ങളിലും പങ്കെടുത്ത സിൻഡിക്കേറ്റ് അംഗങ്ങൾക്ക് നൽകിയ യാത്രാ ബത്തയുടെയും ഓണറേറിയത്തിന്റെയും വിശദാംശം അവ നടന്ന തീയതികളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞവയിൽ ഏതൊക്കെ യോഗങ്ങൾ ഓൺലൈൻ മുഖേന നടന്നുവെന്നും അവയിൽ ഏതൊക്കെ അംഗങ്ങൾ ഓൺലൈനിലൂടെ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ; യോഗങ്ങളിൽ നേരിട്ട് പങ്കെടുത്ത അംഗങ്ങളുടെ ഹാജർ രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ സിൻഡിക്കേറ്റ് അംഗങ്ങളുടെ താമസത്തിനും ഭക്ഷണത്തിനും ചെലവായ തുക നൽകുന്നതിന് സർവ്വകലാശാല ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ;എങ്കിൽ ഈ ഇനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശം, തീയതി, അംഗത്തിന്റെ പേര് എന്നിവ ഉൾപ്പെടെ ലഭ്യമാക്കാമോ?

(എ-സി) അനുബന്ധമായി ചേർക്കുന്നു.+

(ഡി) സിൻഡിക്കേറ്റ് അംഗങ്ങൾക്ക് നൽകുന്ന ഓണറേറിയത്തിന്റെയും യാത്രാബത്തയുടെയും നിരക്കുകൾ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സിൻഡിക്കേറ്റ് അംഗങ്ങൾക്ക് നൽകുന്ന ഓണറേറിയത്തിന്റെയും യാത്രാബത്തയുടെയും നിരക്കുകൾ താഴെ പറയുന്നു.

12-01-2022-ലെ U.O No. 57/2022/KTU പ്രകാരം ഒരു സിറ്റിംഗിന് (ഓൺലൈനും ഓഫ്‌ലൈനും) 3,000 രൂപയാണ് സിൻഡിക്കേറ്റിന്റെയും സിൻഡിക്കേറ്റിന്റെ അനുബന്ധ കമ്മിറ്റികളുടെ യോഗങ്ങളിലും മറ്റു കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുന്ന സിൻഡിക്കേറ്റ് അംഗങ്ങൾക്ക് ഓണറേറിയമായി നൽകുന്നത്. എന്നാൽ 26-08-2022-ലെ U.O No. 2075/2022/KTU പ്രകാരം 17-08-2022 മുതലുള്ള മീറ്റിംഗുകൾക്ക് പ്രസ്തുത ഓണറേറിയം 2,000 രൂപയായി കുറച്ചിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് റോഡുമാർഗ്ഗം കാറിന് കിലോമീറ്ററിന് 19 രൂപയാണ് അംഗങ്ങളുടെ താമസസ്ഥലത്തുനിന്നും യൂണിവേഴ്സിറ്റി ആസ്ഥാനത്തേയ്ക്കും അതുപോലെ തിരിച്ചും പോകുന്നതിനും യാത്ര ബത്തയായി നൽകുന്നത്. കൂടാതെ ഫസ്റ്റ് എ.സി. ട്രെയിൻ/ ഇക്കണോമി ക്ലാസ് എയർ ചാർജുകൾക്കുള്ള തുകയും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഡി.എ. നിരക്കുകൾക്കൊപ്പം നൽകുന്നു.

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കണ്ണൂർ സബ്സെന്റർ**

151(3575) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് സബ് സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജിലാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠന കേന്ദ്രം പ്രവർത്തിക്കുന്നത്.

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം ഗവ.കോളേജ് കേന്ദ്രീകരിച്ച് സെന്റർ അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

കോളേജിന്റെ അപേക്ഷ ലഭിക്കുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് സെന്റർ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കാലിക്കറ്റ് സർവ്വകലാശാലയിലെ നിയമനം**

152 (3576) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർമാരുടെ തസ്തിക അനുവദിച്ചുകൊണ്ട് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തിക അനുവദിക്കുന്നതിലേയ്ക്കായി ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ്/സെനറ്റ് മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) കാലിക്കറ്റ് സർവ്വകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട രേഖകൾ കോടതിയുടെ പരിഗണനയിലാണ്.

## കാലിക്കറ്റ് സർവ്വകലാശാലയിലെ സംവരണക്രമം തെറ്റിച്ചുള്ള നിയമനം

153 (3577) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് സർവ്വകലാശാലയിൽ ഭിന്നശേഷി സംവരണ തസ്തികയിൽ ടേൺ തെറ്റിച്ച് നിയമനം നടത്തിയതായി ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോടതി വിധി പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്ന കാര്യം സർവ്വകലാശാല പരിശോധിച്ചുവരുന്നു.

**കീം എൻട്രൻസിന് അപേക്ഷിക്കുമ്പോൾ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ**

154 (3578) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീം എൻട്രൻസിന് അപേക്ഷ സമർപ്പിക്കുമ്പോൾതന്നെ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യണമെന്ന എൻട്രൻസ് കമ്മീഷണറുടെ നിർദ്ദേശംമൂലം അക്ഷയ കേന്ദ്രങ്ങളിലും വില്ലേജ് ഓഫീസുകളിലും അനിയന്ത്രിതമായ തിരക്കുണ്ടാവുകയും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വില്ലേജ് ഓഫീസർമാർക്കും ബുദ്ധിമുട്ടുകളുണ്ടാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കീം ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നതിനുമുൻപായി ആവശ്യമായ സർട്ടിഫിക്കറ്റുകൾ മുൻകൂറായി വാങ്ങിവയ്ക്കുന്നതിന് എല്ലാ വർഷവും പ്രവേശന പരീക്ഷാ കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിക്കാറുണ്ട്. കീം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനുമായി ഏകദേശം ഒരു മാസം സമയം വിദ്യാർത്ഥികൾക്ക് ലഭിക്കാറുണ്ട്. സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യണമെന്ന നിർദ്ദേശം കാരണം വില്ലേജ് ഓഫീസുകളിൽ തിരക്കുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുൻവർഷങ്ങളിൽ ഇതിനെതിരെ പ്രതിഷേധമുണ്ടാകുകയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർമാത്രം സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്ന തീരുമാനമുണ്ടാവുകയും ചെയ്തിരുന്നുവെങ്കിലും പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുമ്പോൾ ഭേദഗതികൾ വരുത്താതിരിക്കുന്നത് കാരണം ഈ ബുദ്ധിമുട്ടുകൾ ആവർത്തിക്കാനിടയാക്കുന്നത് ആരുടെ വീഴ്ചമൂലമാണെന്ന് വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ മാത്രം സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്ന തീരുമാനം നടപ്പിലാക്കുന്ന കാര്യം ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ?

(ബി & സി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ മാത്രം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയെന്ന തീരുമാനമുണ്ടായിട്ടില്ല.

## സത്രം എൻ.സി.സി. എയർ സ്ട്രിപ്പിന്റെ നിർമ്മാണം

155 (3579) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ നിർമ്മാണം പൂത്തിയാക്കി വരുന്ന സത്രം എൻ.സി.സി. എയർ സ്ട്രിപ്പിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പീരുമേട് താലൂക്കിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്ന സത്രം എയർ സ്ട്രിപ്പിൽ 01-12-2022 തീയതി രാവിലെ 10.30 മണിക്ക് SW-80 എന്ന പരിശീലന വിമാനം ട്രയൽ ലാൻഡിംഗ് നടത്തി കേഡറ്റുകൾക്ക് ഫ്ലയിംഗ് പരിശീലനത്തിന് എയർ സ്ട്രിപ്പിനെ സജ്ജമാക്കുന്നതിനായി അടിയന്തര നിർമ്മാണപ്രവൃത്തികൾ നടന്നുവരികയാണ്. ഹാംഗറിന്റെ അവസാനഘട്ട നിർമ്മാണവും ഡ്രെയിനേജ് നിർമ്മാണവും ലാൻഡിംഗിന് തടസ്സമായി നിൽക്കുന്ന മൺതിട്ട നീക്കം ചെയ്യുന്ന പ്രവൃത്തിയും കൂടാതെ അപ്രോച്ച്റോഡിന്റെ ടെൻഡർ നടപടിയും മറ്റനുബന്ധ നിർമ്മാണപ്രവൃത്തികളും പൂർത്തീകരിച്ചുവരുന്നു. എയർസ്ട്രിപ്പിന് വൈദ്യുതി കണക്ഷൻ ലഭ്യമായി. റൺവേയുടെ താഴ്വരഭാഗം കഴിഞ്ഞ വർഷം

ജൂലൈയിൽ പെയ്ത കനത്ത മഴയിൽ ഒലിച്ചുപോയിരുന്നു. ടി ഭാഗം പുനർനിർമ്മിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു.

(ബി) സത്രം എൻ.സി.സി. എയർ സ്ട്രിപ്പിൽ ഈ വരുന്ന അക്കാദമിക് വർഷം എൻ.സി.സി. കേഡറ്റുകൾക്ക് പരിശീലനം ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ ലാൻഡിംഗിന് തടസ്സമായി നിൽക്കുന്ന മൺതിട്ട നീക്കം ചെയ്യുന്നതിന് മഞ്ചുമല ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ചുവരുന്നു. കനത്ത മഴയിൽ ഒലിച്ചുപോയ റൺവേയുടെ താഴ്ഭാഗം പുനർനിർമ്മാണവും എയർ സ്ട്രിപ്പിന്റെ സാങ്കേതിക തടസ്സങ്ങളും നീക്കി മറ്റ് അടിയന്തര നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പുവഴി പൂർത്തീകരിച്ചതിനുശേഷം മാത്രമേ കേഡറ്റുകളുടെ ഫ്ലയിംഗ് പരിശീലനം സുരക്ഷിതമായി നടത്താൻ സാധിക്കുകയുള്ളൂ.

**തിരൂരങ്ങാടി മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക്**

156 (3580) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക് പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ജി.എം.യു.പി. സ്കൂൾ വെണ്ണിയൂരിൽനിന്നും കോട്ടക്കലിലെ ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിലേക്ക് മാറ്റി ആരംഭിക്കുവാൻ എം.എൽ.എ. കത്ത് നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) കോട്ടക്കലിലെ ഗവൺമെന്റ് വനിത പോളിടെക്നിക് കോളേജിൽ ഈ പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?

(എ-ഡി) അസാപ് പദ്ധതിയിൽ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മിക്കുവാൻ തീരുമാനമായിരുന്നു. ആദ്യഘട്ട നിർമ്മാണം തുടങ്ങിയ 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ഉൾപ്പെട്ടിരുന്ന തിരൂരങ്ങാടി മണ്ഡലത്തിലെ വെണ്ണിയൂരിൽ നിർമ്മാണ നടപടികൾ ആരംഭിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് പൂർത്തീകരിക്കാൻ സാധിച്ചില്ല.

പിന്നീട് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കാനുള്ള ഭൂമി അസാപ്പിന് വിട്ടുകിട്ടിയ മുൻഗണനാക്രമത്തിൽ 7 സ്ഥലങ്ങളിൽകൂടി നിർമ്മാണം ആരംഭിക്കുകയായിരുന്നു. അസാപ്പിന്റെ ഒന്നാംഘട്ടത്തിൽ അനുമതി ലഭിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചതിനാലും പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ തുടങ്ങുവാൻ അനുമതി ലഭ്യമാക്കാത്തതിനാലും എടരിക്കോട് ഗ്രാമപഞ്ചായത്തിലെ കോട്ടക്കൽ വനിത പോളിടെക്നിക് കോളേജിന്റെ സ്ഥലത്ത് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുവാനുള്ള നടപടികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല.

**അസാപ് കേരളയുടെ പ്രവർത്തനങ്ങൾ**

157 (3581) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് കേരളയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ വകുപ്പുകളുടെ ഒരു സംയുക്ത പ്രോജക്ടായി 2012-ൽ പ്രവർത്തിച്ചുതുടങ്ങിയ അസാപ് 2021-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അസാപ് കേരള എന്ന കമ്പനിയായി

പരിവർത്തനം ചെയ്യപ്പെട്ടു. നൂതനമായ സാങ്കേതികവിദ്യകളിലും വ്യാവസായിക പ്രസക്തിയുള്ള നൈപുണികളിലും ഊന്നിയുള്ള സമഗ്രമായ ഒരു നൈപുണ്യ വികസന മാതൃക സംസ്ഥാനത്ത് സൃഷ്ടിച്ച് അതിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി അസാപ് കേരള നടപ്പിലാക്കിവരുന്നത്. അസാപ് കേരളയുടെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പരിശീലന പരിപാടിയിലെ വിദ്യാർത്ഥികളെ എങ്ങനെയാണ് സെലക്ട് ചെയ്യുന്നതെന്നറിയിക്കുമോ?

അസാപ് കേരള വഴി നടപ്പിലാക്കുന്ന കോഴ്സുകൾ പ്രധാനമായും പ്രമുഖ വ്യവസായങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്നവയാണ്. ഇതോടൊപ്പംതന്നെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ & ട്രെയിനിംഗ് (NCVET) അംഗീകാരം ലഭിച്ച കോഴ്സുകളും ലഭ്യമാണ്. ഓരോ കോഴ്സിനും ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചാണ് കോഴ്സിലേയ്ക്ക് അഡ്മിഷൻ നൽകുന്നത്. സർക്കാർ/സർക്കാരിതര ഏജൻസികളുടെ ധനസഹായത്തോടെ നടത്തുന്ന പരിശീലനങ്ങൾക്ക് പദ്ധതിയിൽ അനുവദിച്ചിട്ടുള്ള വിഭാഗത്തിൽ ഉൾപ്പെടുന്നവരെയാണ് പരിശീലനത്തിനായി സെലക്ട് ചെയ്യുക.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻഡസ്ട്രി ഓൺ ക്യാമ്പസ്: സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന IOC മാനേജ്മെന്റ് കമ്മിറ്റിയാണ് പഠനമികവും അതുപോലെതന്നെ സ്കില്ലും വിലയിരുത്തി ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പ്രവർത്തനങ്ങൾക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

കമ്മ്യൂണിറ്റി കോളേജ്:സാധാരണ ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ലോമ അഡ്മിഷൻ നടക്കുന്ന രീതിയിൽ മെറിറ്റ് അടിസ്ഥാനത്തിലാണ് ഈ കോഴ്സുകളിലേയ്ക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട സർക്കാർ പോളിടെക്നിക് കോളേജുകൾവഴി അഡ്മിഷൻ നടത്തുന്നത്.

(സി) അസാപ് പരിശീലന കേന്ദ്രങ്ങൾ കോഴിക്കോട് ജില്ലയിൽ എവിടെയൊക്കെയാണ് നിലവിലുള്ളത്; അസാപ്പിന് സ്വന്തമായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി സർക്കാർ ഫണ്ട് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ അസാപ് പ്രോജക്ട് കാലയളവിൽ 11 സ്കൂളുകളും, 1 കോളേജും നൈപുണ്യ വികസന കേന്ദ്രങ്ങളായി മാറ്റിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | സെന്റർ |
|---|---|

| നം. | |
|---|---|
| 1 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കല്ലാച്ചി |
| 2 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റ്യാടി |
| 3 | ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ബാലുശ്ശേരി |
| 4 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, താമരശ്ശേരി |
| 5 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കാരപ്പറമ്പ |
| 6 | ഗവ. ഗണപത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ഫറോക്ക് |
| 7 | ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കുറ്റിച്ചിറ |
| 8 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, മെഡിക്കൽ കോളേജ് ക്യാമ്പസ് |
| 9 | ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ആർ.ഇ.സി. ചാത്തമംഗലം |
| 10 | ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, മടപ്പള്ളി |
| 11 | ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കൊയിലാണ്ടി |
| 12 | ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് മീഞ്ചന്ത |

ഇതോടൊപ്പം കേരള ഗവ. പോളിടെക്നിക് കോളേജ്, കോഴിക്കോടിനെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് നോഡൽ സെന്ററാക്കിയിട്ടുമുണ്ട്.

2022-23 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഡിസ്ട്രിക്ട് സ്കിൽ പാർക്കുകളിൽ ഒന്ന് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുവാൻ തത്വത്തിൽ ധാരണയായിട്ടുണ്ട്.

## മാരക രോഗങ്ങൾമൂലം തുടർചികിത്സയിലുള്ളവർക്കുള്ള സാമ്പത്തിക സഹായം

158 (3582) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ, കിഡ്നി രോഗങ്ങൾമൂലം തുടർചികിത്സയിലുള്ള എത്ര പേർക്ക് സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും പ്രതിമാസ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്ന സമാശ്വാസം പദ്ധതി - 1 പ്രകാരം (ഡയാലിസിസിന് വിധേയരാകുന്നവർക്ക്) പ്രതിമാസം 1,100/- രൂപ നിരക്കിൽ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സമർപ്പിച്ച 1527 ഗുണഭോക്താക്കൾക്ക് 2022 നവംബർ മാസംവരെയുള്ള ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

സമാശ്വാസം പദ്ധതി-2 പ്രകാരം (വൃക്ക/കരൾ എന്നീ അവയവങ്ങൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർക്ക്) പ്രതിമാസം 1,000/- രൂപ നിരക്കിൽ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. (പ്രസ്തുത ശസ്ത്രക്രിയ കഴിഞ്ഞ തിയതി മുതൽ 5 വർഷംവരെയാണ് ധനസഹായം അനുവദിക്കുന്നത്). നടപ്പുസാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റും

ബന്ധപ്പെട്ട രേഖകളും സമർപ്പിച്ച 47 ഗുണഭോക്താക്കൾക്ക് 2022 നവംബർ മാസംവരെയുള്ള ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സഹായത്തിനായി ഈ വർഷം പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പുതിയ അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത രോഗങ്ങളിൽനിന്നും മുക്തി നേടിയ വ്യക്തികൾക്ക് കഠിനാദ്ധ്വാനമുള്ള ജോലികൾ തുടർന്ന് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്ക് താല്ക്കാലികമായി തൊഴിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

## പുനലൂർ മണ്ഡലത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവരുടെ എണ്ണം

159 (3583) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ അഞ്ചൽ, ഏരൂർ, കുളത്തൂപ്പുഴ, ആര്യങ്കാവ്, തെന്മല, കരവാളൂർ, ഇടമുളക്കൽ പഞ്ചായത്തുകളിലും പുനലൂർ നഗരസഭയിലുമായി ആകെ എത്ര ഭിന്നശേഷിക്കാരായ ആളുകളുണ്ട്?

2015-ലെ ഭിന്നശേഷി സർവ്വേപ്രകാരം പുനലൂർ മണ്ഡലത്തിലെ ഭിന്നശേഷിക്കാരായ ആളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത്/നഗരസഭ | എണ്ണം |
|---|---|
| അഞ്ചൽ | 847 |
| ഏരൂർ | 900 |
| കുളത്തൂപ്പുഴ | 932 |
| ആര്യങ്കാവ് | 333 |
| തെന്മല | 602 |
| കരവാളൂർ | 531 |
| ഇടമുളക്കൽ | 768 |
| പുനലൂർ നഗരസഭ | 1335 |

(ബി) ഇവരിൽ എത്ര പേർക്ക് മെഡിക്കൽ ബോർഡ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പുനലൂർ മണ്ഡലത്തിൽ ഇനിയും ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവരുണ്ടോ?

മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ എണ്ണം ചുവടെ ചേർക്കുന്നു.

അഞ്ചൽ-373, ഏരൂർ-416, കുളത്തൂപ്പുഴ-422, ആര്യങ്കാവ്-152, തെന്മല- 298, കരവാളൂർ- 311, ഇടമുളക്കൽ - 357, പുനലൂർ നഗരസഭ - 579

ഇനിയും ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ളവരുണ്ട്.

(സി) എങ്കിൽ അവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ; അവർക്ക് എന്നത്തേയ്ക്ക് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

05-05-2021-ലെ S.O.1736(E) നോട്ടിഫിക്കേഷൻ പ്രകാരം 01-06-2021 മുതൽ UDID CARD PORTAL (https://www.swavlambancard.gov.in) വഴി മാത്രമേ ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകാവൂയെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഭിന്നശേഷി സർട്ടിഫിക്കറ്റിനായി അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കേണ്ടതുണ്ട്. അതിനാൽ 2015-ലെ സർവ്വേപ്രകാരം കണ്ടെത്തിയ ഭിന്നശേഷിക്കാരിൽ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർ ഈ പോർട്ടൽ മുഖേന ഓൺലൈൻവഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസറിന്റെ ആഭിമുഖ്യത്തിൽ ആശുപത്രികൾ കേന്ദ്രീകരിച്ചും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്ന ക്യാമ്പുകൾ വഴിയും മെഡിക്കൽ ബോർഡ് കൂടി ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് 2016 മാനദണ്ഡങ്ങൾക്കനുസരിച്ച് സർട്ടിഫിക്കറ്റ് നൽകിവരുന്നു.

അഞ്ചൽ-12, ഏരൂർ-16, കുളത്തുപ്പുഴ - 18, ആര്യങ്കാവ് - 4, തെന്മല - 3, കരവാളൂർ - 2, ഇടമുളക്കൽ - 5, പുനലൂർ നഗരസഭ -36 അപേക്ഷകളാണ് 27-02-2023 വരെ പുനലൂർ നിയോജകമണ്ഡലത്തിൽനിന്നും UDID

വെബ്സൈറ്റിൽ ലഭിച്ചിട്ടുള്ളത്. ഇവർക്ക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി

160 (3584) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി വൈകുന്നതിനാൽ കുട്ടികൾ കേടായ ഉപകരണങ്ങളാണ് മാസങ്ങളായി ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി മതിയായ തുക അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ?

കോക്ലിയാർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി തുക അതത് തദ്ദേശസ്വയംഭരണ വകുപ്പ് വകയിരുത്തുന്നതിനാൽ ഈ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി അതത് സമയങ്ങളിൽ നടന്നുവരുന്നുണ്ട്.

(ബി) കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന പ്രോസസ്സറുകൾ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനുള്ള

നടപടി സ്വീകരിക്കുമോ; അപ്ഗ്രേഡ് ചെയ്യുന്ന പ്രോസസ്സറുകളുടെ ഗ്യാരണ്ടി കുറഞ്ഞത് രണ്ട് വർഷമായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

28-09-2017-ലെ സ.ഉ (എം.എസ്)നം.640/2017/സാനീവ ഉത്തരവ്പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനുമുമ്പ് രക്ഷിതാക്കളുടെ സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തിയ 25 വയസ്സുവരെയുള്ളവർക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്ത് എക്സ്റ്റൻഡഡ് വാറന്റി നൽകുന്നതിനുള്ള ' ധ്വനി പദ്ധതി' കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കിവരുന്നു. അപ്ഗ്രേഡ് ചെയ്തുനൽകുന്ന പ്രോസസ്സറുകളുടെ ഗ്യാരന്റി ഉയർത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) കോക്ലിയർ ഇംപ്ലാന്റിന് സർക്കാർ നിലവിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയും (രണ്ട് ലക്ഷം) പ്രായപരിധിയും (ഇരുപത്തഞ്ച് വയസ്സ്) ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോക്ലിയാർ ഇംപ്ലാന്റിന് നിലവിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന പരിധിയും പ്രായപരിധിയും ഉയർത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## സാമൂഹ്യ സുരക്ഷ മിഷൻ ഹാർപിക്, ലൈസോൾ എന്നിവയുടെ ബ്രാൻഡിംഗിനായി ചെലവഴിച്ച തുക

161 (3585) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ മിഷൻ ഹാർപ്പിക്, ലൈസോൾ എന്നിവയുടെ ബ്രാൻഡിംഗിനായി തുക ചെലവഴിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോവിഡ് 19-ന്റെ വ്യാപനം തടയുന്നതിനായി പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട "ബ്രേക്ക് ദി ചെയിൻ"-ന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളിൽ ഹാർപ്പിക്, ലൈസോൾ എന്നിവ വിതരണം നടത്തിയിരുന്നു. ഹാർപ്പിക്, ലൈസോൾ എന്നിവ വിതരണം ചെയ്യുന്നതിലേയ്ക്കായി സ്റ്റിക്കർ ആൻഡ് പേസ്റ്റിംഗ് ചെയ്ത വകയിൽ പ്രിന്റ് ഫാക്ടറി ബില്ലുകൾ ലഭ്യമാക്കിയതിന്റെയടിസ്ഥാനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷ മിഷന്റെ പ്രസ്തുത നടപടി ചട്ടപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലഘട്ടത്തിലെ പ്രത്യേക സാഹചര്യത്തിലെടുത്ത തീരുമാനപ്രകാരമാണ് ഇതുസംബന്ധിച്ച് നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുള്ളത്.

(സി) സാമൂഹ്യ സുരക്ഷ മിഷൻ ഹാർപ്പിക്ക്, ലൈസോൾ എന്നിവയുടെ ബ്രാൻഡിംഗിനായി തീരുമാനിച്ചത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) 11-01-2021-ലെ പി6/2062/2020/കെ.എസ്.എസ്.എം.(2) നമ്പരിലുള്ള ഓർഡറിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

11-01-2021-ലെ പി6/2062/2020/കെ.എസ്.എസ്.എം(2) നമ്പരിലുള്ള ഓർഡർ, നോട്ട് ഫയൽ എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## സാമൂഹ്യനീതി വകുപ്പിലെ താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ

162 (3586) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ വിവിധ ഓഫീസുകളിലെ വിവിധ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ (ദിവസ വേതന/കരാർ) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഓഫീസിന്റെ പേര് | താൽക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ (തസ്തിക/എണ്ണം) |
|---|---|---|
| 1 | ജില്ലാ സാമൂഹ്യനീതി ഓഫീസ് | ഒ.സി.ബി. കൗൺസിലർ-2<br>ടെക്നിക്കൽ അസിസ്റ്റന്റ്-2 |
| 2 | പ്രൊബേഷൻ ഓഫീസ് | പ്രൊബേഷൻ അസിസ്റ്റന്റ്-1 |
| 3 | വൃദ്ധസദനം | മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ-4<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്-1 |
| 4 | ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (പുണ്യഭവൻ) | ക്ലർക്ക് ടൈപ്പിസ്റ്റ്- 1 |
| 5 | ഭിന്നശേഷി സദനം | മൾട്ടി ടാസ്ക് പ്രൊവൈഡർ-2 |
| 6 | വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ | സൈക്കോ സോഷ്യൽ കൗൺസിലർ-1<br>കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ-1 |
| 7 | ആശാ ഭവൻ (മെൻ) | മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ-2<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്-1 |
| 8 | ആശാ ഭവൻ(വുമൺ) | മൾട്ടി ടാസ്ക് കെയർ |

| | | |
|---|---|---|
| | | പ്രൊവൈഡർ-3<br>ജൂനിയർ പബ്ലിക്<br>ഹെൽത്ത് നഴ്സ്-1 |

(ബി) ഇവർ എത്രകാലമായി ഈ തസ്തികകളിൽ ജോലി ചെയ്യുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

| ക്രമ നം. | ഓഫീസിന്റെ പേര് | ജോലിചെയ്തുവരുന്ന കാലയളവ് (തസ്തിക/സേവനകാലയളവ്) |
|---|---|---|
| 1 | ജില്ലാ സാമൂഹ്യനീതി ഓഫീസ് | ഒരു ഒ.സി.ബി കൗൺസിലർ 4 വർഷവും മറ്റൊരു ഒ.സി.ബി.<br>കൗൺസിലർ 3 വർഷവും<br>2 ടെക്നിക്കൽ അസിസ്റ്റന്റുമാർ- 5 വർഷം വീതം |
| 2 | പ്രൊബേഷൻ ഓഫീസ് | നിലവിലുള്ള 1 പ്രൊബേഷൻ അസിസ്റ്റന്റ് 4 വർഷമായി പ്രവർത്തിച്ച് വരുന്നു. ഇടയ്ക്ക് സർവ്വീസിൽ ബ്രേക്ക് നൽകിയിട്ടുണ്ട്. |
| 3 | വൃദ്ധസദനം | 4 മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും<br>6 മാസമായി തുടരുന്നു |
| 4 | ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ(പുണ്യഭവൻ) | ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ്- 21 ദിവസം |
| 5 | ഭിന്നശേഷി സദനം | ഒരു മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ-<br>6 മാസം<br>മറ്റൊരു മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർ-<br>1 വർഷം |
| 6 | വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ | ഒരു സൈക്കോസോഷ്യൽ കൗൺസിലറും ഒരു കമ്പ്യൂട്ടർ ഇൻസ്ട്രക്ടറും 03-01-2023 മുതൽ സേവനം ആരംഭിച്ചു. |

| | | |
|---|---|---|
| 7 | ആശാ ഭവൻ മെൻ | 2 മൾട്ടി ടാസ്ക് കെയർ പ്രൊവൈഡറും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും 6 മാസമായി തുടരുന്നു. |
| 8 | ആശാ ഭവൻ വുമൺ | 3 മൾട്ടി ടാസ്ക് കെയർ പ്രൊവൈഡറും ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും 1 വർഷമായി തുടരുന്നു. |

(സി) ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത ജീവനക്കാരെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സർക്കാർ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ (ദിവസ വേതന/കരാർ) നിയമിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് സാമൂഹ്യനീതി വകുപ്പിൽ താൽക്കാലിക അടിസ്ഥാനത്തിൽ (ദിവസ വേതന/കരാർ) നിയമനം നടത്താറുള്ളത്.

ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (പുണ്യഭവൻ) എന്ന സ്ഥാപനത്തിലെ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം മാത്രമാണ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുള്ളത്. ആയത്

ഒഴികെ മറ്റ് തസ്തികകളിലെ നിയമനങ്ങൾ കരാറടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്.

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തിവരുന്ന പദ്ധതികളിലെ കുടിശിക

163 (3587)<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളവരിൽ അർഹരായവർക്ക് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പദ്ധതികളുടെ ഇനം തിരിച്ച് ലഭ്യമാക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടത്തിവരുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായം സംബന്ധിച്ചുള്ള വിവരങ്ങൾ പദ്ധതികളുടെ ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

## ആശ്വാസ കിരണം പദ്ധതി

164 (3588) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതിയിൽ ഏത് തീയതി വരെ അപേക്ഷ നൽകിയവർക്കാണ് ഇപ്പോൾ ധനസഹായം നൽകിവരുന്നതെന്ന് അറിയിക്കാമോ?

2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര മാസത്തെ ധനസഹായമാണ് നൽകുവാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

2022-2023 സാമ്പത്തിക വർഷത്തിൽ ആശ്വാസ കിരണം പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യ ഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800 രൂപ ചെലവഴിച്ച് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിൽ 4 മാസത്തെയും ധനസഹായം ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34965 ഗുണഭോക്താക്കൾക്ക് 2022 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സാമൂഹ്യക്ഷേമ പെൻഷൻ

165(3589)ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഈ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിൽനിന്നും പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല. സാമൂഹ്യ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ബന്ധപ്പെട്ട ഭരണ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നാണ് സമർപ്പിക്കേണ്ടത്.

## വി കെയർ പദ്ധതി

166 (3590) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പിലാക്കുന്ന വി കെയർ പദ്ധതിയുടെ

വിപുലീകരണത്തിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വി കെയർ പദ്ധതിയുടെ വിപുലീകരണം സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) മട്ടന്നൂർ മണ്ഡലത്തിലെ ഷനിൽ പി. പി., പുതിയപുരയിൽ ഹൗസ്, എടയന്നൂർ എന്ന ആൾ ചികിത്സാ ധനസഹായത്തിനുവേണ്ടി വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ. ഷനിൽ പി. പി., പുതിയ പുരയിൽ ഹൗസ്, എടയന്നൂർ എന്ന വ്യക്തി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി സമർപ്പിച്ച അപേക്ഷയിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി അപേക്ഷകനെ ഫോൺ മുഖാന്തരം ബന്ധപ്പെട്ടപ്പോൾ ടിയാന്റെ ശസ്ത്രക്രിയ 14-12-2021-ൽ അമൃത ഹോസ്പിറ്റലിൽ വച്ച് കഴിഞ്ഞുവെന്ന വിവരം ലഭിച്ചിരുന്നു. വി കെയർ പദ്ധതി മാനദണ്ഡപ്രകാരം റീഇംബേഴ്സ്മെന്റ് വ്യവസ്ഥ നിലവിലില്ലാത്തതിനാൽ ശസ്ത്രക്രിയയ്ക്ക് ചെലവായ തുക അനുവദിച്ചു നൽകുവാൻ കഴിയാത്ത സ്ഥിതി ഫോൺ മുഖാന്തരം അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**ചികിത്സാസഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിച്ച അപേക്ഷകൾ**

167 (3591) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽനിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ലഭിച്ച ആകെ അപേക്ഷകൾ, സഹായം അനുവദിച്ച അപേക്ഷകൾ, ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ഏതെങ്കിലും നിരസിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽനിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**ഹസ്തദാനം പദ്ധതി**

168 (3592)<u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭിന്നശേഷിക്കാരായ 12 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 20,000 രൂപ സ്ഥിര നിക്ഷേപം നൽകുന്ന പദ്ധതിയായ ഹസ്തദാനം നിലവിലുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യനീതി വകുപ്പിന് കീഴിൽ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തരം ഒരുലക്ഷം രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ളതും 50% അല്ലെങ്കിൽ അതിൽ കൂടുതൽ തീവ്രഭിന്നശേഷിത്വമുള്ള 12 വയസ്സുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 20,000/- രൂപ സ്ഥിര നിക്ഷേപം നൽകുന്ന ഹസ്തദാനം എന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൻപ്രകാരം 2022-2023 സാമ്പത്തിക വർഷം നാളിതുവരെ 189 കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

**ആശ്വാസകിരണം പദ്ധതി**

169(3593) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസകിരണം പദ്ധതിയിൽ പെൻഷൻ ലഭിക്കുന്ന എത്ര ഗുണഭോക്താക്കളുണ്ടെന്ന് അറിയിക്കാമോ?

ആശ്വാസകിരണം പദ്ധതി ഗുണഭോക്താക്കളിൽ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34965 പേർക്കാണ് ഇപ്പോൾ ആനുകൂല്യം അനുവദിച്ചു നൽകിയിട്ടുള്ളത്.

(ബി) ഏത് തീയതി വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്; അറിയിക്കാമോ;

(സി) പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി & സി) 2022-23 സാമ്പത്തിക വർഷത്തിൽ ആശ്വാസകിരണം പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിൽ 4 മാസത്തെയും ധനസഹായം 2022 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ**

170 (3594) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവി ശക്തിയില്ലാത്ത കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിന് സഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; 2016-നുശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ?

കേൾവി ശക്തിയില്ലാത്ത കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കേൾവി/സംസാര ശേഷി ലഭ്യമാക്കുന്ന ‘ ശ്രുതിതരംഗം’ പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നുണ്ട്. ശ്രുതിതരംഗം പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നില്ല. സർജറിക്ക് ആവശ്യമായ ഇംപ്ലാന്റ് കമ്പനിയിൽനിന്നും വാങ്ങി ആശുപത്രികൾക്ക് ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്. 2016-17 മുതൽ നാളിതുവരെയുള്ള പദ്ധതി ഗുണഭോക്താക്കളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്നേഹപൂർവ്വം പദ്ധതി നിലവിലുണ്ടോ; 2016-നുശേഷം പ്രസ്തുത പദ്ധതിപ്രകാരം എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ?

സ്നേഹപൂർവ്വം പദ്ധതി നിലവിലുണ്ട്. 2016-നുശേഷം സ്നേഹപൂർവ്വം പദ്ധതി പ്രകാരം 222741 പേർക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനായി 12814.41 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 30538 അപേക്ഷകൾ പരിഗണനയിലുണ്ട്.

(സി) സമാശ്വാസം പദ്ധതി നിലവിലുണ്ടോ; 2016-നുശേഷം പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ?

കേരളസാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന സമാശ്വാസം പദ്ധതി നിലവിലുണ്ട്. 2016-നുശേഷം പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. +

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ആശ്വാസകിരണം പദ്ധതി നിലവിലുണ്ടോ; 2016-നുശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ?

കേരളസാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന ആശ്വാസകിരണം പദ്ധതി നിലവിലുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്കായി 9,86,20,800/- രൂപ ചെലവഴിച്ച് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിൽ 4 മാസത്തെയും ധനസഹായം 2022 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2018 ഏപ്രിൽ മുതൽ ഇതുവരെ 62282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2016-നുശേഷം പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുള്ളവരുടെ വർഷം തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) താലോലം പദ്ധതി നിലവിലുണ്ടോ; 2016-നശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര തുക നൽകിയെന്നും നിലവിൽ എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ?

ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതരരോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി കേരളസാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം സൗജന്യ ചികിത്സയാണ് അനുവദിക്കുന്നത്. ചികിത്സയ്ക്ക് ആവശ്യമായ തുക ബന്ധപ്പെട്ട ആശുപത്രികൾക്കാണ് നൽകുന്നത്. ചികിത്സിക്കുന്ന ആശുപത്രിയിൽ സേവനത്തിനുള്ള കൗൺസിലർ മുഖേന പദ്ധതി സേവനം ലഭിക്കുന്നതാണ്. പരിഗണനയിലുള്ള അപേക്ഷയുടെ വിശദാംശം ബന്ധപ്പെട്ട ആശുപത്രിയിലാണ് സൂക്ഷിക്കുന്നത്. 2016-17 മുതൽ ആശുപത്രികൾക്ക് അനുവദിച്ചു നൽകിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## സാമൂഹ്യ സുരക്ഷാ പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

171 (3595) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സാമൂഹ്യനീതി വകുപ്പും വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് എന്നീ വകുപ്പുകളിൽ നടപ്പാക്കി വരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2022-23 വർഷം ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും 2023 ജനുവരി 31 വരെ ഇതിനായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ 2022-23 വർഷം ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക-1300 ലക്ഷം രൂപ. 2023 ജനുവരി 31 വരെ 208.10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (2022-23-ൽ ആകെ ലഭ്യമായ തുക 369.88 ലക്ഷം രൂപ. )

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിൽ 2022-23 സാമ്പത്തിക വർഷം 220 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023 ജനുവരി 31 വരെ 88,81,471 രൂപ ചെലവഴിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്തലത്തിൽ വിവിധ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം ആകെ 5910 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2023 ജനുവരി 31 വരെ 2350 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2022-23 വർഷം ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും 2023 ജനുവരി 31 വരെ ഇതിനായി ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായിചേർക്കുന്നു.+

**കോതമംഗലം മണ്ഡലത്തിലെ ആശ്വാസകിരണം പദ്ധതി**

172 (3596) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവരേയും കിടപ്പിലായ രോഗികളേയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയുടെ ഭാഗമായി എത്ര രൂപയാണ് അനുവദിക്കുന്നത്; ഇതിന്റെ നടപടിക്രമം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോതമംഗലം താലൂക്കിൽ ഇത്തരത്തിൽ എത്ര പേർക്ക് ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കോതമംഗലം താലൂക്കിൽ  ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 104 ഗുണഭോക്താക്കൾക്ക് 2022 സെപ്തംബറിൽ 5 മാസത്തെ  ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കോതമംഗലം താലൂക്കിൽനിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ?

പുതിയ അപേക്ഷകൾ താലൂക്ക് അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) അവശേഷിക്കുന്ന അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**ആശ്വാസകിരണം പദ്ധതി**

173 (3597) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയുടെ ലക്ഷ്യം എന്താണെന്ന് വ്യക്തമാക്കാമോ?

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ

മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി, പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

(ബി) ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ആനുകൂല്യം ഏത് തീയതി വരെയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി നിലവിലുണ്ട്.

2022-2023 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,86,20,800/- രൂപ ചെലവഴിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 5 മാസത്തെയും ബാക്കി ജില്ലകളിൽ 4 മാസത്തെയും ധനസഹായം 2022 സെപ്റ്റംബർ മാസത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

## ആലപ്പുഴ മണ്ഡലത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ കേന്ദ്രം

174 (3598) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ മണ്ഡലത്തിൽ മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പുനരധിവാസ കേന്ദ്രം പദ്ധതിക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പദ്ധതിക്കായി ആലപ്പുഴ ജില്ലയിലെ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് സഹിതം ബഹു. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ 30-01-2023 തീയതിയിൽ സമർപ്പിച്ച കുറിപ്പ് തുടർനടപടികൾക്കായി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകുകയുണ്ടായി. ആയതിൻപ്രകാരം ഈ വിഷയത്തിലുള്ള തുടർനടപടികൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സാമൂഹ്യനീതി ഡയറക്ടറേറ്റിൽനിന്നും വിശദമായ പ്രൊപ്പോസൽ ആവശ്യമായ അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2022-2023 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം- 2 വാല്യം 2-ൽ ക്രമ നമ്പർ 120-ആയി "മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസകേന്ദ്രനിർമ്മാണം, ഓട്ടോകാസ്റ്റിന് സമീപം" എന്ന പദ്ധതിക്കായി സാമൂഹ്യനീതി വകുപ്പിന് 2,00,00,000/- രൂപ അടങ്കൽ തുകയായി നിശ്ചയിച്ച് 2022-2023 സാമ്പത്തിക വർഷം 40,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത 40,00,000/- രൂപ 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിലെ 5054-80-800-66-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 52,40,53,000/- രൂപയിൽനിന്ന് കണ്ടെത്താവുന്നതാണെന്ന് മേൽപ്പറഞ്ഞ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പരാമർശിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

175 (3599) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ആനുകൂല്യങ്ങൾ നൽകിവരുന്നതെന്ന വിവരങ്ങൾ പദ്ധതികൾ തരംതിരിച്ച് വിശദമാക്കാമോ?

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ആനുകൂല്യങ്ങൾ നൽകിവരുന്നതെന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പാറശ്ശാല മണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾ പ്രകാരം എത്രപേർക്ക് ആനുകൂല്യം നൽകുന്നുണ്ടെന്നും ആയതിന്റെ വിശദാംശവും പദ്ധതി, തുക, പഞ്ചായത്ത് എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ പദ്ധതി, തുക, പഞ്ചായത്ത് എന്നിങ്ങനെ തരംതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

176 (3600) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന 44 അങ്കണവാടികളുണ്ട്. പ്രസ്തുത അങ്കണവാടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## ആശ്വാസ കിരണം പദ്ധതി

177(3601) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും ശാരീരിക വൈകല്യം ബാധിച്ചവരേയും കാൻസർ രോഗികളെയും പരിചരിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായികൾക്ക് ആശ്വാസ കിരണം പദ്ധതിയിൽ ധനസഹായം വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(എ & ബി) മാനസിക വെല്ലുവിളികൾ നേരിടുന്നവരേയും ശാരീരിക വൈകല്യം ബാധിച്ചവരെയും കാൻസർ രോഗികളെയും പരിചരിക്കുന്ന സഹായികൾക്ക് ആശ്വാസകിരണം പദ്ധതിയിൽ ധനസഹായം വിതരണം ചെയ്യുന്നുണ്ട്. 11-10-2012-ലെ സ.ഉ.(എം.എസ്) നം.60/2012/സാ.ക്ഷേ.വ ഉത്തരവുപ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽപാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത, പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പുനരാരംഭിക്കാൻ കഴിയും; സഹായധനം വർദ്ധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ആശ്വാസകിരണം പദ്ധതിപ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് നിലവിൽ ധനസഹായം നൽകിവരുന്നുണ്ട്. 2022-2023 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 42.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിലെ ആദ്യഗഡുവായി ലഭിച്ച 10 കോടി രൂപയിൽ 9,86,20,800 രൂപ ചെലവഴിച്ച് 7 ജില്ലകളിൽ 5 മാസത്തെ കുടിശ്ശികയും ബാക്കി 7 ജില്ലകളിൽ 4 മാസത്തെ കുടിശ്ശികയും ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 34,965 ഗുണഭോക്താക്കൾക്ക് ധനസഹായമായി അവരുടെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്തു. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പ്രതിമാസം 525/- രൂപയായിരുന്ന ആശ്വാസകിരണം പദ്ധതി ധനസഹായം 21-10-2016-ലെ സ.ഉ (എം.എസ്.) നം. 51/2016/സാ.നീ.വ. പ്രകാരം 600/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത തുക വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

## ഭിന്നശേഷിക്കാർക്കുള്ള മൂന്നുവീൽ സ്കൂട്ടർ പദ്ധതി

178 (3602) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് മൂന്നുവീൽ സ്കൂട്ടർ അനുവദിക്കുന്ന പദ്ധതിയിൽ സ്കൂട്ടർ ലഭിക്കുന്നതിന് ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന സുന്ദരൻ സി., ചൂരിവീട്, മേലാടി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി മേലാടി സ്വദേശി ചൂരിവീട് ശ്രീ. സുന്ദരൻ സി., തനിക്ക് മൂന്ന് വീൽ സ്കൂട്ടർ ലഭിക്കുന്നതിനായി 15-07-2022 തീയതിയായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുമ്പാകെ നേരിട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അപേക്ഷ സമർപ്പിച്ചവർക്ക് മുച്ചക്ര സ്കൂട്ടർ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ പുരോഗമിച്ച് വരികയാണ്. സ്കൂട്ടർ വാങ്ങൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മുൻഗണനാക്രമത്തിൽ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി

അപേക്ഷകനായ ശ്രീ. സുന്ദരൻ സി.-യുടെ അപേക്ഷയിലും തീർപ്പ് കല്പിക്കുന്നതാണ്.

**വയോജന കമ്മീഷൻ**

179(3603) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന ക്ഷേമം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പരിഗണനയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധന നടന്നുവരുന്നു.

(ബി) വയോജന കമ്മീഷന്റെ രൂപീകരണത്തിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിലേയ്ക്ക് ഉപയുക്തമാക്കുന്നതിലേയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേയ്ക്കും വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തുന്നതിനും ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയമാണ് പരിഗണനയിലുള്ളത്.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനം

180 (3604)ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിഷാന്ത് എന്ന വ്യക്തിക്ക് സാമൂഹ്യ സുരക്ഷാ മിഷൻ തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എന്തൊക്കെ സാമഗ്രികൾ വാങ്ങാനാണ് തുക കൈമാറിയതെന്ന് വ്യക്തമാക്കാമോ?

തുക നൽകിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു വ്യക്തിക്ക് തുക നൽകുന്നത് ചട്ടപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 04-04-2020-ലെ സ.ഉ.(സാധാ)09/2020/എസ്.പി.ഡി., 03-05-2021-ലെ സ.ഉ.(സാധാ) 14/2021/എസ്.പി.ഡി. എന്നീ ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് വരുത്തിയിരുന്നു.

(സി) പ്രസ്തുത വ്യക്തി സമർപ്പിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പർച്ചേസിന്റെ നോട്ട് ഫയൽ ലഭ്യമാക്കാമോ?

നോട്ട് ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഇ) പതിനയ്യായിരം രൂപയിൽ കൂടുതലുള്ള പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ നിർബന്ധമാണെന്നിരിക്കെ ഒരു വ്യക്തിക്ക് പർച്ചേസിന്റെ അധികാരം നൽകിയതിന്റെ കാരണം വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 04-04-2020-ലെ സ.ഉ.(സാധാ)09/2020/എസ്.പി.ഡി., 03-05-2021-ലെ സ.ഉ.(സാധാ) 14/2021/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് വരുത്തിയിരുന്നു.

## സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സ്ഥാപിച്ച കിയോസ്കുകൾ

181 (3605) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷാ മിഷൻ ഏതൊക്കെ സ്ഥാപനങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 100 കിയോസ്കുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) അപ്രകാരം കിയോസ്കുകൾ സ്ഥാപിക്കാനായി സാമൂഹ്യ സുരക്ഷാമിഷൻ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ തീയതികളിൽ എത്ര രൂപ നൽകി എന്ന വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത തുക നൽകിയത് സംബന്ധിച്ച ബില്ലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

കെ.എസ്.എസ്.എം.-ൽ നിന്നും ലഭ്യമായ ബില്ലിന്റെ പകർപ്പുകൾ അനുബന്ധമായി + ചേർക്കുന്നു.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കെ.എസ്.എസ്.എം-ൽനിന്നും ലഭ്യമായ നോട്ട് ഫയലിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

## ഫേസ്ബുക്ക് അക്കൗണ്ടുകൾ പ്രൊമോട്ട് ചെയ്യാൻ സാമൂഹ്യ സുരക്ഷാ മിഷൻ ചെലവഴിച്ച തുക

182 (3606) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഏതൊക്കെ ഫേസ്ബുക്ക് അക്കൗണ്ടുകൾ പ്രൊമോട്ട് ചെയ്യാൻ സാമൂഹ്യ സുരക്ഷാ മിഷൻ തുക ചെലവഴിച്ചു; വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി " Break the Chain" എന്ന ഫേസ് ബുക്ക് പേജ് പ്രൊമോട്ട് ചെയ്യാനായി 50,059/- രൂപ (അൻപതിനായിരത്തി അൻപത്തൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**കൂത്തുപറമ്പ് ജെൻഡർ കോംപ്ലക്സ് നിർമ്മാണം**

183 (3607) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ ജെൻഡർ കോംപ്ലക്സ് നിർമ്മാണത്തിനായി 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ 8 ലക്ഷം രൂപ വകയിരുത്തിയെങ്കിലും പ്രസ്തുത നിർമ്മാണം യാഥാർത്ഥ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സാമൂഹ്യനീതി വകുപ്പിനുകീഴിലെ ശീർഷകത്തിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ 400 ലക്ഷം രൂപ അടങ്കൽ തുകയിൽ ജെൻഡർ കോംപ്ലക്സ് നിർമ്മിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും ലഭ്യമാക്കുവാൻ വനിത-ശിശു വികസന വകുപ്പ്

ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കായുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ചുമതല ഏത് വകുപ്പിനാണെന്നത് സംബന്ധിച്ച് അവ്യക്തതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

2019-ൽ സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം എന്നിവ ഉൾപ്പെടുത്തി വനിത-ശിശു വികസന വകുപ്പ് രൂപീകരിക്കുകയും മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ ക്ഷേമം, മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും വകുപ്പ് വിഭജനം നടന്നിട്ടുള്ളതാണ്. വകുപ്പ് വിഭജനത്തിനുശേഷം ജെൻഡർ കോംപ്ലക്സുകളുടെ നിർമ്മാണം വനിത ശിശുവികസന വകുപ്പിന്റെ ചുമതലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ബഡ്ജറ്റിൽ നിർദ്ദിഷ്ട പ്രോജക്റ്റ് സാമൂഹ്യനീതി വകുപ്പ് നിർവ്വഹിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഈ വിഷയം നിലവിൽ സാമൂഹ്യനീതി വകുപ്പിലാണ് കൈകാര്യം ചെയ്തുവരുന്നത്.

(സി) പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ?

ജെൻഡർ കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വിശദമായ എസ്റ്റിമേറ്റും ഡി.പി.ആർ-ഉം.സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വനിത ശിശുവികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ?

കൂത്തുപറമ്പ് ജെൻഡർ കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങളില്ല. ജെൻഡർ കോംപ്ലക്സ് നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള വിശദമായ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം സഹിതം പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി ആരംഭിക്കുന്നതാണ്.

**ഓർഫനേജ് കൺട്രോൾ ബോർഡിലെ വോളന്റിയേഴ്സിന്റെ ശമ്പളം**

184 (3608) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർഫനേജ് കൺട്രോൾ ബോർഡിലെ വോളന്റിയേഴ്സിന്റെ നിലവിലെ ശമ്പളം എത്ര; ഇത് വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര വോളന്റിയേഴ്സുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

(എ&ബി) ഓർഫനേജ് കൺട്രോൾ ബോർഡിൽ വോളന്റിയേഴ്സ് പ്രവർത്തിച്ചുവരുന്നില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർക്കായി ചെലവഴിച്ചിട്ടുള്ള തുക**

185 (3609) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ?

മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി നാളിതുവരെ

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആകെ 446,28,38,884/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

എ) <u>കാസർഗോഡ് ജില്ലാ കളക്ടറേറ്റ് മുഖാന്തരം</u>

1. ബഹു. സുപ്രീംകോടതി വിധിപ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള 5,00,000/- രൂപയുടെ ധനസഹായം- 268,34,00,000/- രൂപ

2. വായ്പ എഴുതിത്തള്ളൽ പദ്ധതി- 5,62,38,884/- രൂപ

3. ചികിത്സാ ധനസഹായ പദ്ധതി- 95,00,00,000/- രൂപ (സ്റ്റേറ്റ് ഫണ്ട്)

ബി) <u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം</u>

1. സ്നേഹസാന്ത്വനം പ്രതിമാസ പെൻഷൻ പദ്ധതി- 70,21,00,000/- രൂപ

2. സ്പെഷ്യൽ ആശ്വാസകിരണം -എൻഡോസൾഫാൻ ദുരിതബാധിതരെ പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി - 5,04,00,000/-രൂപ.

3. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായ പദ്ധതി - 2,07,00,000/- രൂപ

(ബി) പ്രസ്തുത ആവശ്യത്തിന് കേന്ദ്ര സർക്കാരിൽ നിന്നോ എൻഡോസൾഫാൻ കമ്പനിയിൽ നിന്നോ സർക്കാരിന് തുക ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എൻഡോസൾഫാൻ നിർമ്മാണ കമ്പനിയിൽനിന്നും പ്രസ്തുത ആവശ്യത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. 2011 മുതൽ 2022 വരെയുള്ള വിവിധ കാലയളവിൽ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം) കാഞ്ഞങ്ങാട് കാര്യാലയം മുഖേന എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സൗജന്യ ചികിത്സാ സഹായത്തിന് 28,43,65,000/- രൂപ മാത്രമാണ് കേന്ദ്ര സർക്കാരിന്റെ ധനസഹായമായി ലഭിച്ചിട്ടുള്ളത്.

എന്നാൽ 2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി നാളിതുവരെ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് കേരള സർക്കാർ വിവിധ ഇനങ്ങളിലായി ആകെ 446,28,38,884/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാരുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി**

186 (3610) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ളവരുടെ പെൻഷൻ മൂവായിരം രൂപയായി വർദ്ധിപ്പിച്ച് എല്ലാ മാസവും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ നൽകി വരുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പ്രതിമാസം 1,600/- രൂപയാണ്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പെൺമക്കളുടെ വിവാഹത്തിന് വരുമാനപരിധിയില്ലാതെ ഒരുലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കിടപ്പുരോഗികളും വീട്ടിൽ നിന്ന് പുറത്ത് കടക്കാൻ കഴിയാത്തവരുമായ ഭിന്നശേഷിക്കാരുടെ വരുമാന സർട്ടിഫിക്കറ്റും ലൈഫ് സർട്ടിഫിക്കറ്റും ഹാജരാക്കണമെന്ന നിബന്ധന മാനുഷിക പരിഗണന നൽകിക്കൊണ്ട് ഒഴിവാക്കുകയോ ഇളവുകൾ നൽകുന്നതിനോ നടപടി സ്വീകരിക്കുമോ?

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പരിണയം പദ്ധതി പ്രകാരമുള്ള ധനസഹായം 2018-ലാണ് 30,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളത്. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

ഏറ്റവും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിനും അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നില്ലെന്ന്

ഉറപ്പാക്കാൻ വേണ്ടിയുമാണ് വരുമാന സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ നിഷ്കർഷിച്ചിട്ടുള്ളത്. എല്ലാത്തരം സാമൂഹ്യ സുരക്ഷ പെൻഷനുകളും അനുവദിക്കുന്നതിനുള്ള വരുമാന പരിധി ഒരുലക്ഷം രൂപ ആകയാൽ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിൽനിന്നും കിടപ്പുരോഗികളായ ഭിന്നശേഷിക്കാരെ ഒഴിവാക്കാനാകില്ല.

(സി) കിടപ്പുരോഗികളായ ഭിന്നശേഷിക്കാർക്കും അവരുടെ കിടപ്പിലായ ആശ്രിതർക്കും കിടപ്പുപകരണങ്ങളും കട്ടിലും വാട്ടർ കിടക്കകളും നൽകാനും അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

കിടപ്പുരോഗികളായവർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി വാട്ടർ ബെഡ്, എയർ ബെഡ്, മറ്റ് സഹായ ഉപകരണങ്ങൾ എന്നിവ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സൗജന്യമായി നൽകിവരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി കിടപ്പുരോഗികൾക്കും 60 വയസ്സ് കഴിഞ്ഞവർക്കും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇത്തരം രോഗികൾക്ക് കിടപ്പുപകരണങ്ങളും വാട്ടർ ബെഡ് എന്നിവ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട് .

(ഡി) കിടപ്പുരോഗികളും വീട്ടിൽനിന്നും പുറത്ത് കടക്കാൻ കഴിയാത്തവരുമായ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് വീട്ടിൽവന്ന് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി. കാർഡ് എല്ലാ ആനുകൂല്യം ലഭിക്കുന്നതിനുള്ള ആധികാരിക രേഖയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുമോ?

മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നത് ആരോഗ്യ വകുപ്പുമുഖേനയാണ്. മെഡിക്കൽ ബോർഡ് കൂടിയാണ് സർട്ടിഫിക്കറ്റനുവദിക്കുന്നത്. കേരള സാമൂഹ്യ സുരക്ഷ മിഷൻ (KSSM) 2022-23 വർഷത്തിൽ സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID ലഭ്യമാക്കുന്നതിനുള്ള ഒരു സ്പെഷ്യൽ ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ പിന്തുണയോടെ വികേന്ദ്രീകൃത ക്യാമ്പുകളിലൂടെ വൈകല്യങ്ങൾ വിലയിരുത്തൽ, UDID കാർഡുകൾ ജനറേറ്റ് ചെയ്യൽ എന്നിവ ഒരേദിവസംതന്നെ നടത്തുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷ മിഷൻ സ്വീകരിച്ചുവരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം ഇത്തരത്തിൽ 81 ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബയോമെട്രിക് മസ്റ്ററിംഗിനായി അക്ഷയ കേന്ദ്രങ്ങളിലെത്താൻ കഴിയാത്ത കിടപ്പുരോഗികൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധജനങ്ങൾ എന്നിവർ പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അറിയിക്കുന്നപക്ഷം അക്ഷയ കേന്ദ്രം പ്രതിനിധികൾ ഗുണഭോക്താവിന്റെ വീട്ടിലെത്തി സർക്കാർ ചെലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനും വിവിധ കാലയളവുകളിൽ അവസരം നൽകിയിരുന്നു. നിലവിൽ ഇതിനുള്ള ചെലവ് ഗുണഭോക്താവ്തന്നെ വഹിക്കണം. ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനായി ഗുണഭോക്താവ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പോകേണ്ടതില്ല മറിച്ച് ആരെങ്കിലും വഴി എത്തിച്ചാൽ മതിയാകും.

നിലവിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കും ആനുകൂല്യങ്ങൾക്കും യു.ഡി.ഐ.ഡി കാർഡ്/മെഡിക്കൽ സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷനായ വികലാംഗ പെൻഷൻ അനുവദിക്കുന്നതിന് സ്ഥിര വൈകല്യം എന്ന് രേഖപ്പെടുത്തിയ യു.ഡി.ഐ.ഡി. കാർഡ് ആധികാരിക രേഖയാണ്.

സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതുആധികാരിക രേഖയായി UDID Card അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് അവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് നിലവിൽ പാർപ്പിട സൗകര്യം ലഭ്യമാക്കി വരുന്നത്. ലൈഫ് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച 27-07-2020-ലെ സ.ഉ.(കൈ) നം. 112/2020/തസ്വഭവ നമ്പർ ഉത്തരവിൽ 40%-ത്തിലേറെ ഭിന്നശേഷിത്വമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ അർഹതാ മാനദണ്ഡങ്ങൾക്കായി പരിഗണിക്കുന്ന ക്ലേശഘടകങ്ങളിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല, ലൈഫ് പദ്ധതിയിൽ ഭവനരഹിത, ഭൂരഹിത- ഭവനരഹിത അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ഭൂമിയും വീടും നൽകുമ്പോൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാർക്ക് 2016-ലെ ഭിന്നശേഷി അവകാശനിയമം ഉറപ്പുനൽകുംപ്രകാരം മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് വർദ്ധിപ്പിച്ച് പഠന സൗകര്യങ്ങൾ നൽകി താമസസൗകര്യത്തോടുകൂടി പഠനം നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുക?

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പിൽക്കൂടി നൽകിവരുന്ന ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് 17-01-2023-ലെ സ.ഉ.(സാധാ) നം. 86/2023/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം വരുമാന പരിധി ഉപാധിയില്ലാതെ ഈ സ്കോളർഷിപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ ഭിന്നശേഷി വിദ്യാർത്ഥികൾക്കും മുഴുവൻ ഫീസും

അതോടൊപ്പംതന്നെ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ ഹോസ്റ്റൽ തുകയും (പരമാവധി പ്രതിമാസം 6,000/- രൂപ), ഹോസ്റ്റൽ സൗകര്യം ഉപയോഗിക്കാത്ത വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റായി 4,000/- രൂപയും നൽകിവരുന്നു.

എ.ഐ.സി.ടി.ഇ. അംഗീകൃത സ്ഥാപനങ്ങളിൽ ഏതെങ്കിലും ടെക്നിക്കൽ ഡിഗ്രി/ഡിപ്ലോമ കോഴ്സുകളുടെ ഒന്നാംവർഷത്തിൽ പ്രവേശനം നേടിയ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് കീഴിൽ ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നടപ്പിലാക്കുന്ന എ.ഐ.സി.ടി.ഇ. സാക്ഷം സ്കോളർഷിപ്പ് പദ്ധതി പ്രകാരം പഠനത്തിന് പ്രതിവർഷം 50,000/- രൂപ സ്കോളർഷിപ്പ് നൽകി വരുന്നു.

(ജി) ഉന്നത വിദ്യാഭ്യാസത്തിന് ഭിന്നശേഷിക്കാരുടെ മക്കൾക്ക് പത്ത് ശതമാനം സംവരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ സ്ഥാപനങ്ങളിലും സർക്കാരിൽനിന്നും സഹായം ലഭിക്കുന്ന സ്ഥാപനങ്ങളിലും ഉന്നതവിദ്യാഭ്യാസത്തിനായി 5%-ൽ കുറയാത്ത സീറ്റുകൾ ബെഞ്ച്മാർക്ക് ഡിസെബിലിറ്റിയുള്ള ഭിന്നശേഷിക്കാർക്കായി 2016-ലെ ഭിന്നശേഷി അവകാശ നിയമം സെക്ഷൻ 32 പ്രകാരം സംവരണം

ചെയ്തിട്ടുണ്ട്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് 5% സംവരണം നടപ്പിലാക്കി 03-09-2022-ലെ സ.ഉ.(കൈ) നം. 438/2022/HEDN പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സംവരണം അനുവദിക്കുന്ന വിഷയം പരിഗണനയിലില്ല.

**സാമൂഹ്യനീതി വകുപ്പിൽ നിന്നുമുള്ള ധനസഹായം**

187 (3611) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. റോഷൻ മാത്യു, കമുകും പാറയിൽ വീട്, ഉഴവൂർ, ഉഴവൂർ ഈസ്റ്റ് പി.ഒ, മീനച്ചൽ, കോട്ടയം എന്ന വൃക്ക രോഗി സാമൂഹ്യനീതി വകുപ്പിൽ നിന്നുമുള്ള ധനസഹായത്തിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത രോഗിക്ക് ധനസഹായം നൽകുന്നതിന് സാമൂഹ്യനീതി വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; ഇക്കാര്യത്തിൽ ഉണ്ടായ നടപടികൾ ബന്ധപ്പെട്ട എം.എൽ.എ.യെയും, വ്യക്തിയെയും അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ&ബി) കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന വൃക്ക രോഗികൾക്കായി സമാശ്വാസം- 1, 2 എന്നീ പദ്ധതികൾ 2013 മുതൽ നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ 15-1-2021 വരെ അപേക്ഷയും ലൈഫ് സർട്ടിഫിക്കറ്റും മറ്റ് ആധികാരിക രേഖകളും സമർപ്പിച്ചിട്ടുള്ളവർക്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. എന്നാൽ പ്രസ്തുത ലിസ്റ്റിൽ ശ്രീ. റോഷൻ മാത്യുവിന്റെ അപേക്ഷ ഉൾപ്പെട്ടതായി കാണുന്നില്ല എന്ന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ അറിയിച്ചിട്ടുണ്ട്.

**ചികിത്സ ധനസഹായം**

188 (3612) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും ചികിത്സ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ആകെ ലഭിച്ച അപേക്ഷകൾ, അതിൽ സഹായം അനുവദിച്ച അപേക്ഷകൾ, ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണം അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും ചികിത്സ സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും നിരസിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും ചികിത്സ സഹായത്തിനായി സാമൂഹ്യ സുരക്ഷ മിഷനിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

**വയോജന ക്ഷേമം**

189 (3613) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന പരിപാലനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വയോജന പരിപാലനത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വടകര താലൂക്കിൽ വയോജന പരിപാലനം ഏതൊക്കെ കേന്ദ്രങ്ങളിലാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വടകര താലൂക്കിൽ സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ വടകര മണ്ഡലത്തിലെ വളയം പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പകൽ വീട്, സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ സായംപ്രഭ ഹോമായി പ്രവർത്തിച്ചുവരുന്നുണ്ട്.

വടകര താലൂക്കിൽ വയോമിത്രം പദ്ധതിയുടെ ക്ലിനിക്കുകൾ ചുവടെ പറയുന്ന 21 കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു.

1. കുരിയാടി സെന്റർ
2. കൈരളി വായനശാല, പഴങ്കാവ്,
3. ജനകീയ വായനശാല, നടോൽ
4. അഴിത്തല മദ്രസ്സ
5. പുതിപ്പണം ഗ്രന്ഥാലയം - കലാസമിതി, പാലോളിപ്പാലം
6. ഹെൽത്ത് സെന്റർ, ഹാശ്മി നഗർ പണിക്കോട്ടി
7. കുട്ടൻകുളങ്ങര അങ്കണവാടി
8. എ.കെ.ജി. വായനശാല, അറക്കിലാട്
9. ഫൽഗുണൻ വായനശാല, പുറങ്കര
10. സലഫി സെന്റർ, കറുകയിൽ

11. കമ്മ്യൂണിറ്റിഹാൾ, പുതിയാപ്പ്

12. ലയൺസ് ക്ലബ്ബ് ഹാൾ, തെരുവത്ത്

13. ഡയറ്റ് സെന്റർ, പുത്തൂർ

14. പീപ്പിൾസ് ലൈബ്രറി, മേപ്പയിൽ

15. നവഭാവന കലാസമിതി, കണ്ണങ്കുഴി

16. പാർക്ക് റോഡ്, അംഗൻവാടി

17. വെള്ളുത്തമല വായനശാല

18. പ്രതീക്ഷാ ഗ്രന്ഥാലയം, അങ്ങാടിത്താഴെ

19. പി. കെ. ശങ്കരൻസ്മാരക വായനശാല, കോട്ടക്കടവ്

20. ജെ.ബി. സ്കൂൾ, മാക്കുൽ

21. വിവ സ്കൂൾ, പെരുവാട്ടം താഴെ

(സി) എത്ര വയോജനങ്ങൾക്ക് ഈ കേന്ദ്രങ്ങൾവഴി മികച്ച പരിചരണം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

വയോമിത്രം പദ്ധതിയുടെ മൊബൈൽ ക്ലിനിക്കിന്റെ സേവനം വടകര നഗരസഭയിൽ 3389 പേർക്ക് ലഭ്യമാകുന്നുണ്ട്.

(ഡി) ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം മികച്ച രീതിയിൽ നടത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ?

വടകര നഗരസഭയിൽ വയോമിത്രം പദ്ധതിയുടെ 21 ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ വയോജനങ്ങൾക്ക് ഡോക്ടറുടെ സേവനം, മരുന്നുകൾ, കൗൺസലിംഗ്, വാതിൽപ്പടി സേവനം എന്നിവയ്ക്ക് പുറമെ നഗരസഭയുമായി ചേർന്നുകൊണ്ട് വയോജനങ്ങൾക്ക് ഹെൽത്ത് അവയെർനസ്സ് ക്ലാസ്സുകൾ, നിയമ ബോധവൽക്കരണ ക്ലാസ്സുകൾ, സ്പെഷ്യൽ ദിനാചരണങ്ങൾ, വയോജന ദിനാഘോഷം, വയോജന ക്ലബ്ബുകൾ, വയോജന കൂട്ടായ്മകൾ, വയോജനങ്ങളുടെ വീടുകൾ സന്ദർശനം, വിനോദയാത്രകൾ എന്നിവയും നടപ്പിലാക്കിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ വീടുകൾക്ക് കെയർ ഗിവർ സേവനം, സാങ്കേതിക പിന്തുണ എന്നിവ നൽകി അവയെ സായംപ്രഭ ഹോമുകളായി ഉയർത്തുന്നതിനുള്ള പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ജയിലുകളിലേക്ക് മാസ്ക് നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കൽ**

190 (3614) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കാൻ സാമൂഹ്യ സുരക്ഷ മിഷനോട് ജയിൽ വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

മാസ്കുകൾ നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കാൻ സാമൂഹ്യ സുരക്ഷ മിഷനോട് ജയിൽ വകുപ്പ് ആവശ്യപ്പെട്ടതായിട്ടുള്ള രേഖകളൊന്നും ഫയലുകളിൽ കാണാൻ കഴിഞ്ഞിട്ടില്ലെന്ന് കെ.എസ്.എസ്.എം. അറിയിച്ചിട്ടുണ്ട്.

## പർച്ചേസ് ഓർഡറിന്റെ പകർപ്പ്

191 (3615) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കോവിഡ് കാലത്തെ പർച്ചേസുമായി ബന്ധപ്പെട്ട 08-04-2020-ലെ പി6/2062/2020/കെ.എസ്.എസ്.എം. നമ്പർ ഓർഡറിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കോവിഡ് കാലത്തെ പർച്ചേസുമായി ബന്ധപ്പെട്ട 08-04-2020-ലെ

പി6/2062/2020/കെ.എസ്.എസ്.എം. നമ്പർ ഓർഡറിന്റേയും നോട്ട് ഫയലിന്റേയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പർച്ചേസുമായി ബന്ധപ്പെട്ട 21-04-2020-ലെ പി6/2062/2020/കെ.എസ്.എസ്.എം. (2) നമ്പർ ഓർഡറിന്റെയും, 05-05-2020-ലെ പി6/2062/2020/കെ.എസ്. എസ്.എം. (1) നമ്പർ ഓർഡറിന്റെയും നോട്ട് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

21-04-2020-ലെ പി6/2062/2020/കെ.എസ്.എസ്.എം (2) നമ്പർ ഓർഡറിന്റേയും 05-05-2020-ലെ പി6/2062/2020/കെ.എസ്.എസ്.എം. (1) നമ്പർ ഓർഡറിന്റേയും നോട്ട് ഫയലിന്റേയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**സാമൂഹ്യ സുരക്ഷ മിഷൻ മുഖേനയുള്ള പർച്ചേസ്**

192 (3616) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനുള്ള തുണി സാമൂഹ്യ സുരക്ഷ മിഷൻ ലഭ്യമാക്കിയത് ധനലക്ഷ്മി ക്രിയേഷൻ എന്ന സ്ഥാപനത്തിൽ നിന്നാണോയെന്ന് വ്യക്തമാക്കാമോ?

ധനലക്ഷ്മി ക്രിയേഷൻ എന്ന സ്ഥാപനത്തിൽനിന്നും തുണികൾ വാങ്ങിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന് സാമൂഹ്യ സുരക്ഷ മിഷൻ നൽകിയ തുക എത്രയാണെന്ന് അറിയിക്കാമോ?

ധനലക്ഷ്മി ക്രിയേഷൻ എന്ന സ്ഥാപനം സമർപ്പിച്ച 07-04-2020, 18-04-2020, 04-05-2020 എന്നീ തീയതികളിലെ ബില്ലുകളുടെ അടിസ്ഥാനത്തിൽ 8,70,023/- രൂപ നൽകിയിട്ടുണ്ട്.

(സി) മാസ്ക് നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കിയതിന് ധനലക്ഷ്മി ക്രിയേഷൻ സാമൂഹ്യ സുരക്ഷ മിഷന് നൽകിയ ബില്ലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബില്ലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**അംഗീകൃത ഓർഫനേജുകൾ**

193 (3617) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത ഓർഫനേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്ര ഓർഫനേജുകൾക്ക് സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നുണ്ട്?

സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് (ജെ.ജെ.) രജിസ്ട്രേഷനും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ (ഒ.സി.ബി.) രജിസ്ട്രേഷനുമുള്ള 430 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡിന് (ധനസഹായം) അർഹതപ്പെട്ട 211 സ്ഥാപനങ്ങളുണ്ട്.

(ബി) ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ച ഗ്രാന്റിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) 2018-നുശേഷം അനാഥാലയങ്ങൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

2022 വർഷം മാർച്ച് മാസംവരെ സംസ്ഥാനത്തെ ഓർഫനേജ് കൺട്രോൾ ബോർഡ് മുഖാന്തരമാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന

വിവിധ ഓർഫനേജുകൾക്ക് സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് (ധനസഹായം) അനുവദിച്ച് വന്നിരുന്നത്. ആയതിൻപ്രകാരം വിവിധ ഓർഫനേജുകൾക്കായി 2018 മുതൽ 2022 വർഷം മാർച്ച് മാസം വരെയുള്ള കാലയളവിൽ 31,49,16,454/- രൂപ ഗ്രാന്റ്-ഇൻ-എയ്ഡായി ഓർഫനേജ് കൺട്രോൾ ബോർഡ് അനുവദിച്ചിട്ടുണ്ട്.

നിലവിൽ വിവിധ ഓർഫനേജുകൾക്ക് ധനസഹായം വനിത-ശിശു വികസന വകുപ്പ് മുഖാന്തരമാണ് അനുവദിച്ചുപോരുന്നത്. നിലവിലെ മാനദണ്ഡങ്ങൾപ്രകാരം അപേക്ഷ സമർപ്പിച്ച ഗ്രാന്റിന് അർഹതയുള്ള സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

**മുതിർന്ന പൗരന്മാരുടെ സംരക്ഷണം**

194(3618)ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒറ്റപ്പെട്ട് ജീവിക്കേണ്ടിവരുന്ന വൃദ്ധജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്ന വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതായുള്ള ഔദ്യോഗിക റിപ്പോർട്ടുകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

(ബി) വിദേശത്തും സ്വദേശത്തുമുള്ള മക്കൾ ഉപേക്ഷിച്ചുപോയ വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വിദേശത്തും സ്വദേശത്തുമുള്ള മക്കൾ ഉപേക്ഷിച്ചുപോയ വൃദ്ധരായ മാതാപിതാക്കൾക്ക് സ്ഥാപനതല സംരക്ഷണം ആവശ്യമെങ്കിൽ ഓർഫനേജ് കൗൺസിലർമാർ മുഖാന്തരം വയോജന സംരക്ഷണ കേന്ദ്രങ്ങളിൽ ഇവരെ പുനരധിവസിപ്പിച്ച് വരുന്നുണ്ട്. Maintenance and Welfare of Parents and Senior Citizens Act, 2007-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംസ്ഥാനത്ത് 27 മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ട്രിബ്യൂണലുകൾ മുഖേന അവരുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതോടൊപ്പം മക്കളിൽനിന്നും ജീവനാംശം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനായി എൽഡർ ലൈൻ പദ്ധതി നിലവിലുണ്ട്. എൽഡർ ലൈൻ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഫീൽഡുതല ഉദ്യോഗസ്ഥർ മുഖേന മക്കൾ ഉപേക്ഷിച്ചുപോയതും അടിയന്തര സഹായങ്ങൾ ആവശ്യമുള്ളവരുമായ മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സേവനങ്ങൾ വിവിധ വകുപ്പുകളുടെ സഹായത്തോടെ നല്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. വയോജനക്ഷേമ രംഗത്ത് കേരള സർക്കാർ നടത്തിയ മികച്ച പ്രവർത്തനങ്ങൾക്ക് രണ്ടുതവണ കേന്ദ്ര സർക്കാരിൽനിന്നും വയോശ്രേഷ്ഠ സമ്മാൻ ലഭിച്ചിട്ടുണ്ട്.

(സി) മുതിർന്ന പൗരന്മാരെ താമസിപ്പിക്കുന്നതിനും ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനും വകുപ്പ് മുൻകയ്യെടുത്ത് എല്ലാ ജില്ലകളിലും കേന്ദ്രങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മുതിർന്ന പൗരന്മാരെ താമസിപ്പിക്കുന്നതിനും ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനുംവേണ്ടി വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലായി 16 വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ എൻ.ജി.ഒ.-കൾ നടത്തുന്ന 619 വയോജന സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ഡി) വൃദ്ധരായവർക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ കൃത്യസമയത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പഞ്ചായത്ത്തലത്തിൽ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശലംഘനം, അതിക്രമങ്ങൾ

എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുംവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വയോജന ജാഗ്രതാ സമിതി രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30-10-2018-ലെ സ.ഉ.(സാധാ) നം.2776/2018/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. ആയതുപ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും വയോജന ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷ മിഷനിലെ പർച്ചേസ് ഓർഡർ

195 (3619) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷ മിഷന്റെ പർച്ചേസ് ഓർഡറുമായി ബന്ധപ്പെട്ട പി6/2062/2020/കെ.എസ്.എസ്.എം.(4)(പി2) തീയതി 22-07-2020, പി6/2062/2020/കെ.എസ്.എസ്.എം.(3), തീയതി 15-09-2020, പി6/2062/2020 കെ.എസ്.എസ്.എം.(2), തീയതി 15-09-2020,

പി6/2062/2020/കെ.എസ്.എസ്.എം., തീയതി 19-10-2020 എന്നീ ഓർഡറുകളുടെയും നോട്ട് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

ബ്രേക്ക് ദി ചെയിനിന്റെ ഫയലുകളിൽ നിന്നും ലഭ്യമായ

(1) പി6/2062/2020/കെ.എസ്.എസ്.എം.(3), തീയതി 15-09-2020,

(2) പി6/2062/2020 കെ.എസ്.എസ്.എം.(2), തീയതി 15-09-2020,

(3) പി6/2062/2020/കെ.എസ്.എസ്.എം., തീയതി 19-10-2020 എന്നീ ഓർഡറുകളുടെയും നോട്ട് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

22-07-2020-ലെ പി6/2062/2020/കെ.എസ്.എസ്.എം.(4) (പി2) ഓർഡറിന്റെയും നോട്ട് ഫയലിന്റേയും പകർപ്പുകൾ ഫയലിൽ ലഭ്യമല്ല.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷ മിഷൻ കിയോസ്കുകൾ

196 (3620) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യ സുരക്ഷ മിഷൻ എത്ര കിയോസ്കുകൾ വാങ്ങിയെന്ന കണക്ക് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

915 കിയോസ്കുകൾ വാങ്ങിയതായി കെ.എസ്.എസ്.എം. അറിയിച്ചിട്ടുണ്ട്.

(ബി) ഒരു കിയോസ്കിന് എത്ര രൂപ നിരക്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും ഏതൊക്കെ തീയതികളിലാണ് വാങ്ങിയതെന്ന വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കിയോസ്കുകൾ സ്ഥാപിക്കാനായി ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകിയെന്ന വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## സാമൂഹ്യ സുരക്ഷ മിഷനിലെ കരാർ നിയമനങ്ങൾ

197 (3621) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ മിഷനിലെ വിവിധ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ രണ്ട് കരാർ കാലാവധിക്കിടയിലുള്ള ബ്രേക്ക് ഓഫ് സർവീസ് ശൂന്യവേതന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവധിയായി ക്രമീകരിച്ച് നൽകിയ സാമൂഹ്യ സുരക്ഷ മിഷന്റെ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യ സുരക്ഷ മിഷനിലെ വിവിധ പ്രോജക്ടുകളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ രണ്ട് കരാർ കാലാവധിക്കിടയിലുള്ള ബ്രേക്ക് ഓഫ് സർവ്വീസ് ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകിയ സാമൂഹ്യ സുരക്ഷ മിഷന്റെ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ബ്രേക്ക് ഓഫ് സർവീസുകൾ ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകിയതുമൂലം ജീവനക്കാർക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബ്രേക്ക് ഓഫ് സർവ്വീസുകൾ ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകിയതുമൂലം വയോമിത്രം കോ-ഓർഡിനേറ്റർ/SID ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്തിരുന്ന ചില ജീവനക്കാർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കാലയളവ് കണക്കിലെടുത്തുകൊണ്ട് സീനിയോറിറ്റി നിശ്ചയിച്ച് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കോ-ഓർഡിനേറ്ററായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാർ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇപ്പോഴും ജില്ലാ കോ-ഓർഡിനേറ്ററായി തുടരുന്നു.

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ റദ്ദ് ചെയ്യുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ബ്രേക്ക് ഓഫ് സർവ്വീസ് ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകിയതുമൂലം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട കെ.എസ്.എസ്.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26-11-2022-ലെ A1/31/2022 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**വാഹന രജിസ്ട്രേഷനുകളുടെ എണ്ണം**

198 (3622) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജോയിന്റ് ആർ.ടി.ഒ.-യ്ക്ക് കീഴിൽ 2016 മുതൽ നാളിതുവരെ നടത്തിയ പുതിയതും പുതുക്കിയതുമായ വാഹന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രജിസ്ട്രേഷനുകളുടെ എണ്ണം ഇരുചക്ര വാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ, ലൈറ്റ് വെഹിക്കിൾ, ഹെവി വെഹിക്കിൾ എന്നിങ്ങനെ ഇനവും വർഷവും തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) നിലമ്പൂർ ജോയിന്റ് ആർ.ടി.ഒ.-യ്ക്ക് കീഴിൽ 2016 മുതൽ നാളിതുവരെ നൽകിയ പുതിയതും കാലാവധി കഴിഞ്ഞത് പുതുക്കിയതും ഉൾപ്പെടെയുള്ള ഡ്രൈവിംഗ് ലൈസൻസുകളുടെ വിവരം ഇരുചക്രവാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ, ലൈറ്റ് വെഹിക്കിൾ, ഹെവി വെഹിക്കിൾ എന്നിങ്ങനെ ഇനവും വർഷവും തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) നിലമ്പൂർ ജോയിന്റ് ആർ.ടി.ഒ.-യ്ക്ക് കീഴിൽ 2016 മുതൽ നാളിതുവരെ ഓരോ വർഷവും ടാക്സി, പാസഞ്ചർ വാഹനങ്ങൾ തുടങ്ങിയവയ്ക്ക് നൽകിയ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളുടെ എണ്ണം മുച്ചക്ര വാഹനങ്ങൾ, ലൈറ്റ് വെഹിക്കിൾ, ഹെവി വെഹിക്കിൾ എന്നിങ്ങനെ ഇനവും വർഷവും തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

(എ-സി) വിവരം അനുബന്ധമായി ചേർക്കുന്നു.+

## ഗതാഗത വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

199 (3623) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ റോഡ് ഗതാഗതം, മോട്ടോർ വാഹനങ്ങൾ, ജലഗതാഗതം എന്നീ വകുപ്പുകൾക്ക് എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

**സംസ്ഥാന മോട്ടോർ വാഹന വകുപ്പ്**

2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ മോട്ടോർ വാഹങ്ങളുടെ നടത്തിപ്പും ഭരണവും വിഭാഗത്തിൽ ആകെ 1,23,95,60,000/- രൂപയും മോട്ടോർ വാഹനങ്ങളുടെ പരിശോധനാ വിഭാഗത്തിൽ 93,77,81,000/- രൂപയും അനുവദിച്ചിരുന്നു.

**കെ.എസ്.ആർ.ടി.സി**

2022-23 വർഷത്തെ ബഡ്ജറ്റിൽ 7055 ശീർഷകത്തിൽ കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പയായി 1,000 കോടി രൂപയും 5055 ശിർഷകത്തിൽ വിവിധ ഹെഡ്ഡുകളിലായി പദ്ധതി വിഹിത ഇനത്തിൽ 106 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

2022-23 വർഷത്തെ ബഡ്ജറ്റിൽ ജലഗതാഗത വകുപ്പിന് 29.79 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**കേരള റോഡ് സുരക്ഷ അതോറിറ്റി**

കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് 3055-00-800-95(NP) എന്ന ഹെഡിൽ 67.838 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ തുക മുഴുവൻ ധനകാര്യ വകുപ്പിൽ നിന്ന് അനുവദിച്ചു കിട്ടിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

**സംസ്ഥാന മോട്ടോർ വാഹന വകുപ്പ്**

തുക മുഴുവനായും അനുവദിച്ചിട്ടില്ല. ശീർഷകങ്ങളിൽ നാളിതുവരെ അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി +ചേർക്കുന്നു.

**കെ.എസ്.ആർ.ടി.സി.**

കെ.എസ്.ആർ.ടി.സി.-ക്കുള്ള വായ്പയായി 7055 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1000 കോടി രൂപ പൂർണ്ണമായും ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. 5055 ശീർഷകത്തിലെ വിവിധ ഹെഡുകളിലായി വകയിരുത്തിയ പദ്ധതി വിഹിതമായ 106 കോടി രൂപയിൽനിന്നും 12.51 കോടി രൂപ ഈ സാമ്പത്തിക വർഷം നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

ഈ തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ചു കിട്ടിയിട്ടുണ്ട്.

**കേരള റോഡ് സുരക്ഷാ അതോറിറ്റി**

ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ച് കിട്ടിയിട്ടില്ല.

(സി) ഈ തുക ഏതെല്ലാം മേഖലയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ?

**സംസ്ഥാന മോട്ടോർ വാഹന വകുപ്പ്**

മോട്ടോർ വാഹന വകുപ്പിൽ ജില്ല തിരിച്ചോ മേഖല തിരിച്ചോ പ്ലാൻ ഫണ്ടിൽ തുക അനുവദിക്കാറില്ല.

**കെ.എസ്.ആർ.ടി.സി.**

പദ്ധതി വിഹിതമായി വിവിധ ശീർഷകങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് നാളിതുവരെ അനുവദിച്ച് നൽകിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. വായ്പയായി 7055 ശീർഷകത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിയ 1,000 കോടി രൂപയും ശമ്പളം, പെൻഷൻ തുടങ്ങിയ പ്രവർത്തന ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായും പ്രവർത്തന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവുകൾക്കുമായും അനുവദിച്ച തുക കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര വികസനത്തിനായാണ് നൽകിയിട്ടുള്ളത്. ആയതിനാൽ തന്നെ ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാൻ സാധിക്കുകയില്ല.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

സംസ്ഥാന ജലഗതാഗത വകുപ്പിന് നാല് ശീർഷകങ്ങളിലായാണ് തുക വകയിരുത്തി ലഭിച്ചിട്ടുള്ളത്. ആയത് താഴെ ചേർക്കുന്നു.

1) 5056-00-104-99-പുതിയ എഞ്ചിനുകൾ വാങ്ങലും പഴയ ബോട്ടുകളുടെ അറ്റകുറ്റപ്പണികളും (പദ്ധതി) -200 ലക്ഷം

2) 5056-00-104-98-ക്രാഫ്റ്റ്, പുഴകടത്ത് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ (പദ്ധതി)-2400 ലക്ഷം

3) 5056-00-104-97- ഉപകരണങ്ങളും പണിപ്പുരയും (പദ്ധതി) (Workshop Facilities)- 192 ലക്ഷം

4) 5056-00-104-96-ഭൂമി, കെട്ടിടം, ടെർമിനൽ സൗകര്യങ്ങൾ(പദ്ധതി)- 187 ലക്ഷം

വകുപ്പിന്റെ പ്രവർത്തനം സംസ്ഥാനതലത്തിൽ ആറ് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഉൾനാടൻ ജലഗതാഗത മേഖലയുമായി ബന്ധപ്പെട്ടുള്ളതാണ്. വകുപ്പിന്റെ പ്രവർത്തനം ജില്ലാ തലത്തിൽ വേർതിരിച്ചുകൊണ്ടുള്ളതല്ല.

(ഡി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് പ്രവൃത്തിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ?

**കെ.എസ്.ആർ.ടി.സി.**

പദ്ധതി വിഹിതമായും പ്രവർത്തന ചെലവുകൾക്കുമായും അനുവദിച്ച തുക കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര വികസനത്തിനായാണ് നൽകിയിട്ടുള്ളത്. ആയതിനാൽത്തന്നെ ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാൻ സാധിക്കുകയില്ല.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

വകയിരുത്തിയ തുക താഴെ പറയുന്ന പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുണ്ട്.

1) സോളാർ ഇലക്ട്രിക് റോ-റോ വെസ്സൽ വാങ്ങുന്നതിന്.
2) 30 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള നാല് സോളാർ ബോട്ടുകൾ വാങ്ങുന്നതിന്
3) 75 പാസഞ്ചർ കപ്പാസിറ്റിയുള്ള മൂന്ന് സോളാർ ബോട്ടുകൾ വാങ്ങുന്നതിന്
4) 120 പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടുകൾ വാങ്ങുന്നതിന്
5) തിരുവനന്തപുരം ജില്ലയിലെ കഠിനംകുളത്ത് ഒരു സ്റ്റേഷൻ ഓഫീസ് കെട്ടിടം പണിയുന്നതിന്.
6) നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ സ്പിൽ ഓവർ നൽകുന്നതിന്.

(ഇ) അനുവദിച്ച തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**കെ.എസ്.ആർ.ടി.സി.**

വായ്പയായി 7055 ശീർഷകത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിയ 1,000 കോടി രൂപയും ശമ്പളം, പെൻഷൻ തുടങ്ങിയ പ്രവർത്തന ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

**സംസ്ഥാന ജലഗതാഗത വകുപ്പ്**

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ വർക്ക് ഓർഡർ നൽകി തുടർനടപടികൾ പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം സ്റ്റേഷൻ ഓഫീസ് നിർമ്മാണം സർക്കാർ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി സ്റ്റേഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന M/s. KEL-ന്റെ നേതൃത്വത്തിൽ തുടർനടപടികൾ പുരോഗമിക്കുന്നു.

**സംസ്ഥാനത്തുണ്ടാകുന്ന വാഹനാപകടങ്ങളുടെ കണക്ക്**

200 (3624) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലുണ്ടാകുന്ന വാഹനാപകടങ്ങളുടെ എണ്ണം, മരണം, പരിക്കേറ്റവർ എന്നിങ്ങനെ കഴിഞ്ഞ 5 വർഷത്തെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ റോഡുകളിലുണ്ടാകുന്ന വാഹനാപകടങ്ങളുടെ എണ്ണം, മരണം, പരിക്കേറ്റവർ എന്നിങ്ങനെ കഴിഞ്ഞ 5 വർഷത്തെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) വാഹനാപകടങ്ങളുടെയും തൽഫലമായുണ്ടാകുന്ന മരണങ്ങളുടെയും കാര്യത്തിൽ ദേശീയതലത്തിൽ കേരളം എത്രാമതാണ്?

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ 2021 വർഷത്തെ ആക്സിഡന്റ് റിപ്പോർട്ട് പ്രകാരം റോഡപകടങ്ങളുടെ കാര്യത്തിൽ കേരളം അഞ്ചാം സ്ഥാനത്താണ്. അതായത്, ഇന്ത്യയിൽ നടക്കുന്ന ആകെ റോഡപകടങ്ങളിൽ 8.1% നടക്കുന്നത് കേരളത്തിലാണ്. എന്നാൽ റോഡപകട മരണങ്ങൾ നോക്കുകയാണെങ്കിൽ കേരളം പതിനേഴാം സ്ഥാനത്ത് മാത്രമാണ്. എന്നാൽ റോഡപകട തീവ്രത നിരക്ക് (100 അപകടത്തിൽ എത്ര മരണം സംഭവിക്കുന്നു എന്ന നിരക്ക്) പരിഗണിക്കുകയാണെങ്കിൽ കേരളം വളരെ മെച്ചപ്പെട്ട നിലയിൽ 35-ാം സ്ഥാനത്താണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വാഹനാപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുന്നതിനും ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2013 ഒക്ടോബറിൽ റിട്ട. ഹൈക്കോടതി ജഡ്ജിയായ ശ്രീ. ടി. കെ. ചന്ദ്രശേഖരദാസിനെ കേരളത്തിൽ ആവർത്തിച്ചുണ്ടാകുന്ന വാഹനാപകടങ്ങളുടെ കാരണം കണ്ടെത്താനും പരിഹാര നടപടികൾ നിർദ്ദേശിക്കാനും അന്വേഷണ കമ്മീഷനായി നിയമിച്ചു. മുൻ DMRC MD ഇ. ശ്രീധരൻ റോഡ് & റോഡ് സേഫ്റ്റിയെക്കുറിച്ച് പഠിക്കുകയും നിർദ്ദേശങ്ങൾ റിപ്പോർട്ടിനായി സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിലെ എല്ലാ ശിപാർശകളും ശാസ്ത്രീയമായ റോഡ് അടിസ്ഥാന സൗകര്യങ്ങൾ പരിപാലിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡുകളിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനും സർക്കാർ ഫണ്ട് വിവേകപൂർവ്വം വിനിയോഗിക്കുന്നതിനുമുള്ള സാധുവായ വശങ്ങളാണ്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവിധ സർക്കാർ വകുപ്പുകൾ നടപ്പാക്കിവരികയാണ്. 2007-ലെ റോഡ് സുരക്ഷാ ആക്ട് പ്രകാരം കേരള റോഡ് സേഫ്റ്റി അതോറിറ്റി നിലവിൽ വരികയും റോഡപകടങ്ങളും അപകടമരണങ്ങളും കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ആവശ്യമായ പഠനങ്ങൾ നടത്തി വിവിധ

റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിച്ച് നടത്തിവരുന്നു. ഇതുകൂടാതെ പി.ഡബ്ല്യൂ.ഡി, റോഡ് സേഫ്റ്റി സെൽ, പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട് അംഗീകൃത കൺസൾട്ടിംഗ് ഏജൻസീസ് മുഖേനയും റോഡപകടങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു. കെ.ആർ.എസ്.എ.-യുടെ 46-ാമത് യോഗം വിവിധ റോഡ് സുരക്ഷാ പദ്ധതികൾ പരിശോധിക്കുന്നതിനും കെ.ആർ.എസ്.എ.-യ്ക്ക് സാങ്കേതിക പിന്തുണ നല്കുന്നതിനുമായി എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രോജക്ട് ഫെലോകളുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ റോഡ് സുരക്ഷ ഓഡിറ്റിംഗ് ആന്റ് മോണിറ്ററിംഗ് ടീമിന്റെ രൂപീകരണത്തിന് അംഗീകാരം നൽകി.

(ഡി) വാഹനപകടങ്ങളുടെ പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഗതാഗത നിയമങ്ങളും അവ പാലിക്കേണ്ടതിന്റേയും ആവശ്യകത, റോഡ് നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുക, അമിത വേഗത, അശ്രദ്ധ, അലക്ഷ്യമായി വാഹനമോടിക്കുക, മൊബൈൽ ഫോൺ

ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുക, കാൽനടയാത്രക്കാരുടെ അശ്രദ്ധമായ റോഡ് ക്രോസിംഗ്, വഴിവിളക്കുകളുടെ അഭാവം, ഇടറോഡുകളിൽ നിന്നും പ്രധാന റോഡുകളിലേയ്ക്ക് കയറുന്ന സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റുകളുടെ അഭാവം, വിശ്രമമില്ലാതെ തുടർച്ചയായുള്ള ഡ്രൈവിംഗ്, വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം കൂടാതെ മലയോര മേഖലകളിൽ വന്യമൃഗങ്ങളും നാൽക്കാലികളും വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷിത യാത്രയ്ക്കായി മോട്ടോർവാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുനിരത്തുകളിൽ സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതിനായി സേഫ് കേരള പദ്ധതിയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ 14 ജില്ലകളിലായി വിന്യസിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ക്യാമറകളുൾപ്പെടെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. നിരന്തരമായി റോഡ് സുരക്ഷ ബോധവൽക്കരണ ക്ലാസ്സുകൾ, സ്പെഷ്യൽ ഡ്രൈവുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## പുറ്റുമാനൂരിലെ ആട്ടോമേറ്റഡ് ടെസ്റ്റിംഗ് സെന്റർ

201 (3625) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുറ്റുമാനൂരിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സെന്റർ അപ്ഗ്രേഡ് ചെയ്ത് ആട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുറ്റുമാനൂരിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സെന്റർ MoRTH Guidelines പ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ/തുക ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്ത് സ്ഥാപിച്ചിരിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ

202 (3626) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിച്ചിരിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് തടസമെന്തെന്ന് അറിയിക്കാമോ;

(ബി) ഇത്തരം ഉപകരണങ്ങൾ പ്രവർത്തിക്കാതെ നശിച്ചുപോകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ആവശ്യത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; ഭരണാനുമതി നല്കുന്നതിന് മുമ്പ് എങ്ങനെയാണ് ടെണ്ടർ ചെയ്ത് ഇത്രയധികം ഉപകരണങ്ങൾ വയ്ക്കാൻ സാധിച്ചതെന്ന് അറിയിക്കാമോ;

(ഡി) നടപടിക്രമങ്ങൾ പാലിക്കാതെ ഉപകരണം സ്ഥാപിക്കുന്നതിന് അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാമോ?

(എ-ഡി) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള "സേഫ് കേരള" പദ്ധതിയുടെ ഭാഗമായി Fully Automated Artificial Intelligence Camera-കൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ പദ്ധതിക്ക് സമഗ്ര ഭരണാനുമതി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിലാണ് പ്രസ്തുത സംവിധാനം പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തത്. സമഗ്രമായ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഉപകരണങ്ങൾ നശിച്ചുപോകാതിരിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ അവ പ്രവർത്തിപ്പിച്ചുവരുന്നുണ്ട്.

**സേഫ് കേരള പദ്ധതി**

203 (3627) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി സർക്കാർ കൊണ്ടുവന്ന സേഫ് കേരള പദ്ധതി നടപ്പാക്കിയത് ഏത് വർഷമാണ്; എത്രകാലത്തേയ്ക്കായാണ് ഈ പദ്ധതി നടപ്പാക്കിയത് എന്ന് വ്യക്തമാക്കാമോ?

2019-ലാണ് "സേഫ് കേരള " പദ്ധതി നടപ്പിലാക്കിയത്. ഇതൊരു തുടർ പദ്ധതിയാണ്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനായി മോട്ടോർ വാഹനവകുപ്പിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത് എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കും ഇതിന്റെ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

"സേഫ് കേരള പദ്ധതി" നടപ്പാക്കുന്നതിനായി 262 അധിക തസ്തികകൾ 04-06-2018-ലെ ജി.ഒ.(എം.എസ്) നം. 42/2018/ട്രാൻസ് ഉത്തരവ് പ്രകാരം സൃഷ്ടിച്ചു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ 25-09-2018-ലെ ജി.ഒ.(എം.എസ്) നം. 56/2018/ട്രാൻസ് ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന 92 തസ്തികകൾ ഉൾപ്പെടെ ആകെയുള്ള 354 തസ്തികകൾ ജില്ല തിരിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനർവിന്യസിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സേഫ് കേരള പദ്ധതിക്കായി എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിനായി എത്ര രൂപയാണ് ചെലവഴിച്ചത്; ഇതിനായി പ്രത്യേകം ഓഫീസുകളും വാഹനങ്ങളും വാടകയ്ക്ക് എടുത്തിട്ടുണ്ടോ; വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കാമോ?

"സേഫ് കേരള പദ്ധതി"ക്കായി എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുന്നതിനായി നിയോഗിച്ച ഉദ്യോഗസ്ഥർക്കുള്ള ശമ്പളത്തിന്റെ ചെലവ് ആവർത്തന സ്വഭാവമുള്ളതാണ്. 14 ജില്ലകളിലായി ജില്ലാ കൺട്രോൾ റൂമുകൾക്ക് 14 ഓഫീസ് കെട്ടിടവും തിരുവനന്തപുരത്ത് ഒരു സംസ്ഥാന കൺട്രോൾ റൂം ഓഫീസിനുള്ള കെട്ടിടവും വാടകയ്ക്കെടുത്തിട്ടുണ്ട്. കൂടാതെ, സ്ക്വാഡുകൾക്കുവേണ്ടി അനെർട്ട് വഴി 71 ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ട്.

(ഡി) സേഫ് സോൺ പദ്ധതി നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ കുറവുണ്ടായിട്ടുണ്ടോ; ഓരോ വർഷവും എൻഫോഴ്സ്മെന്റ് വിംഗെടുത്ത വിവിധ നിയമലംഘന കേസുകളുടെ വിശദാംശങ്ങളും ഈടാക്കിയ പിഴയും വർഷം തിരിച്ച് വ്യക്തമാക്കാമോ?

"സേഫ് കേരള പദ്ധതി" നടപ്പിലാക്കിയ 2019-നുശേഷം 2020-ലും 2021-ലും അപകടങ്ങൾ കുറഞ്ഞിട്ടുണ്ടെങ്കിലും 2022 വർഷത്തിൽ ആയത് കൂടിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിംഗെടുത്ത നിയമലംഘനത്തിനെതിരെയുള്ള കേസുകളുടെ വിശദാംശങ്ങളും ഈടാക്കിയ പിഴയും വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**റോഡപകടങ്ങൾ കുറയ്ക്കാൻ മറ്റു വകുപ്പുകളുമായി ചേർന്ന് കർമ്മ പരിപാടികൾ**

204 (3628) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിന് മുകളിൽ താഴ്ന്നുകിടക്കുന്ന കേബിളുകൾ, റോഡുകളുടെ വശങ്ങളിലുള്ള സ്ലാബില്ലാത്ത ഓടകൾ, ജല അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനെടുക്കുന്ന കുഴികൾ എന്നിവമൂലമുള്ള റോഡപകടങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജല അതോറിറ്റി അറ്റകുറ്റപ്പണികൾക്കുശേഷം റോഡ് ശരിയാക്കി പുനഃസ്ഥാപിക്കാത്തത്, കേബിളുകൾ താഴ്ന്നുകിടക്കുന്നത്, പൊട്ടിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാൽനടപ്പാത, കുഴികൾ എന്നീ കാരണങ്ങൾ കൊണ്ടുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് 2023 ഫെബ്രുവരി 14-ന് കെ.എസ്.ഇ.ബി.എൽ., ബി.എസ്.എൻ.എൽ, കേബിൾ ഓപ്പറേറ്റർമാർ, കേരള വാട്ടർ അതോറിറ്റി, ജിയോ, എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി. (റോഡുകൾ), പി.ഡബ്ല്യൂ.ഡി. (നാഷണൽ ഹൈവേ) എന്നിവയുടെ പ്രതിനിധികളുമായി യോഗം വിളിച്ചുചേർത്തു. ഈ യോഗത്തെത്തുടർന്ന് കേരള റോഡ് സുരക്ഷ നിയമം 2007 പ്രകാരം റോഡ് സുരക്ഷാ കമ്മീഷണറിൽ നിക്ഷിപ്തമായ വിപുലമായ അധികാരങ്ങളുൾപ്പെടുത്തി കർശന നടപടി സ്വീകരിക്കാൻ 16-02-2023-ലെ പൊതുഉത്തരവ് മുഖാന്തരം നിർദ്ദേശം നല്കിയിട്ടുണ്ട്. ഫെബ്രുവരി 16 മുതൽ രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പാലിച്ചില്ലെങ്കിൽ കെ.ആർ.എസ്.എ. നിയമത്തിലെ സെക്ഷൻ 26, സെക്ഷൻ 27 പ്രകാരമുള്ള നിയമപരമായ അധികാരങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ചുമത്തുമെന്നും വ്യക്തമാക്കി.

(ബി) ഇതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് എന്തെങ്കിലും കർമ്മപരിപാടികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പൊതുമരാമത്ത്, ജലവിഭവം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് കർമ്മപരിപാടികൾ രൂപീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി&സി) ഇന്ത്യൻ റോഡ്സ് കോൺഗ്രസ് ഫുട്പാത്തിനും റോഡുകൾക്കും മുകളിലൂടെ ഇലക്ട്രിക്, ടെലികമ്മ്യൂണിക്കേഷൻ വയറുകൾക്ക് വെർട്ടിക്കൽ ക്ലിയറൻസ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇന്റർനെറ്റ് സേവന ദാതാവ് ഇക്കാര്യത്തിൽ നിയമം ലംഘിച്ചാൽ, ബന്ധപ്പെട്ട കെ.എസ്.ഇ.ബി.എൽ., ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണം. റോഡ് ഉപയോക്താക്കൾക്ക് അപകടമുണ്ടാക്കുന്ന തരത്തിൽ തൂങ്ങിക്കിടക്കുന്ന വയറുകൾ കണ്ടെത്തുന്നതിനും റൂട്ട് പട്രോളിംഗ് നടത്താൻ കെ.എസ്.ഇ.ബി.എൽ., ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഹൈവേ മുറിച്ചുകടക്കുമ്പോൾ 110 വോൾട്ടിൽ കൂടുതൽ വോൾട്ടേജുള്ള വൈദ്യുതി ലൈനുകൾക്ക് ഗാർഡ്ക്രാഡിലോ സ്ക്രീനിലോ നൽകാനും കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി (റോഡുകൾ), പി.ഡബ്ല്യൂ.ഡി (നാഷണൽ ഹൈവേ) ഉദ്യോഗസ്ഥർക്ക് അവരുടെ പരിധിയിൽ വരുന്ന എല്ലാ തകർന്ന നടപ്പാതകളും രണ്ടുമാസത്തിനകം നന്നാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

അറ്റകുറ്റപ്പണികൾ നടക്കുമ്പോൾ റോഡുപയോഗിക്കുന്നവർക്ക് മുന്നറിയിപ്പ് നല്കാൻ മതിയായ സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നല്കുകയും അറ്റകുറ്റപ്പണികൾക്കുശേഷം റോഡുകൾ കൃത്യമായി പുനഃസ്ഥാപിക്കാനും നിർദ്ദേശിക്കുകയും ചെയ്തു. നിശ്ചിത സമയത്തിനുശേഷം കേരള റോഡ് സുരക്ഷാ അതോറിറ്റി പോലീസിന്റെയും മോട്ടോർ വെഹിക്കിൾസ് ഉദ്യോഗസ്ഥരുടെയും സഹായത്തോടെ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കാനും യോഗത്തിൽ തീരുമാനമായി.

## വാഹന അപകടങ്ങൾ

205 (3629) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 10 വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളുടെ എണ്ണവും അപകടത്തെത്തുടർന്ന് മരണപ്പെട്ടവരുടെ എണ്ണവും സംബന്ധിച്ച വിവരം വർഷം തിരിച്ച് നൽകുമോ?

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളുടെ എണ്ണവും അപകടത്തെത്തുടർന്ന് മരണപ്പെട്ടവരുടെ എണ്ണവും സംബന്ധിച്ച വിവരം വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഗതാഗത നിയമലംഘനം നിയന്ത്രിക്കുവാൻ നടപടി

206 (3630) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റോഡുകളിൽ പ്രത്യേകിച്ച് ദേശീയപാതകളിലും നഗരപ്രദേശങ്ങളിലും അമിതവേഗത്തിലും അനിയന്ത്രിതമായി ശബ്ദം പുറപ്പെടുവിച്ചുകൊണ്ടും ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നതുമൂലം നിരവധി അപകടങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഗതാഗത നിയമലംഘനം നടത്തുന്നത് നിയന്ത്രിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഇരുചക്ര വാഹനങ്ങളിലെ അനധികൃതമായ രൂപമാറ്റം കാരണം അപകടങ്ങളും മറ്റ് റോഡ് ഉപയോക്താക്കൾക്ക് ബുദ്ധിമുട്ടും ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ ലൈസൻസ് അയോഗ്യത കല്പിക്കുന്നതടക്കമുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു. ഇരുചക്ര വാഹനങ്ങളുടേതുൾപ്പെടെ അനധികൃത രൂപമാറ്റം, അമിതവേഗത, റെഡ് ലൈറ്റ് മറികടക്കുക, മദ്യപിച്ച് വാഹനം ഓടിക്കുക,

പ്രായപൂർത്തിയാകാത്തയാൾ വാഹനം ഓടിക്കുക, രണ്ടിൽ കൂടുതൽ ആളുകൾ ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുക, തെറ്റായ ദിശയിലൂടെ ഓവർടേക്ക് ചെയ്യുക തുടങ്ങിയ നിയമലംഘനങ്ങൾക്കെതിരെ 'ഓപ്പറേഷൻ റാഷ്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. 'ഓപ്പറേഷൻ സുരക്ഷാ കവചം' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ഹെൽമറ്റ് ഉപയോഗിക്കാതെ വാഹനമോടിക്കുന്നതിനെതിരായി നടത്തിയിട്ടുണ്ട്. അനധികൃത ഹോൺ ഉപയോഗം തടയുന്നതിനായി 'ഓപ്പറേഷൻ ഡെസിബൽ' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തിയിരുന്നു. സൈലൻസറുകളിൽ രൂപമാറ്റം നടത്തുന്നതിനെതിരെ 'ഓപ്പറേഷൻ സൈലൻസ്' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി നിരവധിപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്പെഷ്യൽ ഡ്രൈവുകളിലൂടെയും മറ്റ് റോഡ് സുരക്ഷാ പ്രവർത്തനങ്ങളിലൂടെയും ഇത്തരം നിയമലംഘനങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ഇരുചക്രവാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി ഗതാഗത വകുപ്പ് വികസിപ്പിക്കുന്ന പരിഹാര നടപടികൾ

207 (3631) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൈക്കപകടങ്ങളിൽ കൂടുതൽ പേർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുൻ വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ മോട്ടോർ സൈക്കിൾ ഉൾപ്പെടുന്ന വാഹനാപകടങ്ങൾ, ആയത് കാരണമുള്ള മരണം എന്നിവ മറ്റ് വാഹന വിഭാഗത്തെ അപേക്ഷിച്ച് വളരെ കൂടുതലാണ്.

(ബി) സംസ്ഥാനത്ത് റേസിംഗ് ബൈക്കുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ 2022 വർഷത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത റേസിംഗ് ബൈക്കുകൾ എത്രയാണെന്ന് അറിയിക്കാമോ?

മോട്ടോർ വാഹന ചട്ടത്തിൽ റേസിംഗ് ബൈക്കുകൾ എന്നൊരു വിഭാഗമില്ല. എന്നാൽ എഞ്ചിൻ ക്യൂബിക് കപ്പാസിറ്റി കൂടിയ ബൈക്കുകളാണ് സാധാരണ റേസിംഗിന് ഉപയോഗിക്കുന്നതായി കണ്ടുവരുന്നത്.

(സി) റേസിംഗ് ബൈക്കുകളുടെ അപകടത്തെ തുടർന്ന് കഴിഞ്ഞ രണ്ട് വർഷത്തിനിടെ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ; ബൈക്കുകൾ രൂപമാറ്റം വരുത്തി

ഉപയോഗിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

റേസിംഗ് ബൈക്കുകളുടെ അപകടത്തെത്തുടർന്ന് കഴിഞ്ഞ രണ്ട് വർഷത്തിനിടെ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും കണക്കുകൾ ലഭ്യമാണ്. തിരുവനന്തപുരം റൂറൽ ജില്ലയിൽ റേസിംഗ് ബൈക്കുകളുടെ അപകടത്തെത്തുടർന്ന് 2022 വർഷത്തിൽ രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ രണ്ട് പേർക്ക് നിസ്സാര പരിക്കുകൾ സംഭവിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ റേസിംഗ് ബൈക്കുകളുടെ അപകടത്തെത്തുടർന്ന് 2021 വർഷത്തിൽ ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ മൂന്നുപേർ മരണപ്പെട്ടിട്ടുണ്ട്. ബൈക്കുകൾ രൂപമാറ്റം വരുത്തി ഉപയോഗിക്കുന്നത് കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസി അപ്രൂവൽ നൽകിയിട്ടുള്ള ഒരു വാഹനത്തിൽ മറ്റ് രീതിയിലുള്ള രൂപമാറ്റം വരുത്തുന്നത് നിയമലംഘനമാണ്. വാഹനത്തിന്റെ സുരക്ഷയെ ബാധിക്കുമെന്നുള്ളതിനാൽത്തന്നെ ഇത്തരത്തിൽ രൂപമാറ്റം വരുത്തുന്ന വാഹനങ്ങൾ കണ്ടെത്തിയാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇരുചക്ര വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി കാര്യക്ഷമമായ പരിഹാര നടപടികൾ വികസിപ്പിക്കുന്നതിന് ഗതാഗത വകുപ്പ് പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇരുചക്ര വാഹന യാത്രക്കാർ പൊതുനിരത്തുകളിൽ നിയമാനുസൃതമായി വാഹനം ഉപയോഗിക്കുകയാണെങ്കിൽ അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. അതായത് ഹെൽമറ്റ് ശരിയായി ഉപയോഗിക്കുക (Rider & Pillion Rider), അമിത വേഗതയിൽ വാഹനം ഓടിക്കാതിരിക്കുക, ഗതാഗത നിയമലംഘനങ്ങൾ നടത്താതിരിക്കുക, മദ്യപിച്ചുകൊണ്ടും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടും വാഹനം ഉപയോഗിക്കാതിരിക്കുക എന്നിവ ശ്രദ്ധിച്ചാൽ വാഹനാപകടങ്ങളും അതുവഴിയുണ്ടാകുന്ന മരണങ്ങളും നിയന്ത്രിക്കുന്നതിന് സാധിക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ നിയമലംഘനങ്ങൾ തടയുന്നതിന് റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ, റോഡ് ഷോ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ സോഷ്യൽ മീഡിയ വഴിയും റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ തുടങ്ങിയവ വഴിയും റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

അനധികൃത രൂപമാറ്റം വരുത്തിയിട്ടുള്ള വാഹനങ്ങൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വരും കാലയളവിലും മേൽപ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നതാണ്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട്**

208 (3632) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുന്ന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെങ്കിലും ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് (ദേശീയപാത), പൊതുമരാമത്ത് (റോഡ്സ്), ആരോഗ്യം,

വിദ്യാഭ്യാസം, 14 ജില്ലാ റോഡ് സുരക്ഷ കൗൺസിലുകൾ എന്നിവ മുഖേനയാണ് റോഡ് സുരക്ഷ അതോറിറ്റി റോഡ് സുരക്ഷ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല റോഡ് സുരക്ഷ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത്.

**ഇരുചക്ര വാഹനാപകട നിരക്ക് കുറയ്ക്കാൻ നടപടി**

209 (3633) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുചക്ര വാഹനാപകട നിരക്ക് വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഇരുചക്ര വാഹനങ്ങളുടെ അപകട നിരക്ക് കഴിഞ്ഞ 10 വർഷക്കാലയളവ് പരിഗണിക്കുകയാണെങ്കിൽ, 2013-ൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ട അപകടം മൊത്തം അപകടങ്ങളുടെ 50% മാത്രമായിരുന്നത് 2021 ആയപ്പോഴേയ്ക്കും 61% ആയി വർദ്ധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇരുചക്ര വാഹനാപകട നിരക്ക് ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ഇരുചക്ര വാഹനങ്ങളുടെ അപകട നിരക്ക് ദേശീയ ശരാശരി പരിഗണിക്കുകയാണെങ്കിൽ, 2021-ലെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ആക്സിഡന്റ് റിപ്പോർട്ട് പ്രകാരം 45% ആണെന്നിരിക്കെ, കേരളത്തിൽ അക്കാലയളവിലെ ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ട അപകട നിരക്ക് 61% ആണ്.

(സി) ഓരോ വർഷവും സംസ്ഥാനത്ത് ഇരുചക്ര വാഹനാപകട നിരക്കും അതുവഴിയുണ്ടാകുന്ന മരണനിരക്കും ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ ഇരുചക്ര വാഹനാപകട നിരക്ക് പരിശോധിക്കുകയാണെങ്കിൽ, 2018-ൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ മൊത്തം അപകടങ്ങളുടെ 61% ആയിരുന്നത് 2022 ആയപ്പോഴും 61% ആയിത്തന്നെ തുടരുന്നുണ്ട്. എന്നാൽ ഇരുചക്രവാഹന യാത്രക്കാരുടെ അപകട നിരക്ക് എസ്.സി.ആർ.ബി.-യുടെ കണക്കുപ്രകാരം 2018-ൽ മൊത്തം റോഡപകടത്തിൽപ്പെട്ടവരുടെ 54% ആയിരുന്നത്, 2022 ആയപ്പോഴേക്കും 39% ആയി കുറഞ്ഞിട്ടുണ്ട്. സുരക്ഷ കവചമായ ഹെൽമെറ്റിന്റെ ഉപയോഗം, അപകടാനന്തര ചികിത്സയിലെ മികവ്

തുടങ്ങിയ ഘടകങ്ങൾ അപകട മരണ നിരക്ക് കുറയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ ഇരുചക്ര വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനും അപകട നിരക്ക് കുറയ്ക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്ന റൈഡർമാർ/പില്യൺ റൈഡർമാർ എന്നിവർക്ക് ഹെൽമറ്റ് ചെക്കിംഗിന് മുൻഗണന നൽകാൻ റോഡ് സുരക്ഷാ കമ്മീഷണർ ജില്ലാ പോലീസ് മേധാവികൾ, പോലീസ് സൂപ്രണ്ട്, ആർ.ടി.ഒ. (എൻഫോഴ്സ്മെന്റ്) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സേഫ് കേരള പദ്ധതി**

210 (3634) <u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വിപുലീകരണ സാധ്യതയെക്കാൾ ഏറെ ഉയർന്ന തോതിൽ വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും ട്രാഫിക്

നിയമലംഘനങ്ങളും ആപത്കരമായ രീതിയിലുള്ള വാഹനമോടിക്കലും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നതിനാൽ വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് റോഡ് സുരക്ഷാ അതോറിറ്റിയും മോട്ടോർ വാഹന വകുപ്പും നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

റോഡപകടങ്ങൾ കുറയ്ക്കുകയെന്ന ലക്ഷ്യം വിഭാവന ചെയ്തുകൊണ്ട് 2019 മുതൽ പ്രവർത്തനമാരംഭിച്ച സേഫ് കേരള പദ്ധതി പ്രകാരം 14 ജില്ലകളിലായി എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേതൃത്വത്തിൽ 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 24 മണിക്കൂറും പൊതുനിരത്തുകളിൽ വാഹന പരിശോധന നടത്തുന്നതിനും അതിനോടൊപ്പം റോഡ് ഉപയോക്താക്കൾക്ക് റോഡ് സുരക്ഷ സംബന്ധിച്ച് അവബോധം നൽകുന്നതിനും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിച്ചതിനുശേഷം വാഹനം ഓടിക്കുന്നവരുടെ എണ്ണം കൂടിവരുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതിന് പ്രധാന കാരണമാകുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ഇത് തടയുന്നതിന് പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുനിരത്തുകളിൽ ഗതാഗത നിയമലംഘനം തടയുന്നതിന് റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) റോഡുകളിലെ സ്ഥിരം അപകട മേഖലകൾ കണ്ടെത്തുന്നതിനും അത്തരം സ്ഥലങ്ങളിലെ അപകടം ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേരള റോഡ് സുരക്ഷ അതോറിറ്റി, മോട്ടോർ വാഹന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സംയുക്ത പഠനം നടത്തി സ്ഥിരം അപകട മേഖലകൾ കണ്ടെത്തി ബ്ലാക്ക് സ്പോട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റോഡ് സുരക്ഷ അതോറിറ്റിയും മോട്ടോർ വാഹന വകുപ്പും സംയുക്തമായി നടപ്പാക്കുന്ന സേഫ് കേരള പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ പരിപാടിയുണ്ടോ; ഗതാഗത നിയമലംഘകർക്കെതിരെ കർശന നടപടി ഉറപ്പാക്കാൻ വേണ്ട ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

സേഫ് കേരള പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളുൾപ്പെടെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ആയത്

പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ആയതിന്റെ ഭാഗമായി 14 ജില്ലകളിലും കൺട്രോൾ റൂമുകളും തിരുവനന്തപുരത്ത് മാസ്റ്റർ കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ടി ക്യാമറകൾ പ്രവർത്തനക്ഷമമാകുന്നതോടുകൂടി ഗതാഗത നിയമലംഘനം കൂടുതൽ കാര്യക്ഷമമായി കണ്ടെത്തുവാനും ആയത് തടയുന്നതിനും കഴിയുന്നതാണ്.

## റോഡ് സേഫ്റ്റി ഫണ്ട്

211 (3635) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ളത്; പ്രസ്തുത ഫണ്ടുപയോഗിച്ച് പാലക്കാട് ജില്ലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ അനുവദിക്കുന്നതിനായി പാലക്കാട് ജില്ലയിൽനിന്ന് പുതിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി പാലക്കാട് ലക്കിടി - കൂട്ടുപാതയിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിന് പുതിയ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

**മോട്ടോർ വാഹന നിയമ ലംഘനം തടയാൻ നടപടി**

212 (3636) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിന് സംസ്ഥാനത്തെ വിവിധ റോഡുകളിൽ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം ക്യാമറകളിൽ അമിത വേഗത റെക്കോർഡ് ചെയ്യപ്പെടുന്ന വാഹനങ്ങൾക്കെതിരെ ചാർജ്ജ് മെമ്മോ തയ്യാറാക്കുകയും ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമിതവേഗതയുടെ ഭവിഷ്യത്തുകളെക്കുറിച്ച് റോഡ് സുരക്ഷാ

ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ നിയമലംഘനങ്ങൾ അധികമായി കണ്ടുവരുന്ന സാഹചര്യങ്ങളിൽ അതിനെതിരെ സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരുന്നുണ്ട്.

(ബി) പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും എതിരെ വരുന്ന ഡ്രൈവർമാരുടെ കണ്ണടപ്പിക്കുന്ന ഹൈ ബീം ലൈറ്റും ഉപയോഗിച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

വാഹനങ്ങളിൽ അനധികൃതമായി ലൈറ്റുകൾ ഘടിപ്പിക്കുന്നതിനെതിരെ ബോധവത്കരണം നടത്തുകയും നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് ഓപ്പറേഷൻ ഫോക്കസ് എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും ഇത്തരത്തിലുള്ള സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം ലൈറ്റുകൾ ഘടിപ്പിച്ച വാഹനങ്ങളുടെ നമ്പറുകൾ പൊതുജനങ്ങൾ മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിനായുള്ള പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വാഹനങ്ങളുടെ നിയമലംഘനങ്ങളെക്കുറിച്ച് ഓരോ ജില്ലയിലേയും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ നമ്പറിലേയ്ക്ക് WhatsApp സന്ദേശം അയയ്ക്കാവുന്നതാണെന്ന വിവരം മാധ്യമങ്ങൾവഴി പൊതുജനങ്ങളെ അറിയിച്ചിട്ടുള്ളതാണ്.

**മോട്ടോർ വാഹന സുരക്ഷാ നടപടികൾ**

213 (3637) ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെയും വർദ്ധിച്ചുവരുന്ന മയക്കമരുന്നുപയോഗം കണ്ടെത്തി തടയുന്നതിന്റെയും ഭാഗമായി സംസ്ഥാനത്ത് പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്ത പരിശോധന നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മയക്കമരുന്നുപയോഗിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെയും വർദ്ധിച്ചുവരുന്ന മയക്കമരുന്നുപയോഗം കണ്ടെത്തി തടയുന്നതിനുംവേണ്ടി സംസ്ഥാനത്ത് പോലീസും മോട്ടോർ വാഹന വകുപ്പും എക്സൈസും ചേർന്ന് സംയുക്ത

പരിശോധന നടത്തുന്നത് ജില്ലാതലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പ് കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകളിൽ ഉൾപ്പെട്ട ഡ്രൈവർമാരുടെ ലൈസൻസിന് അയോഗ്യത കൽപ്പിക്കുന്ന നടപടി സ്വീകരിക്കാറുണ്ട്. മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 19(1)(b) പ്രകാരം മയക്കുമരുന്നുപയോഗിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ബൈക്ക് സ്റ്റണ്ട് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സാമൂഹ്യ മാധ്യമങ്ങൾവഴി ലഭിക്കുന്ന ഇത്തരത്തിലുള്ള വീഡിയോകൾ പരിശോധിച്ച് ബൈക്ക് സ്റ്റണ്ടിംഗ് പോലുള്ള നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, മൊബൈൽ ആപ്ലിക്കേഷൻവഴി ഇ-ചലാൻ ജനറേറ്റ് ചെയ്ത് ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് ക്യാമറകൾ ഇ-ചലാൻ സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഹെവി വാഹനങ്ങളിൽ ഡാഷ് ബോർഡ് ക്യാമറകൾ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ക്യാമറകൾ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ഇ-ചലാൻ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്നതാണ്. ഹെവി വാഹനങ്ങളിൽ ഡാഷ് ബോർഡ് ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി, ആദ്യഘട്ടത്തിൽ സ്റ്റേജ് കാര്യേജ് വാഹനങ്ങളിൽ ഡാഷ് ബോർഡ് ക്യാമറകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വർദ്ധിച്ച് വരുന്ന റോഡപകടങ്ങൾ കുറയ്ക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

**വാഹന അപകടങ്ങൾ**

214 (3638)<u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബൈക്ക്, സ്കൂട്ടർ, കാർ, ലോറി അടക്കമുള്ള വാഹനങ്ങളിൽ, കഴിഞ്ഞ പത്തുവർഷത്തെ റോഡപകടങ്ങളിൽ മുഖ്യപങ്കുവഹിച്ചത് ഏതുതരത്തിലുള്ള വാഹനങ്ങളാണെന്നത് സംബന്ധിച്ച് വർഷം തിരിച്ചുള്ള വിവരം നൽകുമോ?

കഴിഞ്ഞ 10 വർഷങ്ങളിലെ വാഹനങ്ങൾ തിരിച്ചുള്ള അപകട കണക്കുകൾ പരിശോധിക്കുമ്പോൾ, വർഷത്തിൽ ശരാശരി 60% അപകടങ്ങളിൽ ഇരുചക്ര വാഹനങ്ങളും 30% അപകടങ്ങളിൽ കാറുകളും ഉൾപ്പെട്ടിട്ടുള്ളതായാണ് കാണുന്നത്. വാഹനങ്ങൾ തിരിച്ച് കഴിഞ്ഞ

പത്തുവർഷം SCRB റിപ്പോർട്ട് ചെയ്തിട്ടുള്ള റോഡ് അപകട കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വാഹനാപകടങ്ങൾ കുറയ്ക്കാൻ നടപടി

215 (3639) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ മുഖ്യകാരണം വാഹനപ്പെരുപ്പം, അശ്രദ്ധമായ ഡ്രൈവിംഗ്, ഗതാഗത നിയമങ്ങൾ പാലിക്കാതിരിക്കൽ, റോഡുകളുടെ ശോചനീയാവസ്ഥ എന്നിവയാണെന്ന് കരുതുന്നുണ്ടോ; വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ മുഖ്യകാരണം വാഹനപ്പെരുപ്പം, അശ്രദ്ധമായ ഡ്രൈവിംഗ്, ഗതാഗത നിയമങ്ങൾ പാലിക്കാതിരിക്കൽ, റോഡുകളുടെ ശോചനീയാവസ്ഥ എന്നിവയാണെന്ന് മുൻകാല അപകടങ്ങളുടെ കാരണങ്ങൾ വിശകലനം ചെയ്തതിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമായിട്ടുണ്ട്. വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി സംസ്ഥാനത്താകെയുള്ള മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കി നിയമലംഘനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ക്വാഡുകളുടെ പ്രവർത്തനം ആഴ്ചതോറും വിലയിരുത്തുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ റോഡുപയോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി 675 Artificial Intelligence Camera-കൾ ഉൾപ്പെടെ 726 ക്യാമറകൾ സ്ഥാപിച്ച് നിയമലംഘനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിച്ച് നടപടികൾ കൈക്കൊള്ളുന്നത് ഉടനെ പ്രവർത്തനക്ഷമമാക്കുന്നതാണ്.

(ബി) നഗരങ്ങളിൽ പൊതുഗതാഗത സംവിധാനം കാര്യക്ഷമമാക്കി സ്വകാര്യവാഹന ഉപയോഗം കുറയ്ക്കാൻ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ നൽകാമോ?

പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ തുടങ്ങി വൈവിദ്ധ്യമാർന്ന സർവ്വീസുകൾ ലാസ്റ്റ്

മൈൽ കണക്ടിവിറ്റി ലഭ്യമാക്കി ആരംഭിച്ചു. ഇടറോഡുകൾ, റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽനിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ എത്തിക്കുന്നതിനായി ഫസ്റ്റ് മൈൽ കണക്ടിവിറ്റിയായി ഗ്രാമവണ്ടി, ചെറിയ ബസ്സുകൾ ഉപയോഗിച്ച് ഫീഡർ സർവ്വീസുകൾ തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാന വ്യാപകമാക്കുന്നതോടെ ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുകയും സ്വകാര്യ വാഹനങ്ങൾ ഒഴിവാക്കിയും നഗരത്തിലെയും റോഡ് വക്കിലേയും പാർക്കിംഗ് ഒഴിവാക്കിയും യാത്രക്കാർ പബ്ലിക് ട്രാൻസ്പോർട്ട് സൗകര്യം ഉപയോഗിക്കുകയും തദ്വാര ട്രാഫിക് ബ്ലോക്കും അപകടങ്ങളും കുറയ്ക്കുവാൻ സഹായകമാവുകയും ചെയ്യും.

(സി) അശാസ്ത്രീയമായ പാർക്കിംഗ് അപകടങ്ങൾക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

അശാസ്ത്രീയമായ പാർക്കിംഗ് അപകടങ്ങൾക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ട്.

(ഡി) പാർക്കിംഗ് നയം രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അത് പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

പാർക്കിംഗ് നയം രൂപീകരണം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

## എളമരംകടവ് പാലത്തിലൂടെ ബസ് സർവീസ് ആരംഭിക്കുന്നതിന് നടപടി

216 (3640) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന എളമരം കടവ് പാലത്തിലൂടെ ബസ് സർവീസ് ആരംഭിക്കുന്നതിന് ഇതുവരെ അനുമതി നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

എളമരം കടവ് പാലത്തിലൂടെ ബസ് സർവീസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ബസ് സർവീസ് പെർമിറ്റിന് ലഭിച്ച അപേക്ഷകൾ നിരസിക്കാനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പാലത്തിലൂടെ സർവീസ് നടത്താൻ പെർമിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) അപേക്ഷകൾ നിരസിച്ചിട്ടില്ല. 22-11-2022-ലെ ആർ.ടി.എ. യോഗത്തിൽ ഐറ്റം നമ്പർ-2 ആയി ഒരു പെർമിറ്റ്

അനുവദിച്ചിട്ടുണ്ട്. കൂടാതെ മാവൂരിൽ റൂട്ട് അവസാനിക്കുന്ന സ്റ്റേജ് കാര്യേജുകൾക്ക് എളമരം പാലത്തിലൂടെ 4.5 കിലോമീറ്റർ വരെ എടവണ്ണപ്പാറ സ്റ്റാൻഡിലേക്ക് താൽക്കാലിക പെർമിറ്റ് നൽകാൻ ആർ.ടി.എ. ബോർഡിന്റെ അനുമതി നൽകിയിട്ടുണ്ട്.

## എറണാകുളം നഗരത്തിലെ സിറ്റി ബസ് പെർമിറ്റുകൾ

217 (3641) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സിറ്റി ബസ് പെർമിറ്റുകൾ എത്രയെന്നും അവ ഏതൊക്കെ റൂട്ടുകളിലെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

640 എണ്ണം. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പെർമിറ്റുകളിൽ എത്രയെണ്ണം സറണ്ടർ ചെയ്തിട്ടുണ്ടെന്നും സറണ്ടർ ചെയ്ത പെർമിറ്റുകളുടെ റൂട്ടുകൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

22 എണ്ണം. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## ഓൺലൈൻ ടാക്സി സർവീസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

218 (3642) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് നടത്തുന്ന എത്ര കമ്പനികളാണ് സർക്കാർ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ; അവയുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് നടത്തുന്നതിന് ഗതാഗത വകുപ്പ് ഒരു കമ്പനിക്കും അനുമതി നൽകിയിട്ടില്ല. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ഐ.ടി.ഐ. ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടുകൂടി 'കേരള സവാരി' എന്ന ഓൺലൈൻ ടാക്സി സംവിധാനം പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ 2022 ആഗസ്റ്റ് 17-ാം തീയതി ആരംഭിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ ടാക്സി സർവീസ് നടത്തുന്നത് സംബന്ധിച്ച നിയമത്തിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; ഇത്തരം കമ്പനികൾക്ക് പ്രവർത്തനാനുമതി നൽകുന്ന ഘട്ടത്തിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് പുതിയ വല്ല നിർദ്ദേശവും കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ;

ഇക്കാര്യത്തിൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ വെളിച്ചത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഓൺലൈൻ ടാക്സികളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ Motor Vehicle Aggregator Guidelines പ്രഖ്യാപിച്ചിട്ടുണ്ട്. ടി പോളിസിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ State Aggregator Policy നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) സംസ്ഥാന സർക്കാരിന് ഓൺലൈൻ ടാക്സി കമ്പനികളിൽനിന്ന് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ വരുമാനത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാന സർക്കാരിന് ലഭിക്കാൻ അർഹതയുള്ളതെന്നും 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഇങ്ങനെ ലഭിക്കുന്ന വരുമാനം സർക്കാർ ഏത് രീതിയിലാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഓൺലൈൻ ടാക്സി കമ്പനികളും ഡ്രൈവർമാരും തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

(സി-ഇ) സംസ്ഥാനത്ത് ഓൺലൈൻ ടാക്സി സർവീസ് നടത്തുന്നതിന് ഗതാഗത വകുപ്പ് ഒരു കമ്പനിക്കും അനുമതി നൽകിയിട്ടില്ല.

## ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ

219 (3643) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

KIIFB ധനസഹായമായ 359 കോടി രൂപയിൽനിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുകയും ടി ബസ്സുകൾ KSRTC തിരുവനന്തപുരം സിറ്റി സർക്കുലർ സർവ്വീസുകൾക്ക് ഉപയോഗിക്കുകയും ചെയ്തുവരുന്നു. ലഭ്യമായ തുകയുടെ ബാക്കി തുകയിൽ നിന്നും 170 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള പദ്ധതിരേഖ സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 113 ഇലക്ട്രിക് ബസുകൾകൂടി വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, KIIFB-യിൽ നിന്ന് രണ്ടാംഘട്ട ധനസഹായമായി 455 കോടി രൂപ ലഭ്യമാക്കി 225 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള പദ്ധതിരേഖയും സമർപ്പിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് താങ്ങാൻ കഴിയാത്തവിധം ഡീസൽ വില കൂടി നിൽക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി പൊതുയാത്രാരംഗത്ത് ഉപയോഗിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ?

KIIFB ധനസഹായമായ 359 കോടി രൂപയിൽ നിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങി സർവ്വീസ് നടത്തിവരുന്നു. ടി ഇലക്ട്രിക് ബസ്സുകളുടെ പ്രകടനം ഡീസലിനെ അപേക്ഷിച്ച് ഇന്ധന ചെലവിൽ ഏകദേശം 76 ശതമാനം ലാഭമുണ്ടെന്ന് കണ്ടതിനാൽ ഭാവിയിൽ കൂടുതൽ ഇലക്ട്രിക് ബസ്സുകളിലേയ്ക്ക് മാറുന്നതിന് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് പ്രചോദനമാകുകയും ടി ലഭ്യമായ തുകയുടെ ബാക്കി തുകയിൽനിന്നും 170 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള പദ്ധതിരേഖ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ KIIFB-യുടെ രണ്ടാംഘട്ട

ധനസഹായമായി 455 കോടി രൂപ ലഭ്യമാക്കി 225 ഇലക്ട്രിക് ബസ്സുകൾ കൂടി വാങ്ങുന്നതിനുള്ള പദ്ധതി രേഖയും സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ, സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 113 ഇലക്ട്രിക് ബസുകൾകൂടി വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനം**

220 (3644)<u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റിതര വരുമാനം ലഭിക്കുന്നതിനായി നാളിതുവരെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; അവ ആരംഭിച്ച വർഷം; പദ്ധതികളുടെ ഇനം; എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ അനുവദിച്ച് നൽകുന്നതിലൂടെയും പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതര വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചുനൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരികയും ചെയ്യുന്നു.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. നിലമ്പൂർ യൂണിറ്റ്, വാണിജ്യ സമുച്ചയം എന്നിവ ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. യൂണിറ്റുകളിൽ എ.ടി.എം. സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. കൊറിയർ സർവ്വീസിന്റെ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ അവസാനഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.-യുടെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വികസന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

i. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ വരുന്നതും National Highway-യോടു ചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച് നൽകാവുന്നതുമാണ്. ഇങ്ങനെ

അനുവദിച്ച് നൽകുന്ന വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ്, ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റ് അവശ്യ സാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്.

ii. യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED display, കൊറിയർ & പാഴ്സൽ സർവ്വീസ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. 2021 മുതലാണ് കെ.എസ്.ആർ.ടി.സി. നേരിട്ട് പരസ്യങ്ങൾ സമാഹരിച്ച് ബസുകളിൽ പ്രദർശിപ്പിച്ചു വരുന്നത്.

iii. കെ.എസ്.ആർ.ടി.സി. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 01-11-2021-ൽ ബഡ്ജറ്റ് ടൂറിസം സെൽ

പ്രവർത്തനമാരംഭിച്ചു. കേരളത്തിലെയും അന്യസംസ്ഥാനങ്ങളിലെയും വിനോദസഞ്ചാര കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സർവീസുകൾ രൂപീകരിക്കുകയും കുറഞ്ഞ ചെലവിലുള്ള താമസവും സുരക്ഷിതമായ യാത്രയും ഗുണനിലവാരമുള്ള ഭക്ഷണം എന്നിവ ഒരു പാക്കേജായി അവതരിപ്പിച്ച് ആഭ്യന്തര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷ്യം.

(ബി) 2016 മുതൽ നാളിതുവരെ ഓരോ വർഷവും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ച വാർഷിക വരുമാനവും വാർഷിക ചെലവും എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2015-16 വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ ഓഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളൂ. താൽക്കാലിക കണക്കനുസരിച്ച് 2016-17 സാമ്പത്തിക വർഷം മുതലുള്ള വാർഷിക വരുമാനവും ചെലവും അനുബന്ധമായി ചേർക്കുന്നു+.

(സി) ഈ സർക്കാർ അധികാരമേറ്റതുമുതൽ കെ.എസ്.ആർ.ടി.സി.-യുടെ ഓരോ മാസത്തെയും വരുമാനവും ചെലവും എത്ര വീതമാണെന്ന് ഇനം തിരിച്ച് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരമേറ്റതുമുതൽ കെ.എസ്.ആർ.ടി.സി.-യുടെ ഓരോ മാസത്തെയും വരുമാനവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഡി) ഈ കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റിതര വരുമാന സ്രോതസ്സുകളിൽ നിന്നും ലഭിച്ച പ്രതിമാസ വരുമാനം എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2022 ഏപ്രിൽ മാസം മുതൽ 2023 ജനുവരി മാസം വരെയുള്ള ടിക്കറ്റിതര വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്കും 2021-22 വർഷത്തിലെ ടിക്കറ്റിതര വരുമാനത്തിന്റെ ആകെയുള്ള കണക്കും അനുബന്ധമായി ചേർക്കുന്നു+.

**കൊച്ചി നഗരത്തിലെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം**

221 (3645) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ മേനക, ജെട്ടി, ഷൺമുഖം റോഡ്, ഹോസ്പിറ്റൽ റോഡ്, ജോസ് ജംഗ്ഷൻ വഴി ബി.റ്റി.എച്ച്. ജംഗ്ഷൻ വരെയുള്ള 3 കി.മീ. റോഡുകളിലൂടെ സർവ്വീസ് നടത്തിയിരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണത്തിൽ നിലവിൽ കുറവ് വന്നിട്ടുണ്ടോ; നിലവിൽ ഈ റൂട്ടിൽ ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

കൊച്ചി നഗരത്തിലെ മേനക, ജെട്ടി, ഷൺമുഖം റോഡ്, ഹോസ്പിറ്റൽ റോഡ്, ജോസ് ജംഗ്ഷൻ വഴി ബി.റ്റി.എച്ച്. ജംഗ്ഷൻ വരെയുള്ള റോഡുകളിലൂടെ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണത്തിൽ നിലവിൽ കുറവ് വന്നിട്ടില്ല.

എന്നാൽ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന റൂട്ടുകളിലെ സർവ്വീസുകൾ മറ്റ് റൂട്ടുകളിൽ ക്രമീകരിച്ചിട്ടുണ്ട്.

(ബി) അരൂർ-വൈറ്റില-ഇടപ്പള്ളി ബൈപ്പാസും കടവന്ത്ര-കതൃക്കടവ് റെയിൽവേ ഓവർബ്രിഡ്ജുകളും വന്നതോടെ കൊച്ചി നഗരത്തിനുള്ളിലേയ്ക്ക് പ്രവേശിക്കുന്ന ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊച്ചി നഗരത്തിനുള്ളിലേയ്ക്ക് പ്രവേശിക്കുന്ന ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല.

വൈറ്റില മൊബിലിറ്റി ഹബ്ബ്, ബൈപ്പാസുകൾ എന്നിവയുടെ വരവോടെ ദീർഘദൂര സർവ്വീസുകൾ യാത്രക്കാരുടെ സൗകര്യാർത്ഥവും ട്രാഫിക് നിയന്ത്രണങ്ങളുടെ ഭാഗമായും എറണാകുളം പട്ടണത്തിൽ പ്രവേശിക്കാതെയും സർവ്വീസ് നടത്തുന്നതിന് ക്രമീകരണമേർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ വൈറ്റില മൊബിലിറ്റി ഹബ്ബ്, ബൈപ്പാസ് എന്നിവിടങ്ങളിൽ നിന്നും പട്ടണത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് സർവ്വീസുകൾ ഏർപ്പെടുത്തിയിട്ടുമുണ്ട്.

(സി) വൈപ്പിനിൽ നിന്നുമുള്ള സ്വകാര്യബസുകൾ നഗരത്തിൽ പ്രവേശിക്കുന്നതിന് പ്രധാന തടസ്സമായി കണക്കാക്കപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സാന്നിദ്ധ്യം ഗണ്യമായി കുറഞ്ഞിട്ടുള്ളതിനാൽ കൊച്ചി നഗരത്തിലെ ദേശസാൽകൃത റൂട്ടുകളെ സംബന്ധിച്ച സർക്കാർ ഉത്തരവുകളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വിവിധ ദേശസാൽക്കൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽനിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് കടന്നുവരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്.

വൈപ്പിനിൽ നിന്നും എറണാകുളം നഗരത്തിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ്സുകളുടെ കുറവ് പരിഹരിക്കുവാൻ 27-1-2023 മുതൽ വൈപ്പിൻ ഗോശ്രീ പാലം വഴി തോപ്പുംപടി, ആലുവ, കാക്കനാട്, ചോറ്റാനിക്കര എന്നിവിടങ്ങളിലേയ്ക്കായി 4 ഷെഡ്യൂളുകളിലായി 16 ട്രിപ്പുകൾ പുതുതായി ആരംഭിച്ചിട്ടുമുണ്ട്.

വൈപ്പിൻ നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായും വിവിധ യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നു. അത്തരത്തിൽ 11-01-2023-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയതിനുശേഷം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയുണ്ടായി. അതനുസരിച്ച് എറണാകുളം ജില്ലയിൽവച്ച് ഒരു യോഗം ചേരുകയും അഭിപ്രായ സമന്വയം നടത്തി

സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ തുടർചർച്ചകൾക്കായുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ നടപടി**

222 (3646) ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിന് വ്യക്തമായ കർമ്മപരിപാടി രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിനായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ 2,037.51 കോടി രൂപയും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ 1,312.13 കോടി രൂപ നാളിതുവരെ വായ്പ ധനസഹായമായും 12.51 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി

നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി കോവിഡിനെ തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവ്വീസുകൾകൂടി പുനരാരംഭിക്കാനും അതുവഴി 35 ശതമാനം അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ്/ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലെത്തിക്കാമെന്ന് കരുതുന്നു.

ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെ ചെലവും വരുമാനവും സർവ്വീസ് ഓപ്പറേഷനുള്ള

സാദ്ധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

ഫസ്റ്റ് മൈൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റി നൽകുന്ന ഫീഡർ സർവ്വീസുകൾ, നവീന ആശയങ്ങളായ സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ സർവ്വീസുകൾ എന്നിവ കൂടാതെ പ്രവർത്തന ചെലവ് പങ്കുവയ്ക്കുന്ന രീതിയിൽ യാത്രാ ചെലവ് കൂട്ടാതെയുള്ള ഗ്രാമവണ്ടി എന്ന നവീന സർവ്വീസും ആരംഭിക്കുകയും വ്യാപകമാക്കുകയും ചെയ്തുവരികയാണ്. ദീർഘദൂര യാത്രക്കാർക്ക് വേഗത്തിലെത്തുന്നതും നഗര ട്രാഫിക്കിൽപ്പെടാത്തതുമായ ബൈപ്പാസ് റൈഡർ സർവ്വീസുകൾ പ്രദാനം ചെയ്യുക വഴി കൂടുതൽ ദീർഘദൂര യാത്രക്കാർ ബസ്സിലേയ്ക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. അത്യാധുനിക ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മുഖാന്തരം ക്യാപിറ്റൽ ചെലവും കടവും ഒഴിവാക്കി കെ.എസ്.ആർ.ടി.സി.-യിൽ ലീസ് അടിസ്ഥാനത്തിൽ ലാഭകരമായി ഓപ്പറേറ്റ് ചെയ്യുക, ഒപ്റ്റിമൈസേഷനിലൂടെയും ചെലവ് ചുരുക്കിയും ട്രിപ്പ് ലെവൽ സർവ്വീസ് ക്രമീകരണം നടത്തി ബസ്സുകൾ ഓടിക്കുന്നുണ്ട്.

അന്തരീക്ഷ മലിനീകരണവും പ്രവർത്തനചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 50 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസ് നടത്തുന്നുണ്ട്. ഇതുകൂടാതെ സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം നഗരത്തിൽ 113 ഇലക്ട്രിക് ബസ്സുകൾകൂടി ലഭ്യമാക്കി ഓടിക്കുന്നതാണ്.

(ബി) നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ പ്രയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന്റെയും ഭാഗമായി ഓപ്പൺ മാർക്കറ്റിൽനിന്നും സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിവിധ ഉന്നത തസ്തികകളിൽ യോഗ്യതയും പരിചയവുമുള്ളവരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. കോർപ്പറേഷന്റെ അക്കൗണ്ടിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി കഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ ജീവനക്കാരെ പുനർവിന്യസിച്ച് അക്കൗണ്ടിംഗ്

വിഭാഗവും ഭരണപരവും അക്കൗണ്ട്സ്പരവുമായ ജോലികൾ ജില്ലാടിസ്ഥാനത്തിൽ നിർവ്വഹിക്കാനായി 15 ജില്ലാ ഓഫീസുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ എല്ലാ വിഭാഗം ജീവനക്കാർക്കും വിദഗ്ധ പരിശീലനവും നൽകുന്നുണ്ട്.

(സി) പെൻഷനും ശമ്പളവും നൽകുന്നത് മുടങ്ങാതെ കെ.എസ്.ആർ.ടി.സി.-യെ ലാഭവിഹിതം നൽകാൻ കഴിയുംവിധമുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുന്നതിന് സമയബന്ധിത കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിനായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ 2,037.51 കോടി രൂപയും വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ 1,312.13 കോടി രൂപ നാളിതുവരെ വായ്പ ധനസഹായമായും 12.51 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും

അനുവദിച്ചിട്ടുണ്ട്. കോവിഡിനെ തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി കോവിഡിനെ തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അതുവഴി 35 ശതമാനം അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ്/ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.-യെ കടബാധ്യതയില്ലാതാക്കി ലാഭത്തിലെത്തിക്കാമെന്ന് കരുതുന്നു.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് ടാർജറ്റ്**

223 (3647) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. സജീവ് ജോസഫ്:</u> താഴെകാണുന്ന ചോദ്യങ്ങൾക്ക്

ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടാർജറ്റ് കൈവരിക്കുന്ന തൊഴിലാളികൾക്ക് മാത്രം അഞ്ചാം തീയതിക്ക് മുമ്പ് ശമ്പളം നൽകിയാൽ മതിയെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തത് എന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ടാർജറ്റ് അടിസ്ഥാനത്തിലേ ശമ്പളം നൽകൂ എന്ന് തീരുമാനം എടുത്തിട്ടില്ല.

വരവിനേക്കാളേറെ ചെലവേറി വരുന്നതിനാലും 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനായി സർക്കാരിൽനിന്നുള്ള വായ്പാ ധനസഹായം സാങ്കേതിക കാരണങ്ങളാൽ വൈകിയതും നിമിത്തം 2023 ജനുവരി മാസത്തെ ശമ്പളം 14-2-2023-നാണ് വിതരണം ചെയ്തത്. മാത്രമല്ല കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ

ഗഡുവായും സർക്കാർ സാമ്പത്തിക സഹായം ലഭ്യമായശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ടുവച്ചത്. സർക്കാർ സഹായം ലഭ്യമായശേഷം ശമ്പളം ഒരുമിച്ച് മതിയെന്നാഗ്രഹിക്കുന്ന ജീവനക്കാർക്ക് വ്യക്തിഗത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാനുള്ള അവസരവും നൽകിയിട്ടുണ്ട്.

(ബി) ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെ ചെലവും വരുമാനവും സർവ്വീസ് ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(സി) യാത്രാദുരിതം അനുഭവിക്കുന്ന ജനങ്ങൾക്കുള്ള സേവനം എന്ന രീതിയിൽ നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുന്ന രീതി പ്രായോഗികമാണോ; തൊഴിലാളി വിരുദ്ധവും

ജനവിരുദ്ധവുമായ ഈ നിലപാട് പിൻവലിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക ബാധ്യതയിലൂടെയാണ് കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായും സേവന സ്വഭാവത്തോടെയും നടത്തിവരുന്ന സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന ഗ്രാമവണ്ടി പദ്ധതിയിലും ഡീസൽ ചെലവിനുള്ള തുക സ്പോൺസർഷിപ്പിലൂടെ ലഭ്യമാകുന്ന രീതിയിലും സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ മാത്രമേ തുടരുവാൻ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയുകയുള്ളൂ.

ഇത്തരത്തിൽ സേവനമേഖലയിൽ നഷ്ടം സഹിച്ച് നടത്തിവരുന്ന സർവ്വീസുകൾ ക്രമീകരിച്ച് കൂടുതൽ ലാഭകരമാക്കിയും ബന്ധപ്പെട്ട വകുപ്പുകളുടെയും സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ചെലവ് കുറച്ച് ടാർജറ്റ് ലഭ്യമാക്കുകയും ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. യൂണിറ്റുകൾക്ക് ടാർജറ്റ്

നിശ്ചിയിച്ച് നൽകിയിരിക്കുന്നത് പിൻവലിക്കുവാൻ നിലവിൽ നിർവ്വാഹമില്ല.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ

224(3648) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര ഇലക്ട്രിക് ബസ്സുകൾ സർവ്വീസിനായി ഉപയോഗിക്കുന്നുണ്ട്; വിശദാംശം അറിയിക്കുമോ?

KIIFB ധനസഹായമായ 359 കോടി രൂപയിൽനിന്നും 9 മീറ്റർ നീളമുള്ള 50 ഇലക്ട്രിക് ബസ്സുകൾ KSRTC-SWIFT മുഖാന്തരം വാങ്ങുകയും ടി ബസ്സുകൾ KSRTC ലീസ് അടിസ്ഥാനത്തിൽ തിരുവനന്തപുരം സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

(ബി) നിരത്തിലിറക്കി സർവ്വീസ് നടത്താൻ കഴിയുന്ന എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് നിലവിലുണ്ടെന്നതിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ; ആയതിൽ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം അറിയിക്കാമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് നിരത്തിലിറക്കി സർവ്വീസ് നടത്താൻ കഴിയുന്ന 5422 ബസ്സുകളുണ്ട്. (5266 കെ.എസ്.ആർ.ടി.സി. +156 കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്).

2023 ഫെബ്രുവരി 20-ലെ കണക്കനുസരിച്ച് 4243 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയ ബസ്സുകളുടെ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി National Institute of Physical Medicine and Rehabilitation (NIPMR) എന്ന സ്ഥാപനത്തിന് 2021 ഡിസംബർ മുതൽ 1 ബസ്സും Kerala Minerals and Metals Ltd (KMML) എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ യാത്രാ സൗകര്യത്തിനായി 2021 ഡിസംബർ മുതൽ കെ.എസ്.ആർ.ടി.സി.-യുടെ 10 ബസ്സുകളും പ്രതിമാസ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം

225(3649) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ഇപ്പോൾ ശരാശരി എത്ര രൂപയാണ്?

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം ശരാശരി 6.50 കോടി രൂപയാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനവും മറ്റിതര വരുമാനവും വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി കോവിഡിനെത്തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവ്വീസുകൾകൂടി പുനരാരംഭിക്കാനും അതുവഴി 35% അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. ഇത്തരത്തിൽ ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിരവധി നൂതന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

നഷ്ടത്തിലുള്ള ട്രിപ്പുകൾ നടത്തുന്നത് ഒഴിവാക്കി ചെലവ് കുറയ്ക്കേണ്ടതും ലഭ്യമായ പരമാവധി ജീവനക്കാരേയും ഐഡിലായി കിടക്കുന്ന ബസ്സുകളും മറ്റ് വിഭവങ്ങളും ഉപയോഗിച്ച് പൊതുജനോപകാരപ്രദമായും ലാഭകരമായും സർവ്വീസുകൾ നടത്തിവരുന്നു. ഇതിനായി ഫസ്റ്റ് മൈൽ ലാസ്റ്റ് മൈൽ കണക്ടിവിറ്റി നൽകുന്ന ഫീഡർ സർവ്വീസുകൾ, നവീന ആശയങ്ങളായ സിറ്റി സർക്കുലർ, സിറ്റി റേഡിയൽ, സിറ്റി ഷട്ടിൽ സർവ്വീസുകൾ എന്നിവ കൂടാതെ പ്രവർത്തന ചെലവ് പങ്കുവയ്ക്കുന്ന രീതിയിൽ യാത്രാ ചെലവ് കൂട്ടാതെയുള്ള ഗ്രാമവണ്ടി എന്ന നവീന സർവ്വീസും ആരംഭിക്കുകയും വ്യാപകമാക്കുകയും ചെയ്തുവരികയാണ്. ദീർഘദൂര യാത്രക്കാർക്ക് വേഗത്തിലെത്തുന്നതും നഗര ട്രാഫിക്കിൽപ്പെടാത്തതുമായ ബൈപ്പാസ് റൈഡർ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

അത്യാധുനിക ബസ്സുകൾ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മുഖാന്തരം ക്യാപിറ്റൽ ചെലവും കടവും ഒഴിവാക്കി കെ.എസ്.ആർ.ടി.സി.-യിൽ ലീസ്

അടിസ്ഥാനത്തിൽ ലാഭകരമായി ഓപ്പറേറ്റ് ചെയ്യുക ഒപ്റ്റിമൈസേഷനിലൂടെയും ചെലവ് ചുരുക്കിയും ട്രിപ്പ് ലെവൽ സർവ്വീസ് ക്രമീകരണം നടത്തുക ജീവനക്കാരുടെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും MTW ഡ്യൂട്ടി പൂർണ്ണമായും നടപ്പാക്കുക എന്നിങ്ങനെ നടപടികൾ സ്വീകരിച്ച് വരുമാനം വർദ്ധിച്ചിട്ടുണ്ട്.

അന്തരീക്ഷ മലിനീകരണവും പ്രവർത്തനച്ചെലവും കുറയ്ക്കുന്നതിന്റെ ഭാഗമായി 50 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരം നഗരത്തിൽ സിറ്റി സർക്കുലർ സർവ്വീസ് നടത്തിവരുന്നു. ഇതുകൂടാതെ സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം നഗരത്തിൽ 113 ഇലക്ട്രിക് ബസ്സുകൾകൂടി ലഭ്യമാക്കി സർവ്വീസ് നടത്തുന്നതാണ്.

വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ച് അതുമുഖേന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ട്രിപ്പുകൾ ക്രമീകരിച്ച് മിതമായ നിരക്ക് ഈടാക്കി നടത്തിവരുന്നത് അധിക വരുമാന വർദ്ധനവിന് സഹായകമായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യെ സംരംക്ഷിക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്ക് ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസ്സുകൾ അനുവദിച്ചുനൽകൽ, കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ, കടമുറികൾ എന്നിവ കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED display, കൊറിയർ & പാഴ്സൽ സർവ്വീസ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസ്സുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി. ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചുവരികയും ചെയ്യുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ

സമുച്ചയത്തിൽ കാനറാ ബാങ്ക്, കെ.എസ്.എഫ്.ഇ. മുതലായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാം ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പാലാ ബസ് സ്റ്റേഷനിലെ വാണിജ്യ സമുച്ചയം, നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം എന്നിവ ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി നിയമാനുസരണം ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. യൂണിറ്റുകളിൽ എ.ടി.എം. സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുണ്ട്. കൊറിയർ സർവ്വീസിന്റെ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ അവസാനഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ വരുന്നതും National Highway-യോട് ചേർന്നുള്ളതും കൂടാതെ വളരെ ജനത്തിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്നതുമായ കെ.എസ്.ആർ.ടി.സി. യൂണിറ്റുകളിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച്

നൽകാവുന്നതുമാണ്. ഇങ്ങനെ അനുവദിച്ച് നൽകുന്ന വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ്, ആധുനിക സൗകര്യത്തോടുകൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റവശ്യ സാധനങ്ങൾ വിൽക്കുന്ന കച്ചവടസ്ഥാപനങ്ങൾ, കൂടാതെ പൊതുജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജ്ജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദസഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

**കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ**
**ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലം**

226(3650)ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ ഡിപ്പോകളിലും പരിസരത്തും ഉപയോഗശൂന്യമായിക്കിടക്കുന്ന എത്ര ഹെക്ടർ സ്ഥലമുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യം കഴിഞ്ഞ് ഇത്തരത്തിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടെ വരുമാനം ലഭ്യമാക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന വസ്തുക്കൾ ഒന്നുംതന്നെ ഇല്ല. ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ബസ് പാർക്കിംഗ് മുതലായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നു.

**അന്തർസംസ്ഥാന റൂട്ടിൽ സർവ്വീസ് നടത്തുന്ന കേരള ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ്**

227 (3651) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മംഗലാപുരം അന്തർസംസ്ഥാന റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. (കേരള) ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് നിലവിൽ കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥി കൺസഷൻ അനുവദിച്ചുവരുന്നത്. അന്തർസംസ്ഥാന റൂട്ടുകളിൽ അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം അനുവദിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ കൂടുതൽ സൗജന്യ സേവനങ്ങൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

എന്നാൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ രീതിയിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സൗജന്യ നിരക്കിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

**കെ.എസ്.ആർ.ടി.സി. നഷ്ടം പരിഹരിക്കുന്നതിന് നടപടി**

228 (3652) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി ഉണ്ടാകുന്ന പെട്രോൾ, ഡീസൽ വില വർദ്ധനവ് കാരണം കെ.എസ്.ആർ.ടി.സി.-ക്ക് ദൈനംദിനം എന്തെല്ലാം നഷ്ടം സംഭവിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

Fleet-ന്റെ 98 ശതമാനത്തിലേറെ ഡീസൽ ബസ്സുകളുമായി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.-യെ പെട്രോൾ, ഡീസൽ വിലയിലുണ്ടാകുന്ന നേരിയ വർദ്ധനവുപോലും സാരമായി ബാധിക്കുന്നതാണ്.

നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിദിനം ശരാശരി 3.30 ലക്ഷം ലിറ്റർ ഡീസലാണ് ആവശ്യമുള്ളത്. ഒരു ലിറ്റർ ഡീസലിന് ഓരോ രൂപ വർദ്ധിക്കുമ്പോൾ ദൈനംദിനം 3.30 ലക്ഷം രൂപ വരെ ഡീസൽ വാങ്ങുന്ന വകയിൽ അധിക ചെലവ് ഉണ്ടാകുന്നതാണ്.

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ?

കേന്ദ്ര സർക്കാർ ബൾക്ക് പർച്ചെയ്സർ വിഭാഗങ്ങൾക്ക് നൽകി വന്നിരുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചതിനെത്തുടർന്ന് കോർപ്പറേഷൻ

വിപണി വിലയേക്കാൾ അധികം തുക നൽകി ഡീസൽ വാങ്ങാൻ നിർബന്ധിതമാകുകയുണ്ടായി. ടി പ്രതിസന്ധി കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന പമ്പുകളായ യാത്രാ ഫ്യൂവൽസ്, മറ്റ് പൊതുമേഖലാ-സ്വകാര്യ പമ്പുകൾ എന്നിവിടങ്ങളിൽനിന്നും ഡീസൽ ലഭ്യമാക്കി കോർപ്പറേഷൻ തരണം ചെയ്തുവരുന്നു. ഇതിനുപുറമെ ഇലക്ട്രിക്, ഹരിത ഇന്ധന ബസ്സുകളുൾപ്പെടെയുള്ളവ നിരത്തിലിറക്കിയും ഇന്ധന ചെലവ് ക്രമീകരിച്ചും പെട്രോൾ, ഡീസൽ വില വർദ്ധനവ് നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർദ്ധനവ് പരിഹരിക്കുന്നതിന് പുതിയ ഇലക്ട്രിക്/സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനും നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്തും ഇന്ധന ചെലവ് കുറയ്ക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ബസ്സുകളുടെ കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ഇത്തരത്തിൽ വർദ്ധനവിന്റെ ഭാരം കെ.എസ്.ആർ.ടി.സി.-ക്ക് വഹിക്കേണ്ടി വന്നിട്ടുണ്ടെന്ന് അറിയിക്കുമോ?

01-6-2021 മുതൽ 2022 ഫെബ്രുവരി വരെ വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന ഡീസൽ വിലയിൽ 6 തവണ വർദ്ധനവുണ്ടായിട്ടുണ്ട്. 2022 മാർച്ച് മുതൽ കെ.എസ്.ആർ.ടി.സി. ഏകദേശം പൂർണ്ണമായും പൊതുവിപണി വിലയ്ക്കാണ് ഡീസൽ ലഭ്യമാക്കിവരുന്നത്.

2022 ഫെബ്രുവരി മാസത്തിനുശേഷം പൊതു വിപണിയിൽ 14 തവണ ഡീസൽ വിലയിൽ വർദ്ധനവ് വന്നിട്ടുണ്ട്. 22-05-2022-നുശേഷം പൊതുവിപണിയിൽ ഡീസൽ വില വർദ്ധിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് സർവ്വീസ്**

229 (3653) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ നേരത്തെ ഓടിക്കൊണ്ടിരുന്ന റൂട്ടുകളിലാണോ നിലവിൽ സ്വിഫ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത സ്വിഫ്റ്റ് ബസ്സുകളിൽ 116 എണ്ണം കെ.എസ്.ആർ.ടി.സി. ഓടിക്കൊണ്ടിരുന്ന ദീർഘദൂര റൂട്ടുകളിൽ സർവ്വീസ് നടത്തുകയും 50 ഇലക്ട്രിക് സ്വിഫ്റ്റ് ബസ്സുകൾ

കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ റൂട്ടുകളിൽ നിലവിൽ സർവ്വീസ് നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) നേരത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കൊണ്ടിരുന്ന റൂട്ടുകളിൽ സ്വിഫ്റ്റിൽ നിന്നുള്ള ബസ്സുകളെയും ജീവനക്കാരെയും ലഭ്യമാക്കി സർവ്വീസ് നടത്തുമ്പോൾ ഈ റോഡുകളിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളെയും അവയിലെ ജീവനക്കാരെയും ഏതുതരത്തിലാണ് പുനർവിന്യസിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവരെ പുനർവിന്യസിക്കുന്നതിനായി കെ.എസ്.ആർ.ടി.സി പുതിയ റൂട്ടുകളോ സേവനങ്ങളോ ആരംഭിക്കുകയുണ്ടായോ; വിശദാംശം അറിയിക്കുമോ?

(ബി&സി) സ്വിഫ്റ്റ് ബസ്സുകളുപയോഗിച്ച് സർവ്വീസ് ആരംഭിച്ചതിനെത്തുടർന്ന് ലഭ്യമായിട്ടുള്ള അധിക ബസ്സുകളെയും ജീവനക്കാരെയും അതത് ഡിപ്പോകളിലെ മറ്റ് സർവ്വീസുകൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

കൂടാതെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ MTW Act പ്രകാരമുള്ള ഡ്യൂട്ടിക്രമം

ഏർപ്പെടുത്തിവരികയാണ്. ഇതിലൂടെ ബസ്സുകളുടെയും ജീവനക്കാരുടെയും മെച്ചപ്പെട്ട പുനർവിന്യാസം സാധ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) മുൻപ് കെ.എസ്.ആർ.ടി.സി. സർവീസ് നടത്തിയിരുന്ന എത്ര റൂട്ടുകളിലാണ് നിലവിൽ സ്വിഫ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നത്; ഇതിനായി എത്ര സ്വിഫ്റ്റ് ബസ്സുകളുടെ സേവനമാണ് നിലവിൽ കെ.എസ്.ആർ.ടി.സി. ഉപയോഗപ്പെടുത്തുന്നത്?

നിലവിൽ KSRTC-SWIFT-ൽനിന്ന് ലഭ്യമായ ബസ്സുകളിൽ KSRTC-യുടെ ദീർഘദൂര റൂട്ടുകളിൽ 116 ബസ്സുകളും സിറ്റി സർക്കുലർ റൂട്ടുകളിൽ 50 ഇലക്ട്രിക് ബസ്സുകളും സർവീസ് നടത്തുന്നുണ്ട്.

തിരുവനന്തപുരം - ബാംഗ്ലൂർ

എറണാകുളം - ബാംഗ്ലൂർ

കോഴിക്കോട് - ബാംഗ്ലൂർ

പയ്യന്നൂർ - ബാംഗ്ലൂർ

എറണാകുളം - കൊല്ലൂർ

പത്തനംതിട്ട - ബാംഗ്ലൂർ

പത്തനംതിട്ട - മംഗലാപുരം

തിരുവനന്തപുരം - പളനി

കോട്ടയം - ബാംഗ്ലൂർ

മൂന്നാർ - ബാംഗ്ലൂർ

കണ്ണൂർ - മധുര

തൃശ്ശൂർ - ബാംഗ്ലൂർ

നിലമ്പൂർ - ബാംഗ്ലൂർ

തലശ്ശേരി - ബാംഗ്ലൂർ

പാല - ബാംഗ്ലൂർ

തിരുവല്ല - ബാംഗ്ലൂർ

എന്നീ റൂട്ടുകളിൽ കാലപ്പഴക്കംചെന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പകരമായി എ.സി. സ്ലീപ്പർ, എ. സി. സീറ്റർ, സൂപ്പർ ഡീലക്സ് പോലുള്ള ഉയർന്ന ശ്രേണിയിലുള്ള 116 എണ്ണം KSRTC-SWIFT ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നു.

(ഇ) കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത് എന്നുമുതൽക്കാണ്; സ്വിഫ്റ്റിന്റെ വരവുചെലവ് കണക്കുകൾ

തയ്യാറാക്കുന്നതിനും ആഡിറ്റ് ചെയ്യുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

19-02-2021-ലെ G.O (MS) No.7/2021/TRAN ഉത്തരവ് പ്രകാരം പുതിയതായി കെ.എസ്.ആർ.ടി.സി.-സിഫ്റ്റ് എന്ന പേരിൽ രൂപീകരിച്ച KSRTC-SWIFT-ന്റെ ആദ്യ സർവ്വീസ് 2022 ഏപ്രിൽ 11-ന് തുടക്കം കുറിച്ചു.

സ്വിഫ്റ്റിന്റെ വരവുചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ ജനറൽ മാനേജർ (ഫിനാൻസ്)-ന് സ്വിഫ്റ്റിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ (ഫിനാൻസ്)-ന്റെ അധിക ചുമതലയും കെ.എസ്.ആർ.ടി.സി.യുടെ ഡെപ്യൂട്ടി മാനേജർ (അക്കൗണ്ട്സ്)-ന് സ്വിഫ്റ്റിന്റെ മാനേജർ അക്കൗണ്ട്സ്-ന്റെ ചുമതലയും നൽകി കണക്കുകൾ തയ്യാറാക്കി വരുന്നു.

(എഫ്) പ്രസ്തുത ഉദ്യോഗസ്ഥർ തയ്യാറാക്കിയിട്ടുള്ള കണക്കുകൾ പ്രകാരം സ്വിഫ്റ്റിന്റെ നാളിതുവരെയുള്ള ആകെ വരുമാനവും ചെലവും എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

**കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമി**

230 (3654) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ ഓരോ ജില്ലയിലും എത്ര ഏക്കർ ഭൂമിയാണ് നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വരുമാനദായകമായ പദ്ധതികൾ ആരംഭിക്കുന്നതിനോ അത്തരം പദ്ധതികൾ ആരംഭിക്കുവാൻ തയ്യാറായുള്ളവർക്ക് ലീസിന് നൽകുവാനോ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുക്കളൊന്നുംതന്നെ ഇല്ല. ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ബസ് പാർക്കിംഗ് മുതലായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ**

231(3655) ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ സാധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഇല്ല.

കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10% തുക മറ്റൊരു പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുകയും ടി തുക ഉപയോഗിച്ച് പെൻഷൻ ആനുകൂല്യം നൽകി വരുന്നുമുണ്ടായിരുന്നു. എന്നാൽ കോവിഡ് മഹാമാരിക്കുശേഷം സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും വരുമാനത്തിലുണ്ടായ ഗണ്യമായ ഇടിവ്, സർക്കാർ സാമ്പത്തിക സഹായത്തിൽ വന്ന കുറവ്, ഇന്ധന വിലവർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ ശമ്പളംപോലും വിതരണം ചെയ്യാൻ സാധിക്കാത്ത കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവച്ച ഫണ്ടിൽ

നിന്നുപോലും അടിയന്തരാവശ്യങ്ങൾക്കായി തുക വകമാറ്റേണ്ടിവരുന്നുണ്ട്. ഇക്കാരണങ്ങളാലാണ് വിരമിച്ചവർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കാത്തത്.

(ബി) 2022 മാർച്ച് 31-ന് മുമ്പ് വിരമിച്ച 174 കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഉടൻ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യണമെന്ന് ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ?

ബഹു. ഹൈക്കോടതിയുടെ RP 1130/2022-ലും അനുബന്ധ കേസുകളിലുമായി പുറപ്പെടുവിച്ച 16-02-2023-ലെ വിധിന്യായത്തിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത ഹർജിക്കാർ ഉൾപ്പെടെ പെൻഷന് അർഹതയുള്ളവരിൽ 31-12-2022 വരെ വിരമിച്ചവർക്ക് ജഡ്ജ്മെന്റ് തീയതി മുതൽ 45 ദിവസത്തിനകം ഒരു ലക്ഷം രൂപ കൊടുക്കുവാനും ബാക്കി തുക ഏപ്രിൽ 2023 മുതൽ കോർപ്പസ് ഫണ്ടിൽനിന്നും റിട്ടയർമെന്റ് തീയതി കണക്കാക്കി മുൻഗണനാക്രമത്തിൽ വിതരണം ചെയ്യുവാനും ഉത്തരവായിരുന്നു. എന്നാൽ, കല്യാണം, രോഗം പോലുള്ള അടിയന്തരാവശ്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാനും ബഹു. കോടതി ഉത്തരവായി.

(സി) കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരിൽനിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 79.04 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നത് അസാധ്യമായതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണമെന്ന് കാണിച്ച് കോർപ്പറേഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യഘട്ടത്തിൽ അനുവദിക്കാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാത്രമല്ല ടി ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പെൻഷൻ,

റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പൂർണ്ണമായി എന്ന് വിതരണം ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം**

**നൽകുന്നതിന് സാമ്പത്തിക സഹായം**

232(3656) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ?

ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തിനാവശ്യമായ ചെലവിന്റെ സ്രോതസ്സ് കോർപ്പറേഷൻതന്നെ കണ്ടെത്തണമെന്ന് സർക്കാർ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രവർത്തനച്ചെലവിനത്തിലുള്ള തുക വരുമാനത്തിൽനിന്നും കണ്ടെത്തണമെന്ന് അതത് സന്ദർഭങ്ങളിൽ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം

233(3657)ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഓരോ മാസവും 5-ാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജീവനക്കാരുടെ അവകാശമായ ശമ്പളം ഇപ്രകാരം തടഞ്ഞുവയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

കെ.എസ്.ആർ.ടി.സി.-യിൽ ഓരോ മാസവും 5-ാം തീയതിക്കുമുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ വരവിനേക്കാളേറെ ചെലവേറി വന്നതിനാലും 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നുള്ള വായ്പ ധനസഹായം സാങ്കേതിക കാരണങ്ങളാൽ വൈകിയതും നിമിത്തം 2023 ജനുവരി മാസത്തെ ശമ്പളം 14-02-2023-നാണ് വിതരണം ചെയ്തത്. മാത്രമല്ല കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി

ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും സർക്കാർ സാമ്പത്തിക സഹായം ലഭ്യമായശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ടുവച്ചത്.

സർക്കാർ സഹായം ലഭ്യമായശേഷം ശമ്പളം ഒരുമിച്ചുമതി എന്നാഗ്രഹിക്കുന്ന ജീവനക്കാർക്ക് വ്യക്തിഗത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാനുള്ള അവസരവും നൽകിയിട്ടുണ്ട്.

(ബി) എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭ്യമാക്കുമെന്ന് കെ.എസ്.ആർ.ടി.സി.-ക്ക് ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

എല്ലാ മാസവും ശമ്പള വിതരണത്തിനായി സർക്കാരിൽനിന്ന് പ്രത്യേക സഹായം ലഭ്യമാകുമെന്ന് കെ.എസ്.ആർ.ടി.സി.-ക്ക് രേഖാമൂലം ഉറപ്പൊന്നും നൽകിയിട്ടില്ല. എന്നാൽ എല്ലാ വർഷവും കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ചെലവിനായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ടി തുകയിൽനിന്നും ശമ്പള വിതരണമുൾപ്പെടെയുള്ള മറ്റ് ചെലവുകൾക്കായി ഒരു നിശ്ചിത തുക വീതം പ്രതിമാസം സർക്കാർ അനുവദിക്കുന്നുമുണ്ട്. ശമ്പളത്തിനായി നിലവിൽ പ്രതിമാസം 50 കോടി രൂപ വീതം സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാരിൽ നിന്നുള്ള സഹായം ലഭിച്ചില്ലെങ്കിൽ ജീവനക്കാർക്ക് പകുതി ശമ്പളം മാത്രം നൽകിയാൽ മതിയെന്ന് മാനേജ്മെന്റ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ എല്ലാ മാസവും ശമ്പള വിതരണത്തിനായി വായ്പ ധനസഹായമായി 50 കോടി രൂപ അനുവദിക്കുന്നുണ്ട്. എന്നാൽ 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനുള്ള വായ്പാ ധനസഹായം സാങ്കേതിക കാരണങ്ങളാൽ വൈകുകയുണ്ടായി. തുടർന്ന് ഓവർഡ്രാഫ്റ്റ് വായ്പ, കോർപ്പറേഷന്റെ പക്കൽ മിച്ചമുള്ള തുക എന്നിവ ഉപയോഗിച്ച് അൽപ്പം വൈകിയെങ്കിലും 2023 ജനുവരി മാസത്തെ ശമ്പളം 14-02-2023-ന് വിതരണം ചെയ്യുകയുണ്ടായി. ടി കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പളവിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് അംഗീകൃത സംഘടനകളുടെ യോഗത്തിൽ എല്ലാ മാസവും 5-ാം തീയതിക്കുമുന്നേ ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും സർക്കാർ സാമ്പത്തിക സഹായം

ലഭ്യമായശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ടുവച്ചത്. മാത്രമല്ല, മുഴുവൻ ശമ്പളവും ഒറ്റ ഗഡുവായി വേണമെന്ന് താൽപ്പര്യപ്പെടുന്ന ജീവനക്കാർക്ക് സർക്കാർ സഹായം ലഭ്യമായശേഷം ഒറ്റത്തവണയായി ശമ്പളം നൽകാനും ടി നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

**കെ.എസ്.ആർ. ടി.സി.-യിലെ പകുതി ശമ്പളത്തോടെയുള്ള അവധി**

234 (3658) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് പകുതി ശമ്പളത്തോടെ അഞ്ചുവർഷത്തേയ്ക്ക് അവധി നൽകുന്ന സ്കീം കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പാക്കിയതിന്റെ ലക്ഷ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ജീവനക്കാർക്ക് പകുതി ശമ്പളത്തോടെ കുറഞ്ഞത് ഒരു വർഷം മുതൽ പരമാവധി അഞ്ച് വർഷത്തേയ്ക്ക് ഫർലോ അവധി അനുവദിക്കുന്ന സമ്പ്രദായം 04-02-2022-ൽ കെ.എസ്.ആർ.ടി.സി.-യിൽ ആരംഭിച്ചിരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായാണ് ഫർലോ അവധി സമ്പ്രദായം നടപ്പിലാക്കിയത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

കെ.എസ്.ആർ.ടി.സി.യിൽ 50% വേതനത്തോടെ അനുവദിച്ച് വന്നിരുന്ന ഫർലോ സമ്പ്രദായം 14-2-2023-ലെ ഉത്തരവിലൂടെ നിർത്തലാക്കി.

(ബി) ഈ സ്കീം നടപ്പാക്കുന്നതിലൂടെ ശമ്പളയിനത്തിൽ എത്ര കോടി രൂപയുടെ ലാഭം ഉണ്ടാക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കിയത്; ഈ പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ എത്ര ജീവനക്കാർ അവധിയെടുത്തിട്ടുണ്ടെന്നും ആയതിലൂടെ ശമ്പളയിനത്തിൽ എത്ര രൂപയുടെ ലാഭം ഉണ്ടായെന്നും വ്യക്തമാക്കുമോ?

190 ജീവനക്കാർക്കാണ് നാളിതുവരെ പകുതി ശമ്പളത്തോടുകൂടിയ അവധി നൽകിയിട്ടുള്ളത്. 2,25,61,910/-രൂപയാണ് ടി ജീവനക്കാർക്ക് നാളിതുവരെ പകുതി ശമ്പളത്തുകയായി നൽകിയിട്ടുള്ളത് എന്നതിനാൽ 2,25,61,910/- രൂപ തന്നെയാണ് ലാഭിക്കാനായിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത അവധി റദ്ദാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സർക്കാർ ഉത്തരവ് പ്രകാരം അഞ്ചുവർഷത്തേയ്ക്ക് അവധി അനുവദിച്ച ആനുകൂല്യം ഉപയോഗപ്പെടുത്തി വിദേശരാജ്യങ്ങളിൽ ഉൾപ്പെടെപോയി മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരോട് അടിയന്തരമായി തിരികെയെത്തി ജോലിയിൽ പ്രവേശിക്കണമെന്ന് ആവശ്യപ്പെടുന്നതിന് നിയമപരമായ സാധുതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഫർലോ ലീവ് നിർത്തലാക്കി ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

ഫർലോ ലീവ് അനുവദിച്ച ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി മൂന്ന് മാസ നോട്ടീസ് കാലാവധിയോടെ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് ഉത്തരവായിരുന്നതിന് നിയമ സാധുതയുണ്ട്.

(ഡി) അവധാനതയില്ലാതെ കെ.എസ്.ആർ.ടി.സി. പ്രഖ്യാപിച്ച പദ്ധതി വിശ്വാസത്തിലെടുത്ത് തൊഴിൽതേടി മറ്റു സ്ഥലങ്ങളിലേക്കുപോയ ജീവനക്കാരെ സർക്കാരിന്റെ പിഴവിന്റെ പേരിൽ ശിക്ഷിക്കുന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉചിതമായ നടപടിയല്ലെന്ന ആക്ഷേപത്തെ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; നിലവിൽ മറ്റു സ്ഥലങ്ങളിൽ ജോലിയെടുക്കുന്ന ഉദ്യോഗസ്ഥർക്ക് അഞ്ച് വർഷംവരെ തുടരാൻ അനുമതി നൽകിക്കൊണ്ട് പ്രസ്തുത പദ്ധതി റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കോർപ്പറേഷൻ പ്രതീക്ഷിച്ച സാമ്പത്തിക നേട്ടം കൈവരിക്കുവാൻ കഴിയാത്ത സാഹചര്യത്തിലാണ് 50% ശമ്പളത്തോടുകൂടിയുള്ള അവധി നിർത്തലാക്കി ഉത്തരവായിട്ടുള്ളത്. ഫർലോ ലീവ് അനുവദിച്ച ഉത്തരവിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയാണ് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ ഫർലോ ലീവ് സമ്പ്രദായം പുനഃപരിശോധിക്കുന്നതിന് നിർവ്വാഹമില്ല.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ**

235 (3659) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യണമെന്ന്

ഹൈക്കോടതിയിൽനിന്ന് നിർദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ബഹു. ഹൈക്കോടതിയുടെ RP 1130/2022-ലും അനുബന്ധ കേസുകളിലുമായി പുറപ്പെടുവിച്ച 16-2-2023-ലെ വിധിന്യായത്തിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത ഹർജിക്കാരുൾപ്പെടെ പെൻഷന് അർഹതയുള്ളവരിൽ 31-12-2022 വരെ വിരമിച്ചവർക്ക് ജഡ്ജ്മെന്റ് തീയതി മുതൽ 45 ദിവസത്തിനകം ഒരു ലക്ഷം രൂപ കൊടുക്കുവാനും ബാക്കിത്തുക ഏപ്രിൽ 2023 മുതൽ കോർപ്പസ് ഫണ്ടിൽനിന്നും റിട്ടയർമെന്റ് തീയതി കണക്കാക്കി മുൻഗണനാക്രമത്തിൽ വിതരണം ചെയ്യുവാനും ഉത്തരവായിരുന്നു. എന്നാൽ കല്യാണം, രോഗം പോലുള്ള അടിയന്തര ആവശ്യങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകി പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാനും ബഹു. കോടതി ഉത്തരവായി. പ്രസ്തുത വിധിന്യായം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയിലായി നാളിതുവരെ എത്ര കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

01/2022 മുതൽ 12/2022 വരെ 1002 ജീവനക്കാർ കോർപ്പറേഷന്റെ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്. ഇതിൽ 26 ജീവനക്കാരുടെ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മിച്ചമുള്ള 976 ജീവനക്കാരിൽനിന്നും സേവന പുസ്തകത്തിലെ അപാകതകൾ പരിഹരിച്ച്, പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച 901 പേരുടെ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ വിതരണത്തിനായി ഏകദേശം 67.70 കോടി രൂപ ആവശ്യമായി വരുന്നുണ്ട്.

ഇതിനുപുറമെ 2019 മുതൽ 2021 വരെയുള്ള കാലയളവിൽ വിരമിച്ച ജീവനക്കാരുടെ സേവന പുസ്തകത്തിലെ അപകാതകൾ നിമിത്തം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാതിരുന്ന 20 ജീവനക്കാരുടെ ആനുകൂല്യ വിതരണത്തിനായി ഏകദേശം 86 ലക്ഷം രൂപ വേണ്ടിവരും.

01/2022 മുതൽ 12/2022 വരെ വിരമിച്ച 1002 ജീവനക്കാരിൽനിന്നും 829 പേർക്ക് പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മിച്ചമുള്ള 173 ജീവനക്കാരിൽനിന്നും പ്രോവിഡന്റ് ഫണ്ട് ക്ലോഷർ വിതരണ നടപടികൾ പൂർത്തീകരിച്ച 67 പേരുടെ പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ വിതരണത്തിനായി 1.46 കോടി രൂപ ആവശ്യമായിവരുന്നുണ്ട്.

01/2022 മുതൽ 12/2022 വരെ വിരമിച്ച 1002 ജീവനക്കാരിൽനിന്നും 52 പേർക്ക് ലീവ് സറണ്ടർ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മിച്ചമുള്ള 950 ജീവനക്കാരിൽനിന്നും ലീവ് സറണ്ടർ ആനുകൂല്യ വിതരണ നടപടികൾ പൂർത്തീകരിച്ച 534 പേരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനായി 9.02 കോടി രൂപ ആവശ്യമായി വരുന്നുണ്ട്.

ഇത്തരത്തിൽ വിരമിച്ച ജീവനക്കാരിൽനിന്നും പെൻഷൻ വിതരണ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ/റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ആകെ 79.04 കോടിയോളം രൂപ ആവശ്യമായി വരുന്നുണ്ട്.

(സി) പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും കുടിശ്ശിക തീർത്ത് എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; ആയതിനായി എന്തെങ്കിലും പ്രത്യേക ക്രമീകരണം/മുൻഗണനാക്രമം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2022 ജനുവരി മാസം മുതൽ 2022 ഡിസംബർ മാസം വരെയുള്ള കാലയളവിൽ വിരമിച്ചതും 2019 മുതൽ 2021 വരെയുള്ള കാലയളവിൽ വിരമിച്ചെങ്കിലും സേവന പുസ്തകത്തിലെ അപാകത നിമിത്തം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാതിരുന്നതുമായ 996-ഓളം പേരുടെ

പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുണ്ട്. ഇതിൽനിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 79.04 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നത് അസാധ്യമായതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണമെന്ന് കാണിച്ച് കോർപ്പറേഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യഘട്ടത്തിൽ അനുവദിക്കാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാത്രമല്ല ടി ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പൂർണ്ണമായും എന്ന്, എപ്രകാരം വിതരണം ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

## വിരമിച്ചവർക്കുള്ള ആനുകൂല്യ വിതരണം

236 (3660) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ 10% വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി മാറ്റിവയ്ക്കണമെന്ന കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര തുക മാറ്റി വച്ചെന്നും ഇത് ആകെ വരുമാനത്തിന്റെ എത്ര ശതമാനം ആയിരുന്നു എന്നും വ്യക്തമാക്കുമോ?

റിട്ട് അപ്പീൽ 289/2001 അനുബന്ധ കേസുകളിലുമായി പെൻഷനുവേണ്ടി ദിവസ വരുമാനത്തിന്റെ 10% നീക്കിവയ്ക്കണമെന്നുള്ള ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ കോർപ്പറേഷന്റെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ദൈനംദിന ചെലവുകൾക്കായി ടി അക്കൗണ്ടിൽ നിന്നുമുൾപ്പടെയുള്ള തുക വിനിയോഗിക്കേണ്ടിവരുന്നുണ്ട്. എന്നാൽ, RP 1130/2022-ലും അനുബന്ധ കേസുകളിലും ടി കോർപ്പസ് ഫണ്ട് പുനഃസ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| 2016-17 | 145.96 |
| 2017-18 | 156.11 |
| 2018-19 | 108.57 |
| 2019-20 | 99.83 |
| 2020-21 | 58.92 |
| 2021-22 | 116.26 |
| 2022-23 (01/2023 വരെ) | 170.91 |
| **ആകെ** | **856.56** |

മേൽപ്പറഞ്ഞ പ്രകാരം പ്രതിവർഷം വരുമാനത്തിന്റെ ഏകദേശം 7 ശതമാനത്തോളം തുക പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവയ്ക്കുന്നുണ്ട്.

ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2001 കാലയളവ് മുതൽ പ്രതിദിന വരുമാനത്തിന്റെ 10 ശതമാനം തുക പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവയ്ക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കോർപ്പറേഷന്റെ 6 യൂണിറ്റുകളിലെ കളക്ഷൻ തുക ഒരു പ്രത്യേക

അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ച് പെൻഷൻ ആനുകൂല്യങ്ങൾ മുടക്കം കൂടാതെ നൽകിവന്നിരുന്നു. നിലവിൽ (11/2021 മുതൽ) 10 യൂണിറ്റുകളുടെ വരുമാനം ടി ആവശ്യത്തിലേയ്ക്കായി പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രകാരം തുക മാറ്റിവച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി നിർദ്ദേശാനുസരണം പ്രതിദിന വരുമാനത്തിന്റെ 10% തുക മറ്റൊരു പ്രത്യേക അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുകയും ടി തുക ഉപയോഗിച്ച് പെൻഷൻ ആനുകൂല്യ വിതരണം നൽകിവരുന്നുമുണ്ടായിരുന്നു. എന്നാൽ കോവിഡ് മഹാമാരിക്കുശേഷം സർവ്വീസുകൾ പുനരാരംഭിച്ചെങ്കിലും വരുമാനത്തിലുണ്ടായ ഗണ്യമായ ഇടിവ്, സർക്കാർ സാമ്പത്തിക സഹായത്തിൽ വന്ന കുറവ്, ഇന്ധന വിലവർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ ശമ്പളംപോലും വിതരണം ചെയ്യാൻ സാധിക്കാത്ത കടുത്ത

സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ പെൻഷൻ ആനുകൂല്യ വിതരണത്തിനായി മാറ്റിവച്ച ഫണ്ടിൽ നിന്നുപോലും അടിയന്തരാവശ്യങ്ങൾക്കായി തുക വകമാറ്റേണ്ടി വന്നതിനാൽ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും വിരമിച്ച ജീവനക്കാരിൽ നിന്നും പെൻഷൻ വിതരണ നടപടികൾ പൂർത്തീകരിച്ച ജീവനക്കാരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യ വിതരണത്തിനായി ഏകദേശം 79.04 കോടി രൂപയോളം വേണ്ടിവരും. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇത്രയും തുക ഒറ്റത്തവണയായി വിതരണം ചെയ്യുന്നത് അസാധ്യമായതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ ഗഡുക്കളായി വിതരണം ചെയ്യാൻ അനുവദിക്കണമെന്ന് കാണിച്ച് കോർപ്പറേഷൻ ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്കായി ഹർജി സമർപ്പിക്കുകയുണ്ടായി. ടി ഹർജിയിന്മേൽ വിരമിച്ച ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വീതം ആദ്യഘട്ടത്തിൽ അനുവദിക്കാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മാത്രമല്ല ടി

ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പനുസരിച്ച് മാത്രമേ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ പൂർണ്ണമായും എന്ന് വിതരണം ചെയ്യാൻ സാധിക്കും എന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം ഗഡുക്കളായി നൽകുമെന്ന ഉത്തരവ്**

237 (3661) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം ഗഡുക്കളായി നൽകുമെന്ന് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ സർക്കാർ അനുമതിയോടെയാണോ ഉത്തരവ് നൽകിയിട്ടുള്ളത്; ഇല്ലെങ്കിൽ നിലവിലെ ശമ്പള വിതരണരീതിയിൽ മാറ്റം വരുത്തുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ ആവശ്യമില്ലയോ എന്ന് വ്യക്തമാക്കുമോ?

(ബി) ഈ ഉത്തരവ് പ്രകാരം ഏതെല്ലാം ജീവനക്കാർക്കാണ് ഗഡുക്കളായി ശമ്പളം നൽകാനുദ്ദേശിക്കുന്നത്; ഏതെല്ലാം ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരം തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനായി സർക്കാർ പ്രതിമാസം നൽകിവരുന്ന വായ്പാ ധനസഹായം സാങ്കേതിക കാരണങ്ങളാൽ വൈകിയതുമൂലം 2023 ജനുവരി മാസത്തെ ശമ്പളം 14-2-2023-നാണ് വിതരണം ചെയ്തത്. മാത്രമല്ല, കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗമെന്ന നിലയിലാണ് അംഗീകൃത സംഘടനകളുടെ യോഗത്തിൽ എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും സർക്കാർ സാമ്പത്തിക സഹായം ലഭ്യമായശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ടുവച്ചത്. കെ.എസ്.ആർ.ടി.സി.-യിൽ ഓരോ മാസവും 5-ാം തീയതിക്ക് മുമ്പ് പകുതി ശമ്പളം മാത്രം വിതരണം ചെയ്താൽ മതി എന്ന് തീരുമാനിച്ചിട്ടില്ല. സർക്കാരിൽ നിന്നുള്ള ധനസഹായം ലഭ്യമായ ശേഷം ശമ്പളം ഒരുമിച്ചുമതി എന്നാഗ്രഹിക്കുന്ന ജീവനക്കാർക്ക് വ്യക്തിഗത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാനുള്ള അവസരവും നൽകിയിട്ടുണ്ട്.

(സി) സി.എം.ഡി. ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-യിൽ സേവനമനുഷ്ഠിക്കുന്നതും എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ശമ്പളം കൈപ്പറ്റാത്തവരുമായ ഉദ്യോഗസ്ഥർ എത്ര പേരുണ്ട്; സർക്കാർ ശീർഷകത്തിൽ നിന്നും ശമ്പളം കൈപ്പറ്റുന്ന ജീവനക്കാർ എത്ര പേരുണ്ട്; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

(ഡി) കെ.എസ്.ആർ.ടി.സി.-യിൽനിന്ന് ശമ്പളം കൈപ്പറ്റാത്തതോ സർക്കാർ ശീർഷകത്തിൽനിന്നും ശമ്പളം കൈപ്പറ്റുന്നതോ ആയ ജീവനക്കാരെയും ഗഡുക്കളായി ശമ്പളം വിതരണം ചെയ്യുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മാത്രമാണ് കെ.എസ്.ആർ.ടി.സി.-യിൽനിന്നും ശമ്പളം കൈപ്പറ്റാത്തതായി ഉള്ളത്. സി.എം.ഡി. സർക്കാർ ശീർഷകത്തിൽനിന്നും ശമ്പളം കൈപ്പറ്റുന്നതിനാൽ ഈ ഉത്തരവ് ബാധകമല്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി, വരുമാനം, ചെലവുകൾ**

238 (3662) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസ ശമ്പളവും പെൻഷനും നൽകാൻ എത്ര രൂപയാണ് ചെലവ് വരുന്നത്; പ്രതിമാസ ഡീസൽ ചെലവ് എത്രയാണ്; മറ്റിനങ്ങളിലെ പ്രതിമാസ ചെലവ് എത്രയാണ്; ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

2023 ജനുവരി മാസത്തെ വരവ്-ചെലവ് കണക്കിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ പ്രതിമാസ നെറ്റ് ശമ്പള വിതരണത്തിനായി ശരാശരി 78 കോടിയോളം രൂപയും പെൻഷൻ വിതരണത്തിനായി ശരാശരി 70 കോടിയോളം രൂപയും ചെലവ് വരുന്നുണ്ട്. (നിലവിൽ പ്രതിമാസ പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ സഹായത്താലാണ് നൽകിവരുന്നത്).

പ്രതിമാസ ഡീസൽ ചെലവിനായി 112.08 കോടി രൂപയും മറ്റ് ചെലവുകൾക്കായി ഏകദേശം 143.36 കോടി രൂപയും ചെലവ് വരുന്നുണ്ട്. മറ്റ് ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| Allowance to Employees | 7.04 |
| Sabarimala Service Expense | 0.60 |
| Consortium Loan Repayment | 31.19 |
| WCL Repayment | 50.00 |
| WCL Interest | 0.04 |

| | |
|---|---|
| Medical Allowances | 0.48 |
| Pensionary Benefits | 1.34 |
| Provident Fund Trust | 3.10 |
| LIC | 7.15 |
| SLI/GIS | 8.44 |
| NDR for KST T 133 | 1.36 |
| KLWF | 0.22 |
| MACT | 2.03 |
| TDS & GST | 2.03 |
| Spares & Tyre | 12.10 |
| Insurance | 0.07 |
| FASTag | 1.30 |
| Unit Fund | 3.17 |
| Electricity and Water Charges | 0.08 |
| Advertisement Expenses | 0.11 |
| Payment to K-Swift | 8.00 |
| Online service charges | 0.15 |
| Advocate Fee | 0.27 |
| IOC (Due Payment) | 0.30 |
| Badali Employees Wages | 2.76 |
| Incentive & Other Misc. Charges | 0.03 |
| **Total** | **143.36** |

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ കളക്ഷൻ എത്രയാണ്; ഏറ്റവും ഒടുവിലത്തെ 6 മാസമുള്ള കളക്ഷൻ എത്രയാണെന്ന വിവരം ഓരോ മാസവും തിരിച്ച് ലഭ്യമാക്കുമോ?

ടിക്കറ്റ്/ടിക്കറ്റിതര വരുമാനം ഉൾപ്പെടെ കെ.എസ്.ആർ.ടി.സി. പ്രതിമാസ കളക്ഷൻ ഇനത്തിൽ ശരാശരി 210 കോടിയോളം രൂപ ലഭ്യമാക്കുന്നുണ്ട്. ഒടുവിലത്തെ ആറ് മാസത്തെ കളക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| 08/2022 | 180.50 |
| 09/2022 | 189.58 |
| 10/2022 | 205.39 |
| 11/2022 | 211.82 |
| 12/2022 | 243.35 |
| 01/2023 | 233.86 |

(സി) കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ആസ്തികളിൽനിന്നും പരസ്യങ്ങളിൽനിന്നും മറ്റ് വരുമാനമാർഗ്ഗങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം എത്രയാണ്; ഏറ്റവും ഒടുവിലത്തെ 6 മാസമുള്ള കണക്ക് ഓരോ മാസം തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ആസ്തികളിൽനിന്നും പരസ്യങ്ങളിൽനിന്നും മറ്റ് വരുമാനമാർഗ്ഗങ്ങളിൽനിന്നും ഏറ്റവും ഒടുവിലത്തെ 6 മാസത്തെ കണക്ക് ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| 08/2022 | 11.67 |
| 09/2022 | 12.27 |
| 10/2022 | 14.88 |
| 11/2022 | 15.01 |
| 12/2022 | 18.18 |
| 01/2023 | 19.05 |

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം കൊടുത്ത് തീർക്കേണ്ട കടവും ബാധ്യതകളും എത്രയാണ്; ഏറ്റവും ഒടുവിലത്തെ 6 മാസമുള്ള കണക്ക് ഓരോ മാസം തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. കൺസോർഷ്യം ബാങ്കുകളിൽനിന്നുമെടുത്ത വായ്പയുടെ തിരിച്ചടവ്, ജീവനക്കാരുടെ ശമ്പള വിതരണത്തിനായി സമാഹരിച്ച ഓവർഡ്രാഫ്റ്റ് വായ്പയുടെ തിരിച്ചടവ് എന്നീ ഇനങ്ങളിൽ

പ്രതിമാസം ശരാശരി 82.23 കോടി രൂപയോളം ചെലവഴിക്കുന്നുണ്ട്. ടി ഇനത്തിൽ കഴിഞ്ഞ ആറ് മാസത്തെ തിരിച്ചടവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| മാസം | കൺസോർഷ്യം വായ്പ | ഓവർ ഡ്രാഫ്റ്റ് വായ്പ |
|---|---|---|
| 08/22 | 31.19 | 0.40 |
| 09/22 | 30.18 | 32.07 |
| 10/22 | 31.19 | 38.71 |
| 11/22 | 30.18 | 38.11 |
| 12/22 | 31.19 | 50.03 |
| 01/23 | 31.19 | 50.04 |

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള ആസ്തികളുടെ വിവരം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ 2015-16 വരെയുള്ള വാർഷിക കണക്കുകൾ മാത്രമെ സി.ആന്റ്.എ.ജി. ആഡിറ്റ് പൂർത്തീകരിച്ച് ഗവൺമെന്റ്

അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആയതുപ്രകാരം fixed asset കണക്കാക്കിയിട്ടുള്ളത് 1,151.03 കോടി രൂപയാണ്.

(എഫ്) കെ.എസ്.ആർ.ടി.സി. വിവിധ സ്ഥലങ്ങളിലായി എവിടെയെല്ലാം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്; ഓരോന്നിലും എത്ര സ്ഥലം വീതം വാടകയ്ക്കോ പാട്ടത്തിനോ നൽകിയിട്ടുണ്ട്; ഒഴിഞ്ഞുകിടക്കുന്ന ഏരിയ എത്ര; ഓരോ ഷോപ്പിംഗ് കോംപ്ലക്സുകളിൽനിന്നും പരമാവധി ലഭിക്കേണ്ട വരുമാനവും നിലവിൽ ലഭിക്കുന്ന വരുമാനവും എത്ര; ഷോപ്പിംഗ് കോംപ്ലക്സുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, ചേർത്തല, കണ്ണൂർ, പയ്യന്നൂർ, കാസർഗോഡ്, നിലമ്പൂർ, ഹരിപ്പാട്, മൂവാറ്റുപുഴ, തൊടുപുഴ, മലപ്പുറം, പത്തനംതിട്ട, പാല എന്നീ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്.

ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ചുള്ള വിശദാംശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാറ്റാൻ നടപടി

239 (3663) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇങ്ങനെ മാറ്റുമ്പോഴുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഗുജറാത്ത് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റിയത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

(എ-ഡി) കെ.എസ്.ആർ.ടി.സി.-യുടെ 400 ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിന് 07-01-2021-ന് ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ എൽ.എൻ.ജി.-യുടെ വില നിശ്ചയിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടി ക്യാൻസൽ ചെയ്യുകയുണ്ടായി.

## മാവേലിക്കര ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സും ഓഫീസ് നിർമ്മാണവും സംബന്ധിച്ച് നടപടി

240 (3664) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ മാവേലിക്കര ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സും ഓഫീസും നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് KSRTC-യുടെ അംഗീകൃത PMC-യായ M/s. KRDCL-ന് 92,59,322/- രൂപയുടെ അനുമതി നൽകിയിട്ടുള്ളതും പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികൾ KRDCL സ്വീകരിച്ചിട്ടുള്ളതും 28-02-2023 തീയതിയായി ദർഘാസ് പ്രസിദ്ധീകരിക്കുന്നതുമാണ്.

## കാഞ്ഞങ്ങാട് ഡിപ്പോയിലെ സർവ്വീസുകൾ

241 (3665) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ എത്ര ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയുന്നതെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ 46 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയുന്നത്.

| ക്രമ നമ്പർ | സമയം | സ്ഥലം |
|---|---|---|
| 1 | 18.20 | ബാംഗ്ലൂർ |
| 2 | 17.10 | പത്തനംതിട്ട |
| 3 | 13.00 | പുനലൂർ |
| 4 | 07.00 | ഇരിട്ടി |
| 5 | 06.00 | ചെറുപുഴ -കോഴിക്കോട് |
| 6 | 04.45 | മാനന്തവാടി |
| 7 | 10.50 | കോഴിക്കോട് |
| 8 | 21.00 | പാണത്തൂർ-കോഴിക്കോട് |
| 9 | 06.30 | എളേരി |

| | | |
|---|---|---|
| 10. | 07.10 | ചീർക്കയം |
| 11 | 07.40 | കൊന്നക്കാട് |
| 12 | 06.00 | പാണത്തൂർ |
| 13 | 08.00 | ഗുരുവനം |
| 14 | 06.25 | കമ്പല്ലൂർ |
| 15 | 07.00 | കയ്യൂർ |
| 16 | 07.10 | പുങ്ങച്ചാൽ |
| 17 | 05.30 | പരപ്പ |
| 18 | 07.00 | മാലോം |
| 19 | 07.50 | റാണിപുരം |
| 20 | 08.15 | പാണത്തൂർ |
| 21 | 05.50 | കാസർഗോഡ് |
| 22 | 06.35 | കാസർഗോഡ് |
| 23 | 05.20 | കാസർഗോഡ് |
| 24 | 05.50 | കണ്ണൂർ (ടൗൺ ടു ടൗൺ) |
| 25 | 06.20 | കണ്ണൂർ (ടൗൺ ടു ടൗൺ) |
| 26 | 05.50 | കാസർഗോഡ് (ടൗൺ ടു ടൗൺ) |
| 27 | 11.40 | പാണത്തൂർ |
| 28 | 12.10 | പാണത്തൂർ |

| | | |
|---|---|---|
| 29 | 12.00 | കൊന്നക്കാട് |
| 30 | 11.25 | ചെറുപുഴ |
| 31 | 12.45 | കൊന്നക്കാട് |
| 32 | 10.05 | മയ്യിൽ |
| 33 | 12.50 | ബന്തടുക്ക |
| 34 | 11.55 | പള്ളിപ്പാറ |
| 35 | 14.10 | പാണത്തൂർ |
| 36 | 13.40 | മാലക്കല്ല് |
| 37 | 11.15 | ചെറുപുഴ |
| 38 | 13.55 | വാണിയംപാറ |
| 39 | 14.40 | പറമ്പ |
| 40 | 14.40 | കയ്യൂർ |
| 41 | 14.00 | കാഞ്ഞിരപൊയിൽ/ മംഗലാപുരം |
| 42. | 11.00 | പാത്തൻപാറ |
| 43. | 10.30 | കാപ്പിമല |
| 44. | 14.50 | ചിറ്റാരിക്കൽ |
| 45. | 14.20 | സുള്ള്യ |
| 46 | 14.00 | ചിറ്റാരിക്കൽ |

(ബി) പ്രസ്തുത ഡിപ്പോയിൽ ശരാശരി ദിവസ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഡിപ്പോയിലെ ശരാശരി ദിവസ വരുമാനം 7,16,985/- രൂപയാണ്.

(സി) പ്രസ്തുത ഡിപ്പോയിൽ കോവിഡിനെത്തുടർന്ന് നിർത്തലാക്കിയിരുന്ന സർവ്വീസുകളിൽ ഏതെല്ലാമാണ് പുനരാരംഭിക്കാനുള്ളതെന്ന് വിശദമാക്കാമോ?

കോവിഡിനെത്തുടർന്ന് നിന്നുപോയ സർവ്വീസുകൾ താഴെ പറയുന്നവയാണ്.

| | | |
|---|---|---|
| 1 | 05.20 | ചെറുപുഴ |
| 2 | 11.10 | കൊന്നക്കാട് |
| 3 | 14.50 | ബളാൽ |
| 4 | 07.00 | എരിക്കുളം |
| 5 | 06.20 | സുള്ള്യ |
| 6 | 07.10 | സുള്ള്യ |
| 7 | 08.00 | സുള്ള്യ |
| 8 | 08.30 | സുള്ള്യ |
| 9 | 14.05 | മംഗലാപുരം |

| | | |
|---|---|---|
| 10 | 08.00 | രാവണേശ്വരം |
| 11 | 15.30 | പറശ്ശിനി |

എന്നാൽ പ്രസ്തുത സർവ്വീസുകളിലെ പ്രധാന ട്രിപ്പുകൾ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമായ ട്രിപ്പുകൾ നിലവിലുള്ള സർവ്വീസുകളിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്.

**ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി**

242 (3666) <u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ പ്രവർത്തിക്കുന്ന ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന് മുൻപിൽ പ്രദേശവാസികൾക്കും ടെക്നോ ഇൻഡസ്ട്രിയൽ ജീവനക്കാർക്കും ഗുണകരമാവുംവിധം നിലവിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന് സമീപം മാറ്റി സ്ഥാപിക്കുന്നതിനും എല്ലാ വിഭാഗത്തിൽപ്പെട്ട ബസ്സുകൾക്കും ഇവിടെ സ്റ്റോപ്പ് അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

വിവിധ റൂട്ടുകളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളും വിശ്രമ കേന്ദ്രങ്ങളും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് റോഡ് നവീകരണത്തിന്റെ

ഭാഗമായി നിർമ്മിച്ച് നൽകുന്നത്. പുതുതായി കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന് സമീപം ബസ് കാത്തിരിപ്പ് കേന്ദ്രം രൂപീകരിക്കുന്ന മുറയ്ക്ക് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി-ക്കും ഗുണമാകുന്ന രീതിയിൽ ബസ് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് മലപ്പുറം ജില്ലയിൽനിന്നും വകുപ്പുതല ശിപാർശ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് മലപ്പുറം ജില്ലയിൽനിന്നും വകുപ്പുതല ശിപാർശ ഗതാഗത വകുപ്പിൽ ലഭ്യമായിട്ടില്ല.

## കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കെട്ടിടത്തിൽ ജനകീയ ഹോട്ടൽ

243 (3667) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന കെട്ടിടത്തിൽ

ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

**കോവിഡ് കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ**

244 (3668) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ ) 2019 കോവിഡ് കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് നിർത്തലാക്കിയതെന്ന വിവരം ഡിപ്പോ റൂട്ട് തിരിച്ച് നൽകുമോ?

2019 കോവിഡ് കാലത്ത് പാറശ്ശാല നിയോജകമണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്ന 19 കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് നിന്നുപോയത്.

പാറശ്ശാല യൂണിറ്റ് -11 എണ്ണം

1. 06.10 കളിയിക്കാവിള-നെടുമങ്ങാട്

2. 06.00 പാറശ്ശാല-മുള്ളുക്കാട്-മെഡിക്കൽ കോളേജ്

3. 05.30 കളിയിക്കാവിള-പാങ്ങോട്ടുകോണം-തിരുവനന്തപുരം

4. 05.40 കളിയിക്കാവിള-പുതുക്കുളം-തിരുവനന്തപുരം

5. 05.40 പാറശ്ശാല-നരിക്കുഴി-തിരുവനന്തപുരം

6. 05.00 പാറശ്ശാല-കൊല്ലംകോട്-മെഡിക്കൽകോളേജ്

7. 04.20 ചെങ്കവിള-തിരുവനന്തപുരം

8. 06.00 കളിയിക്കാവിള-മൂവോട്ടുകോണം-മെഡിക്കൽകോളേജ്

9. 09.00 കളിയിക്കാവിള-കൈമങ്കാല-കാട്ടാക്കട

10. 05.10 പാറശ്ശാല-കൊല്ലംകോട്-കുളത്തൂർ എച്ച്.എസ് - തിരുവനന്തപുരം

11. 08.00 കളിയിക്കാവിള-നെടുമങ്ങാട്

കാട്ടാക്കട യൂണിറ്റ് -6

1. 06.00 പന്ത-കുട്ടപ്പൂ

2. 05.50 വാഴിച്ചൽ-കുട്ടപ്പൂ

3. 07.00 മണിക്കാല-വാഴിച്ചൽ

4. 07.05 ആറ്റൂർ-വാഴിച്ചൽ

5. 06.00 കൊടയാൽ-കളിയിക്കാവിള

6. 08.30 വാളിക്കോട്- വാഴിച്ചൽ

<u>വെള്ളറട യൂണിറ്റ് -1</u>

കാസാറോഡ്-കാട്ടാക്കട-വെള്ളറട

<u>പൂവാർ യൂണിറ്റ് -1</u>

പൂവാർ-കുളത്തൂർ-തിരുവനന്തപുരം

(ബി) ഇതിൽ എത്ര സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയാണെന്നുമുള്ള വിശദാംശം ഡിപ്പോ റൂട്ട് തിരിച്ച് നൽകുമോ?

ഏഴ് സർവ്വീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ MTW ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കിയതുവഴി നിന്നുപോയ സർവ്വീസുകളിൽ കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമായ ട്രിപ്പുകൾ നിലവിലുള്ള സർവ്വീസുകളിൽ ഉൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സർവ്വീസുകൾ നിർത്തലാക്കിയതിനാൽ പൊതുജനത്തിനുണ്ടാകുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

MTW ഡ്യൂട്ടി പാറ്റേൺ നടപ്പിലാക്കിയതുവഴി മിക്കവാറും എല്ലാ റൂട്ടുകളിലും സർവ്വീസ് നടത്തി ട്രിപ്പുകൾ ക്രമീകരിച്ച് യാത്രാക്ലേശം പരിഹരിച്ചിട്ടുണ്ട്. കൊല്ലയിൽ, കുന്നത്തുകാൽ എന്നീ പഞ്ചായത്തുകളുമായി സഹകരിച്ച് ഓരോ ഗ്രാമവണ്ടിവീതം സർവ്വീസ് നടത്തിവരുന്ന മാതൃകയിൽ ചെലവ് പങ്കുവച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വെള്ളറട, കാട്ടാക്കട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും സർവ്വീസ് നടത്തിയിരുന്ന എത്ര അന്തർസംസ്ഥാന ബസ് സർവ്വീസുകൾ ഇക്കാലയളവിൽ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഇ) നിർത്തലാക്കിയതിൽ എത്ര അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും പുനരാരംഭിക്കാനുള്ളവ എത്രയെന്നുമുള്ള വിശദാംശം

അറിയിക്കുമോ; നിർത്തലാക്കിയ അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുവാൻ കഴിയുമോയെന്ന് അറിയിക്കുമോ?

(ഡി&ഇ) വെള്ളറട, കാട്ടാക്കട എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിയിരുന്നില്ല.

**പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളിൽനിന്നും**

**നിർത്തലാക്കിയ സർവ്വീസുകൾ**

245(3669) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് പാലക്കാട്, വടക്കഞ്ചേരി ഡിപ്പോകളിൽനിന്നും നിർത്തലാക്കിയ സർവ്വീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

2020-21 ലെ കോവിഡ് മഹാമാരിയെത്തുടർന്ന് നിന്നുപോയ സർവ്വീസുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പാലക്കാട് യൂണിറ്റ്

1. 11.00 തിരുവനന്തപുരം

2. 21.30 തിരുവനന്തപുരം

3. 18.30 തിരുവനന്തപുരം

4. 11.50 കോയമ്പത്തൂർ - കോഴിക്കോട്

5. 15.00 കോയമ്പത്തൂർ - വഴിക്കടവ്

6. 14.15 കോയമ്പത്തൂർ - കോഴിക്കോട്

7. 14.00 കോയമ്പത്തൂർ - കോതമംഗലം

8. 13.35 കോയമ്പത്തൂർ - തിരൂർ

9. 11.45 കോയമ്പത്തൂർ

10. 11.55 കോയമ്പത്തൂർ

11. 12.05 കോയമ്പത്തൂർ

12. 12.15 കോയമ്പത്തൂർ

13. 12.20 കോയമ്പത്തൂർ

14. 12.30 കോയമ്പത്തൂർ

15. 12.35 കോയമ്പത്തൂർ

16. 12.45 കോയമ്പത്തൂർ

17. 21.30 തിരുവനന്തപുരം

18. 06.00 കോയമ്പത്തൂർ - പല്ലശന

19. 05.25 ആലപ്പുഴ

20. 08.00 കോട്ടയം

21. 09.25 കോട്ടയം

22. 05.15 തൃശ്ശൂർ

23. 06.00 തൃശ്ശൂർ

24. 06.15 തൃശ്ശൂർ

25. 06.50 വലിയക്കാട് - തൃശ്ശൂർ

26. 05.00 പളനി

27. 09.30 തിരുവനന്തപുരം

28. 05.50 പൊള്ളാച്ചി

29. 10.45 പൊള്ളാച്ചി

30. 09.40 കോഴിക്കോട്

31. 06.45 ഗുരുവായൂർ

32. 06.15 ഗുരുവായൂർ

33. 04.30 ചെറുപ്പളശ്ശേരി - ഗുരുവായൂർ

34. 09.45 ഗുരുവായൂർ

35. 04.15 കാടാമ്പുഴ

36. 12.30 തിരുവനന്തപുരം

37. 06.00 ഇളാശ്ശേരി-കോഴിക്കോട്

38. 08.30 തിരുവനന്തപുരം

39. 07.10 കോഴിക്കോട്

40. 12.00 കോയമ്പത്തൂർ

41. 21.00 തിരുവനന്തപുരം

42. 07.10 ഗുരുവായൂർ

43. 07.35 കോഴിക്കോട്

44. 06.15 കൊങ്ങാട്-തൃശ്ശൂർ

45. 05.54 സുൽത്താൻ ബത്തേരി

46. 10.45 തിരുവനന്തപുരം

47. 07.00 വിക്ടോറിയ

48. 08.45 പൊള്ളാച്ചി

49. 04.00 പൊള്ളാച്ചി

50. 09.50 പൊള്ളാച്ചി

51. 09.30 പൊള്ളാച്ചി

52. 05.50 പൊള്ളാച്ചി

53. 10.45 പൊള്ളാച്ചി

<u>വടക്കഞ്ചേരി യൂണിറ്റ്</u>

1. 05.15 എറണാകുളം

2. 05.20 കോഴിക്കോട്

3. 05.50 മംഗലം ഡാം-കോഴിക്കോട്

4. 06.20 കോഴിക്കോട്

5. 14.40 കോഴിക്കോട്

6. 15.30 കോഴിക്കോട്

7. 16.00 കോഴിക്കോട്

8. 16.30 കോഴിക്കോട്

9. 14.30 ഗോവിന്ദപുരം

10. 15.10 ഗോവിന്ദപുരം

11. 15.30 ഗോവിന്ദപുരം

12. 16.45 ഗോവിന്ദപുരം

13. 05.50 പാലക്കാട്

14. 06.15 പാലക്കാട്

15. 06.25 പാലക്കാട്

16. 14.30 തൃശ്ശൂർ

17. 11.30 തൃശ്ശൂർ

(ബി) അവയിൽ എത്ര സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

പാലക്കാട് യൂണിറ്റിൽനിന്നും 45 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.

1. 21.30 തിരുവനന്തപുരം

2. 18.30 തിരുവനന്തപുരം

3. 11.50 കോയമ്പത്തൂർ - കോഴിക്കോട്

4. 15.00 കോയമ്പത്തൂർ - വഴിക്കടവ്

5. 14.15 കോയമ്പത്തൂർ - കോഴിക്കോട്

6. 14.00 കോയമ്പത്തൂർ - കോതമംഗലം

7. 13.35 കോയമ്പത്തൂർ - തൃശ്ശൂർ

8. 11.45 കോയമ്പത്തൂർ

9. 11.55 കോയമ്പത്തൂർ

10. 12.05 കോയമ്പത്തൂർ

11. 12.15 കോയമ്പത്തൂർ

12. 12.20 കോയമ്പത്തൂർ

13. 12.30 കോയമ്പത്തൂർ

14. 12.35 കോയമ്പത്തൂർ

15. 12.45 കോയമ്പത്തൂർ

16. 21.30 കോയമ്പത്തൂർ

17. 06.00 കോയമ്പത്തൂർ - പല്ലശ്ശന

18. 05.25 ആലപ്പുഴ

19. 08.00 കോട്ടയം

20. 05.15 തൃശ്ശൂർ

21. 06.00 തൃശ്ശൂർ

22. 06.15 തൃശ്ശൂർ

23. 06.50 വലിയക്കാട്-തൃശ്ശൂർ

24. 05.00 പളനി

25. 05.50 പൊള്ളാച്ചി

26. 10.45 പൊള്ളാച്ചി

27. 09.40 കോഴിക്കോട്

28. 06.45 ഗുരുവായൂർ

29. 06.15 ഗുരുവായൂർ

30. 06.00 എളാശ്ശേരി - കോഴിക്കോട്

31. 08.30 തിരുവനന്തപുരം

32. 07.10 കോഴിക്കോട്

33. 12.00 കോയമ്പത്തൂർ

34. 21.00 തിരുവനന്തപുരം

35. 07.35 കോഴിക്കോട്

36. 06.15 കൊങ്ങാട് - തൃശ്ശൂർ

37. 05.54 സുൽത്താൻബത്തേരി

38. 10.45 തിരുവനന്തപുരം

39. 07.00 വിക്ടോറിയ

40. 08.45 പൊള്ളാച്ചി

41. 04.00 പൊള്ളാച്ചി

42. 09.50 പൊള്ളാച്ചി

43. 09.30 പൊള്ളാച്ചി

44. 05.50 പൊള്ളാച്ചി

45. 10.45 പൊള്ളാച്ചി

വടക്കഞ്ചേരി യൂണിറ്റിൽ നിന്നും 2 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.

1. 15.10 ഗോവിന്ദപുരം

2. 15.30 ഗോവിന്ദപുരം

(സി) പുനരാരംഭിച്ചിട്ടില്ലാത്ത സർവ്വീസുകൾ വേഗത്തിൽ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പ്രസ്തുത സർവ്വീസുകളിലെ പ്രധാന ട്രിപ്പുകൾ, കോർപ്പറേഷനും പൊതുജനങ്ങൾക്കും ഗുണകരമായ പരമാവധി ട്രിപ്പുകൾ എന്നിവ നിലവിലുള്ള സർവ്വീസുകളിലുൾപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. യാത്രാവശ്യം വർദ്ധിക്കുന്നതിനനുസരിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

## ഉപയോഗക്ഷമമല്ലാത്ത ലോഫ്ലോർ ബസ്സുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളുടെ ഓഫീസായി ഉപയോഗിക്കാൻ അനുമതി

246 (3670) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗക്ഷമമല്ലാത്ത ലോഫ്ലോർ ബസ്സുകൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് വിട്ടു നൽകുന്നത് പരിഗണിക്കുമോ;

(ബി) ഇന്ത്യയിലെ ആദ്യത്തെ സഹകരണ മീഡിയ പ്രൊഡക്ഷൻ ഹൗസായ അയ്ക്കൂസ് യുവ സഹകരണ സംഘത്തിന്റെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനും ലൈവ് ബ്രോഡ്കാസ്റ്റിംഗിനായും സ്റ്റുഡിയോ

ഫ്ലോർ ആയും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ലോഫ്ലോർ ബസ് വിട്ടുനൽകണമെന്നാവശ്യപ്പെട്ട് സംഘം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ ഉപയോഗയോഗ്യമല്ലാത്ത ലോ ഫ്ലോർ ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ MSTC മുഖാന്തരം ലേലം ചെയ്ത് വിൽപ്പന നടത്തിവരികയാണ്. ഇനി ലേല നടപടികൾ പൂർത്തിയാക്കുന്നതിന് 91 ബസ്സുകൾ മാത്രമാണുള്ളത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയം നാളിതുവരെ പരിഗണനയിൽ വന്നിട്ടില്ല.

### പാല-പാലക്കുഴി (പാലക്കാട്) ബസ് സർവ്വീസ്

247 (3671) <u>ശ്രീ. കെ. ഡി.പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പാല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പാല-പാലക്കുഴി (പാലക്കാട്) ബസ് സർവ്വീസ് ആരംഭിക്കേണ്ട ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) പാല-പാലക്കുഴി (പാലക്കാട്) ബസ് സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്വകാര്യ ബസ്സുകൾക്ക് കൊച്ചി നഗരത്തിലേക്ക് പ്രവേശിക്കുന്നതിന് ഉണ്ടാകുന്ന തടസ്സങ്ങൾ**

248 (3672) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽനിന്നുള്ള സ്വകാര്യ ബസ്സുകൾക്ക് കൊച്ചി നഗരത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് തടസ്സമാകുന്ന ദേശസാൽകൃത റൂട്ടുകളും അവ ഉൾക്കൊള്ളുന്ന സ്കീമുകളും ഏതെല്ലാമെന്നും പ്രസ്തുത റൂട്ടുകളിൽ ഉൾപ്പെടുന്ന റോഡുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

1988-ലെ മോട്ടോർ വാഹന നിയമത്തിലെ ചാപ്റ്റർ VI-ലെ ചില സ്കീമുകൾ ഭേദഗതി വരുത്തിയാൽ മാത്രമേ വൈപ്പിനിൽനിന്നും സ്വകാര്യ ബസ്സുകൾക്ക് എറണാകുളം നഗര പ്രവേശം സാധ്യമാകുകയുള്ളൂ. നിലവിലെ നിയമ തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സെക്ഷൻ 102 പ്രകാരം 'cancellation or modification of the scheme' ആവശ്യമാണ്. വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽനിന്നും എറണാകുളം

നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് കടന്നുവരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്. 14-7-2009-ലെ 42/2009/Tran നമ്പർ ദേശസാൽകൃത സ്കീം പ്രകാരം എറണാകുളം-കോട്ടയം, എറണാകുളം-തൃശ്ശൂർ, തിരുവനന്തപുരം-കണ്ണൂർ എന്നീ റൂട്ടുകളും 2017-ലെ എറണാകുളം-മൂവാറ്റുപുഴ ദേശസാൽകൃത സ്കീമും 1965-ലെ എറണാകുളം-ചേർത്തല, എറണാകുളം-ആലപ്പുഴ തുടങ്ങിയ സ്കീമുകളും എറണാകുളം ടൗണിലൂടെ കടന്നുപോകുന്നതിനാൽ പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് ദേശസാൽകൃത റൂട്ടുകളിലേയ്ക്ക് വേരിയേഷൻ നടത്തി നൽകുന്നതിനോ വ്യവസ്ഥയില്ല.

14-07-2009-ലെ ജി.ഒ.(പി)നം.42/2009/ട്രാൻസ് വിജ്ഞാപനത്തിലെ അനുബന്ധത്തിൽ പരാമർശിക്കുന്ന ക്രമനമ്പർ 6, 7, 18, 19, 20, 21 സ്കീമുകൾ പ്രകാരമുള്ള റൂട്ടുകളാണ് വൈപ്പിനിൽനിന്നുള്ള സ്വകാര്യ ബസുകൾ കൊച്ചി നഗരത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് നിയമപരമായി തടസ്സമാകുന്നത്. യഥാക്രമം Trivandrum-Palghat, Trivandrum-Cannanore, Ernakulam-Thrissur(via) Irinjalakkuda, Ernakulam-Palghat, Ernakulam-Guruvayoor, Ernakulam-Payyannur മുതലായ ദേശസാത്കൃത റൂട്ടുകളിൽ ഉൾപ്പെടുന്ന റോഡുകളാണിവ.

(ബി) ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

14-0-.2009-ലെ ജി.ഒ.(പി)നം.42/2009/ട്രാൻസ് വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) വൈപ്പിനിൽനിന്നും സ്വകാര്യ ബസ്സുകൾക്ക് നഗരത്തിൽ പ്രവേശിക്കുന്നതിന് തടസ്സമാവുന്ന ദേശസാൽകൃത റൂട്ടുകളും സ്കീമുകളും സർക്കാർ ഉത്തരവുകളുമായി ബന്ധപ്പെട്ട പ്രധാന കോടതി ഉത്തരവുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കോടതി ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് കോടതി ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ബഹു.കോടതി വിധിന്യായങ്ങളിൽ നോട്ടിഫൈഡ് റൂട്ടുകളിൽ സ്വകാര്യ ബസ് ഓപ്പറേറ്റേഴ്സിന് പെർമിറ്റുകൾ അനുവദിക്കുവാൻ കഴിയില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്.

**റൂഫ് ഓപ്പൺ ആയിട്ടുള്ള ഡബിൾഡക്കർ ബസ് സർവ്വീസ്**

249 (3673) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന മൂന്നാറിൽ സഞ്ചാരികൾക്ക് പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിന് റൂഫ് ഓപ്പൺ ആയിട്ടുള്ള കെ.എസ്.ആർ.ടി.സി ഡബിൾഡക്കർ ബസ് സർവ്വീസ് നടത്തുന്നത് ഗുണകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത രീതിയിലുള്ള ബസ് സർവ്വീസ് മൂന്നാറിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിനോദസഞ്ചാരികൾ കൂടുതലായെത്തുന്ന മൂന്നാർ പ്രദേശത്തെ റോഡുകളുടെ ഘടന ഡബിൾ ഡക്കർ ബസ് സർവ്വീസ് നടത്തുന്നതിന് അനുയോജ്യമല്ലാത്തതിനാൽ നിലവിൽ ടി പദ്ധതി നടപ്പാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

**ഇടുക്കി ജില്ലയിൽ ഗ്രാമവണ്ടികൾ**

250 (3674) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതെല്ലാം പ്രദേശത്ത് ഗ്രാമവണ്ടികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സർവ്വീസ് നടത്തുന്നതിന് ഇടുക്കി ജില്ലയിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾ സന്നദ്ധമായിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) ഇടുക്കി ജില്ലയിൽ ഗ്രാമവണ്ടി സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല. ഇടുക്കി ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തുകളും ഗ്രാമവണ്ടി പദ്ധതി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സന്നദ്ധത നാളിതുവരെ അറിയിച്ചിട്ടില്ല.

## ഗ്രാമവണ്ടി പദ്ധതി

251 (3675) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഗ്രാമവണ്ടി പദ്ധതിയുമായി സഹകരിച്ചിട്ടുള്ളതെന്ന് വിശദാമാക്കുമോ;

(ബി) ഈ പദ്ധതി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിൽ നാളിതുവരെ ഗ്രാമവണ്ടി പദ്ധതി പ്രകാരമുള്ള സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല. പാലക്കാട് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തതിന്റെയടിസ്ഥാനത്തിൽ ഗ്രാമവണ്ടി പദ്ധതിയിൽ ഏർപ്പെടുന്നതിന് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് താൽപ്പര്യം അറിയിച്ചിട്ടുണ്ട്.

## ഗ്രാമവണ്ടി പദ്ധതി

252 (3676) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഗ്രാമവണ്ടി പദ്ധതിയുടെ വിശദാംശം നൽകാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവ്വീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ.ഉ.(സാധാ)നം.704/2022/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്.

നിലവിൽ കൊല്ലയിൽ, കുന്നത്തുകാൽ, എളവള്ളി, ചാത്തമംഗലം, എടവണ്ണ, പത്തിയൂർ, ചേന്ദമംഗലം, കല്ലറ എന്നീ പഞ്ചായത്തുകളിലും കടുത്തുരുത്തി (2 എണ്ണം), മാനന്തവാടി എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും കൊല്ലം കോർപ്പറേഷനിലുമായി 12 ഗ്രാമവണ്ടി സർവ്വീസുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്ത് ഗ്രാമവണ്ടി ഉടൻ തുടങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടുതൽ പഞ്ചായത്തുകൾ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത് സ്ഥായിയായ വരുമാന വർദ്ധനവിനും നഷ്ടം കുറയ്ക്കുവാനും സഹായിക്കും.

(ബി) ഗ്രാമവണ്ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇതുവരെ എത്ര ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഗ്രാമവണ്ടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഇന്നുവരെ (24-2-2023) 12 ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിക്കുകയും 52 റൂട്ടുകളിലൂടെ സർവ്വീസ് നടത്തുകയും ചെയ്തുവരുന്നുണ്ട്.

**റോഡ് സുരക്ഷാ പദ്ധതികൾ**

253(3677) ശ്രീ. പി. നന്ദകുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷയ്ക്കും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഈ സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനം വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

മോട്ടോർ വാഹന വകുപ്പിനുകീഴിൽ നടത്തുന്ന റോഡ് സുരക്ഷാ ബോധവത്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ വിശകലനം ചെയ്ത് തുടർപ്രവർത്തനങ്ങൾക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിച്ച് അപകടത്തിൽപ്പെടുന്നത് കൂടുതലായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ "റോഡ് സുരക്ഷ" സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി ഉപയോഗം നിമിത്തം വാഹനാപകടങ്ങൾ വർദ്ധിക്കുന്നതിനെതിരെ ലഹരിവിരുദ്ധ ബോർഡുകൾ സ്ഥാപിച്ചും ലഹരിവിരുദ്ധ സന്ദേശങ്ങൾ നൽകിയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഗതാഗത നിയമങ്ങളെക്കുറിച്ചും അത്

പാലിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസ്സുകൾ, റോഡ് ഷോകൾ, ഷോർട്ട് ഫിലിം പ്രദർശനം, നവമാധ്യമങ്ങൾ വഴിയും റേഡിയോ/ടെലിവിഷൻ വഴിയും സന്ദേശങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. പൊതുനിരത്തുകളിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

(ബി) പൊതുനിരത്തിലോടുന്ന വാഹനങ്ങളിൽനിന്നുള്ള ശബ്ദമലിനീകരണം തടയുന്നതിനായി നടപ്പാക്കുന്ന ഓപ്പറേഷൻ സൈലൻസ് പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഓപ്പറേഷൻ സൈലൻസ് എന്ന സ്പെഷ്യൽ ഡ്രൈവിൽ ഇരുചക്ര വാഹനങ്ങളിൽ അനധികൃത രൂപമാറ്റം വരുത്തിയതിന് 2092 കേസുകളിലായി 1,06,10,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. കൂടാതെ ശബ്ദ, വായുമലിനീകരണം നടത്തിയതിന് 1460 കേസുകളിലായി 29,92,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

(സി) സുരക്ഷയിൽ വീഴ്ച വരുത്തുന്ന സ്കൂൾ വാഹനങ്ങളെ കണ്ടെത്തുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും പുതിയ പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

സുരക്ഷയിൽ വീഴ്ച വരുത്തുന്ന സ്കൂൾ വാഹനങ്ങളെ കണ്ടെത്തുന്നതിന് ടി സ്ഥാപനങ്ങളിൽ മോട്ടോർ വാഹന വകുപ്പുദ്യോഗസ്ഥർ നേരിട്ടെത്തി പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. ടി വാഹനങ്ങളിലെ VLTD സുരക്ഷാ മിത്ര എന്ന സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുകയും ആയതുവഴി വാഹനങ്ങളുടെ ലൊക്കേഷൻ, വേഗത തുടങ്ങിയ വിവരങ്ങൾ ഓഫീസിൽ നേരിട്ട് മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ സ്കൂൾ വാഹനങ്ങളുടെ വിവരങ്ങൾ രക്ഷാകർത്താക്കൾക്ക് അറിയുന്നതിനായി വിദ്യാവാഹൻ എന്ന മൊബൈൽ ആപ്പ് വികസിപ്പിച്ചിട്ടുണ്ട്.

**ഗതാഗത നിയമലംഘനങ്ങൾ തടയാൻ നടപടി**

254 (3678) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ

വർദ്ധിച്ചുവരുന്നതുമൂലം അപകട മരണങ്ങൾ കൂടിവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽനിന്നും റോഡപകടങ്ങൾക്ക് പ്രധാന കാരണം ഡ്രൈവർമാരുടെ ഗതാഗത നിയമലംഘനമാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. 2019-നെ അപേക്ഷിച്ച് 2022 വർഷത്തിൽ വാഹനങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടും അതിന് ആനുപാതികമായി അപകടങ്ങളുടെയും അപകടമരണങ്ങളുടെയും നിരക്കുയരാതെ പിടിച്ചുനിർത്തിയത് സേഫ് കേരള പദ്ധതി നടപ്പിലാക്കിയത് കാരണമാണ്.

(ബി) ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സേഫ് കേരള പദ്ധതിയുടെ കീഴിൽ 24x7 പ്രവർത്തിക്കുന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 675 ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ക്യാമറകളുൾപ്പെടെ 726 ക്യാമറകൾ സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ആയത്

ഉടൻതന്നെ പ്രവർത്തനസജ്ജമാകുന്നതാണ്. കൂടാതെ ഗതാഗത നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് റോഡ് സുരക്ഷാ ബോധവത്കരണ പ്രവർത്തനങ്ങളും സ്പെഷ്യൽ ഡ്രൈവുകളും നടത്തിവരുന്നു.

(സി) നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്ക് ഇൻഷ്വറൻസും ഹെൽമെറ്റും**

255 (3679)<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഷ്വറൻസ് ആവശ്യമില്ലാത്ത വാഹനങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 146-ാം വകുപ്പ് പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, ലോക്കൽ അതോറിറ്റി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗ് (കെ.എസ്.ആർ.ടി.സി.) എന്നിവയുടെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനങ്ങളെ, അവയ്ക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് പ്രത്യേക ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാർ ഉത്തരവുകളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ, ഇൻഷ്വറൻസ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചട്ടം 202 അനുസരിച്ച് ഒരു ഇലക്ട്രിക് വാഹനത്തിന്റെ ബാറ്ററി പവർ 0.25 കിലോവാട്ടിനു താഴെയും പരമാവധി വേഗത 25 km/hr-ന് താഴെയുമാണെങ്കിൽ പ്രസ്തുത വാഹനങ്ങളെ മോട്ടോർ വാഹനം എന്ന നിർവ്വചനത്തിൽനിന്നും ഒഴിവാക്കുകയും ഇത്തരം വാഹനങ്ങൾക്ക് രജിസ്ട്രേഷൻ, ഹെൽമറ്റ്, ഇൻഷ്വറൻസ് എന്നീ നിബന്ധനകൾ ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ആദ്യകാലഘട്ടത്തിലെ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളിൽ നിന്ന് വ്യത്യസ്തമായി കൂടിയ പവറും വേഗതയും കൈവരിക്കാൻ സാധിക്കുന്ന

തരത്തിലുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് ഇൻഷ്വറൻസ്, ഹെൽമെറ്റ് എന്നിവ ഒഴിവാക്കുന്നതിലുള്ള സാംഗത്യം അറിയിക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോൾ ഇലക്ട്രിക് അല്ലാത്ത ഇരുചക്ര വാഹനങ്ങൾമൂലമുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങളും ഉണ്ടാകുമെന്നതിനാൽ ഹെൽമെറ്റ്, ഇൻഷ്വറൻസ് എന്നിവ ഒഴിവാക്കുന്ന നടപടി പുനഃപരിശോധിക്കുമോ;

(ഡി) ഇൻഷ്വറൻസ് ഇല്ലാത്ത ഇത്തരം വാഹനങ്ങൾമൂലം കാൽനടയാത്രക്കാർക്കുണ്ടാകുന്ന പരിക്കുകൾക്കും ജീവഹാനിക്കും നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യത്തിന് പരിഹാരമുണ്ടാക്കുമോ എന്ന് വ്യക്തമാക്കുമോ?

(ബി-ഡി) പവറും വേഗതയും കൂടിയ ഇലക്ട്രിക് വാഹനങ്ങൾക്ക് ഇൻഷ്വറൻസ്, ഹെൽമെറ്റ് എന്നിവ ഒഴിവാക്കിയിട്ടില്ല. നിലവിൽ ഒരു ഇലക്ട്രിക് വാഹനത്തിന്റെ ബാറ്ററി പവർ 0.25 കിലോവാട്ടിൽ കൂടുതലും പരമാവധി വേഗത 25 km/hr-ൽ കൂടുതലും ആണെങ്കിൽ അത്തരം വാഹനങ്ങൾക്ക് അംഗീകാരം കൊടുക്കുകയും ആയതിന് രജിസ്ട്രേഷൻ, ഇൻഷ്വറൻസ്, ഹെൽമെറ്റ് മുതലായവ നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചട്ടം 202 അനുസരിച്ച്

ബാറ്ററി പവർ 0.25 കിലോ വാട്ടിനു താഴെയും പരമാവധി വേഗത 25 km/hr-ന് താഴെയുമുള്ള ഒരു ഇലക്ട്രിക് വാഹനം, മോട്ടോർ വാഹനം എന്ന നിർവ്വചനത്തിൽ ഉൾപ്പെടില്ല. ഇൻഷ്വറൻസ് ബാധകമല്ലാത്ത ഇത്തരം ഇലക്ട്രിക് വാഹനങ്ങൾമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും പരിക്കുകൾക്കും ജീവഹാനിക്കും നഷ്ടപരിഹാരം ലഭിക്കാൻ നിലവിൽ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥകളില്ല. പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാർ തലത്തിലാണ്.

**വർക്കിംഗ് അറേഞ്ച്മെന്റ്**

256 (3680) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കിംഗ് അറേഞ്ച്മെന്റ് സമ്പ്രദായം സർക്കാർ നിർത്തലാക്കിയിട്ടുണ്ടെങ്കിലും മോട്ടോർ വാഹന വകുപ്പിൽ നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റുപ്രകാരം എത്ര ഉദ്യോഗസ്ഥർ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; അവരുടെ പേര് വിവരങ്ങൾ വിശദമാക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ ജോലി ക്രമീകരണം പ്രകാരം 84 ഉദ്യോഗസ്ഥർ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ട്. അവരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ 10 വർഷത്തിലേറെയായി ജോലി ചെയ്തിരുന്ന ഒരു ഉദ്യോഗസ്ഥനെ വകുപ്പുതല നടപടി പ്രകാരം കമ്മീഷണർ വടക്കാഞ്ചേരിയിലേയ്ക്കും പിന്നീട് ആലപ്പുഴയിലേയ്ക്കും മാറ്റിയിട്ടും വിവിധ കാലയളവിൽ കമ്മീഷണറേറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്തിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് ഉദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരമാണ് ടിയാനെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചതെന്ന് വിശദമാക്കുമോ?

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. രാജേഷ് കുമാർ വില്യംസ്, ഹെഡ് അക്കൗണ്ടന്റിനെ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിന്റെ ഭാഗമായി വടക്കാഞ്ചേരി സബ് ആർ.ടി. ഓഫീസിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. പിന്നീട് ആലപ്പുഴ ആർ.ടി. ഓഫീസിൽ ഉണ്ടായിട്ടുള്ള ഒഴിവിലേയ്ക്ക് ടിയാന്റെ അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമനങ്ങൾ വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായിട്ടുള്ളതല്ല. ബഹു. സുപ്രീംകോടതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോഗിച്ച റോഡ് സുരക്ഷയ്ക്കായുള്ള കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ വാർഷിക പദ്ധതി വിഹിതം സമയബന്ധിതമായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായാണ് ടിയാനെ വകുപ്പ് ആസ്ഥാനത്ത് ഗതാഗത കമ്മീഷണർ നിയോഗിച്ചിട്ടുള്ളത്.

(സി) മോട്ടോർ വാഹന വകുപ്പിൽ നേരത്തെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും എഫ്.എം.എസ്. സോഫ്റ്റ്‌വെയറും വാങ്ങിയതിൽ അഴിമതി ആരോപണം ഉയർന്ന ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി എടുത്തിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വിജിലൻസിൽ പരാതി ഉണ്ടായിരുന്നിട്ടും അന്വേഷണം നടത്താതെ പരാതി പൂഴ്ത്തിവച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ലഭിച്ച പരാതിയിൽ അന്വേഷണം നടത്തിയതിൽ പരാതിക്കാരന്റെ വിലാസം വ്യാജമാണെന്നും പരാതിയിൽ കഴമ്പില്ലെന്നും കണ്ടതിനെത്തുടർന്ന് നടപടികൾ അവസാനിപ്പിച്ചു. ടി ഉദ്യോഗസ്ഥനെതിരെ വിജിലൻസിൽനിന്ന് പരാതി ലഭ്യമായിട്ടില്ല.

(ഡി) ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഉത്തരവിൻപ്രകാരം വകുപ്പുതല അന്വേഷണം നേരിട്ട ഉദ്യോഗസ്ഥനെതിരെ ഗുരുതരമായ കണ്ടെത്തലുകൾ ഉണ്ടായിട്ടും അതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറേറ്റിലെ എല്ലാ ജോലികളിൽനിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടും ടി ഉദ്യോഗസ്ഥനെ വീണ്ടും വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഗുരുതര ആരോപണങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥരാരും നിലവിൽ ഗതാഗത കമ്മീഷണറേറ്റിൽ ജോലി ചെയ്യുന്നില്ല.

## സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിന് നടപടി

257 (3681) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിന് തടസ്സമുണ്ടോയെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലുള്ള കേസാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കേസ് തീർപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനെതിരെ M/s Rosemerta Solutions Pvt Ltd. 2019-ൽ ഫയൽ ചെയ്ത 13525/2019 നമ്പർ റിട്ട് ഹർജി നിലവിലുണ്ട്. പ്രസ്തുത ഹർജിയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി 15-02-2023-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുപ്രകാരം ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരിക്കുന്നതിനുള്ള നടപടികളുമായി സർക്കാരിന് മുന്നോട്ട് പോകാവുന്നതാണ്.

(സി) രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളും സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസ് നൽകുമ്പോൾ സംസ്ഥാനത്തിന് ഇങ്ങനെയൊരു കേസിന്റെ പേരിൽ മാത്രം സ്മാർട്ട് കാർഡ് ലൈസൻസ് നൽകുന്നതിൽനിന്ന് ദീർഘനാൾ മാറിനിൽക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള പേപ്പറധിഷ്ഠിത ലൈസൻസുകൾ/സർട്ടിഫിക്കറ്റുകൾ എന്നിവയിൽ നിന്ന് അടിയന്തരമായി മാറ്റം വരുത്തേണ്ടതുണ്ടെന്ന് സർക്കാർ

കരുതുന്നതിനാൽ, ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും പിവിസി പെറ്റ് ജി കാർഡിൽ (ചിപ്പ് ഇല്ലാത്തത്) പ്രിന്റ് ചെയ്യുന്നതിന് 11-01-2023-ലെ G.O.(Rt)No.22/2023/Trans പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത്തരത്തിലുള്ള നടപടിയുമായി മുന്നോട്ടുപോകുന്നതിന് സർക്കാരിന് സ്വാതന്ത്ര്യമുണ്ടെന്ന് ബഹു. കേരള ഹൈക്കോടതി 15-02-2023-ലെ WA 1892/2019-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ കാർഡ് രൂപത്തിലാക്കി മാറ്റുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) എല്ലാവിഷയത്തിലും ഒന്നാം സ്ഥാനത്തെത്തുന്നതിന് സാധിക്കുന്ന കേരളത്തിന് ഈ വിഷയത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും പുറകിൽ പോകേണ്ടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

ഇല്ല.

(ഇ) സ്മാർട്ട് ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൈലറ്റ് പ്രോജക്ടായി മൂന്ന് ഓഫീസുകളുടെ ഡ്രൈവിംഗ് ലൈസൻസ് കാർഡ് രൂപത്തിൽ അച്ചടി ആരംഭിച്ചിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ

258 (3682) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(എ&ബി) അനുബന്ധമായി ചേർക്കുന്നു+.

(സി) പദ്ധതികൾ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ 36-ാമത് യോഗത്തിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്ന പദ്ധതികൾ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് റോഡ് സുരക്ഷാ ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. 36-ാമത് അതോറിറ്റി യോഗത്തിൽ അംഗീകരിച്ച മാനദണ്ഡങ്ങളും നിശ്ചിത മാതൃകയും അനുബന്ധമായി ചേർക്കുന്നു+.

## ബീക്കൺ ലൈറ്റ് ഉപയോഗിക്കാനർഹതയുള്ള ഉദ്യോഗസ്ഥർ

259(3683) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 01-05-2017-ലെ നം. ജി.എസ്.ആർ. 423(ഇ) നമ്പർ വിജ്ഞാപന പ്രകാരം സംസ്ഥാനത്ത് ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് ഏതെല്ലാം വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേൽ വിജ്ഞാപനപ്രകാരം പോലീസ്, എക്സൈസ്, വനം, റവന്യൂ എന്നീ വകുപ്പുകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്ക് ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 108-ലെ നിബന്ധനകൾ പ്രകാരമാണ് വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഘടിപ്പിക്കുന്നത്. എന്നാൽ 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 108 ഉപചട്ടം (4), 01-05-2017-ലെ S.O.No.1347(E) വിജ്ഞാപനപ്രകാരം ഭേദഗതി ചെയ്തതിലൂടെ Emergency and Disaster Management ജോലികൾ കൈകാര്യം ചെയ്യുന്ന വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്. എന്നാൽ clause (a) duty relating to control of fire (b) duties by police, defence forces or paramilitary forces for maintenance of law and order എന്നീ വിഭാഗം ഉപയോഗിക്കുന്ന വാഹനങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ഓരോ വർഷവും തയ്യാറാക്കുന്ന അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 01-05-2017-ലെ S.O.No.1347(E) വിജ്ഞാപനപ്രകാരം ഏതെല്ലാം സർക്കാർ വകുപ്പുകൾക്ക് വാഹനങ്ങളിൽ

ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകാമെന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) താലൂക്ക് തഹസീൽദാർമാർക്ക് ദുരന്ത നിവാരണ നിയമ പ്രകാരം ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് നിയമ തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

Emergency and Disaster Management ജോലികൾ കൈകാര്യം ചെയ്യുന്ന വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്.

**ജോയിന്റ് ആർ.ടി. ഓഫീസ്**

260 (3684) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ഉണ്ട്. മഞ്ചേശ്വരം താലൂക്കിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(സി) മഞ്ചേശ്വരം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**വാഹനങ്ങൾ തീപിടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ**

261 (3685) <u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>

**<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓടുന്ന വാഹനങ്ങൾ തീപിടിച്ചുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

വാഹനങ്ങളിൽ തീപിടിച്ചുണ്ടാകുന്ന ഒറ്റപ്പെട്ട അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഉപയോഗിക്കുന്ന സുരക്ഷിതമല്ലാത്ത വയറിംഗുകളിൽനിന്നുള്ള ഷോർട്ട് സർക്യൂട്ടുമൂലമോ വാഹനങ്ങൾക്ക് കാലാകാലങ്ങളിലുള്ള സർവ്വീസ് നടത്താത്തതു കാരണമോ വാഹനങ്ങളിൽ തീപിടിക്കുന്നതിന് സാദ്ധ്യത ഉണ്ടാക്കുന്നത്.

(ബി) വാഹനങ്ങൾ തീപിടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് വാഹനമോടിക്കുന്നവരെ ബോധവാന്മാരാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വാഹനങ്ങളിൽ നിയമവിരുദ്ധ രൂപമാറ്റം നടത്തുന്നത് കണ്ടുപിടിക്കാൻ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) വാഹനങ്ങൾ തീപിടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ മുഖേനയും മാധ്യമങ്ങൾവഴിയും ബോധവത്കരണം നൽകിവരുന്നുണ്ട്. ഈ പ്രവണത തടയാൻ പരിശോധനയും കർശന നടപടികളും സ്വീകരിക്കുന്നുണ്ട്. പ്രസ്തുത നടപടികൾ തുടരുന്നതുമാണ്.

**മോട്ടോർ വാഹന വകുപ്പിലെ ഐ.ടി. വിഭാഗം**

262 (3686) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ഐ.ടി. വിഭാഗം രൂപീകരിച്ച് വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; നിലവിൽ മോട്ടോർ വാഹന വകുപ്പിലെ ഐ.ടി. സംബന്ധമായ വിഷയങ്ങൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി വെർച്വൽ ഐ.ടി. കേഡറായി എത്ര ഉദ്യോഗസ്ഥരെ

നിയോഗിച്ചിട്ടുണ്ട്; അവരുടെ പേരും യോഗ്യതയും നിലവിലെ തസ്തികയും വ്യക്തമാക്കുമോ?

പരിഗണനയിലാണ്.

21-01-2015-ലെ സ.ഉ.(സാധാ)നം.5/2015/ഐ.റ്റി.ഡി പ്രകാരം മോട്ടോർ വാഹന വകുപ്പിൽ 11-11-2015-ൽ വെർച്വൽ ഐ.ടി. കേഡർ രൂപീകൃതമായിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറയുന്ന പ്രകാരം ഐ.ടി-യിൽ പ്രാവീണ്യവും അഭിരുചിയുമുള്ള 69 ഉദ്യോഗസ്ഥരാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) മോട്ടോർ വാഹന വകുപ്പിൽ ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം മോണിറ്റർ ചെയ്യാൻവേണ്ടി സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ സോഫ്റ്റ്‌വെയറിന്റെ സ്ഥിതി എന്താണെന്നും അതിനായി എത്ര രൂപ ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ?

കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് പ്രാരംഭനടപടികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിച്ചിട്ടുണ്ട്. ഇത് ഒരു ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ആയതിനാൽ ഫണ്ട് ആവശ്യമില്ല.

(സി) വർക്കിംഗ് അറേഞ്ച്മെന്റ് സർക്കാർ നിർത്തലാക്കിയിട്ടും വകുപ്പുതല നടപടി നേരിട്ട ഉദ്യോഗസ്ഥനെ ആലപ്പുഴ നിന്നും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ പെട്ടെന്ന് മാറ്റാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഈ ഉദ്യോഗസ്ഥനെതിരെ അന്വേഷണത്തിന് നേരത്തേ ശിപാർശയുണ്ടായിരുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ നിന്നും 4 ഉദ്യോഗസ്ഥരെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്.

1. ശ്രീ. രാജേഷ് കുമാർ വില്യംസ്, ഹെഡ് അക്കൗണ്ടന്റിനെ 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിനായി ആലപ്പുഴ ആർ.ടി. ഓഫീസിൽ നിന്നും 28-11-2022 മുതൽ 31-03-2023 വരെയുള്ള കാലയളവിലേയ്ക്ക് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ടിയാനെതിരെ വകുപ്പുതല നടപടികളില്ല.

2. ശ്രീ. അജീഷ് പി. എ., അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറെ, ആലപ്പുഴ (എൻഫോഴ്സ്മെന്റ്) ആർ.ടി. ഓഫീസിൽനിന്നും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ടിയാൻ 2023-ൽ ഒരു കേസുപോലും തയ്യാറാക്കാതിരിക്കുകയും അനധികൃതമായി ജോലിയിൽ ഹാജരാകാതിരിക്കുകയും ചെയ്യുന്ന എന്ന എൻഫോഴ്സമെന്റ് ആർ.ടി. ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുള്ളത്.

അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാത്തതിനാൽ ടിയാനെ 02-11-2021-ലെ ജി2/71/2021/റ്റി.സി നമ്പർ ഉത്തരവുപ്രകാരം സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും 24-01-2022-ലെ ഉത്തരവുപ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 26-11-2021-ലെ ജി2/71/2021/റ്റി.സി നമ്പർ കുറ്റാരോപണ മെമ്മോയും ആരോപണ പത്രികയും നൽകി ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി 16-03-2022-ലെ ജി2/71/2021-റ്റി.സി. നമ്പർ ഉത്തരവ് പ്രകാരം 'സെൻഷ്വർ' നൽകി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

3. ആലപ്പുഴ എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസിലെ ശ്രീ. രവീഷ് ആർ, എം.വി.ഐ. 22-01-2023-ൽ ഒരു കേസ് പോലും തയ്യാറാക്കാതിരിക്കുകയും

അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ സേവനമനുഷ്ഠിക്കുന്ന അവസരത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ ആര്യങ്കാവ് ചെക്ക്പോസ്റ്റിൽ നടത്തിയ പരിശോധനയിൽ വാഹന ഉടമകളിൽനിന്നും ഈടാക്കിയ തുകയുടെ കളക്ഷൻ സ്റ്റേറ്റ്മെന്റിൽ 73,050/-രൂപയും തുക എണ്ണിത്തിട്ടപ്പെടുത്തിയതിൽ 1,020/-രൂപ കുറവുള്ളതായി കണ്ടെത്തിയതിൽ ചട്ടപ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും 08-04-2021-ലെ ജി3/10/2020-റ്റി.സി നമ്പർ ഉത്തരവ് പ്രകാരം ' Warning' നൽകി തീർപ്പാക്കിയിട്ടുള്ളതുമാകുന്നു.

4. ആലപ്പുഴ എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസിലെ ശ്രീ. സുനിൽ എസ്., എം.വി.ഐ-യെ Plan Fund, Vehicle Scrap Policy എന്നീ പ്രോജക്ടുകൾ വിജയകരമായി പൂർത്തിയാക്കുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ടിയാനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) വകുപ്പിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് മാത്രമായി ഒരു സ്ക്രാപ്പ് പോളിസി നിലവിലുണ്ടോ; ഇത്തരം ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യുന്നതുമായി ബന്ധപ്പെട്ട 01-10-2021-ലെ സർക്കാർ ഉത്തരവ് 'ജി.ഒ.

(എം.എസ്)നം. 30/2021/ഐ.റ്റി.ഡി' മോട്ടോർ വാഹന വകുപ്പിനും ബാധകമാണോ; വിശദമാക്കുമോ?

മോട്ടോർ വാഹന വകുപ്പിന് മാത്രമായി സ്ക്രാപ്പ് പോളിസി നിലവിലില്ല. 01-10-2021-ലെ സ.ഉ (കൈ)നം.30/2021/ഐ.റ്റി.ഡി മോട്ടോർ വാഹന വകുപ്പിന് ബാധകമാണ്. ടി ഉത്തരവിൽ ഉപകരണങ്ങൾ സ്ക്രാപ്പ് ചെയ്യുന്നതിനുള്ള മിനിമം കാലാവധി മാത്രമാണ് പറയുന്നത്. 10-04-2015-ലെ സ.ഉ.(സാധാ)നം.186/2015/ഗതാ. ഉത്തരവ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ 2018 ഫെബ്രുവരി 1 മുതൽ സി-ഡിറ്റിനാണ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ Annual Maintenance Contract (AMC) നൽകിയിട്ടുള്ളത്. ഇതിനായി AMC ഇനത്തിൽ തുക നൽകിവരുന്നു. അതിനാൽത്തന്നെ കമ്പ്യൂട്ടർ ഉപകരണങ്ങളുടെ പരിപാലനവും മേൽനോട്ടവും സി-ഡിറ്റിന്റെ ഉത്തരവാദിത്വമാണ്. പ്രസ്തുത കരാർ പ്രകാരം സി-ഡിറ്റ് റിപ്പയർ ചെയ്യാനാകില്ല എന്ന് റിപ്പോർട്ട് ചെയ്യുന്ന ഉപകരണങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നത് വകുപ്പുതലത്തിലാണ്.

## അവധി ദിനങ്ങളിൽ സ്വകാര്യ ബസുകൾ സർവ്വീസ് മുടക്കുന്നതിനെതിരെ നടപടി

263 (3687) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു അവധി ദിനങ്ങളിലും ഞായറാഴ്ചകളിലും യാത്രക്കാർ കുറവാണെന്ന ന്യായം പറഞ്ഞ് അവശ്യ സർവ്വീസായ സ്വകാര്യ ബസുകൾ സർവ്വീസ് മുടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരത്തിൽ സർവ്വീസുകൾ കുറയ്ക്കുന്നതിന് ഏതെങ്കിലും സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുമ്പോൾ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; ജില്ലതിരിച്ച് വിശദാംശം നൽകുമോ?

അനുമതി നൽകിയിട്ടില്ല.

(സി) ഒരു റൂട്ടിൽ പെർമിറ്റ് എടുത്തതിനുശേഷം ഇത്തരത്തിൽ സർവ്വീസ് മുടക്കുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആർ.ടി.ഒ. തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

**ആർ.ടി.ഒ. മൂവാറ്റുപുഴ**

ഞായഴാറാഴ്ചകളിൽ പൊതുവായി വാഹന പരിശോധന നടത്തുകയും ഇത്തരത്തിൽ ട്രിപ്പ് മുടക്കുന്ന സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കെതിരെ ഇ-ചലാൻ തയ്യാറാക്കി ട്രിപ്പ് മുടക്കുന്നതിനുള്ള പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പരിശോധനകൾ തുടർന്നും നടത്തിവരുന്നുണ്ട്.

**ആർ.ടി.ഒ. ഇടുക്കി**

അവധി ദിനങ്ങളിൽ സർവ്വീസ് മുടക്കുന്ന ബസുകൾക്കെതിരെ പെർമിറ്റ് വയലേഷന് ഇ-ചലാൻ തയ്യാറാക്കി പിഴ ഈടാക്കുന്നുണ്ട്.

**ആർ.ടി. .കോട്ടയം**

സർവ്വീസ് മുടക്കുന്നത് പെർമിറ്റ് സംബന്ധിച്ച് പരിശോധന നടത്തിയതിൽനിന്നും ഇതുസംബന്ധിച്ച നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്മേൽ ആകെ 21 ഇ-ചലാനുകൾ തയ്യാറാക്കുകയും പിഴ ഈടാക്കുകയും ചെയ്യുതോടൊപ്പം പെർമിറ്റ് വ്യവസ്ഥകൾ പാലിച്ച് സർവ്വീസ് നടത്തുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ആർ.ടി.ഒ. എറണാകുളം**

സർവ്വീസ് മുടക്കുന്നത് ശ്രദ്ധയിൽപ്പെട്ട കേസുകളിൽ വാഹനത്തിനെതിരെ ഇ-ചലാൻ തയ്യാറാക്കുകയും വാഹന ഉടമയിൽനിന്നും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതേ വാഹനങ്ങൾ തുടർന്നും നിയമലംഘനം ആവർത്തിച്ചാൽ അത്തരം കേസുകളിൽ പെർമിറ്റ് സസ്പെൻഷനുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ആർ.ടി.ഒ.-ക്ക് സമർപ്പിക്കുന്നതാണ്.

**ആർ.ടി.ഒ., തൃശ്ശൂർ**

ഈ വിഷയത്തിൽ ഞായറാഴ്ചകളിൽ സ്പെഷ്യൽ ഡ്രൈവ് നടത്തുകയും സർവീസ് മുടക്കുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ നിശ്ചയിച്ച് നൽകിയിട്ടുള്ളതുമാണ്.

**ആർ.ടി.ഒ., പാലക്കാട്**

പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ., മലപ്പുറം**

ഇത്തരത്തിൽ സർവ്വീസ് മുടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

**ആർ.ടി.ഒ., കോഴിക്കോട്**

അവധി ദിവസങ്ങളിൽ കോഴിക്കോട് ആർ.ടി.ഒ.-യും എൻഫോഴ്സ്മെന്റും ചേർന്ന് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 28 സ്റ്റേജ് കാര്യേജ് വാഹനങ്ങൾക്കെതിരെ ട്രിപ്പ് കർട്ടെയിൽമെന്റിന് പിഴ ഈടാക്കിയിട്ടുണ്ട്.

**ആർ.ടി.ഒ., വടകര**

പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ., കണ്ണൂർ**

സർവ്വീസ് മുടക്കുന്ന സ്വകാര്യ ബസ്സുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**ആർ.ടി.ഒ., കാസർഗോഡ്**

പരിശോധന നടത്തി വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആർ.ടി.ഒ., വയനാട്**

സർവ്വീസ് മുടക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആർ.ടി.ഒ., തിരുവനന്തപുരം**

പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ.,ആറ്റിങ്ങൽ**

പെർമിറ്റ് വയലേഷൻ ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

**ആർ.ടി.ഒ., കൊല്ലം**

പരിശോധന നടത്തി ഇത്തരത്തിൽ കണ്ടെത്തിയ കുറ്റങ്ങൾക്ക് ചെക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**ആർ.ടി.ഒ., പത്തനംതിട്ട**

ഈ വിഷയവുമായി ബന്ധപ്പെട്ട് പരിശോധന നടത്തിവരുന്നു.

**ആർ.ടി.ഒ., ആലപ്പുഴ**

ശ്രദ്ധയിൽപ്പെട്ടാൽ പെർമിറ്റ് violation-ന് ഇ-ചലാൻ തയ്യാറാക്കി പിഴ ഈടാക്കുന്നതാണ്.

## ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം

264(3688) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി സബ് ആർ.ടി. ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് സ്ഥലം അനുവദിക്കുന്നതിനുവേണ്ടി നൽകിയ പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ & ബി) ഉണ്ട്. താലൂക്ക് വികസന സമിതി തീരുമാനപ്രകാരം തെന്നല വില്ലേജിലെ റീ. സ. 196/4-ൽ ഉൾപ്പെട്ട 40 സെന്റോളം വരുന്ന ഭൂമിയിൽ തിരൂരങ്ങാടി സബ് ആർ.ടി. ഓഫീസിന് കീഴിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് തിരൂരങ്ങാടി തഹസിൽദാർ മുഖേന മലപ്പുറം ജില്ലാ കളക്ടറോട് രേഖാമൂലം അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഈ ആവശ്യം ഉന്നയിച്ച് തെന്നല ഗ്രാമപഞ്ചായത്തിന് കീഴിൽവരുന്ന സ്ഥലം അനുവദിക്കുന്നതിന് നൽകിയ പ്രൊപ്പോസലിൽ അനുകൂല തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

തെന്നല ഗ്രാമപഞ്ചായത്തിന് കീഴിൽവരുന്ന സ്ഥലം ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനായി അനുവദിക്കുന്നതിന് നൽകിയ പ്രൊപ്പോസലുകളിൽ അനുകൂല തീരുമാനമെടുക്കുന്നതിന് നിയമതടസ്സങ്ങളുള്ള വിവരം മോട്ടോർ വാഹന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പരപ്പയിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ

265 (3689) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പരപ്പയിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിൽ 75 സ്ഥലങ്ങളിൽ പി.പി.പി. മോഡലിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയതിൽ കാസർഗോഡ് ജില്ലയിലെ പരപ്പയും (വെള്ളരിക്കുണ്ട്) ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പരപ്പയിൽ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു.

(ബി) പ്രസ്തുത ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ റീസർവ്വേ നമ്പർ 199 പാർട്ടിൽപ്പെട്ട 1.3558 ഹെക്ടർ (3.35 ഏക്കർ) ഭൂമി ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായാണ് ലഭ്യമാക്കിയിട്ടുള്ളത്.

## വാഹനങ്ങളുടെ ഇൻഷ്വറൻസ് അനുബന്ധ രേഖകൾ ഉറപ്പാക്കാൻ നടപടി

266 (3690) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഇൻഷ്വറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ എന്നീ രേഖകൾ ഉറപ്പാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട് വിവിധ സേവനങ്ങൾക്കായി വകുപ്പിനെ സമീപിക്കുമ്പോൾ വാഹനങ്ങൾക്ക് ഇൻഷ്വറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ ഓൺലൈനായും ഓഫ് ലൈനായും ഉണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. വാഹന പരിശോധനാവേളയിൽ ഇൻഷ്വറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ ഇല്ലാത്ത വാഹനങ്ങൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇൻഷ്വറൻസ്, പുക പരിശോധന ഫലം എന്നിവ ഓൺലൈനായി പരിവാഹൻ സൈറ്റുമായി ബന്ധിപ്പിച്ചിരിക്കുന്ന ഇക്കാലഘട്ടത്തിൽ ആയവ യഥാസമയം പുതുക്കാതെ വരുന്ന സാഹചര്യത്തിൽ ഓട്ടോമാറ്റിക്കായിത്തന്നെ പിഴ ബാധകമാകുന്ന വിധത്തിൽ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കാമോ?

കേന്ദ്ര മോട്ടോർ വാഹന നിയമം, കേന്ദ്ര മോട്ടോർ വാഹന ചട്ടം എന്നിവയിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഇത്തരത്തിൽ പിഴ ബാധകമാക്കാൻ സാധിക്കുകയുള്ളൂ.

(സി) രേഖകൾ പരിശോധിക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വാഹനം തടഞ്ഞുനിർത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നിരത്തുകളിൽ വാഹന പരിശോധന നടത്തുന്ന സമയത്ത് വാഹനങ്ങൾ തടഞ്ഞ് നിർത്താതെതന്നെ ഇൻഷ്വറൻസ്, പുകപരിശോധന സർട്ടിഫിക്കറ്റുകൾ തുടങ്ങിയ രേഖകൾ പരിശോധിച്ചുവരുന്നുണ്ട്.

**പാസഞ്ചർ-കം-കാർഗോ വാഹനങ്ങൾക്ക് ടാക്സി പെർമിറ്റ്**

267 (3691) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന പാസഞ്ചർ-കം-കാർഗോ വാഹനങ്ങൾക്ക് ടാക്സി പെർമിറ്റ് നിർബന്ധമാക്കിയിരിക്കുന്നത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഡ്രൈവറടക്കം അഞ്ച് യാത്രക്കാർക്കുള്ള ക്യാബിനും ഒപ്പം വ്യക്തിഗത സാധനങ്ങൾ സൂക്ഷിക്കുന്നതിന് മാത്രം പര്യാപ്തമായ ചെറിയ ഒരു കാർഗോ ക്യാബിനുമുള്ള വാഹനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നവയല്ലെങ്കിൽ പ്രൈവറ്റ് പെർമിറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 77 മുതൽ 79 വരെയുള്ള സെക്ഷനുകൾ പ്രകാരമാണ് ഗുഡ്സ് ക്യാര്യേജ് വാഹനങ്ങളുടെ പെർമിറ്റ് അനുവദിച്ചുനൽകുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടെസ്റ്റിംഗ് ഏജൻസികൾ ' M' കാറ്റഗറി (പാസഞ്ചർ)-യിൽ ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് നൽകുന്നതിനാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന ചില പാസഞ്ചർ-കം-കാർഗോ വാഹനങ്ങൾക്ക്, വാഹന ഉടമകളുടെ ആവശ്യപ്രകാരം സ്വകാര്യ വാഹനമായും (Motor car) ടാക്സിയായും രജിസ്ട്രേഷൻ അനുവദിച്ചു വരികയാണ്. എന്നാൽ ടി ഏജൻസികൾ ചില വാഹനങ്ങൾക്ക് ' N' വിഭാഗത്തിൽ (goods vehicle) ടൈപ്പ് അപ്രൂവൽ

നൽകുന്നതിനാൽ ഇത്തരം വാഹനങ്ങളെ ട്രാൻസ്പോർട്ട് വാഹനമായി മാത്രമേ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. മേൽ പരാമർശിച്ച വാഹനങ്ങൾക്ക് ' M' കാറ്റഗറി (പാസഞ്ചർ) വിഭാഗത്തിൽ ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയാണെങ്കിൽ ടി വാഹനങ്ങളെയും സ്വകാര്യ വാഹനനങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) തികച്ചും കുടുംബപരമായ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന പ്രസ്തുത വാഹനങ്ങൾ ടാക്സി ആക്കുന്നതിലൂടെ ലൈഫ് ടാക്സ് ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വലിയ ഒരു തുക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ?

വാഹന നികുതി ഈടാക്കുന്നത് വാഹനങ്ങളുടെ കാറ്റഗറി അനുസരിച്ചാണ്. Goods വിഭാഗത്തിൽ proto type approval എടുത്ത വാഹനത്തിനെ സ്വകാര്യ വാഹനമായി രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തതിനാൽ ഒറ്റത്തവണ നികുതി ഈടാക്കാൻ സാധ്യമല്ല. എന്നാൽ വാഹന നിർമ്മാതാക്കൾ മേൽ വാഹനങ്ങൾക്ക് ' M' കാറ്റഗറി വിഭാഗത്തിൽ proto type approval ലഭ്യമാക്കുകയാണെങ്കിൽ അവയെ സ്വകാര്യ വാഹനങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതും ലൈഫ് ടൈം ടാക്സ് ഈടാക്കാവുന്നതുമാണ്.

## സ്കൂൾ ബസുകളിലെ സുരക്ഷാ സംവിധാനം

268(3692) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളിൽ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ?

എല്ലാ അധ്യയന വർഷാരംഭത്തിലും സ്കൂൾ കോമ്പൗണ്ടിൽ വച്ചുതന്നെ സ്കൂൾ വാഹനങ്ങളിൽ വിശദമായ പരിശോധന നടത്താറുണ്ട്. ടി പരിശോധനയിൽ വാഹനങ്ങളുടെ കാര്യക്ഷമത, Fire extinguisher, VLTD, Speed Governor, First-aid-box എന്നിവ കൃത്യമായി പരിശോധിക്കാറുണ്ട്. ഡ്രൈവർമാരുടെ പ്രവൃത്തി പരിചയം, Door Attender-മാരുടെ സേവനം എന്നിവ ഉറപ്പുവരുത്താറുണ്ട്. പാസഞ്ചർ ഡോർ കൃത്യമായി അടച്ചശേഷം മാത്രമേ സർവ്വീസ് നടത്താൻ പാടുള്ളൂയെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ബസുകളിൽ പരമാവധി വേഗത 50 km/hr ആയി Speed limiting device ഉപയോഗിച്ച് നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Vehicle Location Tracking System ഉപയോഗിച്ച് വാഹനത്തിന്റെ ലൊക്കേഷൻ ട്രാക്ക് ചെയ്യുവാനും വേഗപരിധി ലംഘനം നടത്തുന്നുണ്ടോയെന്നറിയുവാനും അലക്ഷ്യമായ

ഡ്രൈവിംഗ് മനസ്സിലാക്കുവാനും സാധിക്കുന്നതാണ്. സ്കൂൾ ബസ് ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും റോഡ് സുരക്ഷ, പ്രഥമ ശുശ്രൂഷ എന്നിവയ്ക്കായി ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ എമർജൻസി ഡോർ അബദ്ധത്തിൽ തുറന്ന് കുട്ടികൾ റോഡിലേയ്ക്ക് വീണ സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എമർജൻസി ഡോറുകളുടെ പരിപാലനവും അവയുടെ പ്രവർത്തനവും സംബന്ധിച്ച ഒരു ഹ്രസ്വ ചിത്രം തയ്യാറാക്കുകയും ആയത് സമൂഹ മാധ്യമങ്ങൾ വഴിയും ദൃശ്യ മാധ്യമങ്ങൾ വഴിയും പ്രചരിപ്പിക്കുകയും സ്കൂൾ അധികൃതർക്ക് നേരിട്ട് അയച്ചു നൽകിയിട്ടുമുണ്ട്. ഓപ്പറേഷൻ സേഫ് സ്കൂൾ എന്ന പേരിൽ 12-02-2023 മുതൽ 17-02-2023 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിന് സ്കൂൾ ബസ്സുകളിൽ നിരന്തര പരിശോധനകൾ നടത്തിവരുന്നു.

(ബി) ഫിറ്റ്നസ് പരിശോധനയ്ക്ക് വരുമ്പോൾ മാത്രം ബസ്സുകളിൽ സുരക്ഷാ സംവിധാനങ്ങളും പുതിയ ടയറുകളും മറ്റും ഉപയോഗിക്കുകയും അതിനുശേഷം അവ മാറ്റുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

ഇല്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ**

269 (3693) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്കായി എത്ര ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്; അറിയിക്കുമോ;

നിലവിൽ ഒൻപത് സ്ഥലങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്.

(ബി) 2023 ഏപ്രിൽ ഒന്ന് മുതൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ വഴി മാത്രമേ ഫിറ്റ്നസ് നൽകാവൂ എന്ന കേന്ദ്ര നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

Voluntary Vehicle Fleet Modernisation programme സംബന്ധിച്ച് MoRTH പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 2023 ഏപ്രിൽ 1 മുതൽ ഹെവി വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽക്കൂടി മാത്രമെ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ./സബ് ആർ.ടി. ഓഫീസുകളിലും സർക്കാരിന്റെ ഉടമസ്ഥതയിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പതിനഞ്ച് സ്ഥലങ്ങളിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ടെണ്ടർ വിളിച്ചിട്ടുള്ളതും ആയതിന്റെ തുടർനടപടികളും സ്വീകരിച്ചുവരികയുമാണ്.

**ബോട്ട് അടുപ്പിക്കുന്നതിനുള്ള താങ്ങുകുറ്റികൾ**

270 (3694) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജല ഗതാഗതത്തെ മാത്രം ആശ്രയിക്കുന്ന പ്രദേശങ്ങളിൽ ബോട്ട് അടുപ്പിക്കുന്നതിനുള്ള താങ്ങുകുറ്റികൾ പലയിടത്തും കാലപ്പഴക്കംമൂലം ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ബോട്ട് റൂട്ടുകളിൽ താങ്ങുകുറ്റികൾ സ്ഥാപിക്കുന്നത് ഇറിഗേഷൻ വകുപ്പായതിനാൽ ജലഗതാഗതത്തെ മാത്രം ആശ്രയിക്കുന്ന പ്രദേശങ്ങളിലെ

ബോട്ടുജെട്ടികളിലെ താങ്ങുകുറ്റികൾ കാലപ്പഴക്കംമൂലം ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് പ്രസ്തുത വിവരം ഇറിഗേഷൻ വകുപ്പിനെ യഥാസമയം അറിയിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ജലഗതാഗതം വ്യാപിപ്പിക്കാൻ നടപടി

271 (3695) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലഗതാഗതത്തിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും അതുവഴി ചെലവ് കുറഞ്ഞതും വളരെ സുരക്ഷിതവും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ യാത്രാമാർഗ്ഗം പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു എന്ന് വിശദമാക്കാമോ?

ജലഗതാഗതത്തിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ചെലവ് കുറഞ്ഞതും വളരെ സുരക്ഷിതവും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ യാത്രാമാർഗ്ഗം പൊതുജനങ്ങൾക്ക് നൽകുന്നതിനായി സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വാട്ടർ ടാക്സി 2

യാത്രക്കാർക്ക് അതിവേഗം ലക്ഷ്യ സ്ഥാനങ്ങളിൽ എത്തുവാൻ സാധിക്കുന്ന ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. 10 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ബോട്ടാണിത്.

2. വാട്ടർ ടാക്സി 1

ഇന്ത്യയിലെതന്നെ ആദ്യത്തെ വാട്ടർ ടാക്സി വിനോദസഞ്ചാര മേഖലയിലും പൊതുജനങ്ങൾക്കും ജലഗതാഗതം സുഗമമാക്കുന്നു.

3. വേഗ 2

പാതിരാമണൽ, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്നീ ഉദ്ദേശ്യത്തോടുകൂടിയും യാത്രക്കാർക്ക് കുറഞ്ഞ സമയദൈർഘ്യത്തിൽ എത്തുന്നതിനും ആലപ്പുഴ-കുമരകം റൂട്ടിലുള്ള 120 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള ബോട്ട്.

4. വേഗ 1

120 പാസഞ്ചർ കപ്പാസിറ്റിയുള്ള അതിവേഗ ദീർഘദൂര ഫെറിയാണ്. വൈക്കത്തുനിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയദൈർഘ്യത്തിലും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും ലക്ഷ്യസ്ഥാനത്ത് എത്തുന്നു.

5. ആദിത്യ സോളാർ ബോട്ട്

75 കപ്പാസിറ്റിയുള്ള തവണക്കാട്-വൈക്കം റൂട്ടിൽ സർവ്വീസ് നടത്തുന്നു.

6. സീ-കുട്ടനാട്

90 പാസ്സഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് ടു ഡെക്കർ പാസ്സഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു.

7. എറണാകുളം-വരാപ്പുഴ സർവ്വീസ് ആരംഭിച്ചു.

8. വൈറ്റില ഹബ്ബിൽ നിന്നും കാക്കനാട്ടേയ്ക്ക് സർവ്വീസ് ആരംഭിച്ചു.

ഇവയെല്ലാം കൂടാതെ 4 വാട്ടർ ടാക്സി, 2 കാറ്റാമറൈൻ ബോട്ടുകൾ, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 കാറ്റാമറൈൻ ബോട്ടുകൾ, കൊല്ലം ജില്ലയിലേയ്ക്കുവേണ്ടി 2 ഡെക്കുകളുള്ള പാസ്സഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 280 kwh സോളാർ ബോട്ടുകൾ എന്നിവയുടെ നിർമ്മാണവും പുരോഗമിക്കുന്നു.

## ടൂറിസം ബോട്ട് സർവ്വീസ് ആരംഭിക്കാൻ നടപടി

272 (3696) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ടൂറിസം സാധ്യത പരിഗണിച്ച് ജലഗതാഗത വകുപ്പിന്റെ കീഴിൽ കുറഞ്ഞ ചാർജ്ജിൽ ടൂറിസം ബോട്ട് സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് നിശ്ചിത ദൂരത്തിൽ ടൂറിസ്റ്റുകൾക്കായി പ്രത്യേക പാക്കേജുകൾ നടപ്പിലാക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ& ബി) സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പരിഗണിച്ച് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട സേവനം പൊതുഗതാഗത രംഗത്ത് നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളവയാണ് ജലഗതാഗത വകുപ്പിന്റെ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ആലപ്പുഴ-പാതിരാമണൽ-കുമരകം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുള്ള ' വേഗ'

ബോട്ട് സർവ്വീസ്. 120 പാസഞ്ചർ കപ്പാസിറ്റിയുള്ള കാറ്റാമാറൈൻ ബോട്ടാണ് ടി സർവ്വീസിനായി ഉപയോഗിക്കുന്നത്. ടി ബോട്ടിൽ 40 എ.സി. സീറ്റുകളും 80 നോൺ എ.സി. സീറ്റുകളും ക്രമീകരിച്ചിട്ടുണ്ട്. രാവിലെ 11.00 മണിക്ക് ആലപ്പുഴയിൽ നിന്നും ആരംഭിച്ച് പുന്നമട, മുഹമ്മ, കായിപ്പുറം, പാതിരാമണൽ, തണ്ണീർമുക്കം ബണ്ട്, കുമരകം പക്ഷിസങ്കേതം എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് വൈകുന്നേരം 4.30 മണിക്ക് ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിലാണ് ടി ബോട്ടിന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്. എ.സി. ക്യാബിനിൽ 600/- രൂപയും നോൺ എ.സി. ക്യാബിനിൽ 400/- രൂപയുമാണ് ടിക്കറ്റ് ചാർജ്ജായി ഏർപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീയുടെ സഹായത്തോടുകൂടി ബോട്ടിൽ ഒരു ലഘു ഭക്ഷണശാലയും ക്രമീകരിച്ചിട്ടുണ്ട്. ടി സർവ്വീസ് വകുപ്പ് വിജയകരമായി നടത്തുന്നു. കിഴക്കിന്റെ വെനീസായ ആലപ്പുഴയുടെ കായൽ സൗന്ദര്യം ആസ്വദിക്കുന്നതിനായി നിലവിലെ ബോട്ട് സർവ്വീസ് കൂടാതെ ' സീ-കുട്ടനാട്' എന്ന പേരിൽ 01-10-2022 മുതൽ ടൂറിസ്റ്റ് സർവ്വീസും നടത്തിവരുന്നു. എല്ലാവിധ ആധുനിക സൗകര്യങ്ങളോടും സുരക്ഷയോടും നിർമ്മിച്ചിട്ടുള്ള ' സീ-കുട്ടനാട്' ബോട്ടിന്റെ മുകളിലത്തെ നിലയിൽ 30 പേർക്കും താഴത്തെ നിലയിൽ 60 പേർക്കും യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മാതാ ബോട്ട്

ജെട്ടിയിൽ നിന്നും പുറപ്പെട്ട് മാർത്താണ്ഡം-രംഗനാഥ്-ചാവറ ഭവൻ-പുഞ്ചിരി വഴി ആലപ്പുഴയിൽ എത്തിച്ചേരുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള ടി സർവ്വീസിൽ അപ്പർ ഡക്കിൽ യാത്ര ചെയ്യുന്നതിന് 300/- രൂപയും ലോവർ ഡക്കിൽ യാത്ര ചെയ്യുന്നതിന് 250/- രൂപയുമാണ് ടിക്കറ്റ് ചാർജ്ജായി നിശ്ചയിച്ചിട്ടുള്ളത്. രാവിലെ 10.00 മണി മുതൽ 1.00 മണി വരെയും ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 6.00 മണിവരെ എന്ന രീതിയിൽ 2 ട്രിപ്പുകളായാണ് ടി ബോട്ടിന്റെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്.

കൂടാതെ, ആധുനിക സൗകര്യങ്ങളോടുകൂടിയ 10 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ വാട്ടർ ടാക്സികൾ ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലും സർവ്വീസ് നടത്തി വരുന്നു. പറശ്ശിനിക്കടവ് സ്റ്റേഷൻ കേന്ദ്രീകരിച്ച് ടൂറിസം ഫ്രണ്ട്‌ലി സർവ്വീസ് നടത്തിവരുന്നു. വകുപ്പിന്റെ പ്രവർത്തനങ്ങൾ മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന്റെയും കുറഞ്ഞ ചെലവിൽ കൂടുതൽ ടൂറിസം സർവ്വീസുകൾ ആരംഭിക്കുന്നതിന്റെയും ഭാഗമായി തിരുവനന്തപുരം ജില്ലയിൽ വേളിയിൽ നിന്നും കഠിനംകുളം-പാർവ്വതി പുത്തനാർ-അഴൂർ വഴി പുളിമൂട്ടിൽകടവ് വരെ ടൂറിസ്റ്റ് ബോട്ട് സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ ' സീ-കവായ്" എന്ന പേരിൽ പാസഞ്ചർ-കം-ടൂറിസ്റ്റ്

സർവ്വീസ് ആരംഭിക്കുന്നതിനുള്ള പഠനങ്ങൾ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ ടൂറിസം സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വകുപ്പ് ' സീ-അഷ്ടമുടി' എന്ന പേരിൽ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് സർവ്വീസ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന്റെ ഉദ്ഘാടനം 2023 മാർച്ച് 10-ന് നടത്തപ്പെടുന്നതാണ്. വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സോളാർ ബോട്ട് ' ആദിത്യ' യുടെ പ്രവർത്തനം വിജയമായതിനെ തുടർന്ന് കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 100 പാസഞ്ചർ കപ്പാസിറ്റിയും അപ്പർ ഡക്ക് സംവിധാനവും എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള ഒരു സോളാർ ക്രൂയിസ് വെസ്സൽ ഉപയോഗിച്ച് വകുപ്പിന്റെ എറണാകുളം സ്റ്റേഷൻ കേന്ദ്രീകരിച്ച് പുതിയ ടൂറിസം സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## യാത്രാ ബോട്ടുകൾക്ക് ദ്രവീകൃത പ്രകൃതി വാതകം

273 (3697) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃത പ്രകൃതി വാതകം പ്രയോജനപ്പെടുത്തി കുറഞ്ഞ

ചെലവിൽ യാത്രാ ബോട്ടുകൾ സർവീസ് നടത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ജലഗതാഗത വകുപ്പിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഡീസൽ വാഹനങ്ങൾ പുതിയ പ്രകൃതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന എഞ്ചിനുകളിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി എറണാകുളം മേഖലയിലെ ബോട്ടുകൾ പരീക്ഷണാടിസ്ഥാനത്തിൽ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനും എറണാകുളം മേഖലയിൽ സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ മെസേഴ്സ് അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു.

(ബി) സൗരോർജ്ജ ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പ് നിർമ്മിച്ച ആദ്യത്തെ സോളാർ ബോട്ടായ 'ആദിത്യ' വിജയകരമായി സർവ്വീസ് നടത്തിവരുന്നു. 18 സോളാർ ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ലോഞ്ചിംഗ് പൂർത്തിയാക്കിയ സോളാർ ക്രൂയിസ് ബോട്ടിന്റെ സർവ്വീസ് ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ്

274 (3698) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊറ്റി-കോട്ടപ്പുറം ബോട്ട് റൂട്ടിൽ നിലവിൽ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുവെന്നും എത്ര ബോട്ടുകൾ റിപ്പയറിംഗിനായി മാറ്റിയിട്ടുണ്ടെന്നും അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കൊറ്റി-കോട്ടപ്പുറം റൂട്ടിൽ കവ്വായി മുതൽ പടന്ന വരെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഒരു ബോട്ട് സർവ്വീസ് നടത്തുന്നുണ്ട്. രണ്ട് ബോട്ടുകൾ റിപ്പയർ വർക്കിനായി ഓഡർ നൽകിയിട്ടുള്ളതും ആയതിൽ ഒരു ബോട്ടിന്റെ ബോഡി വർക്കുകൾ പുരോഗമിച്ചുവരികയുമാണ്.

(ബി) പുതിയ ബോട്ടുകൾ അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

പാസഞ്ചർ ബോട്ടുകളുടെ നിർമ്മാണം നിലവിൽ നടന്നുവരുന്നു. ബോട്ടുകൾ ലഭ്യമാകുന്നമുറയ്ക്ക് നിലവിലുള്ള ബോട്ടുകൾക്ക് പകരമായി സർവ്വീസിന് ഉപയോഗിക്കുന്നതാണ്.

## കവ്വായി പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് സർവ്വീസ്

275 (3699) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി കേന്ദ്രീകരിച്ച് പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി കേന്ദ്രീകരിച്ച് 'സീ-കവ്വായ്' എന്ന പേരിൽ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ജലഗതാഗത വകുപ്പ് പഠനം നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## നാദാപുരം മണ്ഡലത്തിലെ ബോട്ട് ജെട്ടി ടെർമിനൽ

276 (3700) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള മാഹി പുഴയുടെ ഇടത് കരയിൽ എടച്ചേരി പഞ്ചായത്തിലുള്ള കച്ചേരിയിലെ ബോട്ട് ജെട്ടി

ടെർമിനൽ നിർമ്മാണത്തിന് സാങ്കേതിക അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കച്ചേരിയിലെ ബോട്ട് ടെർമിനൽ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ നടപടികളാരംഭിച്ച ഘട്ടത്തിലാണ് എല്ലാ പ്രവൃത്തികളുടെ എസ്റ്റിമേറ്റിനും DSR 2018 പ്രകാരമുള്ള നിരക്കും 36.44% കോസ്റ്റ് ഇൻഡക്സും ബാധകമാക്കി നിരക്കുകൾ പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് പ്രാബല്യത്തിൽ വന്നത്. ഇതേത്തുടർന്ന് മേൽപ്രവൃത്തിയുടെ നിലവിലുള്ള സാങ്കേതികാനുമതി റദ്ദാക്കി പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അത് നിലവിലെ ഭരണാനുമതി തുകയെക്കാൾ 17 ലക്ഷം രൂപ കൂടുതലായതിനാൽ ഭരണാനുമതിയും പുതുക്കേണ്ടതുണ്ട്. പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**കൊറ്റി-കോട്ടപ്പുറം ജലപാതയിലെ യാത്രാ ബോട്ടുകൾ**

277 (3701) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള കൊറ്റി-കോട്ടപ്പുറം ജലപാതയിൽ ടൂറിസ്റ്റുകൾക്കുകൂടി സൗകര്യപ്രദമാകുന്നതരത്തിൽ കൂടുതൽ യാത്രാ ബോട്ടുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കൊറ്റി-കോട്ടപ്പുറം ജലപാതയിൽ നിലവിൽ യാത്രായോഗ്യമായ കവ്വായി-കോട്ടപ്പുറം ഭാഗം സർവ്വേ നടത്തിയിട്ടുണ്ട്. ടി സർവ്വേ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ജലഗതാഗത വകുപ്പിലെ കൂലിവർക്കർമാരുടെ ഉദ്യോഗപ്പേര് മാറ്റാൻ നടപടി

278(3702) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ കൂലിവർക്കർമാരെ കൂലി എന്നാണ് വിളിച്ചുവരുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ജീവനക്കാരായ ഇവരുടെ പേര് മാറ്റം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(സി) ഈ വിഭാഗം ജീവനക്കാരുടെ പേര് വർക്ക്ഷോപ്പ് അസിസ്റ്റന്റ് എന്നാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാന ജലഗതാഗത വകുപ്പിലെ നിലവിലെ സ്പെഷ്യൽ റൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഡോക്ക് ആൻഡ് റിപ്പയർ വിഭാഗത്തിലെ കൂലി വർക്കർ തസ്തികയുടെ പേര് മാറ്റുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പാറശ്ശാല മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ

279 (3703) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**പൂഞ്ഞാർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന**

**വകുപ്പുകളുടെ പദ്ധതികൾ**

280 (3704) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1) മൃഗാശുപത്രി വികസന സമിതിയോഗം പൂഞ്ഞാർ മണ്ഡലത്തിലെ 10 മൃഗാശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഒരു മൃഗാശുപത്രിക്ക് 1,500/- രൂപ വീതം (10x1500/-) 15,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

2) ആട് സാറ്റലൈറ്റ് പദ്ധതി പൂഞ്ഞാർ മണ്ഡലത്തിലെ 7 മൃഗാശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഒരു മൃഗാശുപത്രിക്ക് 25,000/- രൂപ വീതം (7x25000/-) 1,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

3) രാത്രികാല അടിയന്തര മൃഗചികിത്സാ സേവന പദ്ധതി പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മൃഗാശുപത്രിയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി 3,63,866/- രൂപ ചെലവഴിച്ചിട്ടുണ്ട്.

4) വന്ധ്യതാ നിവാരണ പദ്ധതി പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി മൃഗാശുപത്രിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 10,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു.

ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ**

281 (3705) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ വഴി നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 ജൂൺ മുതൽ നാളിതുവരെ കായംകുളം നിയമസഭാ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് കുടുംബശ്രീയുമായി സഹകരിച്ച് നടപ്പാക്കുന്ന പ്ലാൻ പദ്ധതിയായ തീറ്റപ്പുൽ പ്ലോട്ടുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം കായംകുളം നിയോജക മണ്ഡലത്തിൽ 2.2 ഏക്കർ തീറ്റപ്പുൽ പ്ലോട്ട് സ്ഥാപിക്കുന്നതിനായി 35,200/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.

## കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ നടപടി

282(3706) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ "കന്നുകാലി വർദ്ധനവിനായി ഫാമുകൾ" എന്ന പദ്ധതി നിലവിലുണ്ട്. പശു/എരുമ വളർത്തൽ മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശിക്കുന്നത്. സ്വകാര്യ വ്യക്തികൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ, സെക്ഷൻ 8 പ്രകാരമുള്ള കമ്പനികൾ എന്നിവർ പദ്ധതിക്ക് അർഹരാണ്. ഉചിതമായ സ്ഥലത്ത് ആവശ്യമായ സ്ഥലം അപേക്ഷകൻ ഒരുക്കേണ്ടതാണ്. ഇപ്രകാരമുള്ള കുറഞ്ഞത് 5 ഏക്കർ സ്ഥലം സ്വന്തമായോ/ലീസ് വ്യവസ്ഥയിലോ ഉണ്ടായിരിക്കണം. കുറഞ്ഞത് 200 കറവപ്പശുക്കൾ/എരുമകൾ എന്നിവയെ വളർത്തുന്ന ഫാമുകൾ സ്ഥാപിക്കുകയും നൂതനമായ പ്രജനന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വംശവർദ്ധനവ് നടത്തുകയും ചെയ്യണം. ഓരോ സംരംഭകനും മൊത്തം പദ്ധതി തുകയുടെ 50% വരെ സബ്സിഡി ഒറ്റത്തവണയായി ലഭിക്കുന്നതാണ്. മൂലധന ചെലവുകൾക്ക് (സ്ഥലത്തിന്റെ വിലയൊഴികെ) മാത്രമാണ് സബ്സിഡി ലഭിക്കുക. പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം NDDB-യാണ് താൽപ്പര്യ പത്രം (Expression of Interest) ക്ഷണിക്കുന്നത്.

താൽപ്പര്യമുള്ള സംരംഭകൻ മാനദണ്ഡപ്രകാരമുള്ള പദ്ധതിരേഖ തയ്യാറാക്കി അപേക്ഷ സഹിതം NDDB-ക്ക് സമർപ്പിക്കണം. പരമാവധി തുക 400 ലക്ഷം രൂപയും പരമാവധി സബ്സിഡി തുക 200 ലക്ഷം രൂപയുമായിരിക്കും.

സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ക്ഷീരകർഷകർക്ക് രാത്രികാലങ്ങളിൽ ഉൾപ്പെടെ വെറ്ററിനറി സേവനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രി സമയങ്ങളിൽ അടിയന്തര മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി

സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നിലവിൽ നടപ്പിലാക്കുന്നു. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ സേവനം ലഭിക്കുക. പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ 13 ജില്ലകളിൽ ആമ്പുലേറ്ററി സർവ്വീസ് പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ടെലി-വെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ LH&DC യുടെ കീഴിലുള്ള മൊബൈൽ യൂണിറ്റ് പദ്ധതിയിൽ 29 വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. RKVY പദ്ധതിയുടെ കീഴിൽ 3 വെറ്ററിനറി യൂണിറ്റുകൾ പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിലും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ എറണാകുളം, കണ്ണൂർ ജില്ലകളിൽ 2 മൊബൈൽ വെറ്ററിനറി യൂണിറ്റുകളും സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽ 12 അധിക യൂണിറ്റുകൾകൂടി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ് SLBP പദ്ധതിയിൽപ്പെടുത്തി 4 മുതൽ 6 മാസം പ്രായമുള്ള കന്നുകുട്ടികളെ വിവിധ പദ്ധതികളിലായി വരിചേർത്ത് 50% സബ്സിഡി നിരക്കിൽ നിലവിലെ പരമാവധി സബ്സിഡിയായ 12,500/- രൂപയിൽ നിജപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് കന്നുകുട്ടി തീറ്റ ലഭ്യമാക്കിവരുന്നു. കൂടാതെ വിവിധ പഞ്ചായത്തുകളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട കർഷകരുടെ കറവപ്പശുക്കൾക്കും ഗർഭിണി പശുക്കൾക്കും സബ്സിഡി നിരക്കിൽ തീറ്റയും നൽകിവരുന്നു.

കേരള ഫീഡ്സ് ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റകൾ ഏറ്റവും ന്യായമായ വിലയ്ക്കാണ് വിപണിയിൽ എത്തിക്കുന്നത്. നവംബർ 2022-ൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചശേഷവും അസംസ്കൃത സാധനങ്ങളുടെ വില വർദ്ധനവ് പൂർണ്ണമായും പ്രതിഫലിക്കുന്ന തരത്തിലുള്ള വില വർദ്ധനവ് കേരള ഫീഡ്സ് വരുത്തിയിട്ടില്ല. നിലവിൽ കേരള ഫീഡ്സ് കാലിത്തീറ്റകൾക്ക് സമാനമായ സ്വകാര്യ മേഖലയിലെ കാലിത്തീറ്റയേക്കാൾ 35/- രൂപ വിലക്കുറവുണ്ട്.

## പട്ടാമ്പി മണ്ഡലത്തിൽ ക്ഷീരവികസന - മൃഗസംരക്ഷണ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ

283 (3707) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പുകൾ വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും അവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പുവഴി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

മൃഗസംരക്ഷണ വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 1 | വെറ്ററിനറി സ്ഥാപനങ്ങളുടെ ശാക്തീകരണം | 20500/- |
| 2 | കോമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് | 1,00,000/- |

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| 3 | ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി | 1,00,000/- |
| 4 | താറാവ് വളർത്തൽ പദ്ധതി- | 36000/ - |
| 5 | വളകുഴിനിർമ്മാണ പദ്ധതി- | 62,500/- |
| 6 | മെയിൽ കാഫ് ഫാറ്റനിംഗ് യൂണീറ്റ്- | 90000/- |
| 7 | വന്ധ്യതാനിവാരണ ക്യാമ്പ് | 10,000/- |
| 8 | സ്കൂൾ പൗൾട്ടി ക്ലബ് പദ്ധതി- | 32,625/(പദ്ധതി നടപ്പാക്കി വരുന്നു) |
| 9 | ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മറ്റി - | 24000/- |
| 10 | രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി | 346774/- |

**മൃഗസംരക്ഷണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

284 (3708) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ മൃഗസംരക്ഷണം-ക്ഷീര വികസനം, ക്ഷീര സഹകരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകൾക്ക് വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

2022-23 വർഷം ക്ഷീരവികസന വകുപ്പിന് 9,931 ലക്ഷം രൂപയും കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് 750 ലക്ഷം രൂപയും ചേർത്ത് ആകെ 10,681 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്.

2022-23 വർഷം മൃഗസംരക്ഷണ വകുപ്പിന് പദ്ധതി വിഹിതമായി 28,900 ലക്ഷം രൂപയും പദ്ധതിയേതര വിഹിതമായി 5,9524.66 ലക്ഷം രൂപയും വകയിരുത്തിട്ടുണ്ട്.

(ബി) പ്രസ്തുത തുക ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പിന് 2023 ഫെബ്രുവരി മാസംവരെ ആകെ ബഡ്ജറ്റ് തുകയുടെ 66.6 ശതമാനം അനുവദിച്ച് കിട്ടിയിട്ടുണ്ട്.

2022-23 വർഷം മൃഗസംരക്ഷണ വകുപ്പിന് പ്ലാൻ ശീർഷകത്തിൽ ആകെ ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിൽ 28-02-2023 വരെ ധനകാര്യ വകുപ്പിൽ നിന്ന് ചെലവഴിക്കാൻ അനുമതി ലഭിച്ച തുക 17,340 ലക്ഷം രൂപയാണ്.

(സി) പ്രസ്തുത തുക ഏതെല്ലാം മേഖലയ്ക്ക് എത്ര വീതമാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചുവെന്ന് പ്രവൃത്തിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

ക്ഷീരവികസന വകുപ്പിന്റെ വിശദാംശങ്ങളും മൃഗസംരക്ഷണ വകുപ്പിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഇ) തുക അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ നിലവിൽ എല്ലാ ജില്ലകളിലും 75 ശതമാനം പൂർത്തീകരിച്ചുകഴിഞ്ഞു. മാർച്ച് മാസത്തോടെ പദ്ധതികൾ പൂർണ്ണമായും എല്ലാ ജില്ലകളിലും പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലിൽ രാസവസ്തു കലരുന്നത് തടയാൻ നടപടി

285 (3709) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ സാമ്പിൾ പരിശോധനയിൽ പാലിൽ അഫ്ലാടോക്സിൻ എന്ന രാസവസ്തു കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കേരളത്തിലെ മാർക്കറ്റുകളിൽ എത്തിച്ച് വിൽപ്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരമായ പരിശോധനകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ശേഖരിക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇത്തരത്തിലുള്ള പരിശോധനകളിൽ വിവിധ ബ്രാൻഡുകളിലുള്ള 25 പാൽ സാമ്പിളുകളിൽ നാളിതുവരെ അഫ്ലാടോക്സിൻ സാന്നിധ്യം ഉള്ളതായി റിപ്പോർട്ട് ലഭിക്കുകയും കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്.

(ബി) പശുക്കൾക്ക് നൽകുന്ന തീറ്റയിലൂടെയാണ് അഫ്ലാടോക്സിൻ പാലിൽ കലരുന്നത് എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പശുക്കൾക്ക് നൽകുന്ന തീറ്റയിലൂടെയാണ് അഫ്ലാടോക്സിൻ പാലിൽ കലരുന്നത്. അശാസ്ത്രീയമായി കാലിത്തീറ്റയും തീറ്റ വസ്തുക്കളും സൂക്ഷിക്കുന്നതിൽ ഉണ്ടാവുന്ന പൂപ്പലിൽ നിന്നുമാണ് അഫ്ലാടോക്സിൻ കന്നുകാലികളിലേയ്ക്ക് എത്തുന്നത്. തുടർന്ന് ഇതിന്റെ സാന്നിദ്ധ്യം പാലിലും കണ്ടുവരുന്നു.

(സി) എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോയെന്നും ഇതിനായി ക്ഷീരകർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

അഫ്ലാടോക്സിൻ പാലിൽ എത്തുന്നത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ക്ഷീരവികസന വകുപ്പ് ക്ലാസ്സുകൾ മുഖേന ക്ഷീര കർഷകർക്ക് നൽകുന്നുണ്ട്.

കാലിത്തീറ്റ പൂപ്പൽ ബാധ ഏൽക്കാതെ വൃത്തിയായി സൂക്ഷിക്കുന്നത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ബോധവത്കരണ ക്ലാസ്സുകളിലൂടെയും പോസ്റ്ററുകളിലൂടെയും ക്ഷീര വികസന വകുപ്പ് നൽകിയിട്ടുണ്ട്.

## കുന്നത്തുനാട് മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ പദ്ധതികൾ

286 (3710) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കുമോ?

(എ&ബി) കുന്നത്തുനാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## തരൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ പദ്ധതികൾ

287 (3711) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തരൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

തരൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി- രൂപ 12,000/-
2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതി- രൂപ 50,000/-
3. വന്ധ്യതാ നിവാരണ ക്യാമ്പ്- രൂപ 30,000/-
4. സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി-രൂപ 97,875/- (പദ്ധതി നടപ്പിലാക്കി വരുന്നു.)
5. രാത്രികാല അടിയന്തര ചികിത്സാ പദ്ധതി- രൂപ 50,000/-

തരൂർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന 2022-23 വർഷത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

പ്രസ്തുത പദ്ധതികളെല്ലാം പൂർത്തിയായിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പക്ഷിപ്പനി ശാസ്ത്രീയമായി തടയാൻ നടപടി

288 (3712) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശാടന പക്ഷികൾ പരത്തുന്ന പക്ഷിപ്പനി ശാസ്ത്രീയമായി തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പക്ഷിപ്പനി തടയുന്നതിന് ദേശാടനപ്പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികളിൽ രോഗനിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിഫാമുകളുടെ ജൈവ സുരക്ഷ ശക്തിപ്പെടുത്തൽ, രോഗബാധിത പ്രദേശങ്ങൾ അണുവിമുക്തമാക്കൽ, ഫീൽഡിലെ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തുക എന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷിവർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവു ചെയ്യുന്നു. അതോടൊപ്പം രോഗബാധിത പ്രദേശത്ത് പക്ഷികൾ, മുട്ടകൾ, തീറ്റ, മാംസം, കാഷ്ഠം എന്നിവ ശാസ്ത്രീയമായി

നശിപ്പിക്കുന്നു. രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശങ്ങളിലെ കോഴിക്കടകളും മുട്ട വില്പന കേന്ദ്രങ്ങളും പൂർണ്ണമായി അടച്ചിടുന്നു. കള്ളിംഗ്, സാനിറ്റൈസേഷൻ എന്നീ നടപടികൾ പൂർത്തിയായാലുടൻ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. 1 കിലോമീറ്റർ മുതൽ 10 കിലോമീറ്റർ ചുറ്റളവിൽ നിരീക്ഷണ മേഖലകളിൽ 90 ദിവസത്തേയ്ക്ക് അകത്തേയ്ക്കും പുറത്തേയ്ക്കും പക്ഷികൾ, മുട്ട, കാഷ്ഠം എന്നിവയുടെ കടത്തൽ നിരോധിച്ചിരിക്കുന്നു. ആക്ഷൻ പ്ലാൻ പ്രകാരം പോസ്റ്റ് ഓപ്പറേഷൻ സർവൈലൻസ് പദ്ധതിയുടെ ഭാഗമായി ഓരോ രണ്ടാഴ്ച കൂടുമ്പോഴും (4 തവണ) സർവൈലൻസ് മേഖലയിൽനിന്നും വളർത്തുപക്ഷികളുടെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ഭോപ്പാലിലെ ലാബിൽ അയയ്ക്കുന്നു. ആയതിന്റെ റിസൾട്ട് നെഗറ്റീവാണെങ്കിൽ മാത്രമേ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന് 3 മാസത്തിനുശേഷം 1 കിലോമീറ്റർ ചുറ്റളവിൽ പക്ഷികളെ വളർത്താൻ അനുവദിക്കുകയുള്ളൂ.

**മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി**

289 (3713) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ എവിടെയെല്ലാമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി പോത്തൻകോട് ഗ്രാമപഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) വർക്കല മണ്ഡലത്തിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വർക്കല മണ്ഡലത്തിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**ഏറനാട് മണ്ഡലത്തിലെ ഹാച്ചറിയുടെ പ്രവർത്തനം**

290 (3714) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നിർമ്മാണ പ്രവൃത്തി ആരംഭിച്ച ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നിർമ്മാണപ്രവൃത്തി ആരംഭിച്ച ഹാച്ചറി പ്രവർത്തനമാരംഭിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. ശുദ്ധജലം, വൈദ്യുതി, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

(ബി) പൂർണ്ണമായും പ്രവർത്തനസജ്ജമാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങൾ പ്രസ്തുത ഹാച്ചറിയിൽ ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ?

എടവണ്ണ ഹാച്ചറി പൂർണ്ണമായി പ്രവർത്തനസജ്ജമാകുമ്പോൾ ആഴ്ചതോറും 30,000 മുതൽ 40,000 വരെ മുട്ടകൾ അടവയ്ക്കുവാനും വർഷത്തിൽ 8 മുതൽ 10 ലക്ഷംവരെ മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും അത്രതന്നെ മാംസാവശ്യത്തിനായുള്ള കോഴികളെയും ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ താലൂക്കുകളിലെ മുട്ടക്കോഴി ലഭ്യത ഉറപ്പുവരുത്തുവാനും കഴിയുന്നതാണ്.

(സി) ഒന്നും രണ്ടും ഘട്ടങ്ങളിലായി നാളിതുവരെ എത്ര തുക പ്രസ്തുത പദ്ധതിക്കായി അനുവദിച്ചിട്ടുണ്ടെന്നും രണ്ടാംഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഒന്നാംഘട്ടമായി 1,25,30,649/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായുള്ള ചർച്ചകൾ നടന്നുവരുന്നു.

(ഡി) ഹാച്ചറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷം ഉണ്ടായ പുരോഗതി എന്താണെന്നും വെളിപ്പെടുത്തുമോ?

ഹാച്ചറിയുടെ പ്രാരംഭ പ്രവർത്തനത്തിനുവേണ്ട കെട്ടിട സൗകര്യങ്ങളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. പ്ലമ്പിംഗ് & ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കൂടാതെ ശുദ്ധജല ലഭ്യതയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹാച്ചറിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുവാൻ ഒരു സ്പെഷ്യൽ ഓഫീസറെ സ്പെഷ്യൽ ഡ്യൂട്ടി വ്യവസ്ഥയിൽ നിയോഗിച്ചിരുന്നു. കണ്ണൂർ RAHC-യിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ എന്ന നിലയിൽ അധിക ജോലിഭാരമുള്ളതിനാൽ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നിർവ്വഹിക്കാനുള്ള ബുദ്ധിമുട്ട് അദ്ദേഹം അറിയിച്ചിരുന്നു. കൂടാതെ ചർമ്മ മുഴ രോഗം, കുളമ്പ് രോഗം എന്നിവയുടെ പ്രതിരോധ കുത്തിവയ്പ്, വകുപ്പിന്റേയും

എൽ.എസ്.ജി.ഡി-യുടേയും പദ്ധതി നിർവ്വഹണം എന്നിവ നടക്കുന്നതിനാൽ പുതിയ സ്പെഷ്യൽ ഓഫീസറെ കണ്ടെത്താൻ സാധിച്ചിട്ടുമില്ല. പുതിയ സ്പെഷ്യൽ ഓഫീസറെ കണ്ടെത്തുന്ന കാര്യം പരിഗണനയിലാണ്.

## മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

291 (3715) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ എത്ര മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; ജില്ലയിലെ ഇവയുടെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ മൃഗസംരക്ഷണവകുപ്പിന് കീഴിൽ 3 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

മൃഗചികിത്സാ സംവിധാനങ്ങൾ വീട്ടിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജില്ലയിൽ മൂന്ന് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 1962 എന്ന ടോൾഫ്രീ നമ്പറിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത കോൾസെന്റർ സംവിധാനത്തിലൂടെയാണ് പ്രസ്തുത മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

പ്രവർത്തിക്കുന്നത്. വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ-കം-അറ്റൻഡന്റ് എന്നിവർ ഓരോ യൂണിറ്റിലും ഉണ്ടാകും. ചെറുതും വലുതുമായ ശസ്ത്രക്രിയകൾ, കൃത്രിമബീജാധാനം, മിനിലാബ്, കൌലിഫ്റ്റർ, കാഫ് പുള്ളർ, അത്യാവശ്യ മരുന്നുകൾ എന്നീ സൗകര്യങ്ങളുണ്ട്. പ്രാരംഭഘട്ടത്തിൽ ഉച്ചയ്ക്ക് ഒരു മണി മുതൽ രാത്രി 8 മണി വരെയാണ് സേവനം ലഭിക്കുക. വാതിൽപ്പടി സേവനത്തിന് കന്നുകാലിക്ക് 450/- രൂപ, ഓമനമൃഗത്തിന് 950/- രൂപ, ഒരേ വീട്ടിലെ കന്നുകാലി, ഓമനമൃഗം ഒന്നിച്ച ചികിത്സയ്ക്ക് 950/- രൂപ എന്നിങ്ങനെ സർക്കാർ നിരക്കിൽ കർഷകർ ഗൂഗിൾ പേ മെഷീൻ വഴി തുക നൽകണം. കൃത്രിമ ബീജാധാനത്തിന് 50/- രൂപ അധികം നൽകണം.

(ബി) ജില്ലയിൽ ഏതൊക്കെ വെറ്ററിനറി ആശുപത്രികളിലാണ് വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ബ്ലോക്കടിസ്ഥാനത്തിലാണ് മൊബൈൽ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്കിൽ വെറ്ററിനറി പോളിക്ലിനിക് കട്ടപ്പനയിലും ദേവികുളം ബ്ലോക്കിൽ വെറ്ററിനറി പോളിക്ലിനിക് മൂന്നാറിലും അഴുത ബ്ലോക്കിൽ വെറ്ററിനറി ഡിസ്പെൻസറി

വണ്ടിപ്പെരിയാറിലും പ്രസ്തുത മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

വെറ്ററിനറി സർജൻ, പാരാവെറ്റ്, ഡ്രൈവർ-കം-അറ്റൻഡന്റ് എന്നിവർ ഓരോ യൂണിറ്റിലും ഉണ്ടാകും. ചെറുതും വലുതുമായ ശസ്ത്രക്രിയകൾ, കൃത്രിമബീജാധാനം, കാഫ് പുള്ളർ, അത്യാവശ്യ മരുന്നുകൾ എന്നീ സൗകര്യങ്ങളുണ്ട്. പ്രാരംഭഘട്ടത്തിൽ ഉച്ചയ്ക്ക് ഒരു മണി മുതൽ രാത്രി 8 മണി വരെയാണ് സേവനം ലഭിക്കുക.

## മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

292 (3716) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികൾക്ക് സമയബന്ധിതമായി ചികിത്സ ലഭിക്കാത്തതും മരുന്നുകളുടെ വില വർദ്ധനയുംമൂലം ക്ഷീര കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കന്നുകാലികൾക്ക് സമയബന്ധിതമായി ചികിത്സ ലഭിക്കാത്തതും മരുന്നുകളുടെ വില വർദ്ധനയുംമൂലം ക്ഷീര കർഷകർ

പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൃഗസംരക്ഷണ വകുപ്പിലേയ്ക്കാവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 8,27,55,325/- (എട്ട് കോടി ഇരുപത്തി ഏഴ് ലക്ഷത്തി അമ്പത്തി അയ്യായിരത്തി മുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) രൂപയുടെ മരുന്നുകൾ ഈ സാമ്പത്തിക വർഷത്തിൽ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കന്നുകാലികൾക്ക് ചികിത്സ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനായി എല്ലാ ക്ഷീരവികസന ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കന്നുകാലികൾക്ക് ചികിത്സ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിനായി 14 ജില്ലകളിലെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനും കാലിത്തീറ്റ സബ്സിഡി ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ നിലവിൽ ക്ഷീരകർഷകർക്ക് സൗജന്യമായി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന ഗോസമൃദ്ധി-എൻ.എൽ.എം. പദ്ധതിയാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതി. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50 ശതമാനവും എസ്.സി/എസ്.ടി. വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70 ശതമാനവും സർക്കാർ സബ്സിഡിയായി നൽകുന്നുണ്ട്.

ഉരു ആകസ്മികമായി മരണപ്പെട്ടാലോ, ഉല്പാദന-പ്രത്യുല്പാദനക്ഷമതാ നഷ്ടം സംഭവിച്ചാലോ ദൈനംദിന സാമ്പത്തിക ഭദ്രത താറുമാറാകുന്ന അവസരത്തിൽ ആയതിന് ഒരു വലിയ പരിഹാരം എന്ന നിലയിലാണ് നിലവിൽ സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ മൃഗസംരക്ഷണ വകുപ്പ് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. ഇൻഷ്വർ ചെയ്യുന്ന ഉരുക്കളുടെ ഉടമസ്ഥർക്കും ഈ പദ്ധതി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും താൽപ്പര്യപത്രം ക്ഷണിച്ച് പ്രീമിയം തുക ഏറ്റവും കുറവ് സമർപ്പിച്ച ഇൻഷ്വറൻസ് കമ്പനിയുമായി കരാറിലേർപ്പെട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

കാലിത്തീറ്റ സബ്സിഡി- കന്നുകുട്ടി പരിപാലന പദ്ധതിക്കായുള്ള കന്നുകുട്ടി തീറ്റ സബ്സിഡി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. ഒരു പശുവിന് പരമാവധി 2 ചാക്ക് കാലിത്തീറ്റയാണ് 50% സബ്സിഡിയോടുകൂടി നൽകുന്നത്. ഒരു കർഷകന് പരമാവധി 10,000/-രൂപവരെ ഒരു സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ ലഭിക്കുന്നു.

കൂടാതെ ക്ഷീരവികസന വകുപ്പ് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന്

പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ, TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്. ക്ഷീരവികസനവകുപ്പ് ഇതിനോടകം 23.89 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു.

സബ്സിഡി വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കാൻ നടപടി**

293 (3717) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ പുഴക്കൽ, വടക്കാഞ്ചേരി ബ്ലോക്കുകൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ്, മതിലകം ബ്ലോക്കുകളിലാണ് നിലവിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ എല്ലാ ബ്ലോക്കുകളിലേയ്ക്കും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം**

294 (3718) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം അറിയിക്കാമോ?

മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 3,000 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 182 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്ക് 80 ലക്ഷം രൂപയും വെറ്ററിനറി പോളിക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി

കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 269 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മൃഗാശുപത്രികൾക്ക് ആവശ്യമായ ഉപകരണങ്ങൾക്കുള്ള ചെലവുകൾ ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നു.

(ബി) മൃഗാശുപത്രികൾ സ്മാർട്ടാക്കുന്ന പദ്ധതി നിലവിലുണ്ടോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി മൃഗാശുപത്രികൾ സ്മാർട്ടാക്കുന്ന പദ്ധതി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

മൃഗസംരക്ഷണ വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങളിലും സ്മാർട്ട് ഗവേണൻസ് നടപ്പാക്കുന്നതിനായി "ഇ-സമൃദ്ധ" എന്ന പേരിൽ ബൃഹത്തായ സോഫ്റ്റ്‌വെയർ സംവിധാനം കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടുകൂടി തയ്യാറാക്കിവരികയാണ്. കർഷകർക്കും ജീവനക്കാർക്കും ഉപയോഗിക്കാനായുള്ള മൊബൈൽ ആപ്ലിക്കേഷൻ സഹിതമുള്ള സംവിധാനങ്ങൾ ഇതിൽ ഒരുങ്ങുന്നുണ്ട്. ഇതോടുകൂടി മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒരു വിരൽത്തുമ്പിൽ കർഷകർക്ക് ലഭിക്കുന്നതാണ്.

**നെടുങ്കുന്നം വെറ്ററിനറി ആശുപത്രിക്ക് പുതിയ കെട്ടിടം**

295 (3719) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കുന്നം വെറ്ററിനറി ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

(എ&ബി) കെട്ടിട നിർമ്മാണത്തിന് പഞ്ചായത്തിൽനിന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പുലാമന്തോൾ മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുന്നതിന് നടപടി**

296 (3720) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുലാമന്തോൾ മൃഗാശുപത്രിയിൽ ഡോക്ടർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടറെ നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ഈ ആശുപത്രിയിൽ ഡോക്ടറെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) മലപ്പുറം ജില്ലയിലെ പുലാമന്തോൾ മൃഗാശുപത്രിയിൽ 01-02-2023 മുതൽ ഡോ. ഡേവിഡ് എബ്രഹാം, വെറ്ററിനറി സർജനായി സേവനമനുഷ്ഠിക്കുന്നുണ്ട്.

**മാംസോല്പാദന പദ്ധതി**

297 (3721) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ബ്ലോക്കുകളിലാണ് മാംസോല്പാദന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദവിവരം നൽകുമോ?

സംസ്ഥാന വ്യാപകമായി ചുവടെ പറയുന്ന തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

1. തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ബ്ലോക്ക്
2. കൊല്ലം ജില്ലയിലെ ഓച്ചിറ, ശാസ്താംകോട്ട, ചവറ ബ്ലോക്കുകൾ
3. പത്തനംതിട്ട ജില്ലയിലെ കുളനട ബ്ലോക്ക്
4. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, മുതുകുളം, ഭരണിക്കാവ്, മാവേലിക്കര

ബ്ലോക്കുകൾ

5. കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, ഉഴവൂർ ബ്ലോക്കുകൾ

6. ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്ക്

7. എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക്

8. തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക്

9. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്

10. മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്ക്

11. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക്

12. വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക്

13. കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക്

14. കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്ക്.

(ബി) പ്രസ്തുത പദ്ധതി എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി നിലവിൽ എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല.

(സി) കോട്ടയം ജില്ലയിൽ ഏതെല്ലാം ബ്ലോക്കുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, ഉഴവൂർ ബ്ലോക്കുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**ചേലേമ്പ്ര മൃഗാശുപത്രിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ ഒഴിവ്**

298 (3722) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര മൃഗാശുപത്രിയിൽ വർഷങ്ങളായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മൃഗസംരക്ഷണ വകുപ്പിൽ, മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലേമ്പ്ര മൃഗാശുപത്രിയിൽ നിലവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നില്ല. എന്നാൽ ചേലേമ്പ്ര മൃഗാശുപത്രിയുടെ നിയന്ത്രണത്തിലുള്ള വെറ്ററിനറി സബ് സെന്ററിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക 12-08-2022 മുതൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവ് അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്- I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ ഒഴിവുകൾ, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിൻപ്രകാരം ചേലേമ്പ്ര മൃഗാശുപത്രിയുടെ നിയന്ത്രണത്തിലുള്ള വെറ്ററിനറി ഉപകേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ ഒഴിവും ഉടനടി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷീരഗ്രാമം പദ്ധതി**

299 (3723) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്ത് പരിധിയിലെ ക്ഷീരകർഷകരുടെ എണ്ണം, ഉരുക്കളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ എണ്ണം, ക്ഷീരസംഘങ്ങളുടെ പ്രവർത്തന മികവ്, അധിക പാൽ സംഭരിക്കാനും വിപണനം നടത്താനുമുള്ള സംഘങ്ങളുടെ മികവ് എന്നിവ മാനദണ്ഡമാക്കിയാണ് ക്ഷീരഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ബി) കണ്ണൂർ ജില്ലയിൽ പാലുല്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും ഏതൊക്കെയാണെന്ന് അറിയിക്കുമോ?

പ്രതിദിനം 26425 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്ന തളിപ്പറമ്പ് കണ്ണൂർ ജില്ലയിൽ പാലുല്പാദനത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ബ്ലോക്ക് പഞ്ചായത്തും പ്രതിദിനം 6747 ലിറ്റർ പാലുൽപ്പാദിപ്പിക്കുന്ന ആലക്കോട് ഏറ്റവും മുന്നിൽ നിൽക്കുന്ന ഗ്രാമപഞ്ചായത്തുമാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

300 (3724) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടില്ല.

(സി) മണ്ഡലത്തിൽ ക്ഷീര കർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2022-23 വർഷത്തിൽ ക്ഷീരവികസനവകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളും ചെലവഴിച്ച തുകയും ഉൾപ്പടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

301 (3725) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോങ്ങാട് മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ഗുരുവായൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

302 (3726) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

അർഹത മാനദണ്ഡങ്ങൾക്കും മുൻഗണന മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഗുരുവായൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തൃശ്ശൂർ ജില്ലയിൽ നാളിതുവരെ ഏതൊക്കെ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നുവെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ നാളിതുവരെ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയതും/ നടപ്പിലാക്കിവരുന്നതുമായ നിയോജകമണ്ഡലങ്ങൾ തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം | മണ്ഡലം | വർഷം | പഞ്ചായത്ത് |
|---|---|---|---|
| 1 | കൊടുങ്ങല്ലൂർ | 2016-17 | വെള്ളാങ്ങല്ലൂർ |
| 2 | നാട്ടിക | 2017-18 | ചാഴൂർ |
| 3 | വടക്കാഞ്ചേരി | 2018-19 | കോലഴി |
| 4 | ഒല്ലൂർ | 2020-21 | പാണഞ്ചേരി |
| 5 | കയ്പമംഗലം | 2020-21 | എടവിലങ്ങ് |
| 6 | നാട്ടിക | 2022-23 | താന്ന്യം (നടപ്പിലാക്കിവരുന്നു) |
| 7 | ഒല്ലൂർ | 2022-23 | മാടക്കത്തറ (നടപ്പിലാക്കിവരുന്നു) |

**സംസ്ഥാനത്തെ പാലുല്പാദനം**

303 (3727) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

2021-22 വർഷത്തെ സംസ്ഥാനത്തെ പാലുല്പാദനം 2532.46 (000 Tonnes) ആണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏറ്റവും കൂടുതൽ ക്ഷീര കർഷകരുള്ള ജില്ല ഏതാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ക്ഷീര കർഷകരുള്ള ജില്ല പാലക്കാടാണ്. ക്ഷീരവികസന വകുപ്പിന്റെ കണക്കുപ്രകാരം 47234 ക്ഷീര കർഷകർ പാലക്കാട് ജില്ലയിലുണ്ട്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ പാലിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധിച്ചുവെന്നും ഏത് ജില്ലയിലാണ് കൂടുതൽ വർദ്ധനവുണ്ടായതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ പാലിന്റെ ഉല്പാദനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. പത്തു വർഷം മുമ്പുള്ള പാലുൽപ്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ, കാസർഗോഡ് ജില്ലയിലാണ് പാലുൽപ്പാദനത്തിൽ ശതമാന കണക്കിൽ കൂടുതൽ വർദ്ധനവുണ്ടായിട്ടുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ആഭ്യന്തര ഉപയോഗത്തിനാവശ്യമായ പാൽ ഉല്പാദിപ്പിക്കുന്ന നിലയിലേയ്ക്ക് സംസ്ഥാനം മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചുവരുന്നു. 2015-16 വർഷം മിൽമ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. കേരളത്തിന്റെ ജനസംഖ്യാനുപാതത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് 89 ലക്ഷം ലിറ്ററാണ്. എന്നാൽ സംസ്ഥാനത്ത് പ്രതിദിന ഉല്പാദനം 81 ലക്ഷം ലിറ്റർ മാത്രമാണ്. ഇതിൽ കുറവുവരുന്ന 8 ലക്ഷം ലിറ്റർ പാൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്നുവെന്നാണ് കണക്കാക്കുന്നത്. മിൽമയുടെ മലബാർ മേഖലയിൽ ആവശ്യമായ പാൽ മലബാർ മേഖലയിൽത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെങ്കിലും മറ്റു രണ്ട് യൂണിയനുകളും സ്വയംപര്യാപ്തതയിലെത്തിയിട്ടില്ല. എറണാകുളം മേഖലയിൽ യൂണിയന് ആവശ്യമുള്ളതിന്റെ 85 ശതമാനത്തോളം ആഭ്യന്തരമായി സംഭരിക്കുന്നുണ്ട്. മലബാറിൽ ഉപഭോഗം കഴിഞ്ഞ് മിച്ചം വരുന്ന പാൽ മറ്റു മേഖലാ യൂണിയനുകൾക്ക് നൽകിവരുന്നുണ്ട്. എന്നാൽ നിലവിൽ ആഭ്യന്തര സംഭരണം രാജ്യമൊട്ടാകെ കുറഞ്ഞിരിക്കുന്ന

സാഹചര്യത്തിൽ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ പാൽ പൂർണ്ണമായും ഉൽപ്പാദിപ്പിക്കുന്ന നിലയിലേയ്ക്ക് സംസ്ഥാനം മാറിയിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

304 (3728) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷീരവികസന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും അനുവദിച്ച തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളും അനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**ക്ഷീര കർഷകർക്ക് പാൽ വില വർദ്ധനവിന്റെ ഫലം ലഭിക്കാൻ നടപടി**

305 (3729) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പാൽവില വർദ്ധനവ് ഏറ്റവുമൊടുവിൽ നിലവിൽ വന്നത് എന്ന് മുതലാണ്; ഒരു ലിറ്ററിന് എത്ര രൂപയുടെ വർദ്ധനവാണ് ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

മിൽമ പാലിന്റെ വില്പന വില വർദ്ധിപ്പിച്ചത് 2022 ഡിസംബർ ഒന്നാം തീയതി മുതലാണ്. വില്പന വിലയിൽ ലിറ്ററിന് 6.00 രൂപ വർദ്ധനവാണ് വരുത്തിയത്. ഇതിന്റെ 83 ശതമാനം കർഷകന് ലഭിക്കുന്ന രീതിയിലുള്ള പാൽവില ചാർട്ടാണ് ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ളത്.

(ബി) കേരളത്തിലെ കർഷകർക്ക് ലഭിച്ചിരുന്ന ശരാശരി പാൽ വില, പാലിന്റെ വില വർദ്ധനവ് നിലവിൽ വരുന്നതിനുമുമ്പും ശേഷവും എത്രയാണെന്ന് വിശദമാക്കുമോ?

പാൽ വില വർദ്ധിപ്പിക്കുന്നതിനുമുമ്പ് സംസ്ഥാന ശരാശരി ഗുണനിലവാരമായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് സംഘത്തിൽനിന്നും കർഷകന് ലിറ്ററിന് 37.49 രൂപ കിട്ടിയിരുന്നത് പാൽവില വർദ്ധനവിനുശേഷം 43.17 രൂപയായി വർദ്ധിച്ചു.

(സി) കർഷകർക്ക് ലഭിക്കുന്ന പാൽ വിലയിൽ ശരാശരി എത്ര രൂപയുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്; പ്രസ്തുത വർദ്ധനവിന്റെ എൺപത്

ശതമാനവും കർഷകർക്ക് ലഭിക്കാത്തതായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

വില്പനവിലയിൽ 6 രൂപ ലിറ്ററിന് വർദ്ധിപ്പിച്ചപ്പോൾ കർഷകന് വർദ്ധിച്ച വിലയുടെ 83.75 ശതമാനം ലഭിക്കും. അളക്കുന്ന പാലിന്റെ ഗുണനിലവാരമനുസരിച്ചുള്ള ക്രമാനുഗതമായ വർദ്ധനവ് വരുന്ന രീതിയിലുള്ള ചാർട്ടാണ് ശാസ്ത്രീയമായി തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാന ശരാശരി ഗുണനിലവാരമായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് 5.68 രൂപ വർദ്ധനവ് ലഭിക്കും. ചാർട്ടനുസരിച്ച് 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന് ലിറ്ററിന് 5.025 രൂപയുടെ വർദ്ധനവ് ലഭിക്കും. എന്നാൽ ചാർട്ടിൽ പറഞ്ഞിരിക്കുന്നതിൽനിന്നും ഗുണനിലവാരം കുറഞ്ഞ പാലിന് വില വർദ്ധനവ് ലഭ്യമല്ല.

(ഡി) സംസ്ഥാനത്തുനിന്നും ശേഖരിക്കുന്ന പാലിന് മിൽമ നൽകിയിട്ടുള്ള പരമാവധി വിലനിരക്കും ഏറ്റവും കുറഞ്ഞ വിലനിരക്കും എത്ര വീതമാണെന്ന് അറിയിക്കുമോ?

അളക്കുന്ന പാലിന്റെ ഗുണനിലവാരമനുസരിച്ചുള്ള ക്രമാനുഗതമായ വർദ്ധനവ് വരുന്ന രീതിയിലുള്ള ചാർട്ടാണ് ശാസ്ത്രീയമായി തയ്യാറാക്കിയിരിക്കുന്നത്. ചാർട്ടിൽ കൊഴുപ്പ്/കൊഴുപ്പിതര പദാർത്ഥം

8.0/10.0 ഗുണനിലവാരമുള്ള പാലിനുവരെ വില ഉൾക്കൊള്ളിച്ചിട്ടുണ്ട്. 8.0/10.0 ഗുണനിലവാരമുള്ള പാലിന് 62.66 രൂപ ലഭിക്കും. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് 43.17 രൂപ ലിറ്ററിന് ലഭിക്കും. 6.0/9.0 ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് 52.22 രൂപയും ലഭിക്കും. ചാർട്ടനുസരിച്ച് 3.0/8.0 ഗുണനിലവാരമുള്ള പാലിന് സംഘത്തിൽനിന്നും കർഷകന് ലിറ്ററിന് 38.29 രൂപ രൂപ ലഭിക്കും.

(ഇ) പത്ത് വർഷക്കാലയളവിനുള്ളിൽ പാൽ വിലവർദ്ധനയുടെ പലമടങ്ങ് വർദ്ധനവ് കാലിത്തീറ്റയുടെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും വിലയിലുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) പ്രസ്തുത വർദ്ധന ക്ഷീരകർഷകരെ പ്രതിസന്ധിയിൽ ആക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ ക്ഷീരകർഷകരുടെ വരുമാന വർദ്ധനവിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

2012-ൽ മിൽമയുടെ കാലിത്തീറ്റയുടെ വിൽപന വില 50 കിലോ ചാക്കിന് 850 രൂപയായിരുന്നത് ഇപ്പോൾ ചാക്കിന് 1,400 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2012-ൽ പാലിന്റെ വില്പന വില ലിറ്ററിന് 35

രൂപയായിരുന്നത് നിലവിൽ ലിറ്ററിന് 50 രൂപയാണ്. കാലിത്തീറ്റയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാംതന്നെ ഇതരസംസ്ഥാനങ്ങളിൽനിന്നും വരുത്തുന്നതുകൊണ്ട് വിലനിയന്ത്രണത്തിന് പരിമിതികളുണ്ട്.

കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിനായി വിവിധ പദ്ധതികൾ മേഖലാ യൂണിയനുകൾ നടത്തിവരുന്നുണ്ട്. സബ്സിഡി നിരക്കിൽ കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ എന്നിവ കർഷകർക്ക് നല്കിവരുന്നു. അതോടൊപ്പംതന്നെ തീറ്റപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കളും കർഷകർക്ക് സബ്സിഡി നിരക്കിൽ നല്കുന്നുണ്ട്. കർഷകർക്ക് ആശ്വാസമേകുന്നതിനായി പാലിന്റെ വിൽപന വില ലിറ്ററിന് 6 രൂപ നിരക്കിൽ 2022 ഡിസംബർ 1-ാം തീയതി മുതൽ വർദ്ധിപ്പിക്കുകയും വർദ്ധനവിന്റെ 83 ശതമാനം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു

ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്

കാലിത്തീറ്റയുടെ ഉത്പാദനച്ചെലവ് കൂടുവാനുള്ള കാരണം അസംസ്കൃതവസ്തുക്കളുടെ വിലവർദ്ധനവ് ആയതിനാൽ പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചാക്കൊന്നിന് 150 രൂപ മാത്രമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ വിലവർദ്ധനവ് 01-11-2022 മുതലാണ് പ്രാബല്യത്തിൽവന്നത്. എങ്കിലും കേരള ഫീഡ്സിന്റെ കാലിത്തീറ്റയുടെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്.

**ക്ഷീരവികസന വകുപ്പിന് കീഴിൽ കൂടുതൽ പരിശോധനാ ലാബുകൾ**

306 (3730) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിൽ മായം കലർന്നതായി കണ്ടെത്തിയാൽ നടപടിയെടുക്കുന്നതിന് അധികാരം നൽകണമെന്നാവശ്യപ്പെട്ട് ക്ഷീരവികസന വകുപ്പ് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിലെ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥരെ ഫുഡ് സേഫ്റ്റി ഓഫീസർമാരായി നിയോഗിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ക്ഷീരവികസന വകുപ്പിന് കീഴിൽ കൂടുതൽ പരിശോധനാ ലാബുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**ക്ഷീര കൃഷി ആദായകരമാക്കാൻ നടപടി**

307 (3731) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകൃഷി ആദായകരമാക്കാൻ യന്ത്രവൽക്കരണം നടത്തുന്നതിനും പുൽകൃഷി വ്യാപകമാക്കുന്നതിനും കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും ക്ഷീരവികസന വകുപ്പിൽ പദ്ധതിയുണ്ടോ?

ഉണ്ട് .

(ബി) സംസ്ഥാനത്ത് തീറ്റപ്പുല്ലിന്റെ ലഭ്യത ആവശ്യകതയുടെ മൂന്നിലൊന്ന് മാത്രമായതിനാൽ കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങളെ തീറ്റപ്പുൽ കൃഷിയിലേയ്ക്ക് ആകർഷിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങളെ തീറ്റപ്പുൽ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ഗ്രൂപ്പുകൾക്ക് (സംഘം/എസ്.എച്ച്.ജി/മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ) യൂണിറ്റുകൾ മുഖേനയുള്ള തീറ്റപ്പുൽക്യഷിയും വിപണനവും ക്ഷീരസഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും ഉപയോഗശൂന്യമായ

സ്ഥലങ്ങളിലും വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ക്ഷീരവികസന വകുപ്പ് ലക്ഷ്യമിടുന്നു.

(സി) വിളവെടുപ്പിന് ശേഷമുള്ള പുൽത്തണ്ടുകൾ ഇതര സംസ്ഥാനങ്ങളിൽനിന്നും സൈലേജ് ആക്കി കൊണ്ടുവരുന്നതിന്റെ പ്രായോഗികത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മിൽമയുടെ മേഖലാ യൂണിയനുകൾ ഇ-ടെൻഡർ മുഖാന്തരം അന്യസംസ്ഥാനങ്ങളിൽനിന്നും സൈലേജ് വാങ്ങി സബ്സിഡി നിരക്കിൽ കർഷകർക്ക് സംഘങ്ങൾവഴി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ആന്ധ്രാ പ്രദേശ്, തെലുങ്കാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽനിന്നും സൈലേജ് കൊണ്ടുവരുന്നതിന്റെ പ്രാഥമിക പഠനങ്ങൾ കേരളാ ഫീഡ്സ് നടത്തിവരുന്നു.

(ഡി) ക്ഷീരസംഘങ്ങൾ മുഖേന വൈക്കോൽ ലഭ്യമാക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കാമോ; വിശദമാക്കുമോ?

നിലവിൽ ക്ഷീരസംഘങ്ങൾ മുഖേന വൈക്കോൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക്

പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

മിൽമയുടെ മേഖലാ യൂണിയനുകൾ ഇ-ടെൻഡർ മുഖാന്തരം അന്യസംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ വാങ്ങി സബ്സിഡി നിരക്കിൽ കർഷകർക്ക് സംഘങ്ങൾവഴി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**മിൽമയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി**

308(3732) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പ്രവർത്തനങ്ങൾ ക്ഷീരകർഷകർക്ക് പ്രയോജനകരമാകുന്ന തരത്തിൽ ആനന്ദ് മാതൃകയിൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ആനന്ദ് മാതൃകയിലുള്ള ത്രിതല സംവിധാനത്തിലാണ് മിൽമ പ്രവർത്തിക്കുന്നത്. താഴെത്തട്ടിൽ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ, ഇടത്തട്ടിൽ മേഖലാ യൂണിയനുകൾ, ഉപരിതലത്തിൽ സംസ്ഥാന ക്ഷീര ഫെഡറേഷൻ എന്ന നിലയിലാണ് മിൽമ

പ്രവർത്തിക്കുന്നത്. പ്രാഥമിക ക്ഷീരസംഘങ്ങൾക്കും മേഖലാ യൂണിയനുകൾക്കും തെരഞ്ഞെടുത്ത ഭരണ സമിതിയുണ്ടാകും. മേഖലാ യൂണിയനുകളിൽനിന്നും നാമനിർദ്ദേശം ചെയ്യുന്നവരാണ് മിൽമയുടെ ഭരണസമിതിയിലുള്ളത്.

(ബി) എങ്കിൽ പ്രസ്തുത നടപടിയിലൂടെ കർഷകർക്ക് ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലളക്കുന്ന പാലിന് ഗുണനിലവാരത്തിനനുസരിച്ച വില കൃത്യമായ ഇടവേളകളിൽ നൽകുകയും കർഷകർക്ക് സ്ഥായിയായ വിപണി ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിംഗ് സർപ്ലസ് ഡയറികളിലെത്തിക്കുകയും ആയത് സംസ്കരിച്ച് പാലും പാലുൽപ്പന്നങ്ങളുമാക്കി വിൽപ്പന നടത്തി ലഭിക്കുന്ന ആദായത്തിന്റെ 83 ശതമാനവും കർഷകരിലേയ്ക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു. അതോടൊപ്പം ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു. ഉല്പാദനോപാധികളും

തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്.

(സി) മിച്ചം പാലിൽനിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിന് മലബാറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ മൂർക്കനാട്, മലബാർ മേഖലാ യൂണിയന്റെ സഹകരണത്തോടെ 10 മെട്രിക് ടൺ പ്രതിദിന സംസ്കരണ ശേഷിയുള്ള ഒരു പാൽപ്പൊടി നിർമ്മാണശാലയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. പാൽപ്പൊടി നിർമ്മാണശാലയുടെ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ളോറിംഗ് & ഫിനിഷിംഗ് ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. പാൽപ്പൊടി നിർമ്മാണശാലയ്ക്ക് ആവശ്യമായ യന്ത്രോപകരണങ്ങളുടെ സപ്ലൈ ഘട്ടംഘട്ടമായി ചെയ്തുവരുന്നുണ്ട്. പാൽപ്പൊടി നിർമ്മാണശാലയുടെ യന്ത്രോപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കൽ, ഇലക്ട്രിക്കൽ ജോലികൾ എന്നീ ജോലികൾ പുരോഗമിച്ചുവരുന്നു. റെഫ്രിജറേഷൻ ജോലികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

## ക്ഷീര കർഷകർക്കുള്ള ഇൻസെന്റീവ്

309 (3733) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽമ പാലിന്റെ വില നിലവിൽ ഓരോ ഇനത്തിനും എത്രയാണെന്നും ക്ഷീര കർഷകരിൽനിന്ന് മിൽമ സംഭരിക്കുന്ന പാലിന് ലിറ്ററിന് എത്ര രൂപയാണ് നൽകുന്നതെന്നും അറിയിക്കുമോ?

സംസ്ഥാനത്തെ മിൽമ പാലിന്റെ വിൽപ്പന വില ചാർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. + കർഷകൻ സംഘത്തിൽ അളക്കുന്ന പാലിന്റെ ഗുണനിലവാരമനുസരിച്ചുള്ള ക്രമാനുഗതമായ വർദ്ധനവ് വരുന്ന രീതിയിലുള്ള ചാർട്ട് പ്രകാരമാണ് വില നൽകുന്നത്. സംസ്ഥാനത്തെ ശരാശരി ഗുണനിലവാരമായ 4.1/8.3 ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന് സംഘത്തിൽനിന്നും ലിറ്ററിന് 43.17 രൂപ ലഭിക്കും. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന് ലിറ്ററിന് 5.025 രൂപയുടെ വർദ്ധനവ് ലഭിക്കും. വിൽപ്പന വിലയിൽ 6 രൂപ ലിറ്ററിന് വർദ്ധിപ്പിച്ചപ്പോൾ കർഷകന് വർദ്ധിച്ച വിലയുടെ 83.75 ശതമാനം ലഭിക്കും.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) മിൽമ പാലിന്റെ വില വർദ്ധിപ്പിക്കുമ്പോഴും ക്ഷീര കർഷകർക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പാലുല്പാദന ചെലവ് കേരളത്തിൽ കൂടുതലാണ്. ഇതുകാരണം ക്ഷീരകർഷകർ കടുത്ത ബുദ്ധിമുട്ടിലായിരുന്നതുകൊണ്ട് ഉത്പാദനച്ചെലവിനാനുപാതികമായി പാൽ വില വർദ്ധിപ്പിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിരുന്നത് കണക്കിലെടുത്ത് പാലിന്റെ വിൽപ്പന വില ലിറ്ററിന് 6.00 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തുകയുണ്ടായി.

പാൽ വില ലിറ്ററിന് 6.00 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം (5.025 രൂപ) കർഷകർക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതവും (0.345 രൂപ) മിൽമയ്ക്ക് 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച്

അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലാ യൂണിയനുകളിൽനിന്നും ക്ഷീര സഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീര സംഘങ്ങളിൽനിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ അവലംബിക്കുന്നത്. പാലിന്റെ വിൽപ്പനവിലയുടെ 84 ശതമാനത്തോളം കർഷകനുതന്നെ പാൽ വിലയായും മറ്റാനുകൂല്യങ്ങളായും മിൽമ തിരികെ നൽകുന്നുണ്ട്. അതോടൊപ്പംതന്നെ കാലിത്തീറ്റ, തീറ്റപ്പുല്ല്, സൈലേജ് തുടങ്ങിയവയും മൃഗ ചികിത്സാസൗകര്യങ്ങളും മേഖലാ യൂണിയനുകൾ സംഘങ്ങൾ വഴി കർഷകർക്ക് നല്കുന്നു.

(സി) ക്ഷീര കർഷകർക്ക് പാലിന് നൽകുന്ന വില അല്ലെങ്കിൽ പ്രഖ്യാപിച്ച ഇൻസെന്റീവ് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ?

മിൽമ പാലിന്റെ വിലയിൽ 2022 ഡിസംബർ 1 മുതൽ 6 രൂപ ലിറ്ററിന് വർദ്ധിപ്പിച്ചപ്പോൾ കർഷകന് വർദ്ധിച്ച വിലയുടെ 83.75 ശതമാനമാണ് ലഭിക്കുന്നത്. ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും

ക്ഷീരവികസന വകുപ്പ് ഒരു രൂപയും തദ്ദേശസ്വയംഭരണ വകുപ്പ് മൂന്ന് രൂപയും ഇൻസെന്റീവ് നൽകുന്നുണ്ട്.

ഈ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**പാൽ വില വർദ്ധനവ്**

310 (3734) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ മിൽമ പാലിന് വില വർദ്ധിപ്പിച്ചിട്ടുണ്ട്; ഓരോ തവണയും വരുത്തിയ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു തവണ മാത്രമാണ് മിൽമ പാലിന് വില വർദ്ധിപ്പിച്ചിട്ടുള്ളത്. 01-12-2022 മുതലാണ് പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചത്.

(ബി) സംസ്ഥാനത്ത് അവസാനമായി പാൽ വില വർദ്ധിപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ?

2022 ഡിസംബർ 1-ാം തീയതി മുതലാണ് ലിറ്ററിന് 6.00 രൂപ അവസാനമായി പാൽ വില വർദ്ധിപ്പിച്ചത്.

(സി) ഒരു ലിറ്റർ പാലിന് എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായതെന്നും പ്രസ്തുത വില വർദ്ധനവിലൂടെ നാളിതുവരെ മിൽമയ്ക്ക് എത്ര രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ഒരു ലിറ്റർ പാലിന്റെ വിൽപ്പനവിലയിൽ 6 രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പ്രസ്തുത വിലവർദ്ധനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ. നം. | വിശദാംശങ്ങൾ | അധികരിച്ച വില (രൂപ) |
|---|---|---|
| 1 | ക്ഷീര കർഷകർ | 5.025 |
| 2 | ക്ഷീര സംഘങ്ങൾ | 1.345 |
| 3 | ഏജന്റുമാർ | 0.345 |
| 4 | ക്ഷേമനിധി | 0.045 |
| 5 | മിൽമ | 0.210 |
| 6 | പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രക്രിയ | 0.030 |
| **ആകെ** | | **6.000** |

3 ശതമാനം കൊഴുപ്പും 8.5 ശതമാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങളും അടങ്ങിയ ഗുണനിലവാരമുള്ള പാൽ സംഘത്തിലൊഴിക്കുന്ന കർഷകന്

ലിറ്ററിന് 5.025 രൂപ അധികമായി ലഭിക്കുന്ന രീതിയിലാണ് ചാർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഗുണനിലവാരത്തിനനുസരിച്ച് ലഭിക്കുന്ന വിലയിൽ വ്യതിയാനമുണ്ടാകും. സംസ്ഥാന ശരാശരിയായ 4.1/8.3 ഗുണനിലവാരമുള്ള പാലിന് ലഭിക്കുന്ന വിലവർദ്ധനവ് ലിറ്ററിന് 5.68 രൂപയാണ്. വിലവർദ്ധനവിൽ മിൽമയ്ക്ക് ലഭിക്കുന്നത് ലിറ്ററിന് 21 പൈസ മാത്രമാണ്. വിൽപ്പനവിലയുടെ 84 ശതമാനത്തോളം കർഷകർക്ക് തിരികെ ലഭിക്കുന്ന രീതിയിലാണ് മിൽമ പ്രവർത്തിക്കുന്നത്. എന്നിരിക്കിലും ഡിസംബറിൽ വിലവർദ്ധനവ് നടപ്പിലാക്കിയതിനുശേഷം പാൽ സംഭരണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഇതുമൂലം അയൽസംസ്ഥാനങ്ങളിൽനിന്ന് പാൽ വാങ്ങുന്നതിന്റെ അളവിൽ കുറവുണ്ടാകുകയും ഏതാണ്ട് ഒരു കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത വില വർദ്ധനവിന് മുമ്പ് മിൽമയുടെ ഒരു ദിവസത്തെ വിറ്റുവരവ് എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും വിശദമാക്കുമോ?

വില വർദ്ധനവിനു മുൻപ് (2022 നവംബർ) മിൽമയുടെ മേഖലാ യൂണിയനുകളുടെ വിറ്റുവരവ് പ്രതിദിനം ശരാശരി 9.06 കോടി

രൂപയായിരുന്നത് വില വർദ്ധനവിനുശേഷമുള്ള കാലയളവിൽ പ്രതിദിനം 10.05 കോടി രൂപയായിട്ടുണ്ട്.

(ഇ) പാൽ വില വർദ്ധിപ്പിക്കുന്നതിനുമുൻപ് ഒരു ലിറ്റർ പാലിന്റെ വിലയുടെ എത്ര ശതമാനമാണ് ക്ഷീര കർഷകർക്ക് നൽകിയിരുന്നതെന്നും നിലവിൽ എത്ര ശതമാനമാണ് നൽകുന്നതെന്നും വ്യക്തമാക്കുമോ?

പാൽ വില വർദ്ധിപ്പിക്കുന്നതിനുമുൻപ് ഒരു ലിറ്റർ പാൽ വിലയുടെ 83 ശതമാനം പാൽ വിലയും മറ്റാനുകൂല്യങ്ങളുമായും ക്ഷീരകർഷകർക്ക് നൽകിയിരുന്നു. നിലവിൽ ആയത് 84 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

**കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

311 (3735) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയിൽനിന്നും കന്നുകാലികൾക്ക് ഭക്ഷ്യവിഷബാധയുണ്ടായതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലാണ് സ്വകാര്യ കമ്പനികളുടെ കാലിത്തീറ്റയിൽനിന്നും കന്നുകാലികൾക്ക് ഭക്ഷ്യവിഷബാധ ഉണ്ടായതായി കണ്ടെത്തിയിട്ടുള്ളത്.

കോട്ടയം ജില്ലയിലെ 11 പഞ്ചായത്തുകളിൽ (ആർപ്പൂക്കര, കൊഴുവനാൽ, ഞീഴൂർ, മുളകുളം, കടുത്തുരുത്തി, മീനടം, കടപ്ലാമറ്റം, അതിരമ്പുഴ, പാമ്പാടി, കറുകച്ചാൽ, വാഴൂർ) കന്നുകാലികൾക്ക് കാലിത്തീറ്റമൂലം ഉണ്ടായ ഭക്ഷ്യവിഷബാധയുടെ ചികിത്സാ പുരോഗതി ചീഫ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിൽ വിലയിരുത്തിയിട്ടുണ്ട്. അസുഖം ബാധിച്ച് മരണപ്പെട്ട ഒരു പശു ഒഴികെ ബാക്കി പശുക്കൾ രോഗാവസ്ഥയിൽനിന്നും മെച്ചപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്.

ഇടുക്കി ജില്ലയിലെ തൊടുപുഴ മുനിസിപ്പാലിറ്റിയിൽ ഒരു കർഷകന്റെ 8 പശുക്കൾക്ക് പുറത്തുനിന്നുള്ള കാലിത്തീറ്റ നൽകിയതിനെത്തുടർന്ന് വിശപ്പില്ലായ്മ, ചോരയോടുകൂടിയ വയറിളക്കം, വയറുകമ്പിക്കൽ എന്നിവ കാണിക്കുകയുണ്ടായി. പ്രസവിച്ച് ഒരു മാസമായ ജേഴ്സിപശു ചത്തുപോവുകയും ബാക്കി 7 പശുക്കളും നിലവിൽ ചികിൽസയിലുമാണ്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ ഇലഞ്ഞി പഞ്ചായത്തിലെ മുത്തോലപുരം, തിരുമാറാടി എന്നീ സ്ഥലങ്ങളിലും നൂറോളം പശുക്കൾക്ക് വയറിളക്കം

കാണുകയും ഭക്ഷണം എടുക്കാതിരിക്കുകയും ചെയ്യുന്നതായി കാണപ്പെട്ടു. എറണാകുളം ചീഫ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘത്തിലെ ഡോക്ടർമാരുടെ ടീം ഫാമുകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലും ചേന്നംപള്ളിപ്പുറം പഞ്ചായത്തിലും കന്നുകാലികൾക്ക് കാലിത്തീറ്റമൂലം ഭക്ഷ്യവിഷബാധയുണ്ടായിട്ടുണ്ട്.

സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റ നൽകിയതിനെത്തുടർന്ന് വിശപ്പില്ലായ്മ, പാലുല്പാദനത്തിൽ കുറവ്, ചോരയോടുകൂടിയ വയറിളക്കം, വയറുകമ്പിക്കൽ, പനി എന്നിവയാണ് കന്നുകാലികളിൽ ഉണ്ടായ രോഗലക്ഷണങ്ങൾ. ഭക്ഷ്യവിഷബാധ കണ്ടെത്തിയ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിൽ ചീഫ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിൽ ചികിത്സാ പുരോഗതി വിലയിരുത്തുകയും കാലിത്തീറ്റയുടെ സാമ്പിളുകൾ വിഷാംശം പരിശോധനയ്ക്കുള്ള അഫ്ലോടോക്സിൻ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യൂറിയ തീറ്റയുടെ ഘടകങ്ങൾ അഫ്ലോടോക്സിൻ പരിശോധനയ്ക്കായി വെറ്ററിനറി കോളേജ് ന്യൂട്രീഷ്യൻ ഡിപ്പാർട്ട്മെന്റിലേയ്ക്കും നൽകിയിട്ടുണ്ട്.

ഡോക്ടർമാരുടെ ടീമുകൾ ഫാമുകൾ സന്ദർശിക്കുകയും പശുക്കളുടെ രക്തസാമ്പിൾ പരിശോധന, ലിവർ ഫംഗ്ഷൻ ടെസ്റ്റ് എന്നിവയ്ക്കുള്ള സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റകളിൽ ചേർക്കുന്ന അസംസ്കൃത വസ്തുക്കൾ നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ചാണ് വാങ്ങുന്നതും ഉത്പാദനത്തിന് ഉപയോഗിക്കുന്നതും. ഇത് ഉറപ്പുവരുത്തുന്നതിനായി കമ്പനിയിലേയ്ക്ക് വരുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കും കാലിത്തീറ്റ ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലെ ഗുണനിലവാര പരിശോധനയടക്കം നാലുഘട്ടത്തിലുള്ള ഗുണനിലവാര പരിശോധന നടപ്പിലാക്കി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിൽ അസംസ്കൃത പദാർത്ഥങ്ങളുടെ പ്രാഥമിക ഗുണനിലവാരം, ഗോഡൗണിൽ ഇറക്കിയ ശേഷമുള്ള സമഗ്രമായ ഗുണനിലവാര പരിശോധന, ഉത്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പരിശോധന, ഉത്പാദനത്തിന്

ശേഷമുള്ള ഉത്പന്നത്തിന്റെ ഗുണനിലവാര പരിശോധന എന്നിവയാണ് നാലുഘട്ട ഗുണനിലവാര പരിശോധനയുടെ ഭാഗമായിവരുന്നത്. ഉത്പാദനത്തിനായി ഉപയോഗിക്കുന്ന വിവിധ യന്ത്രങ്ങൾ കൃത്യതയാർന്നതും വിദേശനിർമ്മിതവുമാണ്. ആയതിനാൽ ഉത്പാദനത്തിന്റെ സ്ഥിരതയുള്ള ഗുണനിലവാരം ഉറപ്പുവരുത്താൻ സഹായിക്കുന്നു.

മറ്റൊരു പൊതുമേഖലാ സ്ഥാപനമായ മിൽമ കർശനമായ ഗുണനിലവാര പരിശോധനയ്ക്കുശേഷം മാത്രമേ കാലിത്തീറ്റ കർഷകർക്ക് വിതരണം ചെയ്യാറുള്ളൂ. സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ വില്പന ഉറപ്പുവരുത്തുന്നതിനുള്ള ബിൽ (2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ)) നിയമം നിർമ്മാണഘട്ടത്തിലാണ്.

(സി) നിശ്ചിത ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതായി പരിശോധനയിൽ കണ്ടെത്തിയ കമ്പനികൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

നിശ്ചിത ഗുണനിലവാരമില്ലാത്ത കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള നിയമനിർമ്മാണം പുരോഗമിച്ചുവരികയാണ്. നഷ്ടം വന്നിട്ടുള്ള കർഷകർക്ക്

മതിയായ നഷ്ടപരിഹാരം നൽകാൻ കമ്പനി ബാധ്യസ്ഥരാണ്. ഇതിനാവശ്യമായ രേഖകൾ താമസംവിനാ ലഭ്യമാക്കാനും വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് തുടർനടപടികൾ സ്വീകരിക്കാനും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാലിത്തീറ്റയുടെ സാമ്പിളുകൾ വിഷാംശം പരിശോധനയ്ക്കുള്ള അഫ്ലോടോക്സിൻ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. കൂടാതെ യൂറിയ തീറ്റയുടെ ഘടകങ്ങൾ അഫ്ലോടോക്സിൻ പരിശോധനയ്ക്കായി വെറ്ററിനറി കോളേജ് ന്യൂട്രീഷ്യൻ ഡിപ്പാർട്ട്മെന്റിലേയ്ക്കും നൽകിയിട്ടുണ്ട്. പരിശോധനഫലം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ വില്പന ഉറപ്പുവരുത്തുന്നതിനുള്ള നിയമനിർമ്മാണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ വില്പന ഉറപ്പുവരുത്തുന്നതിനുള്ള ബിൽ (2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപ്പനയും നിയന്ത്രിക്കൽ ബിൽ)) നിയമസഭയിൽ അവതരിപ്പിക്കുകയും തുടർന്ന് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലുമാണ്.

## ന്യൂനപക്ഷ സ്കോളർഷിപ്പ്

312 (3736) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ന്യൂനപക്ഷ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽകുന്നതിനായി 2017 മുതൽ 2022 വരെയുള്ള കാലയളവിൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഈ ഇനത്തിൽ ചെലവഴിച്ച തുക എത്രയാണെന്നും ഏതെല്ലാം സ്കോളർഷിപ്പുകൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചതെന്നും വിശദമാക്കുമോ?

(എ&ബി) 2017 മുതൽ 2022 വരെയുള്ള കാലയളവിൽ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ ന്യൂനപക്ഷ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽകുന്നതിനായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### ന്യൂനപക്ഷ ക്ഷേമവകുപ്പിന് കീഴിലുള്ള സ്കോളർഷിപ്പുകൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

313 (3737) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ സച്ചാർ/പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിൽ ഏതെങ്കിലും സ്കോളർഷിപ്പുകൾ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിൽ പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതികളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പാലോളി കമ്മിറ്റി ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ സ്കോളർഷിപ്പ് പദ്ധതികൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം 2021-22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ച് ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 വർഷത്തിൽ വിവിധ സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകരുടെ എണ്ണം, സ്കോളർഷിപ്പ് അനുവദിച്ചവരുടെ എണ്ണം എന്നിവ സമുദായം തിരിച്ച് അനുബന്ധമായി ചേർക്കുന്നു*

(സി) സ്കോളർഷിപ്പിനായി 2021-22, 2022-23 വർഷങ്ങളിൽ നീക്കിവച്ച തുക എത്രയാണെന്നും നടപ്പുസാമ്പത്തിക വർഷം അധിക തുക നീക്കിവച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

സ്കോളർഷിപ്പിനായി 2021-22, 2022-23 വർഷങ്ങളിൽ നീക്കിവച്ച തുകയുടേയും നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ അധിക തുകയുടെയും വിശാദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഡി) സ്കോളർഷിപ്പ് വിഹിതം സംബന്ധിച്ച് സമുദായം തിരിച്ചുള്ള അനുപാതം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ സമുദായങ്ങൾക്കുമുള്ള അനുപാതം എത്രയെന്ന് അറിയിക്കുമോ?

തയ്യാറാക്കിയിട്ടുണ്ട്. 16-07-2021-ലെ സ.ഉ(കൈ) നമ്പർ 135/2021/പൊഭവ ഉത്തരവുപ്രകാരം, ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകിവരുന്ന സ്കോളർഷിപ്പുകളുടെ അനുപാതം 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യാടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളായ ക്രിസ്ത്യൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(18.38%), മുസ്ലീം(26.56%), ബുദ്ധ (0.01%), ജൈന (0.01%), സിഖ് (0.01%), പാഴ്സി (0.01%) എന്നിവർക്ക് നൽകുന്നതിനും ഒരു വിഭാഗത്തിനും ആനുകൂല്യം നഷ്ടപ്പെടാതെ ജനസംഖ്യാനുപാതത്തിൽ അനുവദിക്കാനും മേൽപ്പറഞ്ഞ ന്യൂനപക്ഷ സമുദായത്തിൽനിന്നും അർഹരായ അപേക്ഷകരുള്ള പക്ഷം, നിലവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന തുകയിലോ ആനുകൂല്യം ലഭിക്കുന്ന എണ്ണത്തിലോ കുറവുണ്ടാകരുത് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) ഈ വർഷത്തെ സ്കോളർഷിപ്പ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഈ വർഷത്തെ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. അപേക്ഷകൾ സ്ഥാപനമേധാവികളുടെ തലത്തിൽ സൂക്ഷ്മപരിശോധന നടത്തിവരുന്നു. 07-03-2023-നുശേഷം സൂക്ഷ്മപരിശോധന കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷകളിന്മേൽ നിശ്ചിയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് സ്കോളർഷിപ്പ് വിതരണം നടത്തുന്നതാണ്.

**കുന്ദമംഗലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

314 (3738) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന ഭരണാനുമതി ലഭ്യമാക്കിയ പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ കൊലച്ചിപ്പാറ, കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കാരക്കാട്ടിൽ എന്നീ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കുന്ദമംഗലം മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന ഭരണാനുമതി ലഭ്യമാക്കിയ പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ കൊലച്ചിപ്പാറ, കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ കാരക്കാട്ടിൽ എന്നീ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പൂർത്തിയാക്കിയിട്ടും കമ്മീഷൻ ചെയ്യാത്ത ഏതെങ്കിലും പദ്ധതി പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

പൂർത്തിയാക്കിയിട്ടും കമ്മീഷൻ ചെയ്യാത്ത പദ്ധതികൾ ഇല്ല.

(ഡി) പൂർത്തീകരിച്ച പദ്ധതികൾ കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൂർത്തീകരിച്ച പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ്**
**നടപ്പിലാക്കുന്ന പദ്ധതികൾ**

315 (3739) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച പ്രാഥമിക ലിസ്റ്റിൽ പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പുത്തൻചന്ത സ്റ്റേഡിയം ഉൾപ്പെടുത്തിയിട്ടുണ്ട്. 07-12-2022-ലെ ജില്ലാ കളക്ടറുടെ ഡി6/3722/2022/എം.എൽ.എ–

എ.ഡി.എസ്./എസ്.കെ. നമ്പർ കത്തുപ്രകാരം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതുപ്രകാരം ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

"Healthy Kids" പദ്ധതി നടപ്പിലാക്കാനായി പൂഞ്ഞാർ മണ്ഡലത്തിൽ പൂഞ്ഞാർ എൽ.പി. സ്കൂളാണ് നിർദ്ദേശിക്കപ്പെട്ടിട്ടിട്ടുള്ളത്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂളിൽ ആവശ്യമായ ഇൻഡോർ സ്പേയ്സ് ലഭ്യമാക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായുള്ള കളിയുപകരണങ്ങൾ എത്തിച്ച് പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്. ഗോൾ പദ്ധതി രണ്ടാം ഘട്ടത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 140 നിയോജകമണ്ഡലങ്ങളിലും ഓരോ ഫുട്ബോൾ പരിശീലന കേന്ദ്രം വീതമാണ് ആരംഭിക്കുക. മേയ് മാസത്തോടെ കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ പ്രക്രിയ ആരംഭിക്കും. ജൂൺ മാസത്തോടെ പരിശീലനം ആരംഭിക്കും. പൂഞ്ഞാർ മണ്ഡലത്തിൽ യുക്തമായ പരിശീലന കേന്ദ്രം കണ്ടെത്തുന്നതിനുള്ള പ്രക്രിയ ആരംഭിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിൽ കായിക വകുപ്പ്**
**നടപ്പിലാക്കുന്ന പദ്ധതികൾ**

316 (3740) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ കടയിരുപ്പ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ആർട്ടിഫിഷ്യൽ ടർഫ് എന്നിവയുടെ നിർമ്മാണത്തിനായി 10-10-2022-ലെ സ.ഉ (സാധാ)നം. 243/2022/കാ.യു.വ പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ബഹു. എം.എൽ.എ-യുടേയും സ്കൂൾ അധികൃതരുടേയും നിർദ്ദേശപ്രകാരം പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന ആർട്ടിഫിഷ്യൽ ടർഫിന് പകരം മഡ് ഫുട്ബോൾ കോർട്ട് ഉൾപ്പെടുത്തിയും മറ്റ് ഘടകങ്ങളിൽ മാറ്റങ്ങൾ വരുത്തിയുമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശപ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ

ഭാഗമായി കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന തുകയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ബാക്കിവരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായുള്ള എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് എം.എൽ.എ-യുടെ കത്തോ കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം നവീകരണം**

317 (3741) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശപ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ

പ്രാഥമിക ലിസ്റ്റിൽ ദേവികുളം നിയോജമണ്ഡലത്തിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ ഗ്രൗണ്ടും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന തുകയിൽ പരമാവധി 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ബാക്കിവരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ദേവികുളം നിയോജകമണ്ഡലത്തിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായുള്ള എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് എം.എൽ.എ-യുടെ കത്തോ കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കേരളത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായിക യുവജനകാര്യാലയം എസ്.സി.ഇ.ആർ.റ്റി-യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. പദ്ധതിക്കായി തെരഞ്ഞെടുത്ത 30 സ്കൂളുകളിൽ ദേവികുളം നിയോജകമണ്ഡലത്തിലെ ഗവ. എൽ.പി.എസ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ നവീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് അനുവദിച്ചിട്ടുള്ള 19 പദ്ധതികളിൽ മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് പരിശീലന കേന്ദ്രത്തിൽ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ് എന്നിവയുടെ നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

318 (3742) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കളിസ്ഥലങ്ങൾ കായികേതര ആവശ്യങ്ങൾക്ക് വ്യാപകമായി ഉപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി 28-09-2021-ലെ സ.ഉ (സാധാ)നം.218/ 2021/കാ.യു.വ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

(ബി) കായികതാരങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ 113 കളിസ്ഥലങ്ങൾ തെരഞ്ഞെടുത്തുകൊണ്ട് 31-01-2023-ലെ സ.ഉ. (സാധാ)നമ്പർ.42/2023/കാ.യു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് പ്രവൃത്തിക്കാവശ്യമായ തുക സമാഹരിക്കുന്നത്. നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിക്കായി 4 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിൽ 10 പ്രവൃത്തികൾക്കുള്ള ഭരണാനുമതിക്കായി വിശദമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസൽ/എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ ജില്ലാ കളക്ടർമാരിൽനിന്നും എം.എൽ.എ. ഫണ്ട് അനുവദിച്ച് കത്ത് ലഭ്യമായ 9 പദ്ധതികൾക്കും ബഹു. എം.എൽ.എ.-യിൽനിന്നും കത്ത് ലഭ്യമായ 2 പദ്ധതികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും കത്ത് ലഭ്യമായ ഒരു പദ്ധതിക്കും മറ്റ് 9 പദ്ധതികൾക്കുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു.

ഇതിൽ 8 പദ്ധതികൾക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ വീതമുള്ള ഭരണാനുമതിയും 6 പദ്ധതികൾക്ക് എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപവീതമുള്ള ഭരണാനുമതിയും ഇതിനകം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് കായിക മേഖലയിൽ പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

"ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം" എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് നടപ്പിൽവരുന്നതോടെ

പ്രാദേശികമായി എല്ലാ പഞ്ചായത്തുകളിലും കായിക സൗകര്യങ്ങൾ വികസിക്കപ്പെടുകയും അതിലൂടെ സാമൂഹിക ഒത്തുചേരലുകളും ആരോഗ്യ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. അടിസ്ഥാനപരമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ് തുടങ്ങിയ സൗകര്യങ്ങൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, ശാരീരിക മാനസിക വ്യായാമത്തിനുള്ള സൗകര്യങ്ങൾ, പ്രാദേശിക കളികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവയാണ്. ഏകദേശം ഒരേക്കർ വിസ്തൃതിയുള്ള തുറസായ സ്ഥലത്താണ് സൗകര്യങ്ങൾ നിർദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലോകാരോഗ്യ സംഘടനയുടെ 2030-ലെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പ്രധാനമായ പലതും കൈവരിക്കുന്നതിന് സാധിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്.

**ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്കുള്ള ക്യാഷ് അവാർഡ്**

319(3743) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ദേശീയ ഗെയിംസിൽ കേരളത്തിൽനിന്നും പങ്കെടുത്ത മെഡൽ ജേതാക്കൾക്കും പരിശീലകർക്കും മാനേജർമാർക്കും സംസ്ഥാന സർക്കാർ നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2015-ലെ ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയ കായികതാരങ്ങൾക്ക് യഥാക്രമം 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നു. പരിശീലകർക്കും മാനേജർമാർക്കും ഷെഫ് ഡി മിഷൻ, ഡെപ്യൂട്ടി ഷെഫ് ഡി മിഷൻ എന്നിവർക്കുമായി 82.65 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

(ബി) 2022-ൽ ഗുജറാത്തിൽ നടന്ന ദേശീയ ഗെയിംസിൽ കേരളത്തിൽനിന്നും പങ്കെടുത്ത മെഡൽ ജേതാക്കൾക്കും പരിശീലകർക്കും മാനേജർമാർക്കും എത്ര രൂപ പ്രോത്സാഹനമായി നൽകിയെന്ന് വ്യക്തമാക്കുമോ?

2022 ഗുജറാത്തിൽ വച്ച് നടന്ന 36-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ

കരസ്ഥമാക്കിയ കായികതാരങ്ങൾക്ക് വ്യക്തിഗതയിനത്തിൽ യഥാക്രമം 5 ലക്ഷം, 3 ലക്ഷം 2 ലക്ഷം രൂപ വീതവും ടീമിനത്തിൽ യഥാക്രമം 2 ലക്ഷം, 1.5 ലക്ഷം, 1 ലക്ഷം രൂപ വീതവും അനുവദിച്ചിരുന്നു.

(സി) ഇവർക്ക് ക്യാഷ് അവാർഡ് നൽകിയില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

2022 ൽ ഗുജറാത്തിൽ വച്ചുനടന്ന 36-ാമത് ദേശീയ ഗെയിംസിൽ മെഡൽ നേടിയ മൂന്ന് ടീമുകളുടെ പട്ടികയിൽ സ്പഷ്ടീകരണം ആവശ്യമായതിനാലും അക്കൗണ്ട് വിവരം ലഭ്യമല്ലാത്തതിനാലും തുക അനുവദിച്ചിട്ടില്ല. മറ്റുള്ളവർക്ക് തുക നൽകിയിട്ടുണ്ട്.

**പട്ടാമ്പിയിൽ അനുവദിച്ച ഇൻഡോർ സ്റ്റേഡിയം**

320 (3744) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി സംസ്കൃത കോളേജിൽ പ്രഖ്യാപിച്ച ഇൻഡോർ സ്റ്റേഡിയം ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ഏത് വകുപ്പുമായി ബന്ധപ്പെട്ടാണ് പ്രസ്തുത തടസ്സങ്ങൾ നേരിടുന്നതെന്നും ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഫയൽ നടപടികളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) വിദ്യാർത്ഥികൾക്കും കായികപ്രേമികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഇൻഡോർ സ്റ്റേഡിയം ആരംഭിക്കുന്നതിന് വകുപ്പ് പ്രത്യേക മുൻഗണന നൽകി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-ഡി) കിഫ്ബി ധനസഹായത്തോടെ നിർമ്മാണം പ്രഖ്യാപിച്ച പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിന് 13-02-2017-ലെ സ.ഉ(സാധാ)നം.33/2017/കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി 27-05-2017-ലെ ജി.ഒ(ആർ.റ്റി) നം. 99/2017/കാ.യു.വ ഉത്തരവ് പ്രകാരം നിയമിച്ചിരുന്ന M/s കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശിച്ചപ്രകാരം

കായികവകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് ആദ്യഘട്ടത്തിൽ പട്ടാമ്പി സംസ്കൃത കോളേജ് അധികൃതർ തയ്യാറായിരുന്നില്ല. തുടർന്ന് കായിക വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-07-2021-ന് കൊളീജിയേറ്റ് വകുപ്പ് ഡയറക്ടർ, കായിക വകുപ്പ് ഡയറക്ടർ എന്നിവർ യോഗം ചേരുകയും ഭേദഗതികളോടെ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് 13-01-2022-ൽ ധാരണാപത്രം കൊളീജിയേറ്റ് വകുപ്പ് ഡയറക്ടർ ഒപ്പിട്ട് ലഭ്യമാക്കിയിരുന്നു. കായിക വകുപ്പിന്റെ കീഴിൽ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളുടെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കൾ) ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പി സംസ്കൃത കോളേജിലെ ഇൻഡോർ സ്റ്റേഡിയ നിർമ്മാണത്തിന്റെ നടത്തിപ്പ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടത്തുന്നതിന് അനുമതി നൽകിയതിനെത്തുടർന്ന് 17-01-2023-ൽ പട്ടാമ്പി സംസ്കൃത കോളേജിൽ പ്രിലിമിനറി ഇൻവെസ്റ്റിഗേഷനും ടോട്ടൽസ്റ്റേഷൻ സർവ്വേയും നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സോയിൽ ഇൻവെസ്റ്റിഗേഷൻ M/s.ULCCS മുഖേന നടത്തുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്

ലഭ്യമായാലുടൻതന്നെ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കാ.യു.വ-എ 3/114/2021-കാ.യു.വ നമ്പർ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഹെൽത്തി കിഡ്സ് പദ്ധതി

321 (3745) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ഹെൽത്തി കിഡ്സ് പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കുന്നതിനായി തളിപ്പറമ്പ് മണ്ഡലത്തിലെ ജി.യു.പി.എസ്. മൊറാഴയെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂൾ സന്ദർശിച്ച് അധികൃതരുമായി ചർച്ച നടത്തുകയും സ്കൂളുകളിലെ സ്ഥലസൗകര്യം പരിശോധിക്കുകയും ചെയ്തു. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട എല്ലാ സ്കൂളുകളിലും സ്ഥലസൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് കായികോപകരണങ്ങൾ സ്ഥാപിക്കുന്നതിനും പരിശീലനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായികക്ഷമതാ മിഷൻ

322 (3746) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. വി.സുമേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കായികക്ഷമതാ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; മിഷന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഉണ്ട്. ദൈനംദിന വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും യുവതിയുവാക്കളിലും ഉൾപ്പെടെ കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുവെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച അതേ മാതൃകയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിനും ശാരീരികക്ഷമതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വിഭാവനം ചെയ്യുന്ന പദ്ധതിയാണ് കായികക്ഷമതാ മിഷൻ. 2022-23 സാമ്പത്തിക വർഷത്തിൽ കായികക്ഷമതാ മിഷൻ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും വിവിധ കായിക-വിനോദ മത്സരങ്ങളിൽ ദേശീയ-അന്തർദ്ദേശീയതലത്തിൽ മികവ് കൈവരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

സംസ്ഥാനത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായിക യുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. കായിക താരങ്ങളുടെ നിലവിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഒളിമ്പിക്സ് പോലുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ വിജയിക്കാനുള്ള അവരുടെ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകാനാണ് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം ലക്ഷ്യമിടുന്നത്. ഓരോ സാമ്പത്തിക വർഷത്തിലും കുറഞ്ഞത് 10 എലൈറ്റ് കായിക താരങ്ങൾക്കെങ്കിലും സാമ്പത്തിക സഹായം നൽകുവാൻ ലക്ഷ്യമിടുന്നു. വിദ്യാർത്ഥികളുടെ ആരോഗ്യ-കായികക്ഷമത പരിശോധിക്കുക, ലഹരിവിരുദ്ധ ബോധവത്കരണം

നടത്തുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് ഫിറ്റ്നസ് ആൻഡ് ആന്റി-ഡ്രഗ് അവയർനസ് ക്യാമ്പയിൻ. 6 മുതൽ 12 വരെയുള്ള ക്ലാസ്സിലെ 12-നും 17-നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ കായികക്ഷമത പരിശോധിക്കുകയും ഇതിലൂടെ കായിക മികവ് പുലർത്തുന്നവരെ കണ്ടെത്തുകയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കായിക വകുപ്പ് ഉൾപ്പെടെ പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിൽവരുന്ന തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ബാസ്കറ്റ് ബോൾ, അത്‌ലറ്റിക്സ്, ബോക്സിംഗ്, ജൂഡോ, ഫുട്ബോൾ എന്നിവയിൽ ഗ്രാസ്സ് റൂട്ട് ലെവൽ പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

കൂടാതെ സംസ്ഥാനത്തെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും വിവിധ കായിക വിനോദ മൽസരങ്ങളിൽ ദേശീയ-അന്തർദ്ദേശീയതലത്തിൽ മികവ് കൈവരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>എലൈറ്റ് സ്കീം</u>

പ്രസ്തുത സ്കീമിൽ അത്‌ലറ്റിക്സ്, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, വോളിബോൾ എന്നീ കായിക ഇനങ്ങളിൽ മികച്ച കായികതാരങ്ങളെ കണ്ടെത്തി പരിശീലനം നൽകി വരുന്നു.

<u>സ്കൂൾ, കോളേജ്, ജില്ലാ സ്പോർട്സ് അക്കാഡമികൾ:-</u>

മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ, വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാഡമികളും 51 കോളേജ് സ്പോർട്സ് അക്കാഡമികളും 23 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചുവരുന്നു.

<u>ക്യാഷ് അവാർഡ്</u>

ദേശീയ-അന്തർദ്ദേശീയ മൽസരങ്ങളിൽ വിജയികളാകുന്ന കായികതാരങ്ങൾക്ക് മാനദണ്ഡങ്ങൾ പാലിച്ച് സർക്കാർ ഉത്തരവുപ്രകാരം ക്യാഷ് അവാർഡുകൾ നൽകിവരുന്നു.

<u>വനിതാ ഫുട്ബോൾ അക്കാഡമി</u>

കേരളത്തിലെ വനിതാ ഫുട്ബോൾ താരങ്ങളുടെ വളർച്ചയ്ക്കായി 13 വയസ്സ് വരെയുള്ള മികച്ച കായികതാരങ്ങളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കി അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുക എന്നത് ലക്ഷ്യമാക്കി

എറണാകുളം പനമ്പള്ളി നഗറിൽ വനിതാ ഫുട്ബോൾ അക്കാഡമി പ്രവർത്തിച്ചുവരുന്നു.

<u>സെന്റർ ഓഫ് എക്സലൻസ്</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 14 ജില്ലകളിലായി ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ മേൽനോട്ടത്തിൽ വിവിധ കായികയിനങ്ങളുടെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഒരോ ജില്ലയിൽനിന്നും ഓരോ ജില്ലാ സ്പോർട്സ് അക്കാഡമിവീതം തെരഞ്ഞെടുത്ത് ഏറ്റവും മികച്ച അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവുമൊരുക്കി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള രൂപരേഖയാണിത്. നിലവിലുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഇപ്രകാരം നവീകരിക്കപ്പെടുന്ന ജില്ലാ സ്പോർട്സ് അക്കാഡമിയിൽ കേന്ദ്ര പദ്ധതികളുടെ ധനസഹായംകൂടി ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനത്തെ ഏറ്റവും മികച്ച മാതൃകാ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനും കേരളത്തിലെ പ്രതിഭയുള്ള കായിക താരങ്ങളെ കണ്ടെത്തി അവർക്ക് മികച്ച പരിശീലനസൗകര്യവും നൽകി ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ

മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുന്നതിനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

മേൽ പദ്ധതികൾക്കുപുറമേ കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങിയ അടിസ്ഥാനസൗകര്യ വികസനങ്ങൾ ലഭ്യമാക്കി വരുന്നുണ്ട്.

(സി) കായികരംഗത്ത് അടിസ്ഥാനസൗകര്യമൊരുക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ആരംഭിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കായിക മേഖലയിൽ അടിസ്ഥാനസൗകര്യവികസനം വിവിധ തലങ്ങളിലായാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും

ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം തയ്യാറാക്കിയ 113 കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് 30.09.2022-ലെ ജി.ഒ (ആർ.റ്റി) നം. 239/2022/കാ.യു.വ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 7 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ 8-ഓളം ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തി നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. ഇതിൽ മൂന്ന് പ്രവൃത്തികൾ പൂർത്തിയാക്കുകയും 5 പ്രവൃത്തികൾ നടന്നുവരികയുമാണ്. ഫിറ്റ്നസ് സെന്ററുകളിലേയ്ക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി (3 വർഷത്തെ എ.എം.സി. ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

കൂടാതെ ടൂറിസം വകുപ്പുമായി ചേർന്ന് തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പൊതുയിടങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിനുള്ള പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും സ്ഥലം നിർദ്ദേശിച്ച് നൽകുന്നമുറയ്ക്ക് പദ്ധതിയുടെ പ്രാരംഭപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് 368 കോടി രൂപ അടങ്കൽ വരുന്ന 294 പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ഈ സർക്കാർ അധികാരമേറ്റശേഷം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇതുകൂടാതെ കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/ പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ

നിർമ്മാണം/നവീകരണം, എം.ജി. യൂണിവേഴ്സിറ്റിയുടെ ടർഫ് നിർമ്മാണം, വനം വകുപ്പിന്റെ കീഴിലുള്ള അരിപ്പ ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ സ്വിമ്മിംഗ് പൂൾ, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം, എം.എൽ.എ-യുടെ ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ തുടങ്ങിയ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

120 കോടി രൂപ അടങ്കൽത്തുക വരുന്ന 12 കിഫ്ബി പദ്ധതികൾ ഇതിനകം കിറ്റ്കോ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. 460 കോടി രൂപയുടെ അടങ്കൽത്തുക വരുന്ന 23 കിഫ്ബി പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. 520 കോടി രൂപ അടങ്കൽ വരുന്ന 23 കിഫ്ബി പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 50 കോടി അടങ്കലുള്ള ഒരു പ്രവൃത്തിയുടെ ഡി.പി.ആർ അപ്‌ലോഡ് ചെയ്യുകയും അപ്രൈസൽ നടപടി നടന്നുവരികയുമാണ്. കൂടാതെ 4 പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി വരികയാണ്. പാലക്കാട് ജില്ലാ സ്റ്റേഡിയത്തിന്റെ സാങ്കേതികാനുമതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. അവസാനഘട്ടത്തിലാണ്

കായികരംഗത്ത് അടിസ്ഥാനസൗകര്യമൊരുക്കുന്നതിന് കായിക വകുപ്പ് ബൃഹത്തായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

## ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഗ്രൗണ്ട് നിർമ്മാണം

323 (3747) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ എം.എൽ.എ. ഫണ്ടും കായിക വകുപ്പിന്റെ ഫണ്ടും സംയുക്തമായി വിനിയോഗിച്ച് നിർമ്മിക്കുന്ന ഗ്രൗണ്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ഗ്രൗണ്ട് നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്ത് ഇറവങ്കര സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള എം.എൽ.എ. ഫണ്ട് വകയിരുത്തുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുന്നോടിയായി 17-02-2023-ൽ സ്പോർട്സ്

കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ എം.എൽ.എ-യുമായി നടത്തിയ ചർച്ചയിൽ നിലവിൽ തയ്യാറാക്കിയിട്ടുള്ള പ്ലാനിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. ആയത് പുതുക്കി സ്കൂൾ അധികൃതരുടെ അംഗീകാരം ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഗോൾ പദ്ധതി**

324 (3748) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ കളിയിൽ മികച്ച കളിക്കാരെ സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഗോൾ പദ്ധതി ഏതെല്ലാം സ്ഥലങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വർക്കല മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ആദ്യഘട്ടമായി സംസ്ഥാനത്തെ 1000 കേന്ദ്രങ്ങളിലായി ഒരു ലക്ഷം കുട്ടികൾക്ക് അടിസ്ഥാന പരിശീലനം നൽകി. ഇതിൽനിന്ന്

തെരഞ്ഞെടുത്ത പ്രതിഭാശാലികളായ കുട്ടികൾക്ക് പരിശീലനം നൽകാൻ 140 നിയോജകമണ്ഡലങ്ങളിലും ഗോൾ പരിശീലന കേന്ദ്രം തുടങ്ങുകയാണ്. 140 നിയോജകമണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ എസ്.കെ.എഫ്. മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. വർക്കല നിയോജകമണ്ഡലത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ കളിക്കളം പദ്ധതി**

325 (3749) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ കളിക്കളം പദ്ധതിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശപ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയമസഭാമണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പുത്തൻചന്ത സ്റ്റേഡിയം ഉൾപ്പെടുത്തിയിട്ടുണ്ട്. 07-12-2022-ലെ കോട്ടയം ജില്ലാ കളക്ടറുടെ

നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോയെന്നും പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കായികാനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ**

326 (3750) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കായിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കായികാനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നിർദ്ദിഷ്ട കായിക നയത്തിൽ കായിക വ്യവസായ യൂണിറ്റുകൾക്ക് മുന്തിയ പരിഗണന നൽകുന്നുണ്ട്. വ്യവസായ വകുപ്പുമായി ചേർന്ന് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കും.

### ന്യൂനപക്ഷക്ഷേമ വകുപ്പിന് വകയിരുത്തിയ തുക

327 (3751) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് എത്ര രൂപയാണ് വകയിരുത്തിയതെന്നും ഈ തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം ന്യൂനപക്ഷക്ഷേമ വകുപ്പിന് 94.93 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 23.55 കോടി രൂപ ചെലവ് (as per BAMS) ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ചിട്ടുമുണ്ട്.

(ബി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്ക് അനുവദിച്ചു എന്ന് പ്രവൃത്തിയും ജില്ലയും തിരിച്ചു വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി, കരിയർ ഗൈഡൻസ് പരിശീലന പരിപാടി എന്നീ പദ്ധതികളാണ് ജില്ലാടിസ്ഥാനത്തിൽ അതത് ജില്ലാ കളക്ടർമാർക്ക് ചുമതല നൽകി നടപ്പിലാക്കിവരുന്നത്. മറ്റ് പദ്ധതികളെല്ലാംതന്നെ സംസ്ഥാനതലത്തിലാണ് നടപ്പിലാക്കുന്നത്. ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന മേൽപദ്ധതികളുടെ ജില്ലാടിസ്ഥാനത്തിലുള്ള സ്ഥിതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**സ്പോർട്സ് കൗൺസിലിലെ ഡെപ്യൂട്ടേഷൻ നിയമനം**

328 (3752) ശ്രീ. യു. എ.ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽനിന്നും ഫിനാൻസ് ഓഫീസർമാരെ സ്പോർട്സ് കൗൺസിലിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം - 1-ലെ 139 മുതൽ 156 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള സംസ്ഥാന സ്പോർട്സ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൗൺസിലിൽ ധനകാര്യ വകുപ്പിൽനിന്നും ഫിനാൻസ് ഓഫീസർമാരെ നിയമിക്കുന്നത്.

(ബി) 01-04-2022-ലെ സ.ഉ (കൈയെഴുത്ത്)നമ്പർ 52/22/ജി.എ.ഡി. പ്രകാരമുള്ള ഡെപ്യൂട്ടേഷൻ നിർദ്ദേശങ്ങൾക്കനുസൃതമായി ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

01-04-2022-ലെ സ.ഉ (കൈ)നം.52/22/ ജി.എ.ഡി സർക്കാർ ഉത്തരവിലെ ഡെപ്യൂട്ടേഷൻ നിയമനം സംബന്ധിച്ച വ്യവസ്ഥയ്ക്ക് വിധേയമായാണ് ഫിനാൻസ് ഓഫീസറെ നിയമിച്ചുവരുന്നത്.

(സി) തിരുവനന്തപുരത്തുള്ള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഗസറ്റഡ് തസ്തികയിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ 3 തസ്തികകളിൽ ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാരില്ലെങ്കിൽ യോഗ്യരായ ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ സേവനത്തിനായി അപേക്ഷ നൽകിയാൽ പരിഗണിക്കുമോ?

ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ യോഗ്യരായ ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ നൽകിയാൽ പരിഗണിക്കുന്നതാണ്.

(ഇ) സ്പോർട്സ് കൗൺസിലിൽ ഫിനാൻസ് ഓഫീസർമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിന് പാനൽ തയ്യാറാക്കി സ്പോർട്സ് താരങ്ങളായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാരിന്റെ പരിഗണനയിലില്ല.

**സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം**

329 (3753) ശ്രീമതി. ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് സ്ഥാനമൊഴിയാൻ ഇടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണോ ചുമതലക്കാരെ നീക്കിയതെന്ന് വ്യക്തമാക്കുമോ?

(എ&ബി) വ്യക്തിപരമായ കാരണങ്ങളാലാണ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് രാജിവെച്ചത്. മറ്റു ചുമതലക്കാരും രാജിവയ്ക്കുകയാണുണ്ടായത്.

**ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന്റെ അടിസ്ഥാന സൗകര്യ വികസനം**

330 (3754) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഷാ സ്കൂൾ ഓഫ് അത്‌ലറ്റിക്സിനുവേണ്ടി സർക്കാർ അനുവദിച്ച ഭൂമിയിൽ അനധികൃത നിർമ്മാണം നടത്തുന്നു എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടതും KSIDC ലീസിന് നൽകിയതുമായ സ്ഥലത്താണ് ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. പഞ്ചായത്തിന്റെ അധീനതയിലുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതുമായ KSIDC കാന്തലാട് മല റോഡിന്റെ ഇരുഭാഗങ്ങളിലുമായി ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന്റെ ഭൂമി സ്ഥിതിചെയ്യുന്നു. ഇരുപതിലധികം കുടുംബങ്ങളാണ് കാന്തലാട് മലയിൽ ഇപ്പോൾ താമസിച്ചുവരുന്നത്. ഇതിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. കാലാകാലങ്ങളായി കാന്തലാട് മലയിലുള്ളവർ യാത്രയ്ക്കായി ഉപയോഗിക്കുന്നത് ഈ റോഡാണ്. രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന ഒരു പ്രദേശം കൂടിയാണ് കാന്തലാട് മല. ജൽജീവൻ മിഷൻ പദ്ധതിക്ക് കീഴിൽ പഞ്ചായത്ത് പരിധിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തി കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നുണ്ട്. അപ്രകാരം കാന്തലാട് മല റോഡിലും ടി പൈപ്പ്‌ലൈൻ സ്ഥാപിക്കൽ പ്രവൃത്തി നടന്നുവരുന്നു. ടി പ്രവൃത്തിയാണ് അനധികൃത നിർമ്മാണം നടത്തുന്നുവെന്നാരോപിച്ച് ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സ് അധികൃതർ തടഞ്ഞിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ

അധീനതയിലുള്ള ഭൂമിയിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തിയിട്ടില്ല.

(ബി) പ്രസ്തുത സ്കൂളിന് ഭൂമി അനുവദിച്ചത് എന്നാണെന്നും എന്തൊക്കെ വ്യവസ്ഥകളിലാണ് ഭൂമി അനുവദിച്ച് നൽകിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

സർക്കാരിന്റെ നിർദ്ദേശപ്രകാരം KSIDC-യും ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സും തമ്മിലുള്ള ഭൂമി കൈമാറ്റം 26-04-2006 മുതൽ 50 വർഷത്തേയ്ക്കുള്ള പാട്ടക്കരാർ പ്രകാരമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പാട്ടക്കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത സ്കൂളിനായി അനുവദിച്ച ഭൂമിയിൽ മയക്കുമരുന്ന് സംഘങ്ങൾ താവളമാക്കുന്നതായും കായിക താരങ്ങളുടെ സുരക്ഷ ഉറപ്പാക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്കൂളിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളൊരുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം

331 (3755) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ ഭക്ഷണ അലവൻസിനായി 2022-23 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) സ്പോർട്സ് ഹോസ്റ്റലുകൾക്ക് അടിയന്തര സഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനുകീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ ബോർഡിംഗ്/ലോഡ്ജിംഗ് ചെലവ്, മികവുറ്റ അടിസ്ഥാന സൗകര്യം എന്നിവയ്ക്കായി ആകെ 17,85,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും ഭക്ഷണ അലവൻസിനായി 7,66,84,987/- രൂപ ചെലവഴിക്കുകയുണ്ടായി. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ

മാസം വരെയുള്ള തുക അനുവദിക്കുന്നതിന് 16-01-2023-ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവുപ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേയ്ക്കുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായിക യുവജന കാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് ന്യൂട്രീഷൻ പദ്ധതി ഇനത്തിൽ ഭരണാനുമതി നൽകിയ 7,61,72,000/- രൂപയിൽ ഈ സാമ്പത്തിക വർഷം നാളിതുവരെയായി 2,34,84,295/- രൂപ ഭക്ഷണ ചെലവിനായി അനുവദിച്ചിട്ടുണ്ട്.

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

332(3756)ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനായി ആരംഭിച്ച സ്പോർട്സ് ഹോസ്റ്റലുകൾ പ്രതിസന്ധി നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റലുകളുടെ പ്രവർത്തനത്തിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ&ബി) ഇല്ല. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ വരെയുള്ള തുക അനുവദിക്കുന്നതിന് 16-01-2023-ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവുപ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കുന്നുമ്മൽ വോളിബോൾ അക്കാഡമി**

333 (3757) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ വോളിബോൾ അക്കാഡമിയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ വോളിബോൾ അക്കാഡമി നിർമ്മാണത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി 30-11-2022-ന് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ ഘടകങ്ങളാണ് നിർമ്മാണത്തിൽ ഉൾപ്പെടുത്തുന്നതെന്നും വിശദമാക്കാമോ?

വോളിബോൾ അക്കാഡമിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അക്കാഡമി അധികൃതരുമായി ചർച്ച ചെയ്യുകയും പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി പ്രവൃത്തിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, റീടെയിനിംഗ് വാൾ, മഡ് കോർട്ട്, ഫെൻസിംഗ്, കോമ്പൗണ്ട് വാൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്യുന്നത് എന്നറിയിക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി 6 മാസം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**കായിക മേഖലയുടെ ഉന്നമനത്തിനായുള്ള നടപടികൾ**

334(3758) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും ഉന്നത നിലവാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കായിക അക്കാഡമികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കായിക മേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും ഉന്നത നിലവാരമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ നൽകിയിരിക്കുന്ന പദ്ധതികൾ സ്വീകരിച്ചുവരുന്നു.

സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡൻസ്

കായിക രംഗത്ത് മുൻനിരയിൽ നിൽക്കേണ്ട വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി 2019 മുതൽ ശ്രീ രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, ചെന്നൈ കായിക വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ച പദ്ധതി പ്രകാരം കുട്ടികളുടെ കായികക്ഷമത വളർത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ കുട്ടികളെ വിലയിരുത്തി മുന്നോട്ടുകൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്.

ബയോപ്സി ടെസ്റ്റ്

ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ ക്രയോസ്റ്റാറ്റ്

ഉപകരണം 2020-21 സാമ്പത്തിക വർഷം വാങ്ങുകയും ആയത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

റീജിയണൽ മെഡിസിൻ സെൻ്ററുകൾ

കേരളത്തിലെ കായിക താരങ്ങൾക്ക് മെഡിക്കൽ സൗകര്യങ്ങളൊരുക്കുന്നതിനായി കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ സ്പോർട്സ് മെഡിസിൻ സെൻ്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിന്റെയും ഭാഗമായി കായിക അക്കാഡമികൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് തിരുവനന്തപുരത്ത് ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവിടങ്ങളിൽ സ്പോർട്സ് കേരള റസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമികൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയും പരിശീലന രംഗത്തെ പ്രൊഫഷണൽ ക്ലബ്ബുകളുടെ പരിചയസമ്പന്നത ഉപയോഗപ്പെടുത്തിയും അന്താരാഷ്ട്ര നിലവാരമുള്ള അക്കാഡമിയാണ് സ്കൂളുകളിൽ

സ്ഥാപിച്ചിരിക്കുന്നത്. ജി.വി രാജ സ്പോർട്സ് സ്കൂൾ അക്കാഡമിയുടെ ടെക്നിക്കൽ പാർട്ണർ ഐ.എസ്.എൽ. ക്ലബായ കേരള ബ്ലാസ്റ്റേഴ്സം കണ്ണൂർ സ്പോർട്സ് സ്കൂൾ അക്കാഡമിയുടെ ടെക്നിക്കൽ പാർട്ണർ ഐ-ലീഗ് ഇന്ത്യൻ വിമൻസ് ലീഗ് ചാമ്പ്യൻമാരായ ശ്രീഗോകുലം കേരള ഫുട്ബോൾ ക്ലബുമാണ്. ഈ അക്കാഡമികളെ അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷന്റെയും ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെയും അക്രെഡിറ്റഡ് അക്കാദമിയായി വളർത്തിയെടുക്കാനാണ് കായിക വകുപ്പ് ഉദ്ദേശിക്കുന്നത്.

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3-ന് കേരള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചു. ഷൂട്ടിംഗ് റെയിഞ്ചിൽ മികച്ച നിലവാരമുള്ള 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ 'ഇലക്ട്രോണിക് സ്കോറിംഗ് ഉപകരണങ്ങൾ' കുട്ടികളുടെ ഉന്നത പരിശീലനത്തിനായി സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിൽ കായികരംഗത്തിന്റെ വികസനത്തിനായി കായിക യുവജന കാര്യാലയം മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കായികരംഗത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് വിവിധ കായിക ഇനങ്ങളിൽ തൽപ്പരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി

ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി കായിക യുവജനകാര്യാലയം മുഖേന ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, ഗോൾ, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും കായിക യുവജനകാര്യാലയം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽത്തി കിഡ്സ്. കായിക താരങ്ങളുടെ നിലവിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകിക്കൊണ്ട് ഒളിമ്പിക്സ് പോലുള്ള അന്താരാഷ്ട്ര മത്സരങ്ങളിൽ വിജയിക്കാനുള്ള അവരുടെ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് കേരള ഒളിമ്പ്യൻ സപ്പോർട്ട് പ്രോഗ്രാം.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. എല്ലാവർക്കും ആരോഗ്യം,

ശാരീരിക ക്ഷമത, സന്തോഷം എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കായികരംഗത്തെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനും സംസ്ഥാനത്തെ കായിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടും പുതിയ കായികനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കുന്നതിനും ഇതിലൂടെ നാളെയുടെ പ്രതിഭകളെ കണ്ടെത്തുന്നതിനും ഹെൽത്ത് ആൻഡ് ഫിറ്റ്നസ് അസസ്മെന്റ് ക്യാമ്പയിൻ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

വളർന്നുവരുന്ന കായികതാരങ്ങൾക്ക് മത്സര പരിചയം ലഭ്യമാക്കുന്നതിനും പുതിയ താരങ്ങളെ കണ്ടെത്തുന്നതിന് ഫുട്ബോൾ, ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും മികവിന്റെ കേന്ദ്രമായിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടി Centre of Excellence in Districts

എന്ന വിഷയത്തിൽ Workshop and Expert Panel Discussion എന്ന പരിപാടി കായികരംഗത്തെ പ്രമുഖരെ ഉൾപ്പെടുത്തി 2022 ഡിസംബർ 1-ാം തീയതി സായി എൽ.എൻ.സി.പി-യിൽ വച്ച് നടത്തുകയുണ്ടായി. അതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര കായികയുവജനകാര്യ വകുപ്പിന്റെ ഖേലോ ഇന്ത്യ പദ്ധതിയുടെ സഹായത്തോടെ സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം (നീന്തൽ), കൊല്ലം (ഹോക്കി), പത്തനംതിട്ട (ഫെൻസിംഗ്), ആലപ്പുഴ (റോവിംഗ്), കോട്ടയം (അത്‌ലറ്റിക്), ഇടുക്കി (ജൂഡോ), പാലക്കാട് (റസ്‌ലിംഗ്), മലപ്പുറം (ഫുട്ബോൾ), കോഴിക്കോട് (ബോക്സിംഗ്), വയനാട് (ആർച്ചറി), കാസർഗോഡ് (ഫെൻസിംഗ്) എന്നിവിടങ്ങളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ പ്രവർത്തനം**

335 (3759) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിൽ കായിക പരിശീലനം

ആരംഭിക്കുന്നതിന് എന്തെല്ലാം അനുബന്ധ സൗകര്യങ്ങളാണ് അടിയന്തരമായി ലഭ്യമാകേണ്ടത്; വിശദാംശം അറിയിക്കാമോ?

നിലവിൽ നടുവണ്ണൂർ വോളിബോൾ അക്കാദമി പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിൽ പരിശീലനത്തിനാവശ്യമായ ഇൻഡോർ മേപ്പിൾ വുഡ് കോർട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കുട്ടികളുടെ താമസത്തിനും പഠനസൗകര്യങ്ങളൊരുക്കുന്നതിനും ആവശ്യമായ കട്ടിൽ, കിടക്ക, അലമാര, ചെയർ തുടങ്ങിയവയും ഹോസ്റ്റലിലേയ്ക്കുള്ള അടുക്കള, ഡൈനിംഗ് ഹാൾ, ഓഫീസ് എന്നിവയിലേയ്ക്കാവശ്യമായ ഉപകരണങ്ങളും കുട്ടികളുടെ ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിന് വെയ്റ്റ് ട്രെയിനിംഗ് ഉപകരണങ്ങൾ, മൾട്ടി ജിം തുടങ്ങിയവും ഗ്രൗണ്ടിലേയ്ക്ക് ആവശ്യമുള്ള ടെറാഫ്ളക്സ്, വോളിബോൾ പരിശീലനത്തിന് ആവശ്യമായ ബോൾ, നെറ്റ് തുടങ്ങിയ കളി ഉപകരണങ്ങളും ഒരുക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത അക്കാദമിയിൽ അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അക്കാദമി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കുമോ?

പ്രസ്തുത അക്കാദമിയിൽ അനുബന്ധ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ലഭ്യമായ അപേക്ഷ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എത്ര കുട്ടികൾക്കാണ് ആദ്യഘട്ടത്തിൽ പ്രസ്തുത അക്കാദമിയിൽ പരിശീലനം നൽകാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

പ്രസ്തുത അക്കാഡമിയിൽ ഏകദേശം 60 കുട്ടികൾക്ക് പരിശീലനം നടത്തുന്നതിനുള്ള സൗകര്യമുണ്ട്. നിലവിൽ ഹോസ്റ്റൽ സ്കീമിലുൾപ്പെട്ട 9 കായിക താരങ്ങളാണ് അക്കാദമിയിലുള്ളത്. 2023-24 വർഷത്തിൽ സ്പോർട്സ് അക്കാദമികളിലേയ്ക്ക് അനുവദിക്കേണ്ട കായികതാരങ്ങളുടെ സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

**കോട്ടായി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ ഓപ്പൺ ജിംനേഷ്യം**

336 (3760) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കോട്ടായി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത ജിംനേഷ്യത്തിനായിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയ ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

തരൂർ മണ്ഡലത്തിലെ കോട്ടായി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ C3-08/23/SKF എന്ന ഫയലിൽ കായിക യുവജനകാര്യാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

**പാലാ നിയോജകമണ്ഡലത്തിൽ സ്പോർട്സ് അക്കാഡമി**

337 (3761) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിൽ സ്പോർട്സ് അക്കാഡമി തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ? വിശദമാക്കാമോ ?

സർക്കാരിന്റെ പരിഗണനയിലില്ല. പ്രൊപ്പോസൽ ലഭ്യമായാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ആലപ്പുഴ മണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം അനുവദിക്കുന്നതിന് നടപടി

338 (3762) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ പ്രഖ്യാപിച്ചതും കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം അനുവദിക്കുന്നതിനുള്ള വകുപ്പുതല നടപടികളുടെ വിശദവിവരവും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(സി) ഈ മണ്ഡലത്തിൽ പുതുതായി നീന്തൽക്കുളം സ്ഥാപിക്കാൻ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

(എ-സി) ആലപ്പുഴ മണ്ഡലത്തിൽ 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ പ്രഖ്യാപിച്ചതും കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം/സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. <u>ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണം</u>

ആര്യാട് ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019-20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ ഭരണാനുമതി നൽകുകയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതി നല്കുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ലഭിച്ച ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് സ്ക്വയർ അസ്സോസിയേറ്റ്സ് ആയിരുന്നു. എന്നാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പ്രീതികുളങ്ങര സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെട്ടിരുന്നതും ടി കരാറുകാരൻ ആയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി തൃപ്തികരമല്ലാത്തതിനാൽ ആര്യാട് ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണം പദ്ധതിക്കുവേണ്ടിയുള്ള ആദ്യടെണ്ടർ റദ്ദാക്കുകയുണ്ടായി. തുടർന്ന് റീ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും

അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യൂവുമായി 13-09-2022-ന് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി.

ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടി പർപ്പസ് കോർട്ട്, ഓഫീസ്, വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്‌ലെറ്റ്/ചെയ്ഞ്ച് റൂം സംവിധാനം, ഫിറ്റനസ് സെന്റർ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2. <u>കണിച്ചുകുളങ്ങര ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടി പർപ്പസ് മിനിസ്റ്റേഡിയം നിർമ്മാണം</u>

കണിച്ചുകുളങ്ങര ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ മൾട്ടി പർപ്പസ് മിനി സ്റ്റേഡിയം സ്ഥാപിക്കുന്നതിനായി 2019-20 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 4.76 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ലഭിച്ചിരുന്ന ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ക്വയർ അസോസിയേറ്റ്സ് ആയിരുന്നു. കരാറുകാരന്റെ പ്രവൃത്തി തൃപ്തികരമല്ലാതിരുന്നതിനാൽ ആദ്യ ടെണ്ടർ റദ്ദാക്കുകയും റീടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. റീടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക്

രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. ടോമി മാത്യൂവുമായി 13-09-2022-ൽ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 9 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രീ-എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടി പർപ്പസ് കോർട്ട്, ഓഫീസ് കെട്ടിടം, കോൺഫറൻസ് ഹാൾ, ഫിറ്റ്നസ് സെന്റർ, മൂന്നു നിലകളിലുമായി വനിതകൾക്കും പുരുഷൻമാർക്കുമായുള്ള പ്രത്യേക ടോയ്‌ലറ്റ്/ചെയ്ഞ്ച് റൂം സംവിധാനം, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം നിലയുടെ റൂഫ് സ്ലാബിന്റെ ഷട്ടറിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. കോൺക്രീറ്റിംഗ് പ്രവൃത്തി ഉടൻ ആരംഭിക്കും.

3. <u>മാരാരിക്കുളം ഉദയകുമാർ സ്മാരക വോളിബോൾ അക്കാഡമി, ആലപ്പുഴ</u>

2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആലപ്പുഴ മണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളിബോൾ അക്കാഡമി മാരാരിക്കുളം (ക്രമ നം. 710) എന്ന പ്രവൃത്തിക്കായി 25 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 5 ലക്ഷം രൂപ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയിരുന്നു. 23-04-2022-ലെ സ.ഉ.(സാധാ)നം. 3133/2022/ധന സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പിൽനിന്നും ടി പ്രവൃത്തി കായിക വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ

20.70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്ക് 24-01-2023-ന് സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. മഡ് വോളിബോൾ കോർട്ട്, ലാൻഡ് ഡെവലപ്മെന്റ്, ഫെൻസിംഗ്, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളിബോൾ കോർട്ടും</u>

ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം യുവഭാരത് സാംസ്കാരിക നിലയം പുതിയ കെട്ടിടവും ഇൻഡോർ വോളിബോൾ കോർട്ടും നിർമ്മാണത്തിനായി 2021-2022 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധത്തിലെ (ക്രമ നം. 2464) ആയി 100 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതിക്ക് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 03-02-2023-ൽ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി 09-02-2023-ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ടെണ്ടറിൽ കരാറുകാരൊന്നും

പങ്കെടുക്കാത്തതിനാൽ ടി പദ്ധതി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലപ്പുഴ മണ്ഡലത്തിൽ ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു. എം.എൽ.എ. 03-12-2022-ൽ കായിക വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനകാര്യാലയത്തിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ ആലപ്പുഴ മണ്ഡലത്തിലെ 4 സ്ഥലങ്ങൾ (ആര്യാട് ഗ്രാമ പഞ്ചായത്ത്, മണ്ണാഞ്ചേരി പഞ്ചായത്ത്, മാരാരിക്കുളം നോർത്ത് പഞ്ചായത്ത്, മാരാരിക്കുളം സൗത്ത് പഞ്ചായത്ത്) സന്ദർശിക്കുകയും റിപ്പോർട്ടും റഫ്കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ ഏഴു ജില്ലകളിൽ ടൂറിസം വകുപ്പുമായി ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 16-02-2022-ലെ ജി.ഒ.(ആർ.റ്റി)നം. 28/2022/കാ.യു.വ നമ്പർ ഉത്തരവിൽ 1,48,26,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഏഴ് ജില്ലകളിൽ ആലപ്പുഴ ജില്ലയും ഉൾപ്പെട്ടിരുന്നു. ആയതുപ്രകാരം രാജാകേശവദാസ് സിമ്മിംഗ് പൂളിന് സമീപത്തായി ഓപ്പൺ

ജിം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ചെയ്തു. ടൂറിസം വകുപ്പിൽനിന്നും തീരുമാനം ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ സെന്റ് തോമസ് സ്കൂളിനോട് അനുബന്ധമായുള്ള നീന്തൽക്കുളം നവീകരണം സംബന്ധിച്ച് ആലപ്പുഴ എം.എൽ.എ. 21-10-2021-ൽ ഒരു നിവേദനം കായിക വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞ സ്ഥലത്തിന് പകരമായി ആലപ്പുഴ ജില്ലയിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ വലിയകുളം നവീകരിക്കുന്നതിന് തീരുമാനമാകുകയും ആയത് സംബന്ധിച്ച് 22-01-2023-ന് എം.എൽ.എ.-യും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരുമായി സ്ഥലം സന്ദർശിക്കുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുളം നവീകരിക്കുക, കുളത്തിന് ചുറ്റും വേലി നിർമ്മിക്കുക, ഇരിപ്പിടവും ലൈറ്റിംഗ് സൗകര്യവും, ഓപ്പൺ ജിം, കുളത്തിന്റെ വശങ്ങളിൽ ഇന്റർ ലോക്ക് പാകുക, കുളത്തിന്റെ നിലവിലുള്ള വശങ്ങളിലെ നിരപ്പിൽനിന്ന് 30 സെ.മീ. ഉയർത്തുക എന്നീ ഘടകങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നു. ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ടാക്കി റഫ്കോസ്റ്റ് എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു.

## സ്റ്റേഡിയങ്ങളുടെ വികസനം

339 (3763) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ സമഗ്ര പുരോഗതിക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി സംസ്ഥാനത്തെ സ്റ്റേഡിയങ്ങളുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്. അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ സംസ്ഥാന സർക്കാർ

നിയോഗിച്ചിട്ടുണ്ട്. എം.എൽ.എ.-മാരിൽനിന്നും ലഭ്യമായ പ്രൊപ്പോസലുകൾ പരിശോധിച്ച് പദ്ധതിയുടെ സ്കൂട്ടിനി കമ്മിറ്റി ശിപാർശ ചെയ്ത 113 പദ്ധതികളുടെ ആദ്യഘട്ട പ്രാഥമിക ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാരിന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 7 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് എട്ടോളം ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തി നടപ്പിലാക്കിവരുന്നു. ഫിറ്റ്നസ് സെന്ററുകളിലേക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി (3 വർഷത്തെ എ.എം.സി. ഉൾപ്പെടെ) 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഉപകരണങ്ങൾ സജ്ജീകരിച്ച് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതാണ്.

കൂടാതെ ടൂറിസം വകുപ്പുമായി ചേർന്ന് തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പൊതുയിടങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പിൽനിന്നും

സ്ഥലം നിർദ്ദേശിച്ച് നൽകുന്നമുറയ്ക്ക് പദ്ധതിയുടെ പ്രാരംഭപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

കായിക യുവജനകാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം തുടങ്ങിയ പ്രവൃത്തികളും എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള വിവിധ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

120 കോടി രൂപ അടങ്കൽത്തുക വരുന്ന 12 കിഫ്ബി പദ്ധതികൾ ഇതിനകംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 460 കോടി രൂപയുടെ അടങ്കൽ തുക വരുന്ന 23 കിഫ്ബി പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. 520 കോടി രൂപ അടങ്കൽ വരുന്ന 23 കിഫ്ബി പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 50 കോടി രൂപ അടങ്കലുള്ള ഒരു

പ്രവൃത്തിയുടെ ഡി.പി.ആർ അപ്‌ലോഡ് ചെയ്യുകയും അപ്രൈസൽ നടപടി നടന്നുവരികയുമാണ്. കൂടാതെ 4 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. പാലക്കാട് ജില്ലാ സ്റ്റേഡിയത്തിന്റെ സാങ്കേതികാനുമതി കിഫ്ബി അംഗീകരിക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു. മൂവാറ്റുപുഴ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. അവസാനഘട്ടത്തിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം ആരംഭിച്ച പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർമ്മാണം ആരംഭിച്ച പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. +

(സി) സ്റ്റേഡിയങ്ങളിലെ നശിച്ചുപോയ സിന്തറ്റിക് ട്രാക്കുകളുടെ നവീകരണത്തിനും പുതിയ ട്രാക്കുകളുടെ നിർമ്മാണത്തിനും നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്കിന്റെ നവീകരണത്തിനായി 512.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) ജില്ലാ സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനും നവീകരണത്തിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

സ്റ്റേഡിയം നിർമ്മാണങ്ങളുടെ MoU ഒപ്പുവയ്ക്കുമ്പോൾ ധാരണാപത്രത്തിലെ ഒരു വ്യവസ്ഥയായി ശരിയായ പ്രവർത്തനവും അറ്റകുറ്റപ്പണിയും നടത്തുന്നതിൽ ഭൂവുടമ/മാനേജ്മെന്റ് കമ്മിറ്റി പരാജയപ്പെട്ടാൽ കായിക യുവജനകാര്യ ഡയറക്ടർ എന്ന ഫസ്റ്റ് പാർട്ടിക്ക് വസ്തു എറ്റെടുക്കാനും ശരിയായ പ്രവർത്തനവും അറ്റകുറ്റപ്പണിയും ഉറപ്പാക്കാനും കഴിയും.

സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുന്ന സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനായി ഒരു കരട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SoP) തയ്യാറായിട്ടുണ്ട്. അന്തിമ അനുമതി ലഭിച്ചിനുശേഷം ഈ SoP നടപ്പിലാക്കുന്നതാണ്.

## ആറ്റൂർ നഗരസഭാ സ്റ്റേഡിയത്തിൽ പിങ്ക് ടർഫ് സ്ഥാപിക്കുന്നതിന് നടപടി

340 (3764) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആന്തൂർ നഗരസഭാ സ്റ്റേഡിയത്തിൽ പിങ്ക് ടർഫ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആന്തൂർ നഗരസഭാ സ്റ്റേഡിയത്തിൽ പിങ്ക് ടർഫ് സ്ഥാപിക്കുന്നതിനായി ബഹു. എം.എൽ.എ. സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കായിക യുവജനകാര്യ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കുറ്റിപ്പുറം സ്റ്റേഡിയം

341 (3765) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം പഞ്ചായത്തിലെ നിള പാർക്കിന് സമീപം സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി അനുവദിക്കുന്നതിനായി കുറ്റിപ്പുറം

സ്പോർട്ട്സ് അക്കാഡമി കോട്ടക്കൽ എം.എൽ.എ. മുഖേന നൽകിയ നിവേദനത്തിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ബി) കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനും അവർക്കാവശ്യമായ പരിശീലനം നൽകുന്നതിനുമായി കുറ്റിപ്പുറം പഞ്ചായത്തിൽ നിലവിൽ കളിസ്ഥലമില്ല എന്നത് കണക്കിലെടുത്ത് കുറ്റിപ്പുറം നിളയോരം പാർക്കിന് പുറകുവശത്തുള്ള സ്ഥലത്ത് ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) കുറ്റിപ്പുറം പഞ്ചായത്തിലെ നിള പാർക്കിന് സമീപം സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനങ്ങൾ ഒന്നുംതന്നെ ഈ വകുപ്പിൽ ലഭ്യമായിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

342 (3766) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി 2021-22, 2022-23 വർഷത്തെ ബഡ്ജറ്റുകളിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി നിർദ്ദേശിച്ച പഞ്ചായത്ത്/മുൻസിപ്പാലിറ്റി കളിക്കളങ്ങളുടെ ലിസ്റ്റ് ജില്ല/നിയോജകമണ്ഡലം എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ 113 കളിസ്ഥലങ്ങൾ ഉൾപ്പെടുത്തി 31-01-2023-ലെ സ.ഉ(സാധാ)നം.42/2023/കാ.യു.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത കളിക്കളങ്ങളുടെ നിർമ്മാണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ 8 പദ്ധതികൾക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ വീതമുള്ള ഭരണാനുമതിയും 6 പദ്ധതികൾക്ക് എം.എൽ.എ. ഫണ്ടിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി 50 ലക്ഷം രൂപവീതമുള്ള ഭരണാനുമതിയും ഇതിനകം നൽകിയിട്ടുണ്ട്.

**ഭരണിക്കാവ് ഗവ. യു.പി.എസ്. സ്റ്റേഡിയം നിർമ്മാണം**

343 (3767) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ ഭരണിക്കാവ് ഗവ. യു.പി.എസ്.-ലെ സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക പരിമിതമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാവിധ സൗകര്യങ്ങളോടുംകൂടി പ്രസ്തുത സ്റ്റേഡിയം പൂർത്തീകരിക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. ഭരണിക്കാവ് ഗവ. യു.പി.എസ്. ഗ്രൗണ്ട് സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്ന് 1 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ഭരണാനുമതിയും 93.58 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ടി പ്രവൃത്തിക്കുവേണ്ടി ശ്രീ. അസ്ബാർ വഫാ റ്റി.കെ. എന്ന കരാറുകാരനുമായി

കരാറിലേർപ്പെടുകയും ചെയ്തു. 6 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി.

- ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ വോളീബോൾ കോർട്ടും അനുബന്ധ സൗകര്യങ്ങളുമാണ് നടപ്പിലാക്കുന്നത്. നിലവിലെ സ്ഥിതിയനുസരിച്ച് പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ വോളീബോൾ കോർട്ടിന്റെ ഫ്ലോറിംഗ് ഒഴികെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.
- എല്ലാവിധ സൗകര്യങ്ങളോടുംകൂടി സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിനായി കോമ്പൗണ്ട് വാൾ, ചെയ്ഞ്ച് റൂം, സെക്യൂരിറ്റി ക്യാബിൻ, ഇൻഡോർ സ്റ്റേഡിയത്തിന് ചുറ്റും മണ്ണിട്ട് നിരപ്പാക്കൽ, ഇന്റർലോക്ക് പാകൽ, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ ഘടകങ്ങൾകൂടി നിർമ്മിക്കേണ്ടതുണ്ട്. ആയതിലേയ്ക്കായി 58 ലക്ഷം രൂപകൂടി അധികമായി വരുന്നുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത സ്റ്റേഡിയം നിർമ്മാണം പൂർത്തിയാകുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് അറിയിച്ചുകൊണ്ട് ബഹു. എം.എൽ.എ നൽകിയ കത്തിന്മേൽ A3/58/2023/SYA നമ്പർ ഫയലിൽ

നടപടി സ്വീകരിക്കുകയും ഇതുസംബന്ധിച്ച കായിക യുവജനകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

344 (3768) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ; മേൽ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശപ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിലെ പാലാട് പഞ്ചായത്ത് ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന തുകയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ബാക്കിവരുന്ന

തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

പാലാട് ഗ്രാമ പഞ്ചായത്ത് ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായുള്ള എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽനിന്നും ആകെ എത്ര അപേക്ഷകളാണ് മേൽവപദ്ധതിയിലേക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; ഓരോ സാമ്പത്തിക വർഷവും ഓരോ പഞ്ചായത്തുകളിലെ കളിസ്ഥലങ്ങൾ തെരഞ്ഞെടുക്കാനാണോ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിന്റേത് ഒഴികെ മറ്റപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി പ്രസ്തുത പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്.

(സി) തെരഞ്ഞെടുക്കപ്പെടുന്ന കളിസ്ഥലങ്ങളുടെ വികസനത്തിനായി പദ്ധതി രേഖ തയ്യാറാക്കേണ്ടത് തദ്ദേശസ്ഥാപനങ്ങളാണോയെന്നും അല്ലെങ്കിൽ ഇതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി നിർവ്വഹണ ഏജൻസിയായി കായിക യുവജനകാര്യാലയത്തിനുകീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനെ സംസ്ഥാന സർക്കാർ നിയോഗിച്ചിട്ടുള്ളതുപ്രകാരം ടി സ്ഥാപനമാണ് പദ്ധതിരേഖ തയ്യാറാക്കുന്നത്.

**പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണം**

345 (3769) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണത്തിന് നൽകിയിട്ടുള്ള ഭരണാനുമതിയുടെ വിശദാംശവും അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും അറിയിക്കുമോ?

പേരാവൂർ ജിമ്മി ജോർജ് സ്റ്റേഡിയം നിർമ്മാണത്തിന് 29-11-2012-ലെ സ.ഉ(സാധാ)നം.276/2012/കാ.യു.വ പ്രകാരം 258 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതിപ്രകാരം നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന 154 ലക്ഷം രൂപയുടെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. ആയതുപ്രകാരം സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കോർട്ട്, 8 ലൈൻ മഡ് ട്രാക്ക്, ടോയ്‌ലറ്റ് ബ്ലോക്ക് എന്നീ ഘടകങ്ങളാണ് 30-06-2016-ന് പൂർത്തീകരിച്ചിട്ടുള്ളത്. 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ബാസ്കറ്റ് ബോൾ കോർട്ട്, വോളീബോൾ കോർട്ട്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഫണ്ട് ലഭ്യത ഉൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

രണ്ടാംഘട്ട പ്രോജക്ട് പ്രൊപ്പോസലിൽ ഉൾപ്പെട്ട 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ബാസ്കറ്റ് ബോൾ കോർട്ട്, വോളീബോൾ കോർട്ട്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഹെഡിൽ ലഭ്യമല്ലാതിരുന്നതിനാൽ

പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന്റെ തുടർപ്രവൃത്തികൾ പരിഗണിക്കുന്നതിന് സാധിച്ചിട്ടില്ല.

**അരൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ**

346(3770) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ തൈക്കാട്ടുശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിന്റെയും തുറവൂർ ഗ്രാമപഞ്ചായത്തിലെ വളമംഗലത്തെ ഇൻഡോർ സ്റ്റേഡിയത്തിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2022-2023 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 374 പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിലെ വളമംഗലം എസ്.സി.എസ്.എസ്.എച്ച്. സ്റ്റേഡിയത്തിന് 1,000 ലക്ഷം രൂപ അടങ്കൽത്തുക കണക്കാക്കിയും 100 രൂപ മാത്രം ബഡ്ജറ്റ് വിഹിതവും ക്രമ നം. 924 തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന് 500 ലക്ഷം രൂപ അടങ്കൽ

തുക കണക്കാക്കിയും 100 രൂപ ബഡ്ജറ്റ് വിഹിതമായുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ജി.വി.എച്ച്.എസ്.എസ്. നന്തിക്കരയിലെ ഗ്രൗണ്ട് നിർമ്മാണം**

347 (3771) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര പഞ്ചായത്തിലെ ജി.വി.എച്ച്.എസ്.എസ്. നന്തിക്കരയിലെ ഗ്രൗണ്ട് നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ പ്രാഥമിക ലിസ്റ്റിൽ പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ജി.വി.എച്ച്.എസ്.എസ്. നന്തിക്കരയിലെ ഗ്രൗണ്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായിവരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഗ്രൗണ്ട് നിർമ്മാണത്തിനായുള്ള എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് എം.എൽ.എ-യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാലാ മുനിസിപ്പൽ സ്റ്റേഡിയം നവീകരണം

348 (3772) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറിയാൻ ജെ. കാപ്പൻ സ്മാരക പാലാ മുനിസിപ്പൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് പഴയതും ഉപയോഗശൂന്യവുമായ സിന്തറ്റിക് ട്രാക്ക് മാറ്റി പുതിയ ട്രാക്ക് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പാലാ മുനിസിപ്പൽ സ്റ്റേഡിയം സന്ദർശിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരം നിലവിലുള്ള സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്കിന്റെ നവീകരണത്തിനായി 5.12 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ**
**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

349 (3773) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള ചിറക്കര ഗവ.എച്ച്. എസ്. ഗ്രൗണ്ടിന്റെ അടിസ്ഥാനസൗകര്യവികസനം സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രൗണ്ട് നവീകരണത്തിനായുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട് എന്നറിയിക്കാമോ?

(എ&ബി) ചിറക്കര ഗ്രാമപഞ്ചായത്തിലെ ഗവ. ഹൈസ്കൂൾ കളിസ്ഥലം നിർമ്മിക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും എം.എൽ.എ ഫണ്ടിൽനിന്നും കൊല്ലം ജില്ലാ കളക്ടറുടെ 30-12-2022-ലെ ഡി6/3539/2022/MLA-ADS നമ്പർ നടപടിക്രമം പ്രകാരം 50 ലക്ഷം രൂപയും അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിൽ കരാറുകാർ ആരുംതന്നെ പങ്കെടുത്തിരുന്നില്ല. ആയതിനാൽ ടി പദ്ധതി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## വഖഫ് ട്രൈബ്യൂണലുകൾ

350 (3774) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സ്ഥലങ്ങളിൽ നിലവിൽ വഖഫ് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ കോഴിക്കോട് ആസ്ഥാനമായി ഒരു വഖഫ് ട്രൈബ്യൂണലാണ് നിലവിലുള്ളത്.

(ബി) കൊല്ലത്തും എറണാകുളത്തും നിലവിലുണ്ടായിരുന്ന വഖഫ് ട്രൈബ്യൂണലുകൾ നിർത്തലാക്കിയത് പുനഃസ്ഥാപിക്കുന്നത് പരിശോധിക്കുമോയെന്നറിയിക്കുമോ;

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം തുടങ്ങിയ ജില്ലകളിലെ വഖഫ് കേസുകൾ നടത്തുവാൻ കോഴിക്കോട്ടുവരെ യാത്ര ചെയ്യേണ്ടിവരുന്ന അവസ്ഥ പരിഗണിച്ച് ഈ പ്രദേശങ്ങൾക്കായി ഒരു ട്രൈബ്യൂണൽ ആരംഭിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

(ബി&സി) കോഴിക്കോട് ആസ്ഥാനമായി നിലവിലുള്ള വഖഫ് ട്രൈബ്യൂണലിനുപുറമെ അധികമായി വഖഫ് ട്രൈബ്യൂണൽ/ട്രൈബ്യൂണലുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിക്കുകയും വഖഫ് ട്രൈബ്യൂണൽ മുമ്പാകെ നിലവിലുള്ള കേസുകളുടെ കണക്കുകൾ പരിശോധിച്ചതിൽ ആയത് കൈകാര്യം ചെയ്യാൻ നിലവിലെ ട്രൈബ്യൂണൽ പര്യാപ്തമാണെന്ന് കാണുകയുമുണ്ടായി.

എന്നാൽ മറ്റ് ജില്ലകളിലെ കക്ഷികളുടെ സൗകര്യാർത്ഥം കൊല്ലം, എറണാകുളം ജില്ലകളിൽ വഖഫ് ട്രൈബ്യൂണൽ ക്യാമ്പ് സിറ്റിംഗ് നടത്തി വരുന്നുണ്ട്.

## വഖഫ് ബോർഡ് ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ

351 (3775) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിന്റെ വസ്തുവകകളിൽ കയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം കയ്യേറ്റങ്ങൾ കണ്ടുപിടിച്ചതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

വഖഫ് ബോർഡിന്റെ വസ്തുവകകളിൽ കയ്യേറ്റങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വഖഫ് വസ്തുക്കൾ അന്യകൈവശത്തിൽ വന്നതായി പരാതികൾ ലഭിച്ചമുറയ്ക്ക് വഖഫ് നിയമം 54 പ്രകാരം വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നടത്തിയ അന്വേഷണവിചാരണയിൽ തിരുവനന്തപുരം-4, കൊല്ലം-1, ആലപ്പുഴ-5, കോട്ടയം-2, ഇടുക്കി-1, എറണാകുളം-56, തൃശ്ശൂർ-24, പാലക്കാട്-3, മലപ്പുറം-21, കോഴിക്കോട്-54, കണ്ണൂർ-88, കാസർഗോഡ്-7 എന്നിങ്ങനെ 266 അനധികൃത കയ്യേറ്റങ്ങൾ

നടന്നിട്ടുള്ളതായി കണ്ടെത്തുകയും പ്രസ്തുത വസ്തുവകകൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ബി) ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചതിലൂടെ എത്ര രൂപയുടെ സ്വത്തും ഭൂമിയും തിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്കുമാത്രമേ വഖഫ് സ്വത്തുക്കളുടെ മൂല്യവും മറ്റുമുള്ള വിശദാംശങ്ങളിൽ വ്യക്തത വരികയുള്ളൂ.

**ഗുരുവായൂർ-തിരുനാവായ റെയിൽവേ പദ്ധതി**

352 (3776) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ-തിരുനാവായ റെയിൽവേ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ മരവിപ്പിച്ച ഗുരുവായൂർ-തിരുനാവായ റെയിൽവേ പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രമുഖ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിലെ റെയിൽവേ സ്റ്റേഷൻ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഗുരുവായൂർ-തിരുനാവായ റെയിൽവേ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ടിന്റെ ലഭ്യത പരിശോധിച്ചുവരുന്നു. ഗുരുവായൂരിലെ റെയിൽവേ സ്റ്റേഷൻ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കാൻ റെയിൽവേയോട് അഭ്യർത്ഥിക്കുന്നതാണ്.

## ആയൂരിൽ റെയിൽവേ റിസർവേഷൻ സെന്റർ പുനരാരംഭിക്കാൻ നടപടി

353 (3777) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ആയൂരിൽ റെയിൽവേ റിസർവേഷൻ സെന്റർ കോവിഡ് കാലത്തിനുശേഷം പ്രവർത്തനം നിലച്ച അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തെ ആളുകളുടെ ആശ്രയമായിരുന്ന പ്രസ്തുത റെയിൽവേ റിസർവേഷൻ സെന്റർ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

(എ&ബി) ആയൂർ റെയിൽവേ സ്റ്റേഷനിലെ നോൺ-റെയിൽഹെഡ് പാസഞ്ചർ റിസർവേഷൻ സംവിധാനം 1000 പി.ആർ.എസ്. സ്കീമിന് കീഴിലുള്ളതും ആയതിന്റെ നടത്തിപ്പ് ആയൂർ ഗ്രാമപഞ്ചായത്തിന്റെ

ച്ചുമതലയിലും ആയിരുന്നു. കോവിഡ് വ്യാപന കാലത്ത് നിർത്തലാക്കിയ ഈ സംവിധാനം വീണ്ടും ആരംഭിക്കാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും നടപടിയൊന്നും ഉണ്ടായിട്ടില്ല. ഇത് തുറന്നുപ്രവത്തിക്കാൻ പഞ്ചായത്ത് താൽപ്പര്യപ്പെടുന്നപക്ഷം ആവശ്യമായ കണക്റ്റിവിറ്റി നൽകുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) നിലവിൽ ഇവിടെ സർവീസ് നടത്തുന്ന ചെന്നൈ-എഗ്മോർ-കൊല്ലം എക്സ്പ്രസിൽ നിലവിലുള്ള സ്ലീപ്പർ കോച്ചുകളുടെ എണ്ണം പതിനാലിൽനിന്നും ഇരുപത് ആയി ഉയർത്തുന്നതിന് മധുര റെയിൽവേ ഡിവിഷനിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ?

കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി, റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഇതിൽ, നിലവിലുള്ള ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

**കാഞ്ഞങ്ങാട് -കാണിയൂർ റെയിൽവേ പാത**

354 (3778) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്-കാണിയൂർ റെയിൽ പാത നിർമ്മിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പാതയ്ക്ക് റെയിൽവേ ബോർഡ് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പാത സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ-സി) ദക്ഷിണ കർണ്ണാടകയുടേയും ഉത്തര കേരളത്തിന്റേയും സ്വപ്ന പദ്ധതിയായ കാഞ്ഞങ്ങാട് പാണത്തൂർ-കണിയൂർ പാതയുടെ സർവ്വേയ്ക്കായി ദക്ഷിണ റെയിൽവേ പിങ്ക് ബുക്ക് 2014-15 പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. റെയിൽവേ ടി പദ്ധതിയുടെ ആർ.ഇ.റ്റി. സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതാണ്. എന്നാൽ നിർദ്ദിഷ്ട കാഞ്ഞങ്ങാട്-കണിയൂർ റെയിൽപാതയുടെ പ്രതിഫലേച്ഛാപരമായ ആശങ്ക കണക്കിലെടുത്ത് പ്രസ്തുത പദ്ധതി റെയിൽവേ ബോർഡ് താത്കാലമായി ഉപേക്ഷിച്ചിരിക്കുകയാണ്.

91 കിലോമീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട പദ്ധതിക്ക് കേരളത്തിലൂടെ കടന്നുപോകുന്ന 45 കിലോമീറ്റർ പാതയ്ക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാനും പദ്ധതിയുടെ പകുതി വിഹിതം അനുവദിക്കാനും തീരുമാനിച്ചിട്ടുള്ളതായി റെയിൽവേ ബോർഡിനെ കേരള സർക്കാർ

അറിയിച്ചിരുന്നു. കർണ്ണാടക സർക്കാരും സമാന തീരുമാനമെടുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി 18.09.2022-ന് കർണ്ണാടക മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. അനുമതി ലഭിക്കുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളാരംഭിക്കാൻ സാധിക്കും.

(ഡി) പ്രസ്തുത പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള-കർണ്ണാടക സർക്കാരുകൾ തമ്മിൽ എന്തൊക്കെ ധാരണകളും ചർച്ചകളുമാണ് നടത്തിയതെന്ന് വിശദമാക്കാമോ?

91 കിലോമീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട പദ്ധതിക്ക് കേരളത്തിലൂടെ കടന്നുപോകുന്ന 45 കിലോമീറ്റർ പാതയ്ക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാനും പദ്ധതിയുടെ പകുതി വിഹിതം അനുവദിക്കാനും സംസ്ഥാന മന്ത്രിസഭ തീരുമാനമെടുത്തിരുന്നു. കർണ്ണാടക സർക്കാരും സമാന തീരുമാനമെടുക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ബഹു. കേരള മുഖ്യമന്ത്രി 18-09-2022-ന് കർണ്ണാടക മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. വിഷയത്തിൽ കർണ്ണാടക സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ സമീപനം പ്രതീക്ഷിക്കുന്നു.

**കായംകുളം-ആലപ്പുഴ-എറണാകുളം റെയിൽവേ പാത**

355 (3779) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തുനിന്നും ആലപ്പുഴ വഴി എറണാകുളത്തേയ്ക്കുള്ള റെയിൽപാതയുടെ പ്രവർത്തനം ആരംഭിച്ചത് ഏത് വർഷമാണെന്ന് അറിയിക്കാമോ;

(ബി) കായംകുളത്തുനിന്നും കോട്ടയം വഴിയുള്ള എറണാകുളം ലൈൻ ഇരട്ടപ്പാത ആക്കിയിട്ടും ആലപ്പുഴ വഴിയുള്ള ലൈൻ ഇരട്ടിപ്പിക്കാൻ ഇതേവരെ നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനായി നീക്കിവച്ചിട്ടുള്ള തുകയും പ്രവൃത്തികളും വിശദമാക്കാമോ;

(ഡി) കായംകുളം-ആലപ്പുഴ-എറണാകുളം ലൈൻ ഇരട്ടിപ്പിക്കലിന് ഫണ്ട് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**രാജ്യറാണി എക്സ്പ്രസ്**

356 (3780) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേക്ക് നീട്ടണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) റീജിയണൽ കാൻസർ സെന്ററിലേയ്ക്ക് വരുന്ന രോഗികൾ, നിയമസഭാ സാമാജികർ, മറ്റു യാത്രക്കാർ എന്നിവർക്കുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് പ്രസ്തുത ട്രെയിൻ തിരുവനന്തപുരം സെൻട്രലിൽ യാത്ര അവസാനിപ്പിക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുമോ; വിശദാംശം നൽകുമോ?

(എ & ബി) നിലമ്പൂർ-തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരംവരെ നീട്ടണമെന്ന് റെയിൽവേയോടും കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ലെന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും റെയിൽവേയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സതേൺ റെയിൽവേ ജനറൽ മാനേജർ ഉൾപ്പെടെയുള്ള ഉന്നതാധികാരികളുമായി നടത്തിയ ചർച്ചയിൽ രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

## തുവ്വൂർ റെയിൽവെ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനാക്കി ഉയർത്തുന്നതിന് നടപടി

357 (3781) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-ഷൊർണ്ണൂർ റെയിൽപാതയിലെ തുവ്വൂർ റെയിൽവെ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനാക്കി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ ഷൊർണ്ണൂർ-നിലമ്പൂർ പാതയിൽ അങ്ങാടിപ്പുറം, വാണിയമ്പലം സ്റ്റേഷനുകളിൽ മതിയായ സൗകര്യമുള്ളതായും പ്രവർത്തനപരമായ ആവശ്യകതകൾ ഉണ്ടാകുമ്പോൾ, ഷൊർണ്ണൂർ-നിലമ്പൂർ

സെക്ഷനിൽ അധിക ക്രോസിംഗ് സ്റ്റേഷനുകൾ നൽകേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതാണെന്നും ദക്ഷിണ റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റെയിൽ പാതയിൽ സർവീസ് നടത്തുന്ന കോട്ടയം പാസഞ്ചർ ട്രെയിനിന് തുവ്വൂർ റെയിൽവെ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ട്രെയിൻ നമ്പർ.16326/16325 കോട്ടയം-നിലമ്പൂർ-കോട്ടയം നിലവിൽ എക്സ്പ്രസ് ട്രെയിനായാണ് ഓടുന്നതെന്നും അപര്യാപ്തമായ റണ്ണിംഗ് സമയവും മറ്റ് പ്രവർത്തന പരിമിതികളും കാരണം തുവ്വൂർ റെയിൽവേ സ്റ്റേഷനിൽ ഈ ട്രെയിനുകൾക്ക് സ്റ്റോപ്പേജ് അനുവദിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ലെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)